

# കേരളം

## അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്

**2011 ജനുവരി 1-3**

### സഞ്ചിക 2

**Volume 2**


**എ.കെ.ജി പഠന ഗവേഷണ കേന്ദ്രം**

**തിരുവനന്തപുരം**

# NATIONAL RURAL HEALTH MISSION

*Towards providing effective healthcare to rural population*

## Improving Health...
## Improving Lives...

NRHM Implemented in the State of Kerala under the name "AROGYAKERALAM" seeks to improve access of rural people especially poor women and children to equitable, accountable and effective primary health care



## A few of the successful schemes implemented through NRHM ....

### ASHA - Accredited Social Health Activist



Health Volunteer for every 1000 population in the State. ASHA, a health voluntee[illegible] from the community will be the first port of call for any health related demands [illegible] the community. Contact your nearest government health centre to get the servi[illegible] of ASHA in your area

### CHIS - Comprehensive Health Insurance Scheme



Cashless Service at hospitals for BPL patients 125 Hospitals have been empanelled to carry out the services, Public Relations Officers have been appointed in all the empannelled hospitals.For more details log on to www.chiak.org



### Untied Funds, Maintenance Grants and Hospital Management Committee Funds



48.38 crores distrib[illegible]ed every year to primary health centres, community healt[illegible] centres and subcetr[illegible]. Innovative and patient friendly health services initiated using untied funds and maintenance grants

### Ward Health Sanitation Committees and Ward Health Nutrition Days



Ward Health and Sanitation Committees have been operational in all the wards in the state. Rs. 10,000/- is given to all the committees every year as untied funds. Health Nutrition days are conducted every month in all the wards in the state. For more details contact the nearest health centre.



### Upgradation of Health Institutions



Focus on infrastructre development, equipment and manpower deployment. 115 Community Health Centres and number of other selected institutions are being upgraded to Indian Public Health Standards



### Janani Suraksha Yojana

Financial assistance to BPL and SC/ST women for delivery upto two live births. Rs.1000 inrural areas and Rs.900 in urban areas. For more details contact your nearest health centres

### Pain & Palliative Care



Community based care services for the bed ridden, elderly, chronicall[illegible] and incurably ill. For more details contact your nearest health centre[illegible]

For Details Please contact: 0471 2301181, 2302784 www.arogyakeralam.gov.in

# THIRD INTERNATIONAL CONGRESS ON KERALA STUDIES
## 2011 JANUARY 1-3
## THIRUVANANTHAPURAM

# മൂന്നാം
# അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്
**2011 ജനുവരി 1-3, തിരുവനന്തപുരം**

Volume 2

**സഞ്ചിക രണ്ട്**

**A.K.G. Centre for Research & Studies**
**Thiruvananthapuram-695 034, Kerala, India**

## ഉള്ളടക്കം


| | | |
|---|---|---|
| 1. | വികസന സംവാദത്തിനു മുഖവുര | 7 |
| 2. | കൃഷിയും അനുബന്ധമേഖലകളും | 23 |
| 3. | വ്യവസായം | 36 |
| 4. | പശ്ചാത്തലസൗകര്യങ്ങൾ | 75 |
| 5. | സാമൂഹ്യപശ്ചാത്തലസൈകര്യങ്ങൾ | 91 |
| 6. | സാമൂഹ്യക്ഷേമവും സാമൂഹ്യസുരക്ഷിതത്ത്വവും | 135 |
| 7. | ധനകാര്യ നയം | 163 |
| 8. | സഹകരണ സംരംഭകത്വം | 183 |

# അധ്യായം 1

## മൂന്നാം കേരള പഠനകോൺഗ്രസ്

## വികസന സംവാദത്തിനു മുഖവുര

# വികസന സംവാദത്തിനു മുഖവുര

നീതിപൂർവവും സ്ഥായിയുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൂടുതൽ നീതിപൂർവമായ വിതരണം ഉറപ്പുവരുത്താൻ നമുക്കു കഴിഞ്ഞു. ഇതാണു കേരളവികസന അനുഭവത്തിന്റെ തനിമ. അതേസമയം 1980കളുടെ ഉത്തരാർദ്ധം വരെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ച വളരെ മന്ദഗതിയിലായിരുന്നു. അഖിലേന്ത്യാതലത്തിലുള്ള ശരാശരി വളർച്ചയെക്കാൾ വളരെ താഴെയായിരുന്നു നാം. സാമ്പത്തിക വളർച്ചയും സാമ്പത്തിക നീതിയും ഒരുമിച്ചു കൊണ്ടുപോകാനാവില്ല എന്നുള്ള നിഗമനത്തിൽ പലരും എത്തിച്ചേർന്നു. ഈ ആശങ്കകളുടെ പശ്ചാത്തലത്തിലാണ് 1994ൽ ഒന്നാം കേരള പഠന കോൺഗ്രസ് വിളിച്ചു ചേർത്തത്. 1987 മുതൽ സാമ്പത്തിക വളർച്ചയുടെ വേഗത വർദ്ധിച്ചുവെങ്കിലും കേരളത്തിന്റെ വികസനം ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ അന്നു കഴിയുമായിരുന്നില്ല. കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി ഒരു വികസന അജണ്ട രൂപീകരിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു ഈ പഠനകോൺഗ്രസ്.

2005ലെ രണ്ടാം കേരള പഠന കോൺഗ്രസിന്റെ കാലമായപ്പോഴേയ്ക്കും കേരളത്തിന്റെ സാമ്പത്തിക വളർച്ച പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർന്നു എന്നു വ്യക്തമായിരുന്നു. അഖിലേന്ത്യാ ശരാശരിയെക്കാൾ വേഗതയിൽ നമ്മുടെ സമ്പദ്ഘടന വളർന്നു. ആഗോളവത്കരണ പരിഷ്കാരങ്ങൾ ഉയർത്തിയ വെല്ലുവിളികളും സാമൂഹ്യക്ഷേമ നേട്ടങ്ങളെ ദുർബലപ്പെടുത്തുന്ന യുഡിഎഫ് സർക്കാരിന്റെ നടപടികളും പുതിയ മുന്നേറ്റത്തിനു മുന്നിൽ ആശങ്കകൾ ഉയർത്തി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിനു മൂർത്തമായ ഒരു ജനകീയ വികസന അജണ്ട മുന്നോട്ടു വെയ്ക്കുന്നതിനുള്ള ചർച്ചകളാണ് രണ്ടാം പഠനകോൺഗ്രസിൽ നടന്നത്.

അങ്ങനെ രൂപം കൊണ്ട കാഴ്ചപ്പാട് വലിയൊരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവങ്ങളെ വിമർശനപരമായി പരിശോധിക്കാനും ദൗർബല്യങ്ങൾ തിരുത്താനുമാണ് മൂന്നാം പഠനകോൺഗ്രസ് ലക്ഷ്യമിടുന്നത്. സാമ്പത്തിക വളർച്ചയുടെ വേഗത ഉയർന്നെങ്കിലും ഈ അധ്യായത്തിന്റെ അവസാനം വിശദീകരിക്കുന്നതു പോലെ ഗൗരവമായ വൈരുദ്ധ്യങ്ങൾ ഈ വളർച്ചയിൽ അടങ്ങിയിരിക്കുന്നു. സേവന മേഖലകളിലൂന്നിയാണ് സാമ്പത്തിക കുതിപ്പ്. ഇതിന് അനുസൃതമായി ഉൽപാദന മേഖലകളിൽ മുന്നേറ്റമുണ്ടാകുന്നില്ല. അഭ്യസ്തവിദ്യരായ യുവതലമുറ ആഗ്രഹിക്കുന്ന തോതിൽ പുതിയ തൊഴിൽത്തുറകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പരമ്പരാഗത മേഖലകളെ സംരക്ഷിച്ചാൽ മാത്രം പോര, വളർച്ചയുടെ വേഗതയും ഉയർത്തണം. പൊതു സാമൂഹ്യക്ഷേമ സൗകര്യങ്ങൾ ഇനിയും ശക്തിപ്പെടുത്തണം. ആഗോളവത്കരണം സൃഷ്ടിക്കുന്ന അസമത്വത്തിന്റെ പശ്ചാത്ത

ലത്തിൽ സമഗ്രമായ സാമൂഹിക സുരക്ഷിതത്വ പരിപാടിക്ക് രൂപം നൽകാൻ കഴിയണം. സർവോപരി ഇപ്പോൾ കൈവന്നിരിക്കുന്ന ഉയർന്ന വളർച്ചാനിരക്കുകൾ സ്ഥായിയാണ് എന്നു ഉറപ്പാക്കേണ്ടതുണ്ട്. ഇതിനെല്ലാമുള്ള കരടു പരിപാടിയാണു മൂന്നാം പഠനകോൺഗ്രസിൽ ചർച്ചയ്ക്ക് അവതരിപ്പിക്കുന്ന ഈ രേഖ. ഈ ആമുഖ അധ്യായത്തിൽ കേരളത്തിന്റെ വികസന അനുഭവം പൊതുവായി ആദ്യം പരിശോധിക്കാം

**കേരളത്തിന്റെ വികസന അനുഭവം**

ഇന്ത്യയിലെയും മൂന്നാംലോകത്തിലെയും മിക്ക പ്രദേശങ്ങളെയും അപേക്ഷിച്ചു കേരളത്തിലെ പൗരന്മാർക്ക് താരതമ്യേന ഉയർന്ന ജീവിതനിലവാരവും അന്തസ്സും ഉറപ്പുവരുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസവും പ്രാഥമിക ആരോഗ്യ പരിരക്ഷയും, മിനിമം ഭക്ഷണത്തിനു വേണ്ടിയുള്ള റേഷൻ, വീടുവെക്കാനൊരു തുണ്ടു സ്ഥലം, മിനിമം കൂലി, സാമൂഹ്യ സുരക്ഷ, സാമൂഹ്യ പാരതന്ത്ര്യത്തിന്റെ നികൃഷ്ട രൂപങ്ങൾ ഇല്ലായ്മ ചെയ്യൽ, ജനാധിപത്യാവകാശങ്ങൾ ഉറപ്പാക്കൽ തുടങ്ങിയ നടപടികളിലൂടെയാണ് കേരളം ഈ സ്ഥിതി കൈവരിച്ചത്.

ജീവിത ഗുണമേന്മ അളക്കുന്ന സൂചകങ്ങൾ പലതിലും കേരളം മുൻപന്തിയിലാണ്. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, പ്രതീക്ഷിത ആയുസ്, സാക്ഷരത, സാമൂഹ്യക്ഷേമ രംഗങ്ങളിലെ പശ്ചാത്തലസൗകര്യങ്ങൾ എന്നിവയിലെല്ലാം കേരളം ഇന്ത്യയിൽ ഒന്നാമതാണ്. ശിശുമരണനിരക്കിന്റെ ദേശീയ ശരാശരി 66 ഉം കേരളത്തിൽ 13ഉമാണ്. മാതൃമരണനിരക്കിന്റെ കാര്യത്തിൽ ഇത് യഥാക്രമം 407ഉം 198ഉം ആണ്. ഇന്ത്യാക്കാരന്റെ ശരാശരി പ്രതീക്ഷിത ആയുസ് 61 ആയിരിക്കുമ്പോൾ കേരളത്തിൽ അത് 73 ആണ്. സാർവത്രിക സാക്ഷരതയിലും സ്ത്രീ സാക്ഷരതയിലും കേരളമാണ് മുന്നിൽ. വിദ്യാഭ്യാസത്തിലും ആരോഗ്യ ഭക്ഷ്യവിതരണ രംഗങ്ങളിലും കൈവരിച്ച പുരോഗതിയാണ് കുറഞ്ഞ മരണനിരക്കിനും ആയൂർദൈർഘ്യത്തിനും കാരണമായി വിലയിരുത്തപ്പെടുന്നത്. മരണനിരക്കിലുണ്ടാകുന്ന കുറവ് ജനനനിരക്കിലും പ്രതിഫലിച്ചു. കഴിഞ്ഞ ദശാബ്ദത്തിൽ കേരളത്തിലെ ജനസംഖ്യാ വർദ്ധന 1.7 ശതമാനം വീതമായിരുന്നു. ഈ നിലയിൽ മുന്നോട്ടു പോയാൽ 2035 ആകുമ്പോഴേക്ക് ജനസംഖ്യാവർദ്ധനതന്നെ നിലയ്ക്കുമെന്നു വിദഗ്ധർ അഭിപ്രായപ്പെടുന്നു.

ആസൂത്രണത്തിലും നിർവഹണത്തിലുമുള്ള ജനകീയമായ ഇടപെടലുകളാണ് കേരളത്തിന്റെ നേട്ടങ്ങൾക്കു പിന്നിൽ എന്ന് നിസംശയം പറയാം. പൊതുജനാരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ, റേഷൻ ഷാപ്പുകൾ തുടങ്ങിയ അടിസ്ഥാന സാമൂഹ്യ സംവിധാനങ്ങൾ ഏറെക്കുറെ സന്തുലിതമായാണ് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത്. ഇവയ്ക്കായുള്ള ശക്തമായ ജനകീയസമ്മർദ്ദങ്ങൾ കീഴ്ത്തട്ടിൽ നിന്നു രൂപപ്പെട്ടു. ഗ്രാമീണമേഖലയിലെ അധികാരഘടനയിൽ അടിസ്ഥാനവർഗത്തിന്റെ പ്രാതിനിധ്യം ഭൂപരിഷ്കരണം ഉറപ്പുവരുത്തി. കൂലിക്ക് കൂട്ടായി വിലപേശാൻ കൈവന്ന രാഷ്ട്രീയ അധികാരം വരുമാനത്തിന്റെ പുനർവിതരണം സാധ്യമാക്കി. ഗ്രാമപ്രദേശങ്ങളിൽ വ്യാപകമായ സഹകരണ സ്ഥാപനങ്ങളിലൂടെ ഒരുക്കിയ വായ്പാ സൗകര്യം കൊള്ളപ്പലിശക്കാരുടെ പിടി അയച്ചു. വ്യവസ്ഥാപിതമായ വായ്പാ സൗകര്യം ഉണ്ടായതോടെ ഇടത്തട്ടുകാരുടെ സഹായമില്ലാതെ പരമ്പരാഗതവ്യവസായങ്ങളെ പുനസംഘടിപ്പിക്കാൻ കഴിഞ്ഞു. വിവിധ ക്ഷേമനിധികൾ കൂലിവേലക്കാർക്കു ശക്തമായ സാമൂഹ്യ സുരക്ഷാ സംവിധാനമായി. ശക്തവും പ്രാപ്തവുമായ നിയമത്തിന്റെ പിൻബലത്തോടെ ഈ മാറ്റങ്ങൾ സ്ഥായിയാക്കപ്പെട്ടു.

സാമൂഹ്യ-നവോത്ഥാന പ്രസ്ഥാനങ്ങളുടെ ശക്തമായ സ്വാധീനവും പ്രവർത്തനവുമാണ് കേരളം കൈവരിച്ച നേട്ടങ്ങളുടെ അസ്ഥിവാരം പണിഞ്ഞത്. ഇവയെ സാമ്രാജ്യത്വത്തിനും ഭൂപ്രഭുത്വത്തിനും എതിരെ നടന്ന പോരാട്ടങ്ങളോടു കേരളത്തിലെ ഇടതുപക്ഷം കണ്ണി ചേർത്തു. ഇഎംഎസിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന 1957ലെ ഒന്നാം കമ്യൂണിസ്റ്റ് മന്ത്രിസഭ മുതലുള്ള ഇടതുപക്ഷ ഗവർമെണ്ടുകൾ കൈക്കൊണ്ട നയങ്ങളും സമീപനങ്ങളുമാണ് സംസ്ഥാനത്തിന്റെ വികസനപാതയുടെ ദിശ നിർണയിച്ചത്. നാം അങ്ങനെ കെട്ടിപ്പടുത്ത ജനാധിപത്യ വികസന പാതയുടെ സാധ്യതകളെയാണ് ഇന്നത്തെ സാമ്രാജ്യത്വ ആഗോളവൽക്കരണ നടപടികൾ പരിമിതപ്പെടുത്തുന്നത്.

വികസന സൂചികകളിൽ കേരളത്തിന്റെ മിക

വിനു കാരണമായ എല്ലാ നയങ്ങളുടെയും എതിർപക്ഷത്തു നിൽക്കുന്ന വലതുപക്ഷത്തിന്റെ ശക്തമായ സാന്നിദ്ധ്യമാണ് ആഗോളവത്കരണത്തിന്റെ ആപത്തുകളുടെ രൂക്ഷത വർദ്ധിപ്പിക്കുന്നത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ-ആരോഗ്യമേഖലകളുടെ ജനാധിപത്യവൽക്കരണം, തൊഴിലാളികളുടെ കൂട്ടായ വിലപേശൽ അവകാശങ്ങൾ, ഭരണരംഗത്തെ ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണം എന്നു തുടങ്ങി അടിസ്ഥാനപരമായ പരിവർത്തനം സാധ്യമാക്കിയ എല്ലാ പുരോഗനമ നടപടികളെയും എതിർത്തുവന്ന പാരമ്പര്യമാണ് കേരളത്തിലെ വലതുപക്ഷത്തിനുള്ളത്.

ജനങ്ങളുടെ സംഘടനകളും അവരുടെ സാമൂഹ്യ-രാഷ്ട്രീയ അവബോധവും വികസനത്തിനു വിഘാതമാണെന്ന നവലിബറൽ പ്രത്യയശാസ്ത്രമാണ് വലതുപക്ഷത്തിനുളളത്. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഖജനാവിനു ബാധ്യത യാണെന്ന വീക്ഷണം അവർ പങ്കുവെയ്ക്കുന്നു. അവരെ സംബന്ധിച്ചെടത്തോളം, സാമൂഹ്യ-സാമ്പത്തിക നീതി ഉറപ്പുവരുത്തുന്ന നിയമങ്ങൾ സാമ്പത്തിക വളർച്ചയുടെ വേഗം കുറക്കുന്ന സങ്കുചിത നടപടികളാണ്. ഭൂപരിഷ്കരണം അടക്കമുള്ള പുനർവിതരണ പരിപാടികൾ സാമ്പത്തിക മുരടിപ്പിനു കാരണമായെന്ന പ്രചരണവും ഇവർ ഉയർത്തിക്കൊണ്ടുവന്നു.

ഇടതുപക്ഷം മുന്നോട്ടു വെയ്ക്കുന്ന ബദൽ വികസനതന്ത്രങ്ങൾക്ക് സാമ്രാജ്യത്വ ആഗോളവൽക്കരണം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ആഗോളവൽക്കരണം വികസ്വരരാജ്യങ്ങളെ നയിക്കുന്നത് വർദ്ധിച്ചുവരുന്ന അസമത്വത്തിലേയ്ക്കും ബഹുഭൂരിപക്ഷത്തിന്റെ വൻതോതിലുള്ള പാപ്പരീകരണത്തിലേക്കുമാണ്. ആഗോള ധനമൂലധനത്തിന്മേലുള്ള ആശ്രിതത്വം വർദ്ധിക്കുന്നത് വികസ്വര രാജ്യങ്ങൾക്ക് സ്വതന്ത്ര പാത തെരഞ്ഞെടുക്കുന്നതിനുള്ള സാദ്ധ്യതകൾ വെട്ടിച്ചുരുക്കുന്നു.

എന്നാൽ സാമ്രാജ്യത്വ ആഗോളവൽക്കരണം എല്ലാ ബദൽ സാധ്യതകളെയും ഇല്ലാതാക്കുന്നു എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. നിലനിൽക്കുന്ന ലോക യാഥാർത്ഥ്യങ്ങളിൽ ഇടപെട്ടും സക്രിയമായി പ്രതികരിച്ചും മാത്രമേ ആഗോളവൽക്കരണത്തിനെതിരായ പോരാട്ടം മുന്നോട്ടുകൊണ്ടുപോകാനാവൂ. കോളനി ഭരണകാലത്തും അതിനു ശേഷവും ജനജീവിതം മെച്ചപ്പെടുത്താൻ കേരളത്തിലെ പുരോഗമന ശക്തികൾ എങ്ങനെയാണോ ഇടപെട്ടു പ്രതികരിക്കുകയും അതുവഴി ജനങ്ങളെ ഫലപ്രദമായി അണിനിരത്തുകയും ചെയ്തത്, അതുപോലെ ആഗോളവൽക്കരണത്തിൽ ഇടപെട്ടു പ്രതികരിക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന് പരിപാടിയുണ്ട്. കേരളത്തിലെ എല്ലാ വികസന പ്രശ്നങ്ങളും പ്രതിസന്ധി നിറഞ്ഞ സാമ്രാജ്യത്വ ചട്ടകൂടിനുള്ളിൽ പരിഹരിക്കാമെന്ന വ്യാമോഹവമില്ലാതെ തന്നെ അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പുരോഗതിനേടാനാവശ്യമായ ഒരു വികസന അജണ്ട ജനസമക്ഷം മുന്നോട്ടുവെക്കാനാവണം.

**വികസന സംവാദം**

ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ കേരളത്തിലെ ഇടതുപക്ഷമാണ് ഐക്യകേരളത്തിനു മുന്നിൽ വികസനത്തിനുള്ള പരിപാടി മുന്നോട്ടു വെച്ചതെന്ന് കാണാം. കേരളം മലയാളികളുടെ മാതൃഭൂമി എന്ന ഇ.എം.എസിന്റെ ഗ്രന്ഥം ഇതിനായുളള പരിശ്രമങ്ങളിൽ നിർണായകമായ നാഴികക്കല്ലാണ്. ഐക്യകേരളം രൂപം കൊള്ളുന്നതിനു തൊട്ടുമുമ്പ് 1956ൽ കമ്മ്യൂണിസ്റ്റു പാർട്ടി തൃശൂരിൽ വിളിച്ചു ചേർത്ത പ്രത്യേക സമ്മേളനത്തിൽ വെച്ച് കേരളത്തിന്റെ വികസനത്തിനു ഔപചാരികമായ ഒരു പരിപാടി തന്നെ അംഗീകരിക്കുകയുണ്ടായി. ഈ രേഖ പഠനകോൺഗ്രസിന്റെ ഒന്നാം വാല്യത്തിൽ ചേർത്തിട്ടുണ്ട്. ഫെഡറൽ സംവിധാനത്തിന്റെ പരിമിതികൾ, വലതുപക്ഷനയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന തടസ്സങ്ങൾ ഇവയ്ക്കുള്ളിൽ നിന്നുകൊണ്ട് ഈ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ വിജയമാണ് മുൻ ഖണ്ഡികകളിൽ വിശദീകരിച്ച കേരള വികസന മാതൃകയുടെ നേട്ടങ്ങൾ.

ഒപ്പം ഈ വിജയം തന്നെ പുതിയ വെല്ലുവിളികളുയർത്തി. അവയെയാണ് ചിലർ

രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിളിക്കുന്നത്. സാർവത്രികമായ വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങളുടെ ഗുണനിലവാരം എങ്ങനെ ഉയർത്താം എന്നതാണ് ഇന്നത്തെ വെല്ലുവിളി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്പെഷ്യാലിറ്റി ആശുപത്രികളുമെല്ലാം വിപുലപ്പെടുത്തിയേ തീരൂ. പരമ്പരാഗത തൊഴിലുകൾ പോര, വിദ്യാസമ്പന്നരായവരുടെ ആഗ്രഹങ്ങൾക്കനുസരിച്ചുള്ള പുതിയ തൊഴിലുകൾ അനിവാര്യമായിരിക്കുന്നു. ഭൂപരിഷ്കരണത്തിനു ശേഷമുള്ള കേരളത്തിലെ സവിശേഷത കണക്കിലെടുത്ത് കാർഷിക ഉൽപാദനം എങ്ങനെ വർദ്ധിപ്പിക്കാം? കുട്ടികളുടെ പ്രശ്നങ്ങളാണ് കഴിഞ്ഞ കാലത്തു നമ്മെ അലട്ടിയിരുന്നതെങ്കിൽ ഇന്നു പ്രായം ചെന്നവരുടെ സവിശേഷമായ പ്രശ്നങ്ങൾ മുന്നിലേയ്ക്കു വന്നിരിക്കുന്നു. മാറുന്ന ലോകത്തിൽ മാറിയ കേരളത്തിന്റെ പുതിയ വികസന പരിപാടി എന്തായിരിക്കണം? ഒന്നാം കേരള പഠന കോൺഗ്രസ് ഉദ്ഘാടനം ചെയ്യവെ വിദഗ്ധരും നയകർത്താക്കളുമായ ആയിരത്തി അഞ്ഞൂറോളം പ്രതിനിധികൾ അടങ്ങിയ സദസിൽ ഇഎംഎസ് ഇങ്ങനെ പ്രസ്താവിച്ചു:

സമകാലീന കേരളത്തെ സമഗ്രമായി പരിശോധിച്ചിട്ട് ഒരു പുതിയ അജണ്ടയ്ക്ക് രൂപം നൽകേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. ഇത് ഒരു രാഷ്ട്രീയ പാർടിക്കും തനിച്ചു ചെയ്യാവുന്ന കർത്തവ്യമല്ല, രാഷ്ട്രീയ പാർടികൾക്ക് മാത്രമായി ചെയ്യാൻ പറ്റുന്ന കാര്യവുമല്ല. നമ്മുടെ നാട്ടിലെ പണ്ഡിതന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഒരു ദേശീയ കടമയാണിത്. അരനൂറ്റാണ്ടിന് മുമ്പ് ഞങ്ങൾ ഐക്യ കേരളത്തിൽ ഒരു ജനാധിപത്യ പരിപാടിയ്ക്ക് രൂപം നൽകുന്നതിന് മുന്നിട്ടിറങ്ങിയപ്പോൾ ഇന്നത്തേതുപോലെ ഒരു അക്കാദമിക് സമൂഹമോ പ്രൊഫഷണൽ വിദഗ്ദ്ധരോ കേരളത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഞങ്ങൾ രാഷ്ട്രീയ പ്രവർത്തകർ ധൈര്യപൂർവ്വം ആ വെല്ലുവിളി ഏറ്റെടുത്തു. അതിലൂടെ കൈവരിക്കാൻ കഴിഞ്ഞ ചില പ്രധാന നേട്ടങ്ങളെക്കുറിച്ചും ഞാൻ വിവരിക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഒരു പക്ഷെ, കൂടുതൽ സങ്കീർണ്ണവുമായിരിക്കാം. എത്രയും വേഗം വിവിധ ശാസ്ത്രശാഖകളിലെ അക്കാദമിക് പണ്ഡിതന്മാരും സാങ്കേതിക വിദഗ്ദ്ധരും രാഷ്ട്രീയ പ്രവർത്തകരും എല്ലാവരും പങ്കെടുക്കുന്ന ഒരു ബൃഹത്തായ ദേശീയ സംവാദത്തിന് രൂപം നൽകേണ്ടതാണ്. എങ്ങനെ നമ്മുടെ ഉല്പാദന അടിത്തറയെ ശക്തിപ്പെടുത്താം എന്നുള്ളതായിരിക്കണം ഈ സംവാദത്തിലെ ഒരു മുഖ്യവിഷയം. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ മായാൻ പോകുന്നില്ല. പക്ഷെ, ഇന്നത്തെ പ്രതിസന്ധി മറികടക്കുന്നതിന് എല്ലാവർക്കും അംഗീകരിക്കാവുന്ന ചില പൊതുനയപരിപാടികളിൽ എത്തിച്ചേരാമെന്ന് എനിക്ക് ഉറപ്പുണ്ട്. (കേരള പഠന കോൺഗ്രസ് വോള്യം 1, പേജ് 5).

വികസനത്തിനു വേണ്ടി ഒരു സമവായം തട്ടിക്കൂട്ടുക എന്നതായിരുന്നില്ല പഠനകോൺഗ്രസ്സിന്റെ ലക്ഷ്യം. വിശാലമായ വികസന കാഴ്ചപ്പാട് ഉരുത്തിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നിരന്തര ചർച്ചകളുടെ ഉദ്ഘാടനവേദിയായിരുന്നു ഒന്നാം പഠന കോൺഗ്രസ്. ഒട്ടേറെ തുടർ സെമിനാറുകൾ മേഖലാടിസ്ഥാനത്തിൽ നടന്നു. 1996 –2001 കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വിപ്ലവകരമായ ഭരണപരിഷ്കരണ നടപടിയായ ജനകീയാസൂത്രണം സാധ്യമാക്കിയത് അന്താരാഷ്ട്ര പഠന കോൺഗ്രസ് സൃഷ്ടിച്ച പുതിയ അവബോധമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തയ്യാറാക്കിയ വികസന റിപ്പോർട്ടുകളും ചർച്ചകളും വിശാലമായ അർത്ഥത്തിൽ ഒന്നാം പഠനകോൺഗ്രസ് തുടങ്ങിവെച്ച വികസന സംവാദത്തിന്റെ തുടർച്ചയായിരുന്നു. രാഷ്ട്രീയ പ്രക്രിയയിലും നയരൂപീകരണത്തിലും വിദഗ്ധരുടെയും പണ്ഡിതരുടെയും കാര്യശേഷി ഉപയോഗപ്പെടുത്തി വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം തുടങ്ങിയ പുതിയ മേഖലകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക നടപടികളുണ്ടായി. പുതിയ മേഖലകൾക്ക് ഊന്നൽ നൽകുമ്പോൾ കൃഷിയും പരമ്പരാഗത വ്യവസായങ്ങളും അവഗണിക്കപ്പെടാതിരിക്കാൻ രാഷ്ട്രീയ നേതൃത്വം ജാഗ്രത കാട്ടി. പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘാടനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം, കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ, സാമൂഹ്യക്ഷേമ പദ്ധതി

വ്യാപകമാക്കൽ, വിദ്യാർത്ഥി കേന്ദ്രീകൃത സ്കൂൾ പാഠ്യപദ്ധതി നവീകരണം തുടങ്ങിയവ 1996–2001 കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ സുപ്രധാന നടപടികളായിരുന്നു. വികസനനയങ്ങളെക്കുറിച്ച് സമവായമുണ്ടാക്കുന്നതിനായി പ്രത്യേക താല്പര്യമെടുക്കുകയും അതിദ്രുത വികസനത്തിനുള്ള സാമൂഹ്യ പശ്ചാത്തലമൊരുക്കുകയും ചെയ്തു.

എന്നാൽ തുടർന്ന് അധികാരത്തിൽ വന്ന കോൺഗ്രസ് സർക്കാർ നവ-ലിബറൽ പരിഷ്കാരങ്ങളുടെ പുറകെ പോയതോടെ ഈ നേട്ടങ്ങൾക്ക് തിരിച്ചടിയേറ്റു. അധികാരവികേന്ദ്രീകരണ പ്രക്രിയ അടിമുടി വികൃതമാക്കി. കേരള വികസന പദ്ധതി എന്ന പേരിൽ അവർ തട്ടിക്കൂട്ടിയ പരിഷ്കരണ പ്രവർത്തനങ്ങൾ വികേന്ദ്രീകരണ സങ്കൽപങ്ങളുടെ ആത്മാവ് നശിപ്പിച്ചു. മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിനെ ഭരണ നവീകരണ പദ്ധതിയാക്കി അധഃപതിപ്പിച്ചു. ട്രേഡ് യൂണിയൻ അവകാശങ്ങൾ കവർന്നെടുത്തും പ്രതികരിക്കാനും പ്രക്ഷോഭം നടത്താനുമുള്ള ജനാധിപത്യാവകാശങ്ങൾക്കു വില പറഞ്ഞുമാണ് വലതുമുന്നണി സർക്കാർ അഞ്ചുവർഷം ഭരിച്ചത്. ധനകാര്യ ഉത്തരവാദിത്വ ബിൽ പാസ്സാക്കി കൊണ്ടു സംസ്ഥാന സർക്കാരിന്റെ ക്ഷേമ-വികസന ഇടപെടലുകളുടെ സാധ്യത വെട്ടിച്ചുരുക്കി. ഭരണകൂടത്തെ നിർബന്ധിത ചെറുതാക്കലിനു വിധേയമാക്കി.

പൊതുവിദ്യാഭ്യാസത്തിനും, പൊതുജനാരോഗ്യത്തിനും, പൊതുവിതരണത്തിനും, സാമൂഹ്യക്ഷേമത്തിനും, പൊതുമേഖലയയ്ക്കും, പരമ്പരാഗതവ്യവസായങ്ങൾക്കും മറ്റുമുള്ള പദ്ധതി-പദ്ധതിയേതര വിഹിതം വെട്ടിക്കുറക്കപ്പെട്ടു. പൊതുകാര്യങ്ങളിൽ നിന്നും ഭരണകൂടം പിന്മാറുകയാണെന്നും ആ ഇടം കമ്പോള ശക്തികൾക്കു അഥവാ മൂലധനശക്തികൾക്കു വിട്ടുകൊടുക്കുകയാണെന്നും വിളംബരമുണ്ടായി. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ വെട്ടിക്കുറക്കുകയും, ശമ്പളം മരവിപ്പിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനയ്ക്കുവെച്ചു. കാടും, കായലും, കടലോരങ്ങളും, പുഴയും, റവന്യൂഭൂമിയും എന്നു വേണ്ടാ പൊതുസ്വത്തും പൊതുവിഭവങ്ങളും കൈയ്യേറ്റക്കാരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കുന്ന സ്ഥിതിയുണ്ടായി.

കേരളത്തിന്റെ വികസനരംഗത്ത് ഘടനാപരമായ അപഭ്രംശത്തിനു ഇടയാക്കിയ മുൻ യു.ഡി.എഫ് സർക്കാരിന്റെ മേൽപറഞ്ഞ നടപടികളുടെ പ്രത്യാഘാതം ഏറെ രൂക്ഷമായിരുന്നു. കേരളം പട്ടിണിമരണങ്ങളുടെയും കർഷക ആത്മഹത്യകളുടെയും നാടായി മാറി. നിർമ്മാർജനം ചെയ്യപ്പെട്ടു എന്നു കരുതിയിരുന്ന പകർച്ചവ്യാധികൾ തിരിച്ചുവന്നു. സാമൂഹ്യ സംഘർഷങ്ങൾ വർഗീയ കലാപങ്ങളായി വളർന്നു. പെൺവാണിഭ സംഘങ്ങൾ പെരുകി. അധോലോകം വളർന്നു. തീവ്രവാദസംഘങ്ങൾ കേരളത്തെ സുരക്ഷിത സങ്കേതമാക്കി. പൊതുസ്ഥലങ്ങളിൽ ബോംബുകൾ കണ്ടെത്തുന്നതും, ദുരൂഹമായ സ്ഫോടനങ്ങൾ ഉണ്ടാവുന്നതും വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെട്ടു. കൂട്ടായ ഇടപെടലിന്റെ ഇടതുപക്ഷ പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനം കേരളത്തെ എവിടെ കൊണ്ടെത്തിക്കും എന്നതിന്റെ തുറന്നുകാട്ടലായി ആ വർഷങ്ങൾ.

ആഗോളവത്കരണ പരിഷ്കാരങ്ങൾക്കെതിരെയുള്ള നിശിതമായ വിമർശനത്തിന്റെയും സംവാദങ്ങളുടെയും കാലമായിരുന്നു അത്. ഐക്യകേരളപ്പിറവിയ്ക്കു ശേഷം സംസ്ഥാനത്തിന്റെ പുരോഗമന വികസന മാതൃകക്കെതിരെ നടന്ന ഏറ്റവും ക്രൂരമായ ഈ ആക്രമണത്തിൽ മുറിവേറ്റു ക്ഷീണിച്ച സംസ്ഥാനത്തെ വീണ്ടും വികസനത്തിന്റെയും, ക്ഷേമത്തിന്റെയും സാമൂഹ്യനീതിയുടെയും പാതയിലേക്കു എങ്ങനെ തിരിച്ചെത്തിക്കാം? ആഗോളവത്കരണം ഉയർത്തുന്ന വെല്ലുവിളികളെ ഫെഡറൽ ചട്ടക്കൂടിൽ നിന്നുകൊണ്ടു നേരിടുന്നതെങ്ങനെ എന്ന ചർച്ച സജീവമായി. ഈ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലാണ് 2005ൽ രണ്ടാം കേരള പഠന കോൺഗ്രസ് നടന്നത്. കഴിഞ്ഞകാല നേട്ടങ്ങൾ നിലനിർത്തുക, ഭാവിയിലേയ്ക്കുള്ള പുതിയ പാത തെളിക്കുക എന്നീ മുദ്രാവാക്യങ്ങൾ മുന്നോട്ടു വെച്ചുകൊണ്ടാണ് രണ്ടാം പഠനകോൺഗ്രസ് സമാപിച്ചത്.

ഈ മുദ്രാവാക്യങ്ങളാണ് 2006ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയങ്ങൾക്കു മാർഗദർശിയായത്. പുരോഗമന വികസനപ്രക്രിയയ്ക്കെതിരെ നടന്ന ഏറ്റവും ക്രൂരമായ ആക്രമണത്തിന്റെ തിക്തഫലങ്ങളിൽ നിന്നു കേരളത്തെ മോചി

പ്പിച്ചു. വീണ്ടും വികസനത്തിന്റെയും ക്ഷേമത്തിന്റെയും സാമൂഹ്യനീതിയുടെയും പാതയിലേയ്ക്കു തിരിച്ചെത്തിക്കുക എന്ന ദൗത്യം ഏറ്റെടുത്ത സർക്കാർ തൊഴിലാളികളുടെയും കൃഷിക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല. രാഷ്ട്രീയ എതിരാളികളുടെ പോലും പ്രശംസ പിടിച്ചു പറ്റിയ വികസന നയങ്ങളാണ് സർക്കാർ നടപ്പാക്കിയത്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പല പുരസ്കാരങ്ങളും സംസ്ഥാനത്തെ തേടിയെത്തി. രണ്ടാം പഠനകോൺഗ്രസിന്റെ കാഴ്ചപ്പാട് അനുസരിച്ച് ഓരോ വികസനമേഖലയിലും ചെയ്യാൻ കഴിഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ഹ്രസ്വമായ അവലോകനം തുടർന്നുള്ള അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അത്തരമൊരു പരിശോധനയ്ക്ക് ഇവിടെ തുനിയുന്നില്ല.

**കേരളത്തിന്റെ സാമ്പത്തിക വളർച്ച – മന്ദഗതിയിലുള്ള വളർച്ചയുടെ കാലം**

മൂന്നാം പഠനകോൺഗ്രസിന്റെ ചർച്ചകളുടെ മുഖ്യപ്രമേയം ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തികവളർച്ചയുടെ വർദ്ധിച്ച വേഗത എങ്ങനെ സ്ഥായിയാക്കാം? വളർച്ചയുടെ ഉളളടക്കത്തിൽ പ്രകടമാകുന്ന വൈരുദ്ധ്യങ്ങൾ എങ്ങനെ പരിഹരിക്കാം? ആഗോളവത്കരണ പരിഷ്കാരങ്ങൾ ഉയർത്തുന്ന പ്രതിബന്ധങ്ങളെ എങ്ങനെ നേരിടാം? ഈ ചോദ്യങ്ങളുടെ മറുപടിയ്ക്കുള്ള അന്വേഷണം ഫലപ്രദമാകണമെങ്കിൽ സമകാലീന സാമ്പത്തിക വളർച്ചാഘട്ടത്തിന്റെ സവിശേഷതകൾ പൊതുവായി മനസിലാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഇനി നാം കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ

**പട്ടിക 1.1**
**സംസ്ഥാന അസൽ ആഭ്യന്തര വരുമാനത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള വളർച്ച (സ്ഥിരവിലയിൽ) 1960–61 മുതൽ 2008–09 വരെ**

| ശരാശരി വാർഷിക വളർച്ചാനിരക്ക് (ശതമാനത്തിൽ) | | | | | |
|---|---|---|---|---|---|
| | 1960–61 – 1965–66 | 1966–67 – 1972–73 | 1973–74 – 1986–87 | 1987–88 – 1996–97 | 1997–98 – 2008–09 |
| കൃഷി | 0.7 | 2.2 | 0.01 | 5.21 | 1.53 |
| വനം | 11.08 | 2.2 | 10.11 | 1.87 | 1.86 |
| മത്സ്യം | 4.38 | 14.99 | 3.29 | 6.75 | 0.83 |
| ഖനനം | 18.4 | 0.39 | 5.29 | 6.30 | 18.31 |
| വ്യവസായം | 4.37 | 9.73 | 2.64 | 8.26 | 3.51 |
| നിർമ്മാണം | 13.76 | 8.12 | 4.46 | 8.64 | 12.54 |
| വൈദ്യുതി | 8.03 | 10.68 | 2.91 | 17.38 | 8.49 |
| ഗതാഗതം | 5.75 | 6.59 | 7.28 | 14.55 | 13.34 |
| വ്യാപാരം | 3.25 | 9.41 | 1.09 | 5.23 | 7.60 |
| ബാങ്ക് | 10.07 | 11.41 | 9.36 | 11.30 | 11.21 |
| റിയൽ എസ്റ്റേറ്റ് | 3.39 | 0.52 | 0.62 | 27.8 | 9.13 |
| പൊതുഭരണം | 7.99 | 8.2 | 9.54 | 4.78 | 8.62 |
| മറ്റു സേവനങ്ങൾ | 2.76 | 4.69 | 1.88 | 4.20 | 6.77 |
| അസൽ സംസ്ഥാന ആഭ്യന്തരവരുമാനം | 2.68 | 5.13 | 1.63 | 6.70 | 7.68 |

Source: Computed from the databases of Government of Kerala and the Economic and Political Weekly Research Foundation, Mumbai.

ഒരോട്ട പ്രദക്ഷിണം നടത്തുന്നത്. ഇത്തരമൊരു പര്യടനം ഇന്നു നാം നേരിടുന്ന വെല്ലുവിളികളെ കൂടുതൽ ആഴത്തിൽ മനസിലാക്കാൻ സഹായിക്കും.

പട്ടിക 1.1ൽ 1960–61 മുതൽ 2008–09 വരെയുള്ള അഞ്ചു ദശാബ്ദക്കാലത്തെ കേരളത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച് ഒരുവിഹഗ വീക്ഷണം നൽകുന്നുണ്ട്. ഈ അധ്യായത്തിന്റെ തുടക്കത്തിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ പൊതുവിൽ രണ്ടുഘട്ടങ്ങളായി തിരിച്ചുവല്ലോ – 1947 മുതൽ 1987 വരെയുള്ള മന്ദഗതിയിലുള്ള വളർച്ചയുടെ കാലവും 1987ൽ തുടങ്ങുന്ന താരതമ്യേന ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ കാലവും. പട്ടിക 1.1ൽ ഒന്നാമത്തെ കാലയളവ് മൂന്നു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. കാരണം 60കളുടെ മധ്യം മുതൽ സാമ്പത്തിക വളർച്ച താൽക്കാലികമായിട്ടാണെങ്കിലും ഒരു ദശാബ്ദം മെച്ചപ്പെട്ടു. അതുപോലെതന്നെ 1987നു ശേഷമുള്ള ദ്രുതഗതിയിലുള്ള വളർച്ചയുടെ കാലം രണ്ടുഘട്ടങ്ങളായി തരംതിരിച്ചിട്ടുണ്ട്. 1987 മുതൽ 1996 വരെയുള്ള പത്തുവർഷവും അതിനു ശേഷമുള്ള പത്തുവർഷവും. മൂന്നാം പഠനകോൺഗ്രസിന്റെ സവിശേഷമായ പരിശോധനയ്ക്കു വിഷയീഭവിക്കേണ്ട ഘട്ടം 1997ൽ ആരംഭിക്കുന്ന ഘട്ടമാണ്. ഈ ഘട്ടത്തിലാണ് സാമ്പത്തിക വളർച്ചയുടെ വേഗത ഉച്ചസ്ഥായിയിലെത്തുന്നത്. എന്നാൽ സാമ്പത്തിക വളർച്ചയുടെ ഘടന പരിശോധിച്ചാൽ അതു മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തത പുലർത്തുന്നുവെന്നു കാണാൻ കഴിയും. ചുരുക്കത്തിൽ കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ അഞ്ചു ഘട്ടങ്ങളും താഴെ പറയും പ്രകാരം സംക്ഷേപിക്കാം.

സ്വാതന്ത്ര്യത്തെ തുടർന്നുള്ള ആദ്യ ഒന്നര പതിറ്റാണ്ടുകാലം ഇന്ത്യയിലെ സാമ്പത്തികവളർച്ചയിൽ കൊളോണിയൽ കാലഘട്ടത്തെ അപേക്ഷിച്ച് ഒരു കുതിപ്പുണ്ടായി. സാമ്പത്തികവളർച്ച കൊളോണിയൽ കാലഘട്ടത്തിൽ ഏതാണ്ട് ഒരു ശതമാനമായിരുന്നത് അറുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഏതാണ്ട് നാലു ശതമാനത്തിലേയ്ക്ക് ഉയർന്നു. എന്നാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും കേരളത്തെ സംബന്ധിച്ചടത്തോളം ഈ കാലയളവ് സാമ്പത്തിക മുരടിപ്പിന്റെ കാലമായിരുന്നു. ഈ സ്ഥിതിവിശേഷത്തിന് പലകാരണങ്ങളുണ്ട്.

തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ലയിച്ചതും തിരുക്കൊച്ചി സംസ്ഥാനം രൂപീകൃതമായതും മലബാർ അടക്കം കേരള സംസ്ഥാനം രൂപീകൃതമായതും താൽക്കാലികമായി ഭരണ അസ്ഥിരത സൃഷ്ടിക്കുകയുണ്ടായി. ആദ്യരണ്ടു പഞ്ചവത്സര പദ്ധതികളിൽ കേരളത്തിൽ കേന്ദ്ര പൊതുമേഖലാ നിക്ഷേപമേ ഉണ്ടായില്ല. സ്വകാര്യമേഖല

**പട്ടിക 2.2**
**കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഘട്ടങ്ങൾ**

| ഘട്ടം | | പ്രവണത | പൊതു വളർച്ചാനിരക്ക് |
|---|---|---|---|
| 1 | 1947 – 1965 | സാമ്പത്തിക മുരടിപ്പ്. വ്യവസായ മേഖലയിൽ തിരിച്ചടി, കാർഷിക മുരടിപ്പ്. | ഏതാണ്ട് 2 ശതമാനം |
| 2 | 1966 – 1972 | താരതമ്യേനെ മെച്ചപ്പെട്ട വളർച്ച | 5.13 ശതമാനം |
| 3. | 1973 – 1986 | അതിരൂക്ഷമായ മാന്ദ്യം, കാർഷിക മേഖലയിൽ വളർച്ചയേ ഇല്ല. | 1.63 ശതമാനം |
| 4 | 1987 – 1996 | ശക്തമായ വളർച്ച, ഉൽപാദന മേഖലകളും അഭിവൃദ്ധിപ്പെട്ടു | 6.7 ശതമാനം |
| 5 | 1997 – 2008 | കൂടുതൽ ശക്തമായ പൊതു സാമ്പത്തിക വളർച്ച, എന്നാൽ ഉൽപാദന മേഖലകളുടെ വളർച്ച മന്ദീഭവിക്കുന്നു | 7.68 ശതമാനം |

ലൈസൻസുകൾ പുതുതായി സംസ്ഥാനത്തിനു അനുവദിക്കപ്പെട്ടില്ല. കേരളത്തിലെ വിദേശ – മറുനാടൻ മൂലധനമാകട്ടെ ഈ കാലയളവിൽ സംസ്ഥാനത്തിനു പുറത്തേയ്ക്കു നീങ്ങിയതും സാമ്പത്തിക മുരടിപ്പിനു കാരണമായി. കേരളത്തിലെ കയറ്റുമതി വ്യവസായങ്ങൾക്ക് ഈ കാലയളവിൽ വേണ്ടത്ര പ്രോത്സാഹനവും ലഭിച്ചില്ല.

എന്നാൽ പ്രഥമ കമ്മ്യൂണിസ്റ്റു സർക്കാരിന്റെ കാലം മുതൽ ആരംഭിച്ച ആസൂത്രണ നയങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ അറുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഫലം കണ്ടു. കേരളത്തിലെ സാമ്പത്തികവളർച്ചയുടെ വേഗത ഉയർന്നു. എന്നാൽ ഇന്ത്യ മൊത്തത്തിൽ ഈ കാലയളവിൽ ഭക്ഷ്യക്ഷാമത്തിലേയ്ക്കും കാർഷിക മുരടിപ്പിലേയ്ക്കും ഇതിന്റെ ഫലമായി വ്യവസായ മാന്ദ്യത്തിലേയ്ക്കും നീങ്ങി. ഈ സ്ഥിതിവിശേഷം കേരളത്തിന്റെ കുതിപ്പിനു കൂച്ചുവിലങ്ങിട്ടു. എഴുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഇന്ത്യയിൽ സ്ഥിതിഗതികൾ കുറച്ചൊക്കെ മെച്ചപ്പെട്ടു. പക്ഷേ, കേരളം കിതച്ചുതുടങ്ങി.

എഴുപതുകളുടെ മധ്യം മുതൽ എൺപതുകളുടെ മധ്യം വരെയുള്ള കാലം കേരളം ഏതാണ്ട് സാമ്പത്തിക നിശ്ചലാവസ്ഥയിലേയ്ക്കു നീങ്ങി. കാർഷിക മേഖലയിലും മത്സ്യബന്ധനമേഖലയിലും പരമ്പരാഗത വ്യവസായങ്ങളിലും ഉൽപാദനം കുറഞ്ഞു. കെട്ടിടനിർമ്മാണരംഗത്തും സേവനത്തുറകളിലും മാത്രമാണു സാമ്പത്തികവളർച്ചയുണ്ടായത്. പാലുൽപാദനത്തിലുണ്ടായ വർദ്ധനയാണു മറ്റൊരു രജതരേഖ. സാമ്പത്തികതളർച്ച തൊഴിലില്ലായ്മ പെരുകുന്നതിനിടയാക്കി. കേരളത്തിന്റെ ഭാവിയെക്കുറിച്ചു വലിയ ഭയാശങ്കകൾ ഉയർന്നു.

കാർഷികമേഖലയിലുണ്ടായ മുരടിപ്പാണ് കേരളത്തിന്റെ സാമ്പത്തിക പുരോഗതിയെ ഏറ്റവും പ്രതികൂലമായി ബാധിച്ചതെന്ന് പറയാം. കേരളത്തിലെ പ്രധാനവിളകളുടെ ഉൽപാദനം സംബന്ധിച്ച് പട്ടിക 4.2ൽ 1970–71, 1984–85 എന്നീ വർഷങ്ങളെ താരതമ്യം ശ്രദ്ധിക്കുക. 2008–09ലെ കണക്കുകൾ നമുക്ക് പിന്നീടു പരിശോധിക്കാം. ഏതാണ്ടെല്ലാ വിളകളുടേയും ഉല്പാദനം 1984–85 ൽ 1970–71 നേക്കാൾ താഴ്ന്നതാണെന്ന് കാണാം. കുരുമുളക്, ഇഞ്ചി തുടങ്ങിയ മലഞ്ചരക്കുകളുടെയും തേയില, കാപ്പി, റബ്ബർ എന്നിവയുടെ ഉല്പാദനത്തിൽ മാത്രമേ വർധനയുണ്ടായിട്ടുള്ളു. ഈ വിളകൾക്ക് താരതമ്യേന ഉയർന്ന വിലയുണ്ടായിരുന്നു.

**പട്ടിക 1.3**

**കേരളത്തിലെ പ്രധാന വിളകളുടെ ഉൽപാദനം (ആയിരം ടണ്ണിൽ)**

| | വിള | 1970–71 (1) | 1984–85 (2) | 2008 – 09 (3) |
|---|---|---|---|---|
| 1. | നെല്ല് | 1298 | 1250 | 590 |
| 2. | തേങ്ങ (കോടി എണ്ണം) | 398 | 345 | 576 |
| 3. | അടയ്ക്ക (കോടി എണ്ണം) | 1274 | 859 | — |
| 4. | കപ്പ | 4617 | 3694 | 2711 |
| 5. | ഏത്തപ്പഴം | 369 | 331 | 428 |
| 6. | കശുവണ്ടി | 116 | 73 | 42 |
| 7. | കുരുമുളക് | 25 | 29 | 41 |
| 8. | തേയില | 42 | 56 | 52 |
| 9. | കാപ്പി | 13 | 44 | 57 |
| 10. | റബ്ബർ | 79 | 172 | 783 |
| 11. | ഇഞ്ചി | 20 | 41 | 41 |

കാർഷികമേഖലയിൽ മാത്രമല്ല വ്യവസായമേഖലയിലെയും സ്ഥിതിഗതികൾ അത്രക്കു ആശാവഹമായിരുന്നില്ല. കേരളത്തിലെ വ്യവസായ വളർച്ച അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ പുറകിലായി. പുതിയ ഫാക്ടറികൾ വളരെ കുറച്ചു മാത്രമേ കേരളത്തിൽ തുറക്കപ്പെട്ടുള്ളൂ. അറുപതുകളിൽ ഫാക്ടറികളിലെ തൊഴിൽ സാധ്യതകൾ കേരളത്തിൽ 3.2 ശതമാനം പ്രതിവർഷം വർധിക്കുകയുണ്ടായി. എന്നാൽ എഴുപതുകളിൽ ഫാക്ടറി തൊഴിലവസരങ്ങൾ 2.3 ശതമാനം വീതമേ വർധിക്കുകയുണ്ടായുള്ളൂ. ഈ മുരടിപ്പിനു ഏറ്റവും പ്രധാനപ്പെട്ട കാരണം പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയാണ്. കയർ, കശുവണ്ടി, ഓട്, കൈത്തറി തുടങ്ങിയ വ്യവസായങ്ങളുടെ പ്രതിസന്ധിയായിരുന്നു. അതേസമയം പുതിയ ആധുനിക വ്യവസായങ്ങൾ വേഗത്തിൽ വളർന്നുമില്ല. ഇതായി രുന്നു വ്യവസായ മേഖലയിലെ ദുരവസ്ഥ.

1973 – 1986 കാലത്ത് സാമ്പത്തിക മുരടിപ്പ് രൂക്ഷമായെങ്കിലും ഗൾഫിൽ നിന്നുള്ള പണവരുമാനം സംസ്ഥാനത്തിനു ഒരു താങ്ങായി. ഗൾഫിൽ നിന്നുള്ള പണവരുമാനം കഴിഞ്ഞ രണ്ടു ദശകങ്ങളായി സംസ്ഥാന ആഭ്യന്തരവരുമാനത്തിന്റെ 20 ശതമാനത്തോളം വരും. ഇതിന്റെ ഫലമായി ഉപഭോഗ നിലവാരം ഉയർന്നു, സമ്പാദ്യം പെരുകി. പക്ഷേ, ഈ സമ്പാദ്യം കാർഷിക വ്യവസായ മേഖലയിലേക്കു തിരിഞ്ഞില്ല. ബാങ്കു ഡെപ്പോസിറ്റിന്റെ പകുതിയിലേറെ കേരളത്തിനു പുറത്തേക്കുള്ള വായ്പയായി ഒഴുകി. അങ്ങനെ ഗൾഫ് പണവരുമാനം കേരളത്തിലെ ഉൽപാദന മേഖലയിൽ ശ്രദ്ധേയമായ അനുരണനങ്ങളൊന്നും സൃഷ്ടിച്ചില്ല. അതേസമയം നിർമ്മാണ മേഖലയ്ക്കും സേവനത്തുറകൾക്കും വലിയ ഉത്തേജകമായി.

### ദ്രുതഗതിയിലുള്ള വളർച്ചയുടെ കാലം

നേരത്തെ സൂചിപ്പിച്ചതുപോലെ എൺപതുകളുടെ ഉത്തരാർദ്ധത്തിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണായകമായ ഗതിമാറ്റം വ്യക്തമായി. 1987 മുതൽ 1997 വരെയുള്ള കാലയളവെടുത്താൽ കേരള സമ്പദ്ഘടന 6.7 ശതമാനം വീതം വളർന്നു. ദേശീയ സാമ്പത്തിക വളർച്ച ഇക്കാലയളവിൽ 5.9% ആയിരുന്നു. പ്രതിശീർഷവരുമാനത്തിന്റെ വളർച്ചാ നിരക്കിൽ 13-ാം സ്ഥാനത്തായിരുന്ന കേരളം അഞ്ചാം സ്ഥാനത്തേയ്ക്കുയർന്നു. സേവന മേഖലയുടെ പ്രാമുഖ്യത്തിന് ഈ കാലഘട്ടത്തിലും കുറവുണ്ടായിരുന്നില്ല. 7 ശതമാനം വീതം ശരാശരി വളർച്ച സേവനത്തുറകൾ രേഖപ്പെടുത്തി. 1986–87 നു ശേഷമുള്ള വളർച്ചയുടെ 64% സംഭാവന ചെയ്തത് ഈ മേഖലയാണ്.

എന്നാൽ പുതിയ കാലഘട്ടത്തിലെ നാടകീയമായ മാറ്റം കാർഷിക മേഖലയിലായിരുന്നു. 1973–74 മുതൽ 1986–87 വരെ കാർഷികവരുമാനം 0.01 ശതമാനം വീതം കുറയുകയാണുണ്ടായത്. ഭൂപരിഷ്ക്കരണം കാരണമാണ് കാർഷിക തകർച്ച എന്നു പോലും വ്യാഖ്യാനിക്കപ്പെട്ടു. ഇത്തരം വ്യാഖ്യാനങ്ങൾ തീർത്തും തെറ്റാണെന്ന് 1986–87 മുതൽ 1996–97 വരെ ഉണ്ടായ കാർഷിക വളർച്ച കാണിക്കുന്നു. ഈ വർഷങ്ങളിൽ, കേരളത്തിലെ കാർഷിക മേഖല ഏകദേശം 5.2% കണ്ടാണ് ഓരോ വർഷവും വളർന്നത്; അതായത്, ദേശീയ ശരാശരിയുടെ ഏകദേശം ഇരട്ടി വേഗതയിൽ. തേങ്ങയുടെ ഉത്പാദനം വീണ്ടും ഉയർന്നു തുടങ്ങി. റബ്ബറിന്റെ ഉത്പാദനം വിസ്മയകരമായി വർദ്ധിച്ചു. മറ്റു നാണ്യ വിളകളിലും ശ്രദ്ധേയമായ പുരോഗതി ഉണ്ടായി.

എങ്ങനെയാണ് കാർഷിക രംഗത്ത് ഈ ഉണർവ് ഉണ്ടായത്? ഭൂപരിഷ്ക്കരണത്തെ തുടർന്ന്, കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങളിൽ പ്രധാനം ഭൂമിയുടെ നാണ്യ വിളകളിലേക്കുള്ള അതിവേഗത്തിലുള്ള പരിവർത്തനമാണ്. നെല്ലിന്റെയും കപ്പയുടെയും വിലകളെ അപേക്ഷിച്ചു, നാണ്യ വിളകളുടെ വിലകൾ ഗണ്യമായി ഉയർന്നതാണ് ഇതിന്റെ മുഖ്യ കാരണം. കാർഷിക വൃത്തിക്ക് കുറവ് തൊഴിലാളികൾ ആവശ്യമുള്ള വിളകളിലേക്ക് തിരിയുന്നതിനുള്ള പ്രവണതയും ഇക്കാലയളവിൽ പ്രകടമായി. നാണ്യ വിളകളെല്ലാം ഏതാനും വർഷങ്ങൾ കഴിഞ്ഞേ വിളവു തരികയുള്ളൂ. റബ്ബറിനും നാളികേരത്തിനും ആറേഴു വർഷമെങ്കിലും എടുക്കും. ഈ അന്തരാളഘട്ടത്തിൽ, വിള പരിവർത്തനത്തിന് വിധേയമായ ഭൂമിയിൽ നിന്നും വരുമാനമുണ്ടാവുകയില്ല. സ്വാഭാവികമായും കാർഷിക വരുമാനം കുറയും. എന്നാൽ, എൺപതുകളുടെ മദ്ധ്യമായപ്പോഴേക്കും, ഈ ഭൂമികളിലെ പുതു കൃഷി വരുമാനം തന്നു തുടങ്ങി. ഇത് 1986

-87 മുതൽ 1996-97 വരെയുള്ള വർഷങ്ങളിലെ കാർഷിക വളർച്ച യിൽ പ്രതിഫലിച്ചു.

എന്നാൽ 1994ൽ ഒപ്പുവെച്ച ആഗോള വ്യാപാരക്കരാറിന്റെ തിക്തഫലങ്ങൾ 1997-98 ആയപ്പോഴേയ്ക്കും പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇറക്കുമതിക്ക് മേലുള്ള നിയന്ത്രണങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാനുള്ള ഈ കരാറിന്റെ ഭാഗമായി കാർഷിക വിളകളുടെ ഇറക്കുമതി ചുങ്കങ്ങൾ ഓരോ വർഷവും കുറയ്ക്കപ്പെട്ടു. 1996 നു ശേഷം, അന്താരാഷ്ട്ര വിപണിയിൽ കാർഷിക ഉത്പന്നങ്ങളുടെ വിലകൾ ഇടിയാൻ ആരംഭിച്ചപ്പോൾ, കേരളത്തിലെ നാണ്യ വിളകളുടെ വിലകളും കുത്തനെ ഇടിയാൻ തുടങ്ങി. ഇറക്കുമതി ഉദാരവത്കരണം മൂലം ആഗോളതലത്തിൽ നാണ്യ വിളകൾക്കുണ്ടായ വിലയിടിവ് കേരളത്തെയും ഗ്രസിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം, 1930കൾക്ക് ശേഷമുണ്ടായ ആദ്യ അനുഭവമായിരുന്നു ഈ വില തകർച്ച. ഇത്, കാർഷിക മേഖലയെ സമാനമില്ലാത്ത ദുരന്തത്തിലേക്ക് ആണ് നയിച്ചത്. കൃഷിക്കാർ കടക്കെണിയിലായി. 1500ഓളം പേർ ആത്മഹത്യ ചെയ്തു. കർഷക തൊഴിലാളികളുടെ തൊഴിലില്ലായ്മയും രൂക്ഷമായി.

2004മുതൽ നാണ്യവിളകളുടെ വിലകൾ ഉയർന്നു തുടങ്ങി. എങ്കിലും, വിലകൾ ഉയർന്നതിന്റെ പൂർണമായ അനന്തരഫലം കാർഷിക രംഗത്തെ വരുമാന വളർച്ചയിൽ പ്രതിഫലിക്കുന്നില്ല. 1997-98 മുതൽ 2008-09 വരെയുള്ള കാലയളവിൽ കാർഷികമേഖലയുടെ വരുമാനം 1.53 ശതമാനം വീതമാണ് ഉയർന്നത്. ഇതിനു മുമ്പുള്ള പത്തുവർഷക്കാലം 5.2 ശതമാനം വീതം വളർന്നകാര്യം ഓർക്കുമല്ലോ. നല്ല വിലവർധനയുണ്ടായിട്ടും ഉല്പാദനമെന്തേ ഗണ്യമായി ഉയരാത്തത് എന്ന ചോദ്യത്തിനുള്ള ഉത്തരം മുൻകാലങ്ങളിലെ വിശകലനത്തിൽ നിന്നുതന്നെ വ്യക്തമാണ്. വിലയിടിവിന്റെ കാലത്തു കാർഷിക മേഖലയിലെ നിക്ഷേപം ഗണ്യമായി ഇടിഞ്ഞു. ഉദാരവൽക്കരണ കാലത്തെ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾ ഇടിഞ്ഞതും നിക്ഷേപം കുറയാൻ കാരണമായിട്ടുണ്ട്. ഇതിന്റെ തിക്തഫലങ്ങൾ ഏതാനും വർഷങ്ങൾ നീണ്ടുനിൽക്കും; പെട്ടെന്ന് തന്നെ വളർച്ച പുനരാരംഭിക്കില്ല. വിലകൾ ഉയർന്നതോട് കൂടി സമീപ കാലത്ത് നിക്ഷേപവും കൂടിയിട്ടുണ്ട്. അതിന്റെ സദ്ഫലങ്ങൾ ഇനിയുള്ള വർഷങ്ങളിലേ പ്രകടമാവൂ.

വ്യവസായ മേഖലയിലെ വളർച്ചയെടുത്താലും 1997-98 മുതൽ 2008-09വരെയുള്ള കാലത്ത് വളർച്ച മന്ദീഭവിച്ചിട്ടുണ്ട്. വളർച്ചാനിരക്ക് 3.51 ശതമാനമാണ്. ഈ സന്ദർഭത്തിൽ ഒരുകാര്യം എടുത്തു പറയേണ്ടതുണ്ട്. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ വ്യവസായ വളർച്ച 8.1 ശതമാനം വീതം വളർന്നു. കാർഷിക തകർച്ചയുടെ കാലയളവിൽ വ്യവസായ മേഖലയ്ക്ക് വൻ തിരിച്ചടിയായിരുന്നു. 1.66 ശതമാനമായിരുന്നു 1997-98 / 2003-04 കാലയളവിലെ വളർച്ച. കാർഷിക മേഖലയിൽ നിന്നു വ്യത്യസ്തമായി വ്യവസായ മേഖല തുടർന്നുള്ള വർഷങ്ങളിൽ തകർച്ചയിൽ നിന്നു കരകയറിക്കഴിഞ്ഞു. പുതിയ വൻകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടതുകൊണ്ടല്ല, മറിച്ചു നിലവിലുള്ളവയുടെ ഉൽപാദനശേഷി കൂടുതൽ വിനിയോഗിക്കപ്പെട്ടതുകൊണ്ടാണ് ഈ വളർച്ചയുണ്ടായത്. ചെറുകിട വ്യവസായ മേഖലയിലും ശ്രദ്ധേയമായ വളർച്ചയുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ അസംഘടിത മേഖലയിലെ വളർച്ചാനിരക്ക് സംഘടിത മേഖലയെക്കാൾ ഉയർന്നതാണ്.

എന്നാൽ അഭൂതപൂർവമായ വികാസം ഉണ്ടായിട്ടുള്ളത് നിർമ്മാണ മേഖലയിലാണ്. 1987-88/ 1996-97 കാലഘട്ടത്തിൽ 8.6 ശതമാനം വളർന്ന നിർമ്മാണ മേഖല 1997-98/ 2008-09 കാലയളവിൽ 12.5 ശതമാനം വീതമാണു വളർന്നത്. ഗതാഗതം, ബാങ്കിംഗ്, വൈദ്യുതി എന്നീ മേഖലകളിൽ രണ്ടക്ക വളർച്ച കൈവരിക്കുകയുണ്ടായി.

അസൽ സംസ്ഥാന ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 1997-98/2008-09 കാലഘട്ടത്തിൽ മുൻദശാബ്ദത്തെ അപേക്ഷിച്ച് 6.7 ശതമാനത്തിൽ നിന്ന് 7.68 ശതമാനമായി ഉയർന്നു. കേരളം ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്കു പ്രവേശിച്ചുവെന്ന് അസന്നിഗ്ധമായ നിഗമനത്തിൽ നമുക്കെത്തിച്ചേരാനാകും.

**പുത്തൻ വളർച്ചാകാലഘട്ടത്തിന്റെ വൈരുദ്ധ്യങ്ങൾ**

അഭിവൃദ്ധിയുടെ ഈ കാലഘട്ടത്തെ

വിമർശനപരമായി വിലയിരുത്തേണ്ടതുണ്ട്.

ഒന്ന്) പൊതുവിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ശക്തിസ്രോതസ് സേവന ത്തുറകളായി തുടരുകയാണ്. ഭൗതിക ഉല്പാദന രംഗങ്ങളിൽ വളർച്ചയുണ്ടാകാതെ സർവ്വീസ് മേഖലയിലെ വളർച്ച നിലനിർത്താനാകില്ല. സർവ്വീസ് മേഖലയിലെ ഇപ്പോഴത്തെ വളർച്ച വിദേശത്തുനിന്നുള്ള വരുമാനത്തെയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ഈ വരുമാനത്തിലുള്ള ഇടിവ് പ്രശ്നങ്ങളുണ്ടാക്കും. ഗൾഫിലുള്ള തൊഴിൽ സാധ്യതകൾ കുറഞ്ഞുവരികയാണ്. വിദേശത്തുനിന്നുള്ള വരുമാനം കുറയുമ്പോൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കടുത്ത സമ്മർദ്ദം ഉണ്ടാകുമെന്നത് കഴിഞ്ഞകാലത്തും അനുഭവപ്പെട്ടിട്ടുള്ളതാണ്. ഉദാഹരണത്തിന്, 1991 ലെ ഗൾഫ് യുദ്ധത്തെ തുടർന്നുള്ള സ്ഥിതി. അതിനാൽ ഉൽപ്പാദന മേഖലകളിലെ വളർച്ചയുടെ അനുപൂരകമായി സർവ്വീസ് മേഖലയിലെ വളർച്ചയും ഉണ്ടാകുന്ന ഒരു പ്രക്രിയയാണ് സ്ഥായിയാകുക.

രണ്ട്) ഏറ്റവും പ്രധാനപ്പെട്ട കാര്യം കാർഷിക മേഖലയിലെ മുരടിപ്പാണ്. വാണിജ്യ വിളകളുടെ വിലകൾ മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വരുമാന വളർച്ച ഗണ്യമായി ഉയരും എന്നതിനു സംശയമില്ല. പക്ഷേ, വിലത്തകർച്ചയുടെ ചക്രം എന്നാണിനി തിരിഞ്ഞെത്തുക എന്നു പ്രവചിക്കാനാവില്ല. ഭക്ഷ്യവിളകളുടെ പിന്നോട്ടടിയ്ക്കു വിരാമമിടാൻ കഴിഞ്ഞെങ്കിലും ആവശ്യത്തിന്റെ നാലരികിലെത്താൻ കഴിഞ്ഞിട്ടില്ല. 1987–88ൽ സംസ്ഥാന വരുമാനത്തിൽ കാർഷിക മേഖലയുടെ വിഹിതം 5.21 ശതമാനമായിരുന്നത് ഇന്നു 1.53 ശതമാനമായി താണിരിക്കുന്നു. എന്നാൽ കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി എന്നു പറയാനാവില്ല. ഇത് അവരുടെ വരുമാനത്തെയും ജീവിതനിലവാരത്തെയും പ്രതികൂലമായി ബാധിക്കുന്നു.

മൂന്ന്) വ്യവസായ വളർച്ചയ്ക്കായി നാം തിരഞ്ഞെടുത്ത പാത വഴിമുട്ടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ നാം ഊന്നിയത് മുഖ്യമായും രണ്ടുമേഖലകളിലാണ്. ഒന്ന്, തൊഴിൽപ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, രണ്ട്, ഊർജപ്രധാനമായ രാസവ്യവസായങ്ങൾ. പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തിയിരുന്ന കുറഞ്ഞ കൂലി എന്നെന്നേയ്ക്കുമായി ഇല്ലാതായിക്കഴിഞ്ഞു. വളരെയേറെ തൊഴിലാളികൾ ഇന്ന് ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾ തന്നെ ഈ മേഖലകൾ പരമ്പരാഗത രീതിയിൽ ഇനി തുടരാനാവില്ല എന്ന യാഥാർത്ഥ്യവും മനസിലാക്കണം. കേരളത്തിൽ ശക്തിപ്പെടുന്ന പാരിസ്ഥിതിക അവബോധം അനിവാര്യമാക്കുന്ന കർശനമായ മലിനീകരണ നിയന്ത്രണങ്ങളും സംസ്ഥാനത്തെ ഊർജദാരിദ്ര്യവും രാസവ്യവസായങ്ങളുടെ അടിസ്ഥാനത്തിലുള്ള വളർച്ചയ്ക്കു വളരെയേറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലുകൾ സൃഷ്ടിക്കുന്നതിനും വരുമാനം ഉറപ്പുവരുത്തുന്നതിനും അനുബന്ധ വ്യവസായങ്ങൾക്കു കൂടുതൽ സാധ്യതകൾ ഉള്ളതും പാരിസ്ഥിതികമായി അനുയോജ്യവുമായ വ്യവസായങ്ങളെ ബോധപൂർവം പ്രോത്സാഹിപ്പിക്കണം. രണ്ടാം കേരള പഠനകോൺഗ്രസ് ചൂണ്ടിക്കാണിച്ചതുപോലെ ഐടി പോലുള്ള, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, ടൂറിസം പോലുള്ള സേവന പ്രധാനമായ വ്യവസായങ്ങൾ, ലൈറ്റ് എഞ്ചിനീയറിംഗ് പോലെ വൈദഗ്ധ്യാധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങിയവയാണ് നമ്മൾ ഊന്നേണ്ടുന്ന മേഖലകൾ. ഈ തുറകളിലെ മുന്നേറ്റം എങ്ങനെ ഉറപ്പുവരുത്താം?

നാല്) കേരളത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു മുഖ്യ ദൗർബല്യം വേണ്ടത്ര തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നുള്ളതാണ്. ഉദാഹരണത്തിനു 2007–08ൽ നാഷണൽ സാമ്പിൾ സർവെയുടെ കണക്കുപ്രകാരം സർവെ നടത്തുന്നതിനു മുമ്പുള്ള ഒരു വർഷത്തിനിടയിൽ സാധാരണഗതിയിൽ, അതായത്, വർഷത്തിൽ കൂടുതൽ ദിവസം തൊഴിലില്ലാതിരുന്നവർ കേരളത്തിൽ 8.5 ശതമാനവും ഇന്ത്യയിൽ 2.2 ശതമാനവും ആണ്. സർവെയുടെ തലേ ആഴ്ച തൊഴിൽ അന്വേഷിച്ചിട്ടും ഒരുദിവസം ഒരു മണിക്കൂർപോലും ലഭിക്കാത്തവർ കേരളത്തിൽ 11.4 ശതമാനവും ഇന്ത്യയിൽ 4.3 ശതമാനവുമാണ്. സർവെയുടെ തലേദിവസം

തൊഴിൽ തേടിയിട്ടും ഒരു മണിക്കൂർ പോലും തൊഴിൽ ലഭിക്കാത്തവരുടെ എണ്ണം കേരളത്തിൽ തൊഴിൽസേനയുടെ 23.4 ശതമാനവും ഇന്ത്യയിൽ 8.9 ശതമാനവുമാണ്.

വിദ്യാഭ്യാസം കഴിഞ്ഞു വർഷങ്ങൾ കാത്തിരുന്നാലേ ഒരു ജോലി ലഭിക്കൂ. ഈ കാത്തിരിപ്പു വേളയിൽ പുതിയ ഡിഗ്രിയും സർട്ടിഫിക്കറ്റുകളും കൈക്കലാക്കാനുള്ള ശ്രമത്തിലാണ് തൊഴിലില്ലാത്തവർ. ഏതു പുതിയ കോഴ്സും പഠിക്കാൻ ആളുണ്ട്. പഠിത്തത്തിന് അനുസൃതമായ ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും ഉയർന്ന ഡിഗ്രിയും സർട്ടിഫിക്കറ്റും ഉള്ളത് എന്തെങ്കിലും മെച്ചപ്പെട്ട ജോലി കിട്ടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാകുമ്പോഴും ഉന്നത വിദ്യാഭ്യാസത്തിനുള്ള തിക്കും തിരക്കും കൂടാൻ കാരണമിതാണ്.

അനുയോജ്യമായ ജോലിക്കു വേണ്ടിയുള്ള കാത്തിരിപ്പിനിടയിൽ ഉപജീവനത്തിനായി എന്തെങ്കിലും തൊഴിലിൽ ഏർപ്പെടാൻ പലരും നിർബന്ധിതരാവും. അങ്ങനെ അഭ്യസ്തവിദ്യർക്കുള്ള അനൗപചാരിക തൊഴിൽമേഖലകൾ നിരന്തരം സൃഷ്ടിക്കപ്പെടുന്നു. പാരലൽ കോളെജുകൾ ഇതിനു നല്ല ഉദാഹരണമാണ്. കൂലിപ്പണിക്കു പോകാൻ തയ്യാറല്ലെങ്കിലും കൂലി കുറവായ സെയിൽസ് ഗേളായി ജോലി ചെയ്യാൻ പെൺകുട്ടികൾ തയ്യാറാണ്.

അതേസമയം തൊഴിൽ തേടി കേരളത്തിലേയ്ക്കു ഒഴുകുന്ന അന്യസംസ്ഥാനക്കാരുടെ എണ്ണം പെരുകുകയാണ്. ഇവരുടെ സാന്നിദ്ധ്യം നഗരങ്ങളിൽ മാത്രമല്ല, നാട്ടിൻപുറത്തും ഇന്ന് സജീവമാണ്. അഭ്യസ്തവിദ്യരായ പുതിയ തലമുറ കായികാദ്ധ്വാനം ആവശ്യമുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടാൻ വിസമ്മതിക്കുന്നതാണ് ഇതിനു കാരണം.

ഈ സ്ഥിതി വിശേഷത്തിന്റെ മുഖ്യ ഇര സ്ത്രീകളാണ്. സാധാരണഗതിയിലുള്ള തൊഴിലില്ലാത്തവരുടെ നിർവചന പ്രകാരം കേരളത്തിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ 6.1 ശതമാനമാണ്. സ്ത്രീകളുടേത് 25.0 ശതമാനവും. രൂക്ഷമായ തൊഴിലില്ലായ്മ മൂലം കേരളത്തിലെ അഭ്യസ്തവിദ്യരായ സ്ത്രീകൾ പോലും തൊഴിലന്വേഷണം അവസാനിപ്പിച്ച് വീട്ടിൽ ഒതുങ്ങുന്നു. അതുകൊണ്ടാണ് കേരളം ഏറ്റവും കുറഞ്ഞ ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്ന സംസ്ഥാനമായിരിക്കുന്നത്. താരതമ്യേനെ വേതനം കുറഞ്ഞ തൊഴിലുകളാണ് സ്ത്രീകൾക്കായി നീക്കിവെയ്ക്കപ്പെടുന്നത്.

തൊഴിലില്ലായ്മ, സാമ്പത്തിക പ്രശ്നം മാത്രമല്ല സാമൂഹ്യ സാംസ്ക്കാരിക പ്രശ്നം കൂടിയാണ്.

അഞ്ച്) പുതിയ സാമ്പത്തിക മുന്നേറ്റത്തിന്റെ കാലത്ത് കേരളത്തിലെ അസമത്വം ഭീതിജനകമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. കൃഷിയും കാർഷികേതര മേഖലയും തമ്മിൽ, നഗരവും നാട്ടിൻപുറവും തമ്മിൽ, വിവിധ ജില്ലകൾ തമ്മിൽ എല്ലാമുള്ള അന്തരം ഈ പുതിയ കാലഘട്ടത്തിൽ വളർന്നു. കുടുംബങ്ങൾ തമ്മിലുള്ള ഉപഭോഗനിലവാരത്തിലെ വ്യത്യാസമെടുത്താൽ ഈ പ്രവണത വ്യക്തമായി മനസിലാക്കാനാവും. 1983നും 2004-05നും ഇടയ്ക്കു ഉപഭോഗ നിലവാരത്തിലെ അസമത്വ സൂചികയിൽ വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. എല്ലാവരും സമന്മാരാണെങ്കിൽ സൂചിക പൂജ്യമായിരിക്കും. ഒന്നിനോട് അടുക്കുന്തോറും അസമത്വം കൂടുതൽ രൂക്ഷമായി മാറും. 1983നും 1999-2000നും ഇടയ്ക്കു കേരളത്തിലെ അസമത്വസൂചിക 0.35 ആയി വലിയ മാറ്റമില്ലാതെ തുടർന്നു. എന്നാൽ 2004-05 ആകുമ്പോഴേയ്ക്കും അസമത്വ സൂചിക 0.39 ആയി ഉയർന്നു. പുതിയ കാലഘട്ടത്തിൽ കേരളത്തിലെ ഉയർന്ന വരുമാനം ലഭിക്കുന്ന 20 ശതമാനത്തോളം കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ ഏറ്റവും താഴെയുള്ള 30 ശതമാനത്തിലേറെ വരുന്നവരുടെ യഥാർത്ഥ വരുമാനം ഇടിയുകയാണ് ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ വർദ്ധിക്കുന്ന അസമത്വം കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവമാണ്.

ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സമകാലിക വെല്ലുവിളികളെ താഴെ പറയുംവിധം സംക്ഷേപിക്കാം.

1. ഭൂരിപക്ഷം ജനങ്ങളും ഇന്നും ഉപജീവനം നടത്തുന്നത് കാർഷിക മേഖലയിലും പരമ്പരാഗത വ്യവസായങ്ങളിലുമാണ്. എന്നാൽ ആഗോളവത്കരണം അവയെ തകർത്തുകൊണ്ടിരിക്കുകയാണ്.

അവയെ സംരക്ഷിച്ചുകൊണ്ടല്ലാതെ ഭൂരി പക്ഷം ജനങ്ങളുടെ ജീവിതനിലവാരം പിടിച്ചുനിർത്താനാവില്ല. ഈ മേഖലകളിൽ ഉൽപാദനക്ഷമതയും ഉൽപാദനവും എങ്ങനെ ഉയർത്താം?

2. പരമ്പരാഗത മേഖലകളിലെ ഉൽപാദനം താരതമ്യേന പതുക്കെ മാത്രമെ ഉയരുകയുള്ളൂ. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കണമെങ്കിൽ നമുക്ക് അനുയോജ്യമായ, എന്നാൽ അതിവേഗം വളരാൻ സാധ്യതയുള്ള ആധുനിക വ്യവസായങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ഇത്തരം വ്യവസായത്തുറകൾ ഏതെല്ലാം? ഇവിടങ്ങളിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിന് എന്തുനടപടികൾ സ്വീകരിക്കണം? അനിവാര്യമായ പശ്ചാത്തലസൗകര്യങ്ങൾ എങ്ങനെ സൃഷ്ടിക്കാം?

3. സ്ക്കൂളുകളുടെയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും വിപുലമായ ശൃംഖല കേരളത്തിനുണ്ട്. എന്നാൽ ഇവയുടെ ഗുണനിലവാരം ഗണ്യമായി ഉയർത്തിയേ തീരൂ. ജനങ്ങളുടെ ആവശ്യത്തിനും പ്രതീക്ഷകൾക്കുമനുസരിച്ച് പൊതുവിദ്യാഭ്യാസവും ആരോഗ്യസംവിധാനങ്ങളും പൊതുക്ഷേമ സൗകര്യങ്ങളും ഉയരുന്നില്ല. ഈ പരിമിതി മറികടക്കേണ്ടിയിരിക്കുന്നു.

4. പൊതുവിൽ ജീവിതനിലവാരം മെച്ചമാണെങ്കിലും ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇന്നും അവശേഷിക്കുന്നുണ്ട്. ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, അഗതികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരുടെ നില ഇപ്പോഴും പരിതാപകരം തന്നെയാണ്. ഇവരെ എത്രയും പെട്ടെന്ന് മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് സുപ്രധാനകടമയാണ്. സമ്പൂർണവും സമഗ്രവുമായ സാമൂഹ്യസുരക്ഷിതത്വ പരിപാടിയ്ക്ക് എങ്ങനെ രൂപം നൽകാം?

5. പുരുഷന്മാർക്കൊപ്പം വിദ്യാസമ്പന്നരും ആരോഗ്യവുമുള്ളവരാണു കേരളത്തിലെ സ്ത്രീകൾ. ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെ യും അപേക്ഷിച്ച് അവരുടെ സ്ഥിതി മെച്ചമാണ്. എന്നാൽ സാമ്പത്തിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തവും സാമൂഹ്യപദവിയും പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും സ്ത്രീകളുടെ നില പിന്നോക്കമാണ്. ജാതി അനാചാരങ്ങൾ വലിയ അളവു വരെ നിർത്തലാക്കുകയും പാവങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്ത കേരളം ഏറ്റെടുക്കേണ്ട സുപ്രധാന സാമൂഹ്യചുമതല സ്ത്രീപുരുഷ സമത്വം കൈവരിക്കലാണ്.

6. വീണ്ടുവിചാരമില്ലാത്ത പ്രകൃതിവിഭവ ചൂഷണവും മലിനീകരണവും മൂലം നമ്മുടെ സംസ്ഥാനം പാരിസ്ഥിതിക തകർച്ച നേരിടുകയാണ്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

എന്നാൽ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന ആഗോളവത്കരണ പ്രക്രിയ കേരളത്തിന്റെ വികസനത്തിന് ഇന്നും വലിയ വെല്ലുവിളികൾ ഉയർത്തി നിൽക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയ്ക്കു വൻആഘാതങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ആസിയാൻ കരാറിൽ കേന്ദ്രം ഒപ്പുവെച്ചിരിക്കുന്നു. ഈ കരാറിന്റെ ദോഷഫലങ്ങൾ കേരളം അനുഭവിക്കാനിരിക്കുന്നതേയുള്ളൂ. മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യത്തിൽ കൂട്ടായ ഇടപെടലിന്റെയും സാമൂഹ്യ നിയന്ത്രണങ്ങളുടെയും പ്രസക്തി പതിന്മടങ്ങു വർദ്ധിച്ചിരിക്കുകയാണ്.

രണ്ടാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സ് നടന്നിട്ട് അഞ്ചു വർഷം പിന്നിട്ടിരിക്കുന്നു. കേരളത്തിലെ ഇടതുപക്ഷത്തിന് അഞ്ചു വർഷം അധികാരത്തിലിരുന്നതിന്റെ അനുഭവമുണ്ട്. ഫലപ്രദമായ ചർച്ചകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും സംസ്ഥാന വികസനത്തെക്കുറിച്ച് ഞങ്ങളൊരു കാഴ്ചപ്പാടിൽ എത്തിയിട്ടുണ്ട്. ഈ വികസനപരിപാടി കൂടുതൽ വിപുലമായ ചർച്ചക്കും സംവാദത്തിനുമായി ബുദ്ധിജീവികൾ, നയരൂപീകരണകർത്താക്കൾ,

സാമൂഹ്യ-രാഷ്ട്രീയ നേതാക്കൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളുടെയും മുമ്പിൽ അവതരിപ്പിക്കുകയാണ്.

ലോക സാഹചര്യത്തിൽ, കൂട്ടായ ഇടപെടലിന്റെയും സാമൂഹ്യ നിയന്ത്രണങ്ങളുടെയും പ്രസക്തി പതിന്മടങ്ങുവർദ്ധിച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർക്കാരാകട്ടെ, ആഗോള സാമ്പത്തിക പ്രതിസന്ധി പകരുന്ന പാഠങ്ങൾ ഉൾക്കൊള്ളാതെ, ഭരണകൂടത്തിന്റെ സാമൂഹ്യ ഇടപെടലുകളെ ശക്തിപ്പെടുത്തുന്നതിനു പകരമായി, സമ്പദ്ഘടനയെ കമ്പോള ശക്തികൾക്കു വിട്ടു കൊടുക്കുന്ന നയങ്ങൾ തുടരുകയാണ്. ഉദാഹരണത്തിന്, കേരളത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വത്തിന്റെ ആണിക്കല്ലായ പൊതു വിതരണ സമ്പ്രദായത്തെ തകർക്കാനുള്ള ശ്രമങ്ങളാണു കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്. സംസ്ഥാനങ്ങളുടെ പണം ചെലവഴിക്കാനുള്ള ശേഷിയും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്ന എഫ്ആർബിഎം ആക്ടിന്റെ നിബന്ധനകൾ, ഇടക്കാലത്തേക്ക് നിർത്തി വെച്ചിരുന്നെങ്കിലും, 2011-12 മുതൽ വീണ്ടും നടപ്പിൽ വരുത്താൻ പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന സ്വകാര്യവൽക്കരണ നടപടികളുമായി ശക്തമായി മുമ്പോട്ട് പോകുകയാണ് കേന്ദ്ര സർക്കാർ. ഇത്തരത്തിൽ, പ്രതികൂലമായ ഒട്ടേറെ സാഹചര്യങ്ങളെ അതിജീവിച്ചു വേണം കേരളത്തിന് ഭാവിയിൽ മുന്നേറാൻ.

ഈ ചെറുത്തുനിൽപ്പിൽ ബഹുജന സമരങ്ങൾക്കുള്ള പ്രാധാന്യം എടുത്തു പറഞ്ഞുകൊണ്ട് ഈ ആമുഖ അധ്യായം അവസാനിപ്പിക്കാം. ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ ജനകീയ ഇടപെടലുകൾ വഹിച്ച പങ്കിനെക്കുറിച്ചു നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. തൊഴിലാളികളും കൃഷിക്കാരും മറ്റു അധ്വാനിക്കുന്ന ജനവിഭാഗങ്ങളും നടത്തുന്ന വിവിധ രൂപത്തിലുള്ള സമരങ്ങളുടെയും ഇതര ഇടപെടലുകളുടെയും പ്രസക്തി വർദ്ധിക്കുന്ന കാലമാണ് തീർച്ചയായും ഇനി വരാൻ പോകുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധിയും ഇന്ത്യൻ ഭരണകൂടം നേരിടുന്ന പ്രശ്നങ്ങളും സാമ്രാജ്യത്വ ആഗോളവത്കരണ നയങ്ങൾ കൂടുതൽ ശക്തമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കും. അത്തരം നീക്കങ്ങളെ സർവമാർഗങ്ങളും ഉപയോഗിച്ചു പരാജയപ്പെടുത്തിക്കൊണ്ടല്ലാതെ കേരളത്തിന്റെ ഇതഃപര്യന്തമുള്ള വികസനാനുഭവത്തിന്റെ സദ്വശങ്ങൾ നിലനിർത്താനോ പോരായ്മകൾ പരിഹരിക്കാനോ കഴിയില്ല.

# അധ്യായം
# 2

# കൃഷിയും
# അനുബന്ധമേഖലകളും
(കരട്)

# കൃഷിയും
# അനുബന്ധമേഖലകളും (കരട്)

മൂന്നാം കേരള പഠനകോൺഗ്രസിൽ കൃഷി -അനുബന്ധമേഖലകളെക്കുറിച്ചുള്ള ചർച്ച നടക്കു മ്പോൾ ഈ രംഗം സമീപകാലത്ത് ദേശീയാടി സ്ഥാനത്തിൽ നേരിട്ട തിരിച്ചടികളെക്കുറിച്ച് സൂചി പ്പിക്കാതിരിക്കാനാവില്ല. വളർച്ചയുടെ കാര്യത്തിൽ 'ഇന്ത്യയും' 'ഭാരതവും' തമ്മിൽ നിലനിൽക്കുന്ന വൈരുദ്ധ്യം കുപ്രസിദ്ധമാണ്. താരതമ്യേനെ ഉയർന്ന വളർച്ചാനിരക്കുകളുടെ അടിസ്ഥാന ത്തിൽ ഇന്ത്യൻ സമ്പദ്ഘടന തിളങ്ങുന്നുണ്ടെ ങ്കിലും മഹാഭൂരിപക്ഷം ഇന്ത്യക്കാർ ജീവിതവൃ ത്തിക്കായി ആശ്രയിക്കുന്ന കൃഷി-അനുബന്ധമേ ഖലകൾ ഏറെ പിന്നിലാക്കപ്പെടുകയാണ്. ഏറെ വർഷങ്ങളായി വ്യവസായമേഖലയെയും സേവ നമേഖലയെയും അപേക്ഷിച്ചു വളരെ കുറഞ്ഞ നിരക്കിലാണ് കൃഷി-അനുബന്ധമേഖലകൾ വള രുന്നത്. വളർച്ചയിലെ ഈ പിന്നാക്കാവസ്ഥ കാരണം ഇന്ത്യയുടെ ദേശീയോൽപാദനത്തിൽ കൃഷി-അനുബന്ധമേഖലകളുടെ പങ്ക് തുടർച്ച യായി കുത്തനെ കുറഞ്ഞു വരുകയാണ്. ദേശീയ ആഭ്യന്തര ഉല്പാദനത്തിൽ 2008-09 ലെ കണക്കു കൾ പ്രകാരം പ്രാഥമിക മേഖലയുടെ പങ്ക് കേവലം 18.87 ശതമാനമാണ്. 1990-ൽ ഇത് 27 ശതമാനമായിരുന്നു. ദേശീയോൽപാദനത്തിലും, വരുമാനത്തിലും കൃഷി-അനുബന്ധമേഖലകളുടെ പങ്ക് ക്രമമായി കുറഞ്ഞു വരുകയാണെങ്കിലും ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളുടെ സംഖ്യയിലും അനുപാതത്തിലും വലിയ കുറ വൊന്നും സംഭവിക്കുന്നില്ല എന്നതാണ് ഏറെ ശ്രദ്ധേയമായ സംഗതി. പ്രാഥമിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണ ഇന്ത്യാക്കാരുടെ ആളോഹരി വരുമാനംവളരുകയല്ല മറിച്ച് മുരടി ക്കുകയോ കുറയുകയോ ആണെന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്. ഇന്ത്യയിലെ കാർഷികരംഗം ദാരിദ്ര്യത്തിന്റെയും കടക്കെണി യുടെയും കർഷക ആത്മഹത്യകളുടെയും വിളനി ലമായതിന്റെ പശ്ചാത്തലം ഇതാണ്. കൃഷിയും അനുബന്ധമേഖലകളും നേരിടുന്ന ഈ മുരടി പ്പിനു ഭൂപരിഷ്ക്കരണത്തിന്റെ അഭാവമടക്കമുള്ള ചരിത്രപരമായ കാരണങ്ങളുണ്ട്. എന്നാൽ സമീ പകാലത്ത് പ്രതിസന്ധി രൂക്ഷമാവാനുള്ള കാരണം ഇന്ത്യയിലെ സർക്കാർ സ്വീകരിച്ച നവ ഉദാരവത്കരണനയങ്ങളും സ്വതന്ത്രവ്യാപാര കരാറുകളുമാണ്. നിയോലിബറൽ നയങ്ങളുടെ ഫലമായി കൃഷി-അനുബന്ധമേഖലകളിൽ നിന്നും ഭരണകൂടം പിൻവാങ്ങുന്ന സ്ഥിതിയാണ് ഉണ്ടായത്. ഭരണകൂടത്തിന്റെ വലിപ്പവും ധനക്ക മ്മിയും കുറയ്ക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിലെ പൊതുനിക്ഷേപത്തിൽ വലിയ വെട്ടിക്കുറവുണ്ടായി. ശാസത്ര-സാങ്കേതിക-വി കസന സേവനങ്ങൾ ലഭ്യമാക്കുന്ന ചുമതല പോലും സ്വകാര്യമേഖലയെ ഏൽപിച്ച് സർക്കാർ വകുപ്പുകൾ പിൻവാങ്ങണം എന്ന കാഴ്ചപ്പാടിനു മുൻകൈ ലഭിച്ചു. ഈ മേഖലയ്ക്ക് സർക്കാർ നൽകിയിരുന്ന പ്രത്യക്ഷവും പരോക്ഷവുമായ സബ്സിഡികൾ വെട്ടിക്കുറച്ചു. കാർഷികവിള കൾക്ക് ന്യായവില നൽകുന്നതിനു സർക്കാർ നട ത്തിയിരുന്ന ഇടപെടലുകൾ കമ്പോളവിരുദ്ധവും മത്സരവിരുദ്ധവുമെന്നു വ്യാഖ്യാനിക്കപ്പെടുകയും

ഒഴിവാക്കപ്പെടുകയും ചെയ്തു. ലോകവ്യാപാരസംഘടനയുടെ ഭാഗമായും അല്ലാതെയും കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിയ്ക്കെതിരെ ഏർപ്പെടുത്തിയിരുന്ന അളവുപരമായ നിയന്ത്രണങ്ങൾ എടുത്തുകളയുകയും, ചുങ്കനിരക്കുകൾ കുത്തനെ വെട്ടിക്കുറയ്ക്കുകയും ചെയ്തു.

അവശേഷിച്ച ഇറക്കുമതി നിയന്ത്രണങ്ങൾ കൂടി ഇന്ത്യ ഏർപ്പെട്ട പ്രാദേശിക സ്വതന്ത്ര വ്യാപാര കരാറുകളുടെ ഫലമായി ഒഴിവാക്കപ്പെട്ടു. ഇന്ത്യ-ശ്രീലങ്ക, ഇന്ത്യ-ആസിയാൻ തുടങ്ങിയ കരാറുകൾക്കുശേഷം ഇപ്പോൾ ഇന്ത്യയും യൂറോപ്യൻ സമൂഹവുമായുള്ള സ്വതന്ത്രവ്യാപാരക്കരാർ ഒപ്പിടുന്ന ഘട്ടത്തിൽ എത്തിയിരിക്കുന്നു. ഇതിനു പുറമെയാണ് കരാർകൃഷിയ്ക്കും, ബഹുരാഷ്ട്രവിത്തു കുത്തകകാർക്കും, റിടെയിൽ ചെയിനുകൾക്കും അനുകൂലമായ നയംമാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വായ്പാവിപണിയിൽ കൃഷി-അനുബന്ധ മേഖലകൾക്കു നൽകിയിരുന്ന മുൻഗണന പിൻവലിച്ചതും യാദൃശ്ചികമല്ല. ഇതെല്ലാം തന്നെ കമ്പോളത്തേയും, മൽസരത്തേയും കോർപറേറ്റു മൂലധനതാൽപര്യങ്ങളേയും മുൻനിർത്തി തയ്യാറാക്കപ്പെട്ടിരിക്കുന്ന നിയോലിബറൽ വികസനതന്ത്രത്തിന്റെ 'ഫലപ്രാപ്തി'യെ ആണ് അടയാളപ്പെടുത്തുന്നത്. ലക്ഷക്കണക്കായ കൃഷിക്കാർ ആത്മഹത്യചെയ്തതും ഇപ്പോഴും ആത്മഹത്യകൾ തുടരുന്നതും ഇന്നത്തെ പോക്കിനെതിരായ കാർഷികഭാരതത്തിന്റെ നിശ്ശബ്ദ പ്രതിഷേധമായി കണക്കാക്കാവുന്നതാണ്.

സാമ്പത്തികവികസനം നടക്കുമ്പോൾ പ്രാഥമികമേഖലയുടെ പ്രാധാന്യം കുറയുകയും ദേശീയോൽപാദനത്തിലും, തൊഴിൽഘടനയിലും വ്യവസായമേഖലയുടെയും, സേവനമേഖലയുടെയും പങ്ക് ഉയരുകയും, ചെയ്യുന്നത് ആരോഗ്യകരമായ പരിണാമത്തിന്റെ ഭാഗമായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇന്ത്യയിൽ ഇത് സംഭവിക്കുന്നത് ആരോഗ്യകരമായ ഒരു പരിണാമത്തിന്റെ ഭാഗമായല്ല മറിച്ച് തുടർച്ചയായ അവഗണനയുടെ ഫലമായാണ് എന്നകാര്യം ഇപ്പോൾ ഏറെക്കുറേ സർവ്വസമ്മതമാണ്. ഇതിനു ഒരളവുവരെ സമാനമായ ചിത്രമാണ് കേരളത്തിന്റെ കാര്യത്തിലും കാണാൻ കഴിയുക. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ പങ്കിലുണ്ടായ കുറവ് കുറച്ചുകൂടി നാടകീയമായിരുന്നു എന്നതാണ് വാസ്തവം. രണ്ടായിരാമാണ്ടാവുമ്പോഴേക്കും സംസ്ഥാനത്തിന്റെ ആഭ്യന്തരോൽപാദനത്തിലെ പ്രാഥമിക മേഖലയുടെ പങ്ക് കേവലം 22 ശതമാനമായി കുറഞ്ഞിരുന്നു. 1960-61 ൽ ഇത് 56 ശതമാനമായിരുന്നു എന്ന് ചരിത്രം! അതെന്തായാലും 2008-2009 ലെ കണക്കുകൾ പ്രകാരം പ്രാഥമിക മേഖലയുടെ പങ്ക് വീണ്ടും കുറഞ്ഞു. 12.42 ശതമാനമായിരിക്കുന്നു. കൃഷി അനുബന്ധമേഖലകൾ മാത്രമെടുത്താൽ ഇത് കേവലം 9.7 ശതമാനമാണ്! സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലും, വരുമാനത്തിലും ഉണ്ടായ നാടകീയമായ ഈ കുറവിനെ പൂർണ്ണമായും ആരോഗ്യകരമായ വികസനത്തിന്റെയും പരിണാമത്തിന്റെയും ഭാഗമായി കണക്കാക്കാനാവില്ല. കേരളത്തിലെ കാർഷിക ജനസംഖ്യയിൽ ഒരു ഭാഗം കാർഷികേതര മേഖലകളിലേക്കും, സംസ്ഥാനത്തിനു പുറത്തുള്ള തൊഴിൽവിപണികളിലേക്കും ചേക്കേറിയത് പ്രാഥമിക മേഖലയുടെ പങ്ക് കുറഞ്ഞുവരുന്നതിനു കാരണമായി എന്നത് വസ്തുത തന്നെ. എന്നാൽ പ്രതിശീർഷ വരുമാനം കുറയുന്നതും കാർഷികവൃത്തി അനാദായകരവും, അനാകർഷകവും ആവുന്നതുമാണ് ഈ കൊഴിഞ്ഞുപോക്കിനുള്ള ഒരു പ്രധാന കാരണം എന്ന സത്യം അവശേഷിക്കുന്നു. ഈ ദശാബ്ദത്തിന്റെ പകുതിയിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കർഷക ആത്മഹത്യകൾ ഇതിനു തെളിവാണ്. ഭക്ഷ്യവിളകളുടെ വിളവിസ്തീർണവും ഉൽപാദനവും കുത്തനെ കുറഞ്ഞതും സംസ്ഥാനത്തിന്റെ ഭക്ഷ്യകമ്മി അപകടകരമാംവിധം ഉയർന്നതും മേൽപറഞ്ഞ വികസന പരിണാമത്തിന്റെ അനാരോഗ്യകരമായ വശത്തെയാണ് സൂചിപ്പിക്കുന്നത്. നെൽവയലുകളും, തണ്ണീർതടങ്ങളും അപ്രത്യക്ഷമാകുന്നതിന്റെ ഫലമായുണ്ടാകുന്ന പരിസ്ഥിതി ആഘാതവും കൃഷിയെയും, കൃഷിക്കാരെയും, കർഷകതൊഴിലാളികളേയും പിന്നിലാക്കിക്കൊണ്ടുള്ള വികസനത്തിന്റെ പോരായ്മയാണ് വെളിവാക്കുന്നത്. കൃഷിയിൽ നിന്നും കാർഷികേതരമേഖലകളിലേക്കുള്ള പരിണാമം ആവശ്യമാണ്. എന്നാൽ അത് കൃഷിക്കാരെയും, തൊഴിലാളികളെയും ആത്മഹത്യയിലേക്കു തള്ളിവിട്ടുകൊണ്ടും, ഭക്ഷ്യസുരക്ഷ അപകടപ്പെടുത്തി

ക്കൊണ്ടും പരിസ്ഥിതി നാശം വിതച്ചുകൊണ്ടും ആവരുത്.

കേരളത്തിന്റെ കാർഷികമേഖല നേരിട്ട തിരിച്ചടിയെക്കുറിച്ച്, വിശേഷിച്ചും പത്താംപദ്ധതിക്കാലത്ത് (2001- 02 മുതൽ 2006-07 വരെ) നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, മാംസത്തിന്റെയും മറ്റും ഉൽപാദനത്തിൽ ന്യൂനവളർച്ച രേഖപ്പെടുത്തിയതിന്റെ കാരണങ്ങളെക്കുറിച്ച് രണ്ടാം കേരളപഠനകോൺഗ്രസിന്റെ രേഖ വിശദമായി പരിശോധിക്കുകയുണ്ടായി. വിസ്തരഭയത്താലും, ആവർത്തനഭയത്താലും അതിലേക്കു ഇവിടെ വിശദമായി കടക്കുന്നില്ല. എങ്കിലും ഒരു കാര്യം വ്യക്തമാണ്. ദേശീയ തലത്തിൽ കാർഷികമേഖല നേരിട്ട തിരിച്ചടിയ്ക്കു ബാധകമായ കാരണങ്ങൾ എല്ലാംതന്നെ കേരളത്തിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഉദാഹരണത്തിനു ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിന്റെ വാണിജ്യവിളകളായ തെങ്ങും, റബ്ബറും, തേയിലയും, കാപ്പിയും, കുരുമുളകും, മറ്റു സുഗന്ധവ്യഞ്ജനങ്ങളും നേരിട്ട ഗുരുതരമായ വിലത്തകർച്ച മേൽപറഞ്ഞ നയംമാറ്റങ്ങളുടെ ഫലമായിരുന്നു. നവഉദാരവത്കരണനയങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ എന്ന പോലെ കേരളത്തിലും ഈ മേഖലയ്ക്ക് വലിയ ആഘാതമായി മാറുകയാണുണ്ടായത്. പത്താം പദ്ധതിക്കാലത്ത് കേന്ദ്രത്തിന്റെ നിയോലിബറൽ നയങ്ങളോടൊപ്പം സംസ്ഥാനസർക്കാർ കൂടി കൂട്ടുചേർന്നപ്പോൾ വിപരീത ആഘാതം പലമടങ്ങായി മാറി എന്നു മാത്രം. നിയോലിബറൽ കുറുപ്പടികൾക്ക് കീഴ്പെട്ടുകൊണ്ട് യഥാസ്ഥിതിക ധനനയം സ്വീകരിച്ചതും, കൃഷി-അനുബന്ധമേഖലകൾക്കുള്ള പദ്ധതി-പദ്ധതിയേതര വിഹിതം വെട്ടിക്കുറച്ചതും, തൽഫലമായി സർക്കാർ വകുപ്പുകളുടെയും ഇതര വികസനഏജൻസികളുടെയും പ്രവർത്തനം മന്ദീഭവിച്ചതും കാർഷികമേഖലയ്ക്കു തിരിച്ചടിയായി.

രണ്ടാം കേരളപഠനകോൺഗ്രസ്സിലും ഇതര വേദികളിലും കാർഷിക പ്രതിസന്ധിയേക്കുറിച്ചു നടന്ന ചർച്ചകളിലൂടെ ഉരുത്തിരുഞ്ഞുവന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അതിന്റെ നയങ്ങൾ ആവിഷ്കരിച്ചതും പതിനൊന്നാം പദ്ധതിയ്ക്കു രൂപം കൊടുത്തതും. ഈ നയംമാറ്റം സംസ്ഥാന സർക്കാരിനു അധികാരമുള്ള വിളകളുടെ കാര്യത്തിൽ വലിയ മാറ്റം ഉളവാക്കി എന്നത് ഇന്ന് ഏവരും സമ്മതിക്കുന്ന കാര്യമാണ്.രണ്ട് ദശാബ്ദക്കാലത്തിലേറെയായി താഴേക്കു പതിച്ചുകൊണ്ടിരുന്ന ഭക്ഷ്യോൽപാദനത്തിന്റെ ഗ്രാഫിനെ തകർച്ചയിൽ നിന്നും രക്ഷപെടുത്തി വീണ്ടെടുപ്പിന്റെ പാതയിൽ എത്തിച്ചു എന്നതാണ് ഇതിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടം . ഇതിന്റെ ഒരു ഏകദേശം ചിത്രം ലഭിക്കുന്നതിനു പട്ടിക 1-ൽ ചേർത്തിരിക്കുന്ന സ്വയംവിശദീകരണക്ഷമമായ കണക്കുകൾ കാണുക. നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, മൽസ്യോൽപാദനത്തിന്റെയും, മറ്റും കാര്യത്തിൽ അത്യധികം അഭിമാനകരമായ മാറ്റമാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇത് ഒരു തരത്തിലുമുള്ള അലംഭാവത്തിനും ന്യായീകരണമാവില്ല. കാർഷികമേഖലയെ പൂർണ ആരോഗ്യത്തിലേക്കു തിരിച്ചെത്തിക്കാൻ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട് . അതിനു തെളിവാണ് കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വാണിജ്യവിളകളുടെ കാര്യത്തിൽ ഇന്നും കേരളം നേരിടുന്ന വെല്ലുവിളി. വാണിജ്യവിളകളുടെ വിലകൾ സമീപകാലത്ത് ഏറെ മെച്ചപ്പെട്ടു എന്നത് തൽക്കാലത്തേക്കു ആശ്വാസകരമാണ്. പക്ഷേ, ഈ നൂറ്റാണ്ടിന്റെ ആരംഭ വർഷങ്ങളിൽ ഉണ്ടായ വിലത്തകർച്ചയുടെ ക്ഷീണം ഇനിയും മാറിയിട്ടില്ല എന്നതാണ് സത്യം. ഉദാഹരണത്തിനു 2005-06 ൽ 87,605 ടണ്ണായിരുന്ന കുരുമുളകിന്റെ ഉദ്പാദനം 2006-07 ൽ 64,264 ടണ്ണായും തൊട്ടടുത്ത വർഷം 41, 952 ടണ്ണായും കുറഞ്ഞു. അടയ്ക്ക, കശുവണ്ടി, വെറ്റില, കാപ്പി, തേയില, തെങ്ങ് തുടങ്ങിയ വിളകളുടെ കാര്യത്തിലും ഉൽപാദനം ഇപ്രകാരം താഴോട്ടു പതിയ്ക്കുകയാണ് ഉണ്ടായത്. വിലകൾ മെച്ചപ്പെട്ടിട്ടും ഭൗതിക ഉത്പാദനത്തിൽ ഉണ്ടാവുന്ന ഇടിവ് ബന്ധപ്പെട്ട അധികാരികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. പൂർവേഷ്യൻ നാണയത്തകർച്ചയെ തുടർന്നാണ് ഈ ദീർഘകാല വിളകളുടെ വില ഇടിഞ്ഞത് . അന്നത്തെ വിലയിടിവിനെ തുടർന്നു റീപ്ലാന്റിംഗിലും, മൂലധനനിക്ഷേപത്തിലും, വിളസംരക്ഷണത്തിലും ഉണ്ടായ കുറവാണ് വിലകൾ പൊതുവെ മെച്ചപ്പെട്ടതിനു ശേഷവും ഭൗതിക ഉത്പാദനത്തിൽ ഉണ്ടാവുന്ന

കുറവിൽ നിഴലിക്കുന്നത്. യഥാർത്ഥത്തിൽ ദീർഘ കാല വിളകളുടെ ഉത്പാദനത്തിൽ വന്ന ഈ തകർച്ചയാണ് കേരളത്തിന്റെ കാർഷികമേഖല യുടെ മൊത്തം ഉത്പാദനത്തിലും സമീപകാ ലത്ത് ന്യൂനവളർച്ച രേഖപ്പെടുത്താൻ കാരണം. നെല്ലിന്റെയും, പാലിന്റെയും, മുട്ടയുടെയും, പച്ച ക്കറിയുടെയും മറ്റും ഉത്പാദനത്തിൽ ഉണ്ടായ നേട്ടം ദീർഘകാലവിളകളുടെ കാര്യത്തിലുണ്ടായ ക്ഷീണം നികത്താൻ പര്യാപ്തമായില്ല.

നഷ്ടപരിഹാരം നൽകി സഹായിക്കാൻ ബന്ധ പ്പെട്ട വകുപ്പുകളെ വിശേഷിച്ചും കേന്ദ്രവാണിജ്യ വകുപ്പിനെ പ്രേരിപ്പിക്കുകയും വേണം. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതും കഴിവുകൾക്ക് ഉള്ളിൽ നിന്നും ചെയ്യാ വുന്നതുമായ കാര്യങ്ങൾ കണ്ടെത്തി നടപ്പി ലാക്കാനും ശുഷ്കാന്തിയുണ്ടാവണം.

**ഭക്ഷ്യസുരക്ഷ്യ**

കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ ആവശ്യ

**പട്ടിക 1**

**ഭക്ഷ്യോൽപാദന രംഗത്തെ ഉണർവ്**

| വർഷം | നെല്ല് ലക്ഷം ടൺ | പാൽ ലക്ഷം ടൺ | ഉൾനാടൻ മത്സ്യം | മുട്ട ദശലക്ഷം | കോഴി ഇറച്ചി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2002–03 | 6.89 | 24.2 | 0.75 | 1347 | – |
| 2003–04 | 5.70 | 21.1 | 0.76 | 1277 | – |
| 2004–05 | 6.67 | 20.25 | 0.76 | 1197 | 0.33 |
| 2005–06 | 6.30 | 20.63 | 0.78 | 1196 | 0.28 |
| 2006–07 | 6.42 | 21.19 | 0.80 | 1199 | 0.16 |
| 2007–08 | 5.28 | 22.47 | 0.81 | 1379 | 0.17 |
| 2008–09 | 5.90 | 24.63 | 0.83 | 1507 | 0.19 |

അവലംബം : എക്കണോമിക് റിവ്യൂ 2009

**വികസന തന്ത്രം**

സംസ്ഥാന സർക്കാരിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമുള്ള വിളകളുടെ കാര്യത്തിൽ രണ്ടാമത് കേരളവികസന കോൺഗ്രസ് മുന്നോട്ട് വെച്ചതും പതിനൊന്നാം പദ്ധതി കാലത്ത് വിജ യകരമായി പരീക്ഷിക്കപ്പെട്ടതുമായ നയങ്ങൾ വേണ്ട പരിഷ്കാരങ്ങളോടു കൂടി ശക്തമായി നട പ്പിലാക്കുകയാണ് സമീപഭാവിയിലും വേണ്ടത്. വാണിജ്യ വിളകളുടെ കാര്യത്തിൽ കേന്ദ്രഗ വൺമെന്റിന്റെ തെറ്റായ നയങ്ങളുടെ പോരായ്മ തുറന്നു കാണിക്കുന്നതിനും അവ തിരുത്തിക്കു റിക്കുന്നതിനും വേണ്ടിയുള്ള സമ്മർദ്ദം ശക്തിപ്പെ ടുത്തുന്നതിനുമാണ് മുൻഗണന. ഒപ്പം സാർവ്വ ദേശീയ കരാറുകളുടെ വിപരീത പ്രത്യാഘാത ങ്ങൾ സഹിക്കേണ്ടിവരുന്ന വിളകളേയും, കൃഷി ക്കാരെയും, തൊഴിലാളികളെയും ഉചിതമായ

ത്തിന്റെ ഇരുപത് ശതമാനം പോലും ഉല്പാദി പ്പിക്കാൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ നിന്നും സമ്പൂർണ്ണ ഭക്ഷ്യസ്വയംപര്യാപ്തത യിലേക്കുള്ള ദൂരം പെട്ടെന്നു താണ്ടാവുന്നതല്ല എന്ന കാര്യം വ്യക്തമാണ്. പക്ഷെ ഭക്ഷ്യക്കമ്മി ക്രമേണെ കുറച്ചുകൊണ്ടുവന്നു ഭക്ഷ്യസുരക്ഷ ഒരു പരിധിവരെയെങ്കിലും ഉറപ്പാക്കാനാവശ്യ മായ ഊർജിത പരിശ്രമം ആവശ്യമാണ്. സാർവ ദേശീയ, ദേശീയ തലങ്ങളിൽ പോലും ഭാവി യിലെ ഭക്ഷ്യസ്ഥിതിയെക്കുറിച്ച് ആശങ്കകൾ ഉയ രുന്ന പശ്ചാത്തലത്തിൽ ഇത് പ്രത്യേകിച്ചും പ്രധാനമാണ്. പരിസ്ഥിതി സംരക്ഷണം, മൃഗസം രക്ഷണം പോലുള്ള അനുപൂരക സാമ്പത്തിക മേഖലകളുടെ നിലനിൽപ്, സാമൂഹ്യനീതി, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ പരി

ഗണനകളുടെ അടിസ്ഥാനത്തിൽ നോക്കിയാലും ഭക്ഷ്യസുരക്ഷയ്ക്ക് മുൻഗണന നൽകേണ്ടതുണ്ട് എന്നു വ്യക്തമാവും. സ്വകാര്യവ്യക്തികളുടെ ലാഭ -നഷ്ട കണക്കുകളല്ല ഇക്കാര്യത്തിൽ തീരുമാന മെടുക്കാൻ ആധാരമാകേണ്ടത്. ഭക്ഷ്യവിളകൾ കൃഷിചെയ്യുമ്പോൾ സമൂഹത്തിനാകെ ഉണ്ടാ കുന്ന നേട്ടങ്ങൾ പരിഗണിക്കപ്പെടണം. സാമൂഹ്യ നന്മയെ കരുതി കൃഷിക്കാരന്റെ നഷ്ടം നികത്തി കൊടുക്കാൻ സമൂഹം തയ്യാറാവണം.

**(i) ഭരണകൂട ഇടപെടലുകളുടെ പ്രാധാന്യം**

കൃഷി-അനുബന്ധമേഖലകളുടെ വികസന ത്തിന് ഭരണകൂടത്തിന്റെ നേതൃത്വവും ഇടപെ ടലുകളും ഒഴിച്ചുകൂടാനാവാത്തതാണ്. കൃഷിക്കാ ര്യത്തിൽ വിശേഷിച്ച് നിയോലിബറലിസത്തി ന്റെയും കമ്പോളമൗലികവാദത്തിന്റെയും പ്രത്യ യശാസ്ത്ര അന്ധത ഉപേക്ഷിച്ചേ മതിയാവൂ. ഭര ണകൂടത്തിന്റെ വികസനപരവും, നിയന്ത്രണപര വുമായ ഇടപെടൽ ഈ മേഖലയുടെ വികസന ത്തിന് അത്യന്താപേക്ഷിതമാണ്. നിയന്ത്രണപര മായ ഇടപെടലിന് ഉത്തമ ഉദാഹരണമാണ് കേരള സർക്കാർ കൊണ്ടുവന്ന നെൽവയൽ സംരക്ഷ ണനിയമം. നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കണോ വേണ്ടയോ എന്ന ചോദ്യം സ്വകാര്യ വ്യക്തികളുടെ ഇഷ്ടത്തിനും തീരുമാ നത്തിനും വിടാൻ കഴിയുന്ന കാര്യമല്ല. സമൂഹ ത്തിന്റെ പൊതുനന്മയ്ക്കു അവ സംരക്ഷിക്കപ്പെ ടേണ്ടതുണ്ട്. അപകടകരമായ ഭൂവിനിയോഗം തട യുകയും ആശാസ്യമായവയെ പ്രോൽസാഹിപ്പി ക്കുകയും ചെയ്യുന്ന കാര്യത്തിൽ കൂടുതൽ കർശ നമായ നിയന്ത്രണമാണ് ഭാവിയിൽ ആവശ്യം. എൻഡോസൾഫാൻ പോലുള്ള മാരക കീടനാ ശിനികൾ നിരോധിക്കുന്നതിലും പരിസ്ഥിതി നാശം വരുത്താത്ത കാർഷികരീതികളും പ്രയോ ഗങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലും സർക്കാർ അതിന്റെപങ്ക് നിർവഹിക്കണം. നിയന്ത്രണ അധി കാരങ്ങൾ പ്രയോഗിക്കുന്നതിനോടൊപ്പം പശ്ചാ ത്തലസൗകര്യവികസനം, ക്ഷേമം തുടങ്ങിയ രംഗ ങ്ങളിലെ വികസനോന്മുഖ ഇടപെടലും പ്രധാന മാണ്. ഇതിനു മുഖ്യമായും വേണ്ടത് പദ്ധതി-പ ദ്ധതിയേതര ചെലവുകളിൽ ഈ മേഖലയ്ക്കു അർഹിക്കന്ന മുൻഗണന നൽകുക എന്നതാണ്. സംസ്ഥാനസർക്കാർ തദ്ദേശഭരണസ്ഥാപന ങ്ങൾക്കു നൽകുന്ന പദ്ധതിസഹായത്തിന്റെ 40 ശതമാനം ഉൽപാദനമേഖലയ്ക്കു നീക്കിവെ ക്കണം എന്ന നിബന്ധന പുനഃസ്ഥാപിച്ചത് സംസ്ഥാനസർക്കാരിനു നിയന്ത്രണാധികാരമുള്ള മേഖലകളിൽ ഏറെ സഹായകരമായി എന്ന വസ്തുത ഇവിടെ ഓർക്കേണ്ടതുണ്ട്. ഭ ക്ഷ്യോൽപാദനരംഗത്ത് ദീർഘകാലമായി അനു ഭവപ്പെട്ടിരുന്ന തകർച്ച അവസാനിപ്പിച്ച് വീണ്ടെ ടുപ്പിന്റെ പുതുതരംഗത്തിന് തുടക്കമിടാൻ സാധി ച്ചതിന്റെ മുഖ്യകാരണം പദ്ധതി വകയിരുത്തലിൽ വലിയ വർധനവ് ഉണ്ടായതും പണം നിർലോ പമായി ലഭ്യമാക്കിയതുമാണ് എന്നതും കാണണം. സംസ്ഥാനത്തിന്റെ പന്ത്രണ്ടാം പദ്ധതിയിലും അനുഭാവപൂർണമായ ഈ സമീപനം തുടരണം.

(ii) ഭരണകൂട ഇടപെടലുകളുടെ സംഘാട നവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട പ്രശ്ന മാണ് വിവിധ വകുപ്പുകളുടെയും, ഏജൻസികളു ടെയും ഏകോപനം. കൃഷിസ്ഥലത്തെ പ്രവർത്ത നങ്ങൾ വകുപ്പുകളും, ഏജൻസികളും നോക്കി തരംതിരിച്ചല്ല നടക്കുന്നത്. എല്ലാ ഏജൻസികളേ യും, സേവനങ്ങളേയും ഏകോപിപ്പിച്ചു കൃഷി- അനുബന്ധ പ്രവർത്തനങ്ങളേയും കൃഷിക്കാര നേയും സഹായിക്കുകയാണ് വേണ്ടത്. ഇത്തര മൊരു ഏകോപനമാണ് ഭക്ഷ്യസുരക്ഷാപരിപാ ടിയിലൂടെ ലക്ഷ്യമിട്ടത്. പ്രാദേശികതലത്തിൽ ഈ ഏകോപനം നടക്കേണ്ടത് സ്വാഭാവികമായും തദ്ദേ ശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ്. സംസ്ഥാനതലത്തിലും ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏജൻസി കളുടെയും ഏകോപനം ആവശ്യമാണ്. ഇക്കാര്യ ത്തിൽ മുന്നണിഭരണത്തിന്റെ ചട്ടക്കൂട് ഒരു തട സ്സമാവാൻ പാടില്ല.

(iii) ഉൽപാദന വളർച്ചയും ഉൽപാദനബന്ധ ങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കേരള ത്തിൽ നടന്ന ഭൂപരിഷ്കരണം എങ്ങനെ ആധു നിക കേരളത്തിന്റെ സൃഷ്ടിക്കും കേരളവികസന മാതൃകയ്ക്കും കാരണമായി എന്നത് ഇവിടെ വിശ ദീകരിക്കേണ്ടതില്ല. ഭൂപരിഷ്കരണം കാർഷി കോൽപാദനരംഗത്തെ വളർത്തുകയാണ് തളർത്തുകയല്ല ചെയ്തത് എന്ന കാര്യത്തിലും ഇപ്പോൾ വ്യക്തതയുണ്ട്. എന്നാൽ ഭൂപരിഷ്കര ണവുമായി ബന്ധപ്പെട്ട രണ്ടാം തലമുറ പ്രശ്ന ങ്ങൾ പിന്നീടുണ്ടായ രാഷ്ട്രീയ അനിശ്ചിതത്വം കാരണം വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. ഭൂപ

രിഷ്കരണത്തെ തുടർന്നു കൃഷി ഭൂമി ലഭിച്ച ചെറുകിട, നാമമാത്ര കൃഷിക്കാർക്കു കൃഷിയിലെ വലുപ്പനേട്ടങ്ങൾ അന്യമാണ്. ജനസംഖ്യാപരിണാമത്തിന്റെ ഭാഗമായി നടന്ന കുടുംബവിഭജനം കൃഷിഭൂമി കൂടുതൽ തുണ്ടുവൽക്കരിക്കപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൃഷിക്കാരുടേയും, കർഷകത്തൊഴിലാളികളുടേയും വിവിധതരം കൂട്ടായ്മകൾ വളർത്തിക്കൊണ്ട് കൂട്ടനേട്ടങ്ങൾ സൃഷ്ടിക്കാനും വലുപ്പനേട്ടങ്ങളുടെ അഭാവം പരിഹരിക്കാനും കഴിയും. വിത്തും, വളവും, യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനും, ഉൽപന്നങ്ങളുടെ മൂല്യവർധനവിനും, വിപണനത്തിനും ഇത്തരം കൂട്ടായ്മകൾ തുണയാകും. മുൻപു വിജയകരമായി പരീക്ഷിക്കപ്പെട്ടതും ഇപ്പോഴും ചില സ്ഥലങ്ങളിലെങ്കിലും നടപ്പുള്ളതുമായ ഗ്രൂപ്പു ഫാമിംഗ്, 'ഗാലസ' മാതൃകകളും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകച്ചന്തകളും അനുകരണീയമായ മാതൃകകളാണ്.

(iv) ഉൽപാദനബന്ധങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നം ഉപജീവനത്തിനായി കൃഷി ചെയ്യാൻ താൽപര്യമുള്ള ഒട്ടേറെ പേർക്ക് ആവശ്യത്തിനു കൃഷിഭൂമി ഇല്ലാത്തതും ഭൂവുടമസ്ഥരിൽ നല്ലൊരു പങ്കിന് കൃഷി ചെയ്യാൻ കഴിയാത്തതുമാണ്. ഈ പ്രശ്നം കാരണം നെൽവയലുകളും പുരയിടങ്ങളും തരിശിടുന്ന അവസ്ഥ വ്യാപകമാണ്. ഇത് ഒഴിവാക്കപ്പെടണം. കുടുംബശ്രീ സംഘങ്ങൾ ഇത്തരം ഭൂമി ഏറ്റെടുത്തു വ്യാപകമായി കൃഷി ചെയ്യുന്നത് ഇക്കാര്യത്തിൽ മാതൃകയാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെ മധ്യസ്ഥതയിൽ ഇപ്രകാരം തരിശുഭൂമി കൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്. ഭൂമി നഷ്ടപ്പെടുമോ എന്ന ഉടമസ്ഥന്റെ ഭീതി പൂർണമായും ഒഴിവാക്കിക്കൊണ്ടുതന്നെ കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് അതിനവസരം നൽകുന്ന സംവിധാനമാണ് വരേണ്ടത്. ഇങ്ങനെ കൃഷി ചെയ്യാൻ തയ്യാറാകുന്നവർക്ക് സർക്കാറിന്റെ ആനുകൂല്യങ്ങളും, വായ്പകളും മറ്റും ലഭ്യമാവുന്നതിനുള്ള ഏർപാടും വേണം.

(v) ഉൽപാദനബന്ധങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന പ്രശ്നം കർഷകത്തൊഴിലാളികളുടെ അഭാവമാണ്. വൈദഗ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമല്ലാത്തതിന്റെ പ്രശ്നം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നുണ്ട്. നെൽകൃഷിയും, പുരയിടകൃഷിയും അനാദായകരമാവുകയും ഇല്ലാതാവുകയും ചെയ്ത മുറയ്ക്കു ആവശ്യത്തിനു തൊഴിൽ ദിനങ്ങൾകിട്ടാതെ വന്നതോടെ തൊഴിലാളികൾ കാർഷികേതര മേഖലകളിലേക്കും സംസ്ഥാനത്തിനു പുറത്തുള്ള തൊഴിലിടങ്ങളിലേക്കും ചേക്കേറി. കായികാധ്വാനത്തോടു സമൂഹം പൊതുവിൽ പുലർത്തുന്ന അവജ്ഞയുടെ മുദ്ര യുവതലമുറയെ അകറ്റുകയും ചെയ്തു. മെച്ചപ്പെട്ട കൂലിയും, മിനിമം തൊഴിൽദിനങ്ങളുടെ ലഭ്യതയും, സാമൂഹ്യസുരക്ഷയും, ശാസ്ത്രീയമായ ട്രെയിനിംഗും, സർവ്വോപരി മാന്യതയും ഉറപ്പാക്കി മാത്രമേ ഈ മേഖലയിലേക്കു ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിയൂ. അതിനുള്ള ആസൂത്രിത ഇടപെടൽ ഉണ്ടാവണം. അതിനോടൊപ്പം തൊഴിലാളികൾക്കുകൂടി സ്വീകാര്യമായ യന്ത്രവൽക്കരണവും വ്യാപകമായി നടപ്പിലാക്കണം. ഇന്നു കാർഷികവൃത്തി വളരെ വേഗം യന്ത്രവൽകരിക്കപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കൃഷിക്കാരും, തൊഴിലാളികളും ഒരു പോലെ യന്ത്രവൽക്കരണത്തെ സ്വാഗതം ചെയ്യുന്ന സ്ഥിതിയും ഉണ്ട്. ഇപ്പോൾ യന്ത്രവൽക്കരണത്തിനു വഴങ്ങാത്ത മേഖലകളിൽ കൂടി അനുയോജ്യമായ യന്ത്രങ്ങൾ കണ്ടെത്തണം. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, അവയുടെ കേടുപാടുകൾ തീർത്തു സംരക്ഷിക്കുന്നതിനും, ഫലപ്രദമായ സംഘടനാ സംവിധാനം ഉണ്ടാവണം. ഇക്കാര്യത്തിൽ തൊഴിലാളികളുടെ പങ്കാളിത്തവും, പരിശീലനവും ഉറപ്പാക്കണം.

(vi) നടീൽ വസ്തുക്കളുടെ ഗുണമേന്മയാണ് ഉൽപാദനത്തെയും, ഉൽപാദനവളർച്ചയെയും നിർണയിക്കുന്ന മറ്റൊരു ഘടകം. ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും, സീഡ്ഫാമുകളും, കൃഷിക്കാരും ഇതര ഏജൻസികളും ചേർന്നുള്ള സംയോജിത പ്രവർത്തനം ആവശ്യമാണ്. നടീൽ വസ്തുക്കളുടെ കാര്യത്തിൽ അടുത്ത കാലത്ത് ചെറിയ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഏറെ മെച്ചപ്പെടലിനു സാധ്യതയുള്ള ഒരു രംഗമാണിത്.

(vii) കേരളത്തിലെ ജലസേചന സംവിധാനത്തിന്റെ പോരായ്മ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വൻകിട ജലസേചനപദ്ധതികൾ കേര

ളത്തിന്റെ ഭൂപ്രകൃതിയ്ക്ക് ഇണങ്ങുന്നതല്ല എന്നു കണ്ടെത്താൻ വൈകി. കൃഷിഭൂമിയ്ക്കും വിള കൾക്കും ചേർന്ന ജലസേചന സംവിധാനമാണ് ഒരുക്കേണ്ടത്. കൃഷിക്കാരനേയും, കൃഷിഭൂമി യേയും കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ടു ജല സേചനവകുപ്പിന്റെ പ്രവർത്തനങ്ങൾ പുനഃസംഘ ടിപ്പിക്കണം. ചെറുകിട പദ്ധതികളും, പ്രിസിഷൻ ഫാമിംഗ് പോലുള്ള സംവിധാനങ്ങളും പ്രോൽസാഹനം അർഹിക്കുന്നു.

(viii) മണ്ണറിഞ്ഞുള്ള കൃഷിയാണു നന്നാവു ക. മണ്ണുപരിശോധനയ്ക്കുള്ള സംവിധാനം അടുത്ത കാലത്ത് സംസ്ഥാനത്ത് കൂടുതൽ ശക്ത മായിട്ടുണ്ട്. മണ്ണു പരിശോധനയുടെ ഫലങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടുവേണം വിളയും, വളവും മറ്റു പരിപാലനക്രമങ്ങളും തെരഞ്ഞെടു ക്കാൻ. ഇക്കാര്യത്തിൽ മുൻകൈയ്യെടുക്കാൻ ബന്ധ പ്പെട്ട വകുപ്പുകളും കൃഷിക്കാരുടെ സംഘടനകളും തയ്യാറാവണം.

(ix) ശാസ്ത്രീയമായ കൃഷിരീതികളും, നാട്ടറിവുകളും പുതിയ തലമുറയിലെ കൃഷി ക്കാർക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഫല പ്രദമാകുന്നില്ല എന്ന പരാതി നിലവിലുണ്ട്. പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട ഭരണച്ചുമത ലകളുടെ ബാഹുല്യം കാരണം കൃഷി ഉദ്യോഗ സ്ഥൻമാർക്കു എക്സ്റ്റെൻഷൻ ജോലിയിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാത്ത നിലയുണ്ട്. കൃഷിവിദഗ്ധരുടെയും കാർഷികസർവ്വകലാശാ ലയുടെയും പ്രാഥമിക ചുമതലകളിൽ ഒന്ന് കൃഷി വിജ്ഞാനീയത്തിന്റെ പാഠങ്ങൾ കൃഷിക്കാരി ലേക്കു എത്തിക്കുക എന്നതാണ്. ഭരണപരമായ ക്രമീകരണങ്ങളിലൂടെ ഇതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തിയേ മതിയാവൂ.

(x) നെല്ലിന്റെയും, പച്ചക്കറിയുടെയും, പാലി ന്റെയും മറ്റും കാര്യത്തിൽ സമീപകാലത്ത് കേര ളത്തിൽ ഉണ്ടായ ഉൽപാദനവർദ്ധനവിന്റെ ഒരു കാരണം കൃഷിക്കാർക്ക് ആദായവില ലഭിക്കാൻ സർക്കാർ കമ്പോളത്തിൽ ഇറങ്ങി നടത്തിയ ഇട പെടലുകളാണ്. പൊതുവിലക്കയറ്റം കണക്കിലെ ടുത്ത് ഓരോ സീസണിലും നെല്ലിന്റെ സംഭരണ വില ഉയർത്തുകയും, സംഭരണം കാര്യക്ഷമമാ ക്കുകയും ചെയ്ത നടപടി കൃഷിക്കാർ നിറഞ്ഞ മനസ്സോടെ അംഗീകരിച്ചിട്ടുള്ളതാണ്. കേരള ത്തിലെ നെൽവയലുകൾക്ക് പുതുജീവൻ നൽകിയ ഈ നടപടി അവശേഷിക്കുന്ന കുറ്റങ്ങ ളും, കുറവുകളും തീർത്ത് ശക്തിപ്പെടുത്തേണ്ട താണ്. നെല്ലിന്റെ സംഭരണം പ്രധാന ഉൽപാദന കേന്ദ്രങ്ങളിൽ ഒതുക്കി നിർത്താതെ എല്ലാ ജില്ല കളിലേക്കും സഹകരണസംഘങ്ങൾ വഴി വ്യാപി പ്പിക്കാൻ സർക്കാർ എടുത്ത തീരുമാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നട ക്കുന്ന കർഷകച്ചന്തകൾ കൂടുതൽ സ്ഥലങ്ങളി ലേക്ക് വ്യാപിപ്പിക്കണം.

(xi)കാർഷിക വിളകൾക്കുള്ള ഇൻഷുറൻസ് പദ്ധതികൾ ഇപ്പോഴും രാജ്യത്ത് അതിന്റെ ശൈശവ ദശ പിന്നിട്ടിട്ടില്ല. വിള നാശത്തിന്റെ അനിശ്ചിതത്വം കൃഷിചെലവിലെ വർധനവ് കാലാവസ്ഥാ വ്യതിയാനം പുതിയ ഇനങ്ങളുടെ രോഗാതുരത എന്നിവ വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇൻഷുറൻസ് സംരംക്ഷണം കൂടുതൽ പ്രധാനമാണ്. ഇൻഷുറൻസ് സംരക്ഷ ണവും മറ്റു നഷ്ടപരിഹാര പരിപാടികളും കാര്യക്ഷമമാക്കാൻ സർക്കാർ കൈകൊണ്ട നട പടികൾ സ്വാഗതാർഹമാണ്. എന്നാൽ ഈ പദ്ധ തികൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള സാധ്യത ഉണ്ട്. ഇൻഷുറൻസ് കമ്പനികളെ കേരളത്തിലെ വിളകളുടെ പ്രത്യേകതകൾക്കനുസരിച്ച് അവരുടെ ഇൻഷുറൻസ് പരിപാടികൾ വികസി പ്പിക്കാൻ പ്രേരിപ്പിക്കണം. കൂടാതെ സർക്കാരിന്റെ നഷ്ട പരിഹാര പദ്ധതികളും കൂടുതൽ മെച്ചപ്പെ ടുത്തണം.

(xii) കേരളത്തിലെ തനതു നെല്ലിനങ്ങ ളിൽ പലതും കൃഷി ചെയ്യാതാവുകയും അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രചാരത്തിലുള്ളതും അല്ലാത്തതുമായ നെല്ലിന ങ്ങളെ സംരക്ഷിക്കുന്നതിനു കഴിയണം. ജീരക ശാല, ഗന്ധകശാല തുടങ്ങിയ ഇനങ്ങൾ കൃഷി ചെയ്ത് സംരക്ഷിക്കണം. ഈ വിത്തിനങ്ങൾ കൃഷി ചെയ്ത് സംരക്ഷിക്കുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരവും സംരക്ഷണവും നൽകണം

xiii) കേരളത്തിൽ ജൈവ കൃഷിക്കുള്ള സാധ്യതകൾ ഇപ്പോൾ വ്യാപകമായി തിരിച്ചറി യപ്പെടുന്നുണ്ട്. ഇപ്പോൾ ശൈശവ ദശയിലുള്ള ജൈവകൃഷി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി വളർത്താൻ സർക്കാർ ശക്തമായ സഹായം നൽകണം. ജൈവകൃഷിയിലേക്കുള്ള പരിവർത്ത

നത്തിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം നികത്തികൊടുക്കാൻ പദ്ധതിയുണ്ടാവണം. ജൈവകൃഷി സമ്പ്രദായങ്ങളും പ്രയോഗങ്ങളും വികസിപ്പിക്കാനും, പ്രചരിപ്പിക്കാനും സർക്കാർ വകുപ്പുകളും, സർവ്വകലാശാലയും മുന്നിട്ടിറങ്ങണം. ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള അസൗകര്യങ്ങൾ നീക്കണം .

(xiv) നവഉദാരവൽക്കരണനയങ്ങളുടെ വരവോടെ കൃഷിക്കു ലഭിച്ചിരുന്ന മുൻഗണനാ വായ്പകൾ വെട്ടിക്കുറയ്ക്കപ്പെട്ടതിനെക്കുറിച്ചും, വായ്പാവ്യവസ്ഥകളിലെ പ്രത്യേക പരിഗണനകൾ അപ്രത്യക്ഷമായതിനേക്കുറിച്ചും നേരത്തെ സൂചിപ്പിച്ചല്ലോ. ഈ മാറ്റം കാരണം കൃഷിക്കാർ കൊള്ളപ്പലിശ ഈടാക്കുന്ന സ്വകാര്യ ഏജൻസികളെ സമീപിക്കുന്നതാണ് ഈ രംഗത്തെ കടക്കെണിക്കു കാരണം. കാർഷിക മേഖല അർഹിക്കുന്ന പരിഗണന വായ്പാമേഖലയിൽ ലഭ്യമാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. സഹകരണപ്രസ്ഥാനം ഈ മേഖലയിൽ കൂടുതൽ സമർപ്പണ മനോഭാവത്തോടുകൂടിയ ഇടപെടൽ നടത്തണം. കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പലിശരഹിത വായ്പകളുടെ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കണം. കേരളത്തിലെ കടാശ്വാസനിയമം ഇന്ത്യയ്ക്കാകെ മാതൃകയായതും കേന്ദ്രസർക്കാർ ഈ പദ്ധതി ഏറ്റെടുക്കാൻ തയ്യാറായതും അഭിമാനകരമാണ്.

(xv) കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും ക്ഷേമവും, സുരക്ഷയുമാണ് സർക്കാരിന്റെ ശ്രദ്ധ കൂടുതലായി പതിയേണ്ട മറ്റൊരു കാര്യം. ഇദംപ്രഥമമായി കർഷകത്തൊഴിലാളി പെൻഷനും, കർഷക പെൻഷനും മറ്റും ഏർപ്പെടുത്തിയ കേരളം ഇക്കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണ്. എന്നാൽ ക്ഷേമനിധിയും പെൻഷൻ പദ്ധതികളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. അനർഹരെ അംഗത്വത്തിൽ നിന്നും ഒഴിവാക്കുകയും അർഹതയുള്ളവർക്കു കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുകയും വേണം.

(xvi) രാഷ്ട്രീയ കൃഷിവികാസ് യോജന, ഗ്രാമീണതൊഴിൽദാനപദ്ധതി, വിവിധ നീർത്തട വികസനപദ്ധതികൾ എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം ഏറ്റവും കൂടുതൽ ലഭ്യമാക്കാവുന്ന രംഗമാണ് കാർഷിക മേഖല. കേന്ദ്രവും സംസ്ഥാനവും ചേർന്നു നടപ്പിലാക്കേണ്ട ഇത്തരം പദ്ധതികളുടെ ഗണത്തിലാണ് കുട്ടനാട്-ഇടുക്കി വികസന പദ്ധതികളും പെടുക. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യത്തിൽ സമീപകാലത്ത് സംസ്ഥാനത്തുണ്ടായ പുരോഗതി കേന്ദ്രത്തിന്റെ പോലും പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തിയോടെയുള്ള പ്രവർത്തനം ആവശ്യമാണ്. കേരളത്തിന് ഒരു തരത്തിലും യോജിക്കാത്ത കേന്ദ്ര നിബന്ധനകൾ മാറ്റിയെടുക്കുന്നതിനു കൂട്ടായ പരിശ്രമം ഉണ്ടാവണം.

(xvii) കൃഷിയുടെ മാഹാത്മ്യം പുനഃസ്ഥാപിക്കുന്നതിനു സാംസ്കാരികരംഗത്തും ഫലപ്രദമായ ഇടപെടൽ ഉണ്ടാവണം. കൃഷി സ്കൂളിലും കോളേജിലും പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും കഴിയണം.

### പുരയിടകൃഷി

കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രത്യേകതയാണ് ദീർഘകാല-ഹ്രസ്വകാല വിളകൾ, കോഴി, പശു, മത്സ്യം തുടങ്ങിയ കൃഷി അനുബന്ധമേഖലകൾ, ജൈവവള ഉല്പാദന പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിക്കപ്പെടുന്ന പുരയിട കൃഷി സമ്പ്രദായം. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യവും ഒരു നിശ്ചിത ഭൂമിയിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയുന്ന ഈ സമ്പ്രദായം നിലവിൽ ഗുരുതരമായ പ്രതിസന്ധിയിലാണ്. തെങ്ങ് പ്രധാന വിളയായും മറ്റു ഇടവിള-സമ്മിശ്രകൃഷികളുമായിരുന്നു നമ്മുടെ പുരയിട കൃഷിയുടെ അടിസ്ഥാനം. എന്നാൽ തെങ്ങിനെ ബാധിച്ചിരിക്കുന്ന കാറ്റുവീഴ്ച, മണ്ഡരിപോലുള്ള രോഗങ്ങൾ, കുറഞ്ഞ ഉൽപാദന ക്ഷമത, വിലകളിലെ അനിശ്ചിതത്വം, തൊഴിലാളികളുടെ ലഭ്യത കുറവ് എന്നിവ തെങ്ങുകൃഷിയിൽ നിന്ന് കൃഷിക്കാരെ അകറ്റുന്നതിന് കാരണമായിട്ടുണ്ട്. റബ്ബർകൃഷി വലിയ രീതിയിൽ നമ്മുടെ പുരയിടകൃഷി മേഖലയിൽ കടന്നുവന്നിട്ടുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഇത് നമ്മുടെ ആവാസ വ്യവസ്ഥയിലും, ജലലഭ്യതയിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ പഠനവിധേയമാക്കേണ്ടതാണ്. റബ്ബർ കൃഷിയിൽ ഇടവിള

കൃഷികൾ ചെയ്യുന്നതിനുള്ള പരിമിതി ഭക്ഷ്യവിളകളുടെ ഉല്പാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്നു. പുരയിടകൃഷി നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി ഇടവിള കൃഷികളുടെ കുറഞ്ഞ ഉല്പാദനക്ഷമതയാണ്.

മുൻകാലങ്ങളെപോലെ തെങ്ങു കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പുരയിട കൃഷി സമ്പ്രദായമായിരിക്കും നമുക്കു അനുയോജ്യം. പുരയിട കൃഷിയുടെ ഭാഗമായി നിൽക്കുന്ന തെങ്ങിന്റെയും ഇടവിളകൃഷികളുടെയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ചെറിയ കൃഷിയിടങ്ങളിലാണ് പുരയിടകൃഷി ചെയ്തുവരുന്നത് എന്നതുകൊണ്ടു തന്നെ കർഷകരുടെ കൂട്ടായപ്രവർത്തനം ഈ മേഖലയിൽ അനിവാര്യമാണ്. അതോടൊപ്പം തന്നെ കൃഷി അനുബന്ധമേഖലകളുമായി ബന്ധിപ്പിക്കേണ്ടതിന്റെ പ്രധാന്യവും വലുതാണ്. നെൽകൃഷി മേഖലയിലെപോലെ കർഷക-കർഷകതൊഴിലാളി കൂട്ടായ്മകൾ പുരയിട കൃഷി മേഖലയിലും ഉണ്ടാകണം.

നൂതനമായ സാങ്കേതിക വിവരങ്ങൾ കൃഷിക്കാരിൽ എത്തിച്ചുകൊണ്ടുമാത്രമേ പുരയിടകൃഷി മേഖലയിലെ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വിവിധ ഏജൻസികളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് വിജ്ഞാപനവ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെ വിജ്ഞാപനവ്യാപന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം. ഗുണമേന്മയുള്ള ഉല്പാദന ഉപാധികൾ കൃത്യസമയത്തു കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. നമ്മുടെ പ്രധാന വിളകളുടെ വില ദേശീയ നയങ്ങളുമായി ബന്ധപ്പെട്ടാണ് നിർണ്ണയിക്കപ്പെടുന്നത്. ഇതു പലപ്പോഴും വിലയിൽ വലിയ വ്യതിയാനങ്ങൾക്ക് കാരണമാകുന്നു. ഇത്തരം വിലവിത്യാസങ്ങളിൽ നിന്നും കർഷകരെ സംരക്ഷിച്ചുകൊണ്ട് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്ക് വഹിക്കുവാൻ കഴിയുന്ന കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി, ഫലവൃക്ഷങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ബോധപൂർവ്വം ശ്രമിക്കണം. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശ്രമഫലമായി പച്ചക്കറി-ഫലവൃക്ഷകൃഷി എന്നീ മേഖലകളിൽ വനിതകളുടെ ഇടപെടൽ നല്ല രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ഈ രംഗത്തേയ്ക്ക് സ്ത്രീകൾ കൂടുതൽ കടന്നുവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകണം. അതോടൊപ്പംതന്നെ വനിതകൾക്ക് കൂടുതൽ വരുമാന സാദ്ധ്യതയുള്ള കൂൺകൃഷി, പുഷ്പകൃഷി എന്നിവയുടെ വ്യാപനം ശക്തിപ്പെടുത്തണം. ഗുണമേന്മയുള്ള ഉൽപാദന ഉപാധികൾ, സാങ്കേതിക വിവരം, കൃത്യമായ വിപണന സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കണം. പുരയിട കൃഷി രംഗത്ത് ഔഷധ കൃഷി സാദ്ധ്യതകൾ പരിശോധിക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും വേണം

**തോട്ടവിളകൾ**

സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങളുടെ, വിശേഷിച്ചും അതിന്റെ മൂർത്ത രൂപമായ നവ-ആഗോളവൽക്കരണ നയങ്ങളുടെ വിപരീത പ്രത്യാഘാതം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് വാണിജ്യവിളകളുടെ മേഖലയിലാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭ വർഷങ്ങളിലുണ്ടായ വിലയിടിവിന്റെ ആഘാതം വാണിജ്യ വിളകളെയാണെല്ലൊ കൂടുതൽ ബാധിച്ചത്. അന്നത്തെ വിലയിടിവിന്റെ ഫലമായുണ്ടായ ക്ഷീണത്തിന്റെ ഫലമായി ഏറെ വർഷങ്ങൾക്കു ശേഷവും, വിലകൾ മെച്ചപ്പെട്ടതിനു ശേഷവും ഈ വിളകളുടെ ഭൗതിക ഉൽപാദനത്തിൽ കുറവുണ്ടാവുന്നതിനെ കുറിച്ച് നേരത്തെ സൂചിപ്പിച്ചല്ലോ. സമീപകാലത്ത് കേരളത്തിലെ കാർഷികോൽപാദനം നേരിട്ട തിരിച്ചടിക്ക് കാരണവും വൈകി അനുഭവപ്പെടുന്ന (lagged) ഈ പ്രത്യാഘാതമാണ്. വാണിജ്യവിളകൾ ഏറിയകൂറും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിലാണ് ഉള്ളതെങ്കിലും ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ സംസ്ഥാന സർക്കാരിനും ഉദാസീന ഭാവം സ്വീകരിക്കാനാവില്ല.

സാമ്പത്തിക പരിഷ്കരണങ്ങളുടെ ഭാഗമായി തോട്ടവിളകൾ ഏതാണ്ട് പൂർണമായും കമ്പോളത്തിന്റെ സമ്പൂർണ നിയന്ത്രണത്തിൻ കീഴിലേക്കു മാറ്റപ്പെട്ടിരിക്കുകയാണ്. കയറ്റിറക്കുമതി നിയന്ത്രണങ്ങൾ ഏതാണ്ട് പൂർണ്ണമായി നീക്കം ചെയ്തിരിക്കുന്നു. ആഭ്യന്തരവിപണിയിൽ ഭരണകൂടം ഇട

പെടുന്ന കീഴ്‌വഴക്കവും അവസാനിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ഇന്ത്യയുടെ തോട്ടവിളവിപണി ഇപ്പോൾ ഏതാണ്ട് പൂർണ്ണമായും അവയുടെ ആഗോളവിപണിയുമായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയാണ്. ചുരുക്കത്തിൽ സാർവ്വദേശീയ വിപണിയിലെ ഉയർച്ച-താഴ്ചകൾ അപ്പോൾതന്നെ ഇന്ത്യയിലും, കേരളത്തിലും പ്രതിഫലിക്കും എന്ന് സാരം.

തോട്ടവിളകളുടെ സാർവ്വദേശീയ വിപണിയിലെ വിലകൾ നിലയില്ലാത്ത ഉയർച്ച-താഴ്ച്ചകൾക്കു കുപ്രസിദ്ധമാണ്. ഈ ഉയർച്ച-താഴ്ച്ചകൾ കർഷകരുടെയും, തൊഴിലാളികളുടെയും, ആശ്രിത ജനവിഭാഗങ്ങളുടെയും ജീവനോപാധിയേയും ജീവിതത്തെ തന്നെയും തത്തുല്ല്യമായ കയറ്റിറക്കങ്ങൾക്കു വിധേയമാക്കും എന്നത് ചരിത്രപാഠമാണ് ഈ രംഗത്ത് കൂടുതൽ ഇടപെടലുകളും, നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ മുൻപ് സർക്കാരുകളെ പ്രേരിപ്പിച്ചിരുന്നത്. ഇപ്പോൾ അത്തരം നിയന്ത്രണങ്ങളാണ് ഇല്ലാതായിരിക്കുന്നത്. ഈ നയംമാറ്റത്തിന്റെ ദൂഷ്യവശം അനുഭവപ്പെടുക ലോകവിപണിയിൽ വിലത്തകർച്ച ഉണ്ടാവുമ്പോഴാണ്. ഇത്തരം വിലത്തകർച്ചയിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ ഇറക്കുമതി നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം ഇപ്പോൾ ഇന്ത്യയിലെ സർക്കാരിനു ഇല്ല എന്നതാണ് സത്യം. സ്വതന്ത്ര വ്യാപാരക്കരാറുകൾ അത്തരം അധികാരങ്ങൾ ഇല്ലാതാക്കിയിരിക്കുന്നു. ആകെ അവശേഷിക്കുന്നത് വിലത്തകർച്ചയുടെ ഘട്ടത്തിൽ പ്രത്യേക സേഫ്ഗാർഡ് ഡ്യൂട്ടി ഏർപെടുത്താനുള്ള അവകാശമാണ്. അതുകൊണ്ട് തോട്ടവിളകളുടെ കാര്യത്തിൽ ആദ്യം വേണ്ടത് സേഫ്ഗാർഡ് ഡ്യൂട്ടി ഏർപെടുത്താനുള്ള അധികാരം സംരക്ഷിക്കുകയും, സാർവ്വദേശീയ-ഉഭയകക്ഷി കരാറുകൾ പുനർചർച്ചയ്ക്കു വിധേയമാക്കുകയുമാണ്.

സ്വതന്ത്രവ്യാപരക്കരാറുകൾ ന്യായീകരിക്കപ്പെടുന്നത് അവ ഇന്ത്യയുടെ വ്യവസായമേഖലയ്ക്കു പുതിയ വിപണിസൗകര്യം തുറന്നുതരും എന്ന പേരിലാണ്. എന്നാൽ ഇതിന്റെ പ്രതികൂല പ്രത്യാഘാതം നേരിടുന്ന കാർഷികമേഖലയോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവുന്നില്ല. ഇക്കാര്യത്തിൽ കേന്ദ്രം അടിയന്തിരമായി ചെയ്യേണ്ടത് കുറ്റമറ്റ വിലസ്ഥിരതാ സംവിധാനം ഏർപെടുത്തുകയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കമ്മോഡിറ്റി ബോർഡുകൾക്ക് ഇക്കാര്യത്തിൽ ശക്തമായി ഇടപെടാൻ കഴിയും.

വാണിജ്യ വിളകളെ ആഗോളമൽസരത്തിന് തുറന്നുകൊടുക്കുന്നതിനോടൊപ്പം അവയെ അത്തരം മൽസരത്തിന് തയ്യാറെടുക്കാൻ സഹായിക്കുന്നില്ല എന്ന പരാതിയുണ്ട്. ഉദാഹരണത്തിന് മിക്ക തോട്ടവിളകളും ഏറെ പ്രായം ചെന്ന മരങ്ങളും/ചെടികളും സമയത്തിന് റീപ്ലാന്റു / പുനർകൃഷി ചെയ്യാത്തതിൻെറ പ്രശ്നം നേരിടുന്നുണ്ട്. തോട്ടങ്ങളുമായി ബന്ധപ്പെട്ട ഇത്തരം നവീകരണപ്രവർത്തനങ്ങൾ വലിയ നിക്ഷേപം ആവശ്യപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ സബ്സിഡിയും, ഉദാരമായ വായ്പകളും ലഭ്യമാക്കി കൃഷിക്കാരെ സഹായിക്കാനുള്ള ബാദ്ധ്യത കേന്ദ്ര സർക്കാരിനുണ്ട്. കേരളത്തിലെ തോട്ടമുടമകളിൽ സിംഹഭാഗവും ചെറുകിടക്കാരാണെന്ന കാര്യവും ഇവിടെ പരിഗണിക്കപ്പെടണം.

ആഗോളമത്സരത്തിൽ വിജയിക്കാൻ വേണ്ട മറ്റൊരു കാര്യം ശാസ്ത്ര-സാങ്കേതിക വിജ്ഞാനത്തിന്റെ സൃഷ്ടിയും വ്യാപനവുമാണ്. ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത് റബ്ബർ പോലുള്ള ചില വിളകളുടെ കാര്യത്തിൽ മാത്രമാണ്. എല്ലാ വാണിജ്യവിളകൾക്കും ഈ സേവനങ്ങൾ ലഭ്യമാക്കണം.

അന്തിമ ഉൽപന്നത്തിന് ഉപഭോക്താക്കൾ നൽകേണ്ടിവരുന്ന വിലയുടെ ഒരംശം മാത്രമേ കൃഷിക്കാർക്കു ലഭ്യമാകുന്നുള്ളു എന്ന പ്രശ്നം തോട്ടംമേഖലയിൽ രൂക്ഷമാണ്. ഈ മേഖലയിലെ മൂല്യചങ്ങലയുടെ സംവിധാനം അത്രമാത്രം അസമമാണ്. ഇത് പുനഃക്രമീകരിക്കുന്നതിനുള്ള വിവധതരം ഇടപെടലുകൾ ആവശ്യമാണ്. ഈ ഉൽപന്നങ്ങളുടെ വിലനിർണയ രീതികൾ സൂക്ഷ്മമായ പഠനത്തിനും പരിഷ്ക്കാരത്തിനും വിധേയമാക്കണം.

തോട്ടവിളകളുടെ മേഖലയിലും തൊഴിലാളികളുടെ ക്ഷാമം ഇപ്പോൾ രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഈ തൊഴിൽമേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കണമെങ്കിൽ കൂലിയിലും മറ്റു ആനുകൂല്യങ്ങളിലും, സാമൂഹ്യക്ഷേമ നടപടികളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവന്നെ മതിയാവൂ. അതോടൊപ്പം അനു

യോജ്യമായ യന്ത്രവൽക്കരണ പരിപാടികളും ഊർജിതമായി നടപ്പിലാക്കണം. പ്രതിസന്ധിവരുമ്പോൾ തൊഴിലാളികളെ അനാഥരാക്കിയും അവരുടെ ആനുകൂല്യങ്ങൾ നിഷേധിച്ചും കുടിശ്ശികകൾ പോലും നൽകാതെയും തോട്ടമുടമകൾ അപ്രത്യക്ഷരായ അനുഭവം ഈ മേഖലയിൽ ഉണ്ട്. നിയമപരമായി തൊഴിലാളികൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവാൻ പാടില്ല. നിലവിലുള്ള സർക്കാരിന്റെ കാലത്ത് പൂട്ടിയിട്ട തോട്ടങ്ങൾ തുറക്കാനും തൊഴിലാളികൾക്ക് ആശ്വാസം പകരാനും സംസ്ഥാനം സ്വീകരിച്ച നടപടികൾ മാതൃകാപരമാണ്.

കേരളത്തിലെ തോട്ടംമേഖലയിലെ അർഹതയുള്ള കൃഷിക്കാർക്കു കൈവശാവകാശരേഖകളും, പട്ടയവും മറ്റും ലഭ്യമാവാത്തതു കൃഷിയെ തടസ്സപ്പെടുത്തുന്ന ഘടകമാണ്. വായ്പയും, സബ്സിഡിയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കിട്ടാനും ഇത് തടസ്സമാകുന്നുണ്ട്. അർഹതയുള്ള കൃഷിക്കാർക്കു പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. •

# അധ്യായം
# 3

## വ്യവസായം

3.1 വ്യവസായ പിന്നാക്കാവസ്ഥയും ഇടതുപക്ഷബദൽ സമീപനവും

3.2 പരമ്പരാഗത വ്യവസായ സംരക്ഷണം

33 പൊതുമേഖല സ്ഥാപനങ്ങളുടെ വികസനം

3.4 പുതിയ വളർച്ചാമേഖലകൾ

3.5 മാനവവിഭവശേഷിയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും

3.6 വാണിജ്യമേഖല

# വ്യവസായ വികസനം

### 3.1 വ്യവസായ പിന്നാക്കാവസ്ഥയും ഇടതുപക്ഷബദൽ സമീപനവും

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ ഏറ്റവും ദുർബലമായ കണ്ണി വ്യാവസായിക പിന്നാക്കാവസ്ഥയാണ് എന്നാണ് ഒന്നും രണ്ടും കേരളപഠന കോൺഗ്രസുകൾ വിലയിരുത്തിയത്. മൂന്നാം കേരള പഠന കോൺഗ്രസ് നടക്കുമ്പോൾ ഈ സ്ഥിതിയിൽ ശുഭോദാർക്കമായ മാറ്റം പ്രകടമാണ്.

1960–61 മുതൽ 1965–66 വരെ 4.37 ശതമാനമായിരുന്നു വ്യാവസായിക ഉൽപാദന വളർച്ചാനിരക്ക്. തുടർന്നുള്ള ആറ് വർഷം ഇത് 9.37 ശതമാനമായി വർധിച്ചു. എന്നാൽ 1973–74 മുതൽ 1986–87 വരെയുള്ള വർഷങ്ങളിൽ ഇത് 2.64 ശതമാനമായി കുറ ഞ്ഞു. 1987–88 മുതൽ 2008–09 വരെയുള്ള കാലയളവിൽ വാർഷിക വർധനവ്—ശതമാനമായി ഉയർന്നു. സമീപകാലത്താകട്ടെ വ്യവസായ പുരോഗതി കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. 2004–05/ 2008 – 09 വർഷങ്ങളിൽ വ്യവസായ മേഖല 8.11 ശതമാനം വീതമാണ് വളർച്ച രേഖപ്പെടുത്തിയത്. പക്ഷേ, സേവനമേഖലയെക്കാൾ താഴ്ന്ന വളർച്ചയാണ് വ്യവസായ മേഖലയിലുളളത്. സേവന മേഖല ഈ കാലയളവിൽ പ്രതിവർഷം 12.6 ശതമാനം വീതം വളരുകയുണ്ടായി.

മാത്രവുമല്ല, ദേശീയവരുമാനത്തിൽ വ്യവസായഉൽപാദനത്തിന്റെ വിഹിതം 16.1 ശതമാനം വരുമ്പോൾ കേരളത്തിലേത് 7.8 ശതമാനമേ വരൂ. കേരളത്തിലെ ആഭ്യന്തരവരുമാനം ദേശീയ വരുമാനത്തിന്റെ 4.18 ശതമാനം വരുമ്പോൾ ദേശീയ വ്യവസായോൽപാദനത്തിൽ കേരളത്തിന്റെ വിഹിതം 2.02 ശതമാനം മാത്രമേ വരൂ.

കേരളത്തിലെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ വേരുകൾ ഭൂതകാലത്തുനിന്ന് തേടി തുടങ്ങണം. ബ്രിട്ടീഷ് ഭരണം കേരളത്തെ അസംസ്കൃത വിഭവങ്ങളുടെ ഒരു കയറ്റുമതി പ്രദേശമായി രൂപാന്തരപ്പെടുത്തി. എങ്കിലും സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പുള്ള രണ്ടു പതിറ്റാണ്ടുകളിലായി ചില ആധുനികവ്യവസായ ശാലകൾ തിരുവിതാംകൂർ പ്രദേശത്ത് വളർന്നുവന്നു. എന്നാൽ സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ഈ പ്രവണത ദുർബലമായി. അറുപതുകളുടെ മധ്യം വരെ കാര്യമായി പുതിയ ആധുനിക വ്യവസായ ശാലകളൊന്നും തന്നെ കേരളത്തിൽ തുറക്കപ്പെട്ടിട്ടില്ല. കേരളത്തിലെ സാമൂഹ്യ സാമ്പത്തികഘടനയിലെ സവിശേഷ ദൗർബല്യങ്ങൾ സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിൽ പൊതുവായുണ്ടായ പരിമിതമായ നേട്ടങ്ങളിൽപോലും പങ്കാളികളാകുന്നതിൽ നിന്ന് നമ്മെ തടസപ്പെടുത്തി. ഏതായാലും ഇത് കേരളത്തിന്റെ വ്യവസായ പിന്നാക്കാവസ്ഥയെ കൂടുതൽ രൂക്ഷമാക്കി. എങ്കിലും അറുപതുകളിൽ വ്യവസായവൽക്കരണത്തിനായി നടത്തിയ തീവ്രയത്നങ്ങൾ കുറച്ചൊക്കെ ഫലമുളവാക്കുകയുണ്ടായി.

വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമിയുടെ ദൗർലഭ്യം, ചെലവുകുറഞ്ഞതും ഗുണമേന്മയുള്ളതുമായ വൈദ്യുതി

തുടർച്ചയായി നൽകുന്നതിനുള്ള പോരായ്മകൾ, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, റോഡുകൾ, റെയിൽവെ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത ഇവയൊക്കെ നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ചയ്ക്കും പുതിയ വ്യവസായങ്ങളെ ആകർഷിക്കുന്നതിനും തടസ്സമായി. വിഭവദാരിദ്ര്യം മൂലം സംസ്ഥാനസർക്കാരിന് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കഴിയുന്നില്ല. ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് സ്വകാര്യമേഖലയിലെ മൂലധനത്തെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

കേരളത്തിലെ കേന്ദ്ര നിക്ഷേപത്തിന്റെ വിഹിതം എക്കാലവും കുറവായിരുന്നു. ജനസംഖ്യാനുപാതികമായ നിക്ഷേപം കേന്ദ്രഗവൺമെന്റ് ഒരിക്കലും കേരളത്തിൽ നടത്തിയിട്ടില്ല. വിരലിലെണ്ണാവുന്ന കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾ മാത്രമാണ് കേരളത്തിന് ലഭിച്ചിരുന്നത്. 1970ൽ കേന്ദ്രനിക്ഷേപത്തിന്റെ 3.1 ശതമാനമായിരുന്നു കേരളത്തിലുണ്ടായിരുന്നതെങ്കിൽ 1980ൽ അത് 2.3 ശതമാനമായും 1990–ൽ 1.5 ശതമാനമായും 1995 ൽ 1.2 ശതമാനമായും കുറഞ്ഞു. ഇപ്പോഴത് 2.6 ശതമാനമായിട്ടുണ്ട്.

ജനസംഖ്യാനുപാതികമായോ, നിക്ഷേപത്തിന്റെ തോതനുസരിച്ചോ കണക്കുകൂട്ടിയാൽ ഇതു വളരെ കുറവാണെന്നു കാണാം. ഐ.ഡി.ബി.ഐ, ഐ.എഫ്.സി.ഐ, ഐ.സി.ഐ.സി.ഐ, സിഡ്ബി എന്നീ ധനകാര്യസ്ഥാപനങ്ങൾ കേരളത്തിലെ വ്യവസായമേഖലയ്ക്ക് നൽകിയ വായ്പയും ജനസംഖ്യാനുപാതികമായി തീരെ കുറവായിരുന്നു. ഈ സ്ഥാപനങ്ങൾ നൽകിയ മൊത്തം വായ്പയിൽ കേരളത്തിനു ലഭിച്ചത് 1997–08ൽ 1.5 ശതമാനം മാത്രമായിരുന്നു. കേരളത്തിലെ ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപവായ്പ നിരക്ക് 40–50 ശതമാനത്തിൽ താഴെയായിരുന്നു.

തൊഴിൽപ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, ഊർജപ്രധാനമായ രാസവ്യവസായങ്ങൾ എന്നീ രണ്ടു മേഖലകളിലായിരുന്നു കേരളത്തിന്റെ ഊന്നൽ. വ്യവസായ വളർച്ചയ്ക്കായി നാം തിരഞ്ഞെടുത്ത പാത വഴിമുട്ടുകയാണ് എന്നു പറയാം. കേരളത്തിലെ വ്യവസായഘടനയുടെ ദൗർബല്യം പരിഹാരത്തെ കൂടുതൽ ദുർഘടമാക്കുന്നു.

പരമ്പരാഗത വ്യവസായങ്ങളെ പ്രത്യേകിച്ചും കാർഷിക പ്രധാനമായവയെ ആശ്രയിച്ചാണ് 19–ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ വ്യവസായവളർച്ച ഉണ്ടായത്. താഴെ വിശദീകരിക്കുന്നതുപോലെ തൊഴിൽ മേഖലയിലും സാങ്കേതികവിദ്യയിലും വിപണിയിലും വന്ന അടിസ്ഥാനപരമായ മാറ്റങ്ങൾ ഈ മേഖലയെ പ്രതിസന്ധിയിലാഴ്ത്തുകയും അതിന്റെ വളർച്ച മുരടിപ്പിക്കുകയും ചെയ്തു. ഈ വ്യവസായങ്ങളുടെ അടിസ്ഥാനമായ കുറഞ്ഞകൂലി എന്നന്നേയ്ക്കുമായി ഇല്ലാതായി. ഇവ പരമ്പരാഗതരീതിയിൽ തുടരാൻ കഴിയില്ല.

കേരളത്തിൽ വളർന്നുവന്ന ആധുനിക വ്യവസായങ്ങളിൽ നല്ലപങ്ക് ഊർജപ്രധാനമായ രാസ – മെറ്റൽ വ്യവസായങ്ങളായിരുന്നു. സുലഭവും ചെലവു കുറഞ്ഞതുമായ വൈദ്യുതിയാണ് ആദ്യകാലത്ത് പുറത്തുള്ള വ്യവസായികളെ കേരളത്തിലേയ്ക്ക് ആകർഷിച്ച പ്രധാനഘടകം. ഇടുക്കി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ഈയൊരു ധാരണ ശക്തിപ്പെടുകയും വൻതോതിൽ വൈദ്യുതി ആവശ്യമുള്ള പല വ്യവസായശാലകളും ഇവിടെ സ്ഥാപിക്കപ്പെടുകയും ചെയ്തു. ആവശ്യത്തിലധികം വൈദ്യുതി ഉൽപാദനശേഷിയുള്ള ഒരു സംസ്ഥാനമാണ് കേരളം എന്നൊരു മിഥ്യാധാരണ ഇന്നില്ല. അതോടൊപ്പം പരിഗണിക്കേണ്ട ഘടകമാണ് കേരളത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക അവബോധവും അത് അനിവാര്യമാക്കുന്ന കർശനമായ മലിനീകരണ നിയന്ത്രണങ്ങളും.

കേരളം വഴിമാറി ചിന്തിച്ചേ പറ്റൂ. വിദ്യാസമ്പന്നരായ ജനതയ്ക്ക് അനുയോജ്യമായ വ്യവസായങ്ങൾ വേണം. അവ ഉയർന്ന കൂലി നൽകാൻ പറ്റുന്ന മൂല്യവർധിത വ്യവസായങ്ങൾ ആയിരിക്കണം. മലീനീകരണം സൃഷ്ടിക്കാത്തവയായിരിക്കണം. തദ്ദേശീയ വിഭവങ്ങളെ മൂല്യവർധിത ഉൽപന്നങ്ങളാക്കാൻ സഹായിക്കുന്നവയായിരിക്കണം.

ഓരോ വ്യവസായത്തിനും ആവശ്യമായുള്ള അസംസ്കൃത വിഭവങ്ങൾ, വൈദ്യുതി, മൂലധനം തുടങ്ങിയവ വ്യത്യസ്തമായിരിക്കും. ഉൽപന്നങ്ങളുടെ വിപണന സാധ്യതകളിലും അന്തരമുണ്ടാ

കും. പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാവുന്ന തൊഴിലവസരങ്ങളിലും ഏറ്റക്കുറച്ചിലുണ്ടാകും. പാരിസ്ഥിതിക പ്രത്യാഘാതങ്ങളും വ്യത്യാസപ്പെട്ടിരിക്കും. ഇവയെല്ലാം സമഗ്രമായി കണക്കിലെടുത്ത് സാമ്പത്തിക വളർച്ച ഏറ്റവും സഹായിക്കുന്നതും ജനങ്ങളുടെ ക്ഷേമം ഏറ്റവും ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ ബോധപൂർവ്വം പ്രോൽസാഹിപ്പിക്കണം. ഇതിനെയാണ് അനുയോജ്യ വ്യവസായവൽക്കരണം എന്നു പറയുന്നത്.

ഏതെല്ലാമാണ് ഇത്തരം വ്യവസായങ്ങൾ? (1) വിവരസാങ്കേതിക വിദ്യ (ഐടി), ജൈവസാങ്കേതികവിദ്യ (ബിടി), നാനോ സാങ്കേതിക വിദ്യ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, (2) ടൂറിസം പോലുള്ള സേവനപ്രധാനമായ വ്യവസായങ്ങൾ, (3) ലഘു എഞ്ചിനീയറിംഗ് പോലുള്ള സാങ്കേതികവൈദഗ്ധ്യാധിഷ്ഠിതമായ വ്യവസായങ്ങൾ, (4) റബ്ബർ, കാർഷിക വിഭവങ്ങൾ, ധാതുമണൽ തുടങ്ങിയ വിഭവങ്ങളുടെ മൂല്യവർധിത വ്യവസായങ്ങൾ എന്നിവയാണ് അവ.

മുകളിൽ പറഞ്ഞവയല്ലാതെ മറ്റു വ്യവസായങ്ങൾ വേണ്ടെന്നോ നിരുത്സാഹപ്പെടുത്തണമെന്നോ അല്ല വാദം. എന്നു മാത്രമല്ല, ചില വ്യവസായങ്ങൾ നേരിട്ടു തൊഴിലുകൾ വലുതായി സൃഷ്ടിച്ചില്ലെങ്കിലും അനുബന്ധവ്യവസായങ്ങളിൽ വൻതോതിൽ തൊഴിൽ സൃഷ്ടിച്ചേക്കും. ഇത്തരം ഡൈനാമിക് പരിഗണനകൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇവയെല്ലാം മനസിൽ വെച്ചുകൊണ്ടു തന്നെ നമ്മുടെ വ്യവസായ പ്രോത്സാഹന തന്ത്രത്തിൽ ഊന്നേണ്ടുന്നത് നമുക്കു കൂടുതൽ അനുയോജ്യമായ മുകളിൽ സൂചിപ്പിച്ച മേഖലകളെയാണ്.

മുകളിൽ പറഞ്ഞ മേഖലകളിലേക്ക് വലിയ തോതിൽ സ്വകാര്യമൂലധനത്തെ ആകർഷിക്കുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്യുന്നതിനോടൊപ്പം നാലുകാര്യങ്ങളിൽ ഇടതുപക്ഷ ബദൽസമീപനം ഉറച്ചനിലപാടു സ്വീകരിക്കുന്നതാണ്.

ഒന്ന്, ലക്ഷക്കണക്കിനുപേർ തൊഴിലെടുക്കുന്ന പരമ്പരാഗത വ്യവസായമേഖലകളെ സംരക്ഷിക്കണം. വിദ്യാഭ്യാസവ്യാപനത്തിന്റെ ഫലമായി ഇത്തരം മേഖലകളിൽ നിന്ന് തൊഴിലെടുക്കുന്നവർ പിൻവാങ്ങുന്നതും ഈ മേഖലകൾ പൂർണമായും ആധുനികവത്കരിക്കപ്പെടുന്നതും അനിവാര്യമാണ്. പക്ഷേ, ഇന്ന് ഇവ ദരിദ്രരുടെ ഉപജീവനമേഖലകളാണ്. ഏറ്റവും ഫലപ്രദമായ ദാരിദ്ര്യനിർമ്മാർജന സമീപനം അവർ തൊഴിലെടുക്കുന്ന മേഖലകളെ സംരക്ഷിക്കുകയാണ്.

രണ്ട്, വൻകിട മൂലധനത്തെ ആകർഷിക്കാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധ നൽകണം. വൻകിട വ്യവസായങ്ങളുടെ അനുബന്ധമേഖലകളായിട്ടോ സ്വതന്ത്രമായ ക്ലസ്റ്ററുകളായോ ഇവ വളർത്തിയെടുക്കാം. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ സാധ്യതകളും പ്രയോജനപ്പെടുത്തണം.

മൂന്ന്, പൊതുമേഖലാ സ്വകാര്യവത്കരണം പാടെ തള്ളിക്കളയുന്നു. നിലവിലുള്ള പൊതുമേഖലയെ സംരക്ഷിച്ചു വികസിപ്പിക്കണം. ആവശ്യമെങ്കിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ സൃഷ്ടിക്കുകയും ചെയ്യണം.

നാല്, സ്വകാര്യമൂലധനം ആകർഷിക്കുന്നതിനുവേണ്ടി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനും സർക്കാർ മുൻകൈയെടുക്കണം. എന്നാൽ തൊഴിൽനിയമങ്ങളും പാരിസ്ഥിതിക നിയമങ്ങളും തൊഴിലുടമകൾ പാലിച്ചേപറ്റൂ. മറ്റു സംസ്ഥാനങ്ങളുമായി മത്സരിക്കാൻ ഈ നിയമങ്ങളിൽ ഇളവുകൾ നൽകാനാവില്ല.

**3.2 പരമ്പരാഗത വ്യവസായ സംരക്ഷണം**

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് കയർ, കൈത്തറി, ബീഡി, മൺപാത്ര നിർമ്മാണം, കശുവണ്ടി സംസ്ക്കരണം, കരകൗശലവേലകൾ എന്നിവയാണ്. ഈ വ്യവസായങ്ങളിലെ ഇടനിലക്കാരും കയറ്റുമതിക്കാരും ലാഭത്തിന്റെ ഭൂരിഭാഗവും കൈക്കലാക്കി ഉൽപാദകർക്കും തൊഴിലാളികൾക്കും കഷ്ടിച്ചു ജീവിക്കാനുള്ള വകമാത്രമാണ് നൽകിയിരുന്നത്. 1930കളോടെ കയർ, കശുവണ്ടി, ബീഡി, ഓട് വ്യവസായങ്ങളിൽ ഈ അനീതിക്കെതിരായ ശക്തമായ തൊഴിൽ സംഘടനകൾ രൂപീകരിക്കപ്പെട്ടു. വ്യവസായശാലകളടച്ചിട്ടും കയർ, ബീഡി, കൈത്തറി തുടങ്ങിയ മേഖലകളിലെ ഉൽപാദനം വികേന്ദ്രീകരിച്ചുമാണ് മുതലാളിമാർ തൊഴിലാളിയൂണിയനുകളെ നേരിട്ടത്. കശുവണ്ടി വ്യവസായം, കൈത്തറി, കയർ, ബീഡി നിർമ്മാണം എന്നി

വയിലാണ് മൊത്തം തൊഴിലാളികളുടെ 50 ശതമാനവും ജോലിയെടുക്കുന്നത്. ഇതിൽത്തന്നെ ഭൂരിഭാഗവും സ്ത്രീകളാണ്.

ഉൽപാദനത്തിലെ വികേന്ദ്രീകരണത്തിനെതിരെയും ഇടനിലക്കാരുടെ ചൂഷണത്തിനെതിരെയും നടന്ന സമരങ്ങളുടെ ഭാഗമായി കശുവണ്ടിപോലുള്ള ചില മേഖലകളിൽ വികേന്ദ്രീകരണം നിയമപരമായിത്തന്നെ തടയപ്പെട്ടു. അടച്ചുപൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുന്നതിനു കശുവണ്ടി വികസന കോർപ്പറേഷൻ രൂപീകരിച്ചു. മറ്റു മേഖലളിൽ സഹകരണ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ പുനഃസംഘടിപ്പിച്ചു. ഇതിന്റെ ഫലമായി 1960കളിൽ പരമ്പരാഗത വ്യവസായമേഖലയിൽ തൊഴിലെടുക്കുന്നവരുടെ വേതനത്തിലും ജീവിതനിലവാരത്തിലും പ്രകടമായ പുരോഗതി ഉണ്ടായി.

പരമ്പരാഗത വ്യവസായങ്ങൾ രണ്ട് തരത്തിലുള്ള സമ്മർദങ്ങളാണ് നേരിടുന്നത്; അസംസ്കൃതവസ്തുക്കളുടെ ക്ഷാമവും പകരം വെക്കാവുന്ന ഉൽപ്പന്നങ്ങളുടെ തള്ളിക്കയറ്റവും. മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകിക്കൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഇവ നൽകാത്ത സ്വകാര്യമേഖലയുമായി മൽസരിക്കാനായില്ല. നല്ല ഡിമാന്റുള്ള കയർ, കശുവണ്ടി മേഖലകൾ പോലും ഇതുമൂലം പ്രതിസന്ധിയിൽ അകപ്പെട്ടു.

താഴെ പറയുന്ന പൊതുസമീപനങ്ങളാണ് പരമ്പരാഗത വ്യവസായ പുനരുദ്ധാരണത്തിനായി കഴിഞ്ഞ പഠനകോൺഗ്രസ് മുന്നോട്ടുവെച്ചത്. ഒന്നാമതായി ഈ മേഖലകളിലെല്ലാം വൈവിദ്ധ്യവത്കരണവും ആധുനികവത്കരണവും കൂടിയേ കഴിയൂ. രണ്ടാമതായി, പൊതുമേഖലയുടെയും സഹകരണസംഘങ്ങളുടെയും പുനഃസംഘാടനവും പുനരുജ്ജീവനവും പ്രത്യേക പ്രാധാന്യം നൽകണം. മൂന്നാമതായി, പരമ്പരാഗത മേഖലകളിൽ ക്ലസ്റ്റർ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണം. എന്നാൽ ഇത് സഹകരണസംഘങ്ങൾക്കു പകരമാവില്ല. യഥാർത്ഥത്തിൽ സഹകരണസംഘങ്ങൾക്കു തന്നെ ക്ലസ്റ്റർ കേന്ദ്രങ്ങളായി മാറാവുന്നതാണ്. നാലാമതായി, സംസ്ഥാന സർക്കാർ പരിശീലനം, വിപണനസഹായം, തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ, എന്നിവയ്ക്കായി കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണം. ഇന്ന് സംസ്ഥാനതലത്തിലുള്ള അപെക്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം തുലോം ദുർബലമാണ്. അഞ്ചാമതായി പരമ്പരാഗത വ്യവസായങ്ങളുടെ പുനസംഘാടനത്തിൽ ഫലപ്രദമായി ഇടപെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണം. ആറാമതായി, ഇവയുടെ നടത്തിപ്പിൽ മാനേജ്മെന്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം. ഉൽപന്നങ്ങളുടെ വില കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായിരിക്കണം പ്രധാന ഊന്നൽ.

മുകളിൽ പറഞ്ഞ സമീപനം കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ നടപ്പാക്കുന്നതിനു നടത്തിയ പരിശ്രമങ്ങൾ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളുടെ സംരക്ഷണത്തിനു നൽകിയ ഊന്നൽ പഞ്ചവത്സരപദ്ധതി അടങ്കലിൽ പൂർണമായും പ്രതിഫലിച്ചിട്ടുണ്ട്. എല്ലാ പരമ്പരാഗത വ്യവസായങ്ങൾക്കും കൂടി 2005 – 06ൽ ഏതാണ്ട് 100 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥലത്ത് 2010–11ൽ ഏതാണ്ട് 250 കോടി രൂപയാണ് ചെലവഴിക്കുന്നത്. എന്നാൽ മുടക്കിയ പണത്തിന് അനുസൃതമായി വ്യവസായസ്ഥിതി മെച്ചപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി നിർവഹണത്തെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**കയർ**

കയർ വ്യവസായത്തിലെ ഇന്നത്തെ ഏറ്റവും ഗൗരവമായ പ്രശ്നം ചകിരിയുടെ ക്ഷാമമാണ്. സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ നാലിലൊന്നുപോലും ഇന്നു സംസ്ക്കരിക്കപ്പെടുന്നില്ല. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്നുമുള്ള ചകിരി ആശ്രയിച്ചാണ് കേരളത്തിലെ കയർവ്യവസായം കഴിഞ്ഞ ദശാബ്ദമായി നിലനിന്നിരുന്നത്. എന്നാൽ അവിടെ നിന്നുള്ള ചകിരിയുടെ കയറ്റുമതിയും ആഭ്യന്തര ഉപഭോഗവും വർദ്ധിച്ചതോടെ ചകിരിയ്ക്കു ക്ഷാമമുണ്ടാവുകയും വില ക്രമാതീതമായി ഉയരുകയും ചെയ്തു. ചകിരി ക്ഷാമത്തിനു പരിഹാരം കാണാതെ മറ്റെന്തു ചെയ്തിട്ടും കാര്യമില്ല.

പുതിയ ഡീഫൈബറിങ് മില്ലുകൾ സ്ഥാപിക്കുന്നതിനും പഴയവ പുനരുദ്ധരിക്കുന്നതിനും ആവശ്യമായ പണം വകയിരുത്തിയെങ്കിലും

സ്കീം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. തൊണ്ടുസംഭരണ കൺസോർഷ്യങ്ങൾ പ്രവർത്തനക്ഷമമായില്ല. തൊണ്ടുശേഖരിച്ചു മില്ലുകളിൽ കൊണ്ടുവരുന്നതിനുള്ള പ്രയാസങ്ങളാണ് മുഖ്യകാരണം എന്നതുകൊണ്ടു സഞ്ചരിക്കുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ചെടുക്കുകയും സഹായവിലയ്ക്ക് സഹകരണസംഘങ്ങൾക്കും താൽപര്യമുള്ള സ്വാശ്രയസംഘങ്ങൾക്കും നൽകുന്നതിനുള്ള സ്കീമിനു രൂപം നൽകുകയും ചെയ്തു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ യന്ത്രത്തിനു ആവശ്യമായ സാങ്കേതിക നവീകരണങ്ങൾ ഇനിയും വരുത്തേണ്ടതുണ്ട്. അതോടൊപ്പം തൊണ്ടു സംഭരിക്കുന്നതിനു ജനകീയമായ സംവിധാനം ഉണ്ടാക്കണം. ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ തൊണ്ടുസംഭരണം ഉൾപ്പെടുത്താൻ കഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാനാവും. എന്നാൽ കേരളത്തിന്റെ അഭ്യർത്ഥന ചെവിക്കൊള്ളുന്നതിനു കേന്ദ്രസർക്കാർ തയ്യാറല്ല. അതുകൊണ്ട് തൊണ്ടു സംഭരണത്തിനു സംസ്ഥാന സർക്കാർ സബ്സിഡി എന്ന വഴി സ്വീകരിക്കണം.

കയർപിരി മേഖലയിൽ നിർണായകമായ സ്ഥാനമാണ് കയർ സഹകരണ സംഘങ്ങൾക്കുള്ളത്. വലിയൊരു വിഭാഗം സംഘങ്ങൾ പ്രവർത്തനരഹിതമായിരുന്നു. അവയിൽ ജീവനക്ഷമമായ കയർ സംഘങ്ങളെ തെരഞ്ഞെടുത്ത് അവയുടെ പ്രവർത്തനം സജീവമാക്കാൻ സർക്കാർ പ്രത്യേക ധനസഹായം നൽകി. അതോടൊപ്പം സർക്കാരിലേക്ക് അടയ്ക്കാനുണ്ടായിരുന്ന 53 കോടി രൂപ വായ്പയും പലിശയും ഷെയറാക്കി മാറ്റി. മറ്റു വായ്പകൾ ഒറ്റത്തവണ തീർപ്പാക്കലിലൂടെ തീർക്കുകയും സഞ്ചിതനഷ്ടം എഴുതിത്തള്ളുകയും ചെയ്തു. എന്നാൽ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഒരു മുഖ്യ പ്രശ്നം കയർഫെഡിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ വൈകിയതാണ്. കയർഫെഡിന്റെ ഭീമമായ സഞ്ചിതനഷ്ടമാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം.

പ്രാഥമിക കയർ സഹകരണസംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കയർഫെഡിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കയർഫെഡിന്റെ പ്രാഥമിക പ്രവർത്തനമായ കയർസംഭരണം കാര്യക്ഷമമാക്കുവാൻ പ്രത്യേക *യാൺ* ഡിവിഷൻ രൂപീകരിച്ചു. വൈവിധ്യവത്കരണത്തിനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കയർ തൊഴിലാളികൾക്കു നൂറു ദിവസമെങ്കിലും മിനിമം കൂലി ഉറപ്പുവരുത്താനുള്ള വരുമാന ഉറപ്പു പദ്ധതി കയർ ഫെഡു വഴിയാണ് നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. 150 രൂപ മിനിമം കൂലി അടിസ്ഥാനത്തിലുള്ള വിലയ്ക്ക് കയർ സംഭരിക്കുകയും നഷ്ടം സഹിച്ചാലും കമ്പോള വിലയ്ക്കു കയർ വിൽക്കുകയും ചെയ്യാനുള്ള പദ്ധതിയാണിത്.

കയറുത്പന്ന നിർമാണ മേഖലയിലെ ഇടത്തരക്കാരുടെ ചൂഷണം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ ഇല്ലാതാക്കിയ മിനിമം പർച്ചേസ് പ്രൈസ് സമ്പ്രദായത്തിന് ബദലായി കയർ ക്രയവില സ്ഥിരതാപദ്ധതി ആവിഷ്കരിച്ചു. ചെറുകിട ഉൽപാദകരിൽ നിന്ന് അംഗീകൃത വില നൽകി കയർ ഉൽപന്നങ്ങൾ സംഭരിച്ച് കയറ്റുമതിക്കാർക്ക് നൽകുന്ന പദ്ധതിയിൽ ഇതുവരെ 135 കോടി രൂപയുടെ ഓർഡറുകൾ ശേഖരിച്ച് ചെറുകിട ഉത്പാദകർക്ക് നൽകി. ഇതു കൂടുതൽ വിപുലപ്പെടുത്തുകയും സുസ്ഥിരമാക്കുകയുമാണ് മറ്റൊരു മുഖ്യമായ കടമ. ഇതോടു ബന്ധപ്പെട്ട് ചെറുകിട ഉൽപാദകരുടെയും തൊഴിലാളികളുടെയും സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കണം.

വിദേശവിപണിയോടൊപ്പം ഇന്ന് ആഭ്യന്തര വിപണിയും പ്രധാനമാണ്. സർക്കാർ മുൻകൈയെടുത്ത് ആവിഷ്കരിച്ച *ഒരു വീട്ടിൽ ഒരു കയറുത്പന്നം* ക്യാമ്പയിന് വലിയ പ്രോത്സാഹനമാണ് ലഭിച്ചിട്ടുള്ളത്. 'കേരള കയർ- ദൈവത്തിന്റെ നാട്ടിലെ സുവർണനാര്' എന്ന ബ്രാൻഡ് നെയിം വിപണനമേഖലയിൽ നൂതനമായ ഒരു നടപടിയായി. കയർ ജിയോടെക്സ്റ്റൈയിലിനെ ഒരു നിർമാണസാമഗ്രിയായി പൊതുമരാമത്ത് മാന്വലിൽ അംഗീകരിച്ചത് ഇനി പ്രായോഗികമായി നടപ്പാക്കണം. തൊഴിലുറപ്പുപദ്ധതിയിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കും കയർ ജിയോടെക്സ്റ്റൈയിൽ വ്യാപകമായി ഉപയോഗിക്കാവുന്നതാണ്.

കയർവ്യവസായത്തിന്റെ ആധുനികവത്കരണത്തിനു നേതൃത്വം നൽകാൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു കഴിയണം. കയർപിരി യന്ത്രങ്ങൾക്കായി നാലഞ്ചു

ദശാബ്ദമായി നടക്കുന്ന ഗവേഷണങ്ങൾ ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും ഇനി കേരളത്തിൽ പരീക്ഷിക്കേണ്ടതുണ്ട്. ആലപ്പുഴയിലെ കയർ നിർമ്മാണ ഫാക്ടറി വാണിജ്യാടിസ്ഥാനത്തിൽ കയർ യന്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങുന്നതോടെ ആധുനികവത്കരണത്തിന്റെ മറ്റൊരു പടവുകൂടി കേരളത്തിലെ കയർവ്യവസായം പിന്നിടും.

കയർ വ്യവസായത്തെക്കുറിച്ചു സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കയർ കമ്മിഷൻ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളെക്കുറിച്ച് പൊതുവിൽ ഒരഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്.

**കശുവണ്ടി**

കയർമേഖലയെ അപേക്ഷിച്ചു കൂടുതൽ സുരക്ഷിതമായ വിപണി കശുവണ്ടി വ്യവസായത്തിനുണ്ട്. വിലയിലും കയറ്റുമതിയിലും വർദ്ധനയുമുണ്ടായിട്ടുണ്ട്. എന്നാൽ ആനുപാതികമായ നേട്ടം തൊഴിലാളികൾക്കു ലഭിച്ചിട്ടില്ല. കശുവണ്ടി വ്യവസായ വികസനത്തിനു മുന്നിലുള്ള മുഖ്യപ്രശ്നങ്ങൾ മൂന്നാണ്.

* അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം. കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിക്കായി വൻതോതിൽ ആശ്രയിക്കുന്നത് ആഫ്രിക്കയിൽനിന്നുള്ള ഇറക്കുമതിയെയാണ്.

* കശുവണ്ടിയുടെ മൂല്യവർധന സംസ്ഥാനത്ത് നടക്കുന്നില്ല. മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നില്ല.

* മുഖ്യപ്രവർത്തനങ്ങൾ നടക്കുന്നത് അനൗപചാരികവും അസംഘടിതവുമായ മേഖലയിലാണ്. ഇവിടെ മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.

തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ മേഖലയിലെ മുഖ്യപ്രശ്നം. കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് പൂർണമായി പ്രവർത്തിക്കാൻ നാലരലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമാണ്. എന്നാൽ കേരളത്തിന്റെ ആഭ്യന്തര തോട്ടണ്ടി ഉൽപാദനം ഒരുലക്ഷം മെട്രിക് ടൺ മാത്രമാണ്. കശുവണ്ടി കൃഷിയുടെ വിസ്തൃതിയാകട്ടെ നാൾക്കുനാൾ കുറഞ്ഞുവരികയുമാണ്. ഇതുമൂലം വിദേശത്ത് നിന്ന് വൻതുക നൽകി കശുവണ്ടി ഇറക്കേണ്ടതായി വരുന്നു. കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതിക്ക് കേന്ദ്രസഹായം ഉറപ്പാക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ എന്ന സ്ഥാപനം ആരംഭിച്ചു. തരിശുഭൂമികളിൽ മാത്രമല്ല, ചില പ്രദേശങ്ങളിൽ തെങ്ങിന് ഇടവിളയായും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കാനാവും. കശുമാങ്ങയുടെയും കശുവണ്ടിത്തോടിന്റെയും ഉപയോഗം വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും പുനരുദ്ധാരണം നടപ്പാക്കാൻ കഴിഞ്ഞതും സമീപകാലത്തെ പ്രധാനനേട്ടമാണ്. വർഷത്തിൽ പന്ത്രണ്ടുമാസവും പണി നൽകാൻ കഴിഞ്ഞു. കാപെക്സ് ഇതിനകം പ്രവർത്തനലാഭത്തിലായിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ നവീകരിക്കേണ്ടതുണ്ട്. മൂല്യവർധിത ഉൽപ്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും വ്യാപകമായ പ്രചരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. കശുവണ്ടി കോർപ്പറേഷൻ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിസ്കറ്റ് എന്നീ ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചു. എന്നാൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഒരു പ്രധാന ഉൽപാദന മേഖലയായി ഇനിയും മാറേണ്ടതുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലും നാട്ടിലും തോട്ടണ്ടിയുടെ സീസണാകുമ്പോൾ തന്നെ സംഭരണം നടത്തുന്നതിനുള്ള പ്രവർത്തനമൂലധനം ഇല്ലാത്തതാണ് ഇപ്പോഴത്തെ മുഖ്യപ്രശ്നം.

കശുവണ്ടി മേഖലയിലെ മുഴുവൻ തൊഴിലാളികളെയും സംഘടിതമേഖലയിലേയ്ക്കു കൊണ്ടുവരാൻ കഴിയണം. കശുവണ്ടി ഉൽപാദകരാജ്യങ്ങൾ തമ്മിലുള്ള മത്സരമാണ് അന്തർദ്ദേശീയ മാർക്കറ്റിൽ വില കുറയ്ക്കാൻ ഇടയാക്കുന്നത്. ഈ രാജ്യങ്ങൾ പൊതുവായ സമീപനം കൈക്കൊള്ളുന്നതിനുള്ള കൂടിയാലോചനകൾ നടക്കേണ്ടതുണ്ട്.

**കൈത്തറി**

കേന്ദ്രസർക്കാരിന്റെ പുതിയ വ്യവസായനയത്തിന്റെ ഫലമായി ഏറ്റവും കൂടുതൽ പ്രതിസന്ധി നേടിരുന്ന വ്യവസായത്തുറയാണ് കൈത്തറി. പല കൈത്തറി മേഖലകളിലും കാർഷിക മേഖ

ലയെന്നപോലെ ആത്മഹത്യ പെരുകുകയുണ്ടായി. റിബേറ്റിൽ വരുത്തിയ മാറ്റമാണ് വ്യവസായത്തിന് ഏറ്റവും വലിയ തിരിച്ചടിയായത്. ആഭ്യന്തര മാർക്കറ്റിനെ സംരക്ഷിച്ചു നിർത്തുന്നത് ഉത്സവകാലങ്ങളിൽ സർക്കാർ നൽകിയിരുന്ന റിബേറ്റാണ്. കൈത്തറിയുടെ 85ശതമാനം ഉൽപാദനവും സഹകരണസംഘങ്ങളിലാണ് നടക്കുന്നത് എന്നതിനാൽ, റിബേറ്റ് നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാരിന്റെ നടപടി കൈത്തറി മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു കൂടുതലായി തെക്കൻ തകേരളത്തിലെ കൈത്തറിയെയാണ് ബാധിച്ചത്. കാരണം അവിടെ പരമ്പരാഗത കൈത്തറി വസ്ത്രനിർമ്മാണത്തിനാണ് ഇപ്പോഴും മുൻതൂക്കം.

ഈ തിരിച്ചടിയിൽ നിന്നു കൈത്തറിയെ സംരക്ഷിക്കന്നതിനുളള സമീപനമാണ് കേരള സർക്കാർ കൈക്കൊണ്ടത്. നേരത്തെയുണ്ടായിരുന്ന റിബേറ്റ് ദിനങ്ങൾ ഈ സർക്കാർ വർധിപ്പിച്ച് 56 ദിവസമായി ഉയർത്തി. കേന്ദ്ര സർക്കാർ 10 ശതമാനം റിബേറ്റ് നിർത്തലാക്കിയപ്പോൾ അതു പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിവന്ന റിബേറ്റ് 10 ശതമാനത്തിൽ നിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചു. 2002-03 മുതലുള്ള റിബേറ്റ് കുടിശ്ശിക തീർത്തു. കേന്ദ്ര സർക്കാരിന്റെ വിപണനസഹായം വർഷം മുഴുവൻ നൽകുന്നതിനു വേണ്ടിയും സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുകയുണ്ടായി. ഈ സമീപനം തുടരേണ്ടതുണ്ട്.

കൈത്തറി വസ്ത്രത്തിന്റെ ജനപ്രീതി വർദ്ധിപ്പിക്കുന്നതിന് അതിവിപുലമായ പ്രചരണ പ്രവർത്തനങ്ങൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർ വാരാന്ത്യത്തിൽ കൈത്തറി വസ്ത്രം ധരിക്കണമെന്നും സ്കൂൾ വിദ്യാർഥികൾ ആഴ്ചയിലൊരിക്കൽ കൈത്തറി യൂനിഫോം ധരിക്കണമെന്നും അഭ്യർഥിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. വരുമാന ഉറപ്പുപദ്ധതിയുടെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തിക്കൊണ്ട് 100 ദിവസത്തെ കൈത്തറി ഉൽപന്നങ്ങൾ വാങ്ങുന്നതിനുള്ള സ്കീം പ്രാവർത്തികമാക്കേണ്ടതുണ്ട്.

കേരളത്തിലെ പ്രമുഖ കൈത്തറി ബ്രാൻഡുകളെ ഭൗമ സൂചക നിയമത്തിനു (Geographical Indication Act 1999) കീഴിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. എങ്കിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിലെ കൈത്തറി ഉൽപാദനത്തിന്റെ വൈവിദ്ധ്യവത്കരണം പരിമിതമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കൈത്തറി തുണികളുടെ 70 ശതമാനവും മുണ്ട്, ലുങ്കി, തോർത്ത് എന്നിവയാണ്. സാരികളുടെ നിർമാണം 5 ശതമാനം മാത്രവും. ഇന്ത്യയിൽ സാരി നിർമ്മാണം മൊത്ത ഉൽപാദനത്തിന്റെ 25 ശതമാനം വരും. സാരി, അലങ്കാരത്തുണികൾ, എന്നിവയുൾപ്പെട്ട മൂല്യവർദ്ധിത തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നതിനു പ്രാധാന്യം നൽകേണ്ടതുണ്ട്. വടക്കൻ കേരളത്തിൽ കൈത്തറി വസ്ത്രനിർമ്മാണം സഹകരണ മേഖലയിലും മറ്റും ഫാക്ടറി അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. വൈവിദ്ധ്യവത്കരണത്തിലും കയറ്റുമതിയിലും അവർ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

ഈ ദിശയിൽ ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ് കണ്ണൂരിലെ നാഷണനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സ്ഥാപിക്കപ്പെട്ടത്. ഇതു ദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുവാനുള്ള പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്രസഹായത്തിനായി അയച്ചിരിക്കുകയാണ്. വൈവിദ്ധ്യമേറിയ ഉൽപ്പന്നങ്ങൾ ജക്കാർഡ്, ഡോബി, എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ നെയ്യുന്നതിനുള്ള പരിശീലന പരിപാടികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറി മേഖലയിലെ പ്രീലും പ്രോസസിംഗിൽ (വാർപ്പിങ്, വൈൻഡിങ്, സൈസിങ്, ഡൈയിങ്) ഭാഗിക യന്ത്രവൽക്കരണം, കൈത്തറി സഹകരണ സംഘങ്ങൾക്ക് കംപ്യൂട്ടറും ഡിസൈൻ സോഫ്റ്റ്‌വെയറും, പരമ്പരാഗത തറികളുടെ നവീകരണത്തിനുള്ള ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്കീമുകൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

നൂലിന്റെ അമിതമായ വിലക്കയറ്റമാണ് കൈത്തറി മേഖല നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം. അസംസ്കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകുകയുണ്ടായി. കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്കാവശ്യമായ നൂല് സംസ്കരിക്കുന്നതിനും ചായം മുക്കു

ന്നതിനും വടകരയിൽ ഒരു നൂല് സംസ്കരണശാല എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതുണ്ട്.

സഹകരണസംഘങ്ങളുടെ പുന:സംഘടനയ്ക്കു കൂടുതൽ പണം ലഭ്യമാക്കുന്നതിനോടൊപ്പം ബിനാമി സംഘങ്ങളെ നീക്കം ചെയ്യുന്നതിനുള്ള നടപടികളും വേണ്ടതുണ്ട്. ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പുന:സംഘടന പൂർത്തിയാക്കേണ്ടതുണ്ട്.

**ഖാദി**

ഉൽപാദനപ്രക്രിയയുടെ ഏതാണ്ടെല്ലാ ഘട്ടത്തിലും വൻതോതിൽ മനുഷ്യാധ്വാനം വേണ്ടതിനാൽ ഖാദിതുണിക്ക് താരതമ്യേന വില കൂടുതലാണ്. എന്നിരുന്നാലും തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരുന്ന കൂലി വളരെ കുറവുമായിരുന്നു. കേരളത്തിൽ ഏറ്റവും താഴ്ന്ന കൂലി ലഭിക്കുന്ന (ദിവസം ശരാശരി 50 രൂപ) വിഭാഗങ്ങളിലൊന്നാണ് ഇത്. ഒരു ഘട്ടത്തിൽ 30000 വരെ ഖാദി തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നത് 15000 ത്തിൽ താഴെയായി കുറഞ്ഞിരിക്കുന്നു.

പരുത്തി വിപണിയിലെ ഇടനിലക്കാരുടെ ഇടപെടൽ മൂലം പലപ്പോഴും ഖാദി മേഖലയിൽ പഞ്ഞിക്ക് ലഭ്യത കുറവും താങ്ങാനാവാത്ത വിലയും അനുഭവപ്പെടുന്നുണ്ട്. 50 ലക്ഷം ബെയിൽ പഞ്ഞി കയറ്റുമതി ചെയ്യാൻ കേന്ദ്രസർക്കാർ നീക്കം നടത്തുന്ന ഈ ഘട്ടത്തിൽ പ്രത്യേകിച്ചും ഖാദി മേഖലയ്ക്ക് സബ്സിഡിയോടെ കുറഞ്ഞ നിരക്കിൽ പഞ്ഞി നൽകാൻ കേന്ദ്രം തയ്യാറാകേണ്ടതുണ്ട്.

1990ൽ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ഖാദി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ആരംഭിച്ചു. കൂലിക്കുറവിന് ചെറിയ പരിഹാരമായി നൂല്പിനും നെയ്ത്തിനും കഴി കണക്കാക്കി ഇൻസന്റീവ് സംസ്ഥാനസർക്കാർ നൽകുവാൻ തുടങ്ങി. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കൂലിയും ഇൻസെന്റീവും വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ മിനിമം കൂലി കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രായോഗികമായി നടപ്പായിട്ടില്ല. വരുമാന ഉറപ്പു പദ്ധതി എങ്ങനെ ഖാദി മേഖലയിൽ നടപ്പാക്കാമെന്നത് അടിയന്തര കർത്തവ്യമായിട്ടുണ്ട്.

സ്വാതന്ത്ര്യസമരസേനാനികൾ പോലെയുള്ള സുമനസ്സുകൾ ഒരു കാലത്ത് ദാനമായി നൽകിയ ഭൂമിയിൽ പണിത വർക്ക്ഷെഡ്ഡുകളും മറ്റും ഇന്ന് ജീർണാവസ്ഥയിലാണ്. ബോർഡിന്റെയും വിവിധ സംഘങ്ങളുടേയും കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും ഇന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവയെല്ലാം ഏറ്റെടുത്തോ ധന സഹായം ചെയ്തോ പുനരുദ്ധരിക്കണം.

ഭൂരിപക്ഷം ഖാദി സ്ഥാപനങ്ങളും തകർച്ചയിലാണ്. സാധ്യമായവയെ പുനരുദ്ധരിക്കുന്നതും അല്ലാത്തവയുടെ നിയമപരമായ അസ്തിത്വം അവസാനിപ്പിക്കുന്നതും ഈ മേഖലയുടെ നിലനില്പിനും പുരോഗതിക്കും കാലവിളംബം കൂടാതെ സ്വീകരിക്കേണ്ട നടപടിയാണ്. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പു സമയത്ത് വാങ്ങുകയും സ്ലൈവർ പ്ലാന്റുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വേണം. സിൽക്ക് തുണി നെയ്ത്ത്, റെഡിമെയ്ഡ് വാർപ്പിങ് യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റുകൾ, നെയ്ത്തുപകരണങ്ങളുടെ നവീകരണം, ഖാദി ക്ലസ്റ്റർ പരിപാടി തുടങ്ങിയ സ്ക്കീമുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനും സ്വീകരിച്ചിരിക്കുന്ന പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തണം.

നവഉദാരവൽക്കരണനയങ്ങളെ തുടർന്ന് ഖാദിയെ കേന്ദ്രസർക്കാർ കൈയൊഴിയുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇതിന്റെ ഭാഗമാണ് റിബേറ്റ് നിർത്തിയതും എ.ഡി.ബി വായ്പാപദ്ധതി നടപ്പിലാക്കുന്നതും. സമഗ്ര പദ്ധതി തയ്യാറാക്കി കേന്ദ്രഅംഗീകാരവും ധനസഹായവും വാങ്ങിയെടുക്കുകയോ അതിന് കേന്ദ്രം തയ്യാറാകാത്തപക്ഷം തനതായ പദ്ധതികൾ ആവിഷ്കരിച്ച് ഖാദിമേഖലയെ അതിന്റെ ആസന്നമായ നാശത്തിൽനിന്ന് കരകയറ്റുകയോ ചെയ്യേണ്ടതാണ്. ഇപ്പോൾ ഖാദി തുണിത്തരങ്ങളുടെ ചില്ലറവിൽപ്പനയ്ക്ക് വർഷം മുഴുവൻ സംസ്ഥാന സർക്കാർ 10% റിബേറ്റ് നൽകി വരുന്നു. റിബേറ്റ് കുടിശ്ശികയും പഴങ്കഥയായിട്ടുണ്ട്.

**ബീഡി**

അന്യസംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലക്കുള്ള ബീഡി വരുന്നതും പുകവലിക്കാരുടെ

എണ്ണം കുറഞ്ഞതും ബീഡിക്കു പകരം സിഗരറ്റിന്റെ ഉപയോഗം വർധിച്ചതും ബീഡി വ്യവസായത്തെ തളർത്തി. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മാത്രമാണ് സംഘടിത വ്യവസായം എന്ന നിലയിൽ ബീഡി നിർമാണം നിലനിന്നത്. ഈ മേഖലയിലെ ശക്തമായ സാന്നിദ്ധ്യമായിരുന്ന കണ്ണൂർ ദിനേശ് ബീഡി സഹകരണ സംഘം കേരളത്തിലെ സഹകരണമേഖലയുടെ അഭിമാനമായിരുന്നു. 1980കളിൽ നാൽപതിനായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ സഹകരണസ്ഥാപനത്തിൽ മറ്റുസംസ്ഥാനങ്ങളിലെ തൊഴിലാളികളെക്കാൾ ഇരട്ടി കൂലിയും അതിനനുസരിച്ചു ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. വിറ്റുവരവിലും ആർജിത സ്വത്തിലും മറ്റേതൊരു ബീഡി നിർമ്മാണ കമ്പനിയെക്കാൾ മികച്ചു നിന്ന ഈ സഹകരണ സ്ഥാപനം ഇന്നു വലിയ പ്രതിസന്ധിയിലാണ്. ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികൾക്കു നാൽപതുവയസിൽ പെൻഷനോടു കൂടി റിട്ടയർ ചെയ്യുന്നതിനുള്ള സഹായ പദ്ധതി സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. വൈവിദ്ധ്യവൽക്കരണം ഒന്നു മാത്രമാണ് ഇന്നത്തെ നിലയിൽ രക്ഷാമാർഗം.

**ചെത്ത്**

പരമ്പരാഗത വ്യവസായങ്ങളിൽ താരതമ്യേനെ സുസംഘടിതമായ മേഖലയായിരുന്നു ചെത്ത് വ്യവസായം. കേരളത്തിലെ ഏറ്റവും വിഭവശേഷിയുള്ള ക്ഷേമനിധി ഈ രംഗത്താണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ നയങ്ങൾ ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കള്ളുഷാപ്പുകൾ അടച്ചുപൂട്ടിക്കൊണ്ട് വിദേശ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് അവർ കൈക്കൊണ്ടത്. എന്നാലിപ്പോൾ ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തണം. കള്ളുഷാപ്പുകൾ ആധുനീകരിക്കണം. ഏറ്റവും ശുചിത്വമാർന്ന രീതിയിൽ കള്ള് സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കഴിയണം. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ കൃഷിക്കാരുമായി ചേർന്ന് വാണിജ്യ അടിസ്ഥാനത്തിൽ നീര ഉൽപാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

വ്യാജകള്ളിന്റെ വ്യാപനം ചെത്തുവ്യവസായത്തിനു വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. ചില ജില്ലകളിൽ തെങ്ങു ചെത്ത് ഇല്ല. എങ്കിലും മറ്റെല്ലായിടത്തെയും പോലെ കള്ളുഷാപ്പുകൾ അവിടെയുമുണ്ട്. ഇവിടെയുള്ള കള്ള് പാലക്കാടു നിന്നും മറ്റും ചെത്തി കൊണ്ടുവരുന്നതാണ് എന്നാണ് വെപ്പ്. എന്നാൽ ഇങ്ങനെ കൊണ്ടുവരുന്ന കള്ളിൽ മായം ചേർക്കുന്നതും കൃത്രിമമായി വീര്യം കൂട്ടുന്നതും സാധാരണമാണ്. ഇത് മലപ്പുറത്ത് മദ്യദുരന്തത്തിനു തന്നെ ഇടയാക്കി. ഇതിന്റെ പശ്ചാത്തലത്തിൽ ചെത്തുകാരില്ലാത്ത കള്ളുഷാപ്പുകൾ നടത്തുന്നതിന് സർക്കാർ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൃത്യമായ പരിധിക്കുള്ളിലാണ് ഓരോ കള്ള് ഷാപ്പും സ്ഥിതി ചെയ്യുന്നത്. ഒരു ഷാപ്പിൽ ചുരുങ്ങിയത് അഞ്ച് ചെത്ത് തൊഴിലാളികളുണ്ടാകണമെന്നതാണ് വ്യവസ്ഥ. ഒരു തൊഴിലാളി ചുരുങ്ങിയത് പത്ത് തെങ്ങെങ്കിലും ചെത്തിയിരിക്കണം. അൻപത് തെങ്ങിൽ നിന്നും ലഭിക്കുന്ന കള്ള് ഓരോ ഷാപ്പിലും ഇതനുസരിച്ച് ഉണ്ടാകേണ്ടതാണ്. പാലക്കാടു നിന്ന് ഇടനിലക്കാർ വഴി കള്ളു ചെത്തി വിപണനം നടത്തുന്നതിന് അനുവാദമില്ല. കള്ളുഷാപ്പുകൾ നേരിട്ടു തൊഴിലാളിയെ നിർത്തി കള്ളുചെത്തിയേ തീരൂ. അതിൽ കൃത്രിമം കാണിക്കുന്നില്ല എന്നു പരിശോധിക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ യഥാർത്ഥ കള്ളുഷാപ്പുകൾക്കു പോലും പ്രായോഗികമായ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് വിമർശനം ഉണ്ട്. ഇവയ്ക്ക് പ്രായോഗികമായി ഉത്തരം കണ്ടെത്തണം. എന്നാൽ ഒരു കാരണവാശാലും വ്യാജകള്ളു വിൽക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കാൻ പാടുള്ളതല്ല. ചെത്തുതൊഴിലാളികളുടെ സഹകരണ സംഘങ്ങളാണ് ഇന്നത്തെ സ്ഥിതിവിശേഷത്തിനുള്ള ഉത്തരം. എവിടെയെല്ലാം ഇതിനു സന്നദ്ധരായ തൊഴിലാളികൾ വരുന്നുവോ അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയമാണ് സ്വീകരിക്കേണ്ടത്.

**മുള**

മുളനിർമ്മിതമായ വീട്ടുപകരണങ്ങളും കാർഷിക ഉപകരണങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. എങ്കിലും മുളകൊണ്ടുള്ള കരകൗശല വസ്തുക്കൾക്ക് ധാരാളം ആവശ്യക്കാ

രുണ്ട്. വൈവിദ്ധ്യവൽക്കരണം, ക്ലസ്റ്റർ മാതൃകയിൽ ഉൽപാദക യൂണിറ്റുകളെ സംഘടിപ്പിക്കൽ, മുളങ്കാടുകളുടെ വ്യാപ്തി വർധിപ്പിക്കൽ എന്നിവയാണ് മുളയുടെ മേഖലയിൽ അടിയന്തിരമായി ചെയ്യേണ്ടത്. സംസ്ഥാന ബാംബൂ കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള യന്ത്രവൽകൃത കമ്മ്യൂണിറ്റി മാറ്റ് വീവിങ് സെന്ററുകൾ, ഫ്ളാറ്റൻഡ് ബാംബൂ ബോർഡ് എന്നിവയുടെ യൂണിറ്റുകൾ ശരിയായ ദിശയിലുള്ള കാൽവെപ്പുകളാണ്. പനമ്പ്, ഈറ്റ തൊഴിലാളികളെ വരുമാന ഉറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കളിമൺവ്യവസായം**

കെട്ടിട നിർമ്മാണ രംഗത്തുണ്ടായ മാറ്റം ഓടു വ്യവസായത്തിന്റെ നട്ടെല്ലൊടിച്ചു. വിറകിന്റെ വിലക്കയറ്റവും പ്രതിസന്ധിയിലേയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്. ഇന്ന് വ്യവസായം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ പ്രശ്നം കളിമണ്ണിന്റെ അഭാവമാണ്. പരിസ്ഥിതി പ്രശ്നം മൂലം വയലിൽ നിന്നു കളിമണ്ണ് ശേഖരിക്കുന്നത് കർശനമായി നിയന്ത്രിക്കപ്പെട്ടു. ഡാമുകളിലെയും മറ്റും ചെളി നീക്കം ചെയ്യുന്നത് സഹായവിലയ്ക്ക് വ്യവസായത്തിനു ലഭ്യമാക്കണം. ആധുനിക കാലത്തെ കെട്ടിടനിർമാണ ആവശ്യങ്ങൾക്ക് അനുയോജ്യമായ വസ്തുക്കൾ നിർമിച്ചും ആധുനികീകരിച്ചും മാത്രമെ ഓട് വ്യവസായത്തെ സംരക്ഷിക്കാൻ കഴിയൂ.

തീരെ ചെറിയ പ്രദേശത്ത് ഒതുങ്ങി നിൽക്കുകയാണ് മൺപാത്ര നിർമ്മാണം. വൈവിദ്ധ്യവത്കരണവും മണ്ണുകൊണ്ടുള്ള അലങ്കാര വസ്തു നിർമ്മാണത്തിലേയ്ക്കുള്ള മാറ്റവും കൊണ്ടേ ഈ മേഖലയ്ക്കു രക്ഷപെടാൻ കഴിയൂ.

**കരകൗശലം**

വിനോദസഞ്ചാര മേഖലയിലെ വികസനം കരകൗശല വ്യവസായത്തിന്റെ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നൈപുണി വർദ്ധിപ്പിക്കാനുള്ള പരിശീലനം, പുതിയ കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്റർ രൂപീകരണം എന്നിവയാണ് കരകൗശല മേഖലയെ രക്ഷിക്കാനായി ചെയ്യേണ്ടത്. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പരിഹരിക്കാനും വിപണി വിപുലമാക്കാനും കരകൗശല വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തണം. കരകൗശലമേഖലയിൽ കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. കൊല്ലം ജില്ലയിൽ ഉമയനല്ലൂർ, കോഴിക്കോട് നടുവണ്ണൂർ എന്നീ സ്ഥലങ്ങളിലെ പരിശീലന കേന്ദ്രങ്ങൾ വിപുലീകരിക്കണം. കരകൗശല ഉൽപാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തിത്തന്നെ യന്ത്രസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ റോ മെറ്റീരിയൽ ബാങ്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

**ഗ്രാമവ്യവസായങ്ങൾ**

മൺപാത്ര(ഓട് ഉൾപ്പെടെ) നിർമാണം, എണ്ണയാട്ട്, ശർക്കര നിർമാണം തുടങ്ങി ഒൻപത് പരമ്പരാഗത വ്യവസായങ്ങളാണ് ഖാദി മേഖലയിൽ ആദ്യം നടപ്പാക്കി വന്നിരുന്നത്. 4 ശതമാനം പലിശയോടെ അഖിലേന്ത്യാതലത്തിൽ നിശ്ചയിക്കപ്പെട്ട പാറ്റേൺ അനുസരിച്ചുള്ള ധനസഹായമാണ് കേന്ദ്രഖാദി കമ്മീഷൻ 1995 വരെ നൽകി വന്നിരുന്നത്. 1995 മുതൽ 2001 വരെ കൺസോർഷ്യം ബാങ്ക് ക്രഡിറ്റ് പദ്ധതി നിലനിന്നിരുന്നു. 17.5% വരെ പലിശ ഈ വായ്പയ്ക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ വായ്പ ശരിയായ രീതിയിൽ വിനിയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിച്ചവർക്ക് മൊത്തം പദ്ധതിചെലവിന്റെ 25% സബ്സിഡി നൽകുന്നുണ്ട്. തുടർന്ന് 2008 വരെ ഗ്രാമീണ തൊഴിൽദാന പദ്ധതി (ആർ.ഇ.ജി.പി)യും ഇപ്പോൾ പി.എം.ഇ.ജി.പിയുമാണ് ഖാദിമേഖലയിൽ ഗ്രാമവ്യവസായങ്ങൾക്കുള്ള പദ്ധതികൾ. മദ്യം, പുകയില, മാംസസംസ്കരണം, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയവ ഉൾപ്പെടാത്ത എല്ലാ വ്യവസായങ്ങൾക്കും ഇപ്പോൾ ഈ പദ്ധതി വഴി സഹായം ലഭിക്കും. 25% മുതൽ 35% വരെ സബ്സിഡിയോടെ ബാങ്കു പലിശ നിരക്കിൽ ബാങ്കുവായ്പ ഉപയോഗപ്പെടുത്തുന്ന പദ്ധതികളാണിവ.

പാറ്റേൺ പദ്ധതിയിലൂടെ വളരെ ചെറിയ വായ്പയെടുത്ത് അടച്ചു തീർക്കാനാകാതെ റിക്കവറി നേരിടുന്ന നിരവധി പട്ടിണിപ്പാവങ്ങൾ ഉണ്ട്. 1958 മുതൽ 1995 വരെ നല്കിയ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ കുടിശ്ശികക്കാ

തുടെ ദരിദ്രാവസ്ഥമൂലം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. പരമദരിദ്രരായ ഇവരെ തിരിച്ചടവിൽ നിന്ന് ഒഴിവാക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും അംഗീകരിക്കപ്പെട്ടിട്ടില്ല. അക്കാലത്ത് ആരംഭിച്ച ഓടു കമ്പനികളടക്കം നിരവധി യൂണിറ്റുകൾ, തകർന്ന കെട്ടിടങ്ങളോടെ ഇന്ന് റിക്കവറി നേരിടുകയോ പ്രവർത്തനരഹിതമായി കിടക്കുകയോ ആണ്. നിലവിലുള്ള സാഹചര്യങ്ങളിൽ ആധുനികവൽക്കരണവും ഉൽപന്നവൈവിധ്യവൽക്കരണവും കൊണ്ട് നിരവധി യൂണിറ്റുകളെ പുനരുദ്ധരിക്കുവാൻ കഴിയും. ഉദാഹരണത്തിന് മേച്ചിൽ ഓടുകൾക്ക് പകരം തറയോടുകളും സീലിങ് ഓടുകളും മൺപാത്രങ്ങൾക്ക് പകരം കരകൗശല വസ്തുക്കളും പൂച്ചട്ടികളും തുടങ്ങിയവ (ഖാദി മേഖലയിലെ ഓട്ടു കമ്പനികൾ മിക്കതും മലബാർ മേഖലയിലാണ്). എന്തായാലും ഖാദി മേഖലയിലെ പഴയ ഗ്രാമവ്യവസായ യൂണിറ്റുകൾക്കാകെ ബാധകമായ പാക്കേജ് നടപ്പാക്കേണ്ടതാണ്. വ്യക്തിഗത വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ/എഴുതി തള്ളൽ, സംഘങ്ങളെ സജീവമാക്കി പുനരുദ്ധരിക്കൽ ഇവ പരിഗണിക്കേണ്ടതാണ്. കൺസോർഷ്യം പദ്ധതിയിലൂടെ വായ്പയെടുത്ത് റിക്കവറി നേരിടുന്നവർക്കും സമഗ്രമായ ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കേണ്ടതാണ്.

ഗ്രാമവ്യവസായ രംഗത്ത് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നിരവധി ഏജൻസികൾ ഇന്നു നിലവിലുണ്ട്. ഇവ ഏക ലക്ഷ്യത്തോടെയല്ല പ്രവർത്തിക്കുന്നത്. ഇവയുടെ എണ്ണം കുറച്ചുകൊണ്ടുവരികയും പ്രവർത്തനം ഏകോപിപ്പിക്കുകയും വേണം.

**ചെറുകിട വ്യവസായങ്ങൾ**

2006ൽ മൈക്രോ – സ്മാൾ – മീഡിയം – എന്റർപ്രൈസസ് നിയമം കേന്ദ്രസർക്കാർ പാസാക്കി. വൻകിട സ്ഥാപനങ്ങളല്ലാത്ത അതായത്, 10 കോടിയിൽ താഴെ മുതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യാം. പത്തുകോടി രൂപയിൽ കൂടുതൽ സ്ഥിരനിക്ഷേപമുള്ള ഫാക്ടറികളാണ് വൻകിട സ്ഥാപനങ്ങൾ. അഞ്ചു കോടിയ്ക്കും പത്തുകോടിയ്ക്കും ഇടയ്ക്കു നിക്ഷേപമുള്ള ഫാക്ടറികളാണ് ഇടത്തരം സ്ഥാപനങ്ങൾ. 25 ലക്ഷത്തിനും 5 കോടി രൂപയ്ക്കും ഇടയ്ക്കുള്ളവയാണ് ചെറുകിട ഫാക്ടറികൾ. 25 ലക്ഷത്തിൽ താഴെ നിക്ഷേപമുള്ളവരെ സൂക്ഷ്മ തൊഴിൽസ്ഥാപനങ്ങൾ എന്നുവിളിക്കുന്നു.

ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ച് 2006 – 07ൽ കേന്ദ്രസർക്കാർ അഖിലേന്ത്യാടിസ്ഥാനത്തിൽ സർവെ നടത്തുകയുണ്ടായി. അതുപ്രകാരം കേരളത്തിൽ മൊത്തം 14.68 ലക്ഷം സ്ഥാപനങ്ങളാണുള്ളത്. ഖാദി ഗ്രാമവ്യവസായ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം, വാർഷിക ഫാക്ടറി സർവെ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളെ രജിസ്റ്റേഡ് യൂണിറ്റുകൾ എന്നു വിളിക്കുന്നു. എംഎസ്എംഇ നിയമപ്രകാരം രജിസ്ട്രേഷൻ സ്വമേധയാ നടത്തേണ്ടതാണ്. എങ്കിലും താരതമ്യേന വലിയ യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്യപ്പെടുക. കേരളത്തിൽ രജിസ്ട്രേഡ് യൂണിറ്റുകൾ 1.50 ലക്ഷവും രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകൾ 13.18 ലക്ഷവും ആണ്. രജിസ്ട്രേഡ് യൂണിറ്റിനു ശരാശരി 4.16 തൊഴിലാളികൾ വീതവും രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകളിൽ ശരാശരി 1.82 തൊഴിലാളികളും പണിയെടുക്കുന്നു.

ഇന്ത്യയിലെ മൊത്തം സ്ഥാപനങ്ങളിൽ 5.62 ശതമാനം കേരളത്തിലാണ്. രജിസ്ട്രേഡ് മേഖല മാത്രമെടുത്താൽ ഈ തോത് 9.65 ശതമാനം വരും. സൂക്ഷ്മ ചെറുകിട മേഖലകൾ താരതമ്യേനെ വികസിച്ച സംസ്ഥാനമാണ് കേരളം.

കേരളത്തിലെ 14.68 ലക്ഷം യൂണിറ്റുകളിൽ 9.89 ലക്ഷം സ്ഥാപനങ്ങളും സേവനത്തുറകളിലാണ്. പട്ടിക 3.1ൽ കാണാവുന്നതുപോലെ 8.8 ലക്ഷം റീടെയിൽ കടകളും 1.2 ലക്ഷം ഹോൾസെയിൽ കടകളും ഏതാണ്ട് ഒരു ലക്ഷം റിപ്പയർ കടകളും കേരളത്തിലുണ്ട്. അങ്ങനെ വ്യാപാരമേഖല മാത്രം മൊത്തം സ്ഥാപനങ്ങളുടെ 41 ശതമാനത്തോളം വരും. ഇവയും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മറ്റു സേവനത്തുറകളിൽ പണിയെടുക്കുന്ന 19 ശതമാനത്തോളം വരുന്ന സ്ഥാപനങ്ങളെയും മാറ്റി നിർത്തിയാൽ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 16.2 ലക്ഷം വരും. ഇവയിൽ രജിസ്ട്രേഡ് യൂണിറ്റുകളുടെ എണ്ണം 5.3 ലക്ഷവും രജിസ്ട്രേഷൻ ഇല്ലാത്തവയുടെ എണ്ണം 10.9 ലക്ഷവുമാണ്. ഈ വ്യവസായ സ്ഥാപനങ്ങളിൽ മൊത്തം 16.2 ലക്ഷം പേർ തൊഴിലെടുക്കുന്നു. രജിസ്ട്രേഡ് യൂണിറ്റുകളിൽ പണിയെടുക്കുന്നവരുടെ എണ്ണം 5.3 ലക്ഷം വരും.

രജിസ്ട്രേഡ് യൂണിറ്റുകളിൽ പതിനായിരത്തിൽപരം സഹകരണസംഘങ്ങളും 3400 പബ്ലിക് ലിമിറ്റഡ് കമ്പനികളും 3000ത്തോളം സ്വകാര്യ കമ്പനികളും ഇവയിൽപെടുന്നു. എന്നാൽ 93 ശതമാനം സ്ഥാപനങ്ങളും പ്രൊപ്രൈറ്ററി അഥവാ ഒരാൾ മാത്രം ഉടമസ്ഥനായുള്ള ചെറുകിട അല്ലെങ്കിൽ മൈക്രോ സംരംഭങ്ങളാണ്.

ഈ വ്യവസായ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്ത്? രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ 17 ശതമാനം അടച്ചുപൂട്ടി. ഒമ്പതു ശതമാന

**പട്ടിക 3.1**

**കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണവും തൊഴിലെടുക്കുന്നവരും (മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസ് MSME)**

| കോഡ് മേഖല | യൂണിറ്റുകൾ | % | തൊഴിലാളികൾ | % | ശരാശരി തൊഴിലാളികൾ |
|---|---|---|---|---|---|
| 15 ഭക്ഷ്യോത്പന്നങ്ങൾ | 56974 | 3.88 | 225899 | 7.47 | 3.96 |
| 16 പുകയില | 32107 | 2.19 | 55364 | 1.83 | 1.72 |
| 17 തുണി | 62917 | 4.29 | 142231 | 4.70 | 2.26 |
| 18 തയ്യൽ തുടങ്ങിയവ | 184118 | 12.54 | 254519 | 8.42 | 1.38 |
| 19 ചെരുപ്പ് | 3110 | 0.21 | 9265 | 0.31 | 2.98 |
| 20 തടി വ്യവസായം | 38498 | 2.62 | 82850 | 2.74 | 2.15 |
| 24 രാസവ്യവസായം | 4023 | 0.27 | 27301 | 0.90 | 6.79 |
| 25 റബ്ബർ ഉൽപന്നങ്ങൾ | 5815 | 0.40 | 26237 | 0.87 | 4.51 |
| 26 കളിമൺ, കല്ല് തുടങ്ങിയവ | 10376 | 0.71 | 52558 | 1.74 | 5.07 |
| 28 മെറ്റൽ ഉൽപന്നങ്ങൾ | 18709 | 1.27 | 46532 | 1.54 | 2.49 |
| 36 ഫർണിച്ചർ, ആഭരണം, കരകൗശലം | 41499 | 2.83 | 95407 | 3.15 | 2.30 |
| മറ്റു വ്യവസായങ്ങൾ | 19958 | 1.36 | 70271 | 2.32 | 3.52 |
| 50 റിപ്പയർ | 35177 | 2.40 | 95810 | 3.17 | 2.72 |
| 51 മൊത്തവ്യാപാരം | 45644 | 3.11 | 120064 | 3.97 | 48.7 |
| 52 ചില്ലറ വ്യാപാരം | 527232 | 35.91 | 880305 | 29.11 | 1.67 |
| 55 ഹോട്ടൽ, | 94521 | 6.44 | 230279 | 7.61 | 2.44 |
| 64 പോസ്റ്റ്, ടെലിഫോൺ, കൊറിയർ തുടങ്ങിയവ | 36319 | 2.47 | 50911 | 1.68 | 1.40 |
| 71 വാടക സേവനങ്ങൾ | 46223 | 3.15 | 66470 | 2.20 | 1.44 |
| 74 പ്രൊഫഷണലുകൾ | 31273 | 2.13 | 74250 | 2.46 | 2.37 |
| 80 വിദ്യാഭ്യാസം | 46185 | 3.15 | 115509 | 3.82 | 2.50 |
| 85 ആരോഗ്യം | 37914 | 2.58 | 116939 | 3.87 | 3.08 |
| 92 ലൈബ്രറി തുടങ്ങിയവ | 16076 | 1.10 | 35955 | 1.19 | 2.24 |
| 93 അലക്ക്, ബാർബർ | 35472 | 2.42 | 50429 | 1.67 | 1.42 |
| മറ്റു സേവനങ്ങൾ | 23414 | 1.59 | 60264 | 1.99 | 2.57 |
| പ്രാഥമിക മേഖല | 10595 | 0.72 | 8667 | 0.29 | 0.82 |
| മറ്റുള്ളവ | 3955 | 0.27 | 29838 | 0.99 | 7.54 |
| ആകെ | 1468104 | 100.00 | 3024124 | 100.00 | 2.06 |

ത്തെ കണ്ടെത്താൻ കഴിഞ്ഞില്ല. ഇവ മാറ്റിനിർത്തി പ്രവർത്തനക്ഷമമായ സ്ഥാപനങ്ങളുടെ എണ്ണ മാണ് 1.5 ലക്ഷം. ഇവയിൽ ഗണ്യമായ ഭാഗം പീഡിത സ്ഥാപനങ്ങളാണ് എന്നു കരുതുന്നതിൽ തെറ്റുണ്ടാവില്ല. ഈ സ്ഥാപനങ്ങളുടെ കടബാ ധ്യത 2018 കോടി വരും. അതായത് ശരാശരി 1.4 ലക്ഷം രൂപ വീതം.

സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രോത്സാ ഹിപ്പിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഗ്രാമവികസന വകുപ്പ്, വ്യവസായ വകുപ്പ്, തുടങ്ങിയവയ്ക്കൊക്കെ സൂക്ഷ്മതൊഴിൽ സംരംഭകത്വ വികസനത്തിനു പരിപാടികളുണ്ട്. ബാങ്കു വായ്പയുമായി ബന്ധപ്പെടുത്തിയുള്ള സബ്സിഡി സ്കീമുകളാണ് ഇവയിൽ നല്ല പങ്കും. ഇതുവരെയുള്ള അനുഭവത്തിന്റെ അടി സ്ഥാനത്തിൽ ഈ തന്ത്രത്തിനു ഒരു മാറ്റം അനി വാര്യമാണ്. സമഗ്രമായ സമീപനം കൈക്കൊ ള്ളാൻ കഴിയണം. വായ്പയോടൊപ്പം സാങ്കേ തികവിദ്യ, പരിശീലനം, വിപണി തുടങ്ങിയവയെ ല്ലാം ഒരു പാക്കേജായി നൽകാൻ കഴിയണം. കുടുംബശ്രീയുടെ സമഗ്ര പ്രോജക്ട് ഈ ദിശയിൽ ഒരു പ്രധാനപ്പെട്ട പരീക്ഷണമാണ്.

സംരംഭകത്വ പരിശീലനം കൂടുതൽ ശക്തി പ്പെടുത്തണം. നടപ്പാക്കാവുന്ന പ്രൊജക്ടുകൾ കണ്ടെത്തുകയും വ്യവസായത്തിന് ആവശ്യമായ വായ്പ തുടങ്ങിയ മറ്റു ഘടകങ്ങളെ സംരംഭകത്വ പരിശീലനങ്ങളുമായി ബന്ധപ്പെടുത്തുകയും വേണം. പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾ, ആരംഭിക്കുന്ന സംരംഭങ്ങളുടെ മേൽനോട്ട ചുമ തലകൂടി വഹിക്കേണ്ടതുണ്ട്. മിക്ക മൈക്രോസം രംഭങ്ങളും, പ്രത്യേകിച്ച് ഭക്ഷ്യ ഉൽപാദന വിത രണ മേഖലയിലുള്ളവ, കടബാധ്യത വരുത്തി വച്ചുകൊണ്ട് അസ്തമിക്കുന്നു. ബന്ധപ്പെട്ട വ്യവ സായങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കി ബ്രാൻഡ് നാമത്തിൽ കേന്ദ്രീകൃതമായി വിപണനം ചെയ്യാനുള്ള പദ്ധതികളാണ് അഭികാമ്യം. മൈക്രോ സംരംഭങ്ങൾക്കുവേണ്ടി പൊതുസൗകര്യകേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതും ആലോചിക്കേണ്ടതുണ്ട്.

ചെറുകിട വ്യവസായങ്ങൾക്കു വേണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്നത് ആസൂത്രണത്തിന്റെ തുടക്കം മുതൽ അംഗീകരിച്ചിട്ടുള്ള നയമാണ്. 241 ഏക്കർ വിസ്തൃ തിയിൽ 17 വലിയ ഇൻഡസ്ട്രി എസ്റ്റേറ്റുകളി ലായി 669 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതി നുപുറമെ 146 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുക ളുമുണ്ട്. ഇവയിൽ ആയിരത്തിൽപരം യൂണിറ്റു കൾ പ്രവർത്തിക്കുന്നുണ്ട്. ഈ വ്യവസായ എസ്റ്റേ റ്റുകൾ സ്ഥാപിക്കപ്പെട്ടതിനു ശേഷം ഇവയുടെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനു നടപടികളൊന്നും സ്വീകരിക്കാത്തതിന്റെ ഫലമാ യി പലവിധത്തിലുമുള്ള പ്രയാസങ്ങൾ നേരിടു ന്നുണ്ട്. വ്യവസായ പ്ലോട്ടുകളുടെ ഉടമസ്ഥത തന്നെ വ്യവസായികൾക്കു കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഇപ്പോൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റു സങ്കൽപത്തിൽ നിന്നു കൂടുതൽ വിശാലമായ ഒരു സമീപനത്തിലേക്കു മാറിക്കൊണ്ടിരിക്കുക യാണ്. വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുക എന്നുള്ളതാണു പുതിയ നയം. ഒരേ സ്വഭാവത്തി ലുള്ള വ്യവസായങ്ങളുടെ ഒരു കൂട്ടത്തെയാണ് ക്ലസ്റ്റർ എന്നുപറയുന്നത്. ഇങ്ങനെ ഒരുമിച്ചു സ്ഥാപിച്ചാൽ ഇവയ്ക്കെല്ലാം ആവശ്യമായ പൊതുവായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനു കഴിയും. എന്നാൽ ക്ലസ്റ്റർ സമ്പ്രദായം ഇന്നും പരീക്ഷണദശയിൽ നിന്ന് അധികം മുന്നോട്ടുപോയിട്ടില്ല. ഇപ്പോൾ ഇത്തരത്തിൽ ക്ലസ്റ്ററുകളായി പ്രവർത്തിക്കുന്ന റബ്ബർ, പ്ലൈവു ഡ്, നെല്ലുകുത്ത്, നാടൻ ഭക്ഷണം, സ്വർണാഭര ണം, വജ്രം പോളിഷിങ്, പ്ലാസ്റ്റിക് വസ്തുക്കൾ, ടൈലുകൾ, കുപ്പായങ്ങൾ, തോൽ, മുള, സിൽക്ക്, ഭക്ഷ്യസംസ്ക്കരണം, പെയിന്റ്, ജനറൽ എഞ്ചി നീയറിങ് തുടങ്ങിയ വ്യവസായങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യണം.

ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പ കൾ സഹായപലിശയ്ക്കു ലഭ്യമാക്കാൻ കഴിയ ണം. ഇതിനുള്ള ഏജൻസിയായി കേരള ഫിനാൻഷ്യൽ കോർപറേഷനെ രൂപാന്തരപ്പെടു ത്താൻ കഴിയും എന്ന് കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവം സൂചിപ്പിക്കുന്നു.

### 3.4 പൊതുമേഖല സ്ഥാപനങ്ങളുടെ വികസനം

വേണ്ടത്ര സ്വകാര്യ മുതൽമുടക്കിന്റെ അഭാവത്തിൽ കേരളത്തിന്റെ വ്യവസായ വികസനത്തിൽ പൊതുമേഖല നിർണായകമായ

പങ്കുവഹിക്കുകയുണ്ടായി. സ്വകാര്യമൂലധന നിക്ഷേപം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പൊതുമേഖലയ്ക്കു വികസനത്തിൽ ഒരു പങ്കുവഹിക്കാനുണ്ടാകും. തൊഴിൽ ബന്ധങ്ങളിലും സാമൂഹ്യലക്ഷ്യങ്ങളിലും പൊതുമേഖല ഒരു മാനദണ്ഡമായി നിലനിർത്താനാവും. വ്യവസായമേഖലയിൽ സർക്കാർ ഇടപെടലിനുള്ള ഫലപ്രദമായ ഒരുപാധിയുമായിരിക്കും ഇത്.

114 പൊതുമേഖല സ്ഥാപനങ്ങളിൽ 8 എണ്ണം സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളാണ്. 2007–08 ലും 2008–09 ലും 5 കമ്പനികൾ കൈമാറ്റം ചെയ്യപ്പെടുകയോ, പരസ്പരം ലയിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. 84 സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത്. ഈ 84 സ്ഥാപനങ്ങളുടെയും ആകെ ഓഹരി മൂലധനം 7509.91 കോടി രൂപയാണ്. ഇതിൽ നിടത്തിയിട്ടുള്ള മൂലധന നിക്ഷേപം 18178.84 കോടി രൂപയാണ്. 2008–09 ൽ ഈ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 15756.59 കോടി രൂപയായിരുന്നു. 51 സ്ഥാപനങ്ങളാണ് ലാഭമുണ്ടാക്കിയത്. അവയുടെ ലാഭം 770.02 കോടി രൂപയായിരുന്നു. 33 സ്ഥാപനങ്ങൾ 336.12 കോടി രൂപ നഷ്ടമുണ്ടാക്കി. വ്യവസായമേഖലയാകെ 433.90 കോടി രൂപ ലാഭമുണ്ടാക്കി.

എന്നാൽ അഞ്ചുവർഷം മുമ്പു പൊതുമേഖലയുടെ സ്ഥിതി പരിതാപകരമായിരുന്നു. 42 വ്യവസായ പൊതുമേഖലാ കമ്പനികൾ മാത്രം 69 കോടി രൂപ നഷ്ടം വരുത്തിവെച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സാമ്പത്തിക വികസനത്തിനു പൊതുമേഖല ഒരു പ്രതിബന്ധമാണെന്ന നിഗമനത്തിലേയ്ക്കു ചിലരെത്തിച്ചേർന്നു. 2001–2006 ൽ അധികാരത്തിൽവന്ന യു.ഡി.എഫ് സർക്കാർ പൊതുമേഖല നവീകരണ കമ്മറ്റി (എന്റർപ്രൈസസ് റിഫോംസ് കമ്മറ്റി) രൂപീകരിക്കുകയുണ്ടായി. ചൗധരി കമ്മറ്റി എന്നറിയപ്പെടുന്ന ആ കമ്മറ്റി പല പൊതുമേഖല യൂണിറ്റുകളും അടച്ചുപൂട്ടുവാൻ നിർദേശിക്കുകയും സ്വകാര്യവൽക്കരിക്കേണ്ട സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഈ ശുപാർശ പ്രകാരം 15 പൊതുമേഖല സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും 24 എണ്ണം സ്വകര്യവൽക്കരിക്കാനും സർക്കാർ ഉത്തരവുകൾ ഇറക്കി. എന്നാൽ ഇടതുപാർട്ടികളുടെയും ജീവനക്കാരുടെയും ശക്തമായ പ്രതിരോധം മൂലം ചൗധരി കമ്മറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആ സർക്കാരിന് കഴിഞ്ഞില്ല.

2006–ൽ അധികാരത്തിലേറിയ ഇടതുപക്ഷ സർക്കാരിന് പൊതുമേഖല സ്ഥാപനങ്ങൾ പുനരുദ്ധരിക്കാനും വികസിപ്പിക്കാനുമുള്ള പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. രണ്ടാം അന്താരാഷ്ട്ര പഠന കോൺഗ്രസിൽ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങൾക്ക് അനുസൃതമായ ഒരു വ്യവസായ നയമാണ് 2006 ൽ സർക്കാർ പ്രഖ്യാപിച്ചത്.

വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലാസ്ഥാപനങ്ങൾ കൈവരിച്ച നേട്ടം അഭൂതപൂർവമായിരുന്നു. 2006–07 സാമ്പത്തിക വർഷത്തേയ്ക്ക് യു.ഡി.എഫ് സർക്കാർ 5 കോടി രൂപമാത്രമായിരുന്നു പൊതുമേഖലയ്ക്ക് ബഡ്ജറ്റിൽ നീക്കിവെച്ചിരുന്നത്. എൽ.ഡി.എഫ് സർക്കാർ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ അത് 53 കോടി രൂപയായി വർധിപ്പിച്ചു. 2006–07 ൽ 42 കമ്പനികൾ തലേവർഷത്തെ 69 കോടിയുടെ നഷ്ടത്തിൽ നിന്നു കരകയറി 91 കോടി രൂപ ലാഭമുണ്ടാക്കി. 2007–08 ൽ മൊത്ത ലാഭം 80 കോടി രൂപയും 2008–09 ൽ അത് 169 കോടി രൂപയുമായി വർധിച്ചു. 2009–10ൽ 240 കോടി രൂപയുടെ റെക്കോഡു ലാഭം പൊതുമേഖല കൈവരിച്ചു.

**പൊതുമേഖലാ പുനരുദ്ധാരണ തന്ത്രം**

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പൊതുമേഖലസ്ഥാപനവും സ്വകാര്യവൽക്കരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ലാഭത്തിൽ പ്രവർത്തിക്കുന്നവ ആധുനികവൽക്കരിക്കാനും വിപുലീകരിക്കാനും പദ്ധതി തയ്യാറാക്കി. പൂട്ടിക്കിടന്നവയിൽ പുനരുദ്ധാരണ സാദ്ധ്യതയുള്ളവ തിരഞ്ഞെടുത്ത് പുനരുദ്ധരിക്കാൻ തീരുമാനിച്ചു. കോഴിക്കോട്ടെ മലബാർ വീവിംഗ് ആന്റ് സ്പിന്നിങ് മിൽ, കേരള സോപ്സ്, ബാലരാമപുരം സ്പിന്നിങ് മിൽ, ആലപ്പുഴയിലെ കെ.എസ്.ഡി.പി തുടങ്ങിയ സ്ഥാപനങ്ങൾ അതനുസരിച്ച് തുറന്ന് പ്രവർത്തനം തുടങ്ങി. ഓരോ സ്ഥാപനങ്ങളെയും പ്രത്യേകമായെടുത്ത് പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കി.

ഒന്ന്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനപരമായ പുനഃസംഘടനയായിരുന്നു ആദ്യത്തെ പ്രധാനപ്പെട്ട ഇടപെടൽ. നേരത്തെ നഷ്ടത്തിൽ

പ്രവർത്തിച്ചിരുന്ന കമ്പനികൾ, ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടക്കാനാവാതെ വൻ കുടിശ്ശിക വരുത്തിയിരുന്നു. അതെല്ലാം സർക്കാർ ഇടപെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി അവയെ കടബാധ്യതയിൽ നിന്നും മുക്തമാക്കി. 90.98 കോടി മുടക്കി 359.66 കോടി തീർപ്പാക്കി. നിലവിലുള്ള സർക്കാർ വായ്പകളെ ഓഹരികളാക്കി മാറ്റി. പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിനും പുനരുദ്ധാരണത്തിനും പലിശനിരക്ക് കുറഞ്ഞ വായ്പ അനുവദിച്ചു. നിലവിലുള്ള സ്വത്തുക്കളുടെ പുനർമൂല്യനിർണയം നടത്തി കൂടുതൽ വിഭവസമാഹരണം നടത്താൻ പ്രാപ്തമാക്കി.

രണ്ട്, പൊതുമേഖലാസ്ഥാപനങ്ങളിൽ എം.ഡി.മാരായി പ്രൊഫഷണലുകളെ നിയമിക്കാനും മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്താനും നടപടിയെടുത്തു. സി.ഇ.ഒ നിയമനം പരിപൂർണമായും രാഷ്ട്രീയമുക്തമാക്കി. കമ്പനിയുടെ പ്രവർത്തനം സമയബന്ധിതമായി അവലോകനം ചെയ്യാൻ തുടങ്ങി. സ്ഥാപനങ്ങൾക്കു കൂടുതൽ സ്വയംഭരണം നൽകി.

മൂന്ന്, പൊതുമേഖലയുടെ നവീകരണത്തിനു സ്വകാര്യ മുതലാളിമാരുമായുള്ള കൂട്ടുസംരംഭത്തിനു (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) പകരം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിക്കുന്ന നയം രൂപീകരിച്ചു. കേന്ദ്ര പൊതുമേഖലാ വൈദ്യുതി സ്ഥാപനമായ എൻടിപിസി, സെയ്ൽ, പ്രതിരോധ വകുപ്പിന്റെ സ്ഥാപനങ്ങൾ, റെയിൽവേ തുടങ്ങിയവയുമായി കൂട്ടുസംരംഭങ്ങളിലേർപ്പെട്ടു. കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളുമായി സംയുക്തസംരംഭങ്ങൾ ആരംഭിച്ചു. (NTPC- TELK, SAIL-SCL, BHEL-KEL) RAILWAY-SFU-AUTOKAST പദ്ധതി മാത്രം നടപ്പിലാക്കാൻ സാധിച്ചില്ല. 2009 ഫെബ്രുവരി 17ന് ഒപ്പിട്ട സംയുക്തസംരംഭകരാർ ഒപ്പിട്ടെങ്കിലും പുതിയ റെയിൽവേ മന്ത്രി തികച്ചും നിഷേധാത്മകമായ സമീപനമാണു കൈക്കൊണ്ടത്.

നാല്, പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളിൽ ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനും സാങ്കേതിക നവീകരണത്തിനും നടപടികൾ എടുത്തു. ആവശ്യമായ ധനസഹായം നൽകി. ഉൽപാദന ക്ഷമത ഉയർത്താനായി പ്രവർത്തന മൂലധനസഹായം, സമയാസമയത്ത് മെഷിനറികളുടെ അറ്റകുറ്റപ്പണികൾ നടത്തുക, മനുഷ്യവിഭവശേഷികളുടെ ശാസ്ത്രീയമായ ഉപയോഗം, എം.ഐ.എസ് സംവിധാനം ശക്തിപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി.

അഞ്ച്, സ്വകാര്യ മേഖലയിൽ നിന്നു ലഭിക്കുന്ന കമ്മീഷൻ കാരണം പല സർക്കാർ വകുപ്പുകളും സ്വകാര്യ മേഖലയിൽ നിന്നാണ് അവർക്കു വേണ്ടുന്ന ഉൽപന്നങ്ങൾ വാങ്ങിയിരുന്നത്. കേരളത്തിലെ പൊതുമേഖലാ ഇലക്ട്രിക്കൽ വ്യവസായശാലകൾ പണിയില്ലാതെ വിഷമിക്കുമ്പോഴും കേരള വൈദ്യുതി ബോർഡ് ഇലക്ട്രിക്കൽ ഉപകരണങ്ങളിൽ പലതും പുറത്തുനിന്നാണ് വാങ്ങിയിരുന്നത്! പൊതുമേഖലാ മരുന്നു കമ്പനി ഓർഡറില്ലാതെ വിഷമിക്കുമ്പോഴും ആരോഗ്യവകുപ്പ് പുറത്തുനിന്നാണ് മരുന്നു വാങ്ങിയിരുന്നത്. ഈ സ്ഥിതിവിശേഷം അവസാനിപ്പിച്ചു.

ആറ്, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും ശക്തിപ്പെടുത്തി. സമാനമായ സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംയോജിപ്പിച്ചു. കെൽട്രോൺ മാഗ്നറ്റിക്സ്, കെൽട്രോൺ ക്രിസ്റ്റൽസ്, കെൽട്രോൺ റസിസ്റ്റേഴ്സ്, കെൽ ട്രോൺ കമ്പോണൻസ് കോംപ്ലക്സ് എന്നിവയെ ഒന്നാക്കി. കെൽ–യുണൈറ്റഡ് ഇലക്ട്രിക്കൽസ് – ട്രാക്കോ കേബിൾ കമ്പനി, മലബാർ സിമന്റ്സ് – ട്രാവൻകൂർ സിമന്റ്സ് എന്നിവയെ ഏകോപിപ്പിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

ഏഴ്, തൊഴിൽ ബന്ധങ്ങൾ മെച്ചപ്പെടുത്തി. ലാഭം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ കരാറുകളാകെ പുതുക്കി.

### പൊതുമേഖലയുടെ വിപുലീകരണം

നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുകയും അവ ലാഭകരമാവുകയും ചെയ്തതോടെ ആ ലാഭം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾക്കു രൂപം നൽകുന്നതിനോ നിലവിലുള്ളവ വിപുലീകരിക്കുന്നതിനോ വേണ്ടി ചെലവഴിക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തു. പ്രവർത്തനം നിലച്ചിരുന്ന അഞ്ചു പൊതുമേഖല സ്ഥാപനങ്ങളുടെ ഭൂമി കിൻഫ്ര, കെഎസ്ഐഡിസി, കെഎസ്ഐഇ, സിഡ്കോ എന്നീ ഏജൻസികൾ വഴി ഇൻഡസ്ട്രിയൽ പാർക്കുകളാക്കി രൂപാന്തരപ്പെടുത്തി.

മൂന്നു സ്പിന്നിംഗ് വീവിംഗ് മില്ലുകൾ, രണ്ടു ടൂൾ റൂമുകൾ, കേബിൾ യൂണിറ്റ്, ഫോർജിംഗ് യൂണിറ്റ്, മീറ്റർ ഫാക്ടറി, കണ്ടെയിനർ ഫ്രെയിറ്റ് സ്റ്റേഷൻ, ബാംബൂ ഫ്ളോർ ടൈൽ യൂണിറ്റ് എന്നിങ്ങനെ പത്തു പുതിയ സ്ഥാപനങ്ങൾ പൊ തു മേഖലയിൽ സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. മൊത്തം 170 കോടി രൂപയാണ് ഇവയുടെ മുതൽമുടക്ക്. 2010 മെയ് മാസത്തിൽ തറക്കല്ലിട്ട ഈ പത്തു ഫാക്ടറികളും 2011 ഫെബ്രുവരിയ്ക്കുള്ളിൽ ഉദ്ഘാടനം ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ഈ പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ ഫണ്ടിന്റെ മുഖ്യപങ്കും പൊതുമേഖല സ്ഥാപനങ്ങളുടെ ലാഭത്തിൽനിന്നും കണ്ടെത്തുകയാണ്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു നടപടിയെടുക്കുന്നത്. കെ.എം.എം.എൽ, മലബാർ സിമന്റ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 100 കോടി രൂപയാണ് സ്വരൂപിക്കുന്നത്. കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി എന്നിവയും സാമ്പത്തിക സഹായം നൽകുന്നു. പൊതുമേഖല സ്ഥാപനങ്ങൾ നൽകുന്ന സഹായത്തിന്റെ 50 ശതമാനം ഇകിറ്റിയും ബാക്കി 50 ശതമാനം 7 ശതമാനം പലിശനിരക്കുള്ള ലോണുമാണ്.

ഇതുകൂടാതെ കെഎസ്ഡിസി, ടിടിപി, കെഎസ്ഡിപി, മെറ്റൽ ഇൻഡസ്ട്രീസ്, എസ്ഐഎഫ്എൽ, കെൽട്രോൺ ഇലക്ട്രോസെറാമിക്സ് കെ.എം.എം.എൽ എന്നിങ്ങനെ നിലവിലുള്ള ഏഴ് ഫാക്ടറികളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ മൊത്തം ചെലവ് 193 കോടി രൂപയാണ്.

വി.എസ്.എസ്.സി–ഡി.എം.ആർ.എൽ സഹായത്തോടെ 500 റ്റിപിഎ ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി കെ.എം.എം.എൽ നടപ്പിലാക്കുകയാണ്. ഈ വർഷം തന്നെ ഈ പ്ലാന്റ് കമ്മീഷൻ ചെയ്യാനാവും. അങ്ങനെ ടൈറ്റാനിയം സ്പോഞ്ച് നിർമാണ സാങ്കേതികവിദ്യ സ്വന്തമായുള്ള ഏഴാമത്തെ രാഷ്ട്രമായി ഇന്ത്യ മാറും. ഇതിന്റെ നിർമാണചെലവ് 150 കോടി രൂപയോളം വരും. ബ്രഹ്മോസ്, എച്ച്.എ.എൽ, ബി.ഇ.എം.എൽ & ബെൽ എന്നിങ്ങനെ നാല് കേന്ദ്രസ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കപ്പെട്ടു.

5857 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. എല്ലാ പൊതുമേഖല സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വേതന വർധനവ് നടപ്പിലാക്കി. ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സാധിക്കാത്ത ഇടങ്ങളിൽ ഇടക്കാലാശ്വാസമായോ, ഇൻസെന്റീവായോ വർധനവ് നൽകുകയുണ്ടായി.

### ഭാവി പ്രവർത്തനങ്ങൾ

കാലഘട്ടത്തിനനുസരിച്ചുള്ള സാമൂഹിക സാമ്പത്തിക മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തന്നെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യകതയും അവയുടെ ഉദ്ദേശലക്ഷ്യങ്ങളെയും കുറിച്ച് പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ഒരു പൊതുമേഖലാ വ്യവസായം അതിന്റെ ഉൽപ്പന്നത്തിനും വിപണിക്കും ഉപരിയായി അത് നിലകൊള്ളുന്ന സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായും പ്രവർത്തിക്കേണ്ടതുണ്ട്. സ്ഥാപനത്തിന് ചുറ്റും അനുബന്ധവ്യവസായങ്ങൾ തുടങ്ങാനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകാൻ അത്തരം സ്ഥാപനങ്ങൾക്ക് കഴിയും. ഉദാഹരണത്തിന് കെൽട്രോണിന് ഇലക്ട്രോണിക് കംപോണൻസിന്റെ നിർമാണത്തിനും കേരള സോപ്സ് ആൻഡ് ഓയിൽസിന് സോപ്പുനിർമാണവുമായി ബന്ധപ്പെട്ടും ഒട്ടനവധി ചെറിയ വ്യവസായങ്ങളുടെ ഉപദേഷ്ടാവായും പ്രമോട്ടറായും പ്രവർത്തിക്കാൻ കഴിയും. കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഇത്തരം ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത് ആ മേഖലകളുടെ സാമ്പത്തിക വികസനത്തെ അങ്ങേയറ്റം സഹായിക്കുന്നു.

പൊതുമേഖ സ്ഥാപനങ്ങൾ ആധുനികവൽക്കരണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ അവ തീർപ്പാക്കാൻ വളരെയേറെ സമയമെടുക്കുന്നതായി കാണുന്നുണ്ട്. പദ്ധതികൾ പരിശോധിക്കാനും അനുമതി നൽകാനും ഏകജാലക രീതിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു കോർഗ്രൂപ്പ് ഉണ്ടാക്കാവുന്നതാണ്. കോർ ഗ്രൂപ്പിന്റെ തീരുമാനം അന്തിമമായി കണക്കാക്കുകയും പിന്നീട് വിവിധ വകുപ്പുകളുടെ തുടർന്നുള്ള തീർപ്പുകൾക്കായി കാത്തിരിക്കാതെ പദ്ധതി നടപ്പാക്കാനും കഴിയണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും പുനരുദ്ധാരണത്തിനും

ആയി സർക്കാർ അനുവദിക്കുന്ന ബജറ്റ് ആനുകൂല്യങ്ങൾ അതാത് സ്ഥാപനങ്ങളിലെ സർക്കാർ ഓഹരിയായി മാറ്റുക.

കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങൾക്കും അവയുടെ ഉൽപാദനശേഷി പരിപൂർണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പല സ്ഥാപനങ്ങളിലും കാലപ്പഴക്കം വന്ന ഉപകരണങ്ങളും യന്ത്രങ്ങളും അപ്പാടെ മാറ്റേണ്ടസ്ഥിതിയിലുമാണ്. എന്നാൽ നിലവിലുള്ള ഉത്പാദനശേഷിയുടെയും മറ്റ് അനുബന്ധ യന്ത്രങ്ങളുടെയും പരിമിതികൾ മൂലം വലിയ തോതിൽ നിക്ഷേപം നടത്തുന്നതിനും കഴിയുകയില്ല. ചില സ്ഥാപനങ്ങളിലെങ്കിലും നിലവിലുള്ള ഉൽപാദനപ്രക്രിയയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കാളും ചിലവ് കുറവായിരിക്കും പുതിയ ഉൽപാദനപ്രക്രിയ തന്നെ സ്ഥാപിക്കുന്നത്. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് പ്രായോഗികതലത്തിലുള്ള പഠനം അനിവാര്യമാണ്.

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സ്ഥാപനത്തിന്റെ പ്രവർത്തനമൂലധനത്തിലേക്ക് വഴിതിരിച്ചുവിടുന്ന രീതിയിലേക്ക് ഒരു പരിധിവരെ വിരാമം വന്നിട്ടുണ്ട്. എന്നാൽ ആ നിക്ഷേപം ഉപയോഗിച്ച് പ്രൊജക്ടുകൾ കാര്യക്ഷമമായി മുൻപോട്ടുകൊണ്ടുപോകാൻ പല സ്ഥാപനങ്ങൾക്കും കഴിയുന്നില്ല. സ്ഥാപനത്തിലെ പരിചയസമ്പന്നരായ മാനേജർമാരുടെ അഭാവംതന്നെയാണ് പ്രധാന പ്രശ്നം. ഈ സ്ഥാപനങ്ങൾ കൺസൾട്ടൻസിക്കായി ധാരാളം തുക ചെലവഴിക്കുന്നതായും കാണുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലെ പ്രൊഡക്ട് തയ്യാറാക്കൽ, നടത്തിപ്പ്, ഫണ്ട് വിനിയോഗം തുടങ്ങിയവ നിരീക്ഷിക്കാനും വേണ്ട വിധത്തിലുള്ള ഉപദേശങ്ങൾ നൽകാനും പ്രൊഫഷണലുകളും മാനേജ്മെന്റ് വിദഗ്ദരും ഉൾപ്പെട്ട ഒരു കോർ ഗ്രൂപ്പ് സംസ്ഥാനതലത്തിൽ ഉണ്ടാക്കാവുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായി ഒരു മാതൃകാ കമ്പനി ഭരണ ചാർട്ടർ വികസിപ്പിച്ചെടുക്കേണ്ടതാണ്. ബോർഡുകൾ എങ്ങനെ തിരഞ്ഞെടുക്കണം. ബോർഡിന്റെ ചുമതലകൾ എന്തായിരിക്കണം, ബോർഡും മാനേജ്മെന്റും തമ്മിലുള്ള ബന്ധം തുടങ്ങിയവ ഈ മാതൃകാ ചാർട്ടറിൽ നിർവചിക്കണം. നിശ്ചിത വാണിജ്യ മാനദണ്ഡങ്ങൾ പരിപാലിക്കുന്ന കമ്പനികൾക്കു സ്വയംഭരണം അനുവദിക്കണം.

പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭരണ വകുപ്പിനുമിടയിൽ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ധാരണാപത്രം കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലേതുപോലെ നടപ്പിൽ വരുത്തണം. അതതു വർഷങ്ങളിൽ എന്തൊക്കെയാണ് നേടിയെടുക്കേണ്ടതെന്നും അതിനുവേണ്ടി ഈ സ്ഥാപനങ്ങൾക്ക് ഏതു വിധത്തിലുള്ള സ്വതന്ത്ര ഭരണാധികാരമാണ് നൽകേണ്ടതെന്നും ഈ ധാരണാപത്രത്തിൽ കൃത്യമായും വിവക്ഷിക്കണം.

സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലയിപ്പിക്കുന്ന നടപടികളുമായി ശക്തമായി മുന്നോട്ട് പോകണം.

പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും അടിസ്ഥാന മേഖലകളിൽ പ്രൊഫഷണലുകളുടെ അഭാവം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റ് തലത്തിലും ഒന്നും രണ്ടും നിരകളിലും ഈ വിടവ് വളരെയധികം പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഇന്നു നിലനിൽക്കുന്ന സേവനവേതനവ്യവസ്ഥകൾ പരിഷ്കരിക്കുന്ന രീതിയാണ് ഇതിന് ഒരു പ്രധാന കാരണം.

പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാരിന്റെ വിവിധ വകുപ്പുകളും വാങ്ങണം എന്ന നിർദേശം നൽകിയിട്ടുണ്ടെങ്കിലും അത് കാര്യക്ഷമമായി നടക്കുന്നതായി കാണുന്നില്ല. ഈ മേഖലയിലെ ഉൽപന്നങ്ങളുടെ ലഭ്യതയും പൊതുമേഖലാസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ആവശ്യങ്ങളും സുതാര്യമായ രീതിയിൽ വിലയിരുത്തി അവയെ കൂട്ടി യോജിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. കഴിയുമെങ്കിൽ സംസ്ഥാനതലത്തിൽ ഇക്കാര്യത്തിൽ മോണിറ്ററിങ് സമ്പ്രദായവും ഡാറ്റാബേസും ഉണ്ടാക്കേണ്ടതാണ്.

പൊതുമേഖലാ വ്യവസായങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്ന രീതിയ്ക്ക് അവസാനമുണ്ടാകണം. ആഗോളവിപണിയിലേയ്ക്ക് ഇറങ്ങിച്ചെന്ന് മാത്സര്യബുദ്ധിയോടെ പ്രവർത്തിക്കാനുള്ള ശേഷിയും ശേമുഷിയും ഈ സ്ഥാപനങ്ങൾ കൈവരിക്ക

ണം. വിപണിയുടെയും അസംസ്കൃതവസ്തുക്കളുടെയും സാമീപ്യവും ചിലവ് കുറഞ്ഞ അനുബന്ധ ഘടകങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പൊതുമേഖലാ വ്യവസായങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വേണമെങ്കിൽ രാജ്യത്തിന് പുറത്തേയ്ക്കും വ്യാപിപ്പിക്കണം. എഞ്ചിനീയറിങ് രാസവ്യവസായങ്ങൾക്ക് ഇത്തരത്തിലുള്ള വികസനത്തിന് ഒട്ടനവധി അവസരങ്ങളുണ്ട്.

**3.4 പുതിയ വളർച്ചാ മേഖലകൾ**

2004 മാർച്ച് 31-ന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 719 വലുതും ഇടത്തരവുമായ വ്യവസായങ്ങളുണ്ട്. ഇവയിൽ 23 എണ്ണം കേന്ദ്രസർക്കാരിന്റേതായും 94 എണ്ണം സംസ്ഥാന സംയുക്ത മേഖലയിലും 20 എണ്ണം സഹകരണ രംഗത്തും 582 എണ്ണം സ്വകാര്യ ഉടമസ്ഥതയിലും ഉള്ളതാണ്.

23 കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലെ മൊത്തം മുതൽമുടക്ക് 14548 കോടി രൂപയാണ്. 47971 തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു. ഇവയിൽ പലതും ഫാക്റ്റും എച്ച്.എം.ടിയും ഉൾപ്പെടെ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി ഊർധ്വശ്വാസം വലിക്കുകയാണ്. കൊച്ചി എണ്ണ ശുദ്ധീകരണശാല, ദേശീയ തെർമൽ പവർ കോർപ്പറേഷന്റെ കായംകുളം താപനിലയം എന്നീ സ്ഥാപനങ്ങൾ വിപുലീകരണത്തിന്റെ പാതയിലാണ്.

കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ യാഥാർഥ്യമാകുമ്പോൾ കേരളത്തിൽ പരിസ്ഥിതി സൗഹൃദവും താരതമ്യേന വിലകുറഞ്ഞതുമായ പ്രകൃതി വാതകം ലഭ്യമാകും. ഫ്യുവൽ ഓയിലിന് MM Btu ന് 1516 ഡോളർ വിലയും നാഫ്തക്ക് MM Btu ന് 1820 ഡോളർ വിലയുമുള്ള സ്ഥാനത്ത് പ്രകൃതി വാതകത്തിന് 3.54 ഡോളറെ MM Btu ന് വരികയുള്ളു. സംസ്ഥാനത്ത് നിലവിലുള്ള ഒട്ടേറെ വ്യവസായങ്ങൾക്ക് വില കുറഞ്ഞ താപ ഊർജം ലഭ്യമാക്കാൻ ഇതുകൊണ്ട് കഴിയും. വാതക കാറുകൾ, ചെറുകിട സ്ഥാപനങ്ങൾ, ഗാർഹികോപകരണങ്ങൾ തുടങ്ങിയവയ്ക്കെല്ലാം വിൽക്കുന്നതിനായി ഒരു പ്രത്യേക കമ്പനിക്കുതന്നെ രൂപം നൽകണം. ഇതിന് ഇപ്പോൾതന്നെ Gail-bpcl-ksidc സംയുക്ത സംരംഭത്തിൽ ഒരു പ്രോജക്ട് പ്രൊപ്പോസലുണ്ട്. വാതക വിലയേയും വിതരണത്തേയും സ്വാധീനിക്കാനുതകുന്ന രീതിയിൽ ഈ കമ്പനിയിൽ കേരള സർക്കാർ ഓഹരി ഉടമസ്ഥത ഉറപ്പുവരുത്തേണ്ടതുണ്ട്.

എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ അമ്പലമേട്ടിൽ പ്രകൃതിവാതകം ഫീസ് സ്റ്റോക്കായി ഉപയോഗപ്പെടുത്തിക്കൊണ്ട് ലോക നിലവാരത്തിലുള്ള ഒരു അമോണിയ യൂറിയ കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയും. നാഫ്തയെ അടിസ്ഥാനമാക്കിയുള്ള പഴയ അമോണിയ യൂറിയ കോംപ്ലക്സ് അടച്ചുപൂട്ടിയതിനെ തുടർന്ന് വെറുതെകിടക്കുന്ന ഫാക്റ്റിന്റെ കൊച്ചിൻ ഡിവിഷന്റെ പശ്ചാത്തല സൗകര്യങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരമൊരു വിപുലീകരണം ഫാക്റ്റിന്റെ മത്സരശേഷി ഉയർത്തുകയും തുടർന്നുള്ള വികസനത്തെ സഹായിക്കുകയും ചെയ്യും. കാസർഗോഡ് ജില്ലയിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുക എന്നത് ദീർഘകാലമായി പരിഗണിക്കപ്പെട്ടുവരുന്ന കാര്യമാണ്. പ്രകൃതി വാതക ലഭ്യത ഈ പ്രൊജക്റ്റിന് ഉത്തേജനമാകും.

ടൈറ്റാനിയം അടിസ്ഥാനത്തിലുള്ള പിഗ്മെന്റുകളും പെയിന്റുകളും ലോഹങ്ങളും കൂട്ടുലോഹങ്ങളും അതിവേഗത്തിൽ പ്രാധാന്യം നേടിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ്. കെ.എം.എം.എൽ ന്റെയും ടി.ടി.പിയുടെയും വികസനത്തെ അടിസ്ഥാനമാക്കി മൂല്യവർധിത ശൃംഖലയുടെ ഏറ്റവും ഉയർന്ന സാധനങ്ങളായ ടൈറ്റാനിയം സ്പോഞ്ചും ലോഹങ്ങളും ഉൽപ്പാദിപ്പിക്കുന്നതടക്കം ടൈറ്റാനിയം വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണം. കേരളത്തിലെ അപൂർവമായ ധാതുമണൽ കയറ്റുമതിക്കു വേണ്ടി സംസ്ക്കരിക്കുന്നതിനുള്ള പ്രവണതയാണ് നിലവിലുള്ളത്. ഇത് വിപരീതഫലമാണുണ്ടാക്കുക. നമ്മൾ പ്രാഥമിക സംസ്ക്കരണം നടത്തുകയും ശരിയായ മൂല്യവർധന വിദേശികൾ തട്ടിയെടുക്കുകയും ചെയ്യുന്നു. നമുക്ക് കിട്ടുന്നത് മലിനീകരണവും പരിസ്ഥിതി തകർച്ചയും ആയിരിക്കും.

കൊറിയയിലെയും ജപ്പാനിലെയും ഏറ്റവും ആധുനികമായ കപ്പൽ നിർമാണശാലകളോട് കിടപിടിക്കാനാവുന്ന വിധം കൊച്ചി നിർമാണശാലയെ നവീകരിക്കുന്നതിന് ഒരു നിർദേശം നില

വിലുണ്ട്. അത് പ്രാവർത്തികമാക്കുന്നതിന് ശക്തമായ സമ്മർദം ചെലുത്തണം. നിലവിലുള്ള കപ്പൽശാല കൂടുതൽ നവീകരിക്കുന്നതിന് വല്ലാർപാടം ടെർമിനലിന് സമീപം പുതിയതൊന്ന് സ്ഥാപിക്കുന്നതിനുമാണ് നിർദേശം.

കേരളത്തിലെ വ്യവസായ അജണ്ട വൈവിധ്യവൽക്കരണമാണ്. കൂടുതൽ മൽസരശേഷിയുള്ളതും വികസനശേഷിയുള്ളതുമായ സേവനാധിഷ്ഠിതവും വിജ്ഞാനാധിഷ്ഠിതവുമായ മേഖലകളിലേയ്ക്ക് നമുക്ക് നീങ്ങാൻ ആകണം.

**വിവരസാങ്കേതിക വ്യവസായം**

രാജ്യത്തെ പ്രഥമ പ്രമുഖഇലക്ട്രോണിക് വ്യവസായ സംരംഭങ്ങളിലൊന്നാണ് 1980കളിൽ കേരളം രൂപീകരിച്ച കെൽട്രോൺ. ഈ മുൻകൈ ദൗർഭാഗ്യവശാൽ മുന്നോട്ടു കൊണ്ടുപോകാൻ കേരളത്തിനായില്ല. പുതിയ ഇലക്ട്രോണിക് വ്യവസായങ്ങൾ ഉണ്ടായില്ലെന്നു മാത്രമല്ല, കെൽട്രോണിന്റെ വളർച്ചതന്നെ മുരടിച്ചു. ഇലക്ട്രോണിക്സ് രംഗത്തു കേരളം പിന്നോട്ടു പോയി. വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനു വളരെ ദീർഘവീക്ഷണത്തോടുകൂടിയ ഒരു തുടക്കമായിരുന്നു തിരുവനന്തപുരത്തു സ്ഥാപിക്കപ്പെട്ട ടെക്നോപാർക്ക്. ഇത്തരത്തിലുള്ള രാജ്യത്തിലെ ആദ്യസംരംഭമായിരുന്നു ഇത്. എന്നാൽ ഇവിടെയും മറ്റുസംസ്ഥാനങ്ങളാണു അതിവേഗത്തിൽ മുന്നോട്ടുപോയത്.

2001 ൽ 480 കോടി രൂപയായിരുന്നു വിവര സാങ്കേതിക സേവന കയറ്റുമതി. 2006–ൽ കയറ്റുമതി 680 കോടി രൂപയായേ ഉയർന്നുള്ളൂ. ഇന്നത് 3200 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. മൊത്തം കെട്ടിട സ്ഥലത്തിന്റെ കാര്യത്തിലും ഇതേ തോതിലുള്ള വളർച്ച അതത് കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും ഇന്ത്യയിലെ മൊത്തം വിവരവിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങളിൽ കേരളത്തിന്റെ വിഹിതം ഇന്നും വെറും 2.5 ശതമാനം മാത്രമാണ്. ഈ മേഖലയിൽ കേരളത്തിനുള്ള സാധ്യതകൾ വലുതാണ്. വിദ്യാസമ്പന്നരായ തൊഴിൽസേനയുടെ പശ്ചാത്തലത്തിൽ താരതമ്യേന കുറഞ്ഞ ശമ്പളത്തിനു തുടക്കക്കാരായ പ്രൊഫഷണലുകൾ ഇവിടെ ലഭ്യമാണ്. ഏറ്റവും നല്ല ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുള്ള സംസ്ഥാനങ്ങളിലൊന്നാണു കേരളം. രാജ്യാന്തര വിവരവിനിമയ കേബിളുകൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിലേയ്ക്കു പ്രവേശിക്കുന്നതു കൊച്ചി വഴിയാണ്.

അഞ്ചുതലങ്ങളിലെ വിവര സാങ്കേതികവിദ്യയുടെ പ്രയോഗങ്ങളെക്കുറിച്ചാണു നാം ചർച്ച ചെയ്യേണ്ടത്.

ഒന്ന്, നിലവിലുള്ള ഉൽപാദനമേഖലകളുടെ നവീകരണത്തിനും വൈവിദ്ധ്യവത്കരണത്തിനും വിവരവിനിമയ സാങ്കേതികവിദ്യ പ്രയോഗിക്കുക. എല്ലാ ആധുനിക വ്യവസായ മേഖലകളിലും അതിവേഗത്തിലാണ് ഈ രൂപാന്തരം വന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, കാർഷിക പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിനും വൈവിദ്ധ്യവൽകരണത്തിനും ഈ സാങ്കേതികവിദ്യയുടെ സാധ്യതകൾ ആരായണം. ഉദാഹരണത്തിനു നമ്മുടെ കൈത്തറിത്തുണികളുടെയും കയറുൽപ്പന്നങ്ങളുടെയും ഡിസൈനിംഗിനു കമ്പ്യൂട്ടറുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. വിവര – ടെലികമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യകളുടെ സംയോജനം ഐടിയുടെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു. നിർമ്മാണ വ്യവസായങ്ങളെ മാത്രമല്ല സേവനമേഖലയെയും ഐടി കീഴ്മേൽ മറിച്ചിരിക്കുന്നു. ഇന്റർനെറ്റ് അടക്കമുള്ള സാങ്കേതികവിദ്യകൾ വിജ്ഞാനവിസ്ഫോടനത്തിനു വഴി തുറന്നിരിക്കുന്നു. ഇതിനായി സൃഷ്ടിച്ചിട്ടുള്ള വിവര വിനിയമ ശൃംഖലകൾ പുത്തൻ കച്ചവട സംവിധാനങ്ങൾക്കും (ഇ കൊമേഴ്സ്) പുതിയ സേവന സംവിധാനങ്ങൾക്കും വഴിയൊരുക്കിയിരിക്കുന്നു. ഇലക്ട്രോണിക് ടിക്കറ്റു ബുക്കിംഗ് സംവിധാനങ്ങൾ, ടെലി മെഡിസിൻ, മൊബൈൽ കൊമേഴ്സ് തുടങ്ങിയവയൊക്കെ സേവന മേഖലയിലെ പുതിയ മാറ്റങ്ങളുടെ ദൃഷ്ടാന്തങ്ങളാണ്.

ആഭ്യന്തര വ്യവസായങ്ങളുടെ നവീകരണത്തിനും ഭരണം, വാണിജ്യം തുടങ്ങിയ സേവനങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവരസേവന വ്യവസായങ്ങളാണ് യഥാർഥ മൂല്യവർധനയ്ക്കും വൈദഗ്ധ്യ പോഷണത്തിനും തുടർന്ന് വർധിച്ച കയറ്റുമതി വരുമാനത്തിനും ഉതകുന്നത്. അതിനാൽ കേരളത്തിന്റെ വിവര സേവനാവശ്യങ്ങൾ മുൻനിർത്തി പ്രാദേശിക വ്യവസായ

ങ്ങളെ (പൊതുമേഖലാ സ്ഥാപനങ്ങളേയും ചെറുകിട-ഇടത്തരം സ്വകാര്യ സ്ഥാപനങ്ങളെയും) പ്രോത്സാഹിപ്പിക്കണം. കേരളത്തിന്റെ വിവര സേവനാവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ നേടുന്ന പരിചയം ഈ വ്യവസായങ്ങളെ വിദേശകമ്പോളം ലക്ഷ്യമിട്ട് പ്രവർത്തിക്കാനും കൂടുതൽ ഉയർന്ന മൂല്യം സൃഷ്ടിക്കാനും കൂടുതൽ കയറ്റുമതി വരുമാനം കൊണ്ടുവരാനും പ്രാപ്തമാക്കും.

രണ്ട്, കച്ചവട സേവന മേഖലകളിൽ മാത്രമല്ല, പൊതുഭരണത്തിന്റെ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനാവും. വൈദഗ്ദ്ധ്യപോഷണം നടത്താൻ മുൻകൈ ഉണ്ടായിട്ടുണ്ടെങ്കിലും അത് പ്രശ്നത്തിന്റെ അരിക് തൊടാൻ പോലും പര്യാപ്തമായിട്ടില്ല. ഇന്നും നമ്മുടെ സേവന രംഗങ്ങളിലും വ്യവസായങ്ങളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ഭരണ-രാഷ്ട്രീയ രംഗങ്ങളിലും ബഹുഭൂരിപക്ഷവും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിൽ പരിശീലനം സിദ്ധിക്കാത്തവരാണ്. ഐ.ടി നയവും പരിപാടികളും വ്യാപകമായ പരിശീലനങ്ങളും പ്രായോഗിക പ്രവർത്തനവും അടങ്ങുന്ന ഒരു സമഗ്ര പരിപാടി അടിയന്തിരമായി രൂപീകരിക്കുകയും നടപ്പാക്കുകയും വേണം. ഇക്കാര്യത്തിനായും അത് രൂപപ്പെടുന്ന മുറയ്ക്ക് കേരള സമൂഹത്തിന്റെ വിവരാവശ്യങ്ങൾ നിർവഹിക്കാൻ നിലവിലുള്ള വിവര സാങ്കേതിക സ്ഥാപനങ്ങൾക്ക് സാങ്കേതികോപദേശം നൽകുക, നിലവിലുള്ള വിവര സാങ്കേതിക വിഭവങ്ങളെ പരസ്പരപൂരകമായി ഉപയോഗിക്കുക, വിടവുകൾ നികത്തുക, ദിശാബോധത്തോടെ പുതിയ കർമ പരിപാടികൾ ആവിഷ്കരിച്ച് മാതൃകകൾ സൃഷ്ടിക്കുക, അവ നടപ്പാക്കാൻ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സാങ്കേതികോപദേശങ്ങളും സഹായങ്ങളും നൽകുക തുടങ്ങിയ കാര്യങ്ങൾക്കായി ഒരു ഐ.ടി വികസന കോർപ്പറേഷൻ രൂപീകരിക്കേണ്ടതാണ്. അതിന്റെ പ്രവർത്തന പരിപാടികളിൽ ദേശീയ വൈദഗ്ദ്ധ്യം ഉയരത്തക്ക തരത്തിൽ ഇ-ഭരണം, വിവരാധിഷ്ഠിത സ്ഥാപന ഭരണം, ഇ-റോഡ്, ഇ- കോമേഴ്സ്, ഇ- ബാങ്കിങ്ങ്, ഇതര ഇ-സേവനങ്ങൾ, അവയുടേയെല്ലാം ചെലവ് കുറയ്ക്കുന്ന പങ്കാളിത്ത മാതൃകയായ പൊതുമേഖലയിലും സർക്കാർ മേഖലയിലുമുള്ള ക്ലൗഡ് കമ്പ്യൂട്ടിങ്, പ്രാദേശികവും ദേശീയവുമായ വിവര സഞ്ചയം, പൊതു ഉടമസ്ഥതയിൽ സൃഷ്ടിക്കപ്പെടത്തക്കവിധമുള്ള പബ്ലിക്ക് പോർടലുകൾ തുടങ്ങിയവ പരിഗണിക്കപ്പെടണം.

മൂന്ന്, സോഫ്റ്റ്വെയർ വ്യവസായ പാർക്കുകളിലാണ് ഐടി വ്യവസായ സ്ഥാപനങ്ങളിൽ നല്ല പങ്കും സ്ഥിതി ചെയ്യുന്നത്. ആദ്യം പറഞ്ഞ രണ്ടുകാര്യങ്ങൾക്കും പൊതുവായിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ അഥവാ സോഫ്റ്റ്വെയർ പോര. ഓരോ മേഖലയുടെയും സംരംഭത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് അവ പ്രത്യേകം തയ്യാറാക്കേണ്ടതുണ്ട്. എന്നതു മാത്രമല്ല, ഇവ ഉപയോഗിച്ചു കൈകാര്യം ചെയ്യേണ്ട ഇടപാടുകളെ സംബന്ധിച്ച വിവരങ്ങളും വിശകലനം ചെയ്യേണ്ട വിവരങ്ങളും ഡാറ്റാ എൻട്രി ചെയ്യേണ്ടതുണ്ട്. ഇത്തരം പണികൾ ഇന്ത്യ പോലുള്ള അവികസിത രാജ്യങ്ങളിലെ സോഫ്റ്റ്വെയർ വ്യവസായസംരംഭങ്ങൾക്ക് അവർ കൈമാറുകയാണു പതിവ്. ഇതാണു ഇന്ത്യയിൽ ഇന്നു ഏറ്റവും വേഗത്തിൽ വളരുന്ന ഐടി വ്യവസായ മേഖല. ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളും ഈ മേഖലയിലാണ് സൃഷ്ടിക്കപ്പെടുന്നത്. നിലവിലുള്ള സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ നമുക്കാവണം.

നാല്, ഉള്ളടക്കം ഇന്നു വിവരവിനിയമ വ്യവസായത്തിന്റെ ഒരു ഘടകമാണ്. എഴുത്ത്, ഫോട്ടോഗ്രാഫുകൾ, സിനിമ, വീഡിയോ, സംഗീതം, റിംങ്ടോണുകൾ ഇവയെല്ലാം മൾട്ടി മീഡിയയുടെ വിവിധ രൂപങ്ങളാണ്. ഇവയടങ്ങുന്ന സിഡികളും വെബ് പേജുകളും മറ്റും കൈകാര്യം ചെയ്യുന്ന സംരംഭകത്വങ്ങൾ പ്രത്യേകം പ്രോത്സാഹിപ്പിക്കണം.

അഞ്ച്, ഐടി വ്യവസായത്തിനു സോഫ്റ്റുവെയർ മാത്രമല്ല, കമ്പ്യൂട്ടറുകൾ തുടങ്ങിയ ഹാർഡ്വെയറുകളും പ്രധാനമാണ്. ഇവയ്ക്കുള്ള നിർമ്മാണവ്യവസായങ്ങളും ആരംഭിക്കേണ്ടതുണ്ട്.

സമഗ്രമായ ഐടി നയം കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലെ ഒരു ശ്രദ്ധേയവശം വികേന്ദ്രീകൃതമായ ഐടി വ്യവസായ കേന്ദ്രങ്ങളാണ്. വ്യവസായവികസനത്തിനായി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മാത്രമല്ല, ജില്ലാ

കേന്ദ്രങ്ങളിലും പാർക്കുകൾ യുദ്ധകാ ലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ജില്ലാ തലങ്ങളിലേയ്ക്കും ഗ്രാമതലങ്ങളിലേയ്ക്കും കൂടി വിവര സാങ്കേതികവ്യവസായങ്ങളുടെ വ്യാപനം ലക്ഷ്യമിടുകയും അതനുസരിച്ച് കഴിഞ്ഞ നാലു വർഷക്കാലം മിനി ടെക്നോ പാർക്കുകളും ടെക്നോ ലോഡ്ജുകളും സ്ഥാപിക്കുകയും ചെയ്തു. അസന്തുലിതമായ നഗരവികസനത്തിന്റെ പ്രശ്നങ്ങൾ ഒഴിവാക്കാനും ഗ്രാമീണ പിന്നോക്കാവസ്ഥയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ വ്യവസായത്തിന്റെ വികേന്ദ്രീകൃത വികസന സാധ്യത ഉപയോഗപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന് കഴിയും.

കേരളത്തിലെ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിവരസാങ്കേതിക വിദ്യമാറേണ്ടതുണ്ട്. മുൻ എൽ.ഡി.എഫ് സർക്കാർ ഇക്കാര്യത്തിൽ പഠനം നടത്താൻ കമ്മീഷനെ വെച്ചു. പഠന റിപ്പോർട്ടനുസരിച്ച് വിവര സാങ്കേതിക വിദ്യാഭ്യാസത്തിന് യു.ഡി.എഫ് സർക്കാർ തുടക്കമിട്ടു. പക്ഷെ, അന്നതിന് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകളായിരുന്നു ഉപയോഗിച്ചത്. അത് തിരുത്താൻ അദ്ധ്യാപക സംഘടനകൾ ഇടപെട്ടു. തിരുത്താൻ യു.ഡി.എഫ് സർക്കാർ നിർബന്ധിക്കപ്പെട്ടു. ഇന്ന് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിന്റെ ഏറ്റവും വലിയ ഉദാഹരണവും വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിദ്യാഭ്യാസ രംഗത്തെ ഇടപെടലിന്റെ അനുകരണീയ മാതൃകയുമായി ഐടി@സ്കൂൾ പദ്ധതി മാറിക്കഴിഞ്ഞിരിക്കുന്നു. മുതിർന്നവർക്കും സർക്കാർ ജീവനക്കാർക്കും പല പരിശീലന പരിപാടികളും നടന്ന് വരുന്നുണ്ട്. ഫിനിഷിങ്ങ് സ്കൂളുകളും നടക്കുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറിനു കേരള ഐടി നയം വലിയ പ്രാമുഖ്യമാണു നൽകുന്നത്. വിജ്ഞാനത്തിന്റെ കുത്തകവത്കരണത്തിന് എതിരായ നിലപാടിന്റെ ഭാഗമാണിത്.

കേരളത്തിൽ ഇടത്തരം – സീനിയർ പ്രൊഫഷണലുകളുടെ ദൗർലഭ്യം പരിഹരിക്കു ന്നതിനു ഉന്നതവിദ്യാഭ്യാസ മേഖലയിൽ ശക്തമായ ഇടപെടലുകളുണ്ടാകണം. സുസ്ഥിരമായ വൈദ്യുതി ലഭ്യത, ഐടി മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ ബന്ധങ്ങൾ, ഐടി സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ എന്നിവ പ്രധാനമാണ്.

**ജൈവസാങ്കേതിക വ്യവസായം**

ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക്ക് ടെക്നോപാർക്ക് കേരളത്തിൽ തുടങ്ങിയതുപോലെ എൺപതുകളുടെ തുടക്കത്തിൽ കേരളത്തിൽ ബയോടെക്നോളജി സംരംഭവുമുണ്ടായി. കൊച്ചിയിലെ പ്രത്യേക കയറ്റുമതി സംസ്കരണമേഖലയിൽ എ.വി. തോമസ് & കമ്പനി ആരംഭിച്ച അലങ്കാരസസ്യങ്ങളുടെയും മറ്റും കൃത്രിമ പ്രജനനത്തിനായി ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച എ.വി.ടി. ബയോടെക്നോളജി കമ്പനിയായിരുന്നു അത്. തൊണ്ണൂറുകളിൽ ലോക ബയോടെക്നോളജി വ്യവസായം ജനിതക എഞ്ചിനീയറിങ്ങിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി മുന്നേറിത്തുടങ്ങി. ഔഷധവ്യവസായത്തിന്റെ കരുത്തായി മുന്നേറിയ ബയോടെക്നോളജി വ്യവസായ ശൃംഖലയിൽ പങ്കാളികളാകാൻ കേരളത്തിനായില്ല. ബാംഗ്ലൂർ, ഹൈദരാബാദ്, പൂണെ, അഹമ്മദാബാദ് തുടങ്ങിയ വൻനഗരങ്ങൾ കേന്ദ്രീകരിച്ചാണ് ഇന്ന് ആധുനിക ബയോടെക്നോളജി വ്യവസായം മുന്നോട്ട് പോകുന്നത്. ഇവിടെയും ഐടി വ്യവസായത്തിനെന്നതുപോലെ വലിയ തോതിൽ അന്തർദ്ദേശീയ സബ്കോൺട്രാക്ടുകൾക്കുള്ള സാധ്യതകൾ ഉണ്ട്.

ബയോടെക്നോളജി വ്യവസായം പൂർണമായും ഗവേഷണ വികസനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആയിരക്കണക്കിന് കോടി രൂപയാണ് ഇന്ന് ബയോടെക്നോളജി വ്യവസായമേഖലയിലേക്ക് ഒഴുകിക്കൊണ്ടിരിയ്ക്കുന്നത്. ആരോഗ്യ രംഗത്തേക്കായി ഗുണമേന്മയുള്ള നൂതനങ്ങളായ നിരവധി ഔഷധങ്ങളും, വാക്സിനുകളും, രോഗനിർണയോപാധികളും, പരിസ്ഥിതി സൗഹൃദമായ നിത്യോപയോഗ സാധനങ്ങളും ഇന്ന് ലോകമെമ്പാടും ലഭ്യമാണ്.

അഭ്യസ്തവിദ്യരുടെ ലഭ്യതയ്ക്കു പുറമെ ബയോടെക്നോളജി രംഗത്തു കേരളത്തിനുള്ള ആകർഷണീയത പശ്ചിമഘട്ട മലനിരകളിലും 600 കിലോമീറ്ററോളം ദൈർഘ്യമാർന്ന കേരള സമുദ്രതീരത്തുമുള്ള ജൈവസമ്പത്താണ്. ബയോടെക് രംഗത്തെ നിക്ഷേപകരെ കേരളത്തിലേക്കാകർഷിക്കേണ്ടത് വൈവിധ്യമാർന്ന ഈ ജൈവസമ്പത്ത് സന്തുലിതമായി ഉപയോഗപ്പെടുത്താനുള്ള മാർഗ

ങ്ങൾ മുൻനിർത്തിയായിരിക്കണം. യഥാർഥത്തിൽ കേരളത്തിലെ ജൈവസമ്പത്തിനെ അടിസ്ഥാനമാക്കിയുള്ള നിരവധി വ്യവസായയൂണിറ്റുകൾ മറ്റ് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ തഴച്ചുവളരുന്നുണ്ട്. ജൈവസമ്പത്തിന്റെ കലവറയായിട്ടു കൂടി ഇത്തരം വ്യവസായങ്ങളെ എന്തുകൊണ്ട് നമുക്കാകർഷിക്കാൻ കഴിയുന്നില്ല എന്നുള്ളത് പരിശോധിക്കേണ്ട വിഷയമാണ്.

ബയോടെക്നോളജി വികസനത്തിന് കളമൊരുക്കാനായി രൂപം കൊണ്ട കേരളാബയോടെക്നോളജി കമ്മീഷനെ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ച് ഉത്തരവിറക്കിയത് ഇക്കഴിഞ്ഞ വർഷമാണ്. കേരളാ ബയോടെക്നോളജി കമ്മീഷൻ പുറത്തിക്കിയ സംസ്ഥാന ബയോടെക്നോളജി നയം ലക്ഷ്യമിടുന്നത് സംസ്ഥാനത്ത് ലഭ്യമായ ജൈവവിഭവങ്ങളും ഉയർന്ന മാനവശേഷിയും ഉപയോഗപ്പെടുത്തി ആഗോളതലത്തിലുള്ള ബയോടെക്നോളജി ഉൽപന്നങ്ങളുടെ ആവശ്യം നിറവേറ്റുന്നതോടൊപ്പം കേരളത്തെ വികസനത്തിന്റെ പാതയിലെത്തിക്കുന്നതിന് ബയോടെക്നോളജി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ഇതിന്റെയൊപ്പം തന്നെ സംസ്ഥാനത്തിന്റെ ബയോടെക്നയം ലോകോത്തര ബയോടെക്നോളജി ഗവേഷണ വികസനസ്ഥാപനങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനുമൊക്കെ ലക്ഷ്യമിടുന്നുണ്ട്.

പതിറ്റാണ്ടുകളായി കേരളത്തിൽ നിന്നും കയറും, കശുവണ്ടിയും, സുഗന്ധവ്യഞ്ജനങ്ങളും, മത്സ്യഉൽപന്നങ്ങളും, പഴം, പച്ചക്കറി ഉൽപന്നങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്. എന്നാൽ ഈ രംഗത്ത് ആഗോളതലത്തിലുള്ള മത്സരം നേരിടുന്നതിന് നാം നമ്മുടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ബയോടെക്നോളജി ഉൾപ്പെടെയുള്ള നൂതനസാങ്കേതികവിദ്യകളുപയോഗിച്ച് വർധിപ്പിക്കേണ്ടതുണ്ട്. ബയോടെക്നോളജി വിത്തിനങ്ങളുടെ ഉൽപാദനമാണ് മറ്റൊരു മേഖല. അത്യുൽപാദനശേഷിക്കൊപ്പം കീട-രോഗ പ്രതിരോധശേഷിയുള്ള വിത്തിനങ്ങളുടെ തദ്ദേശീയമായ ഉൽപാദനവും നിക്ഷേപകരെ ആകർഷിക്കേണ്ടതാണ്. രാസകീടനാശിനികളും, കളനാശിനികളും രാസവളങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള ഒരു കാർഷിക രീതിയ്ക്കായിരിക്കണം മുൻഗണന.

കേരളത്തിൽ നിന്നിറങ്ങുന്ന ആയുർവേദ ഔഷധങ്ങൾക്ക് അന്തർദ്ദേശീയ കമ്പോളത്തിലേയ്ക്കു കടക്കാൻ കഴിയുന്നില്ല. ഇതിന് പ്രധാന കാരണം ആയുർവേദ ഔഷധക്കൂട്ടുകളുടെ ഗുണനിലവാരത്തെയും ഉള്ളടക്കത്തെയും സംബന്ധിച്ച് വിദേശരാജ്യങ്ങൾക്കുള്ള സംശയങ്ങളാണ്. നിയന്ത്രിത ഫെർമെന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഗുണനിലവാരമുറപ്പ് വരുത്താൻ കഴിയും. കേരളത്തിൽ ഇപ്പോൾ തന്നെ നിരവധി ആയുർവേദ ഔഷധ നിർമാണ യൂണിറ്റുകളുണ്ട്. പരമ്പരാഗതമായ അറിവുകളെ അധികരിച്ച് പ്രവർത്തിക്കുന്ന ഇത്തരം യൂണിറ്റുകൾ തങ്ങളുടെ ഉൽപന്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് സജീവമൂലകങ്ങളെ തിരിച്ചറിഞ്ഞ് ഉള്ളടക്കം നിർവചിക്കുന്നതോടെ ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ വിപണി നേടാനാകും.

അവികസിതവികസ്വര രാജ്യങ്ങളിൽ മാത്രമൊതുങ്ങി നിന്നിരുന്ന ഹെർബൽ മെഡിസിൻ ഉപയോഗം ഇന്ന് വികസിത-സമ്പന്ന രാഷ്ട്രങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഹെർബൽ മെഡിസിന്റെ വ്യാപാരം പ്രതിവർഷം 5.15% വരെ വർധനവാണ് രേഖപ്പെടുത്തുന്നത്. പ്രതിവർഷം ആറ് ബില്യൺ അമേരിക്കൻ ഡോളറിന്റെ വ്യാപാരമാണ് ഈ രംഗത്ത് നടക്കുന്നത്. ഇന്ത്യയിൽ തന്നെ ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട വ്യാപാരം 7-15 ശതമാനം വരെ വളർച്ചാനിരക്ക് കാണിക്കുന്നുണ്ട്. ആയുർവേദ ഔഷധരംഗത്ത് മാത്രം ഇന്ത്യയിൽ നിന്ന് പ്രതിവർഷം 800 ദശലക്ഷം ഡോളറിന്റെ കയറ്റുമതി വ്യാപാരം നടക്കുന്നു.

ആയുർവേദ ഔഷധനിർമാണത്തിനായി വ്യവസായശാലകൾ നമ്മുടെ ഔഷധ സസ്യസമ്പത്തിനെ ഗണ്യമായി ആശ്രയിക്കുന്നതുകൊണ്ട് സംസ്ഥാനത്തിന്റെ ജൈവസമ്പത്തിന് ആഘാതമേൽക്കാനുള്ള സാധ്യത വളരെക്കൂടുതലാണ്. ടിഷ്യൂകൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ കൃത്രിമപ്രജനനം സാധ്യമാക്കിക്കൊണ്ട് ഈ രംഗത്ത് വ്യവസായ വികസനത്തിനും ഒപ്പം

തന്നെ ജൈവവൈവിധ്യ സംരക്ഷണത്തിനുമുള്ള സാധ്യത തെളിയിക്കാനാകും. അലങ്കാരസസ്യങ്ങളും, നാണ്യവിളകളുമൊക്കെത്തന്നെ ഇത്തരത്തിൽ പ്രജനനം നടത്താമെന്നുള്ളത് കേരളത്തിലെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിന് സഹായിക്കും.

ജീനോമിക്സ്/പ്രോട്ടിയോമിക്സ് സാങ്കേതികവിദ്യകളിലൂടെ രോഗങ്ങളെ തടയുന്നതിനോ മുൻകൂട്ടി കണ്ടെത്തുന്നതിനോ ഉള്ള ഉൽപന്നങ്ങൾ വികസിപ്പിക്കാൻ കഴിയും. കേരളത്തിലെ ബയോടെക്നോളജി അധിഷ്ഠിത ഔഷധനിർമാണരംഗത്ത് ഇത്തരം സംരംഭങ്ങൾക്ക് ഉയർന്ന സാധ്യതയാണുള്ളത്. എന്നാൽ ഈ രംഗം ഉയർന്ന മുതൽമുടക്ക് ആവശ്യമുള്ളതാണ്. കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, സ്വകാര്യസംരംഭകർ എന്നിവയെ ഈ മേഖലയിൽ മുതൽ മുടക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്.

ഐ.ടിയും ബയോടെക്നോളജിയും കൈകോർത്ത് മുന്നേറുന്ന പുത്തൻ സാങ്കേതികവിദ്യയാണ് ബയോഇൻഫർമാറ്റിക്സ്. ജീവജാലങ്ങളുടെ ജനികതവിവരശേഖരം ക്രമത്തിൽ ശേഖരിച്ചതിന് ശേഷം തുടർഗവേഷണത്തിനും പുതിയ ഉൽപന്നങ്ങളുടെ വികസനത്തിനും ഉപയോഗപ്പെടുത്താൻ ഈ സാങ്കേതികവിദ്യയ്ക്കാകും. പുതിയ ഔഷധങ്ങളുടെ സ്ക്രീനിങ്ങിനാണ് ഇത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നത്. ഈ രംഗത്ത് പുറംജോലി കരാർ ഉൾപ്പെടെ കേരളത്തിന് ലഭിക്കാവുന്ന അവസരങ്ങൾ അനവധിയാണ്.

അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ-വികസനസ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അപര്യാപ്തതയാണ് കേരളത്തിന്റെ മുഖ്യദൗർബല്യം. ബയോടെക്നോളജി രംഗത്തെ വ്യവസായികളെ സംബന്ധിച്ചിടത്തോളം ഗവേഷകരിൽ നിന്നുള്ള ശക്തമായ പിന്തുണ സ്ഥാപനത്തിന്റെ നല്ല രീതിയിലുള്ള നടത്തിപ്പിന് അനിവാര്യമാണ്. ബാംഗ്ലൂരിലെ ഐ.ഐ.എസ്.സി., പൂണെയിലെ എൻ.സി.എൽ., ഹൈദരാബാദിലെ സി.സി.എം.ബി എന്നിവ പോലുള്ള ഒരു ലോകോത്തര ഗവേഷണസ്ഥാപനം കേരളത്തിലും ഉയർന്ന് വരേണ്ടതുണ്ട്. തിരുവനന്തപുരത്തെ ആർ.ജി.സി.ബി. ഈ രംഗത്ത് പ്രതീക്ഷയ്ക്ക് വക നൽകുന്നു. ടിബിജിആർഐ, വിവിധ സർവകലാശാലകളിലെ ബയോടെക്നോളജി വകുപ്പുകൾ എന്നിവയാണ് മറ്റു പ്രധാന പഠനകേന്ദ്രങ്ങൾ. കൊച്ചി സ്വതന്ത്രവ്യാപാര മേഖലയിലെ ബയോടെക്നോളജി പാർക്കിനു പുറമെ തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്കും രൂപംകൊണ്ടുകൊണ്ടിരിക്കുകയാണ്. ഐ.ടി. രംഗത്തുള്ളതുപോലെ ഒരു ബയോടെക്നോളജി ഇൻഡസ്ട്രി ഇൻസെന്റീവ് നയത്തിന് കേരളം ഇനിയും രൂപം നൽകേണ്ടതുണ്ട്. ഒപ്പം തന്നെ ബയോടെക്നോളജിരംഗത്തെ നോഡൽ ഏജൻസിയായ കേരള ബയോടെക്നോളജി കമ്മീഷനെ ശക്തിപ്പെടുത്തിയും ഐടിയോടൊപ്പം പ്രത്യേക വകുപ്പാക്കി മാറ്റുന്നത് ഈ രംഗത്തെ വികസനത്തിന് ആക്കം കൂട്ടും.

### നാനോ സാങ്കേതിക വിദ്യ

ശാസ്ത്ര സാങ്കേതിക രംഗത്ത് വളരെയേറെ ഗവേഷണം നടക്കുന്ന, ഒരു മേഖലയാണ് നാനോ സാങ്കേതികവിദ്യ. വിവരസാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ എന്നിവയ്ക്കൊപ്പം, വളരെ ചുരുങ്ങിയ കാലംകൊണ്ട് ആധുനിക സാങ്കേതികവിപ്ലവത്തിന് സാഹചര്യമൊരുക്കിയ കൂട്ടത്തിൽ നാനോസാങ്കേതികവിദ്യയുമുണ്ട്. അതിസൂക്ഷ്മ കണങ്ങളായി ഉപയോഗിക്കുമ്പോൾ പദാർത്ഥത്തിന്റെ സ്വഭാവത്തിലുണ്ടാകുന്ന വ്യത്യാസം മനുഷ്യർ പുരാതനകാലം മുതൽക്കേ മനസിലാക്കിയിരുന്നതാണ്. പൊടിരൂപത്തിൽ പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന ശീലം പ്രാചീനകാലം മുതൽ മനുഷ്യനുണ്ട്. രാസപ്രവർത്തനത്തിന്റെ കാര്യക്ഷമതയിൽ പൊടിരൂപ പദാർത്ഥങ്ങൾ മുൻപന്തിയിലാണ് എന്ന തിരിച്ചറിവായിരുന്നു ഇതിനു കാരണം. ഈ ശീലത്തിന്റെ തുടർച്ചയാണ് നാനോ ടെക്നോളജി. ഒരു മീറ്ററിന്റെ നൂറുകോടിയിലൊരംശം മാത്രം വലിപ്പമുള്ള വസ്തുക്കളാണ് നാനോ എന്നറിയപ്പെടുന്നത്. ഇത്തരത്തിലുള്ള അതിസൂക്ഷ്മവസ്തുക്കളെ മനുഷ്യസമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി പ്രയോഗിക്കാനുള്ള സാധ്യതയാണ് ഈ സാങ്കേതികവിദ്യ ഒരുക്കുന്നത്. അതിസൂക്ഷ്മഭാവത്തിൽ പദാർത്ഥങ്ങളുടെ സ്വഭാവങ്ങൾ സ്ഥൂലസ്വഭാവത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. ഗുരുത്വാകർഷണത്തിനു പകരം ഇവിടെ വൈദ്യുത കണികകളുടെ ആകർഷണ വികർഷണങ്ങൾക്കും

തന്മാത്രാതല പ്രതിപ്രവർത്തനങ്ങൾക്കുമാണ് പ്രാമുഖ്യം.

ആരോഗ്യപരിപാലനം, വ്യവസായം, കുറ്റാന്വേഷണം തുടങ്ങി ധാരാളം രംഗത്ത് ഈ ആധുനിക നാനോസാങ്കേതികവിദ്യക്ക് വളരെ വിപ്ലവകരമായ ഉപയോഗങ്ങളാണുള്ളത്. രോഗനിർണയം, പ്രതിരോധം, ചികിത്സ എന്നീ ആരോഗ്യരംഗത്തെ തലങ്ങളിലെല്ലാം നാനോസാങ്കേതിക വിദ്യ നിർണായകമായി മാറിയിട്ടുണ്ട്. ക്യാൻസർ, ഹൃദ്രോഗം, തുടങ്ങി, ഇന്ന് മാരകമായ മിക്ക രോഗങ്ങളും വേഗത്തിൽ കണ്ടെത്താനും, ഫലപ്രദമായി ചികിത്സിക്കാനും ഈ സാങ്കേതികവിദ്യ സാഹിയിക്കുന്നു. നാനോഗ്രാഹികളടങ്ങിയ വസ്ത്രം ധരിച്ച രോഗിക്ക് വിദൂര ചികിത്സ നടത്താനും, ന്യൂറോ സർജറിയിലൂടെ മുറിവുണക്കുന്നതിനുള്ള സാങ്കേതികവിദ്യക്കും ഇതിലൂടെ സാധ്യമാവും. രോഗ ശുശ്രൂഷയുടെ ചെലവ് ഗണ്യമായി കുറക്കുവാനും നാനോ സാങ്കേതികവിദ്യ കാരണമാകുന്നു. ആറ്റോമിക ബന്ധനത്തിന്റെ ക്രമീകരണത്തിൽ മാറ്റം വരുത്തി, കാർബണിന്റെ ബലവും കാഠിന്യവും മറ്റ് ഗുണവിശേഷങ്ങളും നിയന്ത്രിച്ചുണ്ടാക്കിയെടുക്കുന്ന കാർബൺ നാനോകുഴലുകളും, ഗ്രാഫീനും, നമ്മുടെ വ്യവസായിക ഉൽപാദനരംഗത്തെ ആകെ മാറ്റിമറിക്കുവാൻ പോകുന്ന പദാർഥങ്ങളാണ്. തീവ്രവാദവും ഭീകരവാദവും വളർന്നുവരുന്ന സാഹചര്യത്തിൽ, മാരകങ്ങളായ സ്ഫോടകവസ്തുക്കൾ കണ്ടെത്താൻ നാനോഗ്രാഹികളെ ഉപയോഗപ്പെടുത്താൻ കഴിയും. ഇപ്പോഴുപയോഗിക്കുന്ന രീതിയേക്കാൾ എളുപ്പവും, ചെലവ് ഗണ്യമായി കുറഞ്ഞതുമായ രീതിയാണിത്. രാജ്യത്തിന്റെ സുരക്ഷാസംവിധാനം ഏറെ കാര്യക്ഷമമാക്കാൻ ഇതുമൂലം സാധിക്കും. നാനോഗ്രാഹികളുടെ ഉപയോഗം ശാസ്ത്ര ഗവേഷണത്തിന്റെ രീതിയാകെ മെച്ചപ്പെടുത്തും.

നമ്മുടെ പൊതുവിദ്യാഭ്യാസത്തിൽ നാനോസാങ്കേതികവിദ്യ പാഠ്യവിഷയമാക്കണം. നാനോസാങ്കേതികവിദ്യയെ ഭ്രമാത്മകതയിൽ നിന്നും മോചിപ്പിച്ച് ജനകീയമാക്കാൻ ഇത് സഹായിക്കും. നമ്മുടെ സർവകലാശാലകളിൽ നാനോസാങ്കേതികവിദ്യയ്ക്കു പ്രത്യേക വകുപ്പുകളും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്ഥാപിക്കണം. നമ്മുടെ പൊതുവ്യവസായ സ്ഥാപനങ്ങളെ നാനോസാങ്കേതികവിദ്യയുപയോഗിച്ച് നവീകരിക്കണം. തൊഴിലധിഷ്ഠിത നാനോസാങ്കേതിക വിദ്യ കോഴ്സുകൾ ആവശ്യാനുസരണം വർധിപ്പിക്കണം.

**ടൂറിസം**

ജൈവവൈവിധ്യവും സാംസ്ക്കാരിക പൈതൃകവും പ്രകൃതി സൗന്ദര്യവും കേരളത്തെ ആകർഷകമായ ഒരു ടൂറിസം കേന്ദ്രമാക്കുന്നു. സംസ്ഥാനത്ത് ഏറ്റവും വേഗം വളരുന്ന വ്യവസായം ടൂറിസമാണ്. കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകളിൽ 12 – 15 ശതമാനം വീതമാണ് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചത്. 2008ൽ ആറു ലക്ഷത്തോളം വിദേശടൂറിസ്റ്റുകൾ കേരളം സന്ദർശിക്കുകയുണ്ടായി. ആഭ്യന്തര സഞ്ചാരികളുടെ എണ്ണം 75 ലക്ഷമായി. ഇന്ത്യ സന്ദർശിക്കുന്ന വിദേശികളിൽ 2.7 ശതമാനം മാത്രമാണു 1975ൽ കേരളം സന്ദർശിച്ചിരുന്നതെങ്കിൽ 2008 ആയപ്പോഴേയ്ക്കും ഇതു 11.2 ശതമാനമായി. വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം 1990ൽ 27 കോടി ആയിരുന്നത് 2008ൽ 3066 കോടി രൂപയായി ഉയർന്നു. സംസ്ഥാന വരുമാനത്തിന്റെ 7.7 ശതമാനം ടൂറിസത്തിൽ നിന്നാണ്.

പ്രകൃതി ഭംഗിയും സുഖശീതള കാലാവസ്ഥയും പ്രയോജനപ്പെടുത്തിയ ശക്തമായ വിപണനതന്ത്രങ്ങളിലൂടെയാണ് ഒരു വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരളം കീർത്തിയാർജിച്ചത്. ടൂറിസം വ്യവസായ സംരംഭകരുടെ സമ്പൂർണ പങ്കാളിത്തത്തോടെയാണ് ഈ പ്രക്രിയ ഫലപ്രദമായി നടപ്പാക്കിയത്. മൂന്നു വർഷം നീണ്ട ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ ഘട്ടത്തിലും സഞ്ചാരികളുടെ വരവിലെ വർദ്ധന നിലനിർത്താനായി എന്നതാണ് ഏറ്റവും വലിയ നേട്ടം. ആഭ്യന്തര വിപണിയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള വിപണനതന്ത്രങ്ങളും ചണ്ഡിഗർ, പൂണെ, വിജയവാഡ തുടങ്ങിയ രണ്ടാംനിര സിറ്റികൾ ലക്ഷ്യമാക്കിയുള്ള വിപണനവും ലീൻ സീസൺ എന്നറിയപ്പെടുന്ന ഏപ്രിൽ മുതൽ ആഗസ്റ്റുവരെ നീളുന്ന മൺസൂൺ ഉൾപ്പെടുന്ന കാലം ഡ്രീം സീസൺ എന്ന പേരിൽ പ്രത്യേകത അവകാശപ്പെടാവുന്ന പരിപാടികളിലൂടെ ജീവസുറ്റതാക്കിയും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിച്ചു.

നവംബർ മുതൽ മാർച്ച് മധ്യം വരെ വിദേശ

സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പി ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏപ്രിൽ - ഒക്ടോബർ കാലയളവും സമ്പൂർണ ടൂറിസം സീസൺ എന്ന നിലവാരത്തിലേയ്ക്കുയർന്നാൽ മാത്രമേ ഉയർന്ന വേതന വ്യവസ്ഥ, വർദ്ധിച്ച തൊഴിലവസരങ്ങൾ തുടങ്ങിയവയോടൊപ്പം ഈ വ്യവസായത്തിന്റെ സുസ്ഥിരതയും സാധ്യമാകൂ.

കേരളത്തിലേയ്ക്കുള്ള ഉയർന്ന യാത്രാ ചെലവ്, നേരിട്ടുള്ള വിമാനങ്ങളുടെ എണ്ണക്കുറവ് എന്നിവ കൂടുതൽ ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിന് തടസമാണ്. ലോകത്തിലെ മറ്റു ടൂറിസം കേന്ദ്രങ്ങളിൽ മിക്കവയും ലീൻ സീസൺ തരണം ചെയ്യുന്നത് മീറ്റിംഗുകൾ, കോൺഫറൻസുകൾ, പ്രദർശനങ്ങൾ ഇവയ്ക്കു ള്ള സൗകര്യങ്ങൾ ഒരുക്കിയാണ്. എന്നാൽ കേര ളത്തിൽ ഈ മേഖലയുടെ പരിമിതി നമുക്ക് ഈ അവസരം നിഷേധിക്കുന്നു തിരുവനന്തപുരത്ത് പദ്ധതിയിട്ടിട്ടുള്ള അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ, ബോൾഗാട്ടിയിലെ നിശ്ചിത പദ്ധതി, സിയാലിന്റെ പദ്ധതി ഇവയൊക്കെ എത്രയും വേഗം പൂർത്തീകരിക്കണം. ചൈന, കൊറിയ, ജപ്പാൻ തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിൽ നിന്നു ള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു മുമ്പായി ഈ രാജ്യങ്ങളിലെ ഭാഷങ്ങൾ സംസാരിക്കുന്ന ടൂറിസം ഗൈഡുകൾ നമുക്ക് ഉണ്ടാകേണ്ടിയിരി ക്കുന്നു.

ടൂറിസം മേഖലയിൽ രണ്ടുതരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് മുഖ്യമായും നട ക്കുന്നത്. ഒന്നാമത്തേത്, സർക്കാരിന്റെ ആഭിമു ഖ്യത്തിൽ നടക്കുന്ന ടൂറിസ്റ്റു കേന്ദ്രങ്ങളിലെ പൊതുവായ അടിസ്ഥാന സൗകര്യവികസനമാ ണ്. രണ്ടാമത്തേത്, സ്വകാര്യ സംരംഭകർ ഈ മേഖലകളിൽ ഒരുക്കുന്ന വിനോദസഞ്ചാര സൗക ര്യങ്ങളാണ്. ഹൗസ് ബോട്ടുകൾ, ഗ്രീൻ ഹൗസു കൾ, ആയുർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങി അനേകം ടൂറിസം ഉൽപന്നങ്ങളുടെ വിക സനത്തിനും പ്രചാരണത്തിലും സർക്കാരിന്റെ പങ്കാളിത്തം ചെറുതാണ്. ഇക്കോ ടൂറിസം, ആരോഗ്യ ടൂറിസം, ഫാം ടൂറിസം, അഡ്വെഞ്ചർ ടൂറിസം, കായൽ ടൂറിസം എന്നിങ്ങനെ ഒട്ടനവധി ടൂറിസം ഉൽപന്നങ്ങൾക്ക് കേരളത്തിലെ സംരം ഭകർ ഇതിനകം രൂപം നൽകിയിട്ടുണ്ട്.

ടൂറിസം ഒരു പ്രധാന തൊഴിലുൽപാദന മേഖലയാണ്. കേരളത്തിൽ ഏകദേശം 12 ലക്ഷം പേർ ഈ മേഖലയിൽ പണിയെടുക്കുന്നു എന്നാണ് കണക്ക്. എന്നാൽ പരിശീലിപ്പിക്കപ്പെട്ട മാനവവിഭവശേഷി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ കേളത്തിൽ തുലോം കുറവാണ്. ടൂറിസം ഒരു സേവനമേഖലയാണെന്ന സത്യം നിലനിൽക്കെ, ഇതൊരു പ്രധാന പ്രശ്നം തന്നെ യാണ്. അതിഥിയുടെ തൃപ്തി ആതിഥേയന്റെ ആചാര - പെരുമാറ്റ - മര്യാദകൾക്ക് അനുസരി ച്ചിരിക്കുന്നു. ഹോസ്പിറ്റാലിറ്റി, ട്രാവൽ മേഖല കളെ ഈ മാനവശേഷിയുടെ കുറവ് കാര്യമായി ബാധിക്കുന്നു. യോഗ്യരായ ഗൈഡുകളുടെ അഭാ വം, ഇംഗ്ലീഷ് അല്ലാതെയുള്ള ഭാഷകളിലെ പ്രാവീ ണ്യമില്ലായ്മ, അതിഥികളുമായി നേരിട്ടു സംവ ദിക്കുന്ന ഫ്രണ്ട് ഓഫീസിന്റെയും ഫുഡ് ആന്റ് ബിവറേജ് വിഭാഗത്തിന്റെയും മേന്മക്കുറവ്, ഇവ യെല്ലാം ഗുരുതരമായ പ്രശ്നങ്ങളാണ്. ഈ മേഖ ലയിൽ അടിയന്തര ഇടപെടൽ തീർത്തും അനി വാര്യമാണ്. നിലവിലെ വളർച്ചയുടെ തോത് അനു സരിച്ച് ഓരോ വർഷവും അധിക മാനവവിഭവ ശേഷി ടൂറിസം രംഗത്തു നമുക്ക് ആവശ്യമാണ്. നഴ്സിംഗ്, അധ്യാപനം, പാരാമെഡിക്കൽ തുട ങ്ങിയ മേഖലയിലെന്നപോലെ ഒരു മികച്ച ടൂറിസം കേന്ദ്രമെന്ന് ഖ്യാതി നേടിയ കേരളം ടൂറിസം രംഗത്തും മനുഷ്യവിഭവശേഷിയുടെ കയ റ്റുമതിയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന അവസ്ഥ വിദൂ രമല്ല. തൊഴിലില്ലായ്മ കൂടുതലും എസ്എസ് എൽസി പാസായവരിൽ കേന്ദ്രീകരിക്കപ്പെട്ടിരി ക്കുന്ന കേരളത്തിൽ ഇത് ആശാജനകമാണ്. മാന വവിഭവശേഷി പരിശീലന രംഗത്തെ മികച്ച നേട്ട മായി അവകാശപ്പെടാവുന്നത് കോഴിക്കോട് ആരം ഭിച്ച ദേശീയ നിലവാരമുള്ള എസ്ഐഎച്ച്എം ആണ്. കോവളം ഐഎച്ച്എമ്മിലെ സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞതും ശ്രദ്ധേയമായ നേട്ട മാണ്.

ടൂറിസം രംഗത്തിന്റെ വളർച്ച സ്ഥായിയാ ക്കുക എന്നതാണ് നാം നേരിടുന്ന വെല്ലുവിളി. അനിയന്ത്രിതമായ ടൂറിസം വളർച്ച പാരിസ്ഥി തിക തകർച്ചയ്ക്കും സാംസ്ക്കാരിക ദൂഷണത്തി നും വഴിതെളിക്കുന്നു. ടൂറിസം വ്യവസായം സൃഷ്ടിക്കുന്ന മലിനീകരണവും പാരിസ്ഥിതിക

അസന്തുലിതാവസ്ഥയും സംസ്ക്കാരത്തിന്റെ വാണിജ്യവത്കരണവും ലൈംഗിക ചൂഷണവും മൂലം ടൂറിസം വികസനം ശക്തമായ സാമൂഹ്യ വിമർശനം നേരിടുന്നുണ്ട്. ഈ വ്യവസായത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്നതോടൊപ്പം അപകട സാധ്യതകളും അതീവഗൗരവത്തിലെ ടുക്കണം. അതുകൊണ്ടാണ് കേരളത്തിൽ 'ഉത്തരവാദിത്ത ടൂറിസം' ഔദ്യോഗിക നയമായി അംഗീകരിച്ചത്.

ഒന്ന്, ഏതൊരു ജൈവ മേഖലയ്ക്കും താങ്ങാവുന്നൊരു ഭാരമുണ്ട് (carrying capacity). ഇതു സംബന്ധിച്ചു പഠനം നടത്തുകയും റിസോർട്ടുകളുടെയും മറ്റും നിർമ്മാണത്തിനു നിയന്ത്രണം ഏർപ്പെടുത്തു കയും വേണം. ടൂറിസം വികസനം എങ്ങനെയാകരുത് എന്നതിന് ഉദാഹരണ ങ്ങളാണ് പല ടൂറിസ്റ്റു കേന്ദ്രങ്ങളും. നിയമം ലംഘിച്ചുള്ള നിർമ്മാണപ്രവൃത്തികൾ, മലിനീകരണം, വേശ്യാവൃത്തി, വൻകിട റിസോർട്ടുകളുടെ ആധിപത്യം തുടങ്ങിയവയെല്ലാം ഈ പരമ്പരാഗത കേന്ദ്രങ്ങൾക്കു ഇന്നു തിരിച്ചടിയാവുകയാണ്.

രണ്ട്, ആയുർവേദ ചികിത്സയും സാംസ്ക്കാരിക കലാരൂപങ്ങളും അതിരുകവിഞ്ഞ വാണിജ്യവൽകരണത്തിന്റെ ഫലമായി അധഃപതിക്കാതിരിക്കാൻ കർശനമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ടൂറിസത്തിന്റെ സാംസ്ക്കാരിക പ്രത്യാഘാതങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുകയും വേണം.

മൂന്ന്, ടൂറിസത്തിന്റെ സാമ്പത്തിക നേട്ടം പ്രാദേശിക സമ്പദ്ഘടനയ്ക്കു കൂടി സഹായകരമാവും എന്നുറപ്പുവരുത്തേണ്ടതുണ്ട്. ചെറുകിട സംരംഭങ്ങൾക്കു പരമാവധി സാധ്യതകൾ തുറക്കണം.

നാല്, പ്രാദേശിക ഭരണകൂടങ്ങളുടെ പങ്കാളിത്തം ടൂറിസം വികസനത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ടൂറിസം സോണുകളിൽ രൂപീകരിച്ചിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം.

ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച് 2008ൽ കൊച്ചിയിൽ നടന്ന അന്തർദ്ദേശീയ ടൂറിസം കോൺഗ്രസ് കൊച്ചി പ്രഖ്യാപനം അംഗീകരിക്കുകയുണ്ടായി. സാമ്പത്തിക സാമൂഹിക ഉത്തരവാദിത്തങ്ങൾ വ്യാവസായിക സമൂഹം പ്രതിബദ്ധതയോടെ ഏറ്റെടുത്തു. പച്ചക്കറികൾ, ഭക്ഷണ പദാർത്ഥങ്ങൾ, സുവനീറുകൾ, സോപ്പ് തുടങ്ങിയവ പ്രാദേശികമായിത്തന്നെ ഹോട്ടലുകൾ വാങ്ങിത്തുടങ്ങി. പ്രാദേശികമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിഥികളെ തദ്ദേശ സമൂഹത്തിനു പരിചയപ്പെടുത്തുന്നതിനും അവർ മുന്നോട്ടു വന്നു. ഇത്തരത്തിൽ രൂപഘടന ചെയ്യപ്പെട്ട ടൂർ പാക്കേജുകൾ നിലവിൽ വന്നു. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അധികാരികളേയും വ്യവസായ സംരംഭകരെയും പരിശീലിപ്പിക്കാനുള്ള സംവിധാനം നിലവിൽവന്നു. ഉത്തരവാദിത്ത ടൂറിസം അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സംരംഭകർക്ക് പ്രത്യേക സർട്ടിഫിക്കേഷൻ സിസ്റ്റം രൂപം നൽകി. അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്ന നാടോടി അനുഷ്ഠാന ആദിവാസി കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും രൂപം നൽകിയ ഉത്സവം പരിപാടി അന്തർദ്ദേശീയ തലത്തിൽ പ്രശംസ നേടി. ഒട്ടേറെ കലാകാരന്മാരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ഈ പരിപാടിയ്ക്കു കഴിഞ്ഞു.

ഇത്തരത്തിലുള്ള സമഗ്രമായ സമീപനമാണു മുസിരിസ് പൈതൃകപദ്ധതിയിൽ സ്വീകരിച്ചിട്ടുള്ളത്. കേരളചരിത്രത്തിൽ റോമാക്കാരുടെ വരവു മുതലുള്ള എല്ലാ ചരിത്രകാലഘട്ടങ്ങളെയും പ്രതിനിധീകരിക്കുന്ന സ്മാരകങ്ങൾ കൊടുങ്ങല്ലൂർ പറവൂർ പ്രദേശത്തുണ്ട്. ഇവ കോർത്തിണക്കി കേരളത്തിന്റെ ചരിത്ര പൈതൃകത്തെക്കുറിച്ചുള്ള ഒരവബോധം സഞ്ചാരിക്കു നൽകാൻ ഉതകുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അടിസ്ഥാനപരമായി ഇതൊരു പൈതൃക സംരക്ഷണ പ്രോജക്ടാണ്. വിദേശികൾക്കു മാത്രമല്ല, നാട്ടുകാർക്കും ചരിത്രത്തെക്കുറിച്ചുള്ള അനൗപചാരികവിദ്യാഭ്യാസം ഇതു പ്രദാനം ചെയ്യും. ജലഗതാഗതവുമെല്ലാമായി കൂട്ടിയിണക്കി അത്യന്തം ഉല്ലാസകരമായ ഒരനുഭവമായി സന്ദർശനം മാറ്റണം. ഇതെല്ലാം ടൂറിസ്റ്റുകളെ ആകർഷിക്കും. ഇതിന്റെ നേട്ടം പ്രാദേശിക സമ്പദ്ഘടനയ്ക്കു പരമാവധി ഉറപ്പുവരുത്തുന്ന രീതിയിൽ പരമ്പരാഗത ചന്തകൾ വികസിപ്പിക്കുന്നതിനും കുടിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപാടിയുണ്ട്. പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃത്വത്തിലൂടെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യാം. സമാനമായ പദ്ധതികൾ തലശേരി, ആലപ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

**3.5 മാനവവിഭവശേഷിയും നിക്ഷേപസൗഹൃദ അന്തരീക്ഷവും**

തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ സംസ്ഥാനമാണ് കേരളം. 2007–08ൽ നാഷണൽ സാമ്പിൾ സർവെ പ്രകാരം സാധാരണഗതിയിൽ തൊഴിലില്ലാത്തവരുടെ എണ്ണം കേരളത്തിൽ 8.5 ശതമാനവും ഇന്ത്യയിൽ 2.2 ശതമാനവും ആയിരുന്നു. സർവെയുടെ തലേ ആഴ്ച തൊഴിൽ അന്വേഷിച്ചിട്ടും ഒരുദിവസം ഒരു മണിക്കൂർ പോലും ലഭിക്കാത്ത തൊഴിലില്ലാത്തവരുടെ എണ്ണം കേരളത്തിൽ 11.4 ശതമാനവും ഇന്ത്യയിലേത് 4.3 ശതമാനവുമാണ്. മൂന്നാമതൊരു നിർവചനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ കണക്കുകൂട്ടിയിട്ടുണ്ട്. സർവെയുടെ തലേദിവസം തൊഴിൽ തേടിയിട്ടും ഒരു മണിക്കൂർ പോലും തൊഴിൽ ലഭിക്കാത്തവരെല്ലാം തൊഴിലില്ലാത്തവരുടെ എണ്ണം കേരളത്തിലെ തൊഴിൽസേനയുടെ 23.4 ശതമാനവും ഇന്ത്യയിലേത് 8.9 ശതമാനവുമാണ്.

കേരളത്തിലെ ഉപരി വിദ്യാഭ്യാസ മേഖലയിൽ വർഷാവർഷം ലഭ്യമാകുന്ന മാനവവിഭവശേഷിയുടെ കണക്കുകൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നതിൽ സാങ്കേതിക വിദ്യാഭ്യാസമേഖല ഒഴികെ മറ്റെല്ലാ മേഖലയിലും വനിതകളുടെ പ്രാതിനിധ്യം പുരുഷൻമാരേക്കാൾ ഏറെയാണെന്ന് കാണാം.

വർഷാവർഷം വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്ന അഭ്യസ്തവിദ്യരെ ഉൾക്കൊള്ളുവാൻ കാർഷിക വ്യാവസായിക മേഖലകൾക്കു കഴിയുന്നില്ല. അഭ്യസ്തവിദ്യർക്കിടയിലാണ് തൊഴിലില്ലായ്മ ഏറ്റവും രൂക്ഷം എന്നതും കണക്കുകൾ വ്യക്തമാക്കുന്നു. അഭ്യസ്തവിദ്യരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നത് അംഗീകരിക്കുന്നതോടൊപ്പം മറ്റൊരു യാഥാർത്ഥ്യവും കൂടി കണക്കിലെടുക്കേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസം കേരളത്തിലും പുറത്തും സൃഷ്ടിക്കപ്പെടുന്ന പുതിയ തൊഴിലവസരങ്ങൾക്കു യുവതലമുറയെ പൂർണമായി പ്രാപ്തമാക്കുന്നില്ല.

രജിസ്റ്റർ ചെയ്ത 43.5 ലക്ഷം തൊഴിലന്വേഷകരിൽ 62.2 ശതമാനം പേർ പത്താംതരം പാസായവരും ഹയർസെക്കന്ററിയ്ക്ക് താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരുമാണ്. 1.25 ശതമാനം പേർ മാത്രമെ ബിരുദാനന്തരബിരുദത്തോടെ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർ തൊഴിലന്വേഷകരായുള്ളൂ. ഇവിടെ ലഭ്യമായിട്ടുള്ള മനുഷ്യവിഭവത്തിൽ ഏറിയപങ്കും ഉയർന്ന വൈദഗ്ധ്യം ഇല്ലാത്തവർ ആണ്.

കേരളത്തിൽ തൊഴിൽ വകുപ്പും വിദ്യാഭ്യാസവകുപ്പും തൊഴിലധിഷ്ടിത വിദ്യാഭ്യാസ പരിപാടിയും തൊഴിൽ വൈദഗ്ദ്ധ്യപരിശീലനവും ഒക്കെ നൽകുന്നുണ്ടെങ്കിലും വ്യവസായ മേഖ

**പട്ടിക 3**

**ഉപരി വിദ്യാഭ്യാസമേഖലയും മാനവ വിഭവവിതരണവും**

| മേഖല | ആൺ | പെൺ | ആകെ |
|---|---|---|---|
| ഹയർ സെക്കന്ററി | 1,68,045 | 182113 | 350158 |
| വൊക്കേഷണൽ എച്ച്.എസ് | 12060 | 12637 | 24697 |
| ബി.എ.ഡിഗ്രി | 7008 | 14979 | 21987 |
| ബി.എസ്.സി.ഡിഗ്രി | 16212 | 15627 | 21839 |
| ബി.കോം ഡിഗ്രി | 9977 | 13921 | 23898 |
| എം.എ | 577 | 2482 | 3059 |
| എം.എസ്.സി | 442 | 2806 | 3248 |
| എം.കോം | 541 | 1680 | 2221 |
| എഞ്ചിനീയറിങ് (ബി.ടെക്) | ........ | 26112 | |
| എഞ്ചിനീയറിങ് (പി.ജി) | 208 | 188 | 396 |
| പോളിടെക്നിക് | 20160 5040 | 25200 | |

*അവലംബം: സാമ്പത്തിക സർവേ: 2009, പ്ലാനിങ് ബോർഡ്*

ലയ്ക്കു അവ പര്യാപ്തമാണോ എന്നു പരിശോധിക്കുകയും വിലയിരുത്തുകയും വേണ്ടിയിരിക്കുന്നു. പൊതുമേഖലയായാലും സ്വകാര്യമേഖലയായാലും വിദഗ്ദ്ധതൊഴിലാളികളെ ലഭ്യമാക്കുക എന്ന പ്രക്രിയ കേരളത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമാവുന്നില്ല. ആഗോളതലത്തിൽത്തന്നെ മറ്റു വികസിത വികസ്വര രാജ്യങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഫിനിഷിങ് സ്ക്കൂൾ സംവിധാനം ഇവിടെയും പ്രസക്തമായിരിക്കുന്നു.

ഒരു പ്രത്യേക മേഖലയ്ക്ക് ഏത് സമയവും ലഭ്യമാകത്തക്ക മനുഷ്യവിഭവത്തെ അവരുടെ ആവശ്യാർത്ഥം പരിശീലനം നൽകി തരപ്പെടുത്തിക്കൊടുക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സംവിധാനമാണ് ഫിനിഷിങ് സ്കൂൾ. കേരളത്തിൽ തന്നെ ചില മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ ഇത്തരത്തിൽ പരീക്ഷണം നടത്തി വിജയിച്ചിട്ടുണ്ട്. മേഖലാടിസ്ഥാനത്തിൽ ഫിനിഷിങ് സ്കൂളുകൾ തുടങ്ങിയാൽ നിശ്ചയമായും വ്യവസായ മേഖലക്ക് ആവശ്യമായ മനുഷ്യവിഭവം ലഭ്യമാക്കാൻ കഴിയും. ഒപ്പം നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിലെ തൊഴിലാളികൾക്കും കുടുംബശ്രീ സംവിധാനത്തിലെ അംഗങ്ങൾക്കും പ്രത്യേക പരിശീലനം നൽകാനും കഴിയും.

ഇന്ത്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ചിട്ടയോടെ പ്രവർത്തിക്കുന്ന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട്. കേരളത്തിൽ വ്യവസായ വകുപ്പിന്റെ തന്നെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണേറിയൽ ഡവലപ്മെന്റ് (kied) എന്ന സ്ഥാപനം കളമശ്ശേരിയിൽ ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ല. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനോടൊപ്പം നിലവിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം, പരമ്പരാഗതം, സഹകരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും തൊഴിലാളികൾക്കും മൂല്യാധിഷ്ഠിതവും സാമൂഹിക പ്രതിബദ്ധത ഉൾക്കൊണ്ടതുമായ സംരംഭകത്വത്തെ, തൊഴിൽ സംസ്കാരത്തെക്കുറിച്ച്, പ്രത്യേക പരിശീലനം നൽകേണ്ടതായിട്ടുണ്ട്. നിലവിലുള്ള ഒരു മേഖലയിലും സൃഷ്ടിപരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. കേരളത്തിന്റെ പാരിസ്ഥിതിക ഘടകങ്ങൾ കണക്കിലെടുത്ത് സാദ്ധ്യമായ മേഖലകളിൽ ഉദാഹരണത്തിന് വിവര സാങ്കേതികവിദ്യ, ബയോടെക്നോളജി, വസ്ത്രനിർമാണം, ജനറൽ എഞ്ചിനീയറിങ്, ടെക്സ്റ്റൈൽ, കെട്ടിടനിർമാണ സാമഗ്രികൾ തുടങ്ങിയവയിൽ ഊന്നൽ കൊടുത്തുകൊണ്ട് പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കേരളത്തിന്റെ ഉത്തര, മദ്ധ്യ, ദക്ഷിണ മേഖലകൾ കേന്ദ്രീകരിച്ച് സംരംഭകത്വവികസന ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതോടൊപ്പം അനുബന്ധമേഖലകളുടെ സാദ്ധ്യതയും കണ്ടെത്തേണ്ടതായിട്ടുണ്ട്. നിലവിലുള്ള ഏജൻസികളുടെ തന്നെ പ്രവർത്തനം ഇത്തരത്തിൽ വ്യാപിപ്പിച്ച് കോഴിക്കോട്ടു പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി സംയോജിപ്പിച്ച് പ്രവർത്തനമേൽനോട്ടം നൽകാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങൾ സംരംഭകത്വ വികസന പരിപാടികളോടൊപ്പം ഒരു സംരംഭകന് വേണ്ട വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസം ലഭ്യമാക്കുന്ന ഒരു ഫെസിലിറ്റേറ്റർ കൂടിയാകണം.

ആഗോളതലത്തിൽ ബഹുരാഷ്ട്രകുത്തകകൾ ഉൾപ്പെട്ട് നടത്തുന്ന മാനവവിഭവശേഷി വികസന പ്രക്രിയ തൊഴിൽ സംസ്കാരത്തിന്റെ സാമൂഹ്യസുരക്ഷാസങ്കൽപ്പത്തിന് നേരെ എതിർ ദിശയിലുള്ളതാണ്. തൊഴിൽദാതാവിന്റെയും തൊഴിൽ സ്വീകർത്താവിന്റെയും കൂട്ടായ ഉത്തരവാദിത്തത്തോടെ, തൊഴിലിന്റെ മേൽ അടിമത്തമില്ലാതെ, അവരുടെ ആരോഗ്യവും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള ഒരു വികസന സമീപനമായിരിക്കണം കൈക്കൊള്ളേണ്ടത്. ലാഭത്തിന്റെ വിഹിതം പങ്കാളിക്കുകൂടി കൈമാറുമ്പോൾ ഇത്തരം സുരക്ഷ പ്രാവർത്തികമാകും. ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ സ്വകാര്യ സംരംഭകർക്ക് സാമൂഹികസുരക്ഷാപദ്ധതി 2009 വർഷത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഒരു നല്ല തുടക്കമാണ്.

### നിക്ഷേപ സൗഹൃദ അന്തരീക്ഷം

വ്യവസായമേഖലയിൽ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് വർധിച്ച നിക്ഷേപം ആവശ്യമാണ്. ഇത് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യസംരംഭകരിൽ നിന്നാണ് പ്രധാനമായും ഉണ്ടാകേണ്ടത്. ഈ സാഹചര്യത്തിൽ കേരളം നിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്ന സംസ്ഥാ

നമാണെന്നുള്ള ധാരണ എങ്ങനെ പ്രചരിച്ചു വെന്ന് പരിശോധിക്കുകയും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയും ചെയ്യണം. നിക്ഷേപകൻ സാധാരണ വിലയിരുത്തുന്ന ചില ഘടകങ്ങളുണ്ട്,.

1. അനായാസേന വ്യവസായം ആരംഭിക്കാനുള്ള സൗകര്യം, 2. പ്രവർത്തനത്തിൽ മാറ്റം വരുത്താനുള്ള സാധ്യത, 3. നിക്ഷേപത്തിനു ലാഭം കിട്ടുമെന്നുള്ള ഉറപ്പ്, 4. തൊഴിൽ ശക്തിയുടെ സ്വഭാവം, പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരം, നിലവിലുള്ള നിയന്ത്രണങ്ങളുടെ സ്വഭാവം തുടങ്ങിയവ, 5. ഉദ്യോഗസ്ഥവൃന്ദത്തിന്റെ കാഴ്ചപ്പാട്, സർക്കാരിന്റെ നയങ്ങളുടെ ഊന്നൽ, ഭരണത്തിന്റെ സുസ്ഥിരത എന്നിവ നിക്ഷേപകൻ വിലയിരുത്തും.

വലതുപക്ഷവും മാധ്യമങ്ങളും കാലങ്ങളായി നടത്തുന്ന പ്രചരണത്തിന്റെ ഫലമായി കേരളം ഒരു തൊഴിൽകുഴപ്പ സംസ്ഥാനമാണെന്ന അപഖ്യാതി പ്രചാരത്തിലുണ്ട്. സ്ഥിതിവിവരക്കണക്കുകൾ നേർവിപരീത ചിത്രമാണു നൽകുന്നത്. കേരളത്തിലെ പണിമുടക്കുകളുടെയും നഷ്ടപ്പെട്ട തൊഴിൽദിനങ്ങളുടെയും എണ്ണത്തിന്റെ തോത് കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുമാത്രമല്ല, രണ്ടു ദശാബ്ദത്തിലേറെയായി ദേശീയ ശരാശരിയെക്കാൾ താഴ്ന്നതാണ്. ശമ്പളത്തിന്റെ കാര്യമെടുത്താൽ വാർഷിക വ്യവസായ സർവെയുടെ കണക്കുകൾ പ്രകാരം വിവിധ ഫാക്ടറി മേഖലകളിലെ വരുമാനത്തിൽ കേരളത്തിലെ ശമ്പളത്തിന്റെ വിഹിതം ദേശീയശരാശരിയെക്കാൾ താഴ്ന്നതാണ്.

അതേസമയം ഒരു യാഥാർത്ഥ്യമുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ അനൗപചാരിക തൊഴിൽ മേഖലയിലെ തൊഴിലാളികൾ അസംഘടിതരായി നിലനിൽക്കുമ്പോൾ കേരളത്തിൽ സ്ഥിതി വ്യത്യസ്തമാണ്. കേരളത്തിൽ അനൗപചാരിക മേഖലയിലെ തൊഴിലാളികളുടെ കൂലി രാജ്യത്തിലെ ശരാശരി കൂലിയെക്കാളും അയൽസംസ്ഥാനങ്ങളിലെ നിലവിലുള്ള കൂലിയെക്കാളും കൂടുതലാണ്. നിർമ്മാണ മേഖലയിലും കയറ്റിറക്കു മേഖലയിലും ചില തൊഴിൽമേഖലകളിൽ അമിതമായ കൂലി, നോക്കുകൂലി, യൂണിയനുകൾ തൊഴിലാളികളെ നിശ്ചയിക്കുന്ന സമ്പ്രദായം തുടങ്ങിയവ നിലനിൽക്കുന്നു. ട്രേഡ് യൂണിയനുകൾ തമ്മിലുള്ള അതിരുകവിഞ്ഞ കിടമത്സരം ഇവയ്ക്കു പ്രോത്സാഹനമായി തീർന്നിരിക്കുന്നു. ചില പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ കരാർ കൊടുക്കുന്നതുപോലും പ്രയാസമായിട്ടുണ്ട്. ഇവയെല്ലാം തിരുത്തിയേ തീരൂ.

ഈ അവസരത്തിൽ കേരളത്തിലെ വ്യവസായ വളർച്ചയെക്കുറിച്ചും തൊഴിലാളി സംഘടനകളെപ്പറ്റിയും ഇഎംഎസ് നടത്തിയ സ്വയം വിമർശനം ഓർക്കാവുന്നതാണ്. *"അധ്വാനിക്കുന്ന ജനവിഭാഗവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രയത്നിച്ചതിന്റെ ഫലമായി കൂട്ടായ വിലപേശലിലൂടെ കൂലിയും ശമ്പളവും വർധിപ്പിക്കാൻ ഇവിടെയുള്ള തൊഴിലാളിക്ക് കഴിഞ്ഞിട്ടുണ്ട്. അതേസമയം കർഷകനും വ്യവസായിക്കും അവരുടെ മേഖലയിൽ അതേനിരക്കിൽ വളർച്ച കൂട്ടാൻ സാധിച്ചിട്ടില്ല. കർഷകനും വ്യവസായിക്കും തൊഴിലാളികളുടെ വേതനം വർധിച്ച അതേ നിരക്കിലോ അതിൽ കൂടുതലോ ആയി ഉൽപാദന നിരക്കു വർധിപ്പിക്കാൻ സാധിക്കണം. സംസ്ഥാന ഭരണകൂടവും, തൊഴിൽദായകരും തൊഴിലാളികളും കൂട്ടായ യത്നത്തിലൂടെ ഇതിനു സഹായകരമായ രീതി വികസിപ്പിച്ചെടുക്കണം. ഈ ലക്ഷ്യം സാധിക്കാൻ ഞങ്ങളുടെ നിലപാടിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ തയ്യാറാണെന്നു ഞാൻ പ്രഖ്യാപിക്കുന്നു."*

ഭൂമിയുടെ വില മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൂടുതലാണെന്നത് ഒരു പരിമിതിയാണ്. നിക്ഷേപകർക്ക് ന്യായമായ വിലയ്ക്ക് ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള പൊതുമേഖലാ വ്യവസായ നയങ്ങളുടെ വികസനത്തിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും ഭൂമി അത്യാവശ്യമാണ്. ഭാരതത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ ഒരു ശതമാനം മാത്രമാണ് കേരളത്തിന്റെ വിസ്തീർണം. 2001 ലെ കാനേഷുമാരി കണക്കു പ്രകാരം ഇന്ത്യൻ ജനതയുടെ മൂന്ന് ശതമാനം കേരളത്തിലാണ്. ജനസാന്ദ്രതയാകട്ടെ സ്ക്വയർ കിലോമീറ്ററിന് 819 ഉം. ഇത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയോളം വരും. ഭാരതത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ വ്യവസായ വികസനത്തിനാവശ്യമായ ഭൂമിയുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന വലിയ പ്രശ്നം. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ വ്യവസായത്തിനാവശ്യ

മായ ഭൂമി കണ്ടെത്തേണ്ടതുണ്ട്. അതോടൊപ്പം ഊഹക്കച്ചവടത്തിനായി റിയൽ എസ്റ്റേറ്റു ബിസിനസുകാരും ഇപ്രകാരം നൽകപ്പെടുന്ന ഭൂമി ദുരുപയോഗപ്പെടുത്തില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ജനസാന്ദ്രത കുറഞ്ഞ ഭാഗങ്ങളിൽ സർക്കാർ മുൻകൈയെടുത്ത് വലിയ തോതിൽ വ്യവസായ പാർക്കുകൾ സൃഷ്ടിക്കുക. വ്യവസായങ്ങൾക്കാവശ്യമായ ജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ ഇവയെ അടിസ്ഥാനമാക്കിയിട്ടായിരിക്കണം പാർക്കുകൾ സ്ഥാപിക്കേണ്ടത്. പശ്ചാത്തല സൗകര്യങ്ങളുടെ അപര്യപ്തതകൾ പ്രവർത്തനച്ചെലവ് വർധിപ്പിക്കുകയും ഉൽപാദനക്ഷമതയും ലാഭനിരക്കും കുറയ്ക്കുകയും ചെയ്യുന്നു. കൂടിയതോതിൽ നിക്ഷേപം ഒഴുകിയെത്താൻ ഈ പ്രശ്നം പരിഹരിക്കണം. അടുത്ത അധ്യായത്തിൽ ഭൗതികപശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ചില വ്യവസായങ്ങളുണ്ടാക്കുന്ന പരിസരമലിനീകരണം കൈകാര്യം ചെയ്യാനുതകുന്ന സംവിധാനങ്ങൾ നിലവിൽ വരണം. സാങ്കേതിക സാമ്പത്തിക രംഗങ്ങളിൽ മൂല്യവർധിത സേവനങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ പരിമിതമായേ നമുക്കുള്ളൂ. ഗവേഷണ വികസന പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതും ആധുനിക നൈപുണികൾ പരിശീലിപ്പിക്കുന്നതുമായ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും നമുക്കില്ല. മേൽസൂചിപ്പിച്ച തടസങ്ങൾ നീക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

നിക്ഷേപസൗഹൃദമാകുന്ന വിധത്തിൽ ഉദ്യോഗസ്ഥവൃന്ദത്തെ മാറ്റിയെടുക്കണം. ചുവപ്പുനാട, ഭരണനടപടികളിലെ സങ്കീർണത, വ്യവസായാനുമതി ലഭിക്കാനുള്ള കാലതാമസം, കൈക്കൂലി, സംശയദൃഷ്ട്യാ കാര്യങ്ങൾ കാണുന്ന ഉദ്യോഗസ്ഥർ എന്നിവയെല്ലാം നിക്ഷേപകനെ ആട്ടിപ്പായിക്കുന്ന ഘടകങ്ങളാണ്. ഒരു സ്ഥാപനം ആരംഭിക്കണമെങ്കിൽ ഒട്ടേറെ ഉദ്യോഗസ്ഥരിൽ നിന്ന് അനുമതി പത്രം ലഭിക്കേണ്ട അവസ്ഥ മാറണം. ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പാക്കണം. ഏകജാലക സംവിധാനം അനിവാര്യമായി വിവിധ വകുപ്പുകളിൽ നടക്കേണ്ട വിശദമായ പരിശോധന ഒഴിവാക്കുന്നതിനുള്ള ഉപായമല്ല. ഒന്നിനുപുറകെ ഒന്നായി ഓരോ വകുപ്പും മുറപ്രകാരം പരിശോധിച്ചു കാലതാമസം വരുത്തുന്ന ഇന്നത്തെ രീതിയ്ക്കു പകരം എല്ലാവരും സമാന്തരമായി പരിശോധന നടത്തുകയും തർക്ക പ്രശ്നങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്യുന്ന രീതിയാണിത്. സർക്കാരിന്റെ ഓരോ വകുപ്പും എങ്ങനെ നിക്ഷേപകനെ പ്രോത്സാഹിപ്പിക്കാൻ കഴിയും എന്നാണ് ആലോചിക്കേണ്ടത്. ഇന്നത്തെ രീതിയിൽ നിരുത്സാഹപ്പെടുത്താനല്ല. അനുമതി നൽകുന്ന കാര്യത്തിൽ യോജിച്ച പ്രവർത്തനം ആവശ്യമാണ്.

വികസനത്തിന്റെ കാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അഭിപ്രായ സമന്വയം ഉണ്ടാകണം. വ്യത്യസ്ത രാഷ്ട്രീയമുന്നണികളാണ് മാറിമാറി കേരളം ഭരിക്കുന്നതെന്ന വസ്തുത പരിഗണിക്കുമ്പോഴാണ് ഇതിന്റെ പ്രസക്തി കൂടുന്നത്. ഒരു പുതിയ വികസനരാഷ്ട്രീയകാഴ്ചപ്പാട് കേരളത്തിൽ ഉരുത്തിരിഞ്ഞു വരാൻ എന്നും മുൻകൈയെടുത്തിട്ടുള്ളത് ഇവിടുത്തെ ഇടതുപക്ഷമാണ്. 1992ലെ മത്തായി മാഞ്ഞൂരാൻ സ്മാരക പ്രസംഗത്തിൽ ഇഎംഎസ് ഇങ്ങനെ പറഞ്ഞു, "രാഷ്ട്രീയമായി കോൺഗ്രസ്, ബിജെപി, മറ്റ് ജാതിമതാധിഷ്ഠിത സംഘടനകൾ എന്നിവയ്ക്കെതിരെ ജനങ്ങളെ സംഘടിപ്പിക്കുമ്പോൾ തന്നെ, പ്രാദേശിക വികസനത്തിനു വേണ്ടി ഇവർക്കെല്ലാം യോജിച്ചു പ്രവർത്തിക്കാൻ കഴിയുന്ന ഒരു വികസനസംസ്ക്കാരത്തിനു വേണ്ടിയാണ്, ഞാൻ നിലകൊള്ളുന്നത്. തെരഞ്ഞെടുപ്പിൽ ജയിച്ചവർ തോറ്റവരിൽ നിന്നു സഹായം സ്വീകരിക്കാനും തോറ്റവർ ജയിച്ചവർക്കു വികസനത്തിനാവശ്യമായ സഹകരണം നൽകാനും തയ്യാറാകേണ്ടതുണ്ട്."

കേരളത്തിന്റ സാമ്പത്തിക പിന്നാക്കാവസ്ഥയുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ കുറഞ്ഞ പ്രാധാന്യം നേടിയ ഒരു മേഖലയാണ് വ്യവസായസംരംഭകത്വം. കേരള സമൂഹത്തിൽ വ്യവസായ സംരംഭകത്വത്തിന്റെ പിന്നാക്കാവസ്ഥയ്ക്ക് ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാണുള്ളത്. എന്നാൽ ഈ കാരണങ്ങളെ മറികടക്കാതെ കേരളത്തെ വ്യവസായവല്കരിക്കാനാവില്ല. സാമൂഹികസമത്വത്തിലധിഷ്ഠിതമായ ഒരു വികസന പ്രക്രിയയായിരുന്നു കേരളം പിന്തുടർന്നുവന്നത്. അത് ഉയർന്ന സാമൂഹികവികസന സൂചികകളുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയും

ചെയ്തു. എന്നാൽ സാമ്പത്തിക വളർച്ചയിലും വികാസത്തിലും ആ തോതിലുള്ള വളർച്ച നേടാൻ സംസ്ഥാനത്തിനായില്ല. ഈ പ്രതികൂല സാഹചര്യത്തെ മറികടക്കണമെങ്കിൽ വർധിച്ച തോതിലുള്ള സമ്പത്തുല്പാദനം സംസ്ഥാനത്തു നടക്കേണ്ടിയിരിക്കുന്നു. അതിന് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും പുതിയ സംരംഭകത്വ സംസ്കാരം സൃഷ്ടിക്കുകയും വേണം.

വ്യവസായസംരംഭകത്വത്തെ വികസിപ്പിച്ചെടുക്കാനാവശ്യമായ വളരെയേറെ അനുകൂല ഘടകങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഇതിൽ മുഖ്യമായത് സംസ്ഥാനത്തുള്ള ഉപഭോഗത്തിന്റെ ഉയർന്ന തോതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളോഹരി ഉപഭോഗമുള്ളത് കേരളത്തിലാണ്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 3% മാത്രമുള്ള കേരളത്തിലാണ് ഈ രാജ്യത്തുണ്ടാകുന്ന ഉപഭോഗവസ്തുക്കളുടെ 10–15 ശതമാനം വിറ്റഴിക്കപ്പെടുന്നത്. ഇത്രമാത്രം ഉപഭോഗം നടക്കുന്ന കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉപഭോഗവസ്തുക്കൾ വിരലിലെണ്ണാവുന്നതുമാത്രമാണ്. ഉപയോഗിക്കപ്പെടുന്ന ചരക്കുകളുടെ സിംഹവിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുന്നവയാണ്.

ഇതുകൂടാതെ സംരംഭകത്വത്തെ വളർത്തിയെടുക്കാനാവശ്യമായ സാമ്പത്തികസഹായം, മനുഷ്യവിഭവം എന്നിവയും കേരളത്തിൽ ലഭ്യമാണ്. പ്രവാസി മലയാളികളുടെ സമ്പാദ്യത്തിന്റെയും വൈദഗ്ധ്യത്തിന്റെയും സാധ്യതകൾ നാം ഉപയോഗപ്പെടുത്തിയിട്ടില്ല. കേരളത്തിലെ സി.ഡി അനുപാതം 50 ശതമാനത്തിനു ചുറ്റുവട്ടത്താണ്. അതായത് ഇപ്പോഴും നല്ല പദ്ധതികൾക്ക് സാമ്പത്തിക സഹായം നേടാനാവുമെന്നതാണിത് കാണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുതന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം നാല്പതു ലക്ഷത്തിലധികം വരും. ഇതിൽ 25% പേരും ബിരുദധാരികളാണ്.

അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുള്ള, വ്യവസായപദ്ധതികൾക്കാവശ്യമായ സാമ്പത്തികസഹായം കണ്ടെത്താനാവുന്ന, ഉല്പന്നങ്ങൾക്ക് വർധിച്ച ആവശ്യക്കാരുള്ള സംസ്ഥാനത്ത് സംരംഭകത്വം വികസിച്ചുവരുന്നതിന്റെ കാരണങ്ങൾ ഗൗരവമായി അന്വേഷിക്കേണ്ടിയിരിക്കുന്നു. ചരിത്രപരമായി പരിശോധിച്ചാൽ കേരളത്തിലെ സംരംഭകത്വം കൂടുതൽ വാണിജ്യകൃഷിയോടും വ്യാപാരത്തോടുമാണ് താൽപര്യം പ്രകടിപ്പിച്ചുവന്നത്. സമീപകാലത്ത് ഇതിൽനിന്നു വ്യത്യസ്തമായി വിദ്യാസമ്പന്നരായ പുതിയ തലമുറ വ്യവസായസംരംഭകർ രൂപം കൊണ്ടിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

### 3.6 വാണിജ്യമേഖല

കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 23 ശതമാനം വാണിജ്യ മേഖലയിൽ നിന്നാണ്. 0.5 ലക്ഷം മൊത്ത വ്യാപാര സ്ഥാപനങ്ങളും 5.2 ലക്ഷം ചില്ലറ കടകളും ഒരു ലക്ഷത്തോളം ഹോട്ടലുകളുമടക്കം 6.75 വാണിജ്യ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഏതാണ്ട് 12.3 ലക്ഷംപേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നുമുണ്ട്. എംഎസ്എംഇ സർവേയിലെ സ്ഥിതിവിവരക്കണക്കുകൾ പട്ടിക 3.1ൽ നിന്നും കൂടുതൽ വിശദാംശങ്ങൾ ലഭിക്കും.

വാണിജ്യമേഖലയ്ക്കു ഇത്രയേറെ പ്രാധാന്യമുണ്ടെങ്കിലും ഒരു പക്ഷെ ഇതാദ്യമായിട്ടായിരിക്കും ഒരു പൊതുവികസന രേഖയിൽ വാണിജ്യമേഖലയ്ക്കു സ്ഥാനം ലഭിക്കുന്നത്. ഇതുവരെയുള്ള പതിനൊന്നു പഞ്ചവത്സര പദ്ധതിരേഖകളിൽ ഒന്നിൽ പോലും കയററുമതിയെക്കുറിച്ചല്ലാതെ വാണിജ്യ മേഖലയെക്കുറിച്ച് ഒരു ഖണ്ഡികപോലുമില്ല. ഈയൊരു സമീപനത്തിനു പിന്നിൽ മുഖ്യമായും രണ്ടു കാരണങ്ങളാണ് ഉളളത്. ഒന്നാമത്തേത് വാണിജ്യമേഖലയുടെ വളർച്ച സ്വാഭാവികമായി ഉണ്ടായിക്കൊള്ളും എന്ന ധാരണയാണ്. ഉൽപാദനമേഖലകൾ വളരുമ്പോൾ അല്ലെങ്കിൽ ഉപഭോക്തൃ കമ്പോളം വിപുലമാകുമ്പോൾ വാണിജ്യം സ്വാഭാവികമായി വികസിച്ചുകൊള്ളും എന്നാണ് ധാരണ. രണ്ടാമത്തേത്, കൈമാറ്റം നേരിട്ട് പുതുമൂല്യം സൃഷ്ടിക്കുന്നില്ല എന്ന വസ്തുതയാണ്. ദേശീയവരുമാനത്തിന്റെ യഥാർത്ഥ ഉറവിടം ഉൽപാദനമാണ്. വ്യാപാരം, ബാങ്ക് തുടങ്ങിയ മേഖലകൾ ആ മൂല്യത്തിലൊരു വിഹിതം കൈപ്പറ്റുന്നു എന്നതാണ് അർത്ഥശാസ്ത്രത്തിന്റെ നിലപാട്. വ്യാപാരവുമായി ബന്ധപ്പെട്ട ചരക്കുകടത്ത്, സ്റ്റോറേജ്, എടുത്തു കൊടുന്നവരുടെ ജോലി തുടങ്ങിയ പ്രവർത്തനങ്ങൾ മാത്രമേ പുതുമൂല്യം സൃഷ്ടിക്കുന്നുള്ളൂ.

അർത്ഥശാസ്ത്ര സമീപനം അംഗീകരിച്ചാൽ പോലും വാണിജ്യത്തിന്റെ പ്രാധാന്യം അവഗണി

ക്കാനാവില്ല. ഉൽപാദന മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മൂല്യം സാക്ഷാത്കരിക്കണമെങ്കിൽ വാണിജ്യം അനിവാര്യമാണ്. സുഗമവും കാര്യക്ഷമവുമായ കമ്പോളം ഉൽപാദന മേഖലകളുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. കാര്യക്ഷമമായ കമ്പോളശൃംഖലയെ ബോധപൂർവം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

കേരള വികസനത്തോടു ബന്ധപ്പെട്ടു മറ്റൊരു ചിന്ത കൂടി ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. എന്തുകൊണ്ട് ഉപഭോക്തൃ കമ്പോളത്തെ വളർച്ചയുടെ സ്രോതസായി വികസിപ്പിച്ചുകൂടാ? പക്ഷേ ഇത്തരമൊരു തന്ത്രത്തിന് ഇന്നത്തെ നിലയിൽ രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്നാമത്തേത്, കേരളത്തിലെ ഉപഭോക്തൃ കമ്പോളവും ആഭ്യന്തര ഉൽപാദനവുമായുള്ള ബന്ധം വളരെ ദുർബലമാണ്. കേരളത്തിലെ ഉപഭോഗത്തിന്റെ 75-80 ശതമാനവും മറ്റു സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്തു നിന്നോ വരുന്നവരുടെ ചരക്കുകളാണ്. അരി, പെട്രോൾ, പഞ്ചസാര, തുണി, ഉപഭോക്തൃ ഉപകരണങ്ങൾ തുടങ്ങി ഏതാണ്ടെല്ലാം മുഖ്യമായും പുറത്തുനിന്നു വരുന്നവയാണല്ലോ. ഈ സാഹചര്യത്തിൽ ഉപഭോക്തൃ കമ്പോളം വികസിച്ചാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും കേരളത്തിലേയ്ക്കുള്ള ഇറക്കുമതി കൂടുകയായിരിക്കും ഫലം. ഗൾഫ് പണവരുമാന വർദ്ധനയെ തുടർന്നു സംഭവിച്ചത് ഇതാണ്.

ഇതിനുള്ള പ്രതിവിധി കേരളത്തിലെ കമ്പോളത്തെ നമ്മുടെ ആഭ്യന്തര ഉൽപാദനവുമായി ബന്ധിപ്പിക്കുന്നതിനു ബോധപൂർവം ശ്രമിക്കുകയാണ്. ഉൽപാദന മേഖലകളിലെ നയങ്ങളിൽ ഇതിന് അനുസൃതമായി മാറ്റം വരുത്തണം. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി റിസോർട്ടുകളിലും മറ്റും ആവശ്യമായ ഉൽപന്നങ്ങൾ പ്രാദേശികമായി വാങ്ങുന്നതിനുള്ള നയം ഇതിനു നല്ല ഉദാഹരണമാണ്. ടൂറിസത്തെ കൈത്തറി- കരകൗശല കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനാവണം. മുസരിസ് പൈതൃക പ്രോജക്ടിന്റെ ഭാഗമായി പരമ്പരാഗത ചന്തകളെ പുനരുജ്ജീവിപ്പിക്കുന്നതിനും കൈത്തൊഴിൽ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സ്കീം ഈ സന്ദർഭത്തിൽ പ്രസക്തമാണ്.

വാണിജ്യമേഖലയോടുള്ള അവഗണനയുടെ മറ്റൊരു കാരണം വാണിജ്യ പ്രോത്സാഹന സമീപനം ഉപഭോക്തൃസംസ്ക്കാരത്തിന്റെ അതിപ്രസരം സൃഷ്ടിക്കുമെന്നുള്ള ഭയമാണ്. നാട്ടിലെ ഉപഭോക്തൃ തൃഷ്ണ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രചാരണങ്ങളിൽ നിന്നു പിന്മാറി മറ്റു സംസ്ഥാനങ്ങളിലും വിദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രചരണമാണു വേണ്ടത്. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രചാരണ ദിശയിൽ ഇത്തരമൊരു മാറ്റം അനിവാര്യമാണ്. ദുബായ്, സിംഗപ്പൂർ പോലെ ടൂറിസവുമായി ബന്ധപ്പെടുത്തിയുള്ള ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനായിരിക്കണം ലക്ഷ്യം. ഈ ഉപഭോക്തൃ ആവശ്യത്തെ നമ്മുടെ ആഭ്യന്തര ഉൽപാദനവുമായി ബന്ധപ്പെടുത്തുകയും വേണം.

കേരളത്തിലെ വാണിജ്യമേഖലകളെക്കുറിച്ച് ആവശ്യമായ പഠനങ്ങൾ നടന്നിട്ടില്ല. എങ്കിലും ലഭ്യമായ വിവരങ്ങൾ വെച്ച് 13 ഇനം പ്രമുഖ ഉൽപന്നങ്ങളുടെ കമ്പോളങ്ങളെ കുറിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ വിജ്ഞാനപ്രദമായിരിക്കും.

തിരഞ്ഞെടുത്ത പ്രമുഖ ചരക്കുകളുടെ മതിപ്പുകണക്കുകൾ മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. ആട്ടോമൊബൈൽ പോലുള്ള ചില പ്രമുഖ മേഖലകൾ പോലും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. പലചരക്കു കടകളാണ് ഏറ്റവും പ്രാമുഖ്യം. പക്ഷേ, ഇന്ത്യൻ ഉപഭോക്തൃ കമ്പോളത്തിന്റെ 60 ശതമാനം പലചരക്കു വ്യാപാരം ആയിരിക്കുമ്പോൾ ഈ മേഖലയുടെ കേരളത്തിലെ വിഹിതം 51 ശതമാനമേ വരൂ. പക്ഷേ ഈ മേഖലയിലെ വ്യാപാരം പ്രതിവർഷം 6.5 ശതമാനം വീതമേ വിപുലപ്പെടുന്നുള്ളൂ. പലചരക്കുമേഖല കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും പ്രമുഖ വാണിജ്യമേഖല ആഭരണവിൽപനയാണ്. മൊത്തം കമ്പോളത്തിന്റെ 21 ശതമാനം വരും ആഭരണം. ഇന്ത്യയിലെ മൊത്തം കമ്പോളത്തിന്റെ 5 ശതമാനമേ ഈ മേഖല വരൂ എന്ന് ഓർക്കേണ്ടതുണ്ട്. ഇതു മിതമായ കണക്കാണ്. സമീപ വർഷങ്ങളിൽ സ്വർണത്തിന്റെ വിസ്മയകരമായ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ 2010ൽ ആഭരണ സ്വർണ കമ്പോളം 20,000 – 25,000 കോടി രൂപ വരുമെന്നാണ് നികുതിവകുപ്പു കണക്കാക്കിയിട്ടുള്ളത്. ഭക്ഷണശാലകളാണ് ഏറ്റവും വേഗതയിൽ (പ്രതിവർഷം 25 ശതമാനം) വളർന്നു കൊണ്ടി

രിക്കുന്ന മേഖല. എന്നാൽ മൊത്തം കമ്പോള ത്തിന്റെ 4 ശതമാനമേ കേറ്ററിംഗ് വരു. സൗന്ദര്യ വർദ്ധക വസ്തുക്കൾ, ഉപഭോക്തൃ ഉപകരണ ങ്ങൾ, മൊബൈൽ, പുസ്തകവും സംഗീതവും തുടങ്ങിയവ എന്നിവയാണ് ഏറ്റവും വേഗതയിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലകൾ.

കേരള വികസന ചരിത്രത്തിൽ ആദ്യമായി വാണിജ്യമേഖലയ്ക്കു ബജറ്റിൽ അക്കൗണ്ടു തുറ ന്നത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിലാ ണ്. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിനു വേണ്ടി പ്രതിവർഷം 25 കോടി രൂപ മുടക്കുന്നു ണ്ട്. ഇതിലൊരു ഭാഗം കമ്പോളങ്ങളുടെ സൗക ര്യങ്ങൾ വികസിപ്പിക്കുന്നതിനു വേണ്ടിയാണ് ചെലവഴിക്കുന്നത്. മറ്റൊരു സുപ്രധാന ബജറ്റ് നിർദ്ദേശം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റാണ്. വ്യാപാര മേഖലയിൽ സംരംഭ കത്വത്തിനും ആധുനിക മാനേജ്മെന്റ് വിദ ഗ്ധൻമാരെയും പരിശീലിപ്പിച്ചെടുക്കുന്നതിനു വേണ്ടിയാണ് ഇതു സ്ഥാപിക്കുന്നത്. വാണിജ്യ മേഖലയെക്കുറിച്ച് ചിട്ടയായ പഠനവും ഈ സ്ഥാപനം ഏറ്റെടുക്കുന്നതാണ്. വാണിജ്യമേഖ ലയെക്കുറിച്ചുള്ള ഗവേഷണ പഠനങ്ങൾ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേ ഷന്റെയും ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക
**കേരളത്തിലെ ചില്ലറ വിൽപന കമ്പോളം**

| മേഖല | വിൽപനയുടെ മതിപ്പുകണക്ക് | ശതമാനം | വളർച്ചാ നിരക്ക് |
|---|---|---|---|
| ഭക്ഷണവും പലചരക്കും | 30900 | 51.0 | 6.5 |
| തുണി റെഡിമെയ്ഡ് | 5380 | 8.9 | 15.7 |
| വാച്ച് | 120 | 0.2 | 11.4 |
| സൗന്ദര്യവർദ്ധന വസ്തുക്കൾ | 200 | 0.3 | 21.4 |
| ഉപഭോക്തൃ ഉപകരണങ്ങൾ | 2800 | 4.6 | 19.5 |
| ഫർണിച്ചർ, ഫർണിഷിംഗ് | 1700 | 2.8 | 11.9 |
| കേറ്ററിംഗ് | 2550 | 4.2 | 25.1 |
| വിനോദം | 220 | 0.4 | 20.0 |
| സ്വർണാഭരണങ്ങൾ | 12800 | 21.1 | 15.3 |
| ചെരിപ്പ് | | 620 | 1.0 16.4 |
| മരുന്ന് | 2380 | 3.9 | 15.6 |
| മൊബൈൽ തുടങ്ങിയ | 570 | 0.9 | 25.6 |
| മൊത്തം | 60, 600 | 100.00 | 10.6 |

അടുത്ത മുഖ്യനടപടി വാണിജ്യമിഷന്റെ രൂപീകരണമാണ്. ഈ മേഖലയിലെ സർക്കാ രിന്റെ നോഡൽ ഏജൻസിയായിട്ടായിരിക്കും വാണിജ്യമിഷൻ പ്രവർത്തിക്കുക. 2020നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയിൽ നയവും പ്രഖ്യാപിക്കണം. ഈ നയ ത്തിൽ പശ്ചാത്തല സൗകര്യം, പരിസ്ഥിതി, പ്രോത്സാഹനങ്ങൾ, സോണിംഗ്, ക്ലസ്റ്റർ, തെരു വോരക്കച്ചവടക്കാർ, വഴിയോര സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ചുള്ള നയങ്ങൾ ഉൾക്കൊള്ളണം. വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങളെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഏകോപിപ്പിക്കുക വാണിജ്യമിഷനായിരിക്കും.

കേരള റീട്ടെയിൽ എന്നൊരു പുതിയ ബ്രാൻഡ് സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനാവശ്യ മായ പ്രചാരണം ടൂറിസവുമായി ബന്ധപ്പെടുത്തി വേണം നടത്താൻ. കേരളത്തിലെ വാണിജ്യമേ ഖലയെക്കുറിച്ച് ആകർഷകമായ പ്രതിഛായ സൃഷ്ടിക്കുകയാണ് ഈ ബ്രാൻഡ് പ്രചാരണ ത്തിന്റെ ലക്ഷ്യം.

കേരളത്തിലെ റീട്ടെയിൽ മേഖല നേരി ടുന്ന ഏറ്റവും പ്രധാന വെല്ലുവിളി ദേശീയ ആഗോളക്കുത്തകകളുടെ റീട്ടെയിൽ ശൃംഖലക

ളിൽ നിന്നാണ്. കേരളത്തിലെ വ്യാപാരികൾ ഈ വിപത്തിനെതിരെയുള്ള സമരത്തിലാണ്. ഈ പ്രക്ഷോഭം മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം നമ്മുടെ ചെറുകിട സ്ഥാപനങ്ങളുടെ മത്സരശേഷി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്കു ബദലായി ഉയർത്തുകയുമാണ്. ഷോപ്പിംഗ് മോളിലെന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകേണ്ടതുണ്ട്. ആദായകരമായ വിലയ്ക്ക് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടി ചരക്കുകൾ മൊത്തമായി സ്രോതസിൽ നിന്നു വാങ്ങി റീട്ടെയിലുകാർക്കു നൽകുന്നതിനു വേണ്ടിയുള്ള സഹകരണ സംഘങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എയർപോർട്ടിനും മറ്റും അടുത്തായി ഷോപ്പിംഗ് ഹബ്ബുകൾ സ്ഥാപിക്കണം. ശബരിമല തീർത്ഥാടന പാതയിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

സമീപകാലത്തുണ്ടായ മറ്റൊരു സുപ്രധാന നടപടി വ്യാപാരി ക്ഷേമനിധി പ്രവർത്തന ക്ഷമമായതാണ്. വർദ്ധിച്ച നികുതിയുടെ നിശ്ചിതശതമാനം ക്ഷേമനിധിയ്ക്കു വേണ്ടി നീക്കിവെച്ചതിന്റെ ഫലമായി പെൻഷൻ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞു. മറ്റു പല ക്ഷേമപ്രവർത്തനങ്ങൾക്കും രൂപം നൽകി വരുന്നു. എന്നാൽ ഇന്നും കേരളത്തിലെ വ്യാപാരികളുടെ ചെറുശതമാനം മാത്രമേ ക്ഷേമനിധി അംഗങ്ങളായിട്ടുള്ളൂ. ഈ നിലയിൽ മാറ്റം വരുത്താൻ കഴിയണം.

സംസ്ഥാന സർക്കാരിന്റെ നികുതിയുടെ സ്രോതസ് മുഖ്യമായും വാണിജ്യമേഖലയാണ്. സ്വാഭാവികമായും നികുതി പിരിവുമായി ബന്ധപ്പെട്ടു സംഘർഷങ്ങൾ ഉണ്ടാകും. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച വ്യാപാരി സൗഹൃദ സമീപനത്തിന്റെ ഭാഗമായി തികച്ചും ആരോഗ്യകരമായ ബന്ധം വളർന്നിട്ടുണ്ട്. ഇ-ഗവേണൻസിലൂടെ ഈ രംഗത്തെ അഴിമതി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ ചരക്കുസേവന നികുതി വരുന്നതോടെ ഈ മാറ്റത്തെ ഇനിയും ശക്തിപ്പെടുത്താൻ കഴിയും. ജിഎസ്ടി കേരളത്തിലെ വ്യാപാര വികസനത്തിനു സഹായിക്കും. ഇന്ന് കേന്ദ്ര സെയിൽ ടാക്സ് രണ്ടു ശതമാനം മാത്രമാണ്. സംസ്ഥാനത്തു നിന്നു വാങ്ങിയാൽ 4 അല്ലെങ്കിൽ 12.5 ശതമാനം നികുതി കൊടുക്കേണ്ട ഉൽപന്നങ്ങൾ സ്വന്തം ആവശ്യത്തിനാണെങ്കിൽ രണ്ടുശതമാനം നികുതി കൊടുത്തു പുറത്തു നിന്നു കൊണ്ടുവരാം. ഇതു തടയുന്നതിനു വേണ്ടിയുള്ള എൻട്രി ടാക്സ് ഇപ്പോൾ നിലവിലില്ല. ഇതുമൂലം ചുരുങ്ങിയത് 10,000 കോടി രൂപയുടെ വ്യാപാരം കേരളത്തിനകത്തു നിന്നു മറ്റു സംസ്ഥാനത്തിലേയ്ക്കു വഴിമാറിപ്പോകുന്നു എന്നാണ് നികുതി വകുപ്പിന്റെ അനുമാനം. ജിഎസ്ടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇതിന്റെ നടത്തിപ്പു സംബന്ധിച്ചു വ്യാപാരികളുമായി വിശദമായി ചർച്ച ചെയ്ത് ധാരണകളിലെത്തേണ്ടതുണ്ട്. വ്യാപാരികളും സർക്കാരും തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിന് ഒരു നികുതി ഓംബുഡ്സ്മാന് രൂപം നൽകണം.

## 3.7 നിർമ്മാണ മേഖല

സാമ്പത്തിക വളർച്ചയുടെ ഘടന സംബന്ധിച്ച് ആമുഖ അധ്യായത്തിലെ പരിശോധനയിൽ സംസ്ഥാനം സമീപകാലത്തു നേടിയ ഉയർന്ന വളർച്ചയിൽ നിർമ്മാണമേഖല വഹിച്ച വലിയ പങ്കിനെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക മേഖലയുടെ, വിശേഷിച്ചും കൃഷി അനുബന്ധമേഖലയുടെ പങ്കു വൻതോതിൽ കുറഞ്ഞതിനു സമാന്തരമായി നേട്ടമുണ്ടാക്കിയ മേഖലകളിൽ ഒന്നാണ് നിർമ്മാണം. ആഭ്യന്തര ഉൽപാദനത്തിൽ 2004-05 ൽ 11.1 ശതമാനം ആയിരുന്ന നിർമ്മാണമേഖലയുടെ പങ്ക് 2008-09 ആയപ്പോഴേയ്ക്കും 15.87 ശതമാനമായി ഉയർന്നു. കൃഷി അനുബന്ധ മേഖലകളുടെ പങ്ക് കേവലം 9.7 ശതമാനമാണ് എന്നതുകൂടി ഇവിടെ പരിഗണിക്കണം. നിർമ്മാണ മേഖലയുടെ അസാമാന്യമായ ഈ വളർച്ചയുടെ തുടക്കം എഴുപതുകളുടെ മധ്യത്തിലാണ്. ഗൾഫിൽ നിന്നുള്ള വരുമാനപ്രവാഹം തുടങ്ങിയതു മുതൽ കേരളത്തിലെ നിർമ്മാണ മേഖലയിൽ അഭിവൃദ്ധിയുടെ കാലം

ആരംഭിച്ചു. ഗൾഫ് വരുമാനത്തിന്റ പ്രഭാവം ഏറെയും അനുഭവപ്പെട്ടത് തുടക്കത്തിൽ പാർപ്പിടമേഖലയിലാണ്. എന്നാൽ പിന്നീടു ഗൾഫിൽ നിന്നുള്ളവരുടെയും മറ്റുള്ളവരുടെയും പണം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിലേയ്ക്കും ഒഴുകിയെത്താൻ തുടങ്ങി. കല്യാണ മണ്ഡപങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള കെട്ടിട സമുച്ചയങ്ങൾ തുടങ്ങി നാനാജാതി ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. സമീപകാലത്ത് കെട്ടിട-ഇതര മേഖലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അതിദ്രുതം വികസിക്കുകയുണ്ടായി. മുൻകാലത്തെ യാഥാസ്ഥിതിക ധനനയം ഉപേക്ഷിച്ചു സംസ്ഥാന സർക്കാർ വികസനരംഗത്തു കൈയയച്ചു നിക്ഷേപം നടത്താൻ തുടങ്ങിയതു റോഡുകളുടെയും പാലങ്ങളുടെയും ഇതര പശ്ചാത്തല ആസ്തികളുടെയും നിർമ്മാണം ഏറെ പ്രോത്സാഹിപ്പിച്ചു. ആഗോള സാമ്പത്തിക മാന്ദ്യം വന്നപ്പോൾ അതിന്റെ വിപരീത പ്രത്യാഘാതത്തിൽ നിന്നും സംസ്ഥാനത്തെ രക്ഷപെടുത്താൻ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെട്ടു. ഇതെല്ലാം നിർമ്മാണരംഗത്ത് അതിശയിപ്പിക്കുന്ന വളർച്ചയ്ക്കു കാരണമായിട്ടുണ്ട്.

നിർമ്മാണരംഗത്തെ ഈ അഭിവൃദ്ധി പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന പല പ്രത്യാഘാതങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. അവയിൽ ചിലത് അനുകൂലമാണെങ്കിൽ മറ്റുചിലത് അത്ര ആരോഗ്യകരമല്ല. നിർമ്മാണരംഗത്തെ നല്ലതും തീയതുമായ പ്രവണതകളെ വിശകലനം ചെയ്തു കൊണ്ടുവേണം ഈ രംഗത്തെ ഭാവി നയങ്ങൾ കരുപ്പിടിപ്പിക്കാൻ.

നിർമ്മാണരംഗത്തെ അഭിവൃദ്ധിയുടെ ഒരുഫലം പാർപ്പിടക്ഷാമത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിഞ്ഞു എന്നതാണ്. ഇതിനു സാമൂഹ്യ അസമത്വത്തിന് എതിരായ ഒരുവശം കൂടിയുണ്ട്. ആദ്യകാലത്ത് ഗൾഫിലേയ്ക്കു പോയവരിൽ ഏറിയകൂറും വിദഗ്ധ അവിദഗ്ധ തൊഴിലാളികളായിരുന്നു. അവർ പാർപ്പിടരംഗത്തു നടത്തിയ മുതൽമുടക്ക് പാർപ്പിടക്ഷാമം പരിഹരിക്കാൻ ഒരളവുവരെ സഹായകരമായി. ഗൾഫ് പ്രതിഭാസത്തിന്റെ അഭാവത്തിൽ ഇതു സാധ്യമാകുമായിരുന്നില്ല. നിർമ്മാണ മേഖലയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റവും അവർ നാട്ടിൽ നടത്തിയ നിക്ഷേപവും ഈ രംഗത്തേയ്ക്കു പുതിയ സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും കൊണ്ടുവരുന്നതിനും പരിചയപ്പെടുത്തുന്നതിനും സഹായകമായി. നിർമ്മാണ അഭിവൃദ്ധിയുടെ മറ്റൊരു നേട്ടം കാർഷികരംഗത്തു നിന്നും മറ്റു പരമ്പരാഗത മേഖലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകാനായി എന്നതാണ്. ഉദാഹരണത്തിനു നെൽകൃഷിയിലെ തൊഴിൽനഷ്ടം പരിഹരിക്കാൻ നിർമ്മാണ വളർച്ച സഹായകമായി. എടുത്തു പറയത്തക്ക മറ്റൊരു നേട്ടം ഈ രംഗത്തു തൊഴിലാളികൾക്കു ലഭിച്ച കൂലി വർദ്ധനയും വരുമാനനേട്ടവുമാണ്. തൊഴിലാളി സമരങ്ങളുടെ വേലിയേറ്റം ഇല്ലാതെ തന്നെ മെച്ചപ്പെട്ട കൂലി ലഭ്യമാകുന്ന സാഹചര്യം ഉണ്ടായി എന്നു മാത്രമല്ല, അത് മറ്റു മേഖലകളിലും തൊഴിലാളികൾക്കു മെച്ചപ്പെട്ട കൂലി ലഭിക്കാൻ കാരണമായി.

കഴിഞ്ഞ മൂന്നു നാലു ദശാബ്ദമായി കേരളത്തിന്റെ വളർച്ചയുടെ മുൻനിരയിൽ വിരാജിച്ചിരുന്ന നിർമ്മാണ മേഖല പക്ഷേ, ഇപ്പോൾ പ്രതിസന്ധി നേരിടുകയാണ്. ഡിമാൻഡില്ലാത്തതോ കെട്ടിടം പണിയാൻ ആളുകൾ മുന്നോട്ടു വരാത്തതോ അല്ല പ്രതിസന്ധിയുടെ കാരണം. കെട്ടിടവും മറ്റ് ആസ്തികളും നിർമ്മിക്കുന്നതിനു നിർമ്മാണ സാമഗ്രികളും തൊഴിലാളികളും ലഭ്യമല്ല എന്നതാണ് പ്രശ്നം. മണൽ, പാറ, ഇഷ്ടിക, സിമന്റ്, കമ്പി തുടങ്ങി ഏതാണ്ട് എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും ക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയുണ്ട്. ഇനി അഥവാ ലഭ്യമായാൽ തന്നെ കഴുത്തറുപ്പൻ വില നൽകേണ്ടി വരുന്നു. കഴിഞ്ഞ നാലു ദശാബ്ദമായി തുടരുന്ന നിർമ്മാണ അഭിവൃദ്ധി മണലിന്റെയും മെറ്റലിന്റെയും പാറയുടെയും മറ്റും സ്രോതസുകളെ അമിതചൂഷണത്തിനു വിധേയമാക്കിയിരിക്കുന്നു. തടിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. സിമന്റിന്റെയും കമ്പിയുടെയും മറ്റും കാര്യത്തിൽ ക്ഷാമവും വിലക്കയറ്റവും ഉണ്ടാകാനുള്ള കാരണം കേന്ദ്രസർക്കാർ ഇവയുടെ ഉൽപാദകരായ കുത്തകകളെ കയറൂരി വിട്ടിരിക്കുന്നു എന്നതാണ്. ഉൽപാദന ചെലവിൽ ഒരു വർദ്ധനയുമി

ല്ലെങ്കിലും ഈ കുത്തകകൾ കാർട്ടലുകളുണ്ടാക്കി വില അന്യായമായി ഉയർത്തുന്നത് പതിവാക്കിയിരിക്കുകയാണ്.

നിർമ്മാണരംഗത്തെ തൊഴിലാളിക്ഷാമത്തിനു എഴുപതുകളോളം പഴക്കമുണ്ട്. എഴുപതുകളിലും എൺപതുകളിലുമാണ് ഈ രംഗത്ത് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ധാരാളമായി കടന്നുവരാനാരംഭിച്ചത്. കഴിഞ്ഞ ഒന്നൊന്നര ദശാബ്ദങ്ങളായി ബീഹാർ, ബംഗാൾ, ഒറീസ, അസം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വലിയതോതിൽ കേരളത്തിലേയ്ക്കു കടന്നുവരാൻ ആരംഭിച്ചു. നിർമ്മാണരംഗത്തെ വളർച്ച നദികളെയും തോടുകളെയും കുന്നുകളെയും മറ്റും ബാധിച്ചു എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. കൃഷിഭൂമിയുടെ നഷ്ടത്തിനും ഇതു വലിയതോതിൽ കാരണമായിട്ടുണ്ട്. മണലിനും പാറയ്ക്കും ഇഷ്ടികയ്ക്കും മറ്റും ബദലായി ഉപയോഗിക്കാൻ കഴിയുന്ന വിഭവങ്ങളുടെ സ്രോതസിനെയും ഇതു സമീപഭാവിയിൽ ബാധിച്ചു തുടങ്ങും എന്നതും വ്യക്തമാണ്.

ഈ മേഖലയിൽ സമീപകാലത്തുണ്ടായ മറ്റൊരു മാറ്റം വൻകിട മൂലധനത്തിന്റെയും ബഹുരാഷ്ട്ര കമ്പനികളുടെയും കടന്നു വരവാണ്. ഭീമൻ പശ്ചാത്തല സൗകര്യ പ്രോജക്ടുകളും ആഗോള ടെൻഡറിംഗ് സമ്പ്രദായവുമാണ് വലിയ മൂലധന ശക്തികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നത്. കേരളത്തിനു പുറത്തും വിദേശത്തും നിന്നുള്ള വൻകിട മൂലധനത്തിന്റെ കടന്നുവരവ് ഈ രംഗത്തെ ഉൽപാദന ബന്ധങ്ങളെയും തൊഴിൽ ബന്ധങ്ങളെയും കൂടുതൽ സങ്കീർണമാക്കിയിട്ടുണ്ട്.

നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തരമായി വേണ്ടത് നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുകയാണ്. ഇതിനു ഹ്രസ്വകാല ദീർഘകാല പരിഹാരങ്ങൾ ആരായേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ലോറികളുടെ മേലുള്ള അനാവശ്യപരിശോധനയും നിയന്ത്രണവും ഒഴിവാക്കുക തുടങ്ങിയവ ഹ്രസ്വകാല നടപടികളാണ്. റിസർവോയറിലെ മണൽ വാരുന്നതും ദീർഘകാല പരിഹാരമല്ല. പരിസ്ഥിതിയ്ക്കു അപരിഹാര്യമായ കോട്ടം വരാത്ത ബദലുകളാണ് ദീർഘകാലാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടത്. ഈ രംഗത്ത് ഇതര സംസ്ഥാനങ്ങളിലും ഇതരരാജ്യങ്ങളിലും നടക്കുന്ന പരീക്ഷണങ്ങളുടെ പാഠം നമുക്കും ഉപയോഗിക്കാൻ കഴിയണം.

പുഴ മണ്ണിന്റെയും തടിയുടെയും മറ്റും ഉപയോഗം നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള സർക്കാർ ഇടപെടലുകൾ വികസിപ്പിച്ചെടുക്കണം. ഊർജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന 'ഗ്രീൻ' നിർമ്മാണ സാങ്കേതിക വിദ്യകൾക്കു പ്രോത്സാഹനം നൽകണം.

വൈദഗ്ധ്യവും നൈപുണിയുമുള്ള ആധുനിക തൊഴിൽസേനയെ വാർത്തെടുക്കാൻ ഫലപ്രദമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കണം. തൊഴിലാളികൾക്കു കൂടി സ്വീകാര്യമായ യന്ത്രവത്കരണം നടപ്പാക്കണം. തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ആരംഭിച്ച നടപടികൾ ശക്തിപ്പെടുത്തണം.

അന്യസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം.

സർവോപരി സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വിലകൾ ഉൽപാദന ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തകകളുടെ നടപടിയ്ക്കെതിരെ തൊഴിലാളികളുടെയും ഇതര ജനവിഭാഗങ്ങളുടെയും ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടുവരണം. കുത്തകകളെ പ്രീണിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നയം തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യണം.

# അധ്യായം
# 5

## പശ്ചാത്തല സൗകര്യങ്ങൾ
## വൈദ്യുതി

**പശ്ചാത്തല സൗകര്യങ്ങൾ**

**വൈദ്യുതി**

സംസ്ഥാനത്തിന്റെ ത്വരിതഗതിയിലുള്ള വ്യവസായ വികസനത്തിനു മുഖ്യപ്രതിബന്ധം ആവശ്യമായ അളവിലും ഗുണത്തിലും ഊർജം ലഭ്യമല്ല എന്നതാണ്. ഇക്കാരണം കൊണ്ടുതന്നെ ഊർജമേഖല സവിശേഷ പരിഗണന അർഹിക്കുന്നു. ഊർജ പ്രഭവകേന്ദ്രങ്ങളുടെ കാര്യത്തിൽ കേരളം താരതമ്യേന പുറകിലാണ്. അറിയപ്പെടുന്ന കൽക്കരി നിക്ഷേപമോ എണ്ണ – പ്രകൃതി വാതകങ്ങളോ ഇല്ല. ഊർജസ്രോതസുകളുടെ കാര്യത്തിൽ സംസ്ഥാനം നേരിടുന്ന ഈ പോരായ്മ ഊർജത്തിന്റെ ആളോഹരി വാണിജ്യ ഉപഭോഗത്തിലും കാണാം. 2003ൽ കേരളത്തിലെ ഊർജ ഉപഭോഗം 266 kgoe ആയിരുന്നു. അഖിലേന്ത്യാ ശരാശരി ഉപഭോഗനിരക്ക് 325 kgoeഉം ചൈനയുടേത് 915ഉം ആഗോളശരാശരി 1883ഉം ആയിരുന്നു. അത്ഭുതകരമെന്നു പറയട്ടെ, 1970കളുടെ അവസാനം വരെ കേരളത്തിന്റെ വ്യവസായവത്കരണ തന്ത്രം തന്നെ ഉയർന്ന ഊർജ ഉപഭോഗ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലായിരുന്നു. ചുരുങ്ങിയ ഒരു കാലയളവിലേയ്ക്കു കേരളം അധികവൈദ്യുതി അയൽസംസ്ഥാനങ്ങളിലേയ്ക്കു കയറ്റി അയച്ചു വരുമാനം നേടുകയും ചെയ്തു. ഈ വൈദ്യുതി കയറ്റുമതി അക്കാലത്തെ കേരളത്തിലെ വ്യാവസായികരംഗത്തെ പിന്നാക്കാവസ്ഥയുടെയും വ്യാവസായിക ഊർജ ഉപഭോഗത്തിന്റെ താഴ്ന്ന നിലവാരത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്.

തൊണ്ണൂറുകളുടെ മധ്യത്തിൽ ഗുരുതരമായ വൈദ്യുതി ദൗർലഭ്യം നേരിട്ട വൈദ്യുതി ബോർഡ് വ്യാവസായിക ഉപഭോക്താക്കളുടെ മേൽ ഒട്ടേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 100 ശതമാനം പവർകട്ടും മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ലോഡ് ഷെഡിംഗും ഉണ്ടായി. ദൃഢമായ ശ്രമങ്ങളിലൂടെ 1996 – 2001ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 1996 – 97ലെ 1509 മെഗാവാട്ടിൽ നിന്നു 2000–01ൽ 2542 മെഗാവാട്ട് ആയി പ്രതിഷ്ഠാപിതശേഷി വർദ്ധിപ്പിച്ചു. പവർകട്ടും ലോഡ് ഷെഡിംഗും അവസാനിപ്പിച്ചു. വാർഷിക വിൽപന, ലൈനുകളുടെ നീളം, സബ്സ്റ്റേഷനുകളുടെയും ട്രാൻസ്ഫോമറുകളുടെയും എണ്ണം എന്നിവയിൽ ഗണ്യമായ വർദ്ധനയുണ്ടായി. എന്നാൽ 2001–06 കാലഘട്ടത്തിൽ ഊർജപശ്ചാത്തല സൗകര്യങ്ങളിലും ഊർജ വിൽപനയിലും പിറകോട്ടടിയുണ്ടായി. 2006ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൽക്കരി ഖനികളുടെ അടുത്തു തുടങ്ങുന്ന കേന്ദ്ര വൈദ്യുത പദ്ധതികളുമായി കരാറിലേർപ്പെട്ട് അധിക വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി. എന്നാൽ അതിരപ്പള്ളി ഉൾപ്പെടെയുള്ള പുതിയ ജലവൈദ്യുതി പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

**ഉൽപാദനരംഗത്തെ പ്രശ്നങ്ങൾ**

24 ജലവൈദ്യുതി നിലയങ്ങൾ, രണ്ട് കാപ്റ്റീവ് പവർ പ്ലാന്റുകൾ, രണ്ടു താപനിലയങ്ങൾ, മൂന്നു സ്വതന്ത്ര ഊർജ പദ്ധതികൾ (ഐപിപി), ഒരു കാറ്റാടി ഫാം എന്നിവ അടങ്ങുന്നതാണ് കേരളത്തിലെ ഊർജ ഉൽപാദന

കേരളത്തിലെ ഊർജമേഖലാ വികസന സൂചികകൾ

| ഇനം | 1951 | 1961 | 1980 | 1990 | 1995 | 2000 | 2004 | 2009 |
|---|---|---|---|---|---|---|---|---|
| പ്രതിഷ്ഠാപിത ശേഷി (മെഗാവാട്ട്) | 38 | 133 | 1112 | 1477 | 1492 | 2351 | 2616 | 2695 |
| വാർഷിക വിൽപന (ദശലക്ഷം യൂണിറ്റ്) | 140 | 518 | 4318 | 4890 | 7081 | 8813 | 8911 | 12414 |
| എക്സ്ട്രാ ഹൈ ടെൻഷൻ ലൈനുകൾ (കിമീ) | 911 | 1900 | 4404 | 5770 | 9109 | 7599 | 9256 | 10580 |
| എക്സ്ട്രാ ഹൈടെൻഷൻ സബ്സ്റ്റേഷൻ (എണ്ണം) | 12 | 22 | 86 | 130 | 157 | 178 | 205 | 303 |
| ഹൈടെൻഷൻ ലൈനുകൾ (കിമീ) | 1067 | 5449 | 13348 | 19627 | 24509 | 28672 | 33280 | 41403 |
| എൽടി ലൈനുകൾ (കിമീ) | 992 | 8889 | 47606 | 95838 | 125390 | 180499 | 201637 | 241888 |
| വിതരണ ട്രാൻസ്ഫോമറുകൾ (എണ്ണം) | 324 | 2898 | 10821 | 16394 | 22478 | 29551 | 34758 | 46510 |

സംവിധാനം. വൈദ്യുതി ഉൽപാദനത്തിന്റെ ചേരുവയിലും ഇറക്കുമതിയിലും ഗണ്യമായ വ്യതിയാനങ്ങളാണ് കേരളത്തിലുണ്ടായത്. 1998–99ൽ വൈദ്യുതി ഉപഭോഗത്തിൽ 66 ശതമാനം ജലവൈദ്യുതിയിൽ നിന്നായിരുന്നു എങ്കിൽ 2009–10ൽ അത് 39 ശതമാനമായി. കേന്ദ്രതാപനിലയങ്ങളിൽ നിന്നുള്ള പങ്ക് ഇക്കാലയളവിൽ 30 ശതമാനത്തിൽ നിന്നും 45 ശതമാനമായി വർദ്ധിച്ചു. ഇറക്കുമതി ചെയ്യുന്ന ഇന്ധനങ്ങളിൽ നിന്നുള്ള ഉൽപാദനം അന്തർദ്ദേശീയ ക്രൂഡ് ഓയിൽ വിലയുമായി ബന്ധപ്പെട്ട വിലനിലവാരമുള്ള നാഫ്ത പോലുള്ള ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള താപവൈദ്യുത ഉൽപാദനം നാലു ശതമാനത്തിൽ നിന്നു 16 ശതമാനമായി വർദ്ധിച്ചു. വൈദ്യുതി ഉൽപാദനച്ചെലവ് 1998–99ൽ 614 കോടിയായിരുന്നത് 2009–10 ആയപ്പോഴേയ്ക്കും 3335 കോടി രൂപയായി വർദ്ധിച്ചു.

### വിനിയോഗരംഗം

കേരളത്തിലെ വൈദ്യുതി ഉപഭോഗ ചേരുവ രാജ്യത്തെ മറ്റു ഭാഗങ്ങളിൽ നിന്നു തുലോം വ്യത്യസ്തമാണ്. 1981നും 2009നുമിടയിൽ ഗാർഹിക ഉപഭോക്താക്കളുടെ പങ്ക് ആനുപാതികമല്ലാത്ത രീതിയിൽ വളർന്നു 16.4 ശതമാനത്തിൽ നിന്ന് 79.90 ശതമാനമായി വളർന്നു. ഈ വിഭാഗത്തിലെ ഉപഭോഗ വർദ്ധന കേരളത്തിലെ പീക്ക് വൈദ്യുതി ആവശ്യകത ക്രമാതീതമായി വർദ്ധിക്കാനും കാര

| വിഭാഗം | ഉപഭോക്താക്കളുടെ എണ്ണം | | ഉപഭോഗം | | വരുമാനം | |
|---|---|---|---|---|---|---|
| | എണ്ണം 31-03-2009 | ശതമാനത്തിൽ | ദശലക്ഷം യൂണിറ്റ് | ശതമാനത്തിൽ | കോടിയിൽ | ശതമാനത്തിൽ |
| ഗാർഹികം | 7481601 | 79.90 | 5931.27 | 47.78 | 1135.90 | 25.50 |
| എൽടി വാണിജ്യം | 1324934 | 14.15 | 1501.60 | 12.10 | 1116.66 | 25.07 |
| എൽടി വ്യവസായം | 119871 | 1.28 | 1015.40 | 8.18 | 466.89 | 10.48 |
| എൽടി മറ്റുള്ളവ | 434474 | 4.64 | 519.54 | 4.19 | 89.44 | 2.01 |
| എച്ച്ടി & ഇഎച്ച്ടി | 2581 | 0.03 | 3446.51 | 27.76 | 1645.33 | 36.94 |
| ആകെ | 9363461 | 100.00 | 12414.32 | 100.00 | 4454.22 | 100.00 |

ണമാകുന്നു. ഗാർഹിക കണക്ഷനുകൾ നൽകാൻ വലിക്കുന്ന എൽടി ലൈനുകളുടെ അധികരിച്ച നീളം വിതരണ ശൃംഖലയുടെ കാര്യക്ഷമത കുറയ്ക്കുന്നു. ഇതിനു മറുപുറമായി ഹൈടെൻഷൻ ഉപഭോഗവിഹിതം 62.1 ശതമാനത്തിൽ നിന്നു 27.76 ശതമാനമായി താണു. ഇടത്തരം വ്യവസായ ഉപഭോക്താക്കളുടെ ഉപഭോഗവിഹിതം 1981ൽ 8.1 ശതമാനമായിരുന്നത് 2009ൽ 8.18 ശതമാനമായി വലിയ മാറ്റമില്ലാതെ തുടർന്നു. കാർഷിക ഉപഭോഗം ഏതാണ്ടു 2–3 ശതമാനമായി നിൽക്കുന്നു. ഗാർഹിക ഉപഭോഗത്തിന്റെ വൻതോതിലുള്ള വർദ്ധനയും വ്യാവസായ ഉപഭോഗരംഗത്തുണ്ടായ മാന്ദ്യവും ബോർഡിന്റെ വരുമാനത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഗാർഹിക മേഖലയിലെ നഷ്ടം വ്യാവസായിക വാണിജ്യ ഉപഭോക്താക്കളുടെ അധികവരുമാനം വഴിയാണ് നികത്തുന്നത്.

കേന്ദ്രസർക്കാരിന്റെ കമ്പോള നയങ്ങൾക്കെതിരെ എൽഡിഎഫ് സർക്കാർ വൈദ്യുതി മേഖലയിലും ശക്തമായ നിലപാടുകൾ സ്വീകരിച്ചു. സംസ്ഥാനത്തെ വൈദ്യുതി വ്യവസായത്തിന്റെ ഘടന, ക്രോസ് സബ്സിഡി കുറയ്ക്കണമെന്ന നിബന്ധന, പ്രസരണ വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തം, വിവേചനരഹിതമായ കമ്പോള പരിഷ്കരണം, ഗ്രാമീണ മേഖലയോടുള്ള വിവേചനം, ഗ്രാമങ്ങളിലെ വൈദ്യുതി വിതരണം ഫ്രാഞ്ചൈസികൾക്കു കൈമാറണം എന്നീ കാര്യങ്ങളിൽ ബദൽ നയങ്ങൾ ഉയർത്തിപ്പിടിക്കാൻ നമുക്കായിട്ടുണ്ട്. ഇതോടൊപ്പം ഇന്ത്യയാകെ വൈദ്യുതിക്ഷാമത്തിന്റെ പിടിയിൽ അകപ്പെടുമ്പോഴും ചിട്ടയായ ശൃംഖലാ മാനേജ്മെന്റ് മുഖേന വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ സിഎഫ്എൽ വിതരണ പരിപാടിയിലൂടെ ഡിമാന്റ് ക്രമീകരിച്ചു കമ്മി നികത്താനും സർക്കാരിനു കഴിഞ്ഞു.

പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ ഇന്ത്യയ്ക്കാകെ മാതൃകയാവുകയാണ്. 2001–02ൽ 30.76 ശതമാനമായിരുന്ന നഷ്ടം 2009–10 ആയപ്പോഴേയ്ക്കും 17.7 ശതമാനം ആയി കുറഞ്ഞു. ദേശീയ ശരാശരി 35 ശതമാനം ആണെന്നിരിക്കെ ഇത് സുപ്രധാനമായ ഒരു മുന്നേറ്റമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കെഎസ്ഇബി ഏറ്റെടുത്ത സമ്പൂർണ വൈദ്യുതീകരണം ദേശീയ ശ്രദ്ധ പിടിച്ചുപറ്റി. പാലക്കാട് ജില്ല ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ വൈദ്യുതീകൃത ജില്ലായായി മാറി.

**ഭാവിയിലേയ്ക്കുള്ള കാഴ്ചപ്പാട് ഊർജ്ജവും സുസ്ഥിര വികസനവും**

സംസ്ഥാനത്തെ ത്വരിതഗതിയിലുള്ള വ്യവസായ വികസനത്തിനു മുഖ്യപ്രതിബന്ധം ആവശ്യമായ അളവിലും ഗുണത്തിലും ഊർജം ലഭ്യമല്ല എന്നതാണ്. ഇക്കാരണം കൊണ്ടുതന്നെ ഊർജമേഖല സവിശേഷ പരിഗണന അർഹിക്കുന്നു. ഊർജ പ്രഭവകേന്ദ്രങ്ങളുടെ കാര്യത്തിൽ കേരളം താരതമ്യേന പുറകിലാണ്. അറിയപ്പെടുന്ന കൽക്കരി നിക്ഷേപമോ എണ്ണ – പ്രകൃതിവാതകനിക്ഷേപങ്ങളോ ഇല്ല. ഊർജസ്രോതസുകളുടെ കാര്യത്തിൽ സംസ്ഥാനം നേരിടുന്ന ഈ പോരായ്മ ഊർജത്തിന്റെ ആളോഹരി വാണിജ്യ ഉപഭോഗത്തിലും കാണാം. 2006ൽ കേരളത്തിലെ ഊർജ ഉപഭോഗം 277 kgoe ആയിരുന്നു. അഖിലേന്ത്യാ ശരാശരി ഉപഭോഗനിരക്ക് 510 kgoeഉം ചൈനയുടേത് 1433ഉം ആഗോളശരാശരി 1818ഉം ആയിരുന്നു.

**വൈദ്യുതി മേഖല**

ഏറ്റവും സൗകര്യ പ്രദമായ ഊർജ്ജ രൂപമാണ് വൈദ്യുതി എന്നതുകൊണ്ടുതന്നെ ഊർജ്ജ ആസൂത്രണത്തിന്റെ ഏറ്റവും പ്രധാന ഘടകം വൈദ്യുതി മേഖലയെ മുൻനിറുത്തിയാണ്. അത്ഭുതകരമെന്നു പറയട്ടെ, 1970കളുടെ അവസാനം വരെ കേരളത്തിന്റെ വ്യവസായവത്കരണ തന്ത്രം തന്നെ ഉയർന്ന ഊർജ ഉപഭോഗ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലായിരുന്നു. ചുരുങ്ങിയ ഒരു കാലയളവിലേയ്ക്കു കേരളം അധികവൈദ്യുതി അയൽസംസ്ഥാനങ്ങളിലേയ്ക്കു കയറ്റി അയച്ചു വരുമാനം നേടുകയും ചെയ്തു. ഈ വൈദ്യുതി കയറ്റുമതി അക്കാലത്തെ കേരളത്തിലെ വ്യാവസായികരംഗത്തെ പിന്നാക്കാവസ്ഥയുടെയും വ്യാവസായിക ഊർജ ഉപഭോഗത്തിന്റെ താഴ്ന്ന നിലവാരത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്.

തൊണ്ണൂറുകളുടെ മധ്യത്തിൽ ഗുരുതരമായ വൈദ്യുതി ദൗർലഭ്യം നേരിട്ട വൈദ്യുതി ബോർഡ് വ്യാവസായിക ഉപഭോക്താക്കളുടെ മേൽ ഒട്ടേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 100

ശതമാനം പവർകട്ടും മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ലോഡ് ഷെഡിംഗും ഉണ്ടായി. ദൃഢമായ ശ്രമങ്ങളിലൂടെ 1996 – 2001ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 1996 – 97ലെ 1509 മെഗാവാട്ടിൽ നിന്നു 2000–01ൽ 2542 മെഗാവാട്ട് ആയി പ്രതിഷ്ഠാപിതശേഷി വർദ്ധിപ്പിച്ചു. പവർകട്ടും ലോഡ് ഷെഡിംഗും അവസാനിപ്പിച്ചു. വാർഷിക വിൽപന, ലൈനുകളുടെ നീളം, സബ്സ്റ്റേഷനുകളുടെയും ട്രാൻസ്ഫോമറുകളുടെയും എണ്ണം എന്നിവയിൽ ഗണ്യമായ വർദ്ധനയുണ്ടായി. എന്നാൽ 2001–06 കാലഘട്ടത്തിൽ ഊർജപശ്ചാത്തല സൗകര്യങ്ങളിലും ഊർജ വിൽപനയിലും പിറകോട്ടടിയുണ്ടായി. 2006ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൽക്കരി ഖനികളുടെ അടുത്തു തുടങ്ങുന്ന കേന്ദ്ര വൈദ്യുത പദ്ധതികളുമായി കരാറിലേർപ്പെട്ട് അധിക വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി. എന്നാൽ അതിരപ്പള്ളി ഉൾപ്പെടെയുള്ള പുതിയ ജലവൈദ്യുതി പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

### വൈദ്യുതി ഉൽപാദനരംഗം

24 ജലവൈദ്യുതി നിലയങ്ങൾ, രണ്ട് കാപ്റ്റീവ് പവർ പ്ലാന്റുകൾ, രണ്ടു താപനിലയങ്ങൾ, മൂന്നു സ്വതന്ത്ര ഊർജ പദ്ധതികൾ (ഐപിപി), ഒരു കാറ്റാടി ഫാം എന്നിവ അടങ്ങുന്നതാണ് കേരളത്തിലെ ഊർജ ഉൽപാദന സംവിധാനം. വൈദ്യുതി ഉൽപാദനത്തിന്റെ ചേരുവയിലും ഇറക്കുമതിയിലും ഗണ്യമായ വ്യതിയാനങ്ങളാണ് കേരളത്തിലുണ്ടായത്. 1998–99ൽ വൈദ്യുതി ഉപഭോഗത്തിൽ 66 ശതമാനം ജലവൈദ്യുതിയിൽ നിന്നായിരുന്നു. എന്നാൽ 2009–10ൽ അത് 39 ശതമാനമായി. കേന്ദ്രതാപനിലയങ്ങളിൽ നിന്നുള്ള പങ്ക് ഇക്കാലയളവിൽ 30 ശതമാനത്തിൽ നിന്നും 45 ശതമാനമായി വർദ്ധിച്ചു. അന്തർദ്ദേശീയ ക്രൂഡ് ഓയിൽ വിലയെ ആശ്രയിച്ചു നിൽക്കുന്ന വിലനിലവാരമുള്ള നാഫ്ത പോലുള്ള ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള താപവൈദ്യുത ഉൽപാദനം നാലു ശതമാനത്തിൽ നിന്നു 16 ശതമാനമായി വർദ്ധിച്ചു. തദനുസൃതമായി, വൈദ്യുതി ഉൽപാദനച്ചെലവ് 1998–99ൽ 614 കോടിയായിരുന്നത് 2009–10 ആയപ്പോഴേയ്ക്കും 3335 കോടി രൂപയായി വർദ്ധിച്ചു.

### ഭാവിയിലേയ്ക്കുള്ള കാഴ്ചപ്പാട്

കേരളത്തിന്റെ നിലവിലുള്ള ഉൽപാദന ശേഷി 2640 മെഗാവാട്ടാണ്. അറ്റകുറ്റപണികൾക്കായി പൊതുവിൽ നീക്കിവെക്കേൽ ശേഷിയും, കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള

പട്ടിക 2

| | പതിനേഴാം പവർ സർവ്വേ പ്രകാരമുള്ള ആവശ്യകത | നിലവിലുള്ള വർദ്ധന പ്രകാരം പുതുക്കിയ ആവശ്യകത | വലിയ വികസന ആവശ്യങ്ങൾ കൂടികണക്കാക്കിയുള്ള ആവശ്യകത |
|---|---|---|---|
| വർഷം | മെഗാവാട്ട് | മെഗാവാട്ട് | മെഗാവാട്ട് |
| 201011 | 3335 | 3165 | 3178 |
| 201112 | 3528 | 3348 | 3369 |
| 201213 | 3743 | 3552 | 3604 |
| 201314 | 3957 | 3755 | 3857 |
| 201415 | 4168 | 3956 | 4127 |
| 201516 | 4374 | 4151 | 4457 |
| 201617 | 4574 | 4341 | 4813 |
| 201718 | 4803 | 4558 | 5246 |
| 201819 | 5043 | 4786 | 5719 |
| 201920 | 5295 | 5025 | 6291 |

ലഭ്യതയും കൂടി കണക്കാക്കുമ്പോൾ നിലവിലുള്ള വൈദ്യുതി ലഭ്യത ഏറെക്കുറേ 2730 മെഗാവാട്ടാണ്. എന്നാൽ ഈ വരുന്ന വേനൽക്കാലത്ത് പ്രതീക്ഷിക്കുന്ന ആവശ്യകത ഇതിലുമധികമാണ്. വേനൽക്കാലത്തിന് മുമ്പു തന്നെ പ്രധാനപ്പെട്ട നിലയങ്ങളിലെ അറ്റകുറ്റപണികൾ പൂർത്തികരിച്ചും, ജല വൈദ്യുതി ഉൽപാദനം പരമാവധി ക്രമീകരിച്ചും കമ്പോളത്തിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതകൂടി ഉറപ്പുവരുത്തിയും ഈ വർദ്ധിച്ച ആവശ്യകത നിറവേറ്റാൻ കഴിയും.

മേൽസൂചിപ്പിച്ച വൈദ്യുതി ഉൽപാദന ശേഷിയോടൊപ്പം ഉടനടി പ്രതീക്ഷിക്കുന്ന അധികശേഷി, കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള 266 മെഗാവാട്ട്, നെയ്‌വേലി വികസന പദ്ധതിയിൽ നിന്നുള്ള 70 മെഗാവാട്ട്, സിംഹാദ്രി പദ്ധതിയിൽ നിന്നുള്ള 80 മെഗാവാട്ട്, വള്ളൂർ പദ്ധതിയിൽ നിന്നുള്ള 50 മെഗവാട്ട് എന്നിവയാണ് ഇവയോടൊപ്പം കേരളത്തിൽ ഉടനടി പൂർത്തിയാകുന്ന ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ 60 മെഗാവാട്ട്, പൂഴിത്തോട്, റാന്നി പെരുനാട് എന്നിവ കൂടി കണക്കിലെടുത്താലും ഇടക്കാലത്തേക്ക് വൈദ്യുതി കമ്മിയുമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മറികടക്കാൻ കമ്പോളത്തിൽ നിന്നും ഏകദേശം 400 മെഗാവാട്ട് വൈദ്യുതി 2012-2017 കാലയളവിൽ ലഭ്യമാക്കാനുള്ള ടെണ്ടർ നടപടികൾ റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്.

പതിനേഴാം പവർ സർവേ കേരളത്തിന്റെ ഭാവി വൈദ്യുതി ആവശ്യകത കണക്കാക്കിയതിനേക്കാൾ നേരിയ തോതിൽ കുറവാണ് ഇപ്പോൾ അനുഭവപ്പെടുന്ന ആവശ്യകത. ഈ അനുഭവം കണക്കിലെടുത്തുള്ള പുതുക്കിയ വൈദ്യുതി ആവശ്യകത തിട്ടപ്പെടുത്തേണ്ടതുണ്ട്. വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതിയുടെ അളവ് മെച്ചപ്പെട്ട വികസന സാഹചര്യങ്ങളിൽ വർദ്ധിക്കാനിടയുണ്ട്. ഈ പശ്ചാത്തലത്തിൽ ഉയർന്ന വ്യാവസായിക വളർച്ചകൂടി കണക്കിലെടുത്തുള്ള വൈദ്യുതി ആവശ്യകത കൂടി കണക്കാക്കേണ്ടതുണ്ട്. ഈ നിലയിക്ക് കണക്കാക്കിയിട്ടുള്ള ഭാവി വൈദ്യുതി ആവശ്യകതകൾ പട്ടിക 2 ൽ നൽകിയിരിക്കുന്നു.

ലഭ്യമാകുന്ന ഊർജ്ജ സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വൈദ്യുതി വികസനത്തിനുള്ള സാധ്യതകളും പ്രശ്നങ്ങളും ചുരുക്കി താഴെ പ്രതിപാദിക്കുന്നു.

1.മെച്ചപ്പെട്ട സ്റ്റോറേജുള്ള വലിയ ജല വൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. അവ പരിഹരിക്കുന്നതിനാകട്ടെ വലിയ സമയ നഷ്ടവും ഉണ്ടാക്കുന്നു. അക്ഷയ സ്രോതസ്സുകൾ എന്ന നിലയ്ക്ക് പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് തന്നെ അവ ഏറ്റെടുക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തണം.

2.വർഷക്കാലത്തേക്ക് മാത്രമുള്ള ലഭ്യതയും ഉയർന്ന പദ്ധതി ചിലവും ചെറുകിട ജലവൈദ്യുത സ്രോതസ്സുകളുടെ വലിയ തോതിലുള്ള വികസനത്തിന് വിഘാതമാകുന്നു. കാലാവസ്ഥാവ്യതിയാനമടക്കമുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം പരമാവധി പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. ചെലവുചുരുക്കാൻ സഹായകരമായ ഡിസൈനുകളും നിർമ്മാണ ശൈലികളും ഇതിന് അവലംബിക്കേണ്ടതുണ്ട്.

3.കൽക്കരി 200 ദശലക്ഷം ടൺ വരുന്ന കൽക്കരി നിക്ഷേപം ബൈതരണി കൽക്കരി പാടത്തുനിന്നും അനുവദിച്ചു കിട്ടിയത് ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വരുന്ന വൈദ്യുതി നിലയം സ്ഥാപിക്കാൻ കഴിയും.

4.നിലവിലുള്ള നാഫ്ത അധിഷ്ഠിത വൈദ്യുതി നിലയങ്ങൾ (കായംകുളം 300 മെഗാവാട്ട്, ബി.എസ്.ഇ.എസ് കൊച്ചി 157 മെഗാവാട്ട്) ദ്രവീകൃത പ്രകൃതി വാതകം (എൽ.എൻ.ജി) യിലേക്ക് മാറുന്നത് നിലവിലുള്ള ഉൽപാദന ചിലവിൽ കുറവു വരുത്താൻ സഹായകരമാവും. എന്നാൽ എൽ.എൻ.ജിയുടെ വില ക്രൂഡ് ഓയിലുമായി ഏഷ്യൻ മാർക്കറ്റിൽ ബന്ധപ്പെടുത്തി നിർത്തുന്നത് ആശങ്കക്കിടയാക്കുന്നു.

5.എൽ.എൻ.ജി അധിഷ്ഠിത കായംകുളം പദ്ധതി 1050 മെഗാവാട്ട് കൂടി കൂട്ടിച്ചേർത്ത് വികസിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിൽ നിന്നും 500 മെഗാവാട്ട് കേരളത്തിന് ലഭിക്കാൻ സാധ്യതയുനണ്ട്. അടുത്ത ഘട്ടത്തിൽ ശേഷി 2300 മെഗാവാട്ടായി വർദ്ധിപ്പിക്കാനും പരിപാടിയുണ്ട്. എന്നാൽ ആസ്ട്രേലിയയിലെ ഹോർഗണി

ൽനിന്നും കരാറായിരിക്കുന്ന പ്രകൃതിവാതക വില ഉയർന്നതാണ്. മാത്രമല്ല ഇത് ക്രൂഡ്ഓയിൽ വിലയുമായി ബന്ധപ്പെടുത്തിയിരിക്കുകയുമാണ്. ഇപ്പോഴത്തെ നിലയ്ക്ക് ഉൽപാദന ചെലവ് യൂണിറ്റിന് 6 രൂപയിൽ അധികമാകുമെന്നാണ് കണക്കാക്കുന്നത്. കേരളത്തിലെ ശരാശരി വൈദ്യുതി വിൽപന വില യൂണിറ്റിന് 3.29 രൂപ മാത്രമായിരിക്കേ ഈ ഉയർന്ന നിരക്ക് കെ.എസ്.ഇ.ബിയുടെ വരുമാന കമ്മി 1650 കോടി കണ്ട് വർദ്ധിപ്പാക്കാനോ ശരാശരി വൈദ്യുതി വിൽപന വില 95 പൈസ വരെ ഉയർത്താനോ കാരണമാകാം. എൻ.ടി.പി.സി ഖത്തറുമായി മെച്ചപ്പെട്ട കരാറിന് ശ്രമിക്കുന്നതായി അറിയുന്നു.

6.ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന പ്രകൃതി വാതകം, നിലവിൽ എൽ.എൻ.ജി ടെർമിനലിനോടനുബന്ധമായി നിർമ്മിക്കുന്ന പൈപ്പ് ലൈൻ ഉപയോഗിച്ച് കേരളത്തിലേക്കെത്തിക്കുവാൻ സാധിക്കും. ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജിയുടെ വിലയിലുള്ള ഏറ്റക്കുറച്ചിൽ പ്രതിരോധിക്കാൻ തദ്ദേശീയമായി ലഭിക്കുന്ന പ്രകൃതിവാതകത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. മെച്ചപ്പെട്ട പരിസ്ഥിതി സൗഹൃദ ഇന്ധനമെന്ന നിലയ്ക്ക് കാസർകോട്ടെ ചീമേനിയിലും എറണാകുളത്തെ ബ്രഹ്മപുരത്തും പ്രകൃതി വാതക പദ്ധതികൾ ആരംഭിക്കുന്നതിന് ഇന്ത്യൻ പ്രകൃതി വാതക ലഭ്യത അനിവാര്യമാണ്.

7. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്ന അൾട്രാ മെഗാ പദ്ധതികളിൽ നിന്നും 1200 മെഗാവാട്ട് ആവശ്യപ്പെട്ടതിൽ 545 മെഗാവാട്ട് വൈദ്യുതി കേരളത്തിന് അനുവദിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ചെയ്യൂരിൽ ഇറക്കുമതി കൽക്കരിയെ ആശ്രയിക്കുന്ന പദ്ധതിയാണ് ഇതിലൊന്ന്. ഇവിടെ പദ്ധതി ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളായെങ്കിലും ഒറീസ്സയി

പട്ടിക 3

PROJECTED DEMAND SUPPLY POSITION UPTO THE END OF 2020 IN MW

| YEARS | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|---|---|---|---|---|---|
| Demand in MW as per Power Survey (Case 1) | 3159 | 3335 | 3528 | 3743 | 3957 | 4168 | 4374 | 4574 | 4803 | 5043 | 5295 |
| % increase | | 5.57 | 5.79 | 6.09 | 5.72 | 5.33 | 4.94 | 4.57 | 5.00 | 5.00 | 5.00 |
| Revised demand in MW (Case 2) | 2950 | 3165 | 3348 | 3552 | 3755 | 3956 | 4151 | 4341 | 4558 | 4786 | 5025 |
| Demand in High growth scenario (Case 3) | | 3178 | 3369 | 3604 | 3857 | 4127 | 4457 | 4813 | 5246 | 5719 | 6291 |
| Existing Capacity Including costly IPPs | | 2668.10 | | | | | | | | | |
| Proposed hydro capacity addition by KSEB in MW * | 0 | 81.76 | 51.75 | 47.32 | 250.70 | 72.40 | 5.00 | 5.30 | 204.00 | 0.00 | 0.00 |
| Capacity addition by CGS | | 146.3 | 79.8 | | | | | | | | |
| Other Stations outside state | | 64 | 39.92 | 64 | | | | | | | |
| UMPP | | | | | | | 240 | 152 | | | |
| RGCCPP exp.& Cheemeni | | | | | | 280 | 400 | 400 | 400 | | |
| Brahmapuram CCPP | | | | | | | | | 204.7 | 273.6 | 273.6 |
| wind IPP | | 10 | 10 | | | | | | | | |
| Supply -Availability | 2668.1 | 2887.86 | 3029.45 | 3204.77 | 3455.47 | 3807.87 | 4452.87 | 5010.17 | 5818.87 | 6092.47 | 6366.07 |
| Demand- Supply mismatch (Case 1) | | -447.14 | -498.55 | -538.23 | -501.53 | -360.13 | 78.87 | 436.17 | 1016.17 | 1049.64 | 1071.09 |
| Demand- Supply mismatch (Case 2) | | -277.14 | -318.71 | -347.43 | -299.82 | -147.67 | 301.83 | 669.33 | 1260.99 | 1306.69 | 1341.00 |
| Demand- Supply mismatch (Case 3) | -281.9 | -290.14 | -339.55 | -399.23 | -401.53 | -319.12 | -4.13 | 197.17 | 572.87 | 373.47 | 75.07 |

ലും ഛത്തീസ്ഗഢിലുള്ള തദ്ദേശീയ കൽക്കരി ഉപയോഗിക്കുന്ന പദ്ധതികൾ ഒട്ടേറെ തടസ്സങ്ങളാൽ ഇനിയും എന്തെങ്കിലും പുരോഗതി കൈവരിച്ചിട്ടില്ല.

8.കൂഡ്ഗി, തൂത്തുക്കുടി എന്നിവിടങ്ങളിൽ യഥാക്രമം എൻ.ടി.പി.സിയും എൻ.എൽ.സിയും സ്ഥാപിക്കുന്ന പദ്ധതികളിൽ നിന്നും കേരളം വൈദ്യുതി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര പദ്ധതികളിൽനിന്നും വൈദ്യുതി അനുവദിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡം കേരളത്തിന് ദോഷകരമായ നിലയിലാണ്. ഉദാഹരണത്തിന് 1500 മെഗാവാട്ട് ശേഷിയുള്ള വള്ളൂർ പദ്ധതിയിൽനിന്നും ഈ മാനദണ്ഡ പ്രകാരം കേരളത്തിന് ലഭിച്ചത് 50 മെഗാവാട്ട് മാത്രമാണ്. മാനദണ്ഡത്തിൽ കാലോചിതമായ മാറ്റത്തിന് അടിയന്തിരമായി ആവശ്യമുയർത്തേണ്ടതുണ്ട്.

9. വൈദ്യുതി കമ്പോളം രാജ്യത്ത് നിലവിൽ വന്ന സാഹചര്യം നമ്മുടെ വൈദ്യുതാവശ്യകത കുറഞ്ഞ ചിലവിൽ നിറവേറ്റുന്നതിനായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണം. കമ്പോള വിലയിലുണ്ടാവുന്ന വലിയ ചാഞ്ചാട്ടങ്ങൾ കണക്കിലെടുക്കുമ്പോൾ ആവശ്യമായ ഉൽപാദന ശേഷി നമ്മുക്ക് സ്വന്തമായുണ്ടെങ്കിൽമാത്രമേ കമ്പോളത്തിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ കഴിയൂ. വില ഉയർന്നു നിൽക്കുമ്പോൾ കമ്പോളത്തിൽ നിന്നുവാങ്ങുവാനുള്ള അവസരം ഉണ്ടാകേണ്ടതുണ്ട്. ആവശ്യത്തിന് സംഭരണശേഷിയുള്ള ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നത് കമ്പോളത്തിലെ ചാഞ്ചാട്ടങ്ങൾ മെച്ചപ്പെട്ട നിലയ്ക്ക് ഉപയോഗിക്കാൻ അവസരം നൽകുന്നതാണ്.

കേരളത്തിൽ അടുത്ത ദശകത്തിൽ ആരംഭിക്കാൻ കഴിയുന്ന ജലവൈദ്യുതി പദ്ധതികൾ (ഇടത്തരം – ചെറുകിട പദ്ധതികള ടക്കം പരിഗണിച്ചാൽ) 1083 മെഗാവാട്ട് ശേഷി വരുന്നതാണ്. വരുന്ന ദശകത്തിൽ കേരളത്തിൽ പ്രതീക്ഷിക്കുന്ന വൈദ്യുതി ലഭ്യത പട്ടിക 3 ൽ നൽകിയിട്ടുണ്ട്. കേരളത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുള്ള മറ്റ് പദ്ധതി കളിൽ ചീമേനി (1320 മെഗാവാട്ട് കൽക്കരിയിൽ നിന്നും, 1200 മെഗാവാട്ട് പ്രകൃതി വാതകമുപയോ ഗിച്ചും) പദ്ധതിയിൽ നിന്നും കേരളം എടുക്കാൻ സാധ്യതയുള്ളതായി കണക്കാക്കിയിട്ടുള്ള 1500 മെഗാവാട്ടും (1000 മെഗാവാട്ട് കൽക്കരി, 500 മെഗാവാട്ട് പ്രകൃതിവാതകം) കായംകുളം വികസനപദ്ധതിയും 1026 മെഗാവാട്ടിന്റെ ബ്രഹ്മപുരം പ്രകൃതിവാതക പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ചീമേനി പദ്ധതി പൊതു–സ്വകാര്യ സംയുക്ത പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രകൃതിവാതകം അടിസ്ഥാനമാ ക്കിയുള്ള പദ്ധതികൾ വലിയ തോതിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് അവയുടെ വില ക്രൂഡ് വിലയുമായി ബന്ധപ്പെട്ടിരിക്കുന്നതുമൂലമുള്ള സാമ്പത്തിക അസ്ഥിരതക്ക് കാരണമാകും. അതുകൊണ്ട് തദ്ദേശീയമായി ലഭ്യമാകുന്ന പ്രകൃതി വാതകത്തിന്റെ അർഹമായ പങ്ക് കേരളത്തിനനുവദിക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഉൽപാദനശേഷി വർദ്ധനവിനുള്ള പദ്ധതികളോടൊപ്പം പഴയ ജല വൈദ്യുതി പദ്ധതികളുടെ നവീകരണവും കൂടുതലായി ആവശ്യമായി വരുകയാണ്. കേരളത്തിലെ ഭൂരിഭാഗം ജല വൈദ്യുതി പദ്ധതികളും 1980 കൾക്ക് മുമ്പ് പൂർത്തീകരിച്ചവയാണ്. ഇടുക്കി ഒന്നാംഘട്ട പദ്ധതിയടക്കം നവീകരണ ആവശ്യമുള്ളവയാണ്. നിലവിലുള്ള പദ്ധതികളുടെ ഉപയോഗക്ഷമമായ ആയുസ് ദീർഘിപ്പിക്കുന്നതിനും അവ ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതികൾ അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്.

**പ്രസരണ മേഖല**

കേരളത്തിന്റെ നഗര ഗ്രാമ പ്രദേശങ്ങളുമായി സമഗ്രമായി ബന്ധിപ്പിക്കുന്ന പ്രസരണ ശൃംഖലയാണ് കേരളത്തിലുള്ളത്. വൈദ്യുതി ആവശ്യത്തിന് ഇറക്കുമതി ചെയ്യുന്നതിനുള്ള പരിമിതികളും വിവിധ പ്രദേശങ്ങളിൽ ആവശ്യാനുസരണമുള്ള ശേഷിയുടെ അഭാവവുമാണ് ഇന്നഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇത് രാജ്യത്തെ വൈദ്യുതി കമ്പോളം മെച്ചപ്പെട്ട നിലയിൽ പരമാവധി ചൂഷണം ചെയ്യാനുള്ള കേരളത്തിന്റെ ശേഷിയെ സാരമായി ബാധിക്കുന്നുണ്ട്. കേരളത്തിനുള്ളിലെ പ്രസരണ ശൃംഖലയുടെ ചില പ്രദേശങ്ങളിലുള്ള ശേഷിക്കുറവാകട്ടെ ചിലപ്പോഴെങ്കിലും വൈദ്യുതി തടസ്സങ്ങൾക്കും ഊർജ്ജ

നഷ്ടത്തിനും ഇടയാക്കുന്നുണ്ട്.

കേരളവുമായി ബന്ധിപ്പിച്ചിട്ടുള്ള അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ നിലവിലുള്ള ഇറക്കുമതി ശേഷി ഇപ്പോൾ ഏകദേശം 1200 മെഗാവാട്ടാണ്. ഉടനടി ഈ ശേഷി 2500 മെഗാവാട്ടെങ്കിലുമായി വർദ്ധിപ്പിച്ചാൽ മാത്രമേ വിവിധ സംസ്ഥാനങ്ങളിലെ പുതിയ വൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങാൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നമ്മുക്ക് ഉപയോഗിക്കാൻ കഴിയൂ. അതോടൊപ്പം കമ്പോളത്തിന്റെ സാധ്യതകളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൈഗ ആണവ നിലയത്തിൽ നിന്ന് വൈദ്യുതി എത്തിക്കാൻ ലക്ഷ്യമിട്ട് അരീക്കോട് സ്ഥാപിച്ച 400 കെ.വി സബ്സ്റ്റേഷൻ കർണ്ണാടക ഭാഗത്തെ ഭൂമി തർക്കത്താൽ പ്രസരണ ലൈൻ മുടങ്ങിപോയതിനാൽ ഉപയോഗക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. കൊച്ചിയിൽ (ഈസ്റ്റ് കൊച്ചിൻ) നിർമ്മാണം നടന്നുവരുന്ന 400 കെ.വി സബ്സ്റ്റേഷനാകട്ടെ തിരുനൽവേലിയിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി എടുക്കണമെങ്കിൽ ഈ സബ്സ്റ്റേഷൻ അനിവാര്യമാണ്. എന്നാൽ ലൈൻ കടന്നുവരേണ്ട പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ഭൂവുടമസ്ഥരുടെ തർക്കം കാരണം പദ്ധതി ഒട്ടേറെ വൈകിയിരിക്കുന്നു. കേരള സർക്കാരിന്റെ തുടർച്ചയായ ഇടപെടലിന്റെ ഫലമായി നിർമ്മാണം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിർദ്ദിഷ്ട പാലക്കാട് 400 കെ.വി സബ്സ്റ്റേഷൻ ഒരളവുവരെ വൈദ്യുതി ഇറക്കുമതി വർദ്ധിപ്പിക്കാനും വടക്കൻ കേരളത്തിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്താനും സഹായകരമാണ്. തൃശ്ശൂർ മാടക്കത്തറയിൽ നിലവിലുള്ള 400 കെ.വി സബ്സ്റ്റേഷൻ അരീക്കോട്, കൊച്ചി 400 കെ.വി സബ്സ്റ്റേഷനുകളുമായും തിരുവനന്തപുരം, പോത്തൻകോട് നിലവിലുള്ള 400 കെ.വി സബ്സ്റ്റേഷനുമായി കായംകുളം ഇടമൺവഴി കൊച്ചിയുമായും ബന്ധിപ്പിക്കേണ്ടത് അന്തർ സംസ്ഥാന ഗ്രിഡുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ആവശ്യമാണ്. ചീമേനി പദ്ധതിയുടെ ഭാഗമായി 400 കെ.വി പ്രസരണ ശൃംഖല കേരളത്തിന്റെ വടക്കേ അറ്റത്തുള്ള മൈലാട്ടിയിലേക്ക് ദീർഘിപ്പിക്കേണ്ടതുമുണ്ട്. ചീമേനി പദ്ധതി, ബ്രഹ്മപുരം പദ്ധതി, കായംകുളം വികസന പദ്ധതി എന്നീ വൻകിട വൈദ്യുതോത്പാദന പദ്ധതികൾ നിലവിൽ വരുന്നതോടെ കേരളത്തിന്റെ പ്രസരണ ശൃംഖലയെ ദേശീയ ഗ്രിഡിലെ 765 കിലോവോൾട്ട് ശൃംഖലയുമായി ബന്ധപ്പെടുത്തി ശക്തമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്. പൊതുവിൽ 400 കെ.വി, 765 കെ.വി പ്രസരണ ശൃംഖല കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷനാണ് നിർമ്മിച്ചുപോരുന്നത്. കേരളത്തിനുള്ള നിരവധി 400 കെ.വി പ്രസരണ ലൈനുകൾ സ്ഥാപിക്കേണ്ട സാഹചര്യത്തിൽ കെ.എസ്.ഇ.ബി ഈ മേഖലയിലേക്ക് കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

2017 വരെയുള്ള കാലഘട്ടത്തിൽ പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളും നാൽപ്പത് 110 കെ.വി സബ്സ്റ്റേഷനുകളും, പത്ത് 66 കെ.വി സബ്സ്റ്റേഷനുകളും, നാൽപ്പത്തിയേഴ് അപ്ഗ്രഡേഷനുകളുമാണ് കെ.എസ്.ഇ.ബിയുടെ പ്രസരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താഴെപറയുന്ന സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് ഈ പ്രസരണ പദ്ധതി സമ്പുഷ്ടമാക്കേണ്ടതുണ്ട്.

ചീമേനി പദ്ധതി നിലവിൽ വരുന്നതുവരെ വടക്കൻ കേരളം വൈദ്യുതി കമ്മിയുള്ള പ്രദേശമായി തുടരും. നിലവിൽ വടക്കൻ കേരളത്തിന്റെ വൈദ്യുതാവശ്യകത ഏകദേശം 1100 മെഗാവാട്ടാണെങ്കിൽ നിലവിൽ ആ പ്രദേശത്തു ലഭ്യമായ ഉൽപാദന ശേഷി 400 മെഗാവാട്ടിൽ താഴെയാണ്. ആവശ്യകത വരും നാളുകളിൽ വർദ്ധിക്കുമെങ്കിലും ലഭ്യത വർദ്ധിപ്പിക്കാൻ ഉടനടി നിർദ്ദേശങ്ങളൊന്നുമി. നിലവിൽ മദ്ധ്യകേരളത്തിലെ ഉൽപാദന ശേഷിയെ വടക്കൻ കേരളവുമായി ബന്ധപ്പെടുത്തുന്ന പ്രസരണ ശൃംഖല അപര്യാപ്തമായതിനാൽ പലപ്പോഴും വൈദ്യുത തടസ്സങ്ങൾക്കിടയാകുന്നുണ്ട്. തെക്ക് വടക്ക് പ്രസരണ കോറിഡോർ ഈ സാഹചര്യത്തിൽ ശക്തിപ്പെടുത്തണം.

കൊച്ചി നഗരത്തിന്റെ വൈദ്യുതാവശ്യകത

കുതിച്ചുയരുന്നതായാണ് കാണുന്നത്. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ലഭ്യത കുറവും പ്രസരണ ലൈൻ നിർമ്മിക്കുന്നതിനാവശ്യമായ റൈറ്റ് ഓഫ് വേ ലഭിക്കുന്നതിനുള്ള തടസ്സങ്ങളും ഈ വർദ്ധിച്ച ആവശ്യകത നിറവേറ്റുന്നതിന് പ്രയാസമുണ്ടാക്കുന്നുണ്ട്. കൊച്ചി നഗരത്തിനുചുറ്റുമായി 220 കെ.വി സബ്സ്റ്റേഷനുകളുടെ ശൃംഖല പൂർത്തിയാക്കി ഏകദേശം 1500 മെഗാവാട്ട് ആവശ്യകത നിറവേറ്റാനുള്ള പ്രസരണ ശേഷി സൃഷ്ടിക്കേണ്ടതുണ്ട്.

തലസ്ഥാന നഗരത്തിൽ ലഭ്യമാകുന്ന വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലവിൽ തെക്കൻ കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് പരിമിതമായ സൗകര്യങ്ങളേയുള്ളൂ.

വിഴിഞ്ഞം തുറമുഖം, ഐ.ടി പാർക്കുകൾ, വ്യവസായ പാർക്കുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള അതിദ്രുത വികസന മേഖലകളിലേക്ക് ആവശ്യത്തിന് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ശൃംഖല രൂപപ്പെടുത്തേണ്ടതുണ്ട്.

സ്മാർട്ട് ഗ്രിഡിന്റെ ഗുണകരമായ വശങ്ങൾ സ്വയം തടസ്സങ്ങൾ പരിഹരിക്കൽ, വൈദ്യുതിയുടെ ഗതി നിയന്ത്രിക്കൽ, വികേന്ദ്രീകൃത വൈദ്യുതി ഉൽപാദനം പ്രത്യേകിച്ചും സൗരോർജ്ജത്തിൽ നിന്നുള്ളത് ഗ്രിഡിലേക്ക് സ്വീകരിക്കൽ തുടങ്ങിയവ ഘട്ടംഘട്ടമായി പ്രസരണ ശൃംഖലയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

**വൈദ്യുതി വിതരണ സംവിധാനങ്ങൾ**

എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിലേക്ക് കേരളം അതിവേഗം കുതിക്കുകയാണ്. ഇതിനകം 45 നിയമസഭാ മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചുകഴിഞ്ഞു. ഇന്ത്യയിലെ 89000 ത്തോളം ഗ്രാമങ്ങളിൽ ഇനിയും വൈദ്യുതിയെത്തിയിട്ടില്ല എന്നതും 40.1 കോടി ജനങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല എന്നതും കണക്കിലെടുക്കുമ്പോൾ വമ്പിച്ച ഒരു നേട്ടമാണിത്. സമയബന്ധിതമായി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിയും. വൈദ്യുതി വിതരണത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന മുഖ്യ നേട്ടമാണ് ഈ പരിപാടി.

വൈദ്യുതി വിതരണ രംഗത്തെ സേവന നിലവാരം ഇനിയും മെച്ചപ്പെടുത്തുക എന്നതാണ് മുഖ്യമായി ശ്രദ്ധപതിപ്പിക്കേണ്ട ഒരു മേഖല. നഗര ഗ്രാമ വ്യത്യാസമില്ലാതെ ലോക നിലവാരത്തിലുള്ള സേവനം ലഭ്യമാക്കാൻ കഴിയണം. വൈദ്യുതി വിതരണത്തിലെ വിവിധ സേവനങ്ങൾ നിർവ്വചിക്കുകയും ഓരോ സേവനവും ലഭ്യമാക്കുന്നതിനുള്ള സമയക്രമം മുൻകൂട്ടി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടിപ്പോൾ. എന്നാൽ ഇതിന് ഇനിയും വേണ്ടത്ര പ്രചാരം ലഭിച്ചില്ല. പ്രഖ്യാപിച്ചിട്ടുള്ള ഈ സേവന നിലവാരങ്ങൾ പൊതുവിൽ നേടിയെടുക്കാൻ ഇപ്പോൾ കഴിയുന്നുമുണ്ട്. ഘട്ടംഘട്ടമായി ഈ സേവനങ്ങൾ മെച്ചപ്പെടുത്തി കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുകയും ക്രമേണ വൈദ്യുതി വ്യവസായത്തിലെ ഏറ്റവും മികച്ച സേവന ലഭ്യത ഉറപ്പുവരുത്തുകയും വേണം

വിവരസാങ്കേതികവിദ്യയുടെ ഉപയോഗം വൈദ്യുതി വിതരണ ശൃംഖലയിൽ കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്. സ്വതന്ത്ര സോഫ്റ്റുവെയർ സാധ്യമായിടത്തോളം മേഖലകളിൽ വ്യാപകമാക്കണം. സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തിയുള്ള ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി ഇപേയ്മെന്റ് സംവിധാനം ഉടനടി ഏർപ്പെടുത്താൻ കഴിയും. തുടർന്ന് പരാതി പരിഹാരം, അപേക്ഷകൾ സ്വീകരിക്കൽ, അപേക്ഷയുടെ തൽസ്ഥിതി അറിയിക്കൽ, വൈദ്യുതി ബിൽ, വൈദ്യുതി തടസ്സങ്ങൾ എന്നിവ സംബന്ധിച്ച് മെസ്സേജിംഗ് സൗകര്യങ്ങൾ എന്നിവയെല്ലാം വെബ് അധിഷ്ടിത സൗകര്യങ്ങളായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയും.

വിതരണ ശൃംഖല വിവര സാങ്കേതിക വിദ്യയും ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തി ശക്തിപ്പെടുത്തുകയും സ്റ്റാന്റേർഡൈസ് ചെയ്യുകയും വേണ്ടതുണ്ട്. ശൃംഖല ജി.ഐ.എസ് മാപ്പിംഗ് നടത്തി വിതരണനഷ്ടം കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വൈദ്യുതി തടസ്സങ്ങൾ അതിവേഗം പരിഹരിക്കുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കാൻ കഴിയണം. വിവരസാങ്കേതിക വിദ്യകൂടി ഉപയോ

ഗപ്പെടുത്തി വിതരണ ശൃംഖലയിൽ സൂക്ഷ്മമായ എനർജി ആഡിറ്റിംഗ് നടപ്പാക്കണം. വിതരണ വാണിജ്യ നഷ്ടം ഉടനെ 15% ത്തിൽ താഴെയാക്കുകയും ക്രമേണ അന്തർദേശീയ നിലവാരത്തിലേക്ക് കൊണ്ടുവരികയും വേണം.

വൈദ്യുതി കമ്പോളം വികസിപ്പിക്കുകയും ഓപ്പൺ അക്സസ് സംവിധാനം വ്യപകമാക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഉയർന്ന വരുമാനം നൽകുന്ന ഉപഭോക്താക്കൾക്ക് ഉയർന്നതും വ്യത്യസ്തമായതുമായ സേവനം ലഭ്യമാക്കേണ്ടതുണ്ട്. ഇതോടൊപ്പം പ്രത്യേകമായി മെച്ചപ്പെട്ട സേവന നിലവാരം ആവശ്യമുള്ള ഉപഭോക്താക്കൾക്ക് കൃത്യമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അവ ലഭ്യമാക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കണം

വൈദ്യുതി നിരക്കുകളിൽ വരുന്ന ഏതൊരു മാറ്റത്തോടും വലിയ പ്രതികരണങ്ങളാണ് സമൂഹത്തിൽ നടക്കുന്നത്. റഗുലേറ്ററി കമ്മീഷനുകൾ ശാസ്ത്രീയമായി നിരക്കു നിർണ്ണയം നടത്തണമെന്ന് നിയമം നിഷ്കർഷിക്കുന്നുണ്ടെങ്കിലും രൂക്ഷമായ പ്രതികരണങ്ങളുടെ ഫലമായി നിരക്കു നിർണ്ണയ പ്രക്രിയ ഇപ്പോഴും പ്രയാസമേറിയതായി തുടരുകയാണ്. കേരളത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനായി വില കൂടുതലുള്ള ഇന്ധനങ്ങളിലേക്ക് നാം മാറുന്ന പശ്ചാത്തലത്തിൽ വില നിർണ്ണയം സംബന്ധിച്ച് സമൂഹത്തിൽ ആശയ സംവാദവും സമന്വയവും നടക്കേണ്ടതുണ്ട്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വൈദ്യുതിക്കും ആഡംബരത്തിനും അനാവശ്യ ഉപഭോഗത്തിനുമുള്ള വൈദ്യുതിക്കും വ്യത്യസ്ത നിരക്കുകൾ ആവേണ്ടതി എന്ന നിലവിലുള്ള സ്ഥിതി പുനഃപരിശോധിക്കേണ്ടതാണ്. വ്യവസായിക ഉൽപാദനത്തിനും പശ്ചാത്തല മേഖലയുടെ വികസനത്തിനുമെല്ലാം ഉപയോഗിക്കുന്ന വൈദ്യുതിയേയും വാണിജ്യ സാദ്ധ്യതകൾ മെച്ചപ്പെടുത്താൻ ഉപയോഗിക്കുന്ന വൈദ്യുതിയേയും ഒരേ നിലക്ക് പരിഗണിക്കേണ്ടതുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. വൈദ്യുതി വില നിർണ്ണയത്തിൽ ക്രോസ് സബ്സിഡി എന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നത് ഈ സാമൂഹിക യാഥാർത്ഥ്യങ്ങൾ കൂടി കണക്കിലെടുത്ത് നിരക്കുകൾ നിർണ്ണയിക്കുന്നതിന് സഹായകരമായാണ്. എന്നാൽ 2003 ലെ വൈദ്യുതി നിയമവും കേന്ദ്ര താരീഫ് നയവും ക്രോസ് സബ്സിഡി കുറച്ചുകൊണ്ടു വരണമെന്ന് വ്യവസ്ഥ ചെയതതുവഴി സാമൂഹിക നീതി ഉറപ്പുവരുത്തുന്ന നിലയ്ക്കുള്ള വൈദ്യുതി വിതരണത്തിന് ഒട്ടേറെ തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കയാണ്. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് നൽകേണ്ട മേഖലകളിൽ സർക്കാർ നേരിട്ട് സബ്സിഡി നൽകണമെന്നാണ് റഗുലേറ്ററി കമ്മീഷനുകൾ നിഷ്കർഷിക്കുന്നത്. പരിമിതമായ വിഭവങ്ങൾ മാത്രമുള്ള സംസ്ഥാന സർക്കാരുകൾക്ക് വൈദ്യുതി വിതരണത്തിലെ സാമൂഹ്യ നീതിയുടെ പ്രശ്നം കൈകാര്യം ചെയ്യാൻ ഈ സ്ഥിതി പ്രയാസമുണ്ടാകുന്നുണ്ട്. ആഡംബര ഉപഭോഗത്തിനും അനാവശ്യ ഉപഭോഗത്തിനും ടാക്സ്/ഡ്യൂട്ടി/ഗ്രീൻടാക്സ് ഏർപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ ഈ സാഹചര്യത്തിൽ ഉയർന്നുവരുന്നുണ്ട്. ഇതിനാവശ്യമായ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിച്ചു മാത്രമേ അവ നടപ്പാക്കാൻ കഴിയുകയുള്ളൂ.

### വിഭവസമാഹരണം

കേരളത്തിന്റെ വൈദ്യുതിരംഗത്ത് ഏകദേശം 30000 കോടി രൂപയുടെ നിക്ഷേപം അടുത്ത പതിറ്റാണ്ടുവേണ്ടിവരുമെന്നാണ് പ്രാഥമിക കണക്കുകൾ കാണിക്കുന്നത്. ഇതിൽ ഏകദേശം 15000 കോടി രൂപയുടെ നിക്ഷേപം കെ.എസ്.ഇ.ബിയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അടക്കമുള്ള സർക്കാരും 8000 കോടി രൂപയുടെ നിക്ഷേപം കേന്ദ്രപൊതുമേഖലയും ബാക്കി സ്വകാര്യമേഖലയിൽ നിന്നുള്ള പങ്കാളിത്തമായും പ്രതീക്ഷിക്കുന്നു.

### പാരമ്പര്യേതര ഊർജ്ജവും വിനിയോഗ തല മാനേജുമെന്റും

എഴുപത്തിമൂന്നും, എഴുപത്തിനാലും ഭരണഘടന ഭേദഗതികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജ മേഖലയിലും ഊർജ്ജസംരക്ഷണ നടപടികളിലും കൈവന്ന പ്രവർത്തന സാദ്ധ്യതകൾ ചിട്ടയായി മുന്നോട്ടു കൊണ്ടുപോകാനും ഇവയെ ഊർജ്ജ മേഖലയിലെ സംസ്ഥാനതല

ഇടപെടലുകളുമായി ഏകോപിപ്പിക്കാനും ശ്രമങ്ങൾ ആരംഭിച്ചത് 2006–07 വർഷത്തിലാണ്. ദേശീയതലത്തിൽ തന്നെ ഇത്തരം ഒരു ശ്രമം നടക്കുന്നത് ഇദംപര്യന്തമാണ്. ഇതോടൊപ്പം കേരളത്തിലെ വൈദ്യുതീകരണത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെപോയ കണ്ണികളെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനും ശ്രമങ്ങളുണ്ടായി. പാരമ്പര്യേതര ഊർജ്ജത്തിനും ഊർജ്ജവിനിയോഗ തല പരിപാലനത്തിനും കാർബൺ ക്രെഡിറ്റ് ഉപയോഗിക്കണമെന്ന ആശയവും ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനും ഊർജ്ജത്തിനായി ജൈവദ്രവ്യ വിനിയോഗത്തിനുമുള്ള കൃത്യമായ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കപ്പെട്ടു. ഇവയുടെയെല്ലാം പശ്ചാത്തലത്തിൽ താഴെപറയുന്ന മൂർത്തമായ നടപടികളാണ് പൂർത്തിയായിട്ടുള്ളത്.

1. വൈദ്യുതീകരിക്കാത്ത വീടുകളുടെ സംസ്ഥാനതല സർവ്വേ ഏറ്റെടുത്ത് പൂർത്തിയാക്കി

2. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സംസ്ഥാനതല പര്യവേഷണ പരിപാടി പൂർത്തിയായി. അനെർട്ടും ജില്ലാ പഞ്ചായത്തും ചേർന്ന് 14 പദ്ധതികൾ ഉൾപ്പെടുന്ന ഒരു ചെറുകിട ജലവൈദ്യുതോത്പാദന ക്ലസ്റ്റർ (തലശ്ശേരിയിൽ) ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയായി

3. ജില്ലാ പഞ്ചായത്തുകളും അനെർട്ടും ചേർന്ന് ചെറുകിട ജലവൈദ്യുതി, ജൈവദ്രവ്യം, സൗരോർജ്ജം എന്നീ മേഖലകളിൽ വികേന്ദ്രീകൃത വൈദ്യുത ഉൽപാദന പ്രോജക്ടുകൾ ഏറ്റെടുക്കാൻ കേരള റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് കോർപ്പറേഷന് രൂപം നൽകാനും പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നടപടികളായിവരുന്നു

4. പാരമ്പര്യേതര ഊർജ്ജ–ഊർജ്ജസംരക്ഷണ മേഖലകളിലെ പഠന ഗവേഷണങ്ങൾക്കായി സി.സെൻറക് എന്ന ഗവേഷണ സ്ഥാപനം അനെർട്ട്, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവ ചേർന്ന് രൂപം നൽകുന്നതിന് നടപടിയായി. ഇതിന്റെ ഭാഗമായി കുഴൽമന്ദത്ത് പാരമ്പര്യേതര ഊർജ്ജ മേഖലയിൽ പരിശീലനം നൽകുന്ന പോളിടെക്നിക് രൂപീകരിക്കാനും നടപടിയായി.

5. ഈ നടപടികളുടെ പശ്ചാത്തലത്തിൽ പാരമ്പര്യേതര ഊർജ്ജ മേഖലയിലെ പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ സംവിധാനവുമായി പൂർണ്ണമായി ഏകോപിപ്പിക്കാൻ അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

6. പ്രാദേശിക സംരംഭകരേയും പാരമ്പര്യേതര മേഖലയിലെ തൊഴിലാളികളെയും ഏകോപിപ്പിച്ച് ഊർജ്ജ മാർട്ട് എന്ന സംരംഭക ശൃംഖല രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

7. ഈ നടപടികളുടെ പശ്ചാത്തലത്തിൽ പാരമ്പര്യേതര ഊർജ്ജ മേഖലയിലെ നിർവ്വഹണ പരിപാടികളിൽ ക്രിയാത്മകമായ നേതൃത്വം നൽകാനും സംസ്ഥാനതല നോഡൽ ഏജൻസി എന്ന നിലയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനും കഴിയും വിധം അനെർട്ടിന്റെ പുന:സംഘടയ്ക്കുള്ള നടപടികൾ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്തുന്നതോടെ പാരമ്പര്യേതര ഊർജ്ജ–ഊർജ്ജ സംരക്ഷണ മേഖലയിൽ പുതിയ ദിശാബോധവും കർമ്മ പരിപാടിയും ഉറപ്പാക്കുന്നതിന് TERI (ദി എനർജി റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്) തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ദേശീയ സ്ഥാപനങ്ങളുമായുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് മാർക്ഷരേഖ തയ്യാറായിട്ടുണ്ട്. ചെറുകിട ജലശക്തി വികസന മേഖലയിൽ ഐ.ഐ.റ്റി റൂർക്കി, സൗരോർജ്ജ വികസന മേഖലയിൽ ഐ.ഐ.റ്റി ബോംബെ, ജൈവദ്രവ്യ പഠനങ്ങളിൽ ഐ.ഐ.എസ്.സി ബാഗ്ളൂർ, ഊർജ്ജ ഓഡിറ്റിംഗ് മേഖലയിൽ പി.സി.ആർ.ഐ, പ്രകാശന സാങ്കേതിക വിദ്യയിൽ ജാദവ്പൂർ യൂണിവേഴ്സിറ്റി കൊൽക്കത്ത എന്നീ ഗവേഷണ സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ഏകോപനമാണ് ഇപ്പോൾ ലക്ഷ്യമാക്കിയിട്ടുള്ളത്.

8. ഇതിന്റെ തുടർച്ചയായി പ്രാദേശികതല ഊർജ്ജ ലഭ്യതാ വിനിയോഗ നില കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ മെച്ചപ്പെട്ട

അടുപ്പുകളും മറ്റു പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ വിതരണവും തൃണമൂലതല അന്തിമ ഊർജ്ജ ഉപഭോഗപഠനം, വൈദ്യുതി വിതരണ ശൃംഖലാ മാപ്പിംഗ് എന്നിവയും ഏറ്റെടുത്തുവരുന്നു.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ മേഖലയിൽ ഗണ്യമായ മുന്നേറ്റം വരുംകാലത്തേക്ക് കേരളത്തിൽ ദർശിക്കാനാവും. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ പ്രധാന ഇടപെടലുകൾ ചുവടെ പട്ടികപ്പെടുത്തുന്നു

1. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ കേരളത്തിൽ മലയിടുക്കുകളിലാണ്. വനസംരക്ഷണ നിയമവും ഭൂമിയുടെ ലഭ്യതയുടെ പ്രശ്നങ്ങളും കാറ്റാടി പദ്ധതികൾ വൻതോതിൽ ഏറ്റെടുക്കുന്നതിന് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഭൂമി കൈമാറ്റം കൂടാതെ തന്നെ ഉടമസ്ഥർക്ക് വരുമാന പങ്കാളിത്തം നൽകുന്നതടക്കമുള്ള നിർദ്ദേശങ്ങൾ പരിശോധിക്കേ ണ്ടതുണ്ട്.

2. ഇന്ത്യയിലെ സൗരോർജ്ജ സാദ്ധ്യതാ മേഖലകളെ മൂന്നായി തരംതിരിച്ചതിൽ കേരളത്തിൽ പാലക്കാടൊഴികെ മെച്ചപ്പെട്ട മേഖലകളൊന്നുമില്ല. വലിയതോതിലുള്ള സൗരോർജ്ജ സാദ്ധ്യതകൾ പരിമിതമാണെങ്കിലും പരമാവധി പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സൗരോർജ്ജ പദ്ധതികൾ വികേന്ദ്രീകൃത ഉൽപാദനത്തിന് പ്രത്യേകിച്ചും ഗ്രിഡിലേക്ക് ബന്ധിപ്പിക്കാതെയുള്ള ഉൽപാദനത്തിനും ഉപയോഗത്തിനുമുള്ള സാദ്ധ്യതകൾ ഗാർഹിക, വാണിജ്യമേഖലകളിലും ഓഫീസ് സമുച്ചയങ്ങളിലും സൃഷ്ടിക്കേണ്ടതുണ്ട്. ആവശ്യമായ സബ്സിഡികൾ അനുവദിച്ചുകൊണ്ട് വലിയൊരു ഗ്രീൻ എനർജി പദ്ധതിയെന്ന നിലയിൽ ഈ സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

3. കാർബൺ ക്രെഡിറ്റി സംവിധാനവും റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് സംവിധാനവും പരമാവധി ഉപയോഗപ്പെടുത്തി കേരളത്തിലെ അക്ഷയ ഊർജ്ജ സ്രോതസ്സുകളെ കഴിയുന്നത്ര സാമ്പത്തിക ബാധ്യതകുറഞ്ഞ നിലയിൽ വികസിപ്പിക്കാൻ കഴിയണം.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ബയോമാസ് അടിസ്ഥാനമാക്കിയുള്ള പദ്ധതികൾക്കുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തണം.

5. മൈക്രോഹൈഡൽ, സൗരോർജ്ജ സംവിധാനങ്ങൾ എന്നിവകൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി വിദൂരദുർഘട പ്രദേശങ്ങളിൽ നടപ്പാക്കണം.

6. സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങിയ പൊതു സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സജീവ സഹകരണത്തോടെ മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതു വിളക്കുകളുടെ ഊർജ്ജ ക്ഷമത മെച്ചപ്പെടുത്തുന്നതിനും അവയുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

7. ദക്ഷലക്ഷം സി.എഫ്.എൽ പരിപാടിയിലൂടെയും തുടർന്ന് ഏറ്റെടുത്ത ഒന്നരക്കോടി സി.എഫ്.എൽ പരിപാടിയിലൂടെയും ജനകീയ ഊർജ്ജസംരക്ഷണ പരിപാടികൾ സംഘടിപ്പിക്കാനുള്ള പ്രതിബദ്ധത കേരള സമൂഹം പ്രകടിപ്പിച്ചുകഴിഞ്ഞു. ആർജ്ജവമുള്ള പുതിയ ഊർജ്ജ സംരക്ഷണ പരിപാടികൾ ഇതിന്റെ തുടർച്ചയായി നമുക്ക് ഏറ്റെടുക്കാനാവണം.

8. ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനും കാര്യക്ഷമമായ വൈദ്യുതി ഉപയോഗം ഉറപ്പുവരുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കണം താലൂക്ക് അടിസ്ഥാനത്തിൽ എനർജി മാർട്ടുകൾ ആരംഭിക്കണം എല്ലാവിധ ഊർജ്ജക്ഷമതയേറിയ വൈദ്യുതോപകരണങ്ങളും അക്ഷയഊർജ്ജ ഉപകരണങ്ങളും ലഭ്യമാക്കുന്ന ഒരു കേന്ദ്രീകൃത സംവിധാനമായി അവ പ്രവർത്തിക്കണം. ഈ നിലയ്ക്ക് ലഭ്യമാകുന്ന ഉപകരണങ്ങളുടെ തുടർപരിപാലനത്തിനുള്ള സംവിധാനങ്ങളും അതുവഴി ലഭ്യമാക്കണം.

9. വ്യവസായ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും വൈദ്യുതിയുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിന് എനർജി ഓഡിറ്റിംഗ് നിർബന്ധമാക്കണം. ഉയർന്ന ഉപയോഗക്ഷമതക്ക് പ്രോത്സാഹനവും ഊർജ്ജ നഷ്ടം നിരുൽ

10. സാഹപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. ഈ നടപടികളിലൂടെ

ഊർജ്ജ സംരക്ഷണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയും അക്ഷയ ഊർജ്ജ സ്രോതസ്സുകളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളും പരമാവധി ഉപയുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

**ഉപസംഹാരം**

ഭാവി വികസനത്തിനാവശ്യമായ കേരളത്തിന്റെ ഊർജ്ജ വികസന തന്ത്രം പ്രകൃതിവാതകം, കൽക്കരി തുടങ്ങിയുള്ള പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും താങ്ങാവുന്ന നിരക്കും ഉറപ്പുവരുത്തിയും അക്ഷയ ഊർജ്ജ സ്രോതസ്സുകളായ ചെറുകിട- ഇടത്തരം ജലവൈദ്യുത പദ്ധതി കൾ, കാറ്റ്, സൗരോർജ്ജം, ബയോമാസ് എന്നിവ പരമാവധി ഉപയോഗപ്പെടുത്തിയും ആകും. വൈദ്യുതോൽപാദന മേഖല പ്രധാനമായും പൊതു മേഖലയുടെ മുൻകൈ യിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ വികസിപ്പിക്കേ ണ്ടതുണ്ട്. സ്വകാര്യ മേഖലയുടെ പങ്കാളിത്തം സുതാര്യമായ മത്സരാധിഷ്ഠിത ബിഡ്ഡിംഗ് രീതിയിലാകും നടപ്പിലാക്കുക. സ്വാഭാവിക കുത്തക മേഖലയായ വൈദ്യുതി പ്രസരണ വിതരണ മേഖലകൾ പൊതുമേഖലയിൽ സംരക്ഷിക്കുകയും കെ.എസ്.ഇ.ബിയുടെ സംയോജിത ഘടന നിലനിർത്തിയും കേരള ത്തിന്റെ ജലവിഭവ ശേഷിയുടെ കരുത്തുകൂടി ഉപയോഗപ്പെടുത്തി എല്ലാ വിഭാഗങ്ങൾക്കും സാമൂഹിക നീതിയിലധി ഷ്ഠിതമായ വൈദ്യുതി വിതരണം ഉറപ്പുവരുത്താനാകണം. ഇന്ത്യയിലാ ദ്യമായി എല്ലാവർക്കും വൈദ്യുതി നൽകുന്ന സംസ്ഥാനമെന്ന അപൂർവ്വനേട്ടം കേരളം ഉടനടി കൈവരിക്കും. വൈദ്യുതി മേഖല കൂടുതൽ പാരിസ്ഥിതിക സൗഹൃദപരമാകുകയും. വൈദ്യുതി ഉൽപാദനത്തിലും ഉപഭോഗ ത്തിലും പരിസ്ഥിതി സൗഹൃദസാങ്കേതിക വിദ്യകൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യേ ണ്ടതുണ്ട്. വൈദ്യുതി വിതരണ രംഗത്തെ സേവനം വിവര സാങ്കേതിക വിദ്യയടക്കമുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോ ഗപ്പെടുത്തി ലോകനിലവാരത്തിലേക്കുയർത്തേണ്ടതും ആവശ്യമാണ്.

# അധ്യായം
# 5

# സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ


5.1 ആരോഗ്യം

5.2 ശുചിത്വം

5.3 പൊതുവിതരണം

5.4 സ്പോർട്ട്സ്

5.5 വിദ്യാഭ്യാസം

5.6 ശാസ്ത്രസാങ്കേതിക ഗവേഷണം

5.7 സംസ്ക്കാരം

**5.1 ആരോഗ്യം**

ഉയർന്നുവരുന്ന പ്രതീക്ഷിതായുസ്സ്, കുറഞ്ഞു വരുന്ന ശിശുമരണ നിരക്കും, പ്രസവത്തോട് അനുബന്ധിച്ചുള്ള അമ്മമാരുടെ മരണനിരക്കും, ജനന നിരക്കും, അതേസമയം വർദ്ധിച്ചുവരുന്ന ഡെങ്കിപ്പനി, വയറിളക്കം പോലുള്ള പകർച്ചവ്യാധികൾ, ഡയബറ്റിക്സ്, കാൻസർ, ഹൃദ്രോഗം എന്നിവയായിരുന്നു ഒന്നാം കേരള പഠന കോൺഗ്രസ് നടക്കുമ്പോൾ കേരളത്തിലെ ആരോഗ്യസ്ഥിതി പൊതുവിൽ. സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ പല സ്വകാര്യ ആശുപത്രികളിൽ ഉള്ളത്രയും ഇല്ല. എന്നാൽ, അവ വർദ്ധിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനു പകരം സ്വകാര്യമേഖലയെ പോഷിപ്പിക്കുന്ന സമീപനമാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഇത് തിരുത്തി പൊതുമേഖലയെ ആരോഗ്യരംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുക എന്ന ആഹ്വാനമാണ് ഒന്നാം പഠന കോൺഗ്രസ് ചെയ്തത്.

ഇത്രയും ബൃഹത്തായ പൊതുജനാരോഗ്യ സംവിധാനം ബജറ്റ് വിഹിതം വഴി സംരക്ഷിച്ച് പൊതുമേഖലയിൽ നിലനിർത്തുന്നത് ബുദ്ധിപരമല്ലെന്ന് ഏഡിബി, ലോകബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളും അവരുടെ സാമ്പത്തികവിദഗ്ദ്ധരും കേരളത്തിലെ സമ്പ്രദായത്തെ അധികരിച്ചുകൊണ്ട് അഭിപ്രായപ്പെട്ടു. പൊതുജനാരോഗ്യമേഖല തനതായ നിലനിൽപ്പ് ഭീഷണി നേരിട്ടുകൊണ്ടിരുന്നു. പൊതുജനാരോഗ്യമേഖലയിൽ നിരന്തരമായ സർക്കാർ പിന്മാറ്റ ശ്രമങ്ങളാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരുന്നത്. രണ്ടാമത് പഠന കോൺഗ്രസിൽ ആരോഗ്യത്തിന്റെ സെഷനിൽ ഉയർന്ന് വന്ന ചർച്ചകളെ ഇത്തരത്തിൽ സംഗ്രഹിക്കാം.

കേരളം സാമൂഹികക്ഷേമരംഗങ്ങളിൽ നടത്തിയ മുന്നേറ്റങ്ങളുടെ ഒരു ഉപ ഉൽപ്പന്നമാണ് നമ്മുടെ മെച്ചപ്പെട്ട പൊതുജനാരോഗ്യ നേട്ടങ്ങൾ. ഇത് നമുക്ക് നേടിയെടുക്കുവാനായത് നിരന്തരമായ സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളുടേയും അതിന്റെ തുടർച്ച യായി വന്ന ജനകീയ സർക്കാരുകളുടെ ഭരണനടപടികളുടേയും ഭാഗമായിട്ടാണ്. പൊതുജനാരോഗ്യ രംഗത്ത് വികസിതരാജ്യങ്ങളുമായി കിടപിടിക്കുന്ന നിലവാരത്തിലുള്ള നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിന് സദാ ജാഗ്രത പുലർത്തേണ്ടതുണ്ട്. (ടേബിൾ 1). ഒപ്പം പുതിയ കാലത്തെ സങ്കീർണ്ണമായ വെല്ലുവിളികൾ നേരിടുന്നതിനും നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

1. പൊതുജനാരോഗ്യ മേഖലയിലെ പ്രതിസന്ധികൾ: 1) കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്ന ചികിത്സാ ചിലവ് 2) ഘടനാപരമായ (അടിസ്ഥാന) പ്രശ്നങ്ങൾ 3) രോഗാതുരതയിലെ പ്രതിഭാസപരമായ പ്രശ്നങ്ങൾ 4) പ്രാന്തവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളുടെ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങൾ 5) സ്വകാര്യമേഖലയുടെ മേധാവിത്വപരമായ വളർച്ച 6) ആഗോളീകരണത്തിലെ വെല്ലുവിളികൾ 7) വൈദ്യവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ 8) ഇനിയും

വികസിച്ചു വന്നിട്ടില്ലാത്ത ഗവേഷണ മേഖല 9) ഇനിയും വികസിച്ച് വന്നിട്ടില്ലാത്ത ഔഷധ ഉൽപ്പാദന മേഖല 10) രോഗചികിത്സയിലെ പ്രശ്നങ്ങൾ 11) പ്രാദേശിക ആസൂത്രണത്തിലെ വെല്ലുവിളികൾ 12) സാമൂഹികാരോഗ്യ നിർമ്മിതിയിലെ വെല്ലുവിളികൾ 13) രോഗപ്രതിരോധ പ്രവർത്തനങ്ങളിലെ പിന്നോക്കം പോകൽ തുടങ്ങിയവ. (14) ആരോഗ്യ പരിപാലനത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഭരണകൂടത്തിന്റെ പിന്മാറ്റം.

2. ഘടനാപരമായ (അടിസ്ഥാന) പ്രശ്നങ്ങൾ: മനുഷ്യവിഭവശേഷിയുടെ (ഡോക്ടർമാർ, മറ്റിതര ജീവനക്കാർ) ദൗർലഭ്യം, ത്രിതല സംവിധാനത്തിലെ അടിസ്ഥാന സൗകര്യക്കുറവ്, അവശ്യ/ജീവൻരക്ഷാമരുന്നുകൾ ആവശ്യത്തിനു തികയാത്തത്, സാങ്കേതിക പുരോഗതിക്കൊപ്പം നവീകരിക്കപ്പെടാത്ത ലാബുകൾ, സി.റ്റി. സ്കാൻ, എം.ആർ.ഐ തുടങ്ങിയ സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിൽ പോലും ലഭ്യമല്ലാത്ത സാഹചര്യം, മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് മാത്രമാണ് സർക്കാർ ആശുപത്രികളിൽ എത്തുന്നതെങ്കിലും അവർക്ക് മതിയായ സേവനം നൽകുന്നതിന് പോലും മതിയാകാത്ത സൗകര്യങ്ങൾ, ശാസ്ത്രീയമായ റെഫറൽ സംവിധാനത്തിന്റെ അഭാവത്തിൽ അശാസ്ത്രീയമായി സൃഷ്ടിക്കപ്പെടുന്ന ആശുപത്രിയിലെ തിരക്ക്, ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ മനുഷ്യത്വരഹിതമായ പെരുമാറ്റരീതികൾ, സ്വകാര്യ ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ജീവനക്കാരുടെ അഴിമതി പ്രവണതകൾ, മദ്ധ്യവർഗ്ഗത്തെ പൊതുജനാരോഗ്യ സംവിധാനത്തിലേക്ക് ആകർഷിക്കുവാൻ കഴിയാത്ത പ്രശ്നം, എച്ച്.ഡി.സികളുടെ പ്രവർത്തനത്തിലെ സുതാര്യതയില്ലായ്മ തുടങ്ങിയവയാണ്.

3. രോഗാതുരതയിലെ പ്രതിഭാസപരമായ പ്രശ്നങ്ങൾ: നിയന്ത്രിക്കപ്പെട്ട പകർച്ച വ്യാധികളുടെ വർദ്ധിതമായ തിരിച്ചുവരവ് (മലമ്പനി, ചിക്കൻപോക്സ്, മരുന്നുകളോട് പ്രതികരിക്കാത്ത ഇനം ക്ഷയരോഗത്തിന്റെ സാന്നിദ്ധ്യം തുടങ്ങി..), പുത്തൻ പകർച്ചവ്യാധികളുടെ നിരന്തരവും വർദ്ധിതവുമായ സാന്നിദ്ധ്യം (എലിപ്പനി, ജപ്പാൻ ജ്വരം, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എച്ച്1 എൻ1, തുടങ്ങി..), ഉയർന്ന മാനസികരോഗാതുരത (ഉയർന്ന മദ്യ ഉപഭോഗം, ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി ഉയർന്ന ആത്മഹത്യാ നിരക്ക്, നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്ന കർഷക ആത്മഹത്യകളുടെ പരമ്പര ഓർക്കുക), മദ്ധ്യ ഉപരിവർഗ്ഗത്തിലും സാധാരണ ജനവിഭാഗങ്ങളിലും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ജീവിത ശൈലീ രോഗങ്ങൾ (ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, ഹൃദയാഘാതം തുടങ്ങി..), വൃദ്ധജനങ്ങളുടെ എണ്ണത്തിലെ വർദ്ധനയും അവരുടെ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങളും തുടങ്ങി..

4. പ്രാന്തവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളുടെ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങൾ: ആഗോളീകരണ സ്വകാര്യവൽക്കരണ നടപടികളുടെ ഭാഗമായി തോട്ടം, പരമ്പരാഗത, കടലോര, ആദിവാസിമേഖലകളിലെ തൊഴിലാളിജനവിഭാഗങ്ങളുടെ ദാരിദ്ര്യവും സവിശേഷമായ ആരോഗ്യപ്രശ്നങ്ങളും പ്രത്യേകമായ പഠനവും ഇടപെടലുകളും ആവശ്യമാക്കുന്നുണ്ട്.

5. സ്വകാര്യമേഖലയുടെ മേധാവിത്വപരമായ വളർച്ച: കഴിഞ്ഞ രണ്ട് ദശകങ്ങൾക്കിടയിൽ സ്വകാര്യമേഖല കുതിച്ചുയരുന്ന വളർച്ച ആർജ്ജിച്ച് കഴിഞ്ഞിരിക്കുന്നു. ആധുനിക രോഗനിർണ്ണയ ഉപാധികൾ, ആധുനിക ചികിത്സാരീതികൾ എന്നിവ ലഭ്യമാക്കുന്നതിൽ അവർ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. എന്നാൽ ഇത്തരം പുതിയ

രീതികളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം അമിത വൈദ്യവൽക്കരണത്തിലേക്കും കച്ചവടവൽക്കരണത്തിലേക്കും വഴിവെച്ചിരിക്കുന്നു. എന്നാൽ സ്വകാര്യ ആശുപത്രികളിലെ സാങ്കേതിക വിദ്യകളുടെ ഉപയോഗം, ചികിത്സാരീതികളിലെ ശാസ്ത്രീയത എന്നിവ സംബന്ധിച്ച് അക്കാദമികമായ നിരീക്ഷണം ആവശ്യമാണ്. ഡോക്ടർമാർക്ക് ഇരട്ട ശമ്പളം നൽകുമ്പോൾ (ബ്ലാക്കായും വൈറ്റായും) അവിടങ്ങളിലെ ജീവനക്കാർക്ക് തുച്ഛമായ ശമ്പളമാണ് നൽകുന്നത്. ആശുപത്രിയിൽ ലഭ്യമാകുന്ന ചികിത്സാ സംവിധാനങ്ങളുടെ രീതിക്കനുസരിച്ച് അവയെ വിവിധ സ്ലാബുകളായി തിരിച്ച് അവക്ക് ഫീസുകൾ നിജപ്പെടുത്തുകയാണ് വേണ്ടത്. ഇവിടെ ഭരണപരവും അക്കാദമികവും സാമൂഹികവുമായ നിരീക്ഷണ സംവിധാനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

6. വൈദ്യവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ: പഠന ഗവേഷണ പ്രവർത്തനങ്ങളിലെ നിലവാരമില്ലായ്മ, അദ്ധ്യാപകർക്ക് എജ്യൂക്കേഷണൽ സൈക്കോളജിയിൽ മതിയായ പരിശീലനവും പ്രാവീണ്യവുമില്ലാത്ത സാഹചര്യം, സ്വകാര്യചികിത്സയും അതുമായി ബന്ധപ്പെട്ട ദുഷ്പ്രവണതകളും മൂലം ആശുപത്രി സംവിധാനവും പ്രവർത്തനവുമാകെ അട്ടിമറിക്കപ്പെടുന്ന സാഹചര്യം, സ്വാശ്രയ സ്ഥാപനങ്ങളുടെ തള്ളിക്കയറ്റം മൂലം വൈദ്യവിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിയുന്ന സാഹചര്യം, ഭരണ പ്രശ്നങ്ങൾ ഒരു പരിഹാരവും ഇല്ലാതെ ഈ മേഖലയിൽ നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനായി മുഴുവൻ വൈദ്യവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുക. മറ്റ് തദ്ദേശീയവും വിദേശീയവും ആയ വൈദ്യസർവ്വകലാശാലകളുമായി പരസ്പരം സഹകരിച്ച് വൈദ്യവിദ്യാഭ്യാസ മേഖലയിൽ ഗവേഷണവും മറ്റ് അക്കാദമിക പ്രവർത്തനങ്ങളും വികസിപ്പിക്കുക. ഏതെങ്കിലും ഒരു മെഡിക്കൽകോളേജിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുക. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വികാസത്തിനനുസരിച്ച് പുത്തൻ ചികിത്സാരീതികൾ കൊണ്ടുവരുന്നതിനായി പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ ഉദാ: ട്രോമ കെയർ, പാലിയേറ്റീവ് കെയർ തുടങ്ങി.. ആരംഭിക്കുക.

7. ഇനിയും വികസിച്ച് വന്നിട്ടില്ലാത്ത ഗവേഷണ മേഖല: പൊതുജനാരോഗ്യ വൈദ്യ വിദ്യാഭ്യാസ മേഖലകളിൽ നമ്മുടെ തനതായ ഗവേഷണ പ്രവർത്തനങ്ങൾ ഇനിയും വികസിപ്പിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ആരംഭിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലാരിഷ്ട് ഇനിയും മാറിയിട്ടില്ല. ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജന മാതൃകകൾ വികസിപ്പിച്ച് കൊണ്ടുവരുന്നതിന് പൊതുജനാരോഗ്യ സംവിധാനത്തിന് കഴിയേണ്ടതുണ്ട്.

8. ഇനിയും വികസിച്ച് വന്നിട്ടില്ലാത്ത ഔഷധ ഗവേഷണ-ഉൽപ്പാദന മേഖല: ഔഷധ മേഖലയിലും തനത് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. കെ.എസ്.ഡി.പിയുടെ പുനരുജ്ജീവനം നമുക്ക് മുന്നോട്ട് പോകുവാനായില്ല. വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പോലും നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

9. രോഗചികിത്സയിലെ വെല്ലുവിളികൾ: പുത്തൻ പകർച്ചവ്യാധികളുടെ പശ്ചാത്തലത്തിൽ ഓരോ രോഗത്തിനും നിശ്ചിത ചികിത്സാപ്രോട്ടക്കോളുകൾ വികസിപ്പിച്ച് എടുക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ചികിത്സാ രീതികൾ അക്കാദമികമായി വിലയിരുത്തപ്പെടേ

ണ്ടതുണ്ട്. മരുന്നുകളുടെ ശാസ്ത്രീയമായ ഉപയോഗത്തെ സംബന്ധിക്കുന്ന ഡ്രഗ് ഫോർമുലറിയും തയ്യാറാക്കേണ്ടതുണ്ട്.

10. പ്രാദേശിക ആസൂത്രണത്തിലെ വെല്ലുവിളികൾ: ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിന് ആവശ്യമായ ആരോഗ്യപദ്ധതികൾ പ്രാദേശികമായി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും നമ്മൾ ഇനിയും മുന്നേറുവാനുണ്ട്. തദ്ദേശസ്വയംഭരണ സംവിധാനവും പൊതുജനാരോഗ്യ ഉദ്യോഗസ്ഥ സംവിധാനവും തമ്മിൽ ജൈവികമായ ബന്ധം ഇനിയും വളർന്നുവന്നിട്ടില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഒരു ആസൂത്രണവും നിയന്ത്രണവും ഇല്ലാതെ പിഎച്ച്സികളിൽ കിടത്തിച്ചികിത്സ വേണമെന്ന മുറവിളിയോടെ ആശുപത്രി ക്കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്ന പ്രവണത ഗൗരവമായി പുനഃപരിശോധിക്കണം.

11. സാമൂഹികാരോഗ്യ നിർമ്മിതിയിലെ വെല്ലുവിളികൾ: ഫീൽഡ് ജീവനക്കാരുടെ (ജൂനിയർ പി.എച്ച്.എൻ തുടങ്ങി..) പ്രവർത്തനമേഖലയും ശേഷിയും പുതിയകാല വെല്ലുവിളികൾ (പകർച്ച വ്യാധികൾ, ജീവിതശൈലീരോഗങ്ങൾ തുടങ്ങി..) നേരിടുവാൻ പാകത്തിൽ വികസിപ്പിക്കുന്നതിൽ വന്ന വീഴ്ച, പിഎച്ച്സികൾ പ്രാദേശിക രോഗാതുരതാ നിരീക്ഷണ കേന്ദ്രങ്ങൾ കൂടിയായി മാറാത്ത സാഹചര്യം, പ്രാദേശികമായ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ വീഴ്ച എന്നിവ ചൂണ്ടിക്കാണിക്കപ്പെട്ടു.

12. രോഗപ്രതിരോധ പ്രവർത്തനങ്ങളിലെ പിന്നോക്കം പോകൽ: കേരളത്തിലെ വാക്സിനേഷൻ കവറേജ് 80 ശതമാനത്തിൽനിന്നും 75 ശതമാനമായി കുറഞ്ഞിരിക്കുന്നു (എൻ.എഫ്.എച്ച്.എസ് സർവ്വേ രണ്ടു മൂന്നും).

13. പഠന കോൺഗ്രസിൽ ഉയർന്നുവന്ന കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതിന് ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്ന എൽ.ഡി.എഫ് സർക്കാരിന് സാധ്യമായി. ഈ കാലഘട്ടത്തിൽ നടപ്പിലാക്കപ്പെട്ട ഭരണപരിഷ്കാര നടപടികൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

**ആരോഗ്യമേഖലയിലെ ഭരണനടപടികൾ**

1. പൊതുജനാരോഗ്യമേഖലയുടെ ശാക്തീകരണം: പൊതുജനാരോഗ്യമേഖലയിൽ നിന്നുള്ള എല്ലാ പിന്മാറ്റ ശ്രമങ്ങളും സർക്കാർ ഉപേക്ഷിച്ചു. പൊതുജനാരോഗ്യമേഖലയുടെ അടിസ്ഥാന സൗകര്യം വലിയതോതിൽ മെച്ചപ്പെട്ടു. ഡോക്ടർമാർ, നഴ്സിങ്, മറ്റ് ജീവനക്കാർ എന്നിവരുടെ ക്ഷാമം പരിഹരിക്കപ്പെട്ടു. ആശുപത്രിയിൽ ചെന്നാൽ ചികിത്സ ലഭിക്കുമെന്ന് ഉറപ്പായി. സമൂഹം വർദ്ധിച്ച തോതിൽ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന സ്ഥിതി സംജാതമായി.
2. മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം: തൃശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്ക് പുതിയ കെട്ടിടങ്ങൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, 120 കോടി രൂപയുടെ പ്രത്യേക പദ്ധതി, മികച്ച കേന്ദ്രം എന്ന പദവി, കോഴിക്കോട് മെഡിക്കൽ കോളേജിന് പുതിയ സൂപ്പർസ്പെഷ്യാലിറ്റി കെട്ടിടം, അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിക്ക് പുതിയ പദ്ധതി എന്നിവ ഉദാഹരണം.
3. സി.ടി. സ്കാൻ, എം.ആർ.ഐ, കാത്ത് ലാബ്, ലീനിയർ ആക്സിലറേറ്റർ എന്നിവ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തി. ഒപ്പം ദരിദ്രർക്ക് സൗജന്യ സേവനവും.
4. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി: ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ ജന വിഭാഗങ്ങളേയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് കീഴിൽ കൊണ്ടു

വന്നു. ഇത് വിജയകരമായി നടന്നുവരുന്നു. അടുത്ത ഘട്ടത്തിൽ സാങ്കേതികമായി ദാരിദ്ര്യ രേഖക്ക് മുകളിൽ നിൽക്കുന്ന ജനവിഭാഗങ്ങളെക്കൂടി ഇൻഷുറൻസ് പദ്ധതിക്ക് കീഴിൽ കൊണ്ടുവരാനായത് വലിയ വിജയമായിട്ടുണ്ട്. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രശംസ പിടിച്ചുപറ്റുന്നതിനും ആരോഗ്യ വകുപ്പിന് കഴിഞ്ഞിരിക്കുന്നു.

5. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പുരോഗതി: വാക്സിനേഷൻ കവറേജ് 75% ൽ നിന്നും 82% ലേക്ക് മെച്ചപ്പെട്ടു (യുനിസെഫ് 2008). കേന്ദ്രീകൃതമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഈ വാക്സിനേഷൻ കവറേജിൽ വീണ്ടും മുന്നേറുവാനായത്. ശിശുമരണനിരക്ക് 15 ൽ നിന്ന് 12 ആയി കുറഞ്ഞു (2006/7).
6. സ്പെഷ്യാലിറ്റി കേഡർ: നഗര ഗ്രാമീണ ഭേദമെന്യേ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ തൊട്ട് മുകളിലേക്കുള്ള ത്രിതല സംവിധാനത്തിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ഇത് വഴി ഉറപ്പ് വരുത്തപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.
7. കേന്ദ്രാവിഷ്കൃതപദ്ധതിയായ എൻ.ആർ.എച്ച്.എം സമഗ്രമായി നടപ്പിലാക്കി. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രശംസയും പിടിച്ചുപറ്റുന്നതിന് കഴിഞ്ഞിട്ടുണ്ട്. എൻ.ആർ.എച്ച്.എം ഫണ്ട് യുക്തിസഹമായി പ്രയോജനപ്പെടുത്തുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.
8. പൊതുജനാരോഗ്യ വൈദ്യവിദ്യാഭ്യാസ രംഗത്ത് ഡോക്ടർ ഇതര ജീവനക്കാരുടെ ഭരണതലത്തിൽ നിലനിന്നിരുന്ന ഇരട്ട നിയന്ത്രണം അവസാനിപ്പിച്ചു.
9. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി കേന്ദ്രീകൃതമായ മരുന്ന് സംഭരണവും വിതരണവും ഏർപ്പെടുത്തി. ഇതു വഴി ഈ മേഖലയിൽ കാലങ്ങളായി നിലനിന്നിരുന്ന അഴിമതി അവസാനിപ്പിച്ചു.
10. താലോലം: സ്ഥായിയായ രോഗങ്ങൾക്ക് പ്രത്യേകമായ സൗജന്യ ചികിത്സാ പദ്ധതിയായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സമൂഹത്തിന്റെയാകെ ശ്രദ്ധ ഈ പദ്ധതി പിടിച്ചുപറ്റിയിട്ടുണ്ട്.
11. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിന് സഹായകരമാകുന്ന തിരിച്ചറിയൽ കാർഡ് വിതരണ പ്രക്രിയ സംസ്ഥാനമൊട്ടാകെയായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
12. ആരോഗ്യസ്ഥാപനങ്ങൾക്ക് ഗുണനിലവാരം (ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്) ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.
13. മെഡിക്കൽ കോളേജ് അധ്യാപകരുടെ ശമ്പളം ന്യായമായി പരിഷ്കരിച്ചുകൊണ്ട് സ്വകാര്യ ചികിത്സ അവസാനിപ്പിച്ചു. യുജിസി നിരക്കിൽ ശമ്പളത്തോടൊപ്പം 25% നോൺപ്രാക്ടീസിങ്ങ് അലവൻസ്, 15% പേഷ്യന്റ് കെയർ അലവൻസ് ഉൾപ്പെടെ വലിയ ഒരു വർദ്ധനവാണ് മെഡിക്കൽ കോളജ് അദ്ധ്യാപകർക്ക് ലഭിച്ചത്. മെഡിക്കൽ കോളേജുകളെ ചികിത്സ പഠന ഗവേഷണ സ്ഥാപനങ്ങളായി വികസിപ്പിക്കുന്നതിന് ഇത് അനിവാര്യമാണ്. ധനിക ദരിദ്ര ഭേദമെന്യേ മുഴുവൻ ജനവിഭാഗങ്ങൾക്കും തുല്യനീതി ഇത് വഴി ഉറപ്പ് വരുത്തുന്നതാണ്. അവരുടെ പെൻഷൻ പ്രായം 55 ൽനിന്ന് 60 ആയി ഉയർത്തി.
14. റെഫറൽ സംവിധാനം ഏർപ്പെടുത്തി. രോഗാതുരതയുടെ തീവ്രതയനുസരിച്ച് മതിയായ ശ്രദ്ധയും പരിഗണനയും ചികിത്സയും ഉറപ്പ് വരുത്തുന്നതിന് ഇതുവഴി കഴിയുന്നതാണ്. സാധാരണ വൈറൽ പനിക്കാർ വരെ മെഡിക്കൽ കോളേജുകളിൽ ക്യൂ നിൽക്കുന്നത് ഹൃദയാഘാതം വന്ന രോഗിക്ക് തക്കസമയത്ത് ആവശ്യമായ ചികിത്സ ലഭിക്കുന്നതിന് തടസ്സമാകാം. ഫെഡറൽ സംവിധാനം തീർച്ചയായും മെഡിക്കൽ കോളേജുകളിലെ ചികിത്സ പഠന ഗവേഷണ പ്രവർ

ത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കും.

15. തൃശ്ശൂർ കേന്ദ്രമാക്കി മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചു: വൈദ്യവിദ്യാഭ്യാസ മേഖലയെ ഒന്നാകെ ഒരു കുടക്കീഴിൽ കൊണ്ടുവന്നിരിക്കുന്നു. മുഴുവൻ വൈദ്യ ചികിത്സാ ധാരകളേയും ഒന്നിച്ചുകണ്ട് അവയുടെ സ്വതന്ത്ര വികസനത്തിനായി തുല്യ പരിഗണനയാണ് നൽകിയിരിക്കുന്നത്. 2010 മുതൽ അഡ്മിഷൻ തേടി വരുന്ന മുഴുവൻ വൈദ്യവിദ്യാർത്ഥികളുടേയും കരിക്കുലം, സിലബസ്, മൂല്യനിർണയം എന്നിവ പുതിയ മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലാക്കി. വിവിധ യൂണിവേഴ്സിറ്റികളിലായി നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ക്രമീകരിച്ച് ഏകോപിപ്പിക്കുന്നതിന് വേണ്ടിയുള്ള സങ്കീർണമായ പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു. വൈദ്യ വിദ്യാഭ്യാസ മേഖലയുടെ വലിയ മുന്നേറ്റത്തിന് ഇത് വഴിത്തിരിവാകുമെന്നാണ് പ്രതീക്ഷ.

16. പി.ജി പഠനത്തിന് റെസിഡൻസി സമ്പ്രദായം: റെസിഡൻസി സമ്പ്രദായം ഏർപ്പെടുത്തുക വഴി അവരുടെ അക്കാദമിക മികവ്, രോഗചികിത്സയിലെ ഗുണനിലവാരം എന്നിവ വർദ്ധിച്ചിട്ടുണ്ട്. ഒപ്പം മെച്ചപ്പെട്ട സ്റ്റൈപ്പന്റും ലഭ്യമാക്കപ്പെട്ടു.

17. പി.ജി സീറ്റുകൾ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി വർദ്ധിപ്പിച്ചു.

18. പി.ജി സർവീസ് ക്വോട്ട സമ്പ്രദായം മെഡിക്കൽകോളേജ്/ഹെൽത്ത് സർവീസുകളിലുള്ള ഡോക്ടർമാരുടെ ആഗ്രഹമനുസരിച്ച് പുനഃസ്ഥാപിച്ചു. ഇത് ഏറെ ശ്രമകരമായ ഒരു പ്രക്രിയയായിരുന്നു.

19. വൈദ്യ ബിരുദദാരികൾക്ക് (നഴ്സിങ് ഉൾപ്പെടെ) ഒരു വർഷത്തെ നിർബന്ധിത ഗ്രാമീണ സേവനം ഏർപ്പെടുത്തി. ഇത് വിജയകരമായി നടപ്പിലാക്കി വരുന്നു.

20. കെ.എസ്ഡിപിക്ക് പുനരുജ്ജീവൻ നൽകി. അതിൽ നടപ്പാക്കപ്പെടുന്ന പുതിയ വികസന പദ്ധതി ഉടൻ പ്രാവർത്തികമാകും.

21. ഇന്റഗ്രേറ്റഡ് ഡിസീസ് സർവയിലൻസ് പ്രോജക്റ്റ്: രോഗാതുരതയേയും രോഗസാധ്യതാഘടകങ്ങളെയും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയും വിജയകരമായി നടന്നുവരുന്നു.

22. സംസ്ഥാന രോഗ സർവ്വയിലൻസ് സെൽ: പകർച്ചവ്യാധികളുടെ നിരീക്ഷണവും നിയന്ത്രണവും കാര്യക്ഷമമായി നിർവഹിക്കുന്നതിനായി രൂപീകരിച്ച അത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

23. പുതിയ വെല്ലുവിളികളെ നേരിടുന്നതിനു വേണ്ടി ഫീൽഡ് സ്റ്റാഫിന് പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

24. ജീവിത ശൈലീ രോഗങ്ങളെ നേരിടുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

25. സമാന്തര ചികിത്സാ സംവിധാനങ്ങളുടെ വികസനത്തിലും വലിയ പുരോഗതിയാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്.

**വെല്ലുവിളികൾ**

1. ആരോഗ്യ മേഖലയെ സംബന്ധിച്ച് രണ്ടാമത് പഠന കോൺഗ്രസിൽ ഉയർന്ന് വന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനും സർക്കാർ വിജയിച്ചിട്ടുണ്ട്.

2. എന്നാൽ ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന വെല്ലുവിളികൾ ഇനിയും നിരവധിയാണ്. ചില പ്രധാന പ്രശ്നങ്ങൾ ഇവയാണ്:

3. രോഗാതുരതയിലെ പ്രശ്നങ്ങൾ: പകർച്ചവ്യാധികളുടെ തിരിച്ചുവരവ് (ഡിഫ്തീരിയ അടക്കം), പുത്തൻ പകർച്ചവ്യാധികളുടെ വരവ്, ഉയർന്നുകൊണ്ടിരിക്കുന്ന ജീവിത ശൈലീരോഗങ്ങൾ, ഉയർന്ന മാനസിക രോഗാതുരത (ഉയർന്ന അത്മഹത്യാ നിരക്ക്, ഉയർന്ന മദ്യപാനം), വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ, ഉയരുന്ന

സ്തനാർബുദബാധ തുടങ്ങിയവ സജീവമായ ഇടപെടൽ ആവശ്യപ്പെടുന്നു. കേരളത്തിൽ വൃദ്ധജനങ്ങളുടെ ജനസംഖ്യ വർദ്ധിച്ച് വരുന്നു. പ്രത്യേകിച്ച് സ്ത്രീജനങ്ങളുടെ. വൃദ്ധജനങ്ങളുടെ പ്രത്യേകമായ മാനസിക ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനവും ഇടപെടലും ആവശ്യമാണ്. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ത്രിതല സംവിധാനത്തിലെ താഴെത്തട്ടിന്റെ മുതൽ സാധ്യത ഉപയോഗപ്പെടുത്തുക.

4. സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക: ഡോക്ടർമാർക്കും ഡോക്ടതിര ജീവനക്കാർക്കും തുടർപരിശീലനം നൽക്കുക. രോഗികളോടുള്ള അവരുടെ സമീപനത്തിൽ മനുഷ്യത്വപരമായ പരിഗണന വർദ്ധിപ്പിക്കുന്നതിന് ഇത് ആവശ്യമാണ്. അഡ്മിനിസ്ട്രേറ്റീവ് പരിശീലനം സർവ്വീസിലുള്ള ഡോക്ടർമാർക്ക് നൽകി അവരുടെ ഭരണശേഷി വർദ്ധിപ്പിക്കുക.

5. ഉയരുന്ന ആരോഗ്യചെലവ് : ഇത് നേരിടുന്നതിന് പ്രത്യേകമായ ഊന്നൽ വേണ്ടതുണ്ട്.

6. പ്രാന്തവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളുടെ പ്രത്യേകമായ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച പഠനങ്ങളും അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികളും ഇപ്പോൾ കൂടുതൽ പ്രസക്തമാണ്.

7. സ്പെഷ്യാലിറ്റി കേഡർ: ത്രിതല സംവിധാനത്തിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റുകളുടെ ആവശ്യകതയെ സംബന്ധിച്ച് പുനർനിർണയം നടത്തി അവരെ പുനർവിന്യസിക്കുക. യൂണിറ്റ് സംവിധാനം കൊണ്ടുവരിക. അവരുടെ ജോലിയും ഉത്തരവാദിത്വങ്ങളും നിർവചിക്കുക. കാഷ്വാലിറ്റിയിൽ സ്പെഷ്യലിസ്റ്റുകളുടെ ഓൺ കാൾ സേവനം ഉറപ്പ് വരുത്തുക. അവരുടെ നിർദ്ദേശത്തിൽ മാത്രം ഉയർന്ന സെന്ററിലേക്ക് റെഫർചെയ്യുക. സ്പെഷ്യാലിറ്റി കേഡറിൽ പൊതുജനാരോഗ്യ വിദഗ്ദ്ധരുടെ കേഡർ കൂടി സൃഷ്ടിക്കുക.

8. ഇൻഷുറൻസ് സംവിധാനം: എ.പി.ൽ/ബി.പി.ൽ മുഴുവൻ ഉൾപ്പെടുത്തി ഇൻഷുറൻസ് സംവിധാനം നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. രോഗചികിത്സയിലെ യഥാർത്ഥ ചെലവും അനുവദനീയമായ ഇൻഷുറൻസ് തുകയും തമ്മിലുണ്ടാകുന്ന അന്തരം എങ്ങനെ പരിഹരിക്കും? ഇത് പരിശോധിക്കപ്പെടേണ്ടതാണ്. മറ്റ് രാജ്യങ്ങളിലെ ഇൻഷുറൻസ് സംവിധാനത്തിലുണ്ടായ പാളിച്ചകൾ പഠിച്ച് ഇൻഷുറൻസ് സംവിധാനം ശക്തിപ്പെടുത്തുക. എന്നാൽ ഇൻഷുറൻസ് സംവിധാനത്തെ മാത്രം ആശ്രയിച്ചുകൊണ്ട് ആരോഗ്യ സേവനം എത്തിച്ചുകൊടുക്കുന്ന രീതിയുണ്ടാകുവാൻ പാടില്ല. സാർവ്വത്രികവും സൗജന്യവുമായ ആരോഗ്യസേവനം ദരിദ്ര ജനവിഭാഗങ്ങൾക്ക് സാമ്പ്രദായികമായി തന്നെ എല്ലാകാലത്തും ഉറപ്പ് വരുത്തപ്പെടണം.

9. എൻ.ആർ.എച്ച്.എം: എൻ.ആർ.എച്ച്.എം ഫണ്ടിന്റെ യുക്തിസഹമായ ഉപയോഗം വഴി അടിസ്ഥാന സൗകര്യത്തിൽ പുരോഗതിയുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത് നടപ്പിലാക്കുന്നതിന് ഒരു സമാന്തര സംവിധാനം സൃഷ്ടിച്ചതു വഴിയുള്ള അനാവശ്യ ചെലവ് ഒഴിവാക്കേണ്ടിയിരുന്നുവെന്ന വിമർശനം നിലനിൽക്കുന്നു. പ്രാദേശിക ഗവൺമെന്റുകളെ ഇതിന്റെ ആസൂത്രണത്തിലും നടത്തിപ്പിലും വേണ്ടവിധം പങ്കാളികളാക്കാതിരുന്നത് ഇതിന്റെ കുറവ് തന്നെയാണ്.

10. സ്വകാര്യ ചികിത്സാനിരോധനം വിജിലൻസ് സംവിധാനം ഏർപ്പെടുത്തി ഫലപ്രദമായി നിരീക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനും കഴിയേണ്ടതുണ്ട്. ഇത് വിജയകരമല്ലെന്ന് സ്ഥാപിക്കുന്നതിന് തൽപ്പര കക്ഷികൾ ശ്രമിച്ചുകൊണ്ടിരി

ക്കുന്നു എന്ന വസ്തുത സദാ ഓർക്കേണ്ട താണ്.

11. മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക. കേരളത്തിന്റെ സവിശേഷമായ ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിന് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ട് പോകുന്നതിന് നേതൃത്വം നല്കാൻ പുതിയ യൂണിവേഴ്സിറ്റിക്ക് കഴിയേണ്ടതുണ്ട്. അദ്ധ്യാപകർക്ക് എജ്യൂക്കേഷണൽ സൈക്കോളജിയിൽ എംഫിൽ തുടങ്ങുന്നതടക്കം പുതിയ കോഴ്സുകളുടെ കാര്യം പരിഗണനാ വിഷയമാകണം.

12. സ്വകാര്യമേഖലയുടെ പ്രവർത്തനം അക്കാദമികമായും സാമൂഹികമായും നിരീക്ഷിക്കുന്നതിനും പഠിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും ഒരു സംവിധാനം ഭാവിയിൽ ആവശ്യമാണ്.

13. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആരോഗ്യപദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആരോഗ്യവിദഗ്ദ്ധരുടെ പങ്കാളിത്തം വിപുലപ്പെടുവാനുണ്ട്. അതത് ആരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യവിദഗ്ദ്ധരും പ്രാദേശികസർക്കാരുകളും തമ്മിൽ സജീവമായ ബന്ധം ഇനിയും വളർന്നുവരേണ്ടിയിരിക്കുന്നു. ഇതിന് ആവശ്യമായ പരിശീലന ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

14. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാദേശികമായ പദ്ധതികൾ വികസിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉയർത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

15. അധികാരവികേന്ദ്രീകരണപ്രക്രിയയുടെ ഭാഗമായി പൊതുജനാരോഗ്യമേഖലയിൽ വികസിച്ചു വന്നിട്ടുള്ള നേട്ടങ്ങൾ, അവയുടെ ഉപയോഗപ്പെടുത്തൽ എന്നിവയെ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കുക.

16. പാരാമെഡിക്കൽ മേഖല: സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച് സേവനരീതികളും അതിനാവശ്യമായ പുതിയ ഉപകരണങ്ങളും വികസിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് ആവശ്യമായ പാരമെഡിക്കൽ പ്രവർത്തകരുടെ അഭാവം നേരിടുന്നു. ആവശ്യകത അനുസരിച്ച് പുതിയ കോഴ്സുകൾ ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന പാരാമെഡിക്കൽ പ്രവർത്തകരുടെ യോഗ്യത ഉറപ്പ് വരുത്തണം.

17. ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ ഇനിയും നമുക്ക് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. മെഡിക്കൽ കോളേജുകളിലെ ഫാർമസി ഡിപ്പാർട്ട്മെന്റുകൾ വികസിപ്പിച്ച് ഇതിനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. മരുന്നുകൾ സംഭരിച്ച് സൂക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യം അപര്യാപ്തമാണ്.

18. കെ.എസ്.ഡി.പിയെ നവീകരിച്ച് ഉപയോഗപ്പെടുത്തുക.

19. ഔഷധഗവേഷണ മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിക്കുക.

20. ജില്ലകൾതോറും പബ്ലിക്ഹെൽത്ത് ലാബുകൾ ആരംഭിക്കുക.

21. സ്റ്റേറ്റ് ഡിസീസ് സർവയിലൻസ് സെല്ലിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക. ഇത് നിലനിൽക്കുന്ന പകർച്ചവ്യാധി ഭീഷണിയുടെ പശ്ചാത്തലത്തിൽ അത്യാവശ്യമാണ്.

22. ജനങ്ങളെ പ്രലോഭിപ്പിക്കുന്ന വിധത്തിൽ വ്യാജമരുന്നുകളുടെ പ്രചരണം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു. ഇത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുക.

23. അമിതമായ കീടനാശിനീ പ്രയോഗങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തുക.

24. ആരോഗ്യമേഖലയുടെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുക.

25. പൊതുജനാരോഗ്യനയം പ്രഖ്യാപിക്കുക.

**ആയുർവ്വേദം, ഹോമിയോ**

1. പരമ്പരാഗത്ത ചികിത്സാരീതികളായ ആയുർവ്വേദത്തിനും ഹോമിയോ വിഭാഗത്തിനും സ്വതന്ത്രമായി വികസിക്കുന്നതിനും ജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന വിധത്തിൽ ഇഷ്ടപ്പെട്ട ചികിത്സാരീതി തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ നയമാണ് സർക്കാർ പിൻതുടരുന്നത്. എല്ലാ ചികിത്സാരീതികൾക്കും തുല്യമായ പരിഗണനയാണ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നൽകിയിരിക്കുന്നത്.

2. ആയുർവ്വേദ-ഹോമിയോ മേഖലകളിൽ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഉണ്ടായിട്ടുള്ളത്. ഹോമിയോവിഭാഗത്തിൽ ആരോഗ്യ കേരളം പദ്ധതിയുടെ ഭാഗമായി 145-ലധികം ഹോമിയോ ഡിസ്പെൻസറികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തുടങ്ങുവാനായിട്ടുണ്ട്.

3. ഹോമിയോ-ആയുർവ്വേദ മരുന്നുകൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നതിന് കഴിയുന്നുണ്ട്.

4. ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേകമായ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ഹോമിയോ മേഖലയിൽ ആരംഭിച്ചു.

5. ആയുർവ്വേദകോളേജുകളിൽ ബിരുദപഠനത്തിനുള്ള സീറ്റുകൾ 100 ആയി വർദ്ധിപ്പിക്കേണ്ടതാണ്.

6. ആയുർവ്വേദ ബിരുദാനന്തരപഠനത്തിന് സീറ്റുകൾ വർദ്ധിപ്പിക്കുക. ഒപ്പം ഗവേഷണ മേഖലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

7. സ്വസ്ത്യവൃത്തവിഭാഗത്തിൽ കമ്മ്യൂണിറ്റി ഡിപ്പാർട്ട്മെന്റ് തുടങ്ങുക.

8. ആലപ്പുഴയിൽ സഹകരണ മേഖലയിൽ ആയുർവ്വേദമെഡിക്കൽ കോളേജ് തുടങ്ങുക.

9. ആയുർവ്വേദമെഡിക്കൽ കോളേജുകളിലും ആവശ്യമായ നോൺ പ്രാക്ടീസിങ്ങ് അലവൻസ് അനുവദിച്ചുകൊണ്ട് സ്വകാര്യ ചികിത്സ നിരോധിക്കുക.

10. ആയുർവ്വേദകോളേജുകളിലെ ലാബുകളിൽ യോഗ്യതയുള്ളവരെ നിയമിക്കുക.

11. ആയുർവ്വേദ ഔഷധമേഖലയിൽ ഗവേഷണപ്രവർത്തനം പ്രോത്സാഹിപ്പിക്കുക. മരുന്നുകളുടെ സ്റ്റാൻഡേർഡൈസേഷൻ, വാലിഡേഷൻ എന്നിവ ഉറപ്പ് വരുത്തുക.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഔഷധച്ചെടികൾ വ്യാപകമായി വെച്ചുപിടിപ്പിക്കുക.

13. മെഡിക്കൽ ഇൻഷുറൻസിൽ ആയുർവ്വേദ/ഹോമിയോ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

14. ആയുർവേദ മേഖലയിൽ സുഖചികിത്സ, വ്യാജമരുന്നുകൾ എന്നിവയുടെ പേരിൽ വ്യാപകമായ പ്രചരണവും ചൂഷണവും നടക്കുന്നു. ഇത് സംബന്ധിച്ച് നിരീക്ഷണവും പരിശോധനയും ഇടപെടലും ആവശ്യമാണ്. ടൂറിസം മേഖലയിലും ഇടപെടൽ ആവശ്യമാണ്. കൃത്യമായ യോഗ്യതയുള്ളവരാണ് ഇത്തരം സേവനം നൽകുന്നതെന്ന് ഉറപ്പ് വരുത്തുക.

15. പുതിയ ബൗദ്ധിക സ്വത്തവകാശ നിയമത്തിന്റെ സാഹചര്യത്തിൽ നമ്മുടെ തനതായ ഔഷധ സമ്പത്ത് നിലനിർത്തുന്നതിന് ഔഷധച്ചെടികളിലടങ്ങിയിരിക്കുന്ന പ്രസക്തമായ ഘടകങ്ങൾ വേർതിരിച്ചെടുത്ത് അവയ്ക്ക് പേറ്റന്റ് നേടുന്നതിനുള്ള ശാസ്ത്രീയമായ ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

ടേബിൾ 1

ആരോഗ്യസ്ഥിതിവിവര കണക്കുകൾ

Health Statistics Comparison

| Indicator | Target HFA 2000 | India | Kerala | UK | China |
|---|---|---|---|---|---|
| Life Expectancy | 64 | 62 | 71 | 77 | 72 |
| Crude Death rate | 9 | 9 | 6 | 6 | 7 |
| Crude Birth rate | 21 | 25 | 17 | 12 | 12 |
| IMR | 60 | 57 | 15 (05 - 06)<br>12 (06-07) | 6 | 25.8 |
| MMR | 200 | 408 | 195 | 10 | 48.3 |
| Number of Vaccines given | | 7 | 7 | | 12 |
| Vaccination total coverage (%) | | 44 | 75(05-06)<br>82(2008 | | 90 |
| Bed/1000 popular | 1 | 0.6 | 3.8 | 15 | 2.02 |

**5.2 ശുചിത്വം മാലിന്യ പരിപാലനം**

ഏതാണ്ട് അൻപത് വർഷം മുൻപുതന്നെ കേരളം തോട്ടിപ്പണി നിർമ്മാർജ്ജനം ചെയ്യുന്നതിൽ വിജയിക്കുകയുണ്ടായി. മനുഷ്യന്റെ അന്തസ്സ് നിലനിർത്തുന്നതിനുള്ള ശക്തമായ പോരാട്ടത്തിന്റെ ഫലമായാണ് കേരളത്തിൽ തോട്ടിപ്പണിയിലേർപ്പെട്ടിരുന്നവരുടെ മോചനം സാധ്യമായത്. ഇന്ത്യയിലെ ആ??ളം സംസ്ഥാനങ്ങളിൽ അത്യന്തം ഹീനമായ തോട്ടിപ്പണി ഇന്നും നിലനില്ക്കുന്നു എന്നത് പരിഗണിക്കുമ്പോഴാണ് 50 വർഷം മുൻപു നടന്ന സമര വിജയത്തിന്റെ പ്രാധാന്യം മനസ്സിലാവുക. സ്വാതന്ത്ര്യാനന്തര കാലം മുതൽ തന്നെ ഗാർഹിക കക്കൂസുകളുടെ കാര്യത്തിൽ കേരളം മുമ്പിലാണ്. ഉയർന്ന സാക്ഷരതയും ഗ്രാമീണ ശുചിത്വ പരിപാടിയും തുടർന്ന് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ശുചിത്വത്തിനു നൽകിയ മുൻതൂക്കവും പ്രാദേശിക സർക്കാരുകളുടെ താല്പര്യവുമാണ് ശുചിത്വ കാര്യത്തിൽ കേരളത്തിന് മുൻതൂക്കം നൽകിയത്. കേരളത്തിലെ 967 ഗ്രാമപഞ്ചായത്തുകളും എല്ലാ വീടുകളിലും സ്കൂളുകളിലും അംഗനവാടികളും കക്കൂസുകൾ ലഭ്യമാക്കി അവ ഉപയോഗിക്കുന്ന ശീലം വളർത്തി തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം ഒഴിവാക്കുകയും കേന്ദ്ര സർക്കാരിന്റെ നിർമ്മൽ ഗ്രാമ പുരസ്ക്കാരം നേടുകയുണ്ടായി. രാജ്യം പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ശുചിത്വ കാമ്പയിനിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. രാജ്യ-രാജ്യാന്തര തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഈ പ്രവർത്തന നേട്ടത്തിനിടയിലും കേരളത്തിലെ ശുചിത്വ മേഖല നിരവധി വെല്ലുവിളികൾ നേരിടുകയാണ്. ഇത് കണക്കിലെടുത്തുകൊണ്ടാണ് ഇടതുപക്ഷ സർക്കാർ 'മാലിന്യ മുക്ത കേരളം' കർമ്മ പദ്ധതിക്ക് തുടക്കമിട്ടത്.

മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളും ശുചിത്വ സമീപന രേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. ഗാർഹിക തലത്തിലും, സ്കൂൾ, അംഗനവാടി, ആശുപത്രി തലത്തിലും

കക്കൂസുകളുടെ സാർവത്രിക വ്യാപനം ഒട്ടൊക്കെ സാധ്യമായി. മാലിന്യ ശേഖരണത്തിലുള്ള തൊഴിൽ സാധ്യത കൂടി പ്രയോജനപ്പെടുത്തി മാലിന്യ പരിപാലന സംവിധാനങ്ങൾ കൂടുതൽ വ്യാപകമാക്കി. പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം നിയന്ത്രിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങളും ചട്ടങ്ങളും നടപ്പിലാക്കി. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കുന്ന രീതി ഒട്ടൊക്കെ പ്രചാരത്തിലായി. ചപ്പു ചവറുകളില്ലാത്ത പൊതു സ്ഥലങ്ങൾ എന്ന കാഴ്ചപ്പാട് പൊതുവെ അംഗീകരിക്കപ്പെട്ടു. വൃത്തിയുള്ള ചന്തകൾ, ശുചിത്വ കോളനികൾ, വെള്ളക്കെട്ടില്ലാത്ത പരിസരം, ഭംഗിയും ശുചിത്വസൗകര്യങ്ങളുമുള്ള പൊതുസ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ ഇവയെല്ലാം സമൂഹത്തിന്റെ നിർബന്ധമായി മാറി. അംഗനവാടികൾ, സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ആഫീസുകൾ, തദ്ദേശ സർക്കാരുകൾ, തുടങ്ങിയവരുടെ നേട്ടങ്ങൾ അംഗീകരിക്കപ്പെട്ടു. വലിയ തോതിലുള്ള വിവര-വിദ്യാഭ്യാസ-വിനിമയ പ്രവർത്തനങ്ങൾ ശുചിത്വ മേഖലയിൽ സംഘടിക്കപ്പെട്ടു. ശുചിത്വാവബോധം വളർത്തുന്നതിന് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയ പ്രവർത്തി പഠന കൈപുസ്തകമായ 'തെളിമ' യും ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപം നൽകിയ മാതൃകാ ജലപരിശോധന കേന്ദ്രങ്ങളും ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. വൻ വ്യാപാര സ്ഥാപനങ്ങളും മാധ്യമങ്ങളും ശുചിത്വാവബോധം വർദ്ധിപ്പി ക്കുന്നതിനും സർക്കാർ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുന്നതിനും മുന്നിട്ടിറങ്ങി. ഇപ്രകാരം ശുചിത്വം ഒരു സാമൂഹിക അജണ്ടയായി മാറിയിട്ടുണ്ട്. നിരവധി പ്രാദേശിക സർക്കാരുകൾ ശുചിത്വ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ശുചിത്വ മേഖലയിലെ മൊത്തം നിക്ഷേപത്തിന്റെ 54 ശതമാനവും സംസ്ഥാന പ്രാദേശിക സർക്കാരുകൾ നടത്തിവരുന്നു. കൂടാതെ പ്രത്യേ? ശ്രദ്ധ നൽകേണ്ട പ്രവർത്തനങ്ങൾ ശ്രദ്ധിക്കുന്നതിന് പ്രതിവർഷം 20 കോടി രൂപയുടെ നിക്ഷേപവും നടത്തിവരുന്നു. ഇത് മറ്റു സംസ്ഥാനങ്ങൾക്ക് തീർച്ചയായും മാതൃകയാണ്.

ശുചിത്വ മേഖലയിലെ ആദ്യഘട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയ രാജ്യത്തെ ആദ്യ സംസ്ഥാനങ്ങളിലൊന്നായ കേരളം ശുചിത്വത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ നേരിടുകയാണ്. ഒറ്റക്കുഴി കക്കൂസുകളുടെ വ്യാപനം, വിനിയോഗം ഇവയിലൂടെ ഭൂഗർഭ ജലത്തിന്റെ മലിനീകരണം ചില ഭൂപ്രദേശങ്ങളിൽ വ്യാപകമാകുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ജലക്ഷാമ മേഖലകൾ ഇവിടങ്ങളിൽ അനുയോജ്യമായ ശുചിത്വ സാങ്കേതിക വിദ്യ കണ്ടെത്തി പ്രായോഗികമാക്കേണ്ടിയിരിക്കുന്നു. താരതമ്യേന സുരക്ഷിതവും വികേന്ദ്രീകൃതവുമായ സെപ്റ്റിക് ടാങ്ക് കക്കൂസുകൾ വ്യാപിക്കുന്നുണ്ടെങ്കിലും ടാങ്ക് നിറയുമ്പോൾ ശേഖരിക്കുന്ന സെപ്റ്റേജ് മാലിന്യം സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനങ്ങൾ ഇനിയും പ്രാവർത്തികമായിട്ടില്ല.

ഖരമാലിന്യ സംസ്കരണത്തിന് ഗാർഹിക തലത്തിലും പൊതു സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പൊതു സംവിധാനമായും പല പ്രാദേശിക സർക്കാരും സംസ്കരണ സംവിധാനം സ്ഥാപിച്ചു. മാലിന്യ ശേഖരണത്തിന് സ്വയം സഹായ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്ന രീതി വ്യവസ്ഥാപിതമാക്കി. അവരുടെ ആരോഗ്യ പരിരക്ഷയ്ക്കും സാമൂഹ്യ-സാമ്പത്തിക സുരക്ഷയ്ക്കും വ്യവസ്ഥകളുണ്ടാക്കി. ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും മാനദണ്ഡങ്ങൾ, നിർമ്മാണ ക്ലിപ്തത, പ്രവർത്തനക്രമം ഇവ തയ്യാറാക്കി നടപ്പിലാക്കിയതിന്റെ ഫലമായി ഈ മേഖലയിൽ നിലനിന്ന ചൂഷണം ഒഴിവാക്കി. ഉറവിടങ്ങളിൽ തന്നെ ജൈവമാലിന്യ സംസ്കരണം പ്രാവർത്തിക മാക്കുന്നതിന് പ്രാദേശിക തലത്തിലുള്ള പൊതു സംവിധാനങ്ങൾക്കൊപ്പം ഗാർഹിക തലത്തിലും വ്യാപകമാക്കണം. ഇതിനായി പ്രവർത്തി നിർമ്മാണ പരിപാലന കാര്യങ്ങൾക്ക് സേവന ദാതാക്കളുടെ ലഭ്യത ഉറപ്പാക്കണം. അജൈവ മാലിന്യ ശേഖരണത്തിനും അവയുടെ

പുനരുപയോഗത്തിനും പുനഃചക്രമണത്തിനും വ്യവസ്ഥാപിത രീതി വ്യാപകമാക്കേണ്ടതുണ്ട്.

പൊതുധാരയിലെത്തുന്ന ഖരദ്രവ മാലിന്യങ്ങൾ വ്യാപകമായി തന്നെ ജലമലിനീകരണത്തിനു കാരണമാകുന്ന സ്ഥിതി അത്യന്തം അപകടകരമായി മാറിയിരിക്കുന്നു. ഇതു തടയുന്നതിനുള്ള ശക്തമായ നിയമ നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് പിൻതുണ ഉറപ്പാക്കേണ്ടതാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും റോഡിലേക്കും ഓടകളിലേക്കും മലിനജലം ഒഴുക്കിവിടുന്ന രീതി വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. മലിനജലം പരിമിതമായ ഗാർഹിക-സ്ഥാപന തലത്തിൽ സോക്പിറ്റ് നിർമ്മിച്ചും കൂടുതൽ ദ്രവമാലിന്യങ്ങൾ പുറം തള്ളപ്പെടുന്നയിടങ്ങളിൽ പുനഃചംക്രമണ സംവിധാനങ്ങൾ സ്ഥാപിച്ചും മലിന ജല ശുദ്ധീകരണവും പുനരുപയോഗവും സാധ്യമാക്കണം. ഇതിനുള്ള സാങ്കേതിക വിദ്യകൾ കേര?ത്തിനനുയോജ്യമായ രീതിയിൽ വികസിപ്പിക്കുകയും പ്രവർത്തിപരിപാലന രീതിയും മാനദണ്ഡങ്ങളും നിജപ്പെടുത്തി പ്രചരിപ്പിക്കുയും വേണം.

കേരളംപോലെ ശുചിത്വ മേഖലയിൽ പുരോഗമിച്ചിട്ടുള്ള ഒരു സംസ്ഥാനത്ത് പൊതു സ്ഥാപനങ്ങളിൽ കുട്ടികൾക്കും സ്ത്രീകൾക്കും വികലാംഗർക്കും സൗകര്യ പ്രദമായ രീതിയിൽ ഉപയോഗിക്കാനുള്ള ശുചിത്വ സംവിധാനങ്ങൾ നിർബന്ധമായും ഉണ്ടാകേണ്ടതുണ്ട്. പൊതു സ്ഥലങ്ങളിൽ വേണ്ടത്ര ശുചിത്വ സൗകര്യങ്ങളില്ലാത്ത സ്ഥിതി അത്യന്തം പ്രയാസകരമാണ്. നിരവധി രീതിയിൽ ഇതു വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജതിപ്പെടുത്തിയെങ്കിലും പോരായ്മകൾ വളരെയേറെയാണ്. പൊതു ശുചിത്വ സൗകര്യങ്ങളുടെ പരിപാലനമാണ് ഒരു പ്രധാന കടമ്പ. ഉപയോഗശേഷം സ്വയം വൃത്തിയാക്കുന്ന ആധുനിക കക്കൂസുകളും പണം നൽകി ഉപയോഗിക്കുന്ന കക്കൂസുകളും വ്യാപകമാക്കുന്നതിനും അവയുടെ പരിപാലന പരിശോധന സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഏറ്റവുമധികം ആശുപത്രികളുള്ള ഒരു സംസ്ഥാനമാണ് കേരളം. ആശുപത്രികളിൽ ഉത്പാദിപ്പിക്കപ്പെടുന്ന, കിടക്കയൊന്നിന് പ്രതിദിനം 2 കിലോഗ്രാം വരെയുള്ള മാലിന്യത്തിന്റെ 85 ശതമാനവും സാധാരണ മാലിന്യങ്ങളാണ്. ഇവ കൈകാര്യം ചെയ്യുന്നതിന് ആശുപത്രി തലത്തിലോ പ്രാദേശിക തലത്തിലോ വേണ്ട സംവിധാനമൊരുക്കുന്ന കാര്യത്തിൽ അടിയന്തിര പ്രാധാന്യം നൽകണം. അവശേഷിക്കുന്ന 15 ശതമാനം മാലിന്യം സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട രോഗം പരത്തുന്ന മാലിന്യങ്ങളും വിഷ മാലിന്യങ്ങളുമാണ്. ഇവ പൊതു സംസ്കരണ സംവിധാനത്തിലൂടെ കൈകാര്യം ചെയ്യാത്ത ആരോഗ്യ പരിപാലന സംവിധാനങ്ങൾക്കെതിരെ കർശന നടപടികൾ അനിവാര്യമാണ്.

'വൃത്തിയുള്ള കേരളം' എന്ന സങ്കല്പം പിൻതുടരുന്ന വികസന സങ്കല്പങ്ങൾക്കും കേരളത്തിന്റെ സംസ്കാരം പരിരക്ഷിക്കുന്നതിനും ഒഴിച്ചുകൂടാനാവാത്തതാണ്. കേരള സമൂഹത്തിന്റെ അടിസ്ഥാന അവകാശമായ ശുചിത്വം ഓരോ മനുഷ്യന്റേയും കടമയായി നിർവ്വചിക്കപ്പെടുകയും ഉത്തരവാദിത്വമായി ഏറ്റെടുക്കുകയും വേണം. അടിസ്ഥാന ശുചിത്വ സംവിധാനങ്ങൾ സാർവത്രികമാക്കുന്നതിൽ കേരളം രാജ്യത്തിനുമാതൃകയായെങ്കിൽ ശുചിത്വ മേഖലയിലെ ആധുനിക പ്രവണതകൾക്കും പ്രശ്നങ്ങൾക്കും സ്ഥായിയായ പരിഹാരം ഇനിയും നമുക്കു സ്വപ്നമാണ്. ഉയർന്ന ജനസാന്ദ്രതയും, നനഞ്ഞ കാലാവസ്ഥയും, സങ്കീർണ്ണ പരിസ്ഥിതി ഘടകങ്ങളുമുള്ള കേരളത്തിൽ സീറോവേസ്റ്റ് സങ്കല്പത്തിലൂടെ മാത്രമേ ആത്യന്തികമായി പ്രശ്നങ്ങൾ പരിഹരിക്കാനാകൂ എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഓരോ വ്യക്തിയുടേയും ഉത്തരവാദിത്വവും സമൂഹത്തിന്റെ സുസ്ഥിരതാവാഞ്ചയും വൻതോതിൽ ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഇത് സാധ്യമാകൂ. ഒരിക്കൽ സാധ്യമാക്കാനായാൽ അതൊരു ശീലമായും സംസ്കാരമായും മാറും എന്നതിനാൽ ഈ രീതി മുതൽ മുടക്കു കുറഞ്ഞതും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതും എന്നാൽ സങ്കീർണ്ണതയേറിയ ഈ മാർഗ്ഗം തിരഞ്ഞെടുക്കു

ന്നതിന് പ്രാദേശിക സർക്കാരുകളുടെ നിശ്ചയ ദാർഢ്യം അത്യന്താപേക്ഷിതമാണ്. ഇതിനായി സാമൂഹിക ശക്തിയും സമാഹരിക്കണം.

### 5.3 കേരളത്തിലെ പൊതുവിതരണം

ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ കേരളം കമ്മി സംസ്ഥാനമാണ്. കേരളത്തിലെ ജന ങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ 50 ശത മാനത്തിലധികവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇന്ത്യയിൽ ഏറ്റവുംമികച്ച പൊതുവിതരണസംവിധാനം കേര ളത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് ദരിദ്രജ നവിഭാഗങ്ങൾക്ക് പട്ടിണികൂടാതെ ജീവിക്കാനാ വുന്നതും പോഷകാഹാരനിലമെച്ചപ്പെടുത്താൻ കഴിയുന്നതും.

കേരളത്തിലെ പൊതുവിതരണ സംവിധാ നത്തിന് സ്വാതന്ത്ര്യപൂർവകാലം മുതലുള്ള ചരി ത്രമാണുള്ളത്. അത് സാക്ഷാത്ക്കരിച്ചതിനും നിലനിർത്തിയതിനും തുടരുന്നതിനും പിന്നിൽ ജനകീയ ഇടപെടലുകളുടെയും പോരാട്ടങ്ങളു ടെയും നീണ്ടചരിത്രമുണ്ട്.

1942-43 ലെ ഭക്ഷ്യപ്രതിസന്ധിയെ തുടർന്ന് രണ്ടാം ലോകമഹായുദ്ധകാലത്താണ് കേരള ത്തിൽ ആദ്യമായി പൊതുവിതരണ സംവിധാനം സ്ഥാപിക്കപ്പെട്ടത്. 1942 ലെ ഭക്ഷ്യപ്രതിസന്ധിയെ തുടർന്ന് മലബാറിലും തിരുവിതാംകൂറിലും വ്യാപ കമായി പട്ടിണി പടർന്നുപിടിച്ചു. ചിലേടങ്ങളിൽ പട്ടിണിമരണങ്ങളും ഉണ്ടായി. ഇതേതുടർന്ന് കമ്മ്യൂണിസ്റ്റുപാർട്ടിയുടെയും കർഷകപ്രസ്ഥാന ത്തിന്റെയും തൊഴിലാളിയൂണിയനുകളുടെയും മറ്റും നേതൃത്വത്തിൽ ജന്മിമാരിൽ നിന്നും ധാന്യ ങ്ങൾ നിർബന്ധപൂർവം പിടിച്ചെടുത്ത് ന്യായവി ലഷോപ്പുകളിലൂടെ വിതരണം ചെയ്യണമെന്നാ വശ്യപ്പെട്ട് പ്രക്ഷോഭം ഉയർന്നു. പ്രാദേശികാടി സ്ഥാനത്തിൽ ജനകീയ ഭക്ഷ്യകമ്മികൾ രൂപീക രിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ബ്രിട്ടീഷ് ഗവൺമെന്റ് റേഷൻകടകൾക്ക് രൂപം നൽകിയ ത്. ഇവ പിന്നീട് ഉൽപാദക-ഉപഭോക്തൃ സഹക രണസംഘങ്ങളായി രൂപാന്തരപ്പെട്ടു. തിരുവിതാം കൂറിൽ കയർതൊഴിലാളിയൂണിയനും കർഷക ത്തൊഴിലാളിയൂണിയനും ഭക്ഷ്യസമരത്തിൽ നിർണായകമായ പങ്ക് വഹിച്ചിരിക്കുന്നു. ഈ സമ രങ്ങളെ തുടർന്നാണ് മലബാറിൽ എന്നപോലെ തിരുവിതാംകൂറിലും കൊച്ചിയിലും സർക്കാർ നിയന്ത്രണത്തിലുള്ള റേഷൻ സംവിധാനം നില വിൽ വന്നത്. യുദ്ധാനന്തരം, സ്വാതന്ത്ര്യല ബ്ധിയെ തുടർന്ന് അധികാരത്തിലെത്തിയ കോൺഗ്രസ് സർക്കാർ മദിരാശി പ്രവിശ്യയിലെ ഇതരഭാഗങ്ങളിൽ പൊതുവിതരണസമ്പ്രദായം നിർത്തലാക്കിയപ്പോഴും ജനകീയ പ്രക്ഷോഭ ത്തിന്റെ ഫലമായി മലബാറിൽ അത് നിർത്തലാ ക്കാൻ സർക്കാരിന് കഴിഞ്ഞില്ല.

1957 നുശേഷമാണ് കേരളത്തിൽ സുശ ക്തവും സുസംഘടിതവുമായ പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നത്. ഒന്നാം കമ്യൂ ണിസ്റ്റു മന്ത്രിസഭയുടെ സുപ്രധാന ഇടപെടലു കളിൽ ഒന്നായിരുന്നു ഇത്. ഭക്ഷ്യവിതരണം കാര്യ ക്ഷമമായി നടപ്പിലാക്കുന്നതിന് പ്രാദേശികമായി ജനകീയ കമ്മറ്റികൾക്കും അന്ന് രൂപം നൽകി. 1964-ൽ കേരളത്തിൽ രൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടായപ്പോൾ ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങ ളുടെ ലഭ്യത ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രക്ഷോഭം ഉയർന്നു. പാർല മെന്റിലും എ.കെ.ജി യുടെ നേതൃത്വത്തിൽ കേര ളത്തിലെ ജനങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്ക പ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് 1964 ഒക്ടോ ബർ 26 ന് ചേർന്ന സംസ്ഥാനമുഖ്യമന്ത്രിമാരുടെ യോഗം നവംബർ ഒന്ന് മുതൽ കേരളത്തിൽ സാർവത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിനാവശ്യമായ ഭക്ഷ്യധാന്യ ങ്ങൾ കേരളത്തിന് കേന്ദ്ര സർക്കാർ എത്തിച്ചുതരുവാനും ആ യോഗത്തിൽ തീരുമാ നമെടുത്തു.

സംസ്ഥാനപൊതുവിതരണവകുപ്പിലെ ഭര ണപരമായ ചുമതലയിൽ ലൈസൻസുള്ള റേഷൻകടകളുടെ ഒരു ശൃംഖലയിലൂടെയാണ് തുടക്കത്തിൽ പൊതുവിതരണസംവിധാനം നട പ്പിലാക്കിയത്. അരി, ഗോതമ്പ്, പഞ്ചസാര, ഭക്ഷ്യ എണ്ണ, മണ്ണെണ്ണ എന്നിവയാണ് ഈ സംവിധാന ത്തിലൂടെ പ്രധാനമായും വിതരണം ചെയ്യുന്നത്. കേന്ദ്രവിഹിതത്തെയാണ് സംസ്ഥാനം ഇതിനായി ആശ്രയിക്കുന്നത്. സാർവത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം. ദരിദ്രരും താഴ്ന്ന ഇടത്തരക്കാരുമാണ് ഈ സംവിധാനത്തിന്റെ ഗുണഭോക്താക്കൾ എന്ന്

വിവിധ പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ ജനങ്ങൾക്ക് പോഷക പിന്തുണ ലഭ്യമാക്കിയിരുന്ന കേരളത്തിലെ സമ ഗ്രമായ ഭക്ഷ്യസബ്സിഡി സമ്പ്രദായം കേന്ദ്ര സർക്കാർ 1990കളിൽ ടാർജറ്റ്സ് പിഡിഎസ് നട പ്പിലാക്കിയതോടെ അട്ടിമറിക്കപ്പെട്ടു. മഹാഭൂരി പക്ഷം പേരും പൊതുവിതരണ സംവിധാന ത്തിന്റെ പരിധിയിൽ നിന്നും ഇതോടെ പുറത്താ ക്കപ്പെട്ടു. താഴ്ന്ന ഇടത്തരക്കാർക്ക് ലഭിച്ചിരുന്ന റേഷൻ ധാന്യങ്ങളുടെ വില ഉയർത്തുകയും പൊതുവിൽ ഗുണ നിലവാരം കുറയുകയും ചെയ്തതോടെ മാതൃകപരമായി പ്രവർത്തിച്ചി രുന്ന ഈ സംവിധാനം ദുർബലമായി. ഇപ്പോൾ സംസ്ഥാന സർക്കാർ, കേന്ദ്രത്തിന്റെ ബിപിഎൽ മാനദണ്ഡത്തിൽപ്പെടാത്ത വലിയൊരു വിഭാഗം ജനങ്ങൾക്ക് ക്കുടി (ഏകദേശം 40 ലക്ഷം കുടും ബങ്ങൾക്ക്) കിലോയ്ക്ക് 2 രൂപ ക്രമത്തിൽ റേഷൻ കടകളിലൂടെ അരിയും ഗോതമ്പും വിത രണം ചെയ്തുതുടങ്ങിയതോടെ ഈ സംവി ധാനം വീണ്ടും സജീവമായിരിക്കുന്നു. കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം 113 ലക്ഷത്തോളം കുടുംബങ്ങൾ മാത്രമേ ബിപിഎൽ വിഭാഗക്കാ രായി കേരളത്തിൽ ഉള്ളൂ. അവർക്ക് മാത്രമേ കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്ന ള്ളൂ. മൈദ, റവ, ആട്ട തുടങ്ങിയ ഗോതമ്പ് ഉൽപ ന്നങ്ങളും ഇപ്പോൾ റേഷൻ കടകളിലൂടെ വിത രണം ചെയ്യുന്നു.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആദികൃത്തിൽ 1980 മുതൽ പ്രവർത്തനം ആരംഭിച്ച മാവേലിസ്റ്റോറുകളാണ് കേരളത്തിലെ പൊതുവിതരണ സംവിധാന ത്തിന്റെ മറ്റൊരുതലം. കോർപ്പറേഷൻ പൊതുവി പണിയിൽ നിന്ന് അരിയും പയർ വർഗങ്ങളും പലവ്യഞ്ജനങ്ങളും ഉൾപ്പെടെ എല്ലാനിത്യോപ യോഗസാധനങ്ങളും വിപണിയിൽ നിന്ന് സ്വത ന്ത്രമായി സംഭരിച്ച് മാവേലിസ്റ്റോറുകളിലൂടെയും സൂപ്പർമാർക്കറ്റുകളിലൂടെയും വിതരണം ചെയ്യു ന്നു.തുടക്കത്തിൽ ജില്ലാകേന്ദ്രങ്ങളിൽ മാത്രമായി ആരംഭിച്ച മാവേലിസ്റ്റോറുകൾ ഇന്ന് സംസ്ഥാന ത്തിന്റെ ഗ്രാമാന്തരങ്ങളിൽവരെ പ്രവർത്തിക്കുന്ന വലിയൊരു വിപണന ശൃംഖലയായി വളർന്നി രിക്കുന്നു. സ്ഥിരം സ്റ്റോറുകൾക്കുപുറമെ ഓണം, ബക്രീദ്, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവ വേളകളിൽ പ്രത്യേകചന്തകളിലൂടെ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന മാവേലിസ്റ്റോറുകൾ നിത്യോപയോഗ സാധനവിപണിയിലെ സർക്കാർ ഇടപെടലിന്റെ മികച്ച മാതൃകയായി മാറിയിരിക്കുന്നു.

കേരളത്തിലെ പൊതുവിതരണ സംവിധാ നത്തിന്റെ മൂന്നാമത്തെ തലം സഹകരണമേഖല യുമായി ബന്ധപ്പെട്ടതാണ്. കൺസ്യൂമർ ഫെഡ റേഷന്റെ ത്രിവേണിസ്റ്റോറുകളുടെയും നീതിസ്റ്റോ റുകളുടെയും വിപുലമായ ഒരു ശൃംഖല ഇന്ന് കേരളത്തിൽ ഫലപ്രദമായി പ്രവർത്തനം നടത്തു ന്നു. 1990കൾ വരെ മൂന്ന് പ്രധാനനഗരങ്ങളിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകളിൽ പ്രവർത്തനം പരിമിതപ്പെട്ടിരുന്ന കൺസ്യൂമർഫെ ഡറേഷനെ 1996ന് ശേഷമാണ് നിരവധിബ്രാഞ്ചു കളായി പ്രവർത്തിക്കുന്ന, പൊതുവിതരണ സംവി ധാനത്തിന്റെ മറ്റൊരു കൈവഴിയായിമാറ്റിയത്. ഒപ്പം സർവീസ് സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന നീതിസ്റ്റോറു കളുടെ ഒരു ശൃംഖലയും കെട്ടിപ്പടുക്കപ്പെട്ടിരിക്കു ന്നു. 2001ലെ ഭരണമാറ്റത്തോടെ കേരളത്തിലെ പൊതുവിതരണ രംഗത്തെയാകെ ബാധിച്ച നിഷ്ക്രിയത്വം ഈ മേഖലയെയും പിടികൂടിയി രുന്നു. ആ നിർജീവാവസ്ഥയ്ക്ക് മാറ്റം വന്നത് 2006നു ശേഷമാണ്. ഉത്സവകാല ചന്തകൾക്കുപു റമെ വിലക്കയറ്റ വിരുദ്ധചന്തകൾ അടക്കം നടത്തി ഈ സംവിധാനം ഇന്ന് പൊതുവിതരണ രംഗത്ത് ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ഒന്നായി ഉയർന്നിരിക്കുന്നു. ഉത്സവകാലങ്ങളിൽ സർക്കാർ നൽകുന്ന സബ്സിഡിക്കു പുറമെ സഹകരണ പ്രസ്ഥാനവും കൺസ്യൂമർ ഫെഡറേഷനും കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ എല്ലാം ലഭ്യമാക്കുന്നതിനുള്ള ബാദ്ധ്യത ഏറ്റെടുത്ത് പ്രവർത്തിക്കുകയുമാണിപ്പോൾ. സഹകരണ പ്രസ്ഥാനത്തിന്റെ മൂലധനവും പശ്ചാത്തല സൗക ര്യങ്ങളും ഉപയോഗിച്ചു നടപ്പിലാക്കുന്ന ഈ സംവിധാനം സംസ്ഥാന ഖജനാവിനെ സംബ ന്ധിച്ചിടത്തോളവും വലിയൊരു ആശ്വാസമാണ്.

പൊതുവിതരണരംഗത്തിന് ഇടതു പക്ഷജനാധിപത്യ മുന്നണി സർക്കാർ നൽകിയ പ്രാധാന്യം ബജറ്റ് കണക്കുകളിൽ നിന്നു വ്യക്ത

മാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആകെ 153 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപറേഷന് അനുവദിച്ചത്. ഇപ്പോൾ ഇതിനകം തന്നെ 322 കോടി രൂപ നൽകിക്കഴിഞ്ഞു. റേഷൻ സബ്സിഡിയ്ക്കു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ ചെലവഴിച്ചത് 59 കോടി രൂപയാണ്. ഈ സർക്കാർ ഇതിനകം 700 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. കൺസ്യൂമർ ഫെഡിന് ഇതാദ്യമായിട്ടാണ് പൊതുവിതരണത്തിനായി പണം അനുവദിക്കുന്നത്.

പൊതുവിതരണരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്തുകൊണ്ട് മാത്രമാണ് ഉപഭോക്ത സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗസാധനങ്ങളുടെ ലഭ്യത എല്ലാ വിഭാഗം ജനങ്ങൾക്കും ഉറപ്പാക്കാനും വിലക്കയറ്റത്തിന്റെ ആഘാതത്തിൽ നിന്നും സാധാരണ ജനങ്ങളെ രക്ഷിക്കാനും കഴിയൂ. ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനൊപ്പം തന്നെ, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതുണ്ട്. കേരളത്തിൽ വിപുലമായ സഹകരണ പ്രസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങളും മൂലധനവും ഇതിനായി പൂർണ്ണമായി വിനിയോഗിക്കപ്പെടേണ്ടതാണ്. മാവേലി സ്റ്റോറുകൾക്കും റേഷൻ ഷോപ്പുകൾക്കും ഒപ്പം സമാന്തരമായി തന്നെ സഹകരണ മേഖലയെയും പൊതുവിതരണത്തിന്റെ വാഹകരായി വളർത്തിക്കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഈ മേഖലയുടെ മൂലധന സമാഹരണത്തിന് പ്രാദേശിക സർക്കാരുകളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും സഹകരണവും സാധ്യതയും ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്. ഈ മൂന്ന് കൈവഴികളിലൂടെയും പൊതുവിതരണത്തിനായുള്ള ഏറ്റവും പിന്നണിയിലുള്ള ഗ്രാമാന്തരങ്ങളിൽ വരെ എത്തുന്ന അതിവിപുലമായ ഒരു ശൃംഖല കെട്ടിപ്പടുക്കുന്നത് ചില്ലറ വിപണന രംഗത്തെ കുത്തകകളുടെ കടന്നുകയറ്റത്തെ ചെറുക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ഫലപ്രദമായ നടപടിയാണ്; ഇത് നവലിബറൽ നയങ്ങൾക്കെതിരായ ജനകീയ ബദലുമാണ്.

കേരളത്തിലെ പൊതുവിതരണം രൂപപ്പെട്ടതും വളർന്നു വികസിച്ചതും ജനകീയ ഇടപെടലുകളിലൂടെയും ജനകീയ പ്രക്ഷോഭങ്ങളിലൂടെയുമാണ്. ഇത് നിലനിർത്താനും ശക്തിപ്പെടുത്താനും ജനകീയ പ്രക്ഷോഭവും ഇടപെടലുകളും ശക്തമാക്കേണ്ടതും അനിവാര്യമാണ്. ടാർജറ്റിടലുകളും സമ്പ്രദായം നിർത്തലാക്കാനും കേരളത്തിലെ സാർവത്രിക റേഷൻ സംവിധാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുമെന്ന കേന്ദ്രസർക്കാരിന്റെ വാഗ്ദാനം പാലിക്കപ്പെടുന്നതിനുള്ള പ്രക്ഷോഭം ശക്തിപ്പെടുത്തേണ്ടതും പൊതുവിതരണ സംവിധാനത്തെ നിലനിർത്താനും വിപുലപ്പെടുത്താനും ആവശ്യമായിരിക്കുന്നു.

### 5.4 സ്പോർട്സ്

"എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം ". ഈ മുദ്രാവാക്യം കഴിഞ്ഞ പഠന കോൺഗ്രസ്സിന്റെ സംഭാവനയാണ്. ഇതിനെ മുൻനിർത്തി തനത് പ്രവർത്തനങ്ങൾ കണ്ടെത്തുകയും, സാമൂഹ്യ ആരോഗ്യം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ് എന്നത് പഠന കോൺഗ്രസ്സ് നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു.

അന്തരാഷ്ട്ര പഠന കോൺഗ്രസ്സിലൂടെ കായിക രംഗത്തിന്റെ ദ്രുതഗതിയിലുള്ള പുരോഗതിക്കായി ചർച്ച ചെയ്ത് തയ്യാറാക്കിയ രൂപരേഖ സംസ്ഥാന ഗവൺമെന്റ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുയാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി കായികരംഗത്ത് നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ പൊതുവിൽ പഠന കോൺഗ്രസ്സിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളായിരുന്നു.

മതിയായ കളിസ്ഥലങ്ങൾ ഇല്ലാതെ വരുന്നതും ആധുനിക സൗകര്യങ്ങളുടെ അപര്യാപ്തതയും, കായികരംഗത്തിന്റെ വികാസത്തിന് വിഘാതമായി നിലക്കുന്ന ഘടകങ്ങളാണ്. ഈ മേഖലയിലെ ബോധപൂർവ്വമായ ഇടപെടലുകൾ സ്ഥിതിയ്ക്ക് മാറ്റം വരുത്തി. പഞ്ചായത്തുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനായി ധനസഹായം നൽകുന്നതിന് പ്രത്യേകമായി തുക വകയിരുത്തുകയും ഈ ഇനത്തിൽ 11 കോടിയോളം രൂപ വിതരണം ചെയ്യുകയും ചെയ്തു.

നാഷണൽ ഗെയിംസ് കേരളത്തിൽ നടക്കാൻ പോകുകയാണല്ലോ. നാഷണൽ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതിനുള്ള ശ്രമങ്ങൾക്ക് പിന്നിൽ അടിസ്ഥാന സൗകര്യ വികസനം എന്ന ബൃഹത്തായ ലക്ഷ്യം ഉണ്ട്. ആയതിനാലാണ് ചരിത്രത്തിൽ ആദ്യമായി നാഷണൽ ഗെയിംസ് ഒരു സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി നടത്തുന്നത്. ഇതിനായി 400 കോടി രൂപയുടം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്റ്റേഡിയങ്ങളാണ് നമ്മുടെ ഭാവി താരങ്ങൾക്കായി ഉയർന്ന് വരുന്നത്.

1. കായികക്ഷമതാ പദ്ധതി: കേരളത്തിലെ ജന തയുടെ ആകെ കായികക്ഷമത വർദ്ധിപ്പി ക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി രൂപകൽപന ചെയ്തി രിക്കുന്നത്. ഈ പരിപാടി ഇപ്പോൾ പൂർണ്ണ മായും സ്കൂൾ കുട്ടികളെ ലക്ഷ്യമാക്കി യാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ഫല പ്രാപ്തി തുടർന്നുള്ള നാളുകളിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതി ആരാധ്യയായ രാഷ്ട്രപതി പ്രതി ഭാപട്ടീൽ 1.11.2007 ൽ തിരുവനന്തപുരത്ത് ഉൽഘാടനം ചെയ്തു.
2. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതികൾ: മറ്റു സംസ്ഥാനങ്ങൾക്ക് ആകെ മാതൃകയാ കുന്ന തരത്തിൽ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മുന്നേറ്റത്തിന് തുടക്കം കുറിക്കയാണ് കേരള സംസ്ഥാനം. ഇതിലൂടെ ലക്ഷ്യമി ടുന്നത് കേരളത്തിലെ മുഴുവൻ കുട്ടിക ളെയും കായികരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിപ്പിക്കുക എന്നതാണ്. ഇതിലൂടെ കായിക രംഗത്ത് ഭാവിയുള്ള പ്രതിഭകളെ ചെറുപ്പത്തിലെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിൽ എത്താൻ സഹാ യിക്കുന്നു. അതോടൊപ്പം വളർന്നുവരുന്ന തലമുറയുടെ ആരോഗ്യസ്ഥിതിയെ മെച്ച പ്പെടുത്തും.
3. വിഷൻ ഇന്ത്യ പദ്ധതി: ലോകത്ത് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന ഒരു ഗെയി മാണ് ഫുട്ബോൾ. കേരളവും ഫുട്ബോൾ രംഗത്ത് വളരെയധികം പ്രഗത്ഭന്മാരെ സംഭാവന ചെയ്ത സംസ്ഥാനമാണ്. അതുകൊണ്ടു തന്നെ കേരളത്തിലെ ഫുട്ബോളിനെ ലോക നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേ ഷന്റെ നിർദ്ദേശാനുസരണം കേരളത്തിലെ സ്കൂളുകളിൽ 5-ാം ക്ലാസ് മുതൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പദ്ധതിയാണിത്.

കായികരംഗത്തെ കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് 2020 മുന്നിൽ കണ്ട് കൊണ്ട് ഒരു ദീർഘകാല പദ്ധതി ആവിഷ്കരിക്കുന്നതായിരിക്കും ഉചിതം. അതിന് സ്പോർട്സ് മേഖലയെ മൂന്നായി തരം തിരിക്കാം. ഒന്നാമത്തേത് വിദ്യാഭ്യാസ മേഖലയും, രണ്ടാമത്തേത് സ്പോർട് അസോസിയേഷനുകളേയും മൂന്നാമത്തേതായി കേരള സ്പോർട് കൗൺസിലിനേയും കണ്ടു കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ഗുണകരമായി മുന്നേറാൻ കഴിയും.

**വിദ്യാഭ്യാസമേഖല**

1. കേരളത്തിലെ കായികരംഗത്തെ വികസന ത്തിന് ഏറ്റവും അധിക പ്രാധാന്യം നൽകേ ണ്ടത് വിദ്യാഭ്യാസ മേഖലയ്ക്കാണ് പ്രത്യേ കിച്ചു സ്കൂൾ കായിക രംഗത്ത്. ചെറുപ്പ ത്തിലെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കേ ണ്ടത് സ്കൂൾ മേഖലയിൽ നിന്നാണ്. അതിന് അനുഗുണമായ പദ്ധതികൾ ആവി ഷ്കരിക്കണം.
2. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.
3. സ്കൂൾ കായിക രംഗത്തുള്ള കുരുന്ന് പ്രതി ഭകളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി അവർക്ക് പരിശീലനം നൽകണം.
4. എല്ലാ ജില്ലകളിലും കായിക പരിശീല നത്തിന് നല്ല സൗകര്യം ഉണ്ടാകണം.
5. നിലവിലുള്ള സ്പോർട്സ് സ്കൂൾ, ജില്ലാ സ്പോർട്സ് സ്കൂളുകളിൽ നിന്നും കണ്ടെ

ത്തുന്ന പ്രതിഭകളെ പരിശീലിപ്പിക്കാനുള്ള സംസ്ഥാന പരിശീലന കേന്ദ്രമാകണം.

6. സ്കൂൾ കുട്ടികളെ ഈ രംഗത്ത് ആകർഷിക്കുന്നതിന് ജനറൽ സ്കൂളിനും സ്പോർട്സ് സ്കൂളിനും പ്രത്യേകം മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് ഗ്രേയ്സ് മാർക്, പ്രൈസ് മണി, ക്യാഷ് അവാർഡ് എന്നിവ കാലോചിതമായി പരിഷ്കരിച്ചു നൽകുകയും ചെയ്യണം.
7. പ്രതിഭകളെ പരിശീലിപ്പിക്കുന്ന കായിക അധ്യാപകർക്ക് മെച്ചപ്പെട്ട കോച്ചിംഗ് പരിശീലനം നൽകുകയും അവർക്ക് ഉയർന്ന ശമ്പളവും, ക്യാഷ് അവാർഡ് എന്നിവ എർപ്പെടുത്തുകയും ചെയ്യുക.
8. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പോകുന്ന കായിക പ്രതിഭകൾക്ക് തുടർപരിശീലനപദ്ധതി ആവിഷ്കരിക്കുക. കോളേജ് തലത്തിലും യൂണിവേഴ്സിറ്റികളുടെ കീഴിലും ഉയർന്ന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

സ്പോർട്സ് അസോസിയേഷനുകൾ

1. എല്ലാ അസോസിയേഷനും പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുക.
2. ജില്ലാ, സംസ്ഥാന മത്സരങ്ങൾ ചിട്ടയോടും കാര്യക്ഷമതയോടും കൂടി നടത്തുകയും, അവിടെവച്ചു തന്നെ വിജയികൾക്ക് സർട്ടിഫിക്കറ്റും മെഡലും നൽകുകയും ചെയ്യുക.
3. അർഹതമാത്രം മാനദണ്ഡമാക്കി ദേശീയ മത്സരത്തിനുള്ള സംസ്ഥാന ടീമിനെ തെരഞ്ഞെടുക്കുക.
4. അസോസിയേഷന്റെ ദൈനംദിന പ്രവർത്തനം കായിക വളർച്ചയ്ക്ക് ഗുണകരമാക്കുകയും അതിന് ആവശ്യമായ ഫണ്ട് കൗൺസിൽ വഴി നൽകുകയും അതിന്റെ വിനിയോഗം സുതാര്യമാക്കുകയും ചെയ്യുക.
5. അസോസിയേഷൻ ഭാരവാഹികളുടെ ഏത് കായിക പ്രവർത്തനവും കൗൺസിലിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കണം.

**കേരള സ്പോർട്സ് കൗൺസിൽ**

കേരളത്തിലെ കായിക വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്നത് കേരള സ്പോർട്സ് കൗൺസിലാണ്. കൗൺസിലിന്റെ മുഖ്യമായ കടമ വിവിധ മേഖലകളിൽ നിന്നും കണ്ടെത്തുന്ന കായിക പ്രതിഭകളെ അന്തർദേശീയ കായികതാരങ്ങൾ ആക്കി മാറ്റിയെടുക്കുക എന്നതായിരിക്കണം. അതിന് ഗുണകരമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയായിരിക്കണം കൗൺസിലിന്റെ ലക്ഷ്യം.

ഇപ്പോൾ കൗൺസിലിന്റെ കീഴിൽ പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, ഡേ ബോർഡിംഗ് സ്കീം ഇവയെല്ലാം പരിശീലന പദ്ധതികളാണ്. കൂടാതെ സ്റ്റേഡിയം നിർമ്മാണം, ആവശ്യത്തിന് പരിശീലകരെ നിയമിക്കൽ, പരിശീലകർക്ക് പരിശീലനം, കായിക പ്രതിഭകളെ ആദരിക്കൽ, മിടുക്കന്മാരായ പരിശീലകരെ പ്രോത്സാഹിപ്പിക്കുക ഇവയാണ്. ഇതിൽ പരിശീലന പദ്ധതികൾ താഴെ തട്ടിനു നൽകി കൊണ്ട് അന്തർദേശീയ താരങ്ങളെ വാർത്തെടുക്കുക ഒരു 'സെന്റർ ഓഫ് എക്സലൻസ്' ആവിഷ്കരിച്ചു നടപ്പാക്കുകയാണ് കൗൺസിലിന്റെ പരമപ്രധാനമായ കടമ.

സെന്റർ ഓഫ് എക്സലൻസ്: അതിമിടുക്കരായ കായിക പ്രതിഭകളെ മാത്രം ഇവിടെ പ്രവേശിപ്പിക്കുക. ഒരു അന്തർദേശീയ കായിക താരത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും പ്രസ്തുത സെന്ററിൽ ഉണ്ടായിരിക്കണം. അവിടെ ആവശ്യമെങ്കിൽ പ്രഗത്ഭരായ വിദേശ പരിശീലകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇവിടെയുള്ള കായികതാരങ്ങൾക്ക് വിദേശത്ത് പോയി പരിശീലനം ആവശ്യമെങ്കിൽ അതും ഈ സെന്റർ വഴി നടപ്പാക്കാവുന്നതാണ്. അങ്ങനെ 2020 വരെയുള്ള അന്തർദേശീയ മത്സരങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഒരു ദീർഘമായ പരിശീലന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി അന്തർദേശീയ കായിക രംഗത്ത് ഇന്ത്യയുടെ കൊടി പാറിക്കുന്നതിന് കേരളത്തിന്റെ ആധിപത്യം ഊട്ടി ഉറ

പ്പിക്കാനുള്ള ഉത്തരവാദിത്വം കേരള സ്പോർട്സ് കൗൺസിൽ ഏറ്റെടുക്കണം. അതായിരിക്കട്ടെ കേരള സ്പോർട്സ് കൗൺസിലിന്റെ മുഖ്യ ചുമതല.

പരിശീലകരുടെ പരിശീലനം: ശാസ്ത്രീയമായ പുതിയ അറിവുകൾ സ്വായത്തമാക്കുന്നതിനായുള്ള അവസരങ്ങൾ നമ്മുടെ പരിശീലകർക്കില്ല. ഇതിനായുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ കായികവിദ്യാഭ്യാസ കോഴ്സുകൾ വിവിധ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇവയ്ക്ക് ഒരു ഏകീകൃത സ്വഭാവം നിലവിലില്ല. ഇത് പരിഹരിക്കപ്പെടേണ്ടതുണ്ട്.

സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങളിൽ നൈപുണ്യം പ്രകടിപ്പിക്കുന്ന ഭാവി താരങ്ങൾക്കായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾക്ക് മാത്രമേ അന്താരാഷ്ട്ര വിജയികളെ സമ്മാനിക്കാനാകൂ എന്നതിന് ഉദാഹരണങ്ങൽ എറെയുണ്ട്. ഈ മാതൃകയിൽ അത്ലറ്റിക്സ കേന്ദ്രം ഉടൻതന്നെ ആരംഭിക്കും. മറ്റ് കായിക ഇനങ്ങൾക്കും ഇന്നും വിദഗ്ധ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതായുണ്ട്.

സംസ്ഥാനത്തിനകത്തും, പുറത്തും വിവിധ തലത്തിലുള്ള മൽസരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇവയിൽ പങ്കെടുക്കുന്നവർക്കായി ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. എന്നാൽ ഇത്തരം മൽസരങ്ങളിൽ വിജയികൾക്കായി പ്രോമീസിംഗ് അത്ലറ്റിക്സ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതായുണ്ട്.

സംസ്ഥാനത്ത് വിവിധ അന്താരാഷ്ട്ര മൽസരങ്ങൾക്ക് പങ്കെടുക്കുന്നതിനായി ധന സഹായം അഭ്യർത്ഥിച്ചുള്ള വാർത്തകൾ സ്ഥിരം കാഴ്ചയാണ്. ഇത്തരത്തിലുള്ള കായിക താരങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാരിന് പരിമിതികൾ ഏറെയുണ്ട്. എന്നാൽ ഇവരെ സഹായിക്കുന്നതിനായി സംസ്ഥാന അടിസ്ഥാനത്തിൽ ഒരു സ്പോർൺസർഷിപ്പ് സെൽ ആരംഭിക്കേണ്ടതുണ്ട്.

ഓരോ ജില്ലയിലും 400 മീറ്റർ ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ എന്നിവയോടുകൂടിയ ജില്ലാ സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് ഇത് പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായുണ്ട്.

### 5.5 വിദ്യാഭ്യാസം

ആധുനിക വിദ്യാഭ്യാസം കേരളത്തിൽ വളർന്നുവന്നത് ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ജാതി നാടുവാഴിത്തവിലക്കുകൾ ലംഘിച്ചുകൊണ്ട് ഒരു പൊതുവിദ്യാഭ്യാസ പദ്ധതി വളർന്നുവന്നു. കൊളോണിയലിസം ആധുനിക വിദ്യാഭ്യാസത്തെ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്ന മധ്യവർഗ്ഗ സൃഷ്ടിക്കായി വിനിയോഗിച്ചപ്പോൾ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളും ഒന്നു ചേർന്നു വിദ്യാഭ്യാസത്തെ സാധാരണ ജനങ്ങളിലേക്കും ദരിദ്രരിലേയ്ക്കും വ്യാപിപ്പിച്ചു. അങ്ങനെ വിദ്യാഭ്യാസം മോചനത്തിനുള്ളപാതയായി. ഭൂപരിഷ്കരണത്തിനു ശേഷം തൊഴിലാളികളും കർഷകത്തൊഴിലാളികളും അധസ്ഥിതരും പുറന്തള്ളപ്പെട്ടവരും വിദ്യാഭ്യാസ രംഗത്തേക്ക് വൻതോതിൽ കടന്നുവന്നു. എൺപതുകളോടെ ഹൈസ്കൂൾതലം വരെ വിദ്യാഭ്യാസം സാർവ്വത്രികമായി. വിദ്യാലയങ്ങളുടെ എണ്ണവും പ്രവേശനതോതും വർദ്ധിച്ചു.

ജനാധിപത്യ മതനിരപേക്ഷ കേരളത്തെ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം നിർണായകമായപങ്കാണു വഹിച്ചത്. എന്നാൽ ജനപക്ഷ വികസനത്തിനായുള്ള വിദ്യാഭ്യാസം എല്ലാകാലത്തും വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് മുന്നേറിയതെന്നും നാം ഓർക്കണം. കേരളീയ വിദ്യാഭ്യാസത്തിന്റെ ദിശ നിർണ്ണയിക്കുന്നതിലും പ്രവർത്തന പരിപാടികൾ രൂപപ്പെടുത്തുന്നതിലും നവോത്ഥാന പുരോഗമന പ്രസ്ഥാനങ്ങളും അക്കാദമിക സമൂഹവും കൈകോർത്തുകൊണ്ടാണു പ്രവർത്തിച്ചു പോന്നിട്ടുള്ളത്. ഇതിന്റെ ഗുണഫലങ്ങൾ നമ്മുടെ അനുഭവമാണ്. വിദ്യാഭ്യാസ രംഗത്ത് നാം നേടിയ നേട്ടങ്ങൾ വിലയിരുത്തുന്നതോടൊപ്പം താഴെ കൊടുത്ത

നിരീക്ഷണങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ട തുണ്ട്.

2005-ലെ രണ്ടാം കേരളപഠന കോൺഗ്രസിനു ശേഷം പല പരിഷ്കാരങ്ങളും -വിദ്യാഭ്യാസ അവകാശ നിയമം, രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ, ഉന്നത വിദ്യാഭ്യാസ രംഗത്തെ വിവിധ പരിഷ്കാരങ്ങൾ/നയസമീപനങ്ങൾ മുതലായവ – കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും രംഗങ്ങളിലും അത് പലതരത്തിലുള്ള പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നു. അവയെ കണക്കിലെടുത്തും അവയോട് പ്രതികരിച്ചും കൊണ്ടല്ലാതെ ഇനി സംസ്ഥാനത്ത് ഒരു വിദ്യാഭ്യാസ പ്രവർത്തനവും നടത്താനാവാത്ത സ്ഥിതി സംജാതമായിട്ടുണ്ട്.

രണ്ടാം പഠന കോൺഗ്രസ്സിൽ സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

1. വിദ്യാഭ്യാസ മേഖലയിലെ വൈവിധ്യവത്കരണത്തിനും ഗുണമേന്മയ്ക്കും അടിയന്തിര പ്രാധാന്യം നൽകണം.
2. പ്രീപ്രൈമറിവിദ്യാഭ്യാസം ശാസ്ത്രീയമായ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ സാർവ്വത്രികമാക്കണം
3. കുട്ടികളുടെ അവകാശങ്ങൾക്കു പ്രാധാന്യം നൽകണം.
4. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. (പാഠ്യപദ്ധതി പരിഷ്കരണം, പഠനരീതി മെച്ചപ്പെടുത്തൽ, അധ്യാപകശാക്തീകരണം, വിലയിരുത്തൽ രീതി ശാസ്ത്രീയമാക്കൽ, പ്രാദേശിക സമൂഹ പങ്കാളിത്തം..)

ഉന്നത വിദ്യാഭ്യാസ രംഗത്ത് താഴെക്കൊടുക്കുന്ന പോരായ്മകളാണ് അന്ന് ചൂണ്ടിക്കാണിച്ചത്.

1. പൊതുവിലുള്ള വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച
2. തൊഴിൽ സാധ്യതയുമായി ബന്ധമില്ലാത്ത പാഠ്യപദ്ധതി
3. അക്കാദമിക ആവശ്യങ്ങൾക്ക് ഉതകാത്ത സർവകലാശാലാ ഭരണ സമ്പ്രദായം
4. ഭൂരിപക്ഷം വിദ്യാർത്ഥികൾ പഠിക്കുന്ന ആർട്സ് ആന്റ് സയൻസ് മേഖല നേരിടുന്ന അവഗണന.
5. ന്യൂനപക്ഷം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൊഫഷണൽ മേഖലയ്ക്കു നൽകുന്ന അമിതപ്രാധാന്യം.

പോരായ്മകൾ പരിഹരിക്കുന്നതിന് താഴെ കൊടുക്കുന്ന പരിഹാരങ്ങളാണ് നിർദ്ദേശിക്കപ്പെട്ടത്.

1. സെമസ്ററർ സമ്പ്രദായം സാർവത്രികമാക്കുക.
2. അദ്ധ്യാപക പരിശീലനത്തിനും സെമിനാറുകൾക്കുമുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. ആധുനിക ബോധന സമ്പ്രദായം നടപ്പാക്കുക.
4. പ്രൈവറ്റ് വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റേയും നിലവിലുള്ള സർവകലാശാലകളുടെ അമിതഭാരം ലഘൂകരിക്കുന്നതിന്റേയും ഭാഗമായി പരമ്പരാഗത മുഖാമുഖ സമ്പ്രദായത്തിന് പുറത്തുള്ള എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്ന ഓപ്പൺ സർവകലാശാല ആരംഭിക്കുക.
5. സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിലും അദ്ധ്യാപക നിയമനം, സേവനവേതന വ്യവസ്ഥകൾ, വിദ്യാർത്ഥി പ്രവേശനം, ഫീസ് എന്നിവയിലും സാമൂഹ്യനീതിയും തുല്യതയും ഗുണമേന്മയും ഉറപ്പാക്കും വിധം പരിഷ്ക്കാരങ്ങൾ നടപ്പാക്കുക.
6. അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സർവകലാശാലകളുടെ അക്കാദമിക നേതൃത്വം ഉറപ്പുവരുത്തുക.
7. മേൽ വിവരിച്ച ലക്ഷ്യങ്ങൾ നേടുന്നതിനുതകുംവിധം സർവകലാശാലാ നിയമങ്ങൾ പരിഷ്ക്കരിക്കുക.
8. സർവകലാശാലകളുടെ നിയന്ത്രണത്തിൽ ചലനാത്മകമായ അക്കാദമിക ഇടപെടലുകൾ സാധ്യമാകും വിധം അദ്ധ്യാപകർക്കും

വിദ്യാർത്ഥികൾക്കും പ്രാമുഖ്യമുള്ള സ്വയം ഭരണസ്ഥാപനങ്ങൾ പൊതുസമവായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ഥാപിക്കുക.

9. സാമൂഹ്യനന്മക്കും അക്കാദമികമികവിനും ഉതകുംവിധം ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ സ്വകാര്യ നിക്ഷേപം സാധ്യമാക്കുക.

10. വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് ഈ രംഗത്തെ പൊതുനിക്ഷേപം സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ആറു ശതമാനമായി ഉയർത്തുക.

11. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവസരങ്ങൾ ഉറപ്പാക്കും വിധം സ്കോളർഷിപ്പും കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ വായ്പയും അനുവദിക്കുക.

ഈ നിർദ്ദേശങ്ങളുടെ അന്തസ്സത്ത ഉൾക്കൊണ്ട് പഠനകോൺഗ്രസിനു ശേഷമുള്ള കാലയളവിൽ (കഴിഞ്ഞ അഞ്ചു വർഷം) ഒട്ടേറെ ക്രിയാത്മക പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കുകയുണ്ടായി. ലക്ഷ്യവുമായി പൊരുത്തപ്പെടുത്തി അവ വിശകലനം ചെയ്യുകയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ഇനിയും മുന്നേറേണ്ട പ്രവർത്തന മേഖലകളും കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

**ഏറ്റെടുത്തു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ:**

**സ്കൂൾ വിദ്യാഭ്യാസം**

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ധർ, അധ്യാപകർ, അവരുടെ സംഘടനാ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചും വിപുലമായ ചർച്ചകൾ നടത്തി കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007–നു രൂപം നൽകി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പാഠ്യപദ്ധതി രൂപീകരണ പ്രക്രിയയിൽ പങ്കാളികളാക്കി. പ്രീ സ്കൂൾ മുതൽ ഹയർ സെക്കന്ററിതലം വരെ സമഗ്രമായി പരിഗണിച്ചു എന്നതാണ് മറ്റൊരു സവിശേഷത. ഏറ്റവും നൂതനവും അക്കാദമിക ലോകം അംഗീകരിച്ചതുമായ സൈദ്ധാന്തിക ധാരണകൾ-സാമൂഹിക ജ്ഞാനനിർമിതിവാദം, വിമർശനാത്മക ബോധനശാസ്ത്രം എന്നിവ പാഠ്യപദ്ധതി പരിഷ്കരണത്തിനാധാരമാക്കി. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് മുന്നോട്ടു വെച്ച ആശയങ്ങൾ പ്രയോജനപ്പെടുത്തി പാഠ്യപദ്ധതി നവീകരിക്കുന്നതിനു മറ്റു സംസ്ഥാനങ്ങൾ മുതിരാതിരുന്ന സാഹചര്യത്തിലാണ് കേരളം ധീരമായ ചുവടുവെയ്പു നടത്തിയത്.

പാഠ്യപദ്ധതി പരിഷ്കരണം വിദ്യാഭ്യാസ ഗുണനിലവാരമുയർത്താനുള്ള ബോധപൂർവമായ ഇടപെടൽ ആയിരുന്നു. അതുകൊണ്ടു എന്തു നേട്ടമുണ്ടായി എന്നു പരിശോധിക്കുന്നതു മുന്നോട്ടുള്ള പ്രയാണത്തിനു സഹായകമാകും. ദേശീയ തലത്തിൽ വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ വെളിവാക്കുന്നത് വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ മികച്ച നില കൈവരിച്ചിരിക്കുന്നു എന്നാണ്. 4,6,8 ക്ലാസുകളിൽ Educatonal initiatives നടത്തിയ പഠനത്തിൽ (Status of students learning across 18 states of India) ഭാഷ, ഗണിതം എന്നീ വിഷയങ്ങളിൽ കേരളം ദേശീയ ശരാശരിയേക്കാളും ഉയർന്ന നിലയാലാണെന്നു മാത്രമല്ല പ്രഥമസ്ഥാനത്തുമാണ്. കേരളത്തെ ഒന്നാം സ്ഥാനത്തെത്തിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമായ കാര്യമാണ്. Annual status of education report പ്രകാരം 2007, 2008, 2009 എന്നീ വർഷങ്ങളിൽ അടിസ്ഥാന ഭാഷാഗണിത ശേഷികളിൽ നമ്മുടെ കുട്ടികൾ മുന്നിലാണ്. പാഠ്യപദ്ധതി പരിഷകരണം ആഗ്രഹിച്ച രീതിയിലുള്ള മാറ്റങ്ങൾ വരുത്താൻ സഹായകമാണെന്നു ഇതു വ്യക്തമാക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു. ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് പഠനം നടപ്പിലാക്കി. ഇംഗ്ലീഷ് അധ്യയനം മെച്ചപ്പെടുത്താൻ വിദഗ്ദ്ധ സ്ഥാപനങ്ങളുമായി ചേർന്നുള്ള അധ്യാപക പരിശീലനപരിപാടികൾ ആവിഷ്കരിച്ചു.

കേരളത്തിൽ ജനിച്ചുവളരുന്ന കുട്ടികളിൽ ഒരു വിഭാഗം മാതൃഭാഷ പഠിക്കാതെയാണ് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുവെന്നത് സമൂഹത്തിന്റെ ശ്രദ്ധയിൽപെട്ടപ്പോൾ അതു വളരെ ഗൗരവമുള്ള ഒരു സാസ്കാരിക-വിദ്യാഭ്യാസ പ്രശ്നമാണെന്നു തിരിച്ചറിഞ്ഞു.

കേരളത്തിലെ അംഗീകാരമുള്ള മുഴുവൻ വിദ്യാലയങ്ങളിലും നാലാം ക്ലാസു വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

മൂല്യ നിർണ്ണയത്തിൽ ഗ്രേഡിംഗ് രീതി പ്രാവർത്തികമാക്കി. പഠനം നടക്കുന്ന സമയം തന്നെ വിലയിരുത്തൽ നടത്തി പഠനപ്രശ്നങ്ങൾ കണ്ടെത്തി ഉചിതമായ സഹായത്തോടെ പഠനപുരോഗതി ഉറപ്പാക്കുന്നതിന് നിരന്തരവിലയിരുത്തൽ സഹായകമായി. പരിഷ്കരിച്ച പാഠ്യപദ്ധതി നടപ്പിലായ ശേഷം ഇക്കാര്യത്തിലുള്ള അന്വേഷണങ്ങൾ കൂടുതൽ ശക്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. നിരന്തര മൂല്യനിർണയത്തിനു പ്രാധാന്യം നൽകിയതിന്റെ ഭാഗമായി ടേം പരീക്ഷകളുടെ എണ്ണം കുറച്ചു. യൂണിറ്റ് വിലയരുത്തലിനു പ്രാധാന്യം കൊടുത്തു. അഞ്ചാം ക്ലാസ് മുതൽ ഐ.സി.റ്റി. അധിഷ്ഠിത പഠനം നടപ്പിലാക്കി.

ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും നിലവിലുള്ളവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധിച്ചു. ഏറ്റവും മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ പൊതു വിദ്യാലയങ്ങൾക്കുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. പ്രതിവർഷം 200 പ്രവൃത്തി ദിനങ്ങൾ ഉറപ്പുവരുത്തി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് കർമപരിപാടികൾ കൈക്കൊണ്ടു.

ഹയർസെക്കന്ററി രംഗത്ത് പ്രാപ്യത ഉറപ്പാക്കുക എന്നതിന്റെ ഭാഗമായി പുതുതായി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചു. കൂടാതെ നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിച്ചു. ഇവയിലെ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തി സാമൂഹ്യ നീതി ഉറപ്പാക്കി. പ്രവേശനം സുതാര്യമാക്കുകയും ചെയ്തു.

അധ്യാപക പരിശീലനം ചിട്ടപ്പെടുത്തുകയും അധ്യയനദിനങ്ങൾ നഷ്ടപ്പെടാതെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു. മാറിയ പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അധ്യാപകരെ ശക്തരാക്കുക, നൂതനമായ പഠനരീതികളും ധാരണകളും പരിചയപ്പെടുത്തുക, ആധുനിക സാങ്കേതികവിദ്യ ക്ലാസ്റൂമിൽ പ്രയോജനപ്പെടുത്താനുള്ള വൈദഗ്ധ്യം പ്രദാനം ചെയ്യുക, ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള വിവിധങ്ങളായ അന്വേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക, കൂട്ടായ ചർച്ചകളിലൂടെ അക്കാദമിക പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക, മികച്ച അനുഭവങ്ങൾ പങ്കിടുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 1.80 ലക്ഷം അധ്യാപകരെ പരിശീലിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയത്. പ്രതിവർഷം 36 ലക്ഷം പരിശീലന ദിനങ്ങളാണ് സൃഷ്ടിച്ചത്. അധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള നിരന്തര ശ്രമങ്ങൾ മെച്ചപ്പെട്ട ഫലങ്ങളുണ്ടാക്കിയട്ടുണ്ട്.

പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കു കൂടുതൽ പരിഗണന നൽകി. പട്ടികജാതി, പട്ടികവർഗ, മതന്യൂനപക്ഷ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പഠനവീടുകൾ ആരംഭിച്ചു. കുട്ടികളുടെ വാസസ്ഥലങ്ങളിൽ പഠനാന്തരീക്ഷവും പഠനപിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പഠന വീടുകൾ ആരംഭിച്ചിട്ടുള്ളത്. പ്രാദേശികമായി കുട്ടികളെ സഹായിക്കുന്നതിനു വിദ്യാഭ്യാസപ്രവർത്തകരെ പരിശീലിപ്പിച്ചു സജ്ജരാക്കി. ഒരു കുട്ടി പോലും പഠനത്തിൽ പിന്തള്ളപ്പെടരുതെന്ന കാഴ്ചപ്പാടോടെയാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചത്. കൂടാതെ പോഷകമൂല്യമുള്ള ഉച്ചഭക്ഷണം സമൂഹപങ്കാളിത്തത്തോടെ നടപ്പിലാക്കി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രഭാത ഭക്ഷണം കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

കുട്ടികളുടെ കായികക്ഷമത ശാസ്ത്രീയമായി പരിശോധിച്ചപ്പോൾ ലഭിച്ച ഫലം അതീവഗൗരവമുള്ളതായിരുന്നു. 20% കുട്ടികൾപോലും കായികക്ഷമത ഇല്ലാത്തവരായിരുന്നു. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി 1 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാൽ നൽകുന്ന പദ്ധതി നടപ്പാക്കി.

വിദ്യാഭ്യാസത്തിൽ സമൂഹപങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തു. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ശക്തിപ്പെടുത്താൻ

എസ്.എസ്.എ സംവിധാനത്തെ പ്രയോജനപ്പെടുത്തി.

കെ.ഇ.എ.ആർ പരിഷ്കരിക്കുന്നതിനു നടപടി സ്വീകരിച്ചു. 1958-ൽ കേരള എഡ്യൂക്കേഷൻ ആക്ടും റൂൾസും തയ്യാറാക്കിയ ശേഷം കേരള വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വന്നെങ്കിലും തദനുസൃതമായി കെ.ഇ.എ.ആർ പരിഷ്കരിക്കുകയുണ്ടായില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായുണ്ടായ മാറ്റങ്ങൾ, പന്ത്രണ്ടാം ക്ലാസ് വരെ പൊതു വിദ്യാഭ്യാസ ഘടനയിൽ ഉൾച്ചേർത്തത് ഇവയൊക്കെ പരിഗണിച്ച് കാലാനുസൃതമായ പരിഷ്കരണം വരുത്താനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

സാങ്കേതികവിദ്യയെ പഠനപ്രവർത്തനത്തിന് സഹായകമാകുംവിധം പ്രയോജനപ്പെടുത്തി. ഐ.ടി. @ സ്കൂളിന്റെ പ്രവർത്തനം വിപുലീകരിച്ച് സ്കൂൾതലത്തിൽ ആവശ്യമായ സാങ്കേതികവിദ്യാഉപകരണങ്ങൾ ലഭ്യമാക്കി.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഹയർസെക്കന്ററി മേഖലയിലെ പതിനായിരം കുട്ടികൾക്ക് 5000 രൂപയുടെ സ്കോളർഷിപ്പ് ഏർപ്പെടുത്തി. ഒരുപക്ഷെ, ദേശീയാടിസ്ഥാനത്തിൽ തന്നെ ആദ്യമായി ആവിഷ്കരിച്ച ബൃഹത്ത് സ്കോളർഷിപ്പ് പദ്ധതിയാകാമിത്.

**ഉന്നത വിദ്യാഭ്യാസം**

ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾക്ക് സംസ്ഥാനതലത്തിൽ നേതൃത്വം നൽകുന്നതിന് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിക്കുക, അണ്ടർ ഗ്രാജ്വേറ്റ് തലത്തിൽ കോഴ്സ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുക, അദ്ധ്യാപക പരിശീലനത്തിന് കൂടുതൽ അവസരങ്ങളൊരുക്കുക, പുതിയ ബോധനസമ്പ്രദായങ്ങൾ പരീക്ഷിക്കുക, വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക, സാമൂഹ്യ നീതിയും അക്കാദമിക മികവും വർദ്ധിപ്പിക്കുന്നതിന് സഹായകമാകും വിധം സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കുക, പരസ്പര സഹകരണവും സാമൂഹ്യ നിയന്ത്രണവും ഉറപ്പാക്കി, ഭൗതികവും അക്കാദമികവുമായ വിഭവങ്ങൾ പങ്കിട്ടുകൊണ്ട് കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം നൽകുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ കോളേജ് ക്ലസ്റ്ററുകൾ സ്ഥാപിക്കുക, അന്തർ വൈജ്ഞാനിക പഠനത്തിനായി അന്തർ സർവകലാശാലാ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മെഡിക്കൽ വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ സർവകലാശാല സ്ഥാപിക്കുക എന്നിവയാണ് കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി നടപ്പാക്കിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രസഹായം നേടാൻ കഴിയാത്ത അവസ്ഥ മാറ്റിയെടുക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. കേന്ദ്രസഹായത്തോടെ ഐസർ (ക്വിറശമി ക്വിെശേൗേലേ ീള ടരശലിരല ളറൗരമശേീി മിറ ഞലലലമൃരവ കകടഋഞ), ഐ.ഐ.എസ്.ടി. (ക്വിറശമി ക്വിെശേൗേലേ ീള ടുമരല ടരശലിരല മിറ ഠലരവിീഹീഴ്യ കകടഠ), കേന്ദ്രസർവ്വകലാശാല തുടങ്ങിയവ ഈ കാലഘട്ടത്തിൽ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസഹായത്തോടെ നിലവിൽ വന്നിട്ടുള്ള പുതിയ സ്ഥാപനങ്ങളിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

ശാസ്ത്ര-സാമൂഹ്യശാസ്ത്ര പഠനത്തെ മെച്ചപ്പെടുത്താൻ ഉന്നതവിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ ERUDITE, ASPIRE തുടങ്ങിയ പദ്ധതികളിലൂടെ സാധിച്ചിട്ടുണ്ട്.

വ്യത്യസ്ത പഠന ശാഖകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള അന്തർസർവ്വകലാശാലാപഠന ഗവേഷണകേന്ദ്രങ്ങൾ ആരംഭിക്കുക, വിദ്യാർത്ഥി പ്രവേശനത്തിന് ഏകജാലക സംവിധാനത്തിന് തുടക്കം കുറിക്കുക, ടീച്ചർ എക്സ്ചേഞ്ച് പദ്ധതി നടപ്പിൽ വരുത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് സമവായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ നയരൂപീകരണം നടത്തുന്നതിനും, സർവകലാശാലാ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിലും, ബി എഡ് തലത്തിലും കോഴ്സുകൾ പരിഷ്ക്കരിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷാ സമ്പ്ര

ദായം പരിഷ്ക്കരിക്കുന്നതിനും ഉള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഗവൺമെന്റ്, എയിഡഡ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും സ്വകാര്യവൽക്കരണത്തിനു തടയിടുകയും അദ്ധ്യാപക നിയമനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഉന്നതവിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപത്തിന്റെ തോത് ഉദ്ദേശിച്ച രീതിയിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്വാശ്രയമേഖലയിൽ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ പൂർണമായും വിജയിച്ചിട്ടില്ല. മുഖാമുഖ വിദ്യാഭ്യാസത്തിനു പുറത്തുള്ള വിദ്യാഭ്യാസം പരിഷ്ക്കരിക്കുന്നതിന് നിർദ്ദിഷ്ട ഓപ്പൺ സർവകലാശാല ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

### സാദ്ധ്യതകൾ

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേന്ദ്ര ഭരണകൂടത്തിന്റെ വിദ്യാഭ്യാസം സംബന്ധിച്ച പരിപ്രേക്ഷ്യം പാടെ മാറിയിട്ടുണ്ട്. അനിയന്ത്രിതമായ ആഗോളവൽകരണവും ഉദാരവൽകരണവും സ്വകാര്യവൽകരണവും നടപ്പാക്കുന്ന സമീപനം വ്യാപകമായിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും പരിമിതപ്പെടുത്തുന്ന പരിഷ്ക്കാരങ്ങൾ സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. കേന്ദ്രം ഏകപക്ഷീയമായി പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്ന രീതി നിലവിലുള്ള ഫെഡറൽ സംവിധാനത്തിന് കനത്ത ആഘാതം ഏൽപ്പിക്കുന്നുണ്ട്. മത–സാമുദായിക താൽപര്യങ്ങളും വിദ്യാഭ്യാസ രംഗത്തെ വാണിജ്യ താൽപര്യങ്ങളും കൈകോർത്തുകൊണ്ട്., സാമൂഹ്യ നീതിക്ക് വേണ്ടിയുള്ള ശ്രമങ്ങൾക്കെതിരെ കടുത്ത പ്രതിരോധം സൃഷ്ടിക്കുന്നുമുണ്ട്. ഗാട്ട് കരാറിന്റെ ഭാഗമായി വിദേശ സർവ്വകലാശാലകൾക്ക് സ്വതന്ത്രമായി വിഹരിക്കാനുള്ള അനുവാദം നൽകുക എന്നതും കേന്ദ്ര നയത്തിന്റെ ഭാഗമാണ്. കേരളീയ സമൂഹത്തിൽ പ്രത്യേകിച്ച് മധ്യവർഗ്ഗത്തിന്റെ ഇടയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് ഉയർന്നു വരുന്ന പുതിയ ധാരണകളും ആഗ്രഹങ്ങളും ഉയർത്തുന്ന വെല്ലുവിളികളും, സാമൂഹിക നിയന്ത്രണങ്ങൾക്ക് വേണ്ടിയുള്ള ശ്രമങ്ങളോട് നീതിന്യായ വ്യവസ്ഥ എടുക്കുന്ന സമീപനങ്ങളും ജനങ്ങൾ മൊത്തത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്നു. പാവപ്പെട്ടവർക്കാണ് അതിന്റെ ആഘാതം കൂടുതലായി നേരിടേണ്ടി വരുന്നത്.

ഈയൊരു പശ്ചാത്തലത്തിൽ, പുതിയ വെല്ലുവിളികൾ, പുതിയ ആവശ്യങ്ങൾ, പൂർത്തീകരിക്കേണ്ടതും തുടരേണ്ടതുമായ കാര്യങ്ങൾ എന്നിവയെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഇതിനായി വിപുലമായ ചർച്ചകൾ നടക്കേണ്ടതുണ്ട്, പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ചുവടെ പറയുന്ന കാര്യങ്ങളിൽ നടക്കുന്ന വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിലാകും വിദ്യാഭ്യാസത്തിനായുള്ള ഭാവി പരിപ്രേക്ഷ്യത്തിന് രൂപം നൽകുക. പ്രസ്തുത ചർച്ചകളിൽ അവശ്യം പരിഗണിക്കേണ്ട വിഷയങ്ങൾ.

1. കേരള വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്.
2. ദേശീയ തലത്തിൽ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്ന പുത്തൻ നയങ്ങളും പരിഷ്കാരങ്ങളും കേരളീയ വിദ്യാഭ്യാസ ക്രമത്തെ എങ്ങിനെ സ്വാധീനിക്കുന്നു.
3. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി കേരളത്തിൽ കഴിഞ്ഞ 5 വർഷമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ നയങ്ങളും പരിപാടികളും. ഇവ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ ദുർബലമാക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞകാലത്ത് കേരളം കൊണ്ടുവന്ന സാമൂഹ്യ നിയന്ത്രണങ്ങളും അധികാര വികേന്ദ്രീകരണങ്ങളും ചോദ്യം ചെയ്യപ്പെടുന്നു.
4. പ്രീ-സ്കൂൾ മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ വരെ വളർന്നുവരുന്ന സമാന്തര വിദ്യാഭ്യാസ സംവിധാനം ഉയർത്തുന്ന പ്രശ്നങ്ങൾ.
5. മതേതര വിദ്യാഭ്യാസം കേരളത്തിൽ നേരിടുന്ന വെല്ലുവിളികൾ.
6. സ്കൂൾതലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ ജ്ഞാനനിർമിതിയും തൊഴിൽനൈപുണിയും തമ്മിലുള്ള പാരസ്പര്യം.
7. സ്കൂൾ വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ജനാധിപത്യ വികേ

ന്ദ്രീകൃത ഭരണസംവിധാനങ്ങളുടെ ആവശ്യകതയും അവ വഹിക്കേണ്ട ധർമ്മവും.

8. വിദ്യാഭ്യാസത്തിന് ആവശ്യമായ ഭൗതിക, ബൗദ്ധിക, സാമ്പത്തിക വിഭവങ്ങളുടെ ആവശ്യവും ലഭ്യതയും.
9. ജനാധിപത്യ-മതേതരത്വ വിദ്യാഭ്യാസക്രമം പടുത്തുയർത്താൻ നിലവിലുള്ള സംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ.
10. വ്യത്യസ്ത ശേഷികളുള്ളവരുടെ വിദ്യാഭ്യാസം വ്യാപകവും ഗുണമേന്മയും ഉള്ളതാക്കുന്നതിന്റെ ആവശ്യം
11. തുടർവിദ്യഭ്യാസത്തിന്റെ അനുഭവങ്ങളും സാധ്യാതകളും.
12. വിദ്യാഭ്യാസത്തിൽ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പങ്ക്.

മേൽ പറഞ്ഞ ചർച്ചകൾക്ക് സഹായകമാകും വിധം വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള പൊതുസമീപനം ചുവടെ കൊടുക്കുന്നു.

**പ്രീസ്കൂൾ**

മനുഷ്യ ജീവിതത്തിലെ ആദ്യതെത 5-6 വർഷക്കാലം അതിനിർണ്ണായകമാണ്. മറ്റൊരു കാലഘട്ടത്തിലുമുണ്ടാകാത്ത വളർച്ചയാണ് ഇക്കാലത്ത് കുട്ടിയിലുണ്ടാവുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഒന്നുകൂടി വർദ്ധിച്ചിരിക്കുന്നു. ഈ നിയമപ്രകാരം 6 വയസ്സുമുതലാണ് ഔപചാരിക വിദ്യാഭ്യാസം (ഒന്നാം തരത്തിലേയ്ക്ക് പ്രവേശനം) ആരംഭിക്കേണ്ടത്. അണുകുടുംബങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് 6 വയസുവരെ പ്രായമുള്ള കുട്ടികളുടെ പരിചരണം, പോഷണം, സുരക്ഷിതത്വം, സാമൂഹിക വത്ക്കരണം തുടങ്ങിയവയ്ക്ക് മുമ്പൊന്നുമില്ലാത്ത തോതിൽ സാഹചര്യങ്ങൾ ഒരുക്കേണ്ട കടമ നാം ഏറ്റെടുക്കേണ്ടതുണ്ട്.

പ്രീസ്കൂൾ പ്രായക്കാരായ കുട്ടികൾ എത്തിച്ചേരുന്ന നിരവധി സംവിധാനങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അങ്കണവാടികൾ, നഴ്സറി സ്കൂളുകൾ, ക്രെഷെകൾ തുടങ്ങിയവയെല്ലാം ഇവയിൽപെടുന്നു. വ്യത്യസ്ത അനുഭവങ്ങളാണ് ഈ സ്ഥാപനങ്ങളിൽ നിന്നും കുട്ടികൾക്കു ലഭിക്കുന്നത്. അശാസ്ത്രീയമായ ഉള്ളടക്കവും നടത്തിപ്പുമാണ് പലയിടങ്ങളിലും. അങ്കണവാടികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ബഹുഭൂരിപക്ഷം അങ്കണവാടികളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ്. പദ്ധതികളുടെ കേന്ദ്രീകൃത സ്വഭാവം വികേന്ദ്രീകൃത സാധ്യതകളിലൂടെ ഉള്ളടക്കത്തിലും ഘടനയിലും നവീകരണങ്ങൾ നടത്തുന്നതിനു പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നു. അങ്കണവാടികളുടെ ലക്ഷ്യം പ്രീസ്കൂൾ വിദ്യാഭ്യാസമല്ല എന്നതും ഒരു പരിമിതിയാണ്.

ഈ സാഹചര്യത്തിൽ പ്രീസ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

1. കേരളത്തിലെ മുഴുവൻ പ്രീ സ്കൂൾ പ്രായക്കാരെയും ഉൾക്കൊള്ളാൻ പറ്റുന്ന വിധത്തിൽ സാർവ്വത്രികവും ശാസ്ത്രീയവുമായ പ്രീസ്കൂൾ വിദ്യാഭ്യാസം നടപ്പിലാക്കണം. ഘടന, ഉള്ളടക്കം, നടത്തിപ്പ്, പ്രവർത്തകയുടെ യോഗ്യത തുടങ്ങിയ കാര്യങ്ങളിൽ സാമൂഹിക നിയന്ത്രണം ഉറപ്പാക്കണം. പ്രീസ്കൂളിൽ ഉപയോഗിക്കുന്ന ഭാഷ മാതൃഭാഷതന്നെയായിരിക്കണം. ഇതിനെല്ലാമുതകുന്ന സമഗ്രമായ നിയമനിർമ്മാണം ആവശ്യമാണ്.
2. കുട്ടികളുടെ സാമൂഹികവത്ക്കരണത്തിനും പ്രായത്തിനനുയോജ്യവുമായ വിദ്യാഭ്യാസ അനുഭവങ്ങൾ പ്രാദേശിക സാധ്യതകൾ കൂടി പരിഗണിച്ച് ലഭ്യമാക്കാനുതകും വിധം അയവേറിയ ഒരു പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കേണ്ടതുണ്ട്. ഈ കരിക്കുലം ചട്ടക്കൂട് വ്യത്യസ്തങ്ങളായ പ്രീസ്കൂൾ സംവിധാനങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖയായിരിക്കും.
3. വിവിധ ഏജൻസികൾ നടത്തുന്ന പ്രീസ്കൂളുകളുടെ സംഘാടനപരമായ വൈവിദ്ധ്യം നിലനിർത്താം. എന്നാൽ അക്കാദമിക കാര്യത്തിൽ മുകളിൽ സൂചി

പ്പിച്ച വിധമുള്ള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലുള്ള ഏകോപന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

4. കുട്ടികളുടെ മാനസിക, ശാരീരിക വളർച്ചയ്ക്ക് സഹായിക്കുന്ന പഠന പരിസരം (പഠനോപകരണങ്ങൾ ഉൾപ്പെടെ) എങ്ങിനെ ഒരുക്കാമെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പരിശീലനം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്ക് ആവശ്യമാണ്. പ്രാദേശിക സാദ്ധ്യതകൾ കൂടി പരിഗണിച്ച് നിലവിലുള്ള സൗകര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും ഈ പരിശീലനങ്ങളുടെ ഭാഗമാക്കാം.
5. കുട്ടിയുടെ ആവാസപ്രദേശത്തിനകത്തുതന്നെ പ്രീസ്കൂൾ സംവിധാനം ഉറപ്പാക്കുക എന്നതാകണം സമീപനം.
6. നിലവിലുള്ള ലോവർപ്രൈമറി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കണം.
7. പ്രീസ്കൂൾ സംവിധാനം മെച്ചപ്പെട്ടതും ഇവിടുത്തെ ഭൗതിക സാംസ്കാരികാന്തരീക്ഷം പ്രദേശിക സാദ്ധ്യതകൾ പരിഗണിച്ചുള്ളതും ശിശുസൗഹൃദവും ആവുമെന്നു ഉറപ്പാക്കേണ്ടതാണ്. അണുകുടംബത്തിലെ തൊഴിലെടുക്കുന്ന മാതാപിതാക്കളുടെ കുട്ടികൾക്കുള്ള കേന്ദ്രമായും പ്രീസ്കൂളിനെ പരിഗണിക്കാവുന്നതാണ്.

### കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണ് ശിശുക്ഷേമവും കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങളും. ഐക്യരാഷ്ട്ര സംഘടനയുടെ 1959–ലെ കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച പ്രഖ്യാപനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് കൊണ്ട് കുട്ടികളുടെ അവകാശം സംബന്ധിച്ചും അതിന് പരിരക്ഷ നല്കുന്നതിനുമായി സംസ്ഥാന ശിശുക്ഷേമ അവകാശ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഈ കമ്മീഷൻ അനിവാര്യമാകുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ജോലിയെടുക്കാൻ വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ കുട്ടികൾക്കുള്ള ക്ഷേമസൗകര്യങ്ങൾ ഒരുക്കുക എന്നത് മുൻകാലങ്ങളെക്കാൾ വലിയ ഒരു വെല്ലുവിളിയാണ്. തൊഴിൽ ഉടമകളുടെ പങ്കാളിത്തത്തോടെ ഈ വിഭാഗത്തിന്റെ ക്ഷേമസൗകര്യങ്ങൾ ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്. കുട്ടികൾക്കെതിരായ പ്രത്യക്ഷവും പരോക്ഷവുമായ അതിക്രമങ്ങൾ തിരിച്ചറിയാനും അതിനെതിരെ പ്രതികരിക്കാനുമുള്ള ഒരു സാംസ്കാരികാന്തരീക്ഷം സംസ്ഥാനത്ത് വളർത്തിയെടുക്കേണ്ടതുണ്ട്.

### സ്കൂൾ വിദ്യാഭ്യാസം

12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്നതാകും പ്രധാനപ്പെട്ട ലക്ഷ്യം. 90–കളിൽ തന്നെ 10–ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പലകാരണങ്ങളാലും പൊതുവിദ്യാഭ്യാസം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനസംഖ്യാ വളർച്ചാ നിരക്കിൽ വന്ന മാറ്റവും മെച്ചപ്പെട്ട തൊഴിൽ ലഭിക്കണമെങ്കിൽ സ്വകാര്യ വിദ്യാലയങ്ങളിൽ ഫീസ് കൊടുത്ത് പഠിക്കുന്നതാണ് അഭികാമ്യമെന്ന ധാരണ സംസ്ഥാനത്ത് വളർന്നുവരുന്ന മധ്യവർഗ്ഗ ചിന്താധാരയുടെ ഭാഗമായതും പൊതുവിദ്യാഭ്യാസത്തെ ദുർബ്ബലപ്പെടുത്തുന്നുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ജനപ്രതിനിധികളും അധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ തത്പരരായ വ്യക്തികളുമൊക്കെ ചേർന്നുള്ള കൂട്ടായ്മയും വളർന്നുവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ കൂട്ടായ്മകളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. 2006 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 33% ത്തിൽ താഴെ പരീക്ഷാഫലം രേഖപ്പെടുത്തിയ 104 സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണങ്ങളിൽ നിന്ന് ഒട്ടേറെ പാഠങ്ങൾ ഉൾക്കൊള്ളാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഗുണമേന്മാകാര്യത്തിൽ സമൂഹ പങ്കാളിത്തത്തിന്റെ പുതിയ തലങ്ങൾ വികസിപ്പിക്കുന്നതിന്റേതായ അനുഭവങ്ങൾ ഈ പദ്ധതി

യിലൂടെ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവങ്ങൾ വ്യാപിപ്പിക്കുക എന്നത് പ്രധാനമാണ്.

വിദ്യാഭ്യാസ ഗുണമേന്മയുടെ വിധികർത്താക്കളായി കമ്പോള ശക്തികളാണ് ഇന്ന് വാണരുളുന്നത്. ജനപക്ഷത്തുനിന്നുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ ഉറപ്പിക്കാനും പ്രചരിപ്പിക്കാനും നമുക്കു കഴിയണം.

വിദ്യാഭ്യാസ അവകാശ നിയമം കേരളീയ പശ്ചാത്തലത്തിൽ എങ്ങിനെ നടപ്പാക്കാം എന്നത് ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട്. കേരളം സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇതുവരെ ആർജ്ജിച്ച കാര്യങ്ങളിൽ നിന്ന് പുറകോട്ട് പോകാതെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ച് നടപ്പാക്കുന്നതിനാകും ഊന്നൽ നൽകുക. ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ നിലവിലുള്ള വിദ്യാഭ്യാസ ഘടന, ഉള്ളടക്കം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങളും സഗൗരവം പരിശോധിക്കേണ്ടതുണ്ട്.

1 മുതൽ 12-ാം ക്ലാസ് വരെയുള്ള സ്കൂൾ ഘട്ടത്തിൽ ഇപ്പോൾ നടന്നുവരുന്ന പാഠ്യപദ്ധതി പരിഷ്കരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ആധുനിക കാലഘട്ടത്തിനനുഗുണമായി വികസിക്കുന്ന പാഠ്യപദ്ധതി കാര്യക്ഷമമായി വിനിമയം ചെയ്യാൻ അധ്യാപകരെ സജ്ജമാക്കാൻ കഴിയണം. ഇതിനായി അദ്ധ്യാപക പരിശീലനങ്ങൾ പുതിയ രൂപത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടിവരും. ഇന്ന് നടക്കുന്ന ഹ്രസ്വകാല പരിശീലനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി നടത്തുന്നതോടൊപ്പം സ്കൂൾ ഘട്ടത്തിലെ എല്ലാ അധ്യാപകർക്കും അഞ്ചുവർഷത്തിലൊരിക്കൽ 15-20 ദിവസം നീണ്ടുനില്ക്കുന്ന പരിശീലനം നിർബന്ധിതമാക്കണം. ഇതിനാവശ്യമായ സംവിധാനങ്ങൾ വികസിപ്പിക്കണം. ഇത്തരം പരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഡയറ്റുകളെയും എസ്.സി.ഇ.ആർ.ടി.യെയും സജ്ജമാക്കേണ്ടതുണ്ട്.

9-ാം ക്ലാസ് മുതൽ പഠനവിഷയങ്ങളിൽ വൈവിദ്ധ്യവത്കരണം ആരംഭിക്കണമെന്ന ആശയം ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. കുട്ടികളുടെ എല്ലാവിധ കഴിവുകളും നൈപുണിയും തിരിച്ചറിയാനും അവ വികസിപ്പിക്കാനും ആവശ്യമായ പഠനാനുഭവങ്ങൾ പ്രദാനം ചെയ്യാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയണം.

കല, കായിക അംശങ്ങളെ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉൾച്ചേർക്കാൻ കഴിയണം.

ഇന്ന് നിലവിലുള്ള ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്ട്രീമുകളെ ഉദ്ഗ്രഥിപ്പിക്കുന്ന കാര്യം ആലോചിക്കണം. ഐ.ടി. ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ ഉള്ളടക്കത്തിലും പാഠ്യപദ്ധതി വിനിമയത്തിലും ഉൾച്ചേർക്കണം. തൊഴിൽ വിദ്യാഭ്യാസത്തിൽ പ്രായോഗിക അംശങ്ങൾ കൂടുതൽ കൊണ്ടുവരണം .പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ കുട്ടികൾ പഠനത്തിന് വേണ്ടി പ്രയോജനപ്പെടുത്താത്ത സമയം പൊതുസമൂഹത്തിന്റെ തുടർവിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റാനായി ഉപയോഗിക്കാനുള്ള സാദ്ധ്യത ആരായേണ്ടതുണ്ട്.

നൂതന സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സ്കീമുകളിലൂടെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വൻതോതിൽ സ്കൂളുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. എന്നാൽ പഠനപ്രക്രിയയ്ക്ക് ഈ സങ്കേതങ്ങളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം എന്നതിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുക എന്നതിൽ അപ്പുറമാണ് സ്മാർട്ട് ക്ലാസ്റൂമുകളെക്കൊണ്ട് വിവക്ഷിക്കുന്നത് എന്ന ധാരണ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരിലും ഉണ്ടാകേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഘടനയിലും നിരവധി മാറ്റങ്ങൾ വേണ്ടിവരും. 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഒരൊറ്റ സംവിധാനത്തിന്റെ കീഴിലേക്ക് കൊണ്ടുവരും. വികേന്ദ്രീകരിച്ച് നല്കാവുന്ന അധികാരങ്ങളെല്ലാം താഴെതട്ടിലേക്ക് വിന്യസിക്കുക എന്നതും ഘടനാപരമായ മാറ്റങ്ങളുടെ ഭാഗമായി പരിഗണിക്കണം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെ പൊതുവിദ്യാഭ്യാസ

പ്രവർത്തനങ്ങളുടെ അവിഭാജ്യ ഭാഗമാക്കി മാറ്റാനുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഇതിനായി നിലവിലുള്ള വിദ്യാഭ്യാസ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം..

വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്ക് മുൻകാലങ്ങളിൽ ഇല്ലാത്ത ഉത്തരവാദിത്വങ്ങൾ വന്നുചേർന്നിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഉദ്യോഗസ്ഥരായി ഇവർ പ്രവർത്തിക്കേണ്ടിവരുന്നു. കൂടാതെ ദേശീയാടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകളുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തവും ഇവർക്ക് വന്നുചേരുന്നു. നിരന്തര മൂല്യനിർണ്ണയം പാഠ്യപദ്ധതിയുടെ ഭാഗമായതുകൊണ്ട് അധ്യാപകർ ഇത് ചെയ്യുന്നത് മോണിറ്റർ ചെയ്യുക, രക്ഷാകർത്താക്കളുമായി സംവദിക്കുന്നതിനുള്ള ആസൂത്രണം, നിർവ്വഹണം തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുക തുടങ്ങിയവയെല്ലാം ഇവരുടെ ഉത്തരവാദിത്തമായിമാറി. എല്ലാം ആസൂത്രണം ചെയ്തതുപോലെ നടക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുക, ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയവയെല്ലാം സ്ഥാപനമേധാവിയിൽ പുതുതായി വന്നുചേർന്ന ഉത്തരവാദിത്തങ്ങളാണ്. ഇവ നിർവ്വഹിക്കാൻ സ്ഥാപന മേധാവികൾക്ക് കഴിയാത്ത അവസ്ഥയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കേരളീയ സമൂഹത്തിൽ പുതുതായി വരുന്ന പ്രവണതകൾ വിദ്യാലയങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ഇത് ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് ഹയർസെക്കന്ററി തലത്തിലാണ്. ആധുനിക സാങ്കേതിക വിദ്യകളുടെ തെറ്റായ വിനിയോഗം, ലഹരിവസ്തുക്കളുടെ ഉപയോഗം, ചുറ്റും കാണുന്ന പൊങ്ങച്ചങ്ങളിൽ വീണുപോകുന്ന മാനസികാവസ്ഥ എന്നിവയെല്ലാം നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഈ പ്രായത്തിൽ കുട്ടികൾ അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ സവിശേഷതകളെ ആത്മവിശ്വാസത്തോട് കൂടി അഭിമുഖീകരിക്കാനുള്ള വിദ്യാഭ്യാസം കൂടി സ്കൂൾ ഘട്ടത്തിന്റെ ഭാഗമായി നല്കേണ്ടിവരും. അധ്യാപക-രക്ഷാകർത്തൃ സമിതികളെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടും അവർക്ക് കൂടുതൽ ഉത്തരവാദിത്തം നൽകിക്കൊണ്ടും ഈ കാര്യത്തിൽ പുതിയ അന്വേഷണങ്ങൾ ആവശ്യമാണ്.

പഠനത്തിൽ പലകാരണങ്ങളാൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ സഹായിക്കാൻ അവർ അധിവസിക്കുന്ന പ്രദേശം കേന്ദ്രീകരിച്ചുകൊണ്ട് സഹായക കേന്ദ്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തണം. ഇതിനായി വിദ്യാസമ്പന്നരായ മുതിർന്നവരുടെ (റിട്ടയർ ചെയ്ത ജീവനക്കാരടക്കം) സേവനം പരമാവധി വിനിയോഗിക്കും. യുവജനസംഘടനകൾക്കും, ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും ഈ സംരംഭത്തിൽ മുഖ്യപങ്ക് വഹിക്കാൻ കഴിയും.

ഭാഷാ പഠനം ഏറെ ചർച്ച ചെയ്യുന്ന ഒരു ഘട്ടമാണിത്. ചെറിയ പ്രായത്തിൽ മനസ്സിലാകുന്ന ഭാഷയാകണം ബോധനമാധ്യമം എന്നത് അക്കാദമികമായി അംഗീകരിച്ച വസ്തുതയാണ്. അതുകൊണ്ടാണ് ലോകമെമ്പാടും അക്കാദമിക സമൂഹം ബോധനമാധ്യമം മാതൃഭാഷയാകണം എന്ന് നിജപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മലയാളഭാഷ പഠിക്കേണ്ടതില്ല എന്ന ഒരു മാനസികാവസ്ഥ കേരളത്തിലെ മധ്യവർഗ്ഗ രക്ഷിതാക്കളിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അനഭലഷണീയമായ ഒരു പ്രവണതയാണിത്. സ്കൂൾ തലത്തിൽ മാതൃഭാഷ ബോധന മാധ്യമം എന്ന നിലയിൽ നിർബന്ധിതമാകണം. എന്നാൽ ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയും വിവര വിനിമയത്തിന്റെ പുതിയ സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ മുമ്പൊന്നുമില്ലാത്തവിധം ഇംഗ്ലീഷ് ഭാഷാ ജ്ഞാനം ആവശ്യമായി വന്നിരിക്കുകയാണ്. അതുകൊണ്ട് സ്കൂൾ ഘട്ടത്തിൽ മാതൃഭാഷ ബോധനമാദ്ധ്യമമായി നിലനിർത്തിക്കൊണ്ട് തന്നെ ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയുടെ വിനിമയ ശേഷി കുട്ടികളിൽ ഉണ്ടാക്കേണ്ടതുണ്ട്. ഇതിന് കഴിയുംവിധമുള്ള പഠനാന്തരീക്ഷം സ്കൂളുകളിൽ വളർത്തുന്നതാണ്. ഇതിനുള്ള പരിശീലനം അധ്യാപകർക്ക് നല്കേണ്ടതുണ്ട്. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് അധ്യാപകരെ സജ്ജമാക്കുന്നതിനാവശ്യമായ പരിശീലന കേന്ദ്ര

ങ്ങൾ തുടങ്ങണം. അതോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ആവശ്യമായ വിഭവങ്ങൾ വികസിപ്പിക്കുന്നതിനും അതിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും വേണ്ടിയുള്ള ഒരു ഗവേഷണ പരിശീലന കേന്ദ്രം സംസ്ഥാനത്ത് ആവശ്യമാണ്.

പൊതുവിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി സമൂഹത്തിന് പ്രത്യേകിച്ച് രക്ഷിതാക്കൾക്ക് അതിനിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. രക്ഷാകർത്തൃ സമൂഹത്തെ ഇതിനായി സജ്ജമാക്കാനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. സ്ഥാപനതലത്തിൽ എല്ലാ വിഭാഗങ്ങൾക്കും (സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർ, സ്ത്രീകൾ) അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയിൽ/സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയിൽ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ചുള്ള പ്രത്യേകിച്ചും ഭൗതിക സൗകര്യങ്ങളുടെ ആവശ്യകത, അവയുടെ ഗുണമേന്മ എന്നിവയെക്കുറിച്ച് പുതിയൊരു ധാരണ ഉണ്ടാകേണ്ടതുണ്ട്. മുൻകാലങ്ങളിൽ നിലനിന്ന പാഠ്യപദ്ധതിക്കും അതിന്റെ വിനിമയത്തിനും അനുഗുണമായ ഭൗതീകാന്തരീക്ഷത്തെക്കുറിച്ചുള്ള ധാരണയാണ് ഇന്നും പ്രബലമായി നിലനില്ക്കുന്നത്. ആധുനിക പാഠ്യപദ്ധതി വിനിമയത്തിന് അനുഗുണമായ ഭൗതിക സാഹചര്യത്തെക്കുറിച്ചും പഠനപരിസരത്തെക്കുറിച്ചും അവയുടെ ഗുണമേന്മയെക്കുറിച്ചും ഒരു പുതിയ കാഴ്ചപ്പാട് വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാവർക്കും ഉണ്ടാകേണ്ടതുണ്ട്. ഇത് വളർത്തിയെടുക്കുക എന്നത് ഗുണമേന്മാവിദ്യാഭ്യാസത്തിനായി നിലകൊള്ളുന്ന ഏവരുടെയും വെല്ലുവിളിയാണ്. മികച്ച സ്ഥാപനം എന്നാൽ എന്തായിരിക്കണമെന്ന ധാരണയും വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഓരോ സ്ഥാപനത്തെയും സജ്ജമാക്കണമെങ്കിൽ ഒരു നിശ്ചിത ഇടവേളയിൽ ഓരോ സ്ഥാപനവും വിലയിരുത്തപ്പെടണം. മറ്റു സ്ഥാപനങ്ങളുടെ അനുഭവങ്ങൾ കൈമാറ്റം ചെയ്യപ്പെടണം. ഇതിനുള്ള ഒരു പ്രവർത്തന പരിപാടിയും രീതിശാസ്ത്രവും വികസിപ്പിക്കേണ്ടതുണ്ട്.

വ്യത്യസ്ത കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസം

വിവിധങ്ങളായ പ്രശ്നങ്ങളാൽ ജീവിതത്തിൽ വെല്ലുവിളികൾ നേരിടുന്ന സവിശേഷ കഴിവുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് മുമ്പൊന്നുമില്ലാത്ത പരിഗണന ഇപ്പോൾ ലഭിക്കുന്നുണ്ട്. വ്യത്യസ്ത കഴിവുള്ള കുട്ടികൾ കേരളീയ സമൂഹത്തിൽ 5-8 ശതമനാനം വരും. മൊത്തത്തിൽ വിദ്യാഭ്യാസ പുരോഗതി നേടിയപ്പോഴും കഴിഞ്ഞ കാലത്ത് ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തിൽ നാം ഉൾക്കൊണ്ടിരുന്നില്ല. അതിന്റെ തെളിവാണ് അവർക്കുള്ള വൈവിദ്ധ്യമാർന്ന സ്കൂളുകൾ സർക്കാർ തലത്തിൽ വളരെ കുറവായത്. ഇത്തരം വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾ ഈ പ്രായത്തിലുള്ള മറ്റ് കുട്ടികളുടെ പഠനാവശ്യങ്ങളിൽ നിന്ന് ചില കാര്യങ്ങളിലെങ്കിലും വ്യത്യസ്തമായിരിക്കും. ആയതിനാൽ പൊതുവായി നല്കുന്ന പരിഗണനകൾക്കൊപ്പം ഈ വിഭാഗത്തിന് നൽകേണ്ട *സവിശേഷ പരിഗണനകളും* മൂല്യനിർണ്ണയത്തിലടക്കം വരുത്തേണ്ട മാറ്റങ്ങളും ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്.. ഇപ്പോൾ സർക്കാർ ഈ പരിമിതി മനസ്സിലാക്കി അത് നികത്തുന്നതിനുള്ള വിപുലമായ നടപടികൾ ആവിഷ്കരിച്ചുവരികയാണ്. ഇത്തരം കുട്ടികൾ ഓരോ പ്രദേശത്തും എത്രയുണ്ട് എന്നതിന്റെ സ്ഥിതിവിവരകണക്ക് എടുത്തു കഴിഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, തദ്ദേശഭരണം മുതലായ വകുപ്പുകളും ഇക്കാര്യത്തിൽ സംയോജിത പ്രവർത്തനം ഇപ്പോൾ നടത്താൻ തുടങ്ങിയിട്ടുണ്ട്. ഇത്തരം കുട്ടികളുടെ രക്ഷിതാക്കളെ ബോധവത്ക്കരിക്കാനും പ്രത്യേക പരിശീലനം അധ്യാപകർക്ക് ലഭ്യമാക്കാനും മറ്റുമുള്ള വിപുലമായ നടപടികൾ കൈക്കൊള്ളണം.

**ഓപ്പൺ സ്കൂൾ**

മുഖ്യധാരാ വിദ്യാഭ്യാസത്തിൽ നിന്നും സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ തന്നെ പലകാരണങ്ങളാൽ പുറംതള്ളപ്പെട്ട വലിയൊരു വിഭാഗം ജനത നമ്മുടെ നാട്ടിലുണ്ട്. അവരാണ് പ്രധാനമായും നമ്മുടെ അധ്വാനശക്തി. അതുപോലെ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിലൂടെ കടന്നുപോ

വുകയും എന്നാൽ അവരവരുടെ കഴിവും നൈപുണിയും ഈ ഘട്ടത്തിന് ശേഷം ജീവിത പ്രാരബ്ദങ്ങളിൽ മുഴുകിയതുമൂലം തിരിച്ചറിയാതിരിക്കുകയും ചെയ്യുന്ന പൊതുഅവസ്ഥ നിലനില്ക്കുന്നുണ്ട്. സാമൂഹിക ഉത്പാദന പ്രക്രിയയിൽ ആത്മവിശ്വാസത്തോടെ പങ്കാളിയാകാൻ കഴിയുംവിധം ഇവരുടെ അറിവും കഴിവും തൊഴിൽ നൈപുണിയും വികസിപ്പിക്കേണ്ടതുണ്ട്. ഇതിനെല്ലാം കഴിയുംവിധം ഓപ്പൺ സ്കൂളിനെ വിഭാവനം ചെയ്യുകയും ശക്തിപ്പെടുത്തുകയും ചെയ്യും. നിലവിൽ എസ്.സി.ഇ.ആർ.ടി.യുടെ ഭാഗമായ ഓപ്പൺ സ്കൂളിനെ സ്വാതന്ത്ര സംവിധാനമാക്കുകയും സംസ്ഥാനത്തെ അധ്വാനശക്തിയുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം തൊഴിൽ നൈപുണി വികസിപ്പിക്കുന്ന സംവിധാനമാക്കി മാറ്റുകയും വേണം.

### ഉന്നത വിദ്യാഭ്യാസം

സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും പാരിസ്ഥിതികവുമായ സുസ്ഥിര വികസനത്തിന് ആവശ്യമായ ബൗദ്ധിക അടിത്തറ സൃഷ്ടിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനും സഹായകരമായ രീതിയിൽ ഉന്നത വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങളുടെ ബ്ലൂ പ്രിന്റ്, വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ, രൂപപ്പെടുത്തണം. ഇന്ത്യയിൽ ഇന്നു നിലവിലുള്ള ജനാധിപത്യ ഫെഡറൽ സംവിധാനത്തിൽ, സംസ്ഥാനതലത്തിൽ നടപ്പാക്കാവുന്ന നയങ്ങളുടേയും പരിപാടികളുടേയും സാദ്ധ്യതകളും പരിമിതികളും വിശദമായി വിലയിരുത്തിക്കൊണ്ടാകണം ഇത്തരമൊരു അജണ്ട തയ്യാറാക്കേണ്ടത്. രണ്ടാം പഠന കോൺഗ്രസ് ഉയർത്തിയ, സാമൂഹ്യ നീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ വിദ്യാഭ്യാസ വികസനം എന്ന അടിസ്ഥാന മുദ്രാവാക്യത്തിൽ ഊന്നിനിന്നുകൊണ്ടു തന്നെ, താഴെപ്പറയുന്ന ലക്ഷ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും അടുത്ത അഞ്ചു വർഷങ്ങളിൽ ഊന്നൽനൽകേണ്ടതാണ്.

1. രണ്ടാം അന്താരാഷ്ട്ര കോൺഗ്രസിൽ നിർദ്ദേശിച്ചിരുന്നതും കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ പൂർണമായും നടപ്പാക്കാൻ കഴിയാതിരുന്നതുമായ പദ്ധതികളും പ്രവർത്തനങ്ങളും പൂർണമായും സമയബന്ധിതമായും നടപ്പാക്കുക.
2. ഫെഡറൽ സംവിധാനത്തിന്റെ അന്തഃസ്സത്ത നിലനിറുത്തുന്നതിനും ആഗോളവൽക്കരണത്തിന്റെ അധിനിവേശത്തെ ചെറുക്കുന്നതിനും ഭരണതലത്തിലും പ്രചരണതലത്തിലും ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
3. കൂടുതൽ പേർക്ക് കൂടുതൽ മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസം നൽകണം. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ 30 ശതമാനം പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കണം. ഇതിനു വേണ്ടി മുഖാമുഖ വിദ്യാഭ്യാസ അവസരങ്ങളും വിദൂര വിദ്യാഭ്യാസ അവസരങ്ങളും വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും വേണം.
4. ഉന്നത വിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപം കൂടുതൽ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സാഹചര്യം ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗവൺമെന്റ് സ്ഥാപനങ്ങളുടെ എണ്ണം പടിപടിയായി വർദ്ധിപ്പിച്ച്, കാലക്രമത്തിൽ അവയ്ക്ക് മുൻതൂക്കം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കണം.
5. സാമൂഹ്യനിയന്ത്രണങ്ങൾക്ക് വിധേയമായി, സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കാവുന്നതാണ്. സഹകരണമേഖലയ്ക്കും സർക്കാർ നിയന്ത്രിതമേഖലയ്ക്കും ഈ മേഖലയിൽ പ്രാമുഖ്യം നൽകണം.
6. പൊതു ആസ്തികൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രാവിഷ്കൃത പൊതു - സ്വകാര്യ പങ്കാളിത്തം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കരുത്. പകരം സ്വകാര്യ ആസ്തികളും നിക്ഷേപവും പൊതു ആവശ്യങ്ങൾക്ക് ലഭ്യമാകും വിധം പൂർണ്ണമായും പൊതു നിയന്ത്രണത്തിനു വിധേയമായ

പൊതു-സ്വകാര്യപങ്കാളിത്തം അനുവദിക്കാവുന്നതാണ്.

7. അക്കാദമിക നവീകരണവും വൈവിധ്യവൽക്കരണവും നടപ്പാക്കുന്നതിനും സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുന്നതിനും സഹായകമായ വിധത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് അധികാര വികേന്ദ്രീകരണവും സ്വയം ഭരണവും പരസ്പര സഹവർത്തിത്തവും വർദ്ധിപ്പിക്കും വിധം, സമീപത്തുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുക. നിലവിലുള്ള സർവകലാശാലകളുടെ നിയന്ത്രണത്തിൽ ആരംഭിക്കുന്ന ഇത്തരം കൂട്ടായ്മകൾക്ക് പടിപടിയായി കൂടുതൽ അധികാരങ്ങൾ കൈമാറിക്കൊണ്ട് അവയെ കാലക്രമത്തിൽ സ്വതന്ത്ര സർവകലാശാലകളായി പരിണമിപ്പിക്കാവുന്നതാണ്.
8. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗുണമേന്മയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിന് മിനിമം ഭൗതിക - അക്കാദമിക സൗകര്യങ്ങളും സേവന വേതന വ്യവസ്ഥകളും സുതാര്യമായ പ്രവർത്തന ശൈലിയും ഉറപ്പാക്കുന്നതിനാവശ്യമായ നിയമനിർമാണവും ഭരണ നടപടികളും സ്വീകരിക്കുക.
9. ഇന്ത്യക്കകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ക്രിയാത്മകമായ അക്കാദമിക സഹകരണത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക.
10. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന വിഷയങ്ങളുടെ പഠനത്തിനും പുതിയ അറിവിന്റെ സൃഷ്ടിക്കു കളമൊരുക്കുന്നതിനുതകുന്ന ഗവേഷണ പ്രധാനമായ സംവിധാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുക. പുതിയ അറിവുകൾ പൊതുസമൂഹത്തിന് ലഭ്യമാക്കുക, അവയുടെ പ്രയോഗം സാദ്ധ്യമാകും വിധം ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങളെ ഉത്പാദന, സാമൂഹ്യ - സാംസ്കാരിക മേഖലകളുമായി ബന്ധിപ്പിക്കുക.
11. അദ്ധ്യാപക പരിശീലനത്തിനും തുടർപഠനത്തിനും ആവശ്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.
12. ആധുനിക ആശയവിനിമയ സങ്കേതങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട് ഓപ്പൺ സർവകലാശാല സ്ഥാപിക്കുക.
13. സ്വാശ്രയ സ്ഥാപനങ്ങളിൽ സാമൂഹ്യ നിയന്ത്രണവും അക്കാദമിക മികവും ഉറപ്പ് വരുത്തുന്നതിനുമുള്ള നിയമ - ഭരണ നടപടികൾ സ്വീകരിക്കുക.
14. അധികാര വികേന്ദ്രീകരണവും അക്കാദമിക മികവും സ്വയംഭരണവും സാമൂഹ്യ ഉത്തരവാദിത്തവും ജനാധിപത്യ പ്രാതിനിധ്യവും ഉറപ്പാക്കുംവിധവും അക്കാദമിക ആവശ്യങ്ങൾ അനായാസേന നിറവേറ്റുന്നതിനു സഹായകമായ രീതിയിലും സർവകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിയമവ്യവസ്ഥകളും ഭരണനിർവഹണവും പരിഷ്ക്കരിക്കുക..
15. വിദ്യാർത്ഥി പ്രവേശനം, ഫീസ്പിരിവ് എന്നിവയ്ക്ക് സർവകലാശാലതലത്തിൽ ഏക ജാലക സംവിധാനം ഏർപ്പെടുത്തുക.
16. സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പടെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിനുവേണ്ട നിയമ - ഭരണ നടപടികൾ കൈക്കൊള്ളുക.
17. ശാരീരികമായി പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക അടിസ്ഥാന സൗകര്യങ്ങളും പഠനപ്രവർത്തനങ്ങളും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കുക.

### തുടർ വിദ്യാഭ്യാസം

തുടർവിദ്യാഭ്യാസത്തിനായി ഒരു നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനായി ലീപ് കേരള മിഷൻ പ്രവർത്തനം ആരംഭിച്ചു. ലീപ്

കേരള മിഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യും. അവശേഷിക്കുന്ന നിരക്ഷരതാ നിർമ്മാർജ്ജനം, ഘട്ടം ഘട്ടമായി 10-ാം തരംവരെയുള്ള തുല്യത, പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുടെതടക്കം തൊഴിൽ നൈപുണിവികാസം, സാമൂഹിക ആവശ്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് കുടുംബശ്രീ പദ്ധതിയുടെ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് തൊഴിൽ നൈപുണീവികാസ പരിശീലനം, പൗര വിദ്യാഭ്യാസം എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. ഓപ്പൺ സ്കൂളിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്ന മേഖലകളിലെല്ലാം പ്രയോജനപ്പെടുത്തുന്നതായിരിക്കും.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

പ്രൈമറി വിദ്യാഭ്യാസ രംഗത്ത് എസ്.എസ്.എ, സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് ആർ.എം.എസ്.എ., തുടർവിദ്യാഭ്യാസ രംഗത്ത് സാക്ഷർ ഭാരത് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ട്. വിദ്യാഭ്യാസ രംഗം എന്നും കേരളീയ സമൂഹത്തിന്റെ മുഖ്യ അജണ്ട ആയതിനാൽ ഈ രംഗത്ത് വർദ്ധിതമായ സാമൂഹിക നിക്ഷേപം നാം നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ദേശീയ തലത്തിൽ സങ്കല്പിക്കാൻ കഴിയുന്നതിനപ്പുറമുള്ള നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ട്. ഇന്നത്തെ പൊതുവിദ്യാഭ്യാസാവസ്ഥയിലേയ്ക്ക് കേരളീയ സമൂഹം നടത്തിയ ശ്രമങ്ങളെയും നിക്ഷേപത്തെയും ഒന്നും പരിഗണിക്കാതെയുള്ള നിലപാടാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. നമുക്ക് അർഹതപ്പെട്ട പദ്ധതിവിഹിതങ്ങൾ നേട്ടങ്ങളുടെ പേരുപറഞ്ഞ് നമുക്ക് നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു. സാക്ഷർഭാരത് പദ്ധതിയിൽ കേരളം ഉൾപ്പെടുന്നേയില്ല. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട പരിഗണന ലഭിക്കാതെപോകുന്നു. ഇക്കാര്യം സാമൂഹിക സംവാദങ്ങൾക്ക് വിധേയമാക്കുകയും നമുക്ക് അർഹതപ്പെട്ട സാമ്പത്തിക വിഹിതം ലഭ്യമാകുന്നതിനുള്ള സമ്മർദ്ദം കേന്ദ്ര സർക്കാരിൽ ചെലുത്തുകയും വേണ്ടതാണ്. ഇതോടൊപ്പം പ്രധാനമാണ് ദേശീയ തലത്തിൽ തയ്യാറാക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സവിശേഷതകൾ കൂടി പരിഗണിച്ച് പുന:ക്രമീകരിക്കാൻ ആവശ്യമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുക എന്നത്. വിദ്യാഭ്യാസ രംഗത്ത് കേരള സമൂഹം അഭിമുഖീകരിക്കേണ്ട പ്രശ്നം പ്രാപ്യതയുടേതല്ല ഗുണമേന്മയുടേതാണ്. ഈ രണ്ടാം തലമുറപ്രശ്നം പരിഹരിക്കാൻ കൂടുതൽ സാമ്പത്തിക വിഭവം അനിവാര്യമാണ്.

വിതരണ നീതിയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും ഭിന്നമായ അവസ്ഥ നമ്മുടെ സംസ്ഥാനത്ത് നിലനില്ക്കുന്നുണ്ട്. ഇത് വിദ്യാഭ്യാസ കാര്യത്തിലും പ്രതിഫലിക്കുന്നുണ്ട്. 1-ാം ക്ലാസിൽ എത്തുന്ന ഏതാണ്ടെല്ലാ വിദ്യാർത്ഥികളും 10-ാം ക്ലാസ് വരെ എത്തിച്ചേരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിലും ദേശീയ ശരാശരിയേക്കാൾ മികച്ച അവസ്ഥയിലാണ് നാം. ഗുണമേന്മയുടെ കാര്യത്തിലും ശരാശരിയേക്കാൾ മുന്നിലാണ് കേരളം. എന്നാൽ മികവിന്റെ കാര്യത്തിൽ ഏറ്റവും മുന്നിലുള്ള വിഭാഗത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾ വേണ്ടത്ര എത്തിച്ചേരുന്നില്ല എന്ന വിവിധ പഠനങ്ങളിലെ കണ്ടെത്തലുകൾ ഗൗരവത്തോടെ അഭിമുഖീകരിക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെയും കേരളത്തിലെ വിവിധങ്ങളായ അക്കാദമിക സ്ഥാപനങ്ങളുടെയും അജണ്ടയായി മാറേണ്ടതുണ്ട് – മാറ്റേണ്ടതുണ്ട്.

**5.6 ശാസ്ത്ര സാങ്കേതിക ഗവേഷണം**

വിവിധ വികസന മേഖലകൾക്ക് ശാസ്ത്ര സാങ്കേതിക പിൻതുണ ഉറപ്പാക്കുന്നതിന് വ്യക്തമായ ശാസ്ത്ര സാങ്കേതിക നയത്തിനും ഗവേഷണ വികസന സ്ഥാപനങ്ങൾക്കും രൂപം കൊടുത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. സംസ്ഥാന സർക്കാർ പൂർണ്ണ സാമ്പത്തിക സഹായം നൽകി പ്രവർത്തിക്കുന്ന ഇത്രയധികം ഗവേഷണ സ്ഥാപനങ്ങളുള്ള സംസ്ഥാനം ഇന്ത്യയിൽ വേറെയില്ല. സ്കൂൾ-കോളേജ് തലത്തിൽ ഗവേഷണ തല്പരത വർദ്ധിപ്പിക്കുന്നതിനും സർവ്വകലാശാലാതലത്തിൽ ഗവേഷകരെ വളർത്തുന്നതിന് സഹായിക്കുന്നതിനും, പ്രാദേശികതലത്തിൽ പ്രവർത്തനോന്മുഖ ഗവേ

ഷണത്തിന് സർക്കാരിതര സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധിക്കുന്ന മറ്റൊരു സർക്കാരും ഇന്ത്യയിലില്ല. ഗണിത ശാസ്ത്രം, ആയുർവേദം, വാസ്തു, ലോഹസംസ്കരണം, നൗകാ സങ്കേതം, നെയ്ത്ത്, കയർ, എന്നിങ്ങനെ ഒട്ടേറെ മേഖലകളിൽ പരമ്പരാഗതമായി കേരളത്തിനുണ്ടായിരുന്ന ശാസ്ത്ര സാങ്കേതിക മുൻതൂക്കം ഒരു പരിധി വരെ നിലനിർത്തുന്നതിനും നവ കേരളത്തിന്റെ വിഭവ വികസന മേഖലകളെ ശാസ്ത്രീയവൽക്കരിക്കുന്നതിനും, കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വൻ പരിവർത്തന സാധ്യതകളുള്ള ഈ മേഖലകളിൽ ആവശ്യാധിഷ്ഠിത ഗവേഷണത്തിന് വേണ്ടത്ര മുൻതൂക്കം കിട്ടിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ശാസ്ത്ര-ഗവേഷണ സ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്രീകൃതമായി പുനഃസംഘടിപ്പിക്കുന്ന നടപടി ഈ ദശകത്തിന്റെ ആദ്യഘട്ടത്തിൽ സ്വീകരിക്കുകയുണ്ടായി. ഇന്ത്യൻ ഗവേഷണ രംഗത്തെ പ്രധാന കേന്ദ്രങ്ങളായി നമ്മുടെ ശാസ്ത്ര – ഗവേഷണ സ്ഥാപനങ്ങളെ നിലനിർത്തികൊണ്ട് വരുന്നതിനൊപ്പം കാലാകാലങ്ങളിൽ കേരളത്തിന്റെ സുസ്ഥിര വികസനത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ശാസ്ത്ര സാങ്കേതിക സഹായം നൽകുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ശ്രദ്ധിച്ചു എന്നതാണ് ഇടതു പക്ഷ സർക്കാരിന്റെ നേട്ടം.

കമ്പോള ശക്തിയുടെ തള്ളിക്കയറ്റത്തിന്റെ ഈ കാലഘട്ടത്തിൽ കേരളത്തിലെ നൈസർഗ്ഗിക ശേഷിയിലൂന്നിയുള്ള വികസനത്തെ സുഗമമാക്കുക എന്നതാണ് ശാസ്ത്ര സാങ്കേതിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇന്നലെയുടെ ശാസ്ത്ര നേട്ടങ്ങളെ അയവിറക്കി ആശ്വാസം കണ്ടെത്തുന്ന സംവിധാനമായി ശാസ്ത്ര സാങ്കേതിക മേഖല മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യവും കാണാതിരുന്നുകൂടാ. നിരവധി വികസന പരിസ്ഥിതി പ്രശ്നങ്ങൾ, വിഭവ വിനിയോഗ സംഘർഷങ്ങൾ, സാമൂഹ്യ – സാമ്പത്തിക മാറ്റങ്ങൾ, നൂതന സാധ്യതകൾ ഇവ ഉയർന്നുവരുന്ന ഒരു കാലഘട്ടത്തെ വിദഗ്ധമായി കൈകാര്യം ചെയ്യുന്നതിനായി നമ്മുടെ ശാസ്ത്ര സാങ്കേതിക മേഖലയെ പ്രയോജനപ്പെടുത്തുന്നതിന് സുചിന്തിതമായ ഇടപെടലുകൾ ആവശ്യമായിരിക്കുന്നു. ഇതിന്റെയടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി പരിഗണിക്കേണ്ടവയാണ്.

1. ശാസ്ത്ര-സാങ്കേതിക മേഖലകളിൽ കേരളത്തിലെ പൊതുസമൂഹവും, പൊതുഖജനാവും, നടത്തിയിട്ടുള്ള നിക്ഷേപങ്ങൾക്ക് എത്രമാത്രം പ്രതിഫലവും, പ്രയോജനവും ഉണ്ടായിട്ടുണ്ടെന്നും, ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുമുള്ള സാമൂഹ്യ-ശാസ്ത്രീയ വിലയിരുത്തൽ.
2. വളരെ വേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വികസന രീതിയും പാരിസ്ഥിതിക ഗതിവിഗതികളും പരിഗണിക്കുമ്പോൾ ഭാവിയിൽ വേണ്ടിവരുന്ന ശാസ്ത്ര-സാങ്കേതിക രീതികൾ വ്യത്യസ്തമായിരിക്കും. ആയതിനാൽ ഉയർന്ന ജീവിതനിലവാരവും തുല്യതയും പാരിസ്ഥിതിക സുസ്ഥിരതയും കൈവരിക്കുന്നതിന് വേണ്ട ശാസ്ത്ര സങ്കേതങ്ങൾ സ്പുടം ചെയ്തെടുക്കുന്നതിനുള്ള കാഴ്ചപ്പാട് വികസിപ്പിക്കേണ്ടതുണ്ട്.
3. സാമൂഹ്യ പ്രതിബദ്ധതയുള്ള ശാസ്ത്രജ്ഞരേയും ശാസ്ത്രാഭിമുഖ്യമുള്ള സമൂഹത്തേയും രൂപപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ നമ്മുടെ ശാസ്ത്ര സാങ്കേതിക മേഖലയെയും ശാസ്ത്ര സ്ഥാപനങ്ങളേയും സർവ്വകലാശാലകളേയും മാറ്റേണ്ടിയിരിക്കുന്നു. ഇതിനായി ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രീതിയിൽ അനിവാര്യമായ മാറ്റങ്ങൾ ആവശ്യമാണ്.
4. അന്വേഷണങ്ങളും കണ്ടെത്തലുകളും സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക മാറ്റത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്നതിനു സഹായിക്കേണ്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ മേധാവിത്വ സംസ്ക്കാരം മാറ്റിയെടുക്കൽ
5. പ്രാദേശിക വികസന നയത്തെ സഹായിക്കുന്നതിനും സേവനമേഖലകളെ ശാസ്ത്രീയ വൽക്കരിക്കുന്നതിനും പ്രത്യേക വികസന മേഖലകളെ പരിപോ

ഷിപ്പിക്കുന്നതിനുമുള്ള സംസ്ഥാന നയത്തെ ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്ര-സാങ്കേതിക നയ സമീപനം വികസിപ്പിക്കൽ.

മേൽ സമീപനത്തിലൂടെ പൊതു താൽപ്പര്യം മുൻനിർത്തിയുള്ള തീരുമാനങ്ങളിൽ ശാസ്ത്ര രീതിയുടെയും ശാസ്ത്ര-സാങ്കേതിക സമീപനങ്ങളുടെയും സ്വാധീനം വർദ്ധിപ്പിക്കുകയും പരമ്പരാഗത ശാസ്ത്ര-സാങ്കേതിക മേഖലയെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതോടൊപ്പം നൂതന ശാസ്ത്ര-സാങ്കേതിക മേഖലകളായ നാനോ ടെക്നോളജി, ബയോടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി ഇവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമീപനങ്ങൾ സ്വീകരിക്കുകയും, സുസ്ഥിര വികസന ലക്ഷ്യം മുൻനിർത്തി ഗ്രീൻ ടെക്നോളജികളെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്.

നാനോ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സംസ്ഥാന തലത്തിൽ വിവിധ സർവ്വകലാശാലകളിലേയും ഗവേഷണ സ്ഥാപനങ്ങളിലേയും, ഈ മേഖലയിൽ ഗവേഷണം നടത്തുന്ന ഗവേഷകരേയും, വകുപ്പുകളേയും ഉൾപ്പെടുത്തി സംയുക്ത ഗവേഷണ പദ്ധതികൾ ദീർഘകാല-ഹ്രസ്വകാല അടിസ്ഥാനങ്ങളിൽ പ്രത്യേകം പ്രത്യേകം നടപ്പിലാക്കണം. ഈ മേഖലയിലെ ഗവേഷണം ചെലവേറിയതായതിനാൽ കേന്ദ്രീകൃത ലാബട്ടറികൾ ഗവേഷകർക്ക് ഉപകാരപ്രദമായ രീതിയിൽ തുറന്ന് കൊടുക്കണം. ഇതിന് പുറമേ നാനോ സാങ്കേതികവിദ്യയിൽ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നത്, ആഗോളതലത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വർദ്ധിച്ച തൊഴിലവസരങ്ങൾ കണക്കാക്കുമ്പോൾ സംസ്ഥാനത്തിന് വലിയ മുതൽക്കൂട്ടായിരിക്കും. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഒരു കേരള നാനോ ടെക്നോളജി ഇനിഷ്യേറ്റീവ് (KNI) പരിപാടി നടപ്പാക്കുന്നത് പരിഗണിക്കാവുന്നതാണ്.

ബി.ടി. രംഗത്ത് മുന്നേറ്റത്തിന്റെ പാതയൊരുക്കാൻ കേരളം ഒരു ബയോടെക്നോളജി നയം രൂപീകരിക്കുകയും ഇടതുപക്ഷ സർക്കാർ കേരള ബയോടെക്നോളജി ബോർഡ്, കേരള ബയോടെക്നോളജി കമ്മീഷൻ എന്നിവയിലൂടെ നയം മുന്നോട്ട് വച്ച് ഒട്ടു മിക്ക കാര്യങ്ങൾക്കും തുടക്കം കുറിക്കുകയുമുണ്ടായി. കേരള ബയോടെക്നോളജി കമ്മീഷനെ 2008 ൽ ഈ സർക്കാർ ബയോ ടെക്നോളജി രംഗത്തെ സംസ്ഥാന നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബി.ടി. രംഗത്തെ മനുഷ്യ വിഭവശേഷി വികസനത്തിനും, വ്യാവസായിക വികസനത്തിനും ഗ്രാമീണ രംഗത്ത് ബി.ടി അനുബന്ധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നിരവധി സ്കീമുകൾ ഇന്ന് കേരളാ ബയോടെക്നോളജി കമ്മീഷനു കീഴിലുണ്ട്. സംസ്ഥാനത്തെ വ്യാവസായിക വികസനത്തിനുതകുന്ന ഗവേഷണ പ്രക്രിയ ത്വരിതപ്പെടുത്താനും ഉൽപന്ന വികാസം സാധ്യമാക്കുന്നതിനുമായി ഒരു ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ താമസം വിനാ സംസ്ഥാനത്ത് പ്രവർത്തിച്ചു തുടങ്ങും. കേന്ദ്രീകൃത ടെസ്റ്റിംഗ് സംവിധാനവും യുവ സംരംഭകർക്കുള്ള ഇൻകുബേഷൻ സൗകര്യവും ഇതിനോടൊപ്പം ഉണ്ടാകും.

കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന കേരള കൃഷി വകുപ്പിന്റെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറി കൾച്ചർ കേന്ദ്രം ഒരു മാതൃകാ കേന്ദ്രമായി വികസിപ്പിച്ച് സംസ്ഥാനത്തുടനീളം അതിന്റെ ശാഖകൾ ആരംഭിക്കുന്നത് കാർഷിക രംഗത്ത് ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സഹായകരമാണ്. അഗ്രി ബയോ ടെക്നോളജിയിൽ ബിരുദാനന്തര ബിരുദ കോഴ്സുൾപ്പെടെ നിരവധി ബി.ടി അധിഷ്ടിത പരിപാടികൾക്ക് കേരള കാർഷിക സർവ്വകലാശാല തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യപരിരക്ഷാ കേന്ദ്രങ്ങളിൽ ശേഖരിക്കപ്പെടുന്ന വിവിധ രോഗങ്ങളെ സംബന്ധിച്ച വിവര ശേഖരം ഔഷധ ഗവേഷണരംഗത്തെ പൊതുസ്വകാര്യ സംരംഭകർക്ക് ഉപയോഗിക്കുന്നതിനും അതുവഴി സംസ്ഥാനത്തെ രോഗ ചികിത്സാ രംഗത്തിന് ഉണർവേകുന്ന പുതിയ ഔഷധങ്ങൾ വികസിപ്പിക്കാനും നമുക്ക് കഴിയണം.

ബയോടെക്നോളജി രംഗത്ത് എൺപതുകളിൽ തന്നെ പുതിയ കോഴ്സുകൾ തുടങ്ങി കേരളം മാതൃക കാട്ടിയിരുന്നു. എന്നാൽ ഇന്ന് സ്വാശ്രയ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് പണം നേടാനുള്ള ഒരു ആകർഷകമായ പേരായി ബയോടെക്നോളജി മാറിയിട്ടുണ്ട്. പ്രായോഗിക പരിശീലനം നൽകാതെ നിലവാരമില്ലാത്ത ബയോടെക് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ജീവ ശാസ്ത്ര മേഖലയുമായി അടുത്തു നിൽക്കുന്ന ബയോടെക്നോളജി ബിരുദതലത്തിൽ മറ്റു വിഷയങ്ങൾക്ക് ഒപ്പം പഠിപ്പിച്ചു കൊണ്ട് ബിരുദാനന്തര ബിരുദതലത്തിൽ മാത്രം വിശേഷാൽ പഠനസൗകര്യം നൽകിയാൽ മതിയാകും. ബയോ ടെക്നോളജി രംഗത്ത് ഗവേഷണത്തിന് സംസ്ഥാനം ഉയർന്ന പ്രാധാന്യം നൽകേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ പാലിച്ചുപോരുന്ന ഒട്ടനവധി നൈതിക ധാർമ്മിക മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന ഗവേഷണ പ്രവർത്തനങ്ങൾ ബയോടെക്നോളജി രംഗത്ത് നടക്കുന്നുണ്ട്. ഇവ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം മുന്നോട്ട് വയ്ക്കുകയും ഉത്തരവാദിത്വ ജൈവസാങ്കേതിക വിദ്യയുടെ പ്രയോഗം പൂർണ്ണമായും പാലിക്കപ്പെടുകയും വേണം.

ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി) രംഗത്തെ നമ്മുടെ മുൻതൂക്കം ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠന ഗവേഷണ പ്രവർത്തനങ്ങളുമായും തിരിച്ചും ബന്ധിപ്പിക്കുന്നതിന് നമുക്ക് കഴിയാതെ പോയിട്ടുണ്ട്. ഐ.ടി നയം 2007. സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കേണ്ടതിന്റെയും അത് വികസിപ്പിക്കേണ്ടതിന്റെയും അതിൽ വൈദഗ്ദ്ധ്യം നേടേണ്ട തിന്റെയും ആവശ്യകത അംഗീകരിച്ചിട്ടുണ്ട്.

നമ്മുടെ വിവരാവശ്യങ്ങളെ, അവയുടെ സേവനത്തുറകളെ, ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധിപ്പിക്കുക എന്നതാണ് എടുക്കേണ്ട പൊതു സമീപനം. എന്നാൽ ഇന്ന് ഉന്നത വിദ്യാഭ്യാസ മേഖല വിവര സാങ്കേതികോപയോഗത്തിൽ മറ്റിതര മേഖലകളെ അപേക്ഷിച്ച് തുലോം പിന്നോക്കം നിൽക്കുന്നു. ഈ പിന്നോക്കാവസ്ഥ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള കുത്തകകളുടെ കടന്നാക്രമണത്തിന്റെ ഇരയായി മാറ്റുന്ന സ്ഥിതിയാണുളവാക്കിയിട്ടുള്ളത്. ഇതിനെതിരായ ചെറുത്ത് നില്പിന്റെ ഒരു രൂപമായും ഉന്നത വിദ്യാഭ്യാസ മേഖലയുടെ വിവര സാങ്കേതിക രംഗത്തുള്ള വർദ്ധിച്ച ഇടപെടലും പ്രായോഗിക പഠന ഗവേഷണ വികസന പ്രവർത്തനങ്ങളും ഉപകരിക്കും.

വിവര സാങ്കേതിക രംഗത്തെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് ഉപകരണങ്ങളും നിർദ്ദിഷ്ഠ വിവരങ്ങളും. ഉപകരണങ്ങളുടെ രംഗത്തും നിർദ്ദിഷ്ഠ വിവരങ്ങളുടെ രംഗത്തും നാം സാമ്രാജ്യത്വ ചൂഷണത്തിന് വിധേയരാണ്. ചൂഷണത്തിന്റെ തോത് മറ്റിതര മേഖലകളെ അപേക്ഷിച്ച് വളരെയേറെ ഉയർന്നതുമാണ്. അതിനാൽ തന്നെ, ഈ രംഗം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. നിലവിൽ ഉപകരണമേഖല സാമ്രാജ്യത്വ നേതൃത്വത്തിന്റെ നിലനില്പിനുള്ള ഒരുപാധിയായി ഇന്ത്യയടക്കം ഇതര മുതലാളിത്ത രാഷ്ട്ര നേതൃത്വങ്ങൾ തീറെഴുതി കൊടുത്തിരിക്കുകയാണ്. ഈ രംഗത്ത് സ്വാശ്രയത്വം നേടാനുള്ള ഇടപെടലിനായി കേന്ദ്ര സർക്കാരിൽ സമർദ്ദം ചെലുത്തുക എന്ന കടമ കേരള സമൂഹം അടിയന്തിരമായി ഏറ്റെടുക്കണം.

വിവരങ്ങളുടെ, വിവരവിഭവങ്ങളുടെ, രംഗമാകട്ടെ, സാമ്രാജ്യത്വ നേതൃത്വം വഹിക്കുന്ന അമേരിക്കയുടെ കൈപ്പിടിയിലാണ്. വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും നിർണ്ണായകമായ വിവരങ്ങളടക്കം അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ ഉടമസ്ഥതയിലാണ് സംഭരിക്കപ്പെട്ടിരിക്കുന്നത്. നിർദ്ദിഷ്ഠ വിവരങ്ങളുടെ കാര്യത്തിൽ ഇടക്കാലത്ത് സ്ഥാപിക്കപ്പെട്ട സ്വകാര്യ ഉടമസ്ഥത സാമ്രാജ്യത്വാധീശത്തിന്റെ ഉപകരണമാണ്. ആദ്യകാലത്ത് കമ്പ്യൂട്ടർ പ്രോഗ്രാമർമാർ കൺമുമ്പിൽ അവർ പങ്ക് വെച്ചുപയോഗിച്ചിരുന്ന വിവര വിഭവം മുതലാളിത്തം കയ്യടക്കിയതിനെതിരെ സോഫ്റ്റ്വെയർ പ്രോഗ്രാമർമാരുടെ

കലാപമായാണ് സ്വതന്ത്ര സോഫ്റ്റ്വെയർ ഉരുത്തിരിഞ്ഞത്. പൊതു ഉടമസ്ഥത ഉറപ്പിക്കുന്ന സ്വത്തുടമസ്ഥതാ രൂപം ഇക്കാര്യത്തിൽ സ്ഥാപിക്കപ്പെടുകയും അതിന്റെ മേന്മ തെളിയിക്കപ്പെടുകയും ചെയ്തിരിക്കുന്നു. സ്വകാര്യ സോഫ്റ്റ് വെയറുകളേക്കാൾ വേഗത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയർ വികസിപ്പിക്കുകയും മെച്ചപ്പെടുത്തപ്പെടുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ രംഗത്ത് സ്വകാര്യ ഉടമസ്ഥതക്ക് മേൽ സാമൂഹ്യ ഉടമസ്ഥത വിജയം കൈവരിച്ചിരിക്കുന്നു. സാമ്രാജ്യത്വ മേധാവിത്വം അരക്കിട്ടുറപ്പിക്കാൻ ഉപകരിക്കുന്ന അവരുടെ സ്വകാര്യ ഉടമസ്ഥതയിലുള്ള വിവര നിർദ്ദേശങ്ങൾക്ക് പകരം ഉപയോഗ സ്വാതന്ത്ര്യം ഉറപ്പാക്കുന്ന സ്വതന്ത്ര വിവര വിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെ ശരിയായ പഠനവും പ്രാദേശിക സാങ്കേതിക സ്വാംശീകരണവും ശാക്തീകരണവും, പ്രാദേശിക വൈദഗ്ദ്ധ്യ പോഷണവും സാധ്യമാകുന്നു. സ്വാശ്രയത്വം നേടാൻ അതുപകരിക്കുന്നു. നമ്മുടെ പഠന ഗവേഷണ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും ഫലപ്രാപ്തിക്കും സ്വതന്ത്ര വിജ്ഞാന വിഭവങ്ങളുടെ ഉപയോഗം അനിവാര്യമാണ്. വിവരവിഭവങ്ങളുടെ രംഗത്തെ ഇടപെടലിന് നിക്ഷേപ മൂലധനം ഒരു പ്രശ്നമേ അല്ല. അവ സ്വതന്ത്രമായ ഉപയോഗത്തിന് ലഭ്യമാണ്. ഉപയോഗിച്ച് തുടങ്ങുക മാത്രമാണ് വേണ്ടത്. ഉപയോഗിച്ച് തുടങ്ങുന്നതിനുള്ള ഉദാസീന മനോഭാവവും സ്വകാര്യ ഉടമസ്ഥതയിലുള്ളവയോടുള്ള ആസക്തിയും നമുക്ക് വലിയ നഷ്ടമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് പഠന ഗവേഷണ വികസന പ്രവർത്തനങ്ങൾ ആരംഭിക്കണം.

വലിയ ചെലവ് വരുന്നതായതിനാൽ വിവര സേവനങ്ങൾ ആസ്തിയും മുൻപരിചയവുമുള്ള കമ്പനികളെ മാത്രമേ ഏല്പിക്കാവൂ എന്ന നിർബന്ധം മറ്റ് കാര്യങ്ങളിലെന്ന പോലെ കാണിക്കുന്നത് ഈ മേഖലയിൽ പ്രാദേശിക ശാക്തീകരണവും വൈദഗ്ദ്ധ്യ പോഷണവും നേടുക എന്ന ലക്ഷ്യത്തിന് എതിരായി തീർന്നിരിക്കുന്നു. അധികം മൂലധന നിക്ഷേപം ആവശ്യമില്ലാത്തതും വിദഗ്ദ്ധാദ്ധ്വാനം മാത്രം ആവശ്യമുള്ളതുമായ വിവര സാങ്കേതിക പ്രോജക്ടുകൾ സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളേയോ ചെറുകിട ഇടത്തരം സംരംഭകരേയോ മാത്രം ഏല്പിക്കുക എന്ന നിലപാട് ആവശ്യമാണ്. ഒറ്റയടിക്ക് വലിയ പദ്ധതികളുടെ മുഴുവൻ പണിയും കൂടി ഏതെങ്കിലും സ്ഥാപനത്തെ ഏല്പിക്കാതെ സമ്പൂർണ്ണ പദ്ധതി ആവിഷ്കരിക്കുകയും വിവിധ ഘടകങ്ങൾ വിവിധ സംരംഭകരെ ഏല്പിക്കുകയും അതിൽ തന്നെ മാതൃക (പ്രോട്ടോ ടൈപ്പ്) നിർമ്മിച്ചും പരിശോധിച്ചും ഉപയോഗിച്ചും ഗുണമേന്മ ഉറപ്പ് വരുത്തിയും അംഗീകരിക്കുകയാണ് വേണ്ടത്. തുടർന്ന് സമയബന്ധിതമായും ഗുണമേന്മയോടെയും കടമകൾ പൂർത്തീകരിക്കുന്നവരെ അവയുടെ വിപുലീകരണ പ്രവർത്തനങ്ങൾ ഏല്പിക്കുക എന്ന ക്രമത്തിൽ നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഇതിന് മേൽനോട്ടം വഹിക്കാൻ അതുപയോഗിക്കുന്ന ബന്ധപ്പെട്ട വകുപ്പിലെയോ സ്ഥാപനത്തിലേയോ വിദഗ്ദ്ധരും സ്വതന്ത്ര സോഫ്റ്റ്വെയർ വിദഗ്ദ്ധരും അടങ്ങുന്ന സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്യണം.

വിവര സാങ്കേതികരംഗത്തെ ശാക്തീകരണം ഇതര മേഖലകളിലെ പഠന ഗവേഷണ വികസന പ്രവർത്തനങ്ങളേയും സഹായിക്കും. പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന വിവിധ വിഷയങ്ങളുടെ ഉദ്ഗ്രഥിത ഗവേഷണത്തിന് വിവര സാങ്കേതിക വിദ്യ കൂടാതെ കൂടുതൽ ഉപയോഗിക്കേണ്ട തരത്തിലുള്ള വിവര വിസ്ഫോടനം നടന്ന് കഴിഞ്ഞിരിക്കുന്നു. പഠന ഗവേഷണങ്ങളുടെ തുടർച്ചയും ഫലപ്രാപ്തിയും അവയുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പാക്കാനും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം ആവശ്യമാണ്. അത്, സാധ്യമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും അതിന്റെ ചെലവ് കുറയ്ക്കുന്നതിനും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കുകയും വേണം.

ഉന്നത വിദ്യാഭ്യാസ മേഖലയേയും അവയിലേതടക്കം എല്ലാ പഠന ഗവേഷണ വികസന സ്ഥാപനങ്ങളേയും ഇതിനാവശ്യമായ രീതിയിൽ പരിവർത്തിപ്പിക്കുന്നതിനുള്ള ഒരു

മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. അതിനായി ഒരു സാങ്കേതിക സമിതി സംഘടിപ്പിക്കണം. അത് പ്രകാരം നിലവിൽ നടക്കുന്ന പഠന ഗവേഷണ വികസന പ്രവർത്തനങ്ങളെയെല്ലാം പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് പഠന ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ദിശയിലാക്കുന്നതിനാവശ്യമായ സാങ്കേതികോപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള ഒരു സാങ്കേതികാധികാര കേന്ദ്രം നിലവിൽ വരുത്തണം. നിലവിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സാർവ്വദേശീയ സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (കളഎഛടടട) നിലവിലുള്ള സ്ഥാപനങ്ങളുടെ പരിവർത്തനത്തിനും വിവര ശാക്തീകരണത്തിനുമുള്ള ഒരു കേന്ദ്രമായി ഉയർത്തിക്കൊണ്ടു വരണം.

### 5.7 സംസ്കാരം

വികസനം ഒരു സാമൂഹ്യരാഷ്ട്രീയ പ്രക്രിയയായതു കൊണ്ട് അതിനു സുപ്രധാനമായ സാംസ്ക്കാരിക മാനങ്ങളുണ്ട്. ജനകീയ പങ്കാളിത്തത്തോടു കൂടി വികസനം പുനസംഘടിപ്പിക്കുന്നതിനുള്ള ശ്രമം നാം നടത്തിക്കൊണ്ടിരിക്കുന്ന സമയത്ത് മതനിരപേക്ഷത, സ്വാശ്രയ ബോധം, ശാസ്ത്രീയ വീക്ഷണം, പങ്കാളിത്ത താൽപര്യം, ജനകീയ ഐക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്ന സാംസ്ക്കാരിക അന്തരീക്ഷം അത്യാവശ്യമാണ്. ദൗർഭാഗ്യവശാൽ സംസ്ക്കാരിക മേഖലയിലെ ഇന്നത്തെ പ്രവണതകൾ ആശാവഹമല്ല. നവലിബറൽ ആശയങ്ങൾ, വ്യാപാരവത്കരണം, ഉപഭോഗസംസ്ക്കാരം മുതലായവ സംസ്ഥാനത്തിന്റെ സാംസ്ക്കാരിക ജീവിതത്തിൽ ആഴത്തിൽ കടന്നുകയറിയിരിക്കുന്നു. മധ്യവർഗ വ്യാമോഹങ്ങൾ, വിവേകപൂർണമായ വിമർശനമുന്നയിക്കാത്ത മാധ്യമങ്ങൾ, ബുദ്ധിജീവി വർഗം എന്നിവയുൾക്കൊള്ളുന്ന സാമൂഹ്യനീതി സവിശേഷമായ സാംസ്ക്കാരിക പ്രശ്നങ്ങൾ ഉയർത്തുന്നു. ജാതി വർഗീയ ചിന്താഗതികളുടെ പുനരുത്ഥാനവും നടന്നു കൊണ്ടിരിക്കുകയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമൂഹത്തെ പിടിച്ചു കുലുക്കിയ നവോത്ഥന പ്രസ്ഥാനം കേരളത്തിൽ രൂപംകൊണ്ടു. ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന വിപ്ലവകരമായ മുദ്രാവാക്യമുയർത്തി ശ്രീനാരായണ ഗുരു തുടങ്ങിവെച്ച പ്രസ്ഥാനം, ദളിതരുടെ വിമോചനത്തിനായി അയ്യങ്കാളി നേതൃത്വം നൽകിയ ദളിത് പ്രസ്ഥാനം, വിവിധ ജനവിഭാഗങ്ങളുടെ ചിന്തയിലും ശീലങ്ങളിലും മാറ്റം വരുത്താനായി വാഗ്ഭടാനന്ദൻ, മന്നത്ത് പത്മനാഭൻ, വി.ടി. ഭട്ടതിരിപ്പാട് മുതലായവർ നേതൃത്വം നൽകിയ സംഘടനകൾ – ഇവ കൂടി പ്രവർത്തന രംഗത്തു വന്നതോടെ വിശ്വാസത്തെ സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനെതിരായി വിപുലമായ ബോധവൽകരണം ജനങ്ങൾക്കിടയിൽ നടന്നു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന മുദ്രാവാക്യം അവരെല്ലാം ഉയർത്തി. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പൊളിച്ചെഴുത്തുകൾ നടന്നു.

ദേശീയ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്കു കളമൊരുക്കുന്നതിൽ നവോത്ഥാന പ്രസ്ഥാനം സുപ്രധാന പങ്കുവഹിച്ചു. സാമൂഹ്യപരിഷ്കരണത്തിനു വേണ്ടിയും സവർണമേധാവിത്തത്തിനെതിരെയുമുള്ള സമരങ്ങളെ തൊഴിലാളി കർഷക സമരങ്ങളോടു ബന്ധിപ്പിച്ചത് കമ്മ്യൂണിസ്റ്റു പ്രസ്ഥാനമാണ്. ജാതി സാമുദായിക ബോധത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപെടലുകളിൽ നിന്നു വർഗരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്ന മതേതര നിലപാട് അങ്ങനെയാണ് കേരളത്തിൽ രൂപം കൊണ്ടത്. ഈ മാറ്റങ്ങൾ കലയിലും സാഹിത്യത്തിലും പ്രതിഫലിച്ചു. പുരോഗമന സാഹിത്യസംഘം, കേരള കലാമണ്ഡലം പോലുള്ള സംഘടനകൾ വളർന്നു വന്നു. ഗ്രാമീണ വായനശാലകളുടെ വിപുലമായ ശൃംഖല കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെയും തൊഴിലാളി യൂണിയൻ പ്രസ്ഥാനങ്ങളുടെയും സവിശേഷമായ സംഭാവനയാണ്. ഐക്യകേരള പ്രസ്ഥാനം ഈ പ്രവണതകളെ കൂടുതൽ ശക്തിപ്പെടുത്തി. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ അധികരത്തിൽ വന്ന ആദ്യത്തെ മന്ത്രിസഭ സാഹിത്യ കലാ അക്കാദമികൾ സ്ഥാപിച്ചും ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയും ഭരണഭാഷ മലയാളമാക്കിയും ഈ പ്രവണതകളെ സ്ഥായിയാക്കാൻ പരിശ്രമിച്ചു.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളസമൂഹത്തിലും രാഷ്ട്രീയത്തിലും മതേതര പാരമ്പര്യങ്ങൾ സുശക്തമാണ്. പൊതുവിൽ പുരോഗമന പ്രസ്ഥാനങ്ങളുടെ അധീശത്വം സാമൂഹ്യമണ്ഡലത്തിൽ പ്രകടമാണ്. ജനങ്ങൾ താരതമ്യേന സംഘടിതരും അവകാശബോധമുള്ളവരുമാണ്. എന്നാൽ ആഗോളവത്കരണ പ്രക്രിയയും മതമൗലികവാദത്തിന്റെ വളർച്ചയും ഈ പാരമ്പര്യങ്ങളെ ദുർബലപ്പെടുത്തുന്നു. സാംസ്കാരിക മണ്ഡലത്തിൽ ഉത്തരാധുനികതയുടെയും മൂല്യനിരാസത്തിന്റെയും ധാരകൾ ശക്തിപ്പെടുകയാണ്. അരാഷ്ട്രീയ നിലപാടുകളിലേയ്ക്കു വിദ്യാസമ്പന്നരായ വലിയൊരു വിഭാഗം നീങ്ങുന്നു. ജാതി വർഗീയ പ്രസ്ഥാനങ്ങളുടെ അതിപ്രസരം നാൾക്കുനാൾ കൂടി വരുന്നു. സാമ്രാജ്യത്വ ആഗോളവത്കരണ സാംസ്ക്കാരിക കടന്നുകയറ്റത്തെ പ്രതിരോധിക്കേണ്ടതുണ്ട്. അതോടൊപ്പം ജാതീയതയുടെയും വർഗീയതയുടെയും തിരിച്ചുവരവും ചെറുക്കണം. ഇതിനായി ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെ വിപുലമായ ഐക്യം അത്യന്താപേക്ഷിതമാണ്.

ഈ പശ്ചാത്തലത്തിലാണ് ഔദ്യോഗിക സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനവും സംഭാവനയും വിമർശനപരമായ പരിശോധനയ്ക്കു വിധേയമാക്കേണ്ടതിന്റെ പ്രാധാന്യം ഉയരുന്നത്. ഇവ ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെ വിശാലമായ വേദികളാകണം. സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, സംഗീത നാടക അക്കാദമി, ചലച്ചിത്ര അക്കാദമി തുടങ്ങിയവയ്ക്കുള്ള ബജറ്റ് പിന്തുണ ഗണ്യമായി സമീപകാലത്ത് ഉയർത്തുകയുണ്ടായി. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വൈവിദ്ധ്യവത്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇത് സഹായകരമായി. ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണം ഉറപ്പുവരുത്തുകയും ജനകീയ ബന്ധങ്ങളെ ശക്തിപ്പെടുത്തുകയും വേണം.

പുസ്തക വ്യാപാരം അതിവേഗം നാമാവശേഷമാകുമെന്ന പ്രവചനങ്ങളെ തിരുത്തിക്കൊണ്ട് മുമ്പില്ലാത്ത തോതിലേയ്ക്ക് പുസ്തക രചനയും വിൽപ്പനയും വളർന്നു. ഏതെങ്കിലും ഒന്നോ രണ്ടോ പ്രസാധകരുടെ മാത്രം സ്ഥിതി ആയിരുന്നില്ല ഇത്. മൊത്തത്തിലുണ്ടായ പ്രവണതയാണ്, അതിന് മകുടം ചാർത്തുന്ന രീതിയിലാണ് അടുത്തകാലത്ത് എഴുത്തുകാരുടെ സഹകരണ സംഘടനയായ എസ്.പി.സി.എസ്സിന്റെ ഉയർത്തെഴുന്നേൽപ്പ് ഉണ്ടായത്.

പ്രാദേശികമായി ജനങ്ങൾ ആഘോഷിക്കുന്ന ഉത്സവങ്ങളും മേളകളും മിക്കതും മതനിരപേക്ഷ ബഹുജന കൂട്ടായ്മകളായി വളർന്നുവന്നവയാണ്. അവയെ കാലോചിതമായ പരിഷ്കാരങ്ങളോടെ നിലനിർത്താൻ ശ്രമിക്കേണ്ടതുണ്ട്. ഓരോരോ പ്രദേശത്തെ ജനങ്ങളുടെ ഒത്തുകൂടലിനുള്ള ഇടങ്ങൾ ആണവ. കേരളത്തിന്റെ ഒരു പ്രത്യേകത നാനാവിധത്തിലുള്ള പൗരസംഘടനകളുടെ സജീവതയാണ്. കർഷക തൊഴിലാളി സംഘടനകൾ, വിദ്യാർത്ഥി- യുവജന-വനിതാ സംഘടനകൾ, ഗ്രന്ഥശാലകൾ, അയൽക്കൂട്ടങ്ങൾ, സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബുകൾ എന്നു തുടങ്ങി ഏതെങ്കിലുമൊരു സംഘടനയിൽ ഏതാണ്ടെല്ലാ പൗരന്മാരും അംഗങ്ങളാണ്. കേരളത്തിലെ പൗരബോധസൃഷ്ടിയിൽ ഇവ സജീവ പങ്കുവഹിക്കുന്നു.

ജനകീയ വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി ഗ്രന്ഥശാലകളെ മാറ്റേണ്ടതുണ്ട്. ഒരു സാംസ്കാരിക കേന്ദ്രം എന്നതോടൊപ്പം മാറുന്ന ലോകക്രമത്തിൽ അറിവിന് വന്നുകൊണ്ടിരിക്കുന്ന പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ജനസമൂഹത്തിലേയ്ക്ക് വിജ്ഞാന വിനിമയം നടത്തുന്ന കേന്ദ്രമായി മാറാൻ ഗ്രന്ഥശാലകൾക്ക് കഴിയേണ്ടതുണ്ട്. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന വിദ്യാഭ്യാസത്തിനായി ജനസമൂഹത്തിന് ആശ്രയിക്കാവുന്ന കേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ വികസിക്കണം. കുട്ടികളുടെ അന്വേഷണാത്മക പഠന കേന്ദ്രമായും ഗ്രന്ഥശാലകൾക്ക് അതിനിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. ഗ്രന്ഥശാലാ സംഘങ്ങൾക്കുള്ള ഗ്രാന്റിൽ വർദ്ധന വരുത്തിയെങ്കിലും ഇന്നും അത് അപര്യാപ്തമാണ്. ഗ്രാമീണ ലൈബ്രറികളിൽ ഇന്റർനെറ്റ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും നിലവാരമുള്ള പുസ്തക ശേഖരവും ഉറപ്പുവരുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന, വിജ്ഞാന വ്യാപനത്തിന്റെ മുഖ്യ കണ്ണിയായി

ലൈബ്രറികൾക്ക് പ്രവർത്തിക്കാൻ സാധിക്കും. അതാത് നാടിന്റെ സാംസ്ക്കാരിക കേന്ദ്രമാക്കി അതിനെ വളർത്തിയെടുക്കണം.

ശാസ്ത്ര വിജ്ഞാനത്തെ ജനങ്ങളിലേയ്ക്ക് എത്തിക്കാനും ശാസ്ത്രവീക്ഷണം പകരുന്നതിനു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾക്ക് ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തുള്ളതിനെക്കാൾ നീണ്ട പാരമ്പര്യം കേരളത്തിലുണ്ട്. ശാസ്ത്രത്തിന്റെ ദുരുപയോഗത്തിനെതിരെ അവബോധമുണ്ടാക്കുന്നതിനും സ്വാശ്രയ ബദലുകൾ ഉയർത്തുന്നതിനും ശാസ്ത്രപ്രസ്ഥാനത്തിനു ക്രിയാത്മക പങ്കുവഹിക്കാനാകും.

ഭൂതകാലം നമ്മുടെ മുമ്പിൽ ഇല്ല. അവയെ കുറിച്ചുള്ള ഓർമ്മകളും എഴുതിയ ഉപകരണങ്ങളുമാണ് നമുക്ക് മുന്നിലുള്ളത്. ഇവ ഭൂതകാലത്തിന്റെ ശേഷിപ്പുകളായി വർത്തമാനകാലത്തോട് സംവദിക്കുന്നുണ്ട്. ഈ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന്റെ സാങ്കേതിക വിദ്യ നമ്മുടെ വിജ്ഞാനത്തിന്റെ ഭാഗമാണ്. പ്രാചീന കേരളീയർ ആർജ്ജിച്ച വിജ്ഞാനം ഇന്നത്തെ സമൂഹത്തെ അറിയിക്കുന്നതിന് ഈ വസ്തുക്കളുടെ ശേഖരവും സംരക്ഷണവും പ്രാധാന്യമർഹിക്കുന്നു. രേഖപ്പെടുത്തിയിട്ടില്ലാത്ത അറിവുകൾ നമ്മുടെ നാട്ടിലുണ്ട്. ഇത്തരത്തിലുള്ള നാട്ടറിവുകളെ സംരക്ഷിക്കുക എന്നത് പ്രധാനമാണ്. ഈ അന്വേഷണങ്ങൾക്ക് അവസരമൊരുക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ കഴിഞ്ഞ നാലര വർഷമായി നടന്നുവരുന്നുണ്ട്. പട്ടണപര്യവേഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നിട്ടുള്ളതാണ്. കേരളത്തിലെ മത സ്ഥാപനങ്ങളിലെ രേഖകൾ കണ്ടെത്തി പഠനത്തിന് വിധേയമാക്കുന്ന പ്രവർത്തനവും ഈ കാലയളവിൽ നടന്നിട്ടുണ്ട്. ആയുർവേദവുമായി ബന്ധപ്പെട്ട രേഖകൾ സംരക്ഷിക്കുന്നതിനും പദ്ധതികൾ നടന്നിട്ടുണ്ട്. താളിയോല, പേപ്പർ രേഖകളുടെ ഡിജിറ്റലൈസേഷനും നടക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് പോവണം. അതിനായി സംസ്ഥാനത്തുടനീളം ഒരു പുരാവസ്തു പര്യവേക്ഷണം നടത്തുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. പഞ്ചായത്തുകൾക്ക് ഇതിന്റെ ഉത്തരവാദിത്തം ഏൽപിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു പുരാവസ്തു മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികളെ കുറിച്ച് ആലോചിക്കേണ്ടതാണ്.

ഭാഷ

കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിലാകെ ജനങ്ങളെ ഏകോപിപ്പിക്കുന്നതിൽ ഭാഷ ഗണ്യമായ പങ്കുവഹിച്ച കണ്ണിയാണ്. കൊളോണിയൽ ഭരണകാലത്ത് വെർണാകുലർ എന്ന് പറഞ്ഞ് അധിക്ഷേപിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യപ്പെട്ട ഭാഷകൾ പലതും സ്വതന്ത്ര്യ ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ അടിത്തറയായി മാറി. അവ പൂർണമായ തോതിലല്ലെങ്കിലും ഭരണഭാഷയും വിദ്യാഭ്യാസ മാധ്യമവും ആക്കപ്പെട്ടു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷകളെ തള്ളിമാറ്റി പകരം ഇംഗ്ലീഷിനെ സ്ഥാപിക്കാനുള്ള ശ്രമം പല കോണുകളിൽ നിന്നും ഊർജിതമായി അരങ്ങേറുന്നുണ്ട്.

മലയാളഭാഷ ലോകത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽ ഏതാണ്ട് മുപ്പതാം സ്ഥാനത്താണ്. അത് ഏറെ വികസിപ്പിക്കപ്പെട്ടിട്ടുണ്ട്. അത് ബോധനഭാഷയായതിനാലാണ് കേരളത്തിൽ വിദ്യാഭ്യാസം ഏതാണ്ട് പൂർണമായും സാർവത്രികമായത്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി സ്കൂൾതലത്തിൽ ഇംഗ്ലീഷിനെ ബോധനഭാഷയാക്കുന്നതിന് ഒരു വിഭാഗം സംഘടിതമായ പ്രവർത്തനം നടത്തുന്നു. മലയാളം പഠിക്കാതെ കേരളത്തിൽ പൊതുവിദ്യാഭ്യാസം പൂർത്തിയാക്കാവുന്ന അവസ്ഥ വ്യാപകമാകുന്നു.

അതിനാൽ മലയാളത്തെ സാർവത്രിക വിദ്യാഭ്യാസ ബോധന ഭാഷയാക്കുന്നതിനും ഭരണത്തിന്റെ എല്ലാ മണ്ഡലങ്ങളിലും (കോടതി പോലെ) മലയാളത്തെ മാധ്യമമാക്കുന്നതിനും ഉതകുന്ന തരത്തിൽ കമ്പ്യൂട്ടിങ് ഉൾപ്പടെ ആധുനിക ശാസ്ത്ര–സാങ്കേതിക നേട്ടങ്ങൾ മലയാള ഭാഷയിൽ എത്രയും വേഗം പ്രാവർത്തികമാക്കാൻ കഴിയണം. ഇതിനു വേണ്ടിയുള്ള പ്രസ്ഥാനത്തെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ അവിഭാജ്യ ഘടകമായി തിരിച്ചറിഞ്ഞ് വികസിപ്പിക്കേണ്ടതാണ്.

മലയാള ഭാഷയുടെ ഉന്നമനത്തിനായി സർവകലാശാല വേണമെന്ന അഭിപ്രായം ഉയരുന്നുണ്ട്.

എന്നാൽ നിലവിലുള്ള സർവകലാശാലകളിലെ മലയാള അധ്യയനം മെച്ചപ്പെടുത്തുന്നതിനും ഗവേഷണ പഠനങ്ങൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിലാണ് ഊന്നേണ്ടത് എന്ന അഭിപ്രായവും പ്രബലമാണ്. സർവകലാശാലാ കേന്ദ്രങ്ങളിൽ കൂടുതൽ ചെയറുകൾ അനുവദിക്കുക, ഗവേഷണപഠനങ്ങൾക്കുള്ള ഫണ്ടു ലഭ്യമാക്കുക, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ പുനസംഘടിപ്പിക്കുക, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദ്രവീഡിയൻ ലാംഗ്വേജസ് വിപുലപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളും ചർച്ച ചെയ്യേണ്ടതുണ്ട്.

**മാധ്യമങ്ങൾ**

ഇന്ത്യയിൽ മാധ്യമങ്ങൾ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന സംസ്ഥാനം കേരളമാണ്. പത്രം വാങ്ങാൻ മലയാളികൾ ഒരു വർഷം 441 കോടി രൂപയും കേബിൾ ടിവി വരിസംഖ്യയായി 500 കോടി രൂപയും മൊബൈൽ ഫോണിനു 2000 കോടി രൂപയും ചെലവഴിക്കുന്നു. 40 ലക്ഷം കോപ്പി പത്രങ്ങൾ, 15 ചാനലുകൾ, എട്ട് ആകാശവാണി നിലയങ്ങൾ, 17 എഫ് എം ചാനലുകൾ എന്നിങ്ങനെ മാധ്യമലോകം അതിവിപുലമാണ്. 24 മണിക്കൂറിലും മലയാളി മാധ്യമസന്ദേശങ്ങൾക്കു നടുവിലാണ്. ഇത് ജനങ്ങളുടെ ചിന്തയെയും വിലയിരുത്തലിനെയും ഗാഢമായി സ്വാധീനിക്കുന്നു.

ഇന്നു പൊതുവെ പറഞ്ഞാൽ മാധ്യമരംഗത്തെ പ്രബലമായ ധാര ഇടതുപക്ഷ വിരുദ്ധതയുടേതാണ്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം വലതുപക്ഷകോർപറേറ്റുകളുടെ ഉടമസ്ഥതയിലാണ് ഇവ എന്നുള്ളതാണ്. പത്രങ്ങളിൽ 70-75 ശതമാനം പ്രചാരണവും രണ്ടു കുത്തകകൾക്കാണ്. ഏഷ്യാനെറ്റാകട്ടെ ആഗോള മാധ്യമ പ്രഭു റൂപ്പർട്ട് മർഡോക്കിന്റെ പിടിയിൽ ഒതുങ്ങിക്കഴിഞ്ഞു. മാധ്യമങ്ങൾ തമ്മിൽ നടക്കുന്ന കടുത്ത വാണിജ്യമത്സരവും വസ്തുനിഷ്ഠവും ജനാധിപത്യപരവുമായ രീതിയിൽ പ്രവർത്തിക്കുന്നതിനു തടസങ്ങൾ സൃഷ്ടിക്കുന്നു. വലിയ തോതിൽ പരസ്യങ്ങളെ ആശ്രയിച്ചേ മാധ്യമങ്ങൾക്കു നിലനിൽക്കാനാവൂ. ഈ പശ്ചാത്തലത്തിലാണ് നോം ചോസ്കിയെപ്പോലുള്ളവർ വിശദീകരിച്ചിട്ടുള്ള വ്യാജസമ്മതിയുടെ നിർമ്മാതാക്കളായി മാധ്യമങ്ങൾ മാറുന്നത്. മുൻകാലങ്ങളിൽ കമ്മ്യൂണിസ്റ്റുവിരുദ്ധ മാധ്യമങ്ങൾ വലതുപക്ഷ പിന്തിരിപ്പൻ നിലപാടുകളിൽ നിന്നുകൊണ്ടാണ് പ്രചാരവേല നടത്തിയത്. വിമോചന സമരം തന്നെ ഒന്നാംതരം ഉദാഹരണം. എന്നാലിന്ന് തീവ്ര ഇടതുപക്ഷത്തിന്റെയും ഉത്തരാധുനികതയുടെയും നിലപാടുകളിൽ നിന്നുകൊണ്ടാണ് കമ്മ്യൂണിസ്റ്റുവിരുദ്ധ പ്രചാരണം മുന്നേറുന്നത്. ഇത് ഇടതുപക്ഷ അനുഭാവികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ കൂടുതൽ ഫലപ്രദമായ മാർഗമാണ്.

മുകളിൽ വിവരിച്ച സ്ഥിതിവിശേഷം ബദൽ മാധ്യമങ്ങൾക്കായുള്ള അന്വേഷണം അനിവാര്യമാക്കുന്നു. കോർപറേറ്റ് മാധ്യമങ്ങളുടെ മേല്ക്കോയ്മയെ വെല്ലുവിളിക്കുന്ന ബദൽ മാധ്യമങ്ങളുടെ ഒരു ചേരിയുണ്ട്. ദേശാഭിമാനി, ജനയുഗം പത്രങ്ങളും കൈരളി, പീപ്പിൾ ചാനലുകളും അവയുടെ മുൻനിരയിലുണ്ട്. കേരളകൗമുദി, കലാകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ പലപ്പോഴും കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചാരണത്തിൽ നിന്ന് മാറി നിൽക്കാറുണ്ട്. ഇതിനു പുറമേ വിവിധ വർഗ ബഹുജന സംഘടനകളുടെ മുഖപത്രങ്ങളും പ്രസിദ്ധീകരണങ്ങളും വെബ്സൈറ്റുകളും ബ്ലോഗുകളും ബദൽ മാധ്യമ ദൗത്യം നിറവേറ്റുന്നുണ്ട്. പൊതുമണ്ഡലം ക്ഷീണിക്കുന്നു എന്ന നിരീക്ഷണം കേരളത്തിലും പ്രസക്തമാണെങ്കിലും പുരോഗമനചേരിയുടെ പ്രചാരണ പ്രവർത്തനങ്ങളുടെ പരമ്പരകൾ ബദൽ പ്രചാരണത്തിന്റെ ദൗത്യം കൈയാളുന്നു. കോർപറേറ്റ് മാധ്യമങ്ങൾ നയിക്കുന്ന വലതുപക്ഷ ആശയ വിതരണം കേരളത്തിൽ വിതയ്ക്കുന്ന കമ്യൂണിസ്റ്റ് വിരോധത്തിന്റെ വിഷവിത്തുകൾ മുഴുവൻ മുളച്ച് പടർന്നു പന്തലിച്ചു കായ്ക്കാത്തത് ബദൽ മാധ്യമങ്ങളുടെ ഈ പ്രതിപക്ഷ സാന്നിധ്യം കൊണ്ടു കൂടിയാണ്.

എന്നാൽ, അവയുടെ പരിമിതികൾ കാണാതിരുന്നുകൂടാ. ഇടതുപക്ഷ വിശ്വാസികളിലേയ്ക്കേ ബദൽ മാധ്യമങ്ങൾ എത്തുന്നുള്ളൂ. ഇടതുപക്ഷത്തേയ്ക്ക് ആകർഷിക്കപ്പെടേണ്ട വലിയൊരു ജനവിഭാഗം മുഖ്യധാരാ മാധ്യമങ്ങളുടെ പിടിയിലാണ്. ബദൽ മാധ്യമങ്ങളുടെ പ്രചാരം എതിർപക്ഷത്തെ മുഖ്യധാരാമാധ്യമങ്ങളുടെ

കരുത്തുമായി തുലനം ചെയ്യുമ്പോൾ നിസ്സാരവുമാണ്. പ്രതിബോധത്തിന് എത്ര കുറഞ്ഞ പ്രചാരണമാണ് കിട്ടുന്നത്! പൊതുമാധ്യമങ്ങളിലെ ജനാധിപത്യപരമായ ഇടം വിപുലമാക്കേണ്ടതിന്റെയും പുരോഗമന പക്ഷം അത് ഫലപ്രദമായി ഉപയോഗിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്കാണ് ഇതു വിരൽ ചൂണ്ടുന്നത്.

മാധ്യമ ജനാധിപത്യത്തിനു വേണ്ടിയുള്ള സമരത്തിന്റെ ഏറ്റവും പ്രധാന വേദി സർക്കാരിന്റെ മാധ്യമനയമാണ്. ലാഭേച്ഛയില്ലാത്ത പൊതു മാധ്യമമേഖലയെ പ്രോത്സാഹിപ്പിക്കണമോ അതോ ലാഭാധിഷ്ഠിത കേന്ദ്രീകരണത്തെ പ്രോത്സാഹിപ്പിക്കണമോ? വിവിധങ്ങളായ കേന്ദ്രീകരണ പ്രവണതകൾ സർക്കാർ നയങ്ങളുടെ സൃഷ്ടി കൂടിയാണ്. പൊതുമേഖല, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയെ സ്വകാര്യവത്കരിക്കുക, മാധ്യമ മേഖലയിലെ കുത്തകനിയന്ത്രണങ്ങളിൽ അയവു വരുത്തുക, സ്വതന്ത്ര വ്യാപാര കരാർ വ്യവസ്ഥകളിൽ സംസ്കാരത്തെയും മാധ്യമങ്ങളെയും ഉൾപ്പെടുത്തുക, സ്പെക്ട്രം തുടങ്ങിയവ കുത്തകകൾക്ക് അടിയറ വയ്ക്കുക എന്നു തുടങ്ങിയ മാധ്യമനയമാറ്റത്തിന്റെ പശ്ചാത്തലത്തിലാണ് സമകാലീന കേന്ദ്രീകരണ പ്രവണതകളെ മനസ്സിലാക്കേണ്ടത്. നമ്മുടെ രാജ്യത്ത് മാധ്യമമേഖലയെ സംബന്ധിക്കുന്ന നയപരമായ ചർച്ച ഏറ്റവും കുറച്ചേ നടക്കുന്നുള്ളൂ. ഈ സ്ഥിതിയിൽ മാറ്റം വരുത്തുകയെന്നത് മാധ്യമ ജനാധിപത്യത്തിനു വേണ്ടിയുള്ള സമരത്തിന്റെ ഭാഗമാണ്. മാധ്യമരംഗത്തെ വിദേശമൂലധനത്തിന്റെ കടന്നു കയറ്റത്തിനെതിരെ ശക്തമായ പ്രതിരോധം ഉയർത്തേണ്ടതുണ്ട്. ഇത് സാംസ്കാരികാധിനിവേശമാണ്.

ഇന്ത്യയിൽ ആകാശവാണിയും ദൂരദർശനും സ്വകാര്യവത്കരിച്ചിട്ടില്ലെങ്കിലും റേഡിയോയും ടെലിവിഷനും സ്വകാര്യ കുത്തകകളുടെ നിയന്ത്രണത്തിലേയ്ക്ക് നീങ്ങുകയാണ്. പ്രസാർ ഭാരതി നിയമം ലക്ഷ്യത്തിൽ നിന്ന് ഏറെ അകലെയാണ്. പത്രപ്രവർത്തകരുടെ മേൽ ബ്യൂറോക്രാറ്റുകളും ഭരണക്കാരും ആധിപത്യം പുലർത്തുന്നു. ബിബിസിയുടെ നില കൈവരിക്കാൻ നമുക്ക് കഴിയാത്തതെന്തെന്ന് ആലോചിക്കണം.

സ്വകാര്യ മാധ്യമ മേഖലയിലെ അനഭിലഷണീയമായ കേന്ദ്രീകരണത്തെ നിയമം മൂലം നിയന്ത്രിക്കാനാകണം. കമ്മ്യൂണിറ്റി റേഡിയോയ്ക്കു പകരം എഫ് എം സ്റ്റേഷനുകൾ മാധ്യമക്കുത്തകകൾക്ക് ലേലം ചെയ്തു കൊടുത്തു. കമ്യൂണിറ്റി റേഡിയോ മികച്ച ജനകീയ ഇടപെടലിന് സാധ്യതയുള്ള ആധുനിക ഇലക്ട്രോണിക് മാധ്യമമാണ്. നമ്മുടെ നാട്ടിൽ അത് അത്തരത്തിൽ മുന്നോട്ടു പോകാത്തത് സർക്കാരിന്റെ സ്വകാര്യവത്കരണ നയം കൊണ്ടു മാത്രമാണ്. ഇതിനു വിരാമമിട്ട്, കമ്യൂണിറ്റി റേഡിയോ സംവിധാനത്തെ പ്രോത്സാഹിപ്പിക്കുന്ന മാധ്യമ നയം സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ പ്രാദേശിക കേബിൾ ചാനലുകൾ കുത്തകകളുടെ പ്രക്ഷേപണ വിതരണക്കാർ മാത്രമല്ല, അവർ സ്വതന്ത്രമായ പരിപാടികളും തയ്യാറാക്കി പ്രക്ഷേപണം ചെയ്യുന്നു. കുത്തകകളിൽ നിന്നു വലിയ ഭീഷണി ഇവർ നേരിടുകയാണ്. സർക്കാർ ശക്തമായ പിന്തുണ ഇവർക്കു നൽകേണ്ടതുണ്ട്.

പ്രതിപാദനത്തിന്റെ പൈങ്കിളിവത്കരണം, വംശീയത, ബലപ്രയോഗം, അന്ധവിശ്വാസം, ലൈംഗിക അരാജകത്വം, ഉപഭോഗാസക്തി തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ മാധ്യമങ്ങളുടെ മേൽ കൂടുതൽ സാമൂഹ്യമേൽനോട്ടം അനിവാര്യമാണ്. മാധ്യമങ്ങളുടെ ഉള്ളടക്കത്തിനു മേൽ ഏതെങ്കിലും വിധത്തിലുള്ള സർക്കാർ നിയന്ത്രണത്തിനു വേണ്ടിയുള്ള വാദമല്ല ഞങ്ങളുടേത്. മാധ്യമങ്ങൾ തന്നെയും അല്ലെങ്കിൽ പ്രസ് കൗൺസിൽ പോലെയുള്ള സ്ഥാപനങ്ങൾ വഴിയുമുള്ള മേൽ നോട്ടത്തെക്കുറിച്ചാണ് ഞങ്ങൾ പരാമർശിക്കുന്നത്. മാധ്യമ സ്വാതന്ത്ര്യമെന്നാൽ സർക്കാർ നിയന്ത്രണത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തോടൊപ്പം മാധ്യമ കുത്തകകളുടെ എഡിറ്റോറിയൽ നിയന്ത്രണത്തിൽ നിന്നും വാണിജ്യ മത്സരത്തിന്റെ സമ്മർദ്ദത്തിൽ നിന്നുള്ള സ്വാതന്ത്ര്യം കൂടിയാണ്. മാധ്യമ പ്രവർത്തകരുടെ പ്രൊഫഷണൽ സ്വാതന്ത്ര്യം മാധ്യമങ്ങളുടെ ജനാധിപത്യവത്കരണത്തിനു വേണ്ടിയുള്ള സമരത്തിന്റെ മർമ്മം തന്നെയാണ്. അതു കൊണ്ട് മാധ്യമ പ്രവർത്തകരുടെ പ്രൊഫഷനൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ചട്ടങ്ങൾക്കു രൂപം കൊടുക്കണം എന്ന ആവശ്യം ജനാധിപത്യ

ശക്തികളും മാധ്യമ പ്രവർത്തകരും ചേർന്നുയർത്തണം. മാധ്യമ പ്രവർത്തകരുടെ അവകാശങ്ങൾ കൃത്യമായി നിർവചിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം.

മാധ്യമ ജനാധിപത്യത്തിനു വേണ്ടിയുള്ള സമരത്തിന്റെ രണ്ടു പ്രധാനമുഖങ്ങൾ നാം പരിശോധിച്ചു. ഒന്നാമത്തേത്, ബദൽ മാധ്യമങ്ങളുടെ പ്രാധാന്യം. രണ്ടാമത്തേത് മുഖ്യധാരാ മാധ്യമങ്ങളിൽ ഇടം കിട്ടാൻ വേണ്ടിയുള്ള സമ്മർദ്ദമാണ്. ബദൽ മാധ്യമങ്ങളുടെ പ്രചാരണ വൃത്തത്തിന്റെ പരിമിതി നാം കണ്ടു. എന്നാൽ മുഖ്യധാരാ മാധ്യമങ്ങളിലെ ഇടവും അതിലേറെ പരിമിതമാണ്. ഇവ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുമ്പോഴും ജനകീയ പ്രതിരോധത്തിന്റെ മുഖ്യവശമായി സാധാരണക്കാരുടെ മാധ്യമ സാക്ഷരതയെ കാണേണ്ടതുണ്ട്. അതിലൂടെ മാത്രമേ പൊതുമണ്ഡലത്തിലെ ജനകീയത നിലനിർത്താനാവൂ. മാധ്യമ നിരീക്ഷണവും വിമർശനവും വിദ്വാന്മാർക്ക് മാത്രമല്ല, സാമാന്യ ജനങ്ങൾക്കും വേണം. ഇതിനെയാണ് മാധ്യമ സാക്ഷരത എന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

മാധ്യമങ്ങളുടെ ജനാധിപത്യവത്കരണത്തിനു വേണ്ടിയുള്ള സമരത്തിന്റെ മറ്റൊരു സുപ്രധാന മുഖമാണ് ബഹുജനങ്ങളെ മാധ്യമ സാക്ഷരരാക്കുക എന്നത്. മാധ്യമങ്ങൾ തരുന്നതൊക്കെ വിശകലനം ചെയ്ത് വേണം ജനങ്ങൾ ഉൾക്കൊള്ളാനെന്ന് മാധ്യമ ശാസ്ത്രം ഓർമ്മിപ്പിക്കുന്നു.

**ദൃശ്യമാധ്യമങ്ങൾ**

ടെലിവിഷൻ സംബന്ധിച്ച് പ്രസക്തമായ കാര്യങ്ങൾ മുകളിൽ മാധ്യമങ്ങളെകുറിച്ച് പറഞ്ഞതിലുണ്ട്. അക്കൂട്ടത്തിൽപ്പെടുത്താൻ കഴിയാത്തതാണ് സിനിമ. ഡോക്യുമെന്ററി സിനിമകൾ മാധ്യമങ്ങളുടെ ധർമ്മം തന്നെയാണ് നിറവേറ്റുന്നത്. ചില ഡോക്യുമെന്ററികൾ സമകാലിക പ്രശ്നങ്ങൾക്ക് പകരം ദീർഘകാലികമായ കാര്യങ്ങളാകാം ചർച്ചചെയ്യുന്നത്.

ഇതിന്റെ കൂടെ എടുത്തുപറയേണ്ടതാണ് കേരള ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള വിക്ടേഴ്സ് ചാനൽ. പൂർണമായി വിദ്യാഭ്യാസ കാര്യങ്ങൾക്കു വേണ്ടിയുള്ള ചാനൽ. ദൃശ്യമാധ്യമത്തെ സർക്കാർ വ്യക്തമായ ലക്ഷ്യബോധത്തോടെ നടത്തുന്നതിന്റെ ആദ്യ മാതൃകയാണത്. കുത്തകമാധ്യമങ്ങൾ വെണ്ടയ്ക്കാ തലക്കെട്ട് നിരത്തി നിറം പിടിപ്പിച്ച് അവതരിപ്പിക്കുന്ന വാർത്തക്കും ചിത്രീകരണത്തിനുമപ്പുറമാണ് വിദ്യാഭ്യാസ യാഥാർത്ഥ്യങ്ങളെന്ന് വസ്തുതാകഥനത്തിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുന്നതാണ് ആ മാധ്യമം.

സിനിമ ജനങ്ങളുടെ അനുഭവവും ഇംഗിതവും നിരാശയും പ്രതീക്ഷയുമൊക്കെ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മാധ്യമമാണ്. ക്യാമറയുടെയും ഐസിടിയുടെയും പുതിയ സാധ്യതകൾ ഇതൾ വിരിയാൻ തുടങ്ങിയതോടെ ബിഗ്ബജറ്റ് സിനിമകൾക്കൊപ്പം തന്നെ കുറഞ്ഞ ചിലവിൽ ഫിലിം ഇല്ലാതെ സിനിമ ഉണ്ടാക്കാനുള്ള വൻ സാധ്യത തെളിഞ്ഞു. കോടീശ്വരന്മാരുടെ വിളയാട്ട ഭൂമി അതോടെ സാധാരണക്കാർക്കും കൈയെത്തി പിടിക്കാവുന്ന ഒന്നായി. അതോടെ സിനിമ എന്ന മാധ്യമത്തിന്റെയും അതിന്റെ ആസ്വാദനത്തിന്റെയും വിമർശനത്തിന്റെയും സാധ്യത വിപുലമായി. സ്കൂൾ കുട്ടികൾക്ക് വരെ പരീക്ഷണ ചിത്രങ്ങൾ എടുക്കാവുന്ന സാധ്യത കൈവന്നു. അവരത് നന്നായി വിനിയോഗിക്കുന്ന അനുഭവവും ഉണ്ടായിത്തുടങ്ങി.

കേരളം പണ്ടേ ഗ്രാമങ്ങളിലും മറ്റും സിനിമാ ആസ്വാദന ക്ലബ്ബുകൾ രൂപീകരിക്കുകയും ലോകോത്തര സിനിമകൾ കണ്ട് ആസ്വദിക്കുകയും ചെയ്യുന്ന വഴക്കം ആരംഭിച്ചിരുന്നു. സിനിമയെ ജനകീയമാക്കുന്നതിനു എൽ. ഡി. എഫ് ഗവൺമെന്റുകൾ കൈക്കൊണ്ട നടപടികൾ ഈ പ്രവണതയ്ക്ക് വ്യാപ്തിയും ഉൾക്കനവും വർദ്ധിപ്പിച്ചു. കെ.എസ്.എഫ്.ഡി.സി, സിഡിറ്റ്, ചലച്ചിത്ര അക്കാദമി, വിക്ടേഴ്സ് ചാനൽ മുതലായ സ്ഥാപനങ്ങളും ഫിലിം സൊസൈറ്റികൾക്ക് ഗവൺമെന്റ് നൽകിയ പ്രോത്സാഹനവും സംസ്ഥാനത്ത് സിനിമാ മേഖലയിൽ സിനിമാ നിർമാണത്തിലും ആസ്വാദനത്തിലും വിമർശനത്തിലുമൊക്കെ പുതിയ തലമുറകളുടെ രംഗപ്രവേശനത്തിന് വഴിയൊരുക്കി വരികയാണ്.

കലാസാംസ്കാരിക രംഗത്തും ബന്ധപ്പെട്ട രംഗങ്ങളിലും വിപുലമായി കുത്തകാധിപത്യം

ഊട്ടിഉറപ്പിക്കപ്പെടുന്ന കാഴ്ചയാണ് മിക്ക സ്ഥല ങ്ങളിലും കാണപ്പെടുന്നത്. കേരളത്തിലാകട്ടെ, ശക്തവും ഭാവനാപൂർണവുമായ ഇടതുപക്ഷ-ജനാധിപത്യ ബദൽ ചിന്തകളും സംഘടനകളും അവയ്ക്ക് ഇടയ്ക്കിടെ നിലവിലൽവരുന്ന എൽ. ഡി.എഫ് ഗവൺമെന്റുകൾ നൽകുന്ന പ്രോത്സാഹനവും സാംസ്കാരിക രംഗം മൊത്തത്തിൽ വളർന്നു വിപുലമാകാൻ ഇടയാക്കി. കഴിഞ്ഞ നാലു വർഷങ്ങളിൽ സർക്കാർ എല്ലാ സാംസ്കാരിക- കലാസ്ഥാപനങ്ങൾക്കും നൽകി വരുന്ന വർധിച്ച ധനസഹായവും രക്ഷാധികാരിത്വവും ഈ രംഗത്താകെ പുതിയ നാമ്പുകൾ ഉയർന്നു വരുന്നതിനും നിലവിൽ ഉണ്ടായിരുന്നവ കാര്യമായി വികസിക്കുന്നതിനും ഇടയാക്കി. വലിയൊരു വിഭാഗം ജനങ്ങൾ ഉപദേശം- നിർദേശം- വിമർശനങ്ങളിലൂടെ സജീവ താൽപര്യത്തോടെ ഇടപെട്ടതാണ് ഈ വളർച്ചയ്ക്ക് അടിസ്ഥാനം. ഈ ദിശയിലൂടെ പ്രയാണം തുടങ്ങേണ്ടത് കലാ-സാംസ്കാരിക രംഗത്തിന്റെ തുടർന്നുള്ള വളർച്ചയ്ക്ക് പ്രധാനമാണ്.

# അധ്യായം
# 6

# സാമൂഹ്യക്ഷേമവും സാമൂഹ്യ സുരക്ഷിതത്വവും

6.1 സമ്പൂർണ സാമൂഹ്യ സുരക്ഷിതത്വം
6.2 ദളിത് ആദിവാസി വികസനം
6.3 തൊഴിലാളിക്ഷേമം
6.4 ലിംഗപദവിയും വികസന നയങ്ങളും
6.5 പ്രവാസിക്ഷേമം (പുതുതായി കൂട്ടിച്ചേർക്കണം)
6.6 പരിസ്ഥിതിസംരക്ഷണം (കുറച്ചു തിരുത്തലുകൾ)

# അധ്യായം
# 6

### 6.1 സമ്പൂർണ്ണ സാമൂഹ്യ സുരക്ഷിതത്വം

സാമ്പത്തികവളർച്ചയുടെ നേട്ടങ്ങൾ കൂടുതൽ നീതിപൂർവമായി വീതിക്കപ്പെട്ടതിന്റെ ഫലമാണ് കേരള വികസന മാതൃക. എന്നാൽ 90കൾ മുതൽ ഈ നിലയിൽ മാറ്റം വന്നു. സാമ്പത്തിക വളർച്ചയുടെ വേഗം കൂടി. എന്നാൽ അസമത്വം ഭയനാകമായി ഉയർന്നു: മേൽത്തട്ടിലെ ഒരു ന്യൂനപക്ഷം പണസമ്പാദനത്തിന്റെ എല്ലാ സീമകളും മറികടന്നു ശതകോടീശ്വരന്മാരായി വളർന്നു. അവരുടെ താഴെയുള്ള ഇടത്തരക്കാരിൽ ഗണ്യമായ വിഭാഗത്തിനും പുരോഗതിയുണ്ടായി. ബാക്കിയുള്ള ഇടത്തരക്കാരാകട്ടെ, തങ്ങൾക്കും ഈ അഭിവൃദ്ധിയിൽ പങ്കുചേരാനാകും എന്ന വ്യാമോഹത്തിലാണ്. അതേസമയം കീഴ്ത്തട്ടിലെ 25–30 ശതമാനം വരുന്ന പാവങ്ങളുടെ ജീവിതനിലവാരത്തിനു കനത്ത തിരിച്ചടിയേറ്റു. തുല്യനിലയിലല്ലെങ്കിലും എല്ലാ വിഭാഗങ്ങളുടെയും ഉയർച്ച എന്ന മുൻകാല പ്രവണതയിൽ നിന്നുള്ള അടിസ്ഥാനപരമായ ഒരു വ്യതിയാനമാണിത്.

1993 ആയപ്പോൾ സൂചിക 0.30 ആയി താണു. എന്നാൽ പിന്നീടിത് ഉയരാൻ തുടങ്ങി. 2004ൽ അസമത്വ സൂചിക 0.38 ആയിരുന്നു. റബ്ബർ മാറ്റി നിർത്തിയാൽ കൃഷിയും കാർഷികേതര മേഖലയും തമ്മിലുള്ള അന്തരം വർദ്ധിച്ചു. നഗര ഗ്രാമ വിടവു വിപുലമായി. കൊച്ചി പോലുള്ള ചില പ്രദേശങ്ങളിലേക്കു പുതിയ കുതിപ്പു കേന്ദ്രീകരിക്കുകയാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം ഇപ്രകാരം വർദ്ധിക്കുന്നത് വലിയ സാമൂഹ്യ അസ്വസ്ഥതകൾക്കു കാരണമാകും.

അനിശ്ചിതത്വത്തിന്റെ ഈ പശ്ചാത്തലത്തിലാണു ഭൂരിപക്ഷം ജനങ്ങൾക്കും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതു പ്രസക്തമാകുന്നത്. നിലവിലുള്ള ക്ഷേമപദ്ധതികൾവിപുലപ്പെടുത്തുക; അവ കൂട്ടിയിണക്കുക; കേന്ദ്രാവിഷ്കൃത സ്കീമുകൾ സംയോജിപ്പിക്കുക; വിടവുകൾ നികത്തുന്നതിനു പുതിയ സ്കീമുകൾ ആവിഷ്കരിക്കുക എന്നിവയാണു ചെയ്യേണ്ടത്. പാവപ്പെട്ടവരും താഴ്ന്ന വരുമാനക്കാരുമായ ഏതാണ്ടു പകുതിയോളം വരുന്ന കുടുംബങ്ങളെ സർക്കാർ ചെലവിൽ ഈ സുരക്ഷിതവലയത്തിൽ കൊണ്ടുവരാൻ കഴിയണം. ബാക്കിയുള്ളവരെയും സ്വയം പണംമുടക്കി ഈ പദ്ധതിയിൽ പങ്കാളികളാകാൻ പ്രേരിപ്പിക്കണം.

താഴെ പറയുന്നവയായിരിക്കും സമ്പൂർണ്ണ സുരക്ഷാ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ:

1. അസംഘടിതമേഖലയിലും വേതനത്തോടു കൂടിയുള്ള പ്രസവ അവധി,
2. ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിനുപോകുന്ന കുട്ടികൾക്ക് ധന സഹായം ഉറപ്പുവരുത്തുന്നതിനായി എല്ലാ കുഞ്ഞുങ്ങളുടെ പേരിലും എൻഡോവ്മെന്റ്,
3. 30,000 രൂപ വരെയുള്ള കേന്ദ്ര ആരോഗ്യ ഇൻഷ്വറൻസ് എല്ലാവർക്കും ഉറപ്പുവരുത്തുക. കൂടുതൽ തുകയ്ക്കു ഇൻഷ്വറൻസിൽ സ്വമേധയാ ചേരാൻ

അവസരം നൽകുക. ഇതിനുള്ള അധികപണം ക്ഷേമനിധികളോ തൊഴിലുടമകളോ നൽകാൻ പ്രോത്സാഹിപ്പിക്കുക,

4. സൗജന്യ വിദ്യാഭ്യാസം, പാഠപുസ്തകങ്ങൾ, ഉച്ചഭക്ഷണം, യൂണിഫോം,
5. 100 ദിവസത്തെ തൊഴിലുറപ്പ്, പരമ്പരാഗതമേഖലകളിൽ 100 ദിവസത്തെ മിനിമം വരുമാനം ഉറപ്പ്, തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്ന എല്ലാവർക്കും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം,
6. 60 വയസു കഴിഞ്ഞ എല്ലാവർക്കും സർക്കാരും ക്ഷേമനിധികളും കേന്ദ്രസ്കീമുകളും വഴി മിനിമം പെൻഷൻ. കൂടുതൽ ഉയർന്ന പെൻഷന് സ്വമേധയാ അംശാദായം അടയ്ക്കാനുള്ള പ്രോത്സാഹനം,
7. രണ്ടുരൂപയ്ക്ക് അരി, സൗജന്യനിരക്കിൽ പലവ്യഞ്ജനം,
8. എല്ലാവർക്കും വീട്, എല്ലാവീട്ടിലും വെള്ളം, വെളിച്ചം, ശുചിത്വം.

**അസംഘടിത മേഖലയിലും വേതനത്തോടുകൂടിയുള്ള പ്രസവ അവധി**

1961ലെ മറ്റേണിറ്റി ബനിഫിറ്റ് ആക്ടും 2007ൽ ഇതിനുമേലുണ്ടായ ഭേദഗതിയും അനുസരിച്ച് ഫാക്ടറി തൊഴിലാളികൾ, പ്ലാന്റേഷൻ തൊഴിലാളികൾ, മൈൻ തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങി സംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികൾക്കു മാത്രമാണ് പ്രീനേറ്റൽ കെയർ ആനുകൂല്യവും വേതനത്തോടുകൂടിയുള്ള പോസ്റ്റ്നേറ്റൽ കെയർ സൗകര്യവും ഇപ്പോൾ ലഭ്യമാകുന്നത്. അസംഘടിത മേഖലയിലെ മുഴുവൻ സ്ത്രീകൾക്കും ഇത്തരം ആനുകൂല്യം ലഭ്യമാക്കാൻ കഴിയുന്നത് സുപ്രധാനമായ ഒരു സാമൂഹിക സുരക്ഷാ നടപടിയായിരിക്കും. നാഷ്ണൽ കമ്മീഷൻ ഫോർ എന്റർപ്രൈസസ് ഇൻ അൺ ഓർഗനൈസ്ഡ് സെക്ടറിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ അസംഘടിത തൊഴിലാളി സ്ത്രീകളുടെ എണ്ണം 30,70,968 ആണ്. ഇവരാണ് മേൽപ്പറഞ്ഞ ആനുകൂല്യത്തിന്റെ പരിധിയിൽ വരുന്നത്. സ്ത്രീകളുടെ മാത്രമല്ല ആരോഗ്യമുള്ള ഒരു പുതുതലമുറയുടെ തന്നെ സുരക്ഷ ഉറപ്പാക്കുന്ന നടപടിയാണിത്.

**ഉന്നതവിദ്യാഭ്യാസ എൻഡോവമെന്റ് സ്കീം**

കേരളത്തിലെ ഒട്ടുമിക്കവാറും ഇടത്തരം കുടുംബങ്ങളുടെയും സുപ്രധാന പ്രശ്നം കുട്ടികളുടെ വിദ്യാഭ്യാസമാണ്. ഇതു ഉറപ്പുവരുത്തുന്നതിനാണ് മാതാപിതാക്കളുടെ തത്രപ്പാടിൽ നല്ലൊരുപങ്കും. ഏറ്റവും ദരിദ്രരായവർക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്താൻ ഉതകുന്ന നൂതനമായ ഒരു സാമൂഹ്യ സുരക്ഷാ പരിപാടിയാണ് ഉന്നത വിദ്യാഭ്യാസ എൻഡോവ്മെന്റ് സ്കീം

ഈ പരിപാടിയിൽ, പുതുതായി ജനിക്കുന്ന ഒരോ കുട്ടിയുടേയും പേരിൽ നിശ്ചിതതുക നിക്ഷേപിക്കും. കുട്ടിയുടെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിയുമ്പോഴേക്കും തുക 1 ലക്ഷം രൂപയാവും, ഈ തുക ഹയർസെക്കണ്ടറി പാസ്സാവുന്ന കുട്ടികൾക്കു ഉന്നത വിദ്യാഭ്യാസത്തിനായുള്ള പഠനത്തിന് ലഭ്യമാകും. വിദ്യാഭ്യാസ ലോണിന് ലോണിനുള്ള സാധാരണ നിരക്കിൽ നിന്ന് 2% ഇളവു നൽകണം.

**ആരോഗ്യ ഇൻഷുറൻസ്**

പൊതുആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തി ഏറ്റവും താഴ്ന്ന വരുമാനമുള്ള 30% പേർക്കെങ്കിലും സൗജന്യവും കാര്യക്ഷമവുമായ ചികിത്സ ഉറപ്പുവരുത്തണം എന്നതാണ് സംസ്ഥാനത്തിന്റെ പതിനൊന്നാം പദ്ധതിയുടെ സമീപനം. ഇതിനായി ദാരിദ്ര്യ രേഖയ്ക്ക് കീഴിലായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പരിപാടി പ്രയോജനപ്പെടുത്തുകയാണ് നാം ചെയ്തത്.

എന്നാൽ ആരോഗ്യ ഇൻഷുറൻസ് ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൂട. താത്പര്യമുള്ള ഏതൊരാളെയും ഈ സ്കീമിൽ ഉൾപ്പെടുത്തണം. അതിനായാണ് 'കേരള സമഗ്ര ഇൻഷ്വറൻസ്' എന്നൊരു പുതിയ സ്കീമിന് നാം രൂപം നൽകിയത്. മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് നൽകുന്നു എന്നുള്ളതാണ് ഈ

സ്കീമിന്റെ പ്രത്യേകത. കേന്ദ്രസർക്കാരിന്റെ ദാരിദ്ര രേഖയ്ക്കു കീഴിൽ വരുന്നവർക്ക് 30 രൂപ രജിസ്ട്രേഷൻ ഫീസ് നൽകിയാൽ മതി. പ്രീമിയമായ 750 രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകും. സംസ്ഥാന സർക്കാരിന്റെ ദാരിദ്രരേഖയ്ക്കു കീഴിൽ വരുന്നവർക്ക് 100 രൂപ ഗുണഭോക്തൃ വിഹിതം നൽകണം ബാക്കി പ്രീമിയം സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകും. ദാരിദ്ര രേഖയ്ക്കു മുകളിലാണെങ്കിലും കുടുംബാംഗ ങ്ങളിൽ ഒരാൾക്കുപോലും സംഘടിത മേഖലയിൽ തൊഴിലില്ലാതിരിക്കുകയും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുണ്ടായിരിക്കു കയും ചെയ്യുന്നവർക്കു 500 രൂപയാണു പ്രീമിയം; ബാക്കിയുള്ളവർ മുഴുവൻ പ്രീമിയവും അടയ്ക്കണം. ഈ സ്കീമിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ഇതു പൊതു ആരോഗ്യ സംവിധാനത്തെ ആസ്പദമാക്കി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് ആണെന്നതാണ്. കൺസൾട്ടേഷൻ ഫീ, ടെസ്റ്റുകളുടെ ഫീ, മുറിക്കോ കിടക്കക്കോ ഉള്ള വാടക, മരുന്ന് ഇവയൊക്കെ പൊതുആരോഗ്യ സംവിധാനത്തെ അടിസ്ഥാനമാക്കിയായിരിക്കും രൂപം നൽകുക. ഈ നിരക്കിനു സേവനം നൽകാൻ സന്നദ്ധരാ യുള്ള സ്വകാര്യ ആശുപത്രികൾക്കും സ്കീമിൽ പങ്കാളികളാകാം.

11.79 ലക്ഷം പേരാണു കേന്ദ്രസർക്കാരിന്റെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുന്നത്. സംസ്ഥാന സർക്കാരിന്റെ ബി.പി.എൽ പട്ടിക യിൽ പെടുന്നവരേക്കൂടി ഉൾപ്പെടുത്തി 17.35 ലക്ഷം പേർ ആരോഗ്യ ഇൻഷുറൻസിൽ ചേർന്നിട്ടുണ്ട്. ഇതിനു പുറമെ എ.പി.എൽ വിഭാഗത്തിൽ പെടുന്ന 1.4 ലക്ഷം പേർ കൂടി ഇതിൽ പങ്കാളികളായിട്ടുണ്ട്. അടുത്ത വർഷമാകുമ്പോഴേയ്ക്കും 35 ലക്ഷം ബി.പി.എൽ കുടുംബങ്ങളെ പദ്ധതിയിൽ കീഴിൽ കൊണ്ടുവരാ നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

### സൗജന്യ വിദ്യാഭ്യാസം

12,649 സ്കൂളുകളും 4494 ഹയർ സെക്കന്ററി സ്കൂളുകളും 44,57,756 ഹൈസ്ക്കൂൾ വിദ്യാർത്ഥി കളും 7,00,216 ഹയർസെക്കന്ററി വിദ്യാർത്ഥികളും അടങ്ങുന്നതാണ് കേരളത്തിലെ വിദ്യാഭ്യാസ സംവിധാനം. സാക്ഷരത, സ്കൂൾ പ്രവേശനം, എസ്.സി-എസ്.ടി വിഭാഗത്തിലുള്ള വിദ്യാർത്ഥി കളുടെ അനുപാതം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എന്നീ സൂചികകളു ടെയെല്ലാം അടിസ്ഥാനത്തിൽ കേരളത്തിലെ വിദ്യാഭ്യാസം അഖിലേന്ത്യാ നിലവാരത്തേക്കാൾ ഏറെ മെച്ചപ്പെട്ട സ്ഥിതിയിലാണ്. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം ഉയർത്തുകയുമാണ് ഈ കാലഘട്ടത്തിലെ പ്രധാന ലക്ഷ്യങ്ങൾ. ആവശ്യ മായ കെട്ടിടങ്ങൾ പണിയുക, പുനർവിന്യാസത്തി ലൂടെ അദ്ധ്യാപകരെ കണ്ടെത്തുക, ലാബറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ, വർക്ക്ഷോപ്പ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഉച്ചഭക്ഷണ പദ്ധതി ആകർഷകവും ഫലപ്രദമാക്കി പുനഃസംഘടിപ്പിക്കുക എന്നിവയെല്ലാം ഈ പരിപാടിയിൽ ഉൾപ്പെടും. സൗജന്യ വിദ്യാഭ്യാ സത്തോടൊപ്പം പാഠപുസ്തകങ്ങൾ, യൂണി ഫോം, ഉച്ചഭക്ഷണം എന്നിവ ലഭ്യമാക്കുകയും അക്കാദമിക പ്രവർത്തനം ചിട്ടപ്പെടുത്താനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും കൂടി ചെയ്താ ലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിലെ ഗുണപരതയിലേക്ക് എത്താനാവൂ.

### ക്ഷേമനിധികളും പെൻഷനുകളും

ദുർബ്ബല ജനവിഭാഗങ്ങൾക്കായി 40 സാമൂഹ്യക്ഷേമ പെൻഷനുകളാണ് നടപ്പിലാക്കു ന്നത്. വിവിധ ക്ഷേമനിധി ബോർഡുകളിലൂടെ നടപ്പിലാക്കുന്ന ഈ പരിപാടികൾക്ക് 59 ലക്ഷം ഗുണഭോക്താക്കളാണുള്ളത്. കർഷകതൊഴി ലാളി ക്ഷേമ പരിപാടി, കേരള വിധവാ പെൻഷൻ, ശാരീരികവും കായികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പെൻഷൻ, കശുവണ്ടി തൊഴിലാളി ക്ഷേമനിധി, തൊഴിലാളി ക്ഷേമ പരിപാടി, കയർ തൊഴിലാളി ക്ഷേമ പരിപാടി, നിർമ്മാണ തൊഴിലാളി ക്ഷേമപരിപാടി, കേരള ഖാദി തൊഴിലാളി ക്ഷേമ പരിപാടി, കേരള കൈത്തറി തൊഴിലാളി ക്ഷേമ പരിപാടി, കേരള മദ്യവ്യവസായ തൊഴിലാളി ക്ഷേമ പരിപാടി, കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമപരിപാടി, കേരള ചുമട്ടുതൊഴിലാളി ക്ഷേമ പരിപാടി, കേരള മോട്ടോർ തൊഴിലാളി ക്ഷേമ പരിപാടി, കേരള മത്സ്യതൊഴിലാളി ക്ഷേമ പരിപാടി, കേരള തയ്യൽ

തൊഴിലാളി ക്ഷേമ പരിപാടി, കേരള പരമ്പരാഗത തൊഴിലാളികൾക്കും വിദഗ്ധ തൊഴിലാളികൾക്കുമായുള്ള ക്ഷേമനിധി, വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനായുള്ള സഹായ പരിപാടി, മരം കയറ്റ തൊഴിലാളികൾക്കായുള്ള ക്ഷേമ പരിപാടി, കേരള മുള തൊഴിലാളികളുടെ ക്ഷേമ പരിപാടി, കേരള വ്യാപാരി ക്ഷേമ പരിപാടി, അവിവാഹിതരായ സ്ത്രീകൾക്കായുള്ള പെൻഷൻ പരിപാടി, കേരള ബീഡി സിഗററ്റ് തൊഴിലാളികൾക്കായുള്ള ക്ഷേമ പരിപാടി, കേരള റേഷൻ വ്യാപാരികൾക്കായുള്ള ക്ഷേമ പരിപാടി, ദേശീയ വയോജന ക്ഷേമ പരിപാടി തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്കായിട്ടും ഒരു ക്ഷേമനിധിക്ക് ലക്ഷ്യമിട്ടിട്ടുണ്ട്. 2009–10ൽ 1,73,071 പേരാണ് ഇന്ദിരാഗാന്ധി വയോജന ക്ഷേമ പരിപാടി എന്ന് പുനർ നാമകരണം ചെയ്ത ദേശീയ വയോജന ക്ഷേമ പരിപാടിയിലെ ഗുണഭോക്താക്കൾ. വിധവ ക്ഷേമ പെൻഷനിൽ 2009–10 വർഷത്തിൽ 4,19,038 ഗുണഭോക്താക്കളാണ് ഉണ്ടായത്. 40,979 പേരാണ് അവിവാഹിതരായ സ്ത്രീകളുടെ ക്ഷേമ പരിപാടിയുടെ ഗുണഭോക്താക്കൾ. ക്ഷേമനിധി പെൻഷൻ തുക തുടർച്ചയായി വർദ്ധിപ്പിച്ച് ഇപ്പോൾ 300 രൂപ ആയിട്ടുണ്ട്. ഇത് 500 രൂപയായി വർദ്ധിപ്പിക്കണം. ക്ഷേമനിധികളുടെ പങ്കാളിത്തവും കൂടിയുണ്ടെങ്കിൽ ഇത് 1000 രൂപയാക്കാനും പ്രയാസമില്ല.

ക്ഷേമനിധി പെൻഷൻ വർധിപ്പിച്ചതുകൊണ്ടു മാത്രമായില്ല ക്ഷേമനിധി സ്കീമുകൾ ഏകോപിപ്പിക്കേണ്ടതുണ്ട്. ഈ ഏകോപനം വഴി സമഗ്രമായ ഒരു സാമൂഹ്യ സുരക്ഷാ പരിപാടി ആവിഷ്കരിക്കാനാവും. ക്ഷേമനിധിയുടെ ഏകോപനവും ഗുണഭോക്താക്കളുടെ ഐഡന്റി കാർഡു സംവിധാനവും വഴി ഒരാൾക്ക് രണ്ടിനത്തിൽ ആനുകൂല്യം ലഭിക്കുന്നത് ഒഴിവാക്കുന്നതോടൊപ്പം ക്ഷേമനിധികളുടെ പൊതുപ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കാനുമാവും. അംഗത്വം, വരിസംഖ്യ പിരിവ്, സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ചടുലവും കാര്യക്ഷ്യമവുമാക്കാനും ഇത്തരമൊരു ഏകോപനം സഹായിക്കും. ഇവയെല്ലാം വഴി കേരളം ഏറ്റെടുത്ത സാമൂഹ്യക്ഷേമ മാതൃകയുടെ സുസ്ഥിരത ഉറപ്പാക്കാനാവും.

**രണ്ടുരൂപയ്ക്ക് അരി, സൗജന്യനിരക്കിൽ പലവ്യഞ്ജനം**

ദുസ്സഹമായ വിലക്കയറ്റവും ആസിയാൻ കരാറും ചേർന്ന് നമ്മുടെ നാടിനെ പട്ടിണി മരണങ്ങളിലേക്കും കർഷക ആത്മഹത്യകളിലേക്കും നയിക്കുന്നത് ഒഴിവാക്കാൻ കഴിഞ്ഞതു ഭക്ഷ്യസുരക്ഷയ്ക്കു വേണ്ടിയും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിനു വേണ്ടിയും സംസ്ഥാന സർക്കാർ നടത്തിയ നടപടികളും കടാശ്വാസ പദ്ധതികളുമാണ്. 30.09.2009 ൽ സംസ്ഥാനത്ത് ആകെയുള്ള 70,35,410 റേഷൻ കാർഡ് ഉടമകളിൽ 49,51,740 കുടുംബങ്ങൾ എ.പി.എൽ വിഭാഗത്തിലും 14,90,420 ബി.പി.എൽ വിഭാഗത്തിലും 5,93,250 കുടുംബങ്ങൾ അന്ത്യോദയ അന്ന യോജന വിഭാഗങ്ങളിലുമാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള എ.പി.എൽ, ബി.പി.എൽ വ്യത്യാസം പരിഗണിക്കാതെ മത്സ്യ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം മേഖലകളിലെ മുഴുവൻ കൂലി വേലക്കാർക്കും, ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് അൻപതു ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും രണ്ടു രൂപയ്ക്ക് പ്രതിമാസം 24 കി.ഗ്രാം അരിയും, രണ്ടു രൂപയ്ക്ക് പ്രതിമാസം 6 കി.ഗ്രാം ഗോതമ്പും നമുക്ക് ലഭ്യമാക്കാനായി. എ.പി.എൽ വിഭാഗത്തിന് 8.90 രൂപയ്ക്ക് 12 കി.ഗ്രാം അരിയും 6.70 രൂപയ്ക്ക് 3 കി.ഗ്രാം അരിയും ലഭ്യമാക്കാനായി.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഥവാ സപ്ലൈകോയുടെ, 847 മാവേലി സ്റ്റോറുകൾ, 327 സൂപ്പർ മാർക്കറ്റുകൾ, 1672 ശബരി സ്റ്റോറുകൾ, 12 ജനകീയ ബസാറുകൾ, 8 മൊബൈൽ സ്റ്റോറുകൾ എന്നിവ അടക്കമുള്ള 2870 ന്യായവില ഷോപ്പുകളുടെ ശൃംഖല അരി, പഞ്ചസാര, ധാന്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയെല്ലാം കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിലൂടെ ഒരു രണ്ടാംനിര പൊതുവിതരണ സമ്പ്രദായമായി മാറി. അതോ

ടൊപ്പം സഹകരണ വകുപ്പിന്റെ ന്യായവില ഷോപ്പുകളും ചന്തകളും കൂടി ഈ ധർമ്മം നിറവേറ്റി. അങ്ങനെ പൊതുമാർക്കറ്റ് വില യേക്കാൾ 30%-60% വരെ വിലക്കിഴിവ് ഈ സംവി ധാനങ്ങളിലൂടെ നൽകാനായത് സാധാരണക്കാ ർക്ക് വൻതോതിലുള്ള ആശ്വാസം നൽകി. രണ്ടു രൂപ അരിയോടൊപ്പം സൗജന്യ നിരക്കിൽപലവ്യ ഞ്ജനം കൂടി നൽകാനായാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയ കമ്പോള ഇടപെടൽപരിപാടിക്ക് കൂടുതൽസമഗ്രത കൈവരിക്കാനാവും.

**എല്ലാവർക്കും വീട്, കുടിവെള്ളം, വെളിച്ചം, ശുചിത്വം**

കേരള സർക്കാർ നിയോഗിച്ച ഭവന നിർമ്മാണ മേഖലാ കർമ്മ സമിതി 2005 ലെ കണക്കുപ്രകാരം 3,72,484 ഭൂമിയുള്ള ഭവന രഹിതരും 3,32,866 ഭൂരഹിത ഭവനരഹിതരും അടക്കം 7,05,350 പേർ ഭവനരഹിതരാണെന്നു ചൂണ്ടിക്കാട്ടിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് 2007 ൽ, ദരിദ്രരുടെയും നിരാലംബരുടെയും പാർപ്പിട പരിപാടി തയ്യാറാക്കുന്നതിനായി നിയോഗിച്ച ഉന്നതതല സമിതി അഞ്ചു ലക്ഷം വീടുകൾ നിർമ്മിച്ചുനൽകാനുള്ള പരിപാടി തയ്യാറാക്കി. 2007-08, 2008-09 വർഷങ്ങളിലായി 2.33 ലക്ഷം വീടുകൾ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെയും ഐ.എ.വൈ പദ്ധതിയുടെയും ഭാഗമായി പൂർത്തീകരിച്ചതായി കണക്കാക്കിയിരിക്കുന്നു. 2010 മാർച്ചിൽഇന്ദിരാ ആവാസ് യോജനയുടെ ഭാഗമായി 22000 വീടുകളും ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 49000 വീടുകളും, ഇന്റഗ്രേറ്റഡ് ഹൗസിങ്ങ് ആൻഡ് സ്ലം ഡെവലപ്പ്മെന്റ് പ്രോഗ്രാം (IHSDP) ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (BSUP) എന്നിവയുടെ ഭാഗമായി 11,000 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട് കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽനടപ്പാക്കിയ ഭവനശ്രീ പദ്ധതിയുടെ ഭാഗമായി 11-ാം പദ്ധതിയിൽആകെ പൂർത്തിയാക്കിയിട്ടുള്ള 40,000 വീടുകളുംകൂടി കണക്കാക്കിയാൽ ആകെ 3.65 ലക്ഷം വീടുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിലി രിക്കുന്ന 90,000 വീടുകൾ കൂടി പരിഗണിക്കു മ്പോൾ ആകെ 4.50 ലക്ഷം വീടുകൾ നമുക്കു പൂർ ത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു കണക്കാക്കാം സുനാമി, പാരമ്പരാഗത മൽസ്യ തൊഴിലാളികൾ ക്കായുള്ള ഭവന പദ്ധതി, പട്ടിക ജാതി, പട്ടികവർഗ്ഗ വകുപ്പുകൾ നടപ്പാക്കുന്ന ഭവന പദ്ധതികൾ എന്നിവകൂടി കണക്കിലെടുത്താൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് ഏറെ അടുക്കാനായിട്ടുണ്ടെന്നു കാണാം. എന്നാൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ ഇത്രയും ഗണ്യമായൊരു മുന്നേറ്റം സാദ്ധ്യമായിട്ടില്ല. പാലക്കാട്ടു ജില്ലയിൽ മാത്ര മാണ് ഇതിനകം സമ്പൂർണ്ണ വൈദ്യുതീകരണം പൂർണ്ണമായത്. തൃശ്ശൂർ ജില്ലയിൽ ജനുവരി ഇരുപതോടെയും എറണാകുളം ആലപ്പുഴ ജില്ലകളിൽ ഫെബ്രുവരി മാസത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണത്തെക്കുറിച്ച് അനെർട്ട് നടത്തിയ സമഗ്രപഠനം 2,54,634 വീടുകൾ വൈദ്യുതീകരിക്കപ്പെടാനുണ്ടെന്നു കാണിക്കുന്നു.

സോളാർ ഫോട്ടോവോൾട്ടായ്ക് പാനലു കളുപയോഗിച്ച് ഇത്രയും വീടുകൾക്കു വൈദ്യുതി നൽകാൻ 500 കോടി രൂപവേണ്ടിവരും. വീടുക ളുടെ ക്ലസ്റ്ററുകൾക്കായുള്ള പവർപാക്ക് നൽകു കയും എൽ.ഇ.ഡി വിളക്കുകൾ ഉപയോഗിക്കുക യും പാനലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക യും ചെയ്യുന്നതിലൂടെയേ ഈ തുകയ്ക്കുള്ളിൽ തന്നെ ലക്ഷ്യം കൈവരിക്കാനാകൂ. അനെർട്ട് തയ്യാറാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതി മാസ്റ്റർപ്ലാൻ പ്രകാരം കാസർഗോഡ് കണ്ണൂർ, കോഴിക്കോട്, വയനാട്, ഇടുക്കി, കൊല്ലം ജില്ലകളുടെ വൈദ്യുതീകരിക്കാത്ത തുരുത്തു കളിലേറിയ പങ്കും ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതാ പ്രദേശങ്ങൾക്കു സമീപമാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളും ജൈവ ദ്രവ്യസാദ്ധ്യതകളും സൗരവൈദ്യുത സാദ്ധ്യ തകളും ഏകോപിപ്പിച്ചാൽ മാത്രമേ സുസ്ഥിരമായ വൈദ്യുതി ലഭ്യത കേരളത്തിൽ സാർവ്വത്രിക മാക്കാനാകൂ.

എല്ലാവർക്കും വൈദ്യുതി എത്തിക്കുന്നതേ ക്കാൾ ശ്രമകരമായ സ്വപ്നമാണ് എല്ലാവർക്കും കുടിവെള്ളമെത്തിക്കുക. NSSOയുടെ 2009 ലെ

കണക്കുപ്രകാരം 14.5% വീടുകളിൽ വെള്ളമെത്തിക്കേണ്ടതുണ്ട്. ചെറുകിട സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ മാതൃകയിൽ കേരളത്തിലുടനീളം വെള്ളമെത്തിക്കാൻ ലക്ഷ്യമിട്ടാൽ തന്നെ ഇതിന് ഏതാണ്ട് 2000 കോടിരൂപയുടെ മുടക്കു മുതൽവേണ്ടിവരും.

സമ്പൂർണ്ണ ശുചിത്വപരിപാടി ഖരദ്രാവക മാലിന്യ സംസ്കരണവും കക്കൂസ് മാലിന്യ നിർമ്മാർജ്ജനവും ഉൾപ്പെടുന്നതാണ്. ഖര-ദ്രാവകമാലിന്യസംസ്കരണ പരിപാടികൾ മാറ്റിവച്ചാൽ അവശേഷിക്കുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ മാത്രം ഏതാണ്ടു 450 കോടി രൂപവേണ്ടി വരും.

ഈ ഉത്തരവാദിത്തങ്ങളിലെല്ലാം ഗണ്യമായ പങ്കുവഹിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. വിഭവലഭ്യതാച്ചുരുക്കം കേരളത്തിലെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനൊരു മുഖ്യ പരിമിതിയായി അവശേഷിക്കുന്നുവെന്നും മേൽപ്പറഞ്ഞ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്.

**6.2 ദളിത് – ആദിവാസി വികസനം**

കേരളത്തിന്റെ പൊതുവിലുള്ള വികസന പ്രക്രിയയിൽ സംസ്ഥാനം കൈവരിച്ച സാമൂഹിക നേട്ടത്തിൽ വേണ്ടത്ര പങ്കാളിത്തം ലഭിക്കാത്ത രണ്ട് സമുദായങ്ങളാണ് ആദിവാസികളും ദളിതരും. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ദളിതർ 10 ശതമാനവും ആദിവാസികൾ 1.1 ശതമാനവുമാണ്. ദളിതരുടെ ജീവിത നിലവാരം സംസ്ഥാനത്തെ മൊത്തം ശരാശരിയേക്കാൾ താഴെയാണ്. അതേസമയം ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. ആദിവാസികൾക്കിടയിൽ ഭൂരഹിതരുടെയും ഭവനരഹിതരുടെയും പട്ടിണിക്കാരുടെയും എണ്ണം ഇന്ത്യയുടെ ഇതരഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. 2001-ലെ കണക്കനുസരിച്ച് കേരളത്തിലെ ദളിതരുടെയിടയിലെ സാക്ഷരതാനിരക്ക് 83 ശതമാനവും ആദിവാസികളുടെ ഇടയിലേത് 64 ശതമാനവുമാണ്. ഇന്ത്യയിലേത് യഥാക്രമം 57ഉം 47ഉം ശതമാനം വീതമാണ്. കേന്ദ്രസർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിലെ പട്ടികജാതിക്കാരിൽ 15ശതമാനവും പട്ടികവർഗക്കാരിൽ 25 ശതമാനവും ദാരിദ്രരേഖയിലാണ്. ഇന്ത്യ മൊത്തത്തിലെടുത്താൽ ഈ തോത് യഥാക്രമം 36ഉം 46ഉം ശതമാനം വീതമാണ്.

ഈ മേഖലയിലെ സംവരണത്തിന്റെ ഫലമായി ഒരു ചെറിയ വിഭാഗം സർക്കാർ ജീവനക്കാരായി മാറിയിട്ടുണ്ട്. എന്നാൽ പൊതുവിലുള്ള തൊഴിൽനില പരിശോധിക്കുമ്പോൾ 2001-ലെ കണക്കനുസരിച്ച് ദളിതരിൽ 31 ശതമാനംപേർ കാർഷികമേഖലയിലാണ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. 1991ൽ ഈ തോത് 56 ശതമാനമായിരുന്നു. ഇതു സൂചിപ്പിക്കുന്നത് ഇന്നും കാർഷിക മേഖലയാണ് ഇവരുടെ മുഖ്യമായ തൊഴിൽരംഗമെങ്കിലും കൂടുതൽ പേർ കാർഷികേതരമേഖലകളിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നാണ്. പക്ഷേ, അവിടെയും ഭൂരിപക്ഷം പേരും താഴ്ന്ന വരുമാനക്കാരും കൂലിപ്പണിക്കാരുമാണ്.

ദളിതർ നേടിയ സാമൂഹിക പുരോഗതി ആദിവാസികൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികവർഗക്കാരിൽ 55 ശതമാനം പേർ ഇന്നും കാർഷികമേഖലയിലാണ് തൊഴിൽതേടുന്നത്. 1991ൽ ഈ തോത് 72 ശതമാനമായിരുന്നു. പട്ടികജാതിക്കാരെ അപേക്ഷിച്ചു കൃഷിക്കാരുടെ എണ്ണം പട്ടികവർഗക്കാരിൽ കൂടുതലാണ്. പട്ടികജാതിക്കാരിൽ 1.6 ശതമാനമേ കൃഷിക്കാർ വരികയുള്ളൂ. എന്നാൽ പട്ടികവർഗക്കാരിൽ 14 ശതമാനം പേർ കൃഷിക്കാരാണ്. 41 ശതമാനം പേർ കർഷകത്തൊഴിലാളികളാണ്. സാക്ഷരതാനിരക്കിലും വീടുകൾ ലഭ്യമാക്കുന്നതിലും കുടിനീരും ആരോഗ്യ-ശുചീകരണ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിലും പരിതാപകരമായ അവസ്ഥ നിലനിൽക്കുകയാണ്. വികസനപ്രക്രിയകൾ അവരെ പാപ്പരാക്കി; സ്വന്തം ഭൂമി അന്യമാക്കി വനവിഭവങ്ങൾ എടുക്കുന്നതിൽ നിന്ന് തടഞ്ഞു; അവരെ മദ്യത്തിനിരകളാക്കി. ആദിവാസി വിഭാഗങ്ങളിൽ തന്നെ ചില ഗോത്രങ്ങൾ താരതമ്യേന മെച്ചപ്പെട്ട നിലവാരം കൈവരിച്ചതായി കാണാം. എന്നാൽ ബഹുഭൂരിപക്ഷത്തിന്റെയും സ്ഥിതി പരമദയനീയമാണ്.

പട്ടികജാതി പട്ടികവർഗ സമുദായങ്ങളുടെ പുരോഗതിക്ക് ഇന്ത്യയുടെ ഭരണഘടനയിലും പഞ്ചവൽസരപദ്ധതികളിലും പ്രത്യേക പരിഗണ

നയാണ് നൽകിയിട്ടുള്ളത്. ഇപ്പോൾ ദളിതർക്കായി സ്പെഷ്യൽ കമ്പോണന്റ് പ്ലാനും (എസ്.സി.പി) ആദിവാസികൾക്കായി ട്രൈബൽ സബ് പ്ലാനും (ടി എസ് പി)യും നിലവിലുണ്ട്. ഇതു കൂടാതെ സംവരണ സമുദായങ്ങൾക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പ്രത്യേക കേന്ദ്രസഹായ പദ്ധതികളുമുണ്ട്.

**സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (എസ് സി പി)**

ദളിതർക്കായി വിവിധ വകുപ്പുകളുടെ കീഴിലായുള്ള പദ്ധതികളെ ഏകോപിപ്പിച്ച് സ്പെഷ്യൽ കമ്പോണന്റ് പദ്ധതിക്കു കീഴിലാക്കിയത് 1977-ലെ ജനതാ ഗവൺമെന്റാണ്. വിവിധ വകുപ്പുകളിൽ നിന്നായി ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവന്ന സ്കീമുകളുടെ തുക ജനസംഖ്യയിൽ ദളിതർക്കുള്ള പ്രാതിനിധ്യത്തിന് ആനുപാതികമാകണം. എസ് സി പിയിൽ ഉൾപ്പെടുത്തപ്പെട്ട പദ്ധതികൾ ദളിതർക്ക് നേരിട്ടു പ്രയോജനം ചെയ്യുന്നതാവണം. ഇവയെല്ലാം ഒരു പ്രത്യേക പദ്ധതിയായി ഏകോപിപ്പിക്കുകയും വേണമായിരുന്നു. 1980-ൽ ഈ ഏകോപന പരിപാടിക്ക് സഹായകമാകുന്നതിനായി പ്രത്യേക കേന്ദ്രസഹായവും ആരംഭിച്ചു. 1983-ൽ കേരളത്തിൽ എസ് സി പി പദ്ധതിയും നടത്തിപ്പും ജില്ലകളിലേക്ക് വികേന്ദ്രീകരിച്ചു. എന്നാൽ ഉദ്യോഗസ്ഥ മേധാവിത്വത്തിൻ കീഴിലുള്ള ആസൂത്രണം ലക്ഷ്യം കണ്ടില്ല. അതുമൂലം ഫണ്ട് വകയിരുത്തൽ പേരിനു മാത്രമായിരുന്നു. അപ്രസക്തമായ പരിപാടികളാണ് നടത്തപ്പെട്ടത്. ഇതൊക്കെ കൊണ്ട് പദ്ധതി നടത്തിപ്പിൽ ഭീമമായ പാളിച്ചകൾ പറ്റി.

ഈ പശ്ചാത്തലത്തിലാണ് എസ് സി പിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും കാര്യമായ മാറ്റങ്ങൾ 1996-97 ൽ വരുത്തിയത്. എസ്.സി. പി ഫണ്ട് ഓരോ വകുപ്പും അനുവദിക്കുന്നതിന് പകരം ദളിതരുടെ ജനസംഖ്യക്ക് അനുപാതികമായ ഫണ്ട് ശരിയായി പൊതുവിൽ വകയിരുത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ കൈമാറുകയും ചെയ്തു. ഇതുമൂലം ഫണ്ടുകൾ കുറയുന്നത് തടയാനും പ്രാദേശികാടിസ്ഥാനത്തിൽ ദളിതരുടെ പ്രശ്നങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും പ്രാദേശികാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നതിനും സുഗമമായി അവ നടത്താനും സൗകര്യമൊരുക്കി. ഗ്രാമസഭകളിലും വികസന സെമിനാറുകളിലും കർമ്മസമിതി മീറ്റിംഗുകളിലും പ്രത്യേക ഗ്രൂപ്പ് ചർച്ചകൾ നടക്കുകയും ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾക്കനുസൃതമായി സ്പെഷ്യൽ കമ്പോണന്റ് പ്ലാനുകൾ തയ്യാറാക്കാനും സാധിച്ചു. പൊതു പശ്ചാത്തല സൗകര്യ പ്രൊജക്ടുകൾക്ക് കർശനമായ മാർഗ നിർദേശങ്ങൾ നൽകപ്പെടുകയും ചെയ്തിരുന്നു. എസ്സിപിയുടെ നടത്തിപ്പ് സുഗമമായയാണോ എന്ന് വീക്ഷിക്കാൻ സംവിധാനങ്ങളുണ്ടായിരുന്നു. ഓരോ പഞ്ചായത്തിലും ഓരോ കമ്യൂണിറ്റി ഫെസിലിറ്റേറ്ററെ വീതം നിയമിക്കുകയും ചെയ്തു.

| പട്ടികജാതി വികസന വകുപ്പ് (കോടി രൂപയിൽ) | | | | തദ്ദേശഭരണ സ്ഥാപനങ്ങൾ | | |
|---|---|---|---|---|---|---|
| വർഷം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| 2001-02 | 101.7 | 38.17 | 37.54 | | | |
| 2002-03 | 169.73 | 168.84 | 99.47 | 268.5 | 94 | 35.00 |
| 2003-04 | 191.01 | 120.42 | 63.05 | 265.33 | 223.97 | 84.34 |
| 2004-05 | 181.81 | 118.50 | 65.18 | 285.2 | 190.3 | 66.71 |
| 2005-06 | 183.11 | 129.73 | 70.84 | 330.5 | 192.9 | 57.67 |
| 2006-07 | 200.89 | 172.73 | 85.98 | 405.0 | 346.9 | 85.61 |
| 2007-08 | 239.6 | 225.64 | 94.17 | 443.3 | 375.3 | 84.66 |
| 2008-09 | 277.44 | 270.62 | 97.54 | 487.63 | 414.44 | 85.00 |
| 2009-10 | 443.83 | 438.7 | 98.84 | 5360.0 | 528.032 | 98.57 |

ജനാധിപത്യ വികേന്ദ്രീകരണം നടപ്പാക്കപ്പെട്ടതോടെ എസ് സി പി ഫണ്ടുകൾ വൃഥാവിലാകുന്ന അവസ്ഥയ്ക്ക് കുറവുണ്ടായി. ബഹുഭൂരിപക്ഷം പ്രോജക്ടുകളും വീടുകൾ പോലെ വ്യക്തിഗത ആനുകൂല്യങ്ങളായിരുന്നു. വ്യാപകമായി ദുരപയോഗം ചെയ്യപ്പെട്ട റോഡുകൾ പോലെയുള്ള പശ്ചാത്തല സൗകര്യങ്ങൾക്കുള്ള പ്രോജക്ടുകൾക്ക് താരതമ്യേന കുറഞ്ഞ ശതമാനം ഫണ്ടുകളേ അനുവദിക്കപ്പെട്ടുള്ളു. എന്നാൽ യുഡിഎഫ് സർക്കാരിന്റെ കാലത്ത് പട്ടികജാതി ഘടകപദ്ധതി നടത്തിപ്പിൽ ഗൗരവാവഹമായ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. അർഹമായ വിഹിതം മാറ്റിവെയ്ക്കാതിരിക്കുന്നതും ചെലവഴിക്കാതിരിക്കുന്നതും പതിവായി.

പട്ടിക പരിശോധിച്ചാൽ ഇതുവ്യക്തമാകും. ന്നതു കൊണ്ടും അനുമാനക്കണക്കു സമ്പ്രദായം പൂർണമായി അവസാനിപ്പിച്ചതിന്റെയും ഫലമാണ് ഈ മാറ്റം. അനുവദിച്ച പണം ചെലവാക്കുന്നതിൽ വന്ന പുരോഗതിയും പട്ടികയിൽ വ്യക്തമായി കാണാം.

**ട്രൈബൽ സബ് പ്ലാൻ (ടി എസ് പി)**

ട്രൈബൽ സബ് പ്ലാൻ ശ്രദ്ധയൂന്നിയത് ആദിവാസികൾ കൂട്ടായി പാർക്കുന്ന ഗിരിവർഗ്ഗ പ്രദേശങ്ങളുടെ വികസനത്തിലാണ്. വികസന പരിപാടിയും അതിനേക്കാൾ പ്രധാനമായി സംരക്ഷണപരിപാടിയും ടിഎസ്പിയിൽ ഉൾപ്പെടുത്തണമായിരുന്നു. കേരളത്തിൽ ആദിവാസികളുടെ ആവാസവ്യവസ്ഥയുടെ പ്രത്യേകത മൂലം, ടി എസ് പിയുടെ സത്ത ഉൾക്കൊണ്ട് നടപ്പാക്കപ്പെട്ടിട്ടില്ല. എസ് സി പിയുടെ പോലെ തന്നെ ടി എസ് പിയും 1983-ൽ

| പട്ടികജാതി വികസന വകുപ്പ് (കോടി രൂപയിൽ) | | | | തദ്ദേശഭരണ സ്ഥാപനങ്ങൾ | | |
|---|---|---|---|---|---|---|
| വർഷം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| 2001-02 | 101.7 | 38.17 | 37.54 | | | |
| 2002-03 | 169.73 | 168.84 | 99.47 | 268.5 | 94 | 35.00 |
| 2003-04 | 191.01 | 120.42 | 63.05 | 265.33 | 223.97 | 84.34 |
| 2004-05 | 181.81 | 118.50 | 65.18 | 285.2 | 190.3 | 66.71 |
| 2005-06 | 183.11 | 129.73 | 70.84 | 330.5 | 192.9 | 57.67 |
| 2006-07 | 200.89 | 172.73 | 85.98 | 405.0 | 346.9 | 85.61 |
| 2007-08 | 239.6 | 225.64 | 94.17 | 443.3 | 375.3 | 84.66 |
| 2008-09 | 277.44 | 270.62 | 97.54 | 487.63 | 414.44 | 85.00 |
| 2009-10 | 443.83 | 438.7 | 98.84 | 536.0 | 528.032 | 98.57 |

2001 – 2002നും 2005-06നും ഇടയ്ക്കു മൊത്തം ഘടകപദ്ധതി വിഹിതം സംസ്ഥാന ബജറ്റുവിഹിതം 81 ശതമാനം ഉയർന്നപ്പോൾ അടുത്ത നാലു വർഷത്തിനിടയിൽ 142 ശതമാനം വർദ്ധനയുണ്ടായി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു അനുവദിച്ച വിഹിതത്തിൽ 2002-03നും /2005-06നും ഇടയിൽ 23 ശതമാനം വർദ്ധനയുണ്ടായപ്പോൾ പിന്നീടുള്ള 4 വർഷത്തിനിടയിൽ 62 ശതമാനം വർദ്ധന ഉണ്ടായി. ജനസംഖ്യാനുപാതികമായി പൂർണ വിഹിതം നീക്കിവെച്ചിരു

ജില്ലാ അടിസ്ഥാനത്തിൽ വികേന്ദ്രീകരിക്കപ്പെടുകയും അതിന്റെ നടത്തിപ്പ് ഉദ്യോഗസ്ഥ മേധാവികളെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. എസ് സി പിയുടെ അതേ ഗതി തന്നെ ടി എസ് പിക്കുമുണ്ടായി. ടി എസ് പിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള സൂക്ഷ്മപരിശോധന കാണിക്കുന്നത് അനുവദിക്കപ്പെട്ട ഫണ്ട് ചെലവാക്കാതിരിക്കൽ, പൊതു പശ്ചാത്തല സൗകര്യ വികസനത്തിനായി ഗിരിവർഗ്ഗ ക്ഷേമത്തിനായുള്ള ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചത്, അപ്രസ്കതമായ പരിപാടികൾ, ഏകോപനത്തിന്റെ അഭാവം, അഴിമതി

എന്നിവ മൂലമാണ് ഈ പരിപാടി പരാജയപ്പെട്ടതെന്നാണ്.

ജനകീയാസൂത്രണ പരിപാടിയിലുൾപ്പെടുത്തി ടി എസ് പിയുടെ നടത്തിപ്പ് ജനാധിപത്യ രീതിയിൽ വികേന്ദ്രീകരിക്കപ്പെട്ടതോടെ പദ്ധതി ആസൂത്രണത്തിൽ ഗുണപരമായ മാറ്റം വന്നു. ജനകീയാസൂത്രണ പരിപാടിയിൻ കീഴിൽ അടിസ്ഥാനാവശ്യങ്ങൾക്കുളള ഊന്നൽ എസ്സിപിയുടേതിനേക്കാൾ കൂടുതലായിരുന്നു. എന്നിരുന്നാലും പദ്ധതിയുടെ വിമർശനപരമായ പരിശോധന ഒട്ടേറെ ദൗർബല്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. ആദിവാസികളുടെ വളരെ കുറഞ്ഞ പങ്കാളിത്തം, അപ്രസക്തമായ അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് ദുരുപയോഗം, പ്രോജക്ട് നടപ്പാക്കുന്നതിൽ ഗുരുതരമായ കാലതാമസം എന്നിവയായിരുന്നു മുഖ്യ പ്രശ്നങ്ങൾ. ആദിവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഫണ്ടുകളുടെ ദുരുപയോഗം തടയുന്നതിനും കർശനമായ മാർഗനിർദേശം നൽകി അടിയന്തിരമായ തിരുത്തൽ നടപടികൾ സ്വീകരിച്ചു. അങ്ങനെ ആദിവാസി മേഖലകളിൽ ഊരുകൂട്ടങ്ങൾ വിളിച്ചു ചേർത്ത് പദ്ധതികൾ ചർച്ച ചെയ്യണമെന്നും ഊരുകൂട്ടങ്ങളുടെ അനുവാദമില്ലാതെ ഒരു പദ്ധതിയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കരുതെന്നും കർശനമായ നിർദേശം നൽകി. ഊരുകൂട്ടങ്ങൾ ഫലപ്രദമായി ചേരുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സഹായിക്കാൻ ആദിവാസികൾക്കിടയിലെ വിദ്യാസമ്പന്നരായ യുവജനങ്ങളെ തെരഞ്ഞെടുക്കുകയും മാസ ശമ്പള വ്യവസ്ഥയിൽ അവരെ നിയമിക്കുകയും ചെയ്തു. നിലവിലുള്ള പഞ്ചായത്ത്രാജ് സമ്പ്രദായത്തിൽ ആദിവാസി സമൂഹത്തിന് പരമാവധി സ്വയംഭരണാവകാശം ഉറപ്പുവരുത്തിയാണ് ടിഎസ്പി നടപ്പാക്കാൻ നിശ്ചയിച്ചത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതാകെ തകിടം മറിഞ്ഞു.

പട്ടികവർഗ ഘടകപദ്ധതിയുടെ അടങ്കലും ചെലവും

| പട്ടികജാതി വികസന വകുപ്പ് (കോടി രൂപയിൽ) | | | | തദ്ദേശഭരണ സ്ഥാപനങ്ങൾ | | |
|---|---|---|---|---|---|---|
| വർഷം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | അനുവദിച്ച തുക | ചെലവ് | ചെലവ് ശതമാനം |
| 2003- 04 | 95.63 | 4.87 | 49.0 | 44.44 | 24.05 | 54.1 |
| 2004-05 | 77.22 | 64.36 | 83.4 | 48.13 | 30.48 | 63.3 |
| 2005-06 | 77.5 | 59.97 | 77.4 | 50.17 | 33.88 | 70.00 |
| 2006-07 | 83.06 | 76.10 | 91.6 | 60.50 | 50.40 | 83.3 |
| 2007-08 | 80.20 | 80.33 | 93.2 | 68.75 | 60.50 | 90.0 |
| 2008-09 | 76.50 | 72.71 | 95.0 | 73.88 | 70.89 | 96.0 |
| 2009-10 | 111.43 | 107.63 | 96.4 | 80.51 | 78.29 | 97.2 |

മൊത്തം പട്ടികവർഗ തുകയുടെ അടങ്കൽ യുഡിഎഫ് ഭരണകാലത്ത് വർദ്ധിച്ചതേയില്ല. 2003-04ൽ 139 കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് 2005-06 ആയപ്പോൾ 127 കോടി രൂപയേ വകയിരുത്തിയുള്ളൂ. എന്നാൽ 2009-10ൽ മൊത്തം അടങ്കൽ 191 കോടിയായി ഉയർന്നു. മൊത്തം അടങ്കലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു താരതമ്യേന കൂടുതൽ വിഹിതം അനുവദിക്കപ്പെട്ടു. ടിഎസ്പിയുടെ പണം ചെലവഴിക്കുന്നതിലും നാടകീയമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞ നാലുവർഷത്തിനിടയിൽ കഴിഞ്ഞു എന്നത് പട്ടികയിലെ കണക്ക് തെളിയിക്കുന്നു.

**അനുഭവങ്ങളും മാർഗനിർദ്ദേശങ്ങളും**

1. പട്ടികജാതി പട്ടികവർഗ വികസനത്തിൽ ഇനിയും തുടർന്ന് ഏറ്റവും ഊന്നൽ നൽകേണ്ടത് വിദ്യാഭ്യാസ മേഖലയ്ക്കു തന്നെയാണ്. സാധാരണ വിദ്യാഭ്യാസത്തിനപ്പുറം പ്രൊഫഷണൽ രംഗത്ത് ഉന്നതവിദ്യാഭ്യാസം നേടുവാൻ പട്ടികവിഭാഗങ്ങൾക്ക് കഴിയണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും മെസ് അലവൻസും മറ്റ് അലവൻസുകളും ഗണ്യമായി വർദ്ധിപ്പിച്ചു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യവും നിലവാരവും ഗണ്യമായി വർദ്ധിപ്പിച്ചു. തൽഫലമായി ഈ വിഭാഗങ്ങളുടെ വിജയശതമാനം ഉയർന്നു. തൊഴിലധിഷ്ഠിത കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും സ്വാശ്രയമടക്കം ഈ വിഭാഗങ്ങൾക്ക് പഠനം നടത്തുന്നതിന് എല്ലാ ആനുകൂല്യങ്ങളും നൽകി. കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ സ്ഥാപിക്കണം. സ്വാശ്രയ വിദ്യാലയങ്ങളിൽ പഠിക്കാനുള്ള ചെലവ് ഇപ്പോൾ സർക്കാർ വഹിക്കുന്നുണ്ട്. ഇനിയും കേരളത്തിനു വെളിയിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനും വേണ്ടിവരുന്ന പൂർണ്ണ ചെലവും സർക്കാർ നൽകണം. വിദ്യാഭ്യാസത്തിനായുള്ള അലവൻസുകളും സ്കോളർഷിപ്പുകളും വർദ്ധിപ്പിക്കുകയും ഉയർന്ന കഴിവുകൾ തെളിയിക്കുന്നവർക്ക് പ്രത്യേക പ്രോൽസാഹനം നൽകുകയും വേണം.

2. വിദ്യാഭ്യാസം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്രശ്നം ഭൂമിയുടേതാണ്. കഴിഞ്ഞ നാലുവർഷങ്ങൾക്കിടയിൽ എൽ.ഡി.എഫ് സർക്കാർ 18186 ആദിവാസി കുടുംബങ്ങൾക്ക് 21262 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇനിയും 14230 ആദിവാസി കുടുംബങ്ങൾ ഭൂരഹിതരായി അവശേഷിക്കുന്നു എന്നാണ് സർക്കാർ കണക്ക്. ഇതിൽ പകുതിയിലേറെയും വയനാട്ടിലാണ്. ലഭ്യമായ റവന്യൂ ഭൂമി, മിച്ചഭൂമി, പുറംപോക്ക് ഭൂമി എന്നിവയും, ഭൂമി വിലയ്ക്കെടുത്തും ഇവർക്ക് ഭൂമി നൽകണം. കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് അവകാശം നേടിക്കൊടുക്കുന്നതിനുള്ള പ്രവർത്തനത്തിലും കേരളം മുൻപന്തിയിലാണ്. 511 വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 36063 വ്യക്തിഗത അപേക്ഷകൾ ലഭിച്ചു. അവയിൽ 26813 അപേക്ഷകരുടെ ഭൂമിയിൽ സർവ്വേ പൂർത്തിയാക്കി. ഭൂരഹിത-ഭവന രഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം എൽ.ഡി.എഫ് സർക്കാർ മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ 9896 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 54.63 കോടി രൂപയുടെ ധനസഹായം നൽകി. സർക്കാരിൽ ലഭ്യമായ മിച്ചഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ സ്ഥലം കാർഷികാവശ്യങ്ങൾക്ക് പട്ടികവിഭാഗത്തിലെ കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുക്കാനുള്ള നടപടി എത്രയും വേഗം പൂർത്തിയാക്കണം.

3. പട്ടികവിഭാഗങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും വീടു നിർമ്മിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നേറുകയാണ്. ഇക്കഴിഞ്ഞ നാലു വർഷങ്ങളിലായി പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണത്തിനായി 46811 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇവർക്ക് 183.27 കോടി രൂപ അനുവദിക്കുകയും ചെയ്തു. മുൻകാലങ്ങളിൽ നൽകിയ വീടുകൾ പുതുക്കി പണിയേണ്ടവയ്ക്കു പണം അനുവദിക്കണം. കേന്ദ്ര പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയിൽ പോലും കേന്ദ്ര വിഹിതം വളരെ കുറവാണ്. കാലാനുസൃതമായി ധനസഹായ തുക വർദ്ധിപ്പിക്കണം.

4. വന ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വനത്തിൽ താമസിക്കുന്നവർക്ക് ആ ഭൂമി കൈവശം വയ്ക്കാനും ആദിവാസികൾക്ക് പരമ്പരാഗതമായുള്ള അവകാശം സംരക്ഷിക്കപ്പെടണം. ഒപ്പം ആദിവാസികളുടെ സഹകരണത്തോടെ ചെറുവനവിഭവങ്ങൾ ശേഖരിച്ച് സഹകരണ സംഘങ്ങളിലൂടെ അവയുടെ വിൽപന ശക്തിപ്പെടുത്തേണ്ടതുണ്ട്.

4. സാമൂഹികമായ പീഡനമാണ് ആദിവാസികൾ നേരിടുന്ന മറ്റൊരു പ്രശ്നം. ആദിവാസി സ്ത്രീകൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നത് ഗൗരവതരമായ പ്രശ്നമാണ്. ഡിഎൻ.എ പരിശോധനയടക്കം പിതൃത്വം തെളിയിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കുറ്റക്കാരെ കണ്ടെത്തുകയും കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും വേണം. അവിവാഹിതകളായ ആദിവാസി അമ്മമാർക്ക് പ്രത്യേക സാമൂഹിക പരിരക്ഷ പ്രദാനം ചെയ്യണം. അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ വിചാരണക്കായി രണ്ട് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുകയും അതിക്രമങ്ങൾക്കിരയായവർക്കുള്ള നഷ്ടപരിഹാരത്തുകയുടെ 50 ശതമാനം മെഡിക്കൽ പരിശോധനയ്ക്കുശേഷവും ബാക്കി തുക കേസിന്റെ വിചാരണയ്ക്കുശേഷവും നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

5. ദളിതർക്കും ആദിവാസികൾക്കും തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിൽ വൻതോതിലുള്ള ശ്രദ്ധപതിയേണ്ടതുണ്ട്. അവരുടെ സാങ്കേതികവും അല്ലാത്തതുമായ കഴിവുകൾ വർദ്ധിപ്പിച്ചും സ്ഥായിയായ സ്വയം തൊഴിൽ പരിപാടികൾ ആസൂത്രണം ചെയ്തും മാത്രമേ ആ ലക്ഷ്യം നേടാനാവൂ. സ്വകാര്യമേഖലയ്ക്കു കൂടി സംവരണം വ്യാപിക്കേണ്ടത് ആവശ്യമാണ്. കർഷക തൊഴിലാളികൾക്കായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ സൊസൈറ്റികൾ രൂപീകരിക്കണം. ഈ ലേബർ സൊസൈറ്റികൾക്ക് പ്രവർത്തന മൂലധനം നൽകുക, ഓഫീസ് സംവിധാനം അനുവദിക്കുക, കാർഷികോപകരണങ്ങൾ, യന്ത്ര സാമഗ്രികൾ മുതലായവ ലഭ്യമാക്കുക. ഇതുവഴി പട്ടികജാതി വിഭാഗക്കാർ ഭൂരിപക്ഷം വരുന്ന കാർഷിക കാർഷികേതര തൊഴിലാളികൾക്ക് സ്ഥിരം തൊഴിലും സാമൂഹ്യ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പു വരുത്തുക. നിർമ്മാണ മേഖലയിലും ഇത്തരം സൊസൈറ്റികൾ ആരംഭിക്കാവുന്നതാണ്.

6. കേരളത്തിൽ ഒരു പട്ടികജാതി–പട്ടികവർഗ കമ്മീഷൻ വേണമെന്ന, വർഷങ്ങളായി നിലനിൽക്കുന്ന ആവശ്യം യാഥാർത്ഥ്യമാക്കുവാൻ ഈ സർക്കാരിനു കഴിഞ്ഞു. പട്ടികവിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവർക്കായുള്ള പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാ

ക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും കമ്മീഷന്റെ പ്രവർത്തനത്തിലൂടെ കഴിയും. എന്നാൽ, ഈ കമ്മീഷന്റെ പ്രവർത്തനം വേണ്ടത്ര പ്രയോജനകരമായിട്ടില്ല. കമ്മീഷൻ പുനഃസംഘടിപ്പിക്കണം.

7. പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ പുനസംഘടന പൂർത്തിയാക്കണം. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കോർപറേഷൻ അഞ്ചുവർഷം കൊണ്ട് ആകെ 5793 പേർക്ക് 28 കോടി രൂപയുടെ വായ്പാ സഹായം മാത്രമാണ് നൽകിയതെങ്കിൽ ഈ സർക്കാർ വന്ന ശേഷം കഴിഞ്ഞ നാലുവർഷത്തിനകം 11,127 പേർക്ക് 60.12 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. തൃശൂർ നഗരത്തിലെ കൈരളി തിയേറ്റർ കോംപ്ലക്സിലെ 28 കടമുറികൾ പട്ടികജാതിയിൽപ്പെട്ട 28 ഗുണഭോക്താക്കൾക്ക് നൽകി ഒരു സ്വാശ്രയ വിപണനകേന്ദ്രം ആരംഭിച്ചത് മാതൃകയാക്കാവുന്നതാണ്.

8. സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ പ്രാഥമിക സഹകരണ സംരംഭങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് പട്ടികജാതി-പട്ടികവർഗ വികസന സഹകരണ ഫെഡറേഷൻ. സഹകരണവകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്. ഫെഡറേഷനിൽ 538 പട്ടികജാതി സഹകരണ സംഘങ്ങളും 98 പട്ടികവർഗ സഹകരണ സംഘങ്ങളും അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഈ സംഘങ്ങളുടെ പുനരുദ്ധാരണത്തിനു മുൻഗണന നൽകണം.

9. പട്ടികജാതി-പട്ടിവർഗ ലിസ്റ്റുകൾ പുതുക്കുന്നതും പരിഷ്കരിക്കുന്നതും കേന്ദ്ര സർക്കാരാണ്. പാർലമെന്റ് അംഗീകരിക്കുന്ന മുറയ്ക്കാണ് ലിസ്റ്റിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തുന്നത്. കിർത്താഡ് നടത്തുന്ന നരവംശശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകുന്ന നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല. കാസർകോട്, മറാത്താ വിഭാഗത്തെ പട്ടികവർഗത്തിൽ ഉൾപ്പെടുത്തുന്നതടക്കം കേരള സർക്കാർ ഇതിനോടകം നൽകിയിട്ടുള്ള ശുപാർശകൾ എത്രയും പെട്ടെന്ന അംഗീകരിക്കണം. മിശ്ര വിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതിയായാൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് കേരള സർക്കാർ കൊണ്ടുവന്ന നിയമത്തിന് ഉടൻ അംഗീകാരം നൽകുകയും ഇതു സംബന്ധിക്കുന്ന ഒരു കേന്ദ്ര നിയമം നിർമ്മിച്ച് നടപ്പിലാക്കുകയും വേണം.

10. എല്ലാ പട്ടികജാതി സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുക. കുടിവെള്ളം, വൈദ്യുതി, റോഡ്, വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.

11. ഇന്ത്യയിൽ ആദ്യമായി പട്ടികവിഭാഗങ്ങൾക്കു കടാശ്വാസ പദ്ധതി കേരളത്തിൽ നടപ്പാക്കി. ഒരുലക്ഷത്തിലേറെ പേർക്കു ഇതിന്റെ ഗുണം ലഭിച്ചു. എല്ലാ ആനുകൂല്യങ്ങളും ഗണ്യമായി ഉയർത്തി. ആനുകൂല്യങ്ങൾ ഇനിയും കാലാനുസൃതമായി ഉയർത്തേണ്ടതുണ്ട്.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ അവലോകനം ഇനിയും തിരുത്തേണ്ടുന്ന ഒട്ടേറെ ദൗർബല്യങ്ങളെയും പാളിച്ചകളെയും വെളിപ്പെടുത്തുന്നുണ്ട്. അവ പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും

പദ്ധതികൾ തമ്മിൽ കൂടുതൽ ഏകോപനം ഉണ്ടാകേണ്ടതുണ്ട്.

### 6.3 തൊഴിൽബന്ധങ്ങളും തൊഴിലാളിക്ഷേമവും

ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ ജനകീയ മുന്നേറ്റങ്ങൾ വിശേഷിച്ചും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ നടത്തിയ മുന്നേറ്റങ്ങൾ വഹിച്ച മഹത്തായ പങ്കിനെക്കുറിച്ച് ആമുഖ അധ്യായത്തിൽ സൂചിപ്പിച്ചിരുന്നു. ഇതിൽ തൊഴിലാളി പ്രസ്ഥാനത്തിനും വലിയ സ്ഥാനമുണ്ട്. തങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതിനു മാത്രമല്ല പൊതുരാഷ്ട്രീയത്തിന്റെ ദിശ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ അദ്വിതീയമായ പങ്കുവഹിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും സംഘടിതശക്തിയും മുന്നേറ്റവും സംസ്ഥാനത്തിന്റെ വികസനം തടസപ്പെടുത്തി എന്ന വാദം ഇപ്പോൾ അധികമാരും ഉന്നയിച്ചു കാണാറില്ല. മറിച്ച് കേരള സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിൽ തൊഴിലാളികളും അവരുടെ സംഘടിത പ്രസ്ഥാനങ്ങളും വഹിച്ച നേതൃത്വപരമായ പങ്ക് പൊതുവിൽ അംഗീകരിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. ഉയർന്ന കൂലിയും തൊഴിൽസമരങ്ങളുമാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ച തടസപ്പെടുത്തുന്നത് എന്ന വാദം കഴിഞ്ഞ മൂന്നു നാലു ദശാബ്ദക്കാലത്തെ സ്ഥിതിവിവരക്കണക്കുകളുടെ വെളിച്ചത്തിൽ തള്ളിക്കളയപ്പെട്ടിരിക്കുന്നു. സമരങ്ങളും ലോക്കൗട്ടും മൂലമുണ്ടായ തൊഴിൽദിനനഷ്ടത്തിന്റെയും ഉൽപാദനനഷ്ടത്തിന്റെയും താരതമ്യം, കൂലിനിരക്കുകളുടെ താരതമ്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളാണ് തൊഴിലാളികളുടെ സംഘടിതശക്തി ഉൽപാദന വളർച്ചയെ തടസപ്പെടുത്തുന്നു എന്ന വാദത്തിന്റെ മുനയൊടിച്ചത്. കേരളത്തിലെ തൊഴിലാളികൾ സംഘടിതരും അവകാശ ബോധമുള്ളവരുമാണ് എന്നത് ശരിതന്നെ. കേരളത്തിൽ മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ നിലനിൽക്കുന്നു എന്നതും വസ്തുതയാണ്. എന്നാൽ ഉയർന്ന തൊഴിൽദിന നഷ്ടത്തിനോ ഉൽപാദന നഷ്ടത്തിനോ വളർച്ച തടസപ്പെടുത്തുന്നതിനോ അതൊന്നും കാരണമാകുന്നില്ല എന്നാണ് ഇതെല്ലാം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. എൺപതുകളുടെ ഉത്തരാർദ്ധം മുതൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടന അഖിലേന്ത്യാ ശരാശരിയ്ക്കൊപ്പമോ അതിലും ഉയർന്ന തോതിലോ വളർന്നുകൊണ്ടിരിക്കുകയാണ് എന്ന വസ്തുതയും ഇവിടെ ചേർത്തുവായിക്കേണ്ടതാണ്. യഥാർത്ഥത്തിൽ അവകാശബോധവും സംഘടനാബോധവുമുള്ള തൊഴിലാളികളും അവരുടെ പ്രസ്ഥാനങ്ങളും വ്യവസായബന്ധങ്ങളെ കൂടുതൽ ആരോഗ്യകരമാക്കുന്നതിന്റെയും ഉൽപാദന വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും മാതൃകയാണ് കേരളം മുന്നോട്ടുവെയ്ക്കുന്നത്. ഇപ്രകാരം ആരോഗ്യകരമായ തൊഴിൽബന്ധങ്ങളും വ്യവസായ അന്തരീക്ഷവും വളർത്തിയെടുക്കുന്നതിൽ പലപ്പോഴായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഉയർത്തിപ്പിടിക്കുന്ന ഈ സമീപനം ഭാവനാപൂർണമായി നടപ്പിലാക്കാനാണ് നിലവിലുള്ള സർക്കാരും ശ്രമിച്ചത്. ഇതേ സമീപനം തന്നെയാണ് ഈ രേഖയും മുന്നോട്ടു വെയ്ക്കുന്നത്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനങ്ങളുടെയും ഈ രംഗത്തെ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാരിന്റെയും തൊഴിലാളി സംഘടനകളുടെയും സംരംഭകരുടെയും സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്ന ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

തൊഴിൽസമരങ്ങളുടെ എണ്ണം കുത്തനെ കുറഞ്ഞ അഞ്ചുവർഷങ്ങളാണ് കടന്നുപോയത്. സംസ്ഥാനത്തെ ഒരു മേഖലയും ഇതിന് അപവാദമായിരുന്നില്ല. സർക്കാർ ജീവനക്കാരോ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളോ സ്വകാര്യസംഘടിത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികളോ സമരങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ടില്ല. തൊഴിലാളികളുടെ ന്യായമായ അവകാശം ഹനിച്ചോ സമരങ്ങളെ അടിച്ചമർത്തിയോ ആയിരുന്നില്ല തൊഴിൽരംഗത്തു സമാധാനാന്തരീക്ഷം സ്ഥാപിക്കപ്പെട്ടത്. മറിച്ചു സംസ്ഥാനസർക്കാരിന്റെ കാര്യക്ഷമവും സമയോചിതവുമായ ഇടപെടലുകളിലൂടെയാണ്. ന്യായമായ അവകാശ

ങ്ങൾ തൊഴിലാളികൾക്കു ലഭ്യമാകുന്നു എന്നുറപ്പു വരുത്തിക്കൊണ്ടാണ്. ഒപ്പം വ്യവസായത്തിന്റെ നിലനിൽപ്പിനുവേണ്ട ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ തൊഴിലാളി സംഘടനകളും തയ്യാറായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ രംഗത്തു സമീപകാലത്തുണ്ടായ ഉണർവും വളർച്ചയും ഇവിടെ എടുത്തുപറയണം. പൊതുമേഖലയെ സംരക്ഷിച്ച് ഉയർത്തിയെടുക്കുന്നതിൽ തൊഴിലാളികളും അവരുടെ സംഘടനകളും മാതൃകാപരമായ പങ്കാണു വഹിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തികഞ്ഞ അരാജകത്വമായിരുന്നു തൊഴിൽരംഗത്തു നിലനിന്നിരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെന്നപോലെ തോട്ടം മേഖലയും അടച്ചുപൂട്ടലിന്റെ ഭീഷണി നേരിടുകയായിരുന്നു. കാർഷികോൽപന്നങ്ങളുടെ ഇറക്കുമതി ഉദാരവത്കരിച്ചതിനെ തുടർന്നുണ്ടായ തകർച്ച കാരണം 17 വൻകിട തോട്ടങ്ങളുൾപ്പടെ 22 തേയില തോട്ടങ്ങൾ അടഞ്ഞു കിടക്കുകയായിരുന്നു. തൊഴിലാളികൾക്കു പണിയും വരുമാനവും ഇല്ലാതായി എന്നു മാത്രമല്ല, മുൻകാലത്ത് അവർ അടച്ചുതീർത്ത പ്രോവിഡന്റ് ഫണ്ട് നിക്ഷേപം പോലും നഷ്ടമാകുന്ന സ്ഥിതിയുണ്ടായി. ദാരിദ്ര്യത്തിന്റെ പിടിയിൽ അകപ്പെട്ട തൊഴിലാളികൾക്ക് താൽക്കാലിക ആശ്വാസം നൽകുന്നതിന് ഏർപ്പെടുത്തിയ സൗജന്യ റേഷൻ മുതൽ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും അവയുടെ ലാഭകരമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും വരെ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുളളതാണ്. സംസ്ഥാനത്തെ തോട്ടം മേഖല വീണ്ടും സാധാരണ നിലയിലേയ്ക്കും വളർച്ചയുടെ ഘട്ടത്തിലേയ്ക്കും തിരിച്ചുവന്നിരിക്കുകയാണ്. എന്നാൽ കേന്ദ്രനയങ്ങളാണ് അവയുടെ നിലനിൽപ്പും ഭാവിയും തീരുമാനിക്കാൻ പോകുന്നത്. കാർഷികോത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനുളള ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞു മാറുന്ന കേന്ദ്രനയം തുടർന്നാൽ ഈ രംഗത്തെ അനിശ്ചിതത്വം തുടരും. വിരലിലെണ്ണാവുന്ന വൻകിട തോട്ടങ്ങൾ ഒഴിച്ചാൽ കേരളത്തിലെ തോട്ടമുടമകൾ പൊതുവെ ചെറുകിട ഇടത്തരം വിഭാഗക്കാരാണ്. ഈ രംഗത്തെ തൊഴിലും ഉൽപാദനവും നിലനിർത്താൻ ഉദാരവ്തകരണ നയങ്ങൾക്കെതിരെ തോട്ടം ഉടമകളും തൊഴിലാളികളും യോജിച്ചു പ്രവർത്തിക്കുന്നതിന്റെ പ്രാധാന്യത്തിലേയ്ക്കാണ് ഇതു വിരൽ ചൂണ്ടുന്നത്.

കേരളം, രാജ്യത്തിനു നൽകിയ മാതൃകയാണ് സംസ്ഥാനത്തു പ്രവർത്തിക്കുന്ന വ്യവസായ ബന്ധ സമിതികൾ. വ്യവസായബന്ധസമിതികളെ കൂടുതൽ കാര്യക്ഷമമാക്കി തൊഴിൽതർക്കങ്ങൾ സമയോചിതമായി പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചത്. ഈ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അവയുടെ ഉന്നത ബോർഡായ വ്യവസായബന്ധ ബോർഡും എട്ടു സമിതികളും പുനസംഘടിപ്പിക്കുകയുണ്ടായി. ഇതിന് നല്ല പ്രതികരണം ഉളവാക്കാൻ കഴിഞ്ഞു. വ്യവസായ ബന്ധ സമിതികളുടെ മാതൃക ശക്തിപ്പെടുത്തി മുന്നോട്ടു പോയാൽ കേരളത്തിനു മെച്ചപ്പെട്ട വ്യവസായ അന്തരീക്ഷം നിലനിർത്താൻ കഴിയും. ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കാൻ സർക്കാർ കൊണ്ടുവന്ന പുതിയ നിയമവും ആരോഗ്യകരമായ വ്യവസായ ബന്ധങ്ങൾ നിലനിർത്താൻ സഹായകമാവും.

തൊഴിൽസുരക്ഷയും തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്താൻ കേരളം കൈക്കൊണ്ട നടപടികൾ ഇന്ത്യയ്ക്കു പുറത്തും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിഖ്യാതമായ കേരളമാതൃകയുടെ സൃഷ്ടിയിൽ തൊഴിലാളിക്ഷേമ ബോർഡുകൾ വഹിക്കുന്ന പങ്കും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അസംഘടിത മേഖലയിലെ നാനാതരം തൊഴിലാളികൾക്കു സുരക്ഷിതത്വബോധം നൽകാൻ കാര്യക്ഷമമായ സാമൂഹ്യസുരക്ഷാ സംവിധാനം ഉറപ്പാക്കിയേ കഴിയൂ. നിലവിലുളള ബോർഡുകളുടെയും നിയമങ്ങളുടെയും പരിധിയിൽ വരാത്ത തൊഴിൽവിഭാഗങ്ങളെക്കൂടി സുരക്ഷാവലയത്തിലേയ്ക്കു കൊണ്ടുവരാനാണ് സർക്കാർ ശ്രമിച്ചത്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾ ചെറുകിട തോട്ടം തൊഴിലാളികൾ, പ്രവാസി കേരളീയർ, ചെറുതും വലുതുമായ ആഭരണസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയവർ ഇക്കൂട്ടത്തിൽ പെടുന്നു. ഒപ്പം നിലവിലുളള ബോർഡുകൾ ശക്തിപ്പെടു

ത്തുന്നതിനു നിയമനിർമ്മാണവും മറ്റ് ഇടപെടലുകളും ഉണ്ടായി. തൊഴിലുടമകളുടെ വിഹിതം ഉറപ്പാക്കാനും സർക്കാർ വിഹിതം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ ഇതിന് ഉദാഹരണമാണ്. ഈ രംഗത്ത് ഭാവിയിൽ വേണ്ടത് വിവിധ ബോർഡുകളെയും ഏജൻസികളെയും ഒരു കുടയ്ക്കു കീഴിൽ കൊണ്ടുവരികയാണ്. സമഗ്ര സാമൂഹ്യ സുരക്ഷാപരിപാടിയുമായി ബന്ധപ്പെടുത്തി ഇക്കാര്യം ആലോചിക്കണം. നടത്തിപ്പ് ചെലവുകളുടെ ആവർത്തനവും അംഗത്വത്തിന്റെ ഇരട്ടിപ്പും മറ്റു അധികച്ചെലവുകളും ഒഴിവാക്കുന്നതിലും കാര്യക്ഷമത ഉയർത്തുന്നതിനും ഇതു സഹായിക്കും. കേരളത്തിൽ തൊഴിലാളി സംഘടനകളും സർക്കാരിന്റെ ഇടപെടലുകളും വേണ്ട പോലെ കടന്നുചെല്ലാത്തതും അവകാശങ്ങൾ സംരക്ഷിക്കപ്പെടാത്തതുമായ മേഖലകൾ ഇനിയും ബാക്കിയുണ്ട്. ഇവയുടെ കൂട്ടത്തിൽ വളരെ പഴയ തൊഴിൽത്തുറകളും ഏറ്റവും പുതിയ മേഖലകളും ഉണ്ട്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും വ്യവസായ സമാധാനം പുലർത്താനുമുള്ള ഇടപെടലുകൾ അവിടങ്ങളിലും ഉണ്ടാകണം.

അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ഏറ്റവും വിജയകരമായി നടപ്പാക്കുന്നത് കേരളമാണെന്ന വസ്തുത ഇവിടെ പ്രത്യേകം ശ്രദ്ധിക്കപ്പെടണം. കേരളത്തിനു അനുയോജ്യമായ മാറ്റങ്ങൾ വരുത്തി വിപുലമാക്കിയതാണ് മറ്റു സംസ്ഥാനങ്ങളിൽ പരാജയപ്പെട്ട ഈ പരിപാടി കേരളത്തിൽ വിജയിപ്പിക്കാൻ കഴിഞ്ഞതിന്റെ കാരണം. ഇതിനെ ഭാവിയിൽ കൂടുതൽ ശക്തിപ്പെടുത്തണം. പൊതുജനാരോഗ്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന വിധത്തിലാണ് കേരളത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പരിപാടി നടപ്പാക്കുന്നത്. ഇൻഷ്വറൻസ് പ്രീമിയമായി സർക്കാർ മുടക്കുന്ന പണത്തിൽ നല്ലൊരു പങ്കു സർക്കാർ മേഖലയിലേയ്ക്കു തന്നെ തിരിച്ചുവരുന്നു എന്നുറപ്പാക്കിയെങ്കിൽ മാത്രമേ ഈ പദ്ധതി അഭംഗുരം തുടരാൻ കഴിയൂ. ഇതിനു സർക്കാരും തദ്ദേശഭരണസ്ഥാപനങ്ങളും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും യോജിച്ചു പ്രവർത്തിക്കണം.

സമീപകാലത്ത് ഇഎസ്ഐ രംഗത്തു കേരളത്തിൽ ഉണ്ടായ ഉണർവ് ഈ രംഗത്തെ വലിയ സാധ്യതകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇഎസ്ഐ ഗുണഭോക്താക്കളുടെ എണ്ണം ഏതാണ്ട് ഇരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇഎസ്ഐ ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കാൻ 59 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുമായി കരാർ ഒപ്പുവെച്ചു. ഇഎസ്ഐ രംഗത്തു സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളെജ് അനുവദിക്കപ്പെട്ടിരിക്കുന്നു. നിരന്തരമായ ഇടപെടലുകളിലൂടെ തൊഴിലാളികൾക്കായി നേടിയെടുത്ത ഈ മുന്നേറ്റങ്ങൾ നിലനിർത്താനും ശക്തിപ്പെടുത്താനും തുടർച്ചയായ ശ്രമം ആവശ്യമാണ്.

തൊഴിൽരംഗത്തിന്റെ വികസനത്തിന് അവശ്യം വേണ്ട മറ്റൊരു ഘടകം തൊഴിലാളികളുടെ വൈദഗ്ധ്യവും നൈപുണിയും വർദ്ധിപ്പിക്കാനുള്ള പരിശ്രമമാണ്. വ്യവസായിക പരിശീലനത്തെ മുൻഗണനാ മേഖലയായി കണ്ട് പദ്ധതിയിലും പദ്ധതിയേതര കണക്കിലും കൂടുതൽ പണം അനുവദിക്കുകയും സ്ഥാപനങ്ങളുടെയും പരിപാടികളുടെ എണ്ണവും ഗുണവും വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. സംസ്ഥാനത്തെ ഐടിഐകളുടെ എണ്ണവും കോഴ്സുകളുടെ എണ്ണവും മുൻപ് ഒരു കാലത്തുമില്ലാത്ത രീതിയിൽ വർദ്ധിപ്പിച്ചു. നിലവിലുള്ള ഐടിഐകളുടെ ഗ്രേഡ് ഉയർത്താനും മികവിന്റെ കേന്ദ്രങ്ങളും ഫിനിഷിംഗ് സ്കൂളുകളും ആരംഭിക്കാനും മുൻകൈയെടുത്തു. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തെ ഐടിഐകളിൽ നിന്നും കാമ്പസ് റിക്രൂട്ട്മെന്റ് അടിസ്ഥാനത്തിൽ ധാരാളം വിദ്യാർത്ഥികൾക്ക് തൊഴിൽകിട്ടുന്ന സ്ഥിതിയുണ്ടായി. തൊഴിൽവൈദഗ്ധ്യത്തിന്റെ രംഗത്തു ഇനിയു മേറെ ചെയ്യാൻ കഴിയും. ഏറ്റവും പുതിയ ട്രേഡുകളും ഏറ്റവും ആധുനികമായ പരിശീലനങ്ങളും നൽകാൻ കഴിയണം. നിലവിലുള്ള ട്രേഡുകളുടെ കരിക്കുലവും പരിശീലന മുറകളും പരിശീലന സൗകര്യങ്ങളും കാലോചിതമായി പരിഷ്കരിക്കണം. വ്യവസായ സ്ഥാപനങ്ങളും പരിശീലന സ്ഥാപനങ്ങളുമായുള്ള ബന്ധവും വിവരവിനിമയവും സഹകരണവും മെച്ചപ്പെടുത്തണം. തൊഴിൽവൈദഗ്ധ്യം മെച്ചപ്പെടുത്താൻ സർക്കാർ

ആരംഭിച്ച വെൽഡിംഗ് സ്ക്കൂളും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടും ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്നു. ഇവ ഓരോന്നും നമ്മുടെ തൊഴിൽവൈദഗ്ധ്യത്തിന്റെ ആധുനികവത്കരണത്തിനു മുതൽക്കൂട്ടാവും. കേരളത്തിലെ തൊഴിലാളികൾ സാങ്കേതികജ്ഞാനവും വൈദഗ്ധ്യവും നൈപുണിയും കൊണ്ട് രാജ്യത്തിനകത്തു മാത്രമല്ല ലോകത്തു തന്നെ ഒന്നാമതെത്തുകയാണ് വേണ്ടത്. അതിന് ഉയർന്ന ജനാധിപത്യബോധവും സംഘടനാബോധവും തടസമാവുകയല്ല, മുതൽക്കൂട്ടാവുകയാണ് ചെയ്യുക.

### 6.4 ലിംഗപദവിയും വികസനവും

സാക്ഷരത, സ്ക്കൂളിൽ ചേരുന്ന നിരക്ക് തുടങ്ങിയ വിദ്യാഭ്യാസ സൂചകങ്ങൾ, പ്രസവാനന്തര മരണനിരക്ക്, ആശുപത്രികളിലെ പ്രസവം തുടങ്ങിയ ആരോഗ്യ സൂചകങ്ങൾ, ജനനനിരക്ക്, ആയുർ ദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ ജനസംഖ്യാ സൂചകങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി നോക്കിയാൽ കേരളത്തിൽ സ്ത്രീകളുടെ സ്ഥിതി ദേശീയ ശരാശരിയെക്കാൾ ഏറെ മെച്ചപ്പെട്ടതാണ് എന്നു കാണാം. അതിൽ ഏറ്റവും മുഖ്യമായത് സ്ത്രീ പുരുഷ അനുപാതമാണ്. ഇന്ത്യയിൽ ആയിരത്തിന് തൊള്ളായിരത്തി മുപ്പത്തിമൂന്ന് ആണെങ്കിൽ കേരളത്തിൽ അത് ആയിരത്തിന് ആയിരത്തി അമ്പത്തിഎട്ടാണ്.

വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങളും ജനനനിരക്കിലെ കുറവും കാണുമ്പോൾ നാം പ്രതീക്ഷിക്കുക സ്ത്രീകളുടെ സാമ്പത്തിക പ്രവർത്തനങ്ങളും വിശിഷ്യാ തൊഴിൽ പങ്കാളിത്ത നിരക്കും വർദ്ധിച്ചിട്ടുണ്ടാവുമെന്നാണ്. എന്നാൽ കേരളത്തിൽ 1961ൽ 21 ശതമാനമായിരുന്ന തൊഴിലിലെ സ്ത്രീ പങ്കാളിത്തം 2001ൽ 16 ശതമാനമായി കുറഞ്ഞു. ഇതേ വർഷങ്ങളിലെ പുരുഷ തൊഴിൽ പങ്കാളിത്തമായ യഥാക്രമം 47.4 ശതമാനത്തിൽ നിന്നും 50.2 ശതമാനത്തിൽ നിന്നും ഇത് വളരെ താഴെയാണ്. ഈ പറയുന്ന പുരുഷ സ്ത്രീ തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ ചെറിയ വിഭാഗം മികവു കാണിച്ചെങ്കിലും ഇന്ത്യയിലെ സ്ത്രീപങ്കാളിത്തം തുടർച്ചയായി ഇടിഞ്ഞുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

കൃഷി, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങി സ്ത്രീ തൊഴിലാളികൾക്ക് മുഖ്യ പങ്കാളിത്തമുണ്ടായിരുന്ന വ്യവസായങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. സ്ത്രീ തൊഴിലാളികളെ ഉൾക്കൊള്ളാനാവാത്ത വിധം കൃഷിയിൽ വിള രീതി മാറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ തൊഴിലാളികളെ പുറന്തള്ളുന്ന രീതിയിലുള്ള സാങ്കേതിക വിദ്യാമാറ്റമാണ് പരമ്പരാഗത വ്യവസായ രംഗത്ത് വന്നുകൊണ്ടിരിക്കുന്നത്. ഇതിന് അനുരോധമായി സേവന മേഖലയിലും നവീനവ്യവസായ തൊഴിലുകളിലും ലിംഗപരമായ കാരണത്തിൽ സ്ത്രീകൾക്ക് അർഹമായ പങ്കു ലഭിക്കുന്നുമില്ല. വ്യാപാരം, കയറ്റുമതി ഉന്മുഖ ചരക്കുൽപ്പാദന വസ്ത്രവ്യവസായം, ഐടി, വിനോദസഞ്ചാരം എന്നിവയിൽ സ്ത്രീ തൊഴിലുകൾക്ക് ചെറിയ വികാസം സംഭവിച്ചിട്ടുണ്ടെങ്കിലും 1999–2000ൽ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 27 ശതമാനമായി വർദ്ധിച്ചു. ഇത് കേരളത്തിലെ പുരുഷ തൊഴിലില്ലായ്മ നിരക്കിനെക്കാളും ഇന്ത്യയിലെ തന്നെ സ്ത്രീ തൊഴിലില്ലായ്മ നിരക്കിനെക്കാളും ഉയർന്നതാണ്. ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മ നിരക്ക് സ്ത്രീകളെ തൊഴിൽ നേടുന്നതിൽ വിമുഖരാക്കുകയും അത് കൂടുതൽ ഉയർന്ന തൊഴിലില്ലായ്മ നിരക്കിനു കാരണഭൂതമാവുകയും ചെയ്യുന്നു. എങ്ങനെയായാലും സാമ്പത്തിക പ്രവർത്തനത്തിലോ തൊഴിലന്വേഷണത്തിലോ നിന്ന് പിൻവലിയുന്ന സ്ത്രീകൾ ചെറിയ തോതിലുള്ള ഗാർഹിക സാമ്പത്തിക പ്രവർത്തനങ്ങളിലേർപ്പെടാൻ നിർബന്ധിതരാകുന്നു. തൽഫലമായി അവരുടെ ജോലി കണക്കിലെടുക്കപ്പെടാതെയും അഗോചരമായും ഭവിക്കുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറഞ്ഞതാണെന്നു മാത്രമല്ല, അവർ ചെയ്യാൻ നിർബന്ധിതമാവുന്ന ജോലികൾ കുറഞ്ഞ വേതനം കിട്ടുന്നതും കുറഞ്ഞ വൈദഗ്ധ്യമുള്ളതുമായ തൊഴിലുകളാണ്. ഒരേ തൊഴിൽ ചെയ്യാൻ പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് സ്ത്രീകൾക്കു കിട്ടുന്നത്. ഔദ്യോഗികമായ മിനിമം കൂലി നിരക്കു തന്നെ സ്ത്രീകളോടുള്ള വിവേചനം പ്രതിഫലിപ്പിക്കുന്നതാണ്. ഈ പ്രക്രിയകളുടെ എല്ലാം ഫലമായി സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സ്ത്രീകൾ കുടുംബനാ

ഥകളായുള്ള കുടുംബങ്ങൾ 22 ശതമാനമായി വർദ്ധിച്ചു. ബിപിഎൽ കുടുംബങ്ങളിൽ ഒരു വലിയ ശതമാനവും സ്ത്രീകൾ കുടുംബനാഥക ളായിട്ടുള്ളതാണ്.

താഴേക്കിടയിലുള്ള കുടുംബങ്ങളിൽ സ്ത്രീക ളുടെ വരുമാനം കുറവാണെങ്കിൽ പോലും കുടും ബചെലവിൽ നിർണായകമായ സംഭാവന ചെയ്യു ന്നത് സ്ത്രീകളാണ്. അവർക്കു വീട്ടിലെ ജോലിയും ചെയ്യേണ്ടതായി വരുന്നു. പുരുഷന്മാ രുടെ കുടുംബത്തിലെ ജോലി പങ്കാളിത്തം ഇന്ത്യ യിലെ മറ്റു സംസ്ഥാനങ്ങളിലേതുപോലെ തന്നെ കേരളത്തിലും വളരെ കുറവാണ്. 1998-99ലെ ദേശീയ കുടുംബസർവേ കണക്കുകൾ കാണി ക്കുന്ന പോലെ വീട്ടിലെ തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം ഇന്ത്യയിലെ മറ്റിതര സംസ്ഥാന ശരാശരിയെക്കാൾ ഇവിടെ വളരെ ചെറിയ തോതിൽ മാത്രമേ ഉയർന്നിട്ടുള ളു. സ്ത്രീധന സമ്പ്രദായം കൂടുതൽ വികൃതവും വഴിപിഴച്ചതുമായിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യ - രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നേതൃ പദവിയിൽ സ്ത്രീകൾ വളരെ ദുർലഭമാണ്.

കേരളത്തിലെ സ്ത്രീകളുടെ പദവി സംബ ന്ധിച്ച പ്രഹേളിക സാമ്പത്തിക വികസന പ്രക്രിയ കൊണ്ടു മാത്രം പരിഹരിക്കാനാവില്ല. പാരമ്പര്യ ങ്ങൾ, പുരുഷാധിഷ്ഠിത പ്രത്യയശാസ്ത്രവും സ്ഥാപനങ്ങളും തുടങ്ങി വിശാലമായ സാമൂഹ്യ രാഷ്ട്രീയ പ്രതിഭാസത്തിന്റെ ഭാഗം കൂടിയാണ്. പഴഞ്ചനായ ഫ്യൂഡൽ സ്ഥാപനങ്ങളെയും അതിന്റെ തീട്ടൂരങ്ങളെയുമൊക്കെ പിഴുതെറിയു ന്നതിൽ വിജയം കണ്ട കേരളത്തിലെ പുരോഗ മന പ്രസ്ഥാനങ്ങൾ, ഫലപ്രദമായ ഒരു ലിംഗപ ദവി പരിശോധനയും പ്രയോഗവും ആധുനിക മുതലാളിത്ത വളർച്ചയുടെ പശ്ചാത്തലത്തിൽ നട ത്തേണ്ടതുണ്ട്. ഈ രേഖയിൽ എല്ലാ സാമൂഹ്യ രാഷ്ട്രീയ വെല്ലുവിളിയെയും നേരിട്ട് പൂർണമായി പ്രതിപാദിക്കാനുദ്ദേശിക്കുന്നില്ല. വിപുലമായ ആ സാമൂഹ്യ രാഷ്ട്രീയ പ്രക്രിയയ്ക്കു മാർഗദർശ കമായ ചില വികസന കാഴ്ചപ്പാടുകൾ മാത്രമേ അവതരിപ്പിക്കുന്നുള്ളൂ.

സംസ്ഥാനത്തിലെ സ്ത്രീകൾക്കായുള്ള വികസനനയം ചരിത്രപരമായിത്തന്നെ ക്ഷേമോ ന്മുഖമായിരുന്നു. വിദ്യാഭ്യാസ - ആരോഗ്യ സ്ഥിതികളിൽ നിർണായകമായ പുരോഗതി സ്ത്രീകൾ ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം നമ്മൾ നേരത്തെ ചർച്ച ചെയ്തതാണ്. എന്നാൽ വിദ്യാ ഭ്യാസ ഉള്ളടക്കം പരമ്പരാഗത പുരുഷാധിപത്യ തീട്ടൂരങ്ങൾ ശക്തിപ്പെടുത്തുന്നതായിരുന്നു. അതിനെ മാറ്റിമറിക്കണം. കുടുംബാസൂത്രണകാര്യ ത്തിലും ലിംഗപരമായ പക്ഷപാതം നിലനിൽക്കു ന്നു. ചികിത്സാസൗകര്യങ്ങളെക്കുറിച്ച് സ്ത്രീകൾക്കു വേണ്ടത്ര അറിവില്ല എന്ന പ്രശ്ന വുമുണ്ട്. ആരോഗ്യരക്ഷാ സ്ഥാപനങ്ങളും കുടും ബാസൂത്രണ കേന്ദ്രങ്ങളും ആവശ്യമായ വിധ ത്തിൽ സ്ത്രീസൗഹൃദപരമല്ല.

കാലാന്തരത്തിൽ ദാരിദ്ര്യനിർമ്മാർജന പദ്ധ തികളുടെ വികസന നയലക്ഷ്യത്തിൽ മാറ്റം സംഭ വിച്ചു. സമഗ്രശിശുവികസന പദ്ധതി (ICDS)ആണ് രാജ്യത്തെ ഏറ്റവും വിപുലമായ സ്ത്രീബന്ധിത വികസന പദ്ധതി. ഇത് സ്ത്രീക ളുടെ ഏറ്റവും പ്രധാനപ്പെട്ട ചില പ്രായോഗിക ആവശ്യങ്ങൾ പരിഹരിക്കുന്നു. ഈ രംഗത്തെ മുഖ്യമായും ഒരു നയംമാറ്റം അംഗൻവാടികളെ ജനാധിപത്യപരമായ അധികാരവികേന്ദ്രീകരണ ത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളെ ഏൽപ്പിച്ചിട്ടുണ്ടെന്നാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസം, പോഷകാഹാര വിതരണം, ആരോഗ്യ രക്ഷ, സ്ത്രീകൾക്കുള്ള കമ്മ്യൂണിറ്റി സെന്ററുകൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾ നിർവഹിക്കേണ്ട അംഗൻവാടികളുടെ പ്രവർത്തനം ലംബമാന പദ്ധതികൾമൂലം പരിമി തപ്പെടുത്തപ്പെട്ടു. ഈ കേന്ദ്രങ്ങളിലെ സംവിധാ നങ്ങൾ വികസിപ്പിച്ചും സേവനങ്ങൾ മെച്ചപ്പെടു ത്തിയും സ്ത്രീ അയൽക്കൂട്ട സംവിധാനങ്ങളു മായി ബന്ധപ്പെടുത്തി ശാക്തീകരണ പടിപാടി കൾ നടപ്പാക്കിയും ഇവ വികസിപ്പിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനി താഘടക പദ്ധതിയെ സ്ത്രീ ശാക്തീകരണത്തി നുള്ള ഉപാധിയാക്കുന്നതിനും കുടുംബശ്രീയെ കൂടുതൽ ഫലപ്രദമാക്കുന്നതിനും വനിതാ കമ്മീ ഷൻ, വനിതാ വികസന കോർപ്പറേഷൻ തുട ങ്ങിയ സംവിധാനങ്ങളെ കാര്യക്ഷമമാക്കുന്നതി നുമുള്ള ഊന്നലാണ് കേരള പഠന കോൺഗ്രസ് തയ്യാറാക്കിയ സ്ത്രീവികസന രേഖ നൽകിയത്. സംസ്ഥാനതലത്തിലുള്ള ബജറ്റ് നയങ്ങൾ, ലിംഗാ

ടിസ്ഥാനത്തിലുള്ള ബജറ്റ് പ്രസ്താവനകൾ എന്നിവയിലൂടെ സർക്കാരിന്റെ സ്ത്രീ വികസന പദ്ധതിയുടെ കാഴ്ചപ്പാട് ശക്തവും വിപുലവുമാക്കണമെന്നും ആ രേഖ ആവശ്യപ്പെട്ടു.

അഞ്ചുവർഷങ്ങൾക്കുശേഷം കേരളത്തിലെ സ്ത്രീപദവി സംബന്ധിച്ച് പരിശോധിക്കുമ്പോൾ അന്ന് നൽകിയ ഊന്നലുകൾ എത്രമാത്രം പ്രായോഗികമായി എന്ന അന്വേഷണം പ്രധാനമാണ്. 2006–ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് നടപ്പാക്കിയ നയപരിപാടികൾ, വികസന പദ്ധതികൾ എത്രമാത്രം സ്ത്രീപക്ഷ സമീപനം ഉൾക്കൊള്ളുന്നതും ലിംഗപദവി ബന്ധത്തെ സ്വാധീനിക്കാൻ പര്യാപ്തവുമായിരുന്നു എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്.

1957 മുതൽ കേരളം ഭരിച്ച കമ്മ്യൂണിസ്റ്റ്-ഇടതു സർക്കാരുകളുടെ ഭരണം സ്ത്രീജീവിതത്തിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് ആർക്കും സംശയമുണ്ടാവില്ല. എന്നാൽ, അതൊക്കെത്തന്നെയും ക്ഷേമലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പൊതുനയങ്ങളുടെ ഭാഗമായിരുന്നു. 1996 ലെ നായനാർ സർക്കാരാണ് അധികാര വികേന്ദ്രീകരണത്തിനായുള്ള വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ പൊതുവികസന കാഴ്ചപ്പാടിനപ്പുറത്തേക്ക് സ്ത്രീവികസന സമീപനത്തിന്റെ സങ്കൽപ്പനങ്ങൾ താഴെത്തട്ടിലടക്കം ചർച്ചയ്ക്കായി അവതരിപ്പിച്ചത്. വനിതാ ഘടക പദ്ധതിയിലൂടെ സ്ത്രീവികസന പദ്ധതികൾക്കായി പണം ചെലവഴിക്കൽ മാത്രമല്ല, വികസന ആസൂത്രണ–നിർവ്വഹണ പ്രക്രിയയിൽ കർത്തൃസ്ഥാനത്തേക്ക് സ്ത്രീകൾക്ക് കടന്നുവരാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നതാണ് ജനകീയാസൂത്രണത്തിന്റെ പ്രധാന്യം. കേരള സമൂഹത്തിൽ ലിംഗപദവിയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും സംബന്ധിച്ച് താഴെത്തട്ടിൽ പൊതു ഇടങ്ങളിൽ ചർച്ച ഉയർത്തുക എന്ന ചരിത്ര ദൗത്യമാണ് ഇടതു സർക്കാർ 1996–2001ൽ നിർവ്വഹിച്ചത്. ഇതിന്റെ ഭാഗമായിത്തന്നെ ഉയർന്നുവന്ന സൂക്ഷ്മതല സംവിധാനങ്ങളായ അയൽക്കൂട്ടങ്ങളും സ്വയംസഹായ സംഘങ്ങളും കുടുംബശ്രീ എന്ന പേരിൽ വ്യവസ്ഥാപിതമായി മാറിയപ്പോൾ അതിനെ എങ്ങനെ സ്ത്രീശാക്തീകരണത്തിന്റെ ഉപാധിയാക്കി മാറ്റാമെന്ന വ്യത്യസ്തമായ ചിന്തയും അന്നത്തെ ഇടതുസർക്കാരിന്റെ സംഭാവനയാണ്. ഈ സമീപനങ്ങളുടെയും ഇടപെടൽ ശ്രമങ്ങളുടെയും തുടർച്ചയും വിപുലീകരണവുമാണ് 2006 –ൽ ഇടതുസർക്കാർ അധികാരത്തിലെത്തിയപ്പോൾ ഏറ്റെടുത്തത് എന്ന് കഴിഞ്ഞ നാലര വർഷത്തെ അനുഭവങ്ങൾ അടിവരയിടുന്നു.

**വനിതാ നയം**

1995–ലാണ് കേരളത്തിൽ സംസ്ഥാന വനിതാനയം ആദ്യമായി രൂപംകൊണ്ടത്. എന്നാൽ, കേരളത്തിലെ സ്ത്രീപദവിയുടെ സങ്കീർണ്ണത പൂർണ്ണമായും പ്രതിഫലിപ്പിക്കാൻ പറ്റുന്ന തരത്തിൽ വനിതാനയം പരിഷ്കരിക്കേണ്ട അടിയന്തര ആവശ്യം 2007–ൽ സർക്കാർ ചർച്ച ചെയ്യുകയും സമഗ്രമായ വനിതാനയത്തിന് രൂപം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 1955–നുശേഷം കേരള സമൂഹത്തിൽ രൂപംകൊണ്ടിട്ടുള്ള പുതിയ സാഹചര്യങ്ങളെയും വെല്ലുവിളികളെയും കണക്കിലെടുത്തുകൊണ്ടും ഇവയെ പരിഗണിക്കുന്നതിനായുള്ള നയസമീപനവും കർമ്മപരിപാടികളും മുന്നോട്ടുവച്ചുകൊണ്ടുള്ള ഒരു വനിതാനയം ഇടതുസർക്കാർ സ്വീകരിച്ചു എന്നത് അഭിനന്ദനീയമായ നടപടിയാണ്.

**ജൻഡർ ബജറ്റ്**

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയെ സ്ത്രീപക്ഷ സമീപനത്തോടെ അവതരിപ്പിക്കുന്നതിനുള്ള ശ്രമം ചരിത്രത്തിലാദ്യമായി സ്വീകരിക്കപ്പെട്ടു എന്നതും കഴിഞ്ഞ നാലരവർഷക്കാലത്തെ ഇടതുഭരണത്തിന്റെ നേട്ടമാണ്. തദ്ദേശഭരണ പദ്ധതികളിൽ 1997 മുതൽ സ്വീകരിക്കപ്പെട്ട വനിതാ ഘടകപദ്ധതിയുടെ കാഴ്ചപ്പാടിൽ സംസ്ഥാന പദ്ധതിയെ സമീപിക്കാനുള്ള പരിശ്രമമാണ് 2006 മുതൽ കാണുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന പദ്ധതി വിശകലന രേഖയിൽ സ്ത്രീപക്ഷ സമീപനത്തോടെ പദ്ധതി വകയിരുത്തലുകളെയും ചെലവുകളെയും വിശകലനം ചെയ്യുന്നതിനായി കഴിഞ്ഞ നാലുവർഷക്കാലവും പരിശ്രമിക്കുന്നുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്. 2010

-11 സംസ്ഥാന വാർഷികപദ്ധതി പ്രകടമായും ജൻഡർ ബജറ്റ് പ്രസ്താവനകൾ ഉൾക്കൊള്ളുന്നതായിരുന്നു. സംസ്ഥാന പദ്ധതിയെ സ്ത്രീപക്ഷ കാഴ്ചപ്പാടോടെ സമീപിക്കുന്നതിനുള്ള പരിശ്രമം കൂടുതൽ ആഴത്തിൽ ചെയ്യേണ്ടതുണ്ട് എന്നത് 2010-11 ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി ചൂണ്ടിക്കാണിക്കുന്നുണ്ട്. 2008-ൽ സംസ്ഥാന പദ്ധതിയുടെ 5.2 ശതമാനം മാത്രമായിരുന്ന വനിതാ ഘടകപദ്ധതി 2009-ൽ 5.6 ശതമാനം മാത്രമായിട്ടാണ് ഉയർന്നത്. എന്നാൽ 2010-11ൽ അത് നിർണ്ണായകമായ മാറ്റം പ്രതിഫലിപ്പിച്ചുകൊണ്ട് 8.5 ശതമാനമായി (620 കോടി രൂപ) ഉയർന്നു എന്നത് തികച്ചും പ്രതീക്ഷ നൽകുന്നതാണ്. ഈ ബജറ്റിലൂടെ കേരളത്തിലെ സ്ത്രീജീവിതത്തിലെ ഗുണപരമായ നേട്ടങ്ങളും പദവിയിലെ പിന്നോക്കാവസ്ഥയും തമ്മിലുള്ള അന്തരവും വൈരുധ്യങ്ങളും ബജറ്റിന്റെ ഭാഗമായി പരാമർശിക്കപ്പെടുകയും അത് നേരിടുന്നതിനായുള്ള ഇടപെടൽ പ്രായോഗികമായി അവതരിപ്പിക്കുകയും ചെയ്തു.

**കുടുംബശ്രീ**

സാമ്പത്തിക അരാജകത്വവും സാമ്പത്തിക മാത്ര സമീപനവും ഒഴിവാക്കിക്കൊണ്ട് കുടുംബശ്രീയെ കാര്യക്ഷമമാക്കുന്നതിനുള്ള വലിയ പരിശ്രമമാണ് കഴിഞ്ഞ നാലരവർഷത്തിനിടയിൽ ഉണ്ടായിരിക്കുന്നത്. ഉൽപ്പാദനപ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു. കുടുംബശ്രീ ബൈലോ പരിഷ്കരണവും അതിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പും കൂടുതൽ കാര്യക്ഷമതയും സുതാര്യതയും പഞ്ചായത്തുകളുമായുള്ള നല്ല ഏകോപനവും ഉറപ്പുവരുത്താൻ സഹായകമായി. കുടുംബശ്രീ ആരംഭിച്ചിട്ടുള്ള സ്ത്രീപദവി സ്വയംപഠന പ്രക്രിയ രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വിപുലമായ സ്വയം പഠന പരിപാടിയായി മാറുമെന്നതിലും സംശയമില്ല. പ്രാദേശിക വികസന പ്രക്രിയയിലെ പങ്കാളിയാക്കി കുടുംബശ്രീയെ മാറ്റിത്തീർക്കാൻ കഴിഞ്ഞു.

**സ്ത്രീവികസന സംവിധാനങ്ങൾ**

വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന വനിതാ കമ്മീഷൻ എന്നിവ ഫണ്ടിന്റെ അപര്യാപ്തത കൊണ്ടും നടത്തിപ്പിലെ പാളിച്ചകൾ കൊണ്ടും ദുർബ്ബലമായ സ്ഥിതിയായിരുന്നു 2006-ൽ. എന്നാൽ, ഈ രണ്ടു സംവിധാനങ്ങളെയും ശക്തിപ്പെടുത്താൻ സാധിച്ചു. കേവലം ലോൺ നൽകുന്നതിനുള്ള ഏജൻസിയെന്ന നിലയിൽനിന്ന് ഏറ്റവും സാങ്കേതിക മികവോടെ മെച്ചപ്പെട്ട തൊഴിൽപരിശീലനം നൽകുന്ന 'റീച്ച്' പോലുള്ള സംരംഭങ്ങൾ ആരംഭിക്കാൻ വനിതാ വികസന കോർപ്പറേഷനു കഴിഞ്ഞു. പരാതി അദാലത്തുകൾക്കപ്പുറത്തേക്ക് സ്ത്രീധനവിരുദ്ധ പ്രചരണം പോലെയുള്ള പ്രവർത്തനങ്ങൾ മറ്റു സംഘടനകളുമായി ചേർന്ന് ഏറ്റെടുക്കുന്നതിന് സർക്കാർ തന്നെ വനിതാ കമ്മീഷനെ ചുമതലപ്പെടുത്തുകയും ഫണ്ട് നൽകുകും ചെയ്തു എന്നത് ശ്രദ്ധേയമാണ്.

**പൊതു പദ്ധതികളുടെ സ്ത്രീ പരിപ്രേക്ഷ്യം**

വനിതാ ഘടകപദ്ധതി 100 ശതമാനം സ്ത്രീകൾക്കു മാത്രമായി വകയിരുത്തുന്നതാണെങ്കിൽ പൊതുപദ്ധതികളിൽ സ്ത്രീപക്ഷ കാഴ്ചപ്പാടോടെ സ്ത്രീ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള വകയിരുത്തലുണ്ടാകണമെന്ന നിർദ്ദേശവും 2006 മുതൽ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ആരോഗ്യം, സാമൂഹ്യക്ഷേമം, കൃഷി, ഗ്രാമവികസനം, പട്ടികജാതി-പട്ടികവർഗ വികസനം തുടങ്ങിയ വകുപ്പുകളാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പാണ് കേരളത്തിലെ ഒരു സവിശേഷത. ഇത് സ്ത്രീകൾക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിന് മറ്റു സംസ്ഥാനങ്ങളെക്കാൾ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതിയും (NRHM) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും (MNREGS) ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. സംസ്ഥാന ഭരണത്തിന്റെ ആത്മാർത്ഥതയും സമൂഹത്തിൽ നിലനിൽക്കുന്ന ജനാധിപത്യവും പൗരസമൂഹത്തിന്റെ ഉത്തരവാദിത്തബോധവും വികസനപ്രവർത്തനങ്ങളുടെ ഗുണഫലം സാധാരണക്കാർക്ക്, വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള അടിസ്ഥാന ഉപാധികളാണ് എന്നതാണ് കഴിഞ്ഞ നാലരവർഷക്കാലത്തെ കേരളത്തിലെ

കേന്ദ്രപദ്ധതികളുടെ മെച്ചപ്പെട്ട നടത്തിപ്പ് തെളിയിക്കുന്നത്.

അധികാരവികേന്ദ്രീകരണവും കുടുംബശ്രീയും കേരളത്തിലെ സ്ത്രീജീവിതത്തിൽ സൃഷ്ടിച്ച സ്വാധീനങ്ങളെയും സ്ത്രീമുന്നേറ്റത്തെയും വിപുലമാക്കാനും വ്യവസ്ഥാപിതമാക്കാനുമുള്ള ശക്തമായ ഇടപെടലാണ് നാലരവർഷത്തെ സംസ്ഥാന ഭരണത്തിൽ കണ്ടത്. സംസ്ഥാനം രൂപംകൊണ്ടതിനുശേഷം സംസ്ഥാന ഭരണത്തിന് ഒരു സ്ത്രീപക്ഷ മുഖം നൽകാൻ കഴിഞ്ഞ നാലരവർഷം കൊണ്ട് ഇടതുസർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ സ്വീകരിച്ച സ്ത്രീപക്ഷ സമീപനങ്ങളും പദ്ധതിയുടെ രൂപത്തിൽ നടത്തിയ ഇടപെടലുകൾ നിലവിലുണ്ടായിരുന്ന ലിംഗപദവി ബന്ധത്തിൽ എത്ര മാത്രം മാറ്റം വരുത്തിയിട്ടുണ്ടെന്ന പരിശോധന മുന്നോട്ടുള്ള പ്രവർത്തനത്തിന് ആവശ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടകപദ്ധതിയിൽ 2008–09ൽ 15 ശതമാനത്തോളം വകയിരുത്തപ്പെടുമെന്നത് അഭിനന്ദനീയമാണ്. എന്നാൽ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2009 ലെ ഇക്കണോമിക് റിവ്യൂ രേഖപ്പെടുത്തുന്നതുപോലെ, 2007–08 ലെ വനിതാ ഘടകപദ്ധതി നിർവ്വഹണം 79 ശതമാനത്തിൽനിന്ന് 2008–09ൽ എത്തുമ്പോൾ 67 ശതമാനമായി താഴ്ന്നു എന്നത് ചെറിയ ആശങ്കയുണർത്തുന്നതാണ്. വനിതാ ഘടകപദ്ധതി ആസൂത്രണം പോലെതന്നെ അതിപ്രധാനമാണ് അതിന്റെ നിർവ്വഹണവുമെന്നതിൽ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. നിർവ്വഹണത്തിന്റെ രീതി സമ്പ്രദായങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ചർച്ചകൾ നടക്കണം.

കേരള സമൂഹത്തിലെ സ്ത്രീ–പുരുഷ പദവി ബന്ധത്തിൽ പൊളിച്ചെഴുത്ത് നടത്താൻ പര്യാപ്തമായ സ്ത്രീസാന്നിധ്യം പ്രാദേശിക ഭരണത്തിൽ ഉറപ്പാക്കുന്ന 50 ശതമാനം വനിതാ സംവരണം ഇടതുഭരണത്തിന്റെ സുപ്രധാന സംഭാവനയാണ്. നിലവിൽ തദ്ദേശഭരണ രംഗത്തുണ്ടായിരുന്ന 40 ശതമാനത്തിൽനിന്ന് 50–52 ശതമാനത്തിലേക്കുള്ള മാറ്റം സ്ത്രീപദവിയിലും വികാസത്തിലും ശുഭകരമായ മാറ്റത്തിന്റെ സൂചനയാണ്. എന്നാൽ, ഈ മാറ്റത്തെ പിന്തുണയ്ക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നതിൽ ലിംഗപദവി ബോധത്തോടെയുള്ള ഇടപെടൽ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

2005 ലെ കേരള പഠന കോൺഗ്രസ് വികസന രേഖ മുന്നോട്ടുവച്ചതുപോലെ, "കേരളത്തിലെ സ്ത്രീകളുടെ പദവി സംബന്ധിച്ച പ്രഹേളിക സാമ്പത്തിക വികസന പ്രക്രിയ കൊണ്ടുമാത്രം പരിഹരിക്കാനാകില്ല. പാരമ്പര്യങ്ങൾ, പുരുഷാധിഷ്ഠിത പ്രത്യയശാസ്ത്രവും സ്ഥാപനങ്ങളും തുടങ്ങി വിശാലമായ സാമൂഹ്യ–രാഷ്ട്രീയ പ്രതിഭാസത്തിന്റെ ഭാഗം കൂടെയാണത്." ഈ നിഗമനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇടപെടൽ പരിശ്രമങ്ങൾ കഴിഞ്ഞ നാലരവർഷത്തെ ഇടതുഭരണത്തിൽ കാണാം. കേവലം സാമ്പത്തിക സമീപനത്തിനപ്പുറത്തേക്ക് ലിംഗപദവി കാഴ്ചപ്പാടോടെ കേരളസമൂഹത്തെ സമീപിക്കാനുള്ള ഈ ഇടതുപക്ഷ രാഷ്ട്രീയത്തെ നിലവിലുള്ള പരിമിതികൾ മറികടക്കുന്നതിന് കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

**പ്രവാസി ക്ഷേമം**

കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ സുപ്രധാനമായ സ്ഥാനം പ്രവാസികൾക്കുണ്ട്. സംസ്ഥാന വരുമാനത്തിന്റെ 22ശതമാനം വരുന്ന തുക പ്രവാസികളിൽ നിന്നു ലഭിക്കുന്നുണ്ട്. കേരളത്തിന്റെ മൊത്തം ബാങ്ക് നിക്ഷേപമായ 130350 കോടിരൂപയും 37019 കോടി രൂപയും വിദേശമലയാളികളുടേതാണ്. കേരളത്തിന്റെ 100 വീടുകളെടുത്താൽ 29 എണ്ണത്തിൽ കുടിയേറ്റക്കാരും 15 എണ്ണത്തിൽ വിദേശത്തുനിന്നും തിരിച്ചുവരുന്നവരും ഉണ്ട്. അതായത് 44 ശതമാനം വീടുകൾക്കും പ്രവാസി മേഖലയുമായി നേരിട്ട് ബന്ധമുണ്ടെന്ന് അർത്ഥം. ഗൾഫ് രാജ്യങ്ങളാണ് കുടിയേറ്റത്തിനുള്ള കേരളീയന്റെ പ്രധാനപ്പെട്ട കേന്ദ്രം. ഗൾഫ് കഴിഞ്ഞാൽ കേരളത്തിൽ നിന്ന് കൂടുതൽപേർ കുടിയേറിയത് അമേരിക്കയിലുമാണ്.

യൂറോപ്പിലേക്കും അമേരിക്കയിലേക്കും കുടിയേറിയത് താരതമ്യേന സമ്പന്നരും വിദ്യാഭ്യാസമുള്ളവരും ആണെങ്കിൽ ഗൾഫ് മേഖലയിലെ കുടിയേറ്റം പ്രധാനമായും പാവപ്പെട്ടവരും താഴ്ന്നവരുമാനക്കാരുമാണ് നടത്തിയത്. ഇതിലൂടെ കേരളത്തിന്റെ സാമ്പത്തികഅസമത്വത്തിന്

ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗൾഫ് കുടിയേറ്റത്തിന്റെ വലിയ ശതമാനം മലബാർ മേഖലയിൽ ഉണ്ടായതുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയെ മുന്നോട്ടു കൊണ്ടുവരുന്നതിനും ഈ ബന്ധത്തിലൂടെ സാധ്യമായി. കഴിഞ്ഞ പഠന കോൺഗ്രസ്സ് പ്രവാസി മലയാളികൾ നമ്മുടെ സമ്പദ്ഘടനയ്ക്ക് നൽകുന്ന സംഭാവനകളെ സംബന്ധിച്ചും ആ രംഗത്ത് നടത്തേണ്ട ഇടപെടലുകളെ സംബന്ധിച്ചും വിശദീകരിക്കുകയുണ്ടായി. നമ്മുടെ ഉൽപാദനമേഖലയിലേക്ക് ഇവരുടെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വിശദീകരിക്കുകയും ചെയ്യുകയുണ്ടായി.

ആഗോളസാമ്പത്തിക പ്രതിസന്ധിയും അതു സൃഷ്ടിച്ച തൊഴിൽമാന്ദ്യവും വിദേശമലയാളികളെ തൊഴിൽനഷ്ടത്തിന്റെ രൂപത്തിലും വരുമാന നഷ്ടത്തിന്റെ രൂപത്തിലും ബാധിക്കുകയുണ്ടായി. വിദേശമലയാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഇതിന്റെ ഫലമായി പ്രതിവർഷം ഒരുലക്ഷം പേരെങ്കിലും തിരിച്ചുവരുന്ന സ്ഥിതിയുണ്ടായി. കുടിയേറ്റനിയമം കർശനമാക്കുന്നതിന്റെയും തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽനൽകുന്നതിനുള്ള വ്യവസ്ഥകൾ കർക്കശമാക്കുന്നതിന്റെ ഫലമായി ഈ പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കുകയാണ്. നിലവിലുള്ള ശമ്പളം വെട്ടിക്കുറക്കുന്നതിന്റെയും യഥാസമയം ശമ്പളം വിതരണം ചെയ്യാത്തതിന്റെ പ്രശ്നവും നിലനിൽക്കുന്നുണ്ട്. വിസാനിയമങ്ങളിൽ എമിഗ്രേഷൻ നിയമങ്ങളിലും വരുത്തിയ മാറ്റങ്ങളും വിദേശമലയാളികളുടെ തൊഴിൽ സുരക്ഷിതത്വം പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിദേശത്ത് ചെറുസംരംഭങ്ങൾ നടത്തുന്ന മലയാളികളെയും പ്രതിസന്ധി പിടികൂടിയിട്ടുണ്ട്.

കഴിഞ്ഞ പഠനകോൺഗ്രസ്സ് മുന്നോട്ടു വെച്ച കാഴ്ചപ്പാടുകൾ പ്രായോഗികമാക്കുന്നതിന് പുതിയ പ്രശ്നങ്ങൾ കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിന് ഉതകുന്ന പലനടപടികളും സ്വീകരിക്കുകയുണ്ടായി. വിദേശരാജ്യങ്ങളുമായുള്ള ബന്ധത്തിന്റെകൂടി പ്രശ്നങ്ങൾ ഈ കാര്യത്തിൽ കടന്നുവരുന്നു എന്നതിനാൽ കേന്ദ്രസർക്കാരിനാണ് ഇക്കാര്യത്തിൽ ഏറെ ചെയ്യാൻ കഴിയുക. 1970 കളുടെ ആരംഭം മുതൽ ഇന്ത്യയുടെ വിദേശനാണ്യവരവിന്റെ മുഖ്യസ്രോതസ്സുകളിലൊന്നാണ് വിദേശ ഇന്ത്യാക്കാർ അതിൽതന്നെ വിദേശത്ത് പണിയെടുക്കുന്ന തൊഴിലാളികൾ അയക്കുന്ന പണമാണ്. 90–കളിൽ ഉദാരവത്കരണനയങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ചതിനെ തുടർന്ന് ഇന്ത്യയുടെ വ്യാപാരകമ്മി വർദ്ധിച്ചപ്പോൾ രാജ്യത്തെ വിദേശനാണ്യപ്രതിസന്ധിയിൽപ്പെടാതെ സംരക്ഷിച്ചുനിർത്തിയത് വിദേശത്തു പണിയെടുക്കുന്ന ഇന്ത്യാക്കാരാണ്. സമീപകാലത്തായി ഇന്ത്യയുടെ വ്യാപാരകമ്മി അതിവേഗം ഉയരുകയാണ്. അനിയന്ത്രിതമായ ഇറക്കുമതിമൂലമുണ്ടാകുന്ന കമ്മി നികത്തി രാജ്യത്തിന്റെ വിദേശനാണ്യശേഖരം ഉയർത്തുന്നതിൽ വിദേശഇന്ത്യക്കാർനൽകുന്ന വലിയ സംഭാവന അംഗീകരിക്കപ്പെടുന്നില്ല. കയറ്റുമതിക്കാർക്കും വിദേശനാണ്യം നേടിത്തരുന്ന മറ്റുവിഭാഗങ്ങൾക്കും നൽകുന്ന ആനുകൂല്ല്യങ്ങൾഒന്നും തന്നെ മറുനാട്ടിൽ പണിയെടുക്കുന്നവർക്കു നൽകാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. വിദേശ ഇന്ത്യാക്കാർ രാജ്യത്തേക്കു കൊണ്ടുവരുന്ന വിദേശനാണയം തിരികെ നൽകേണ്ടതില്ല. ഒരു ബാധ്യതയും സൃഷ്ടിക്കാത്ത വരുമാനമാണ്. എന്നാൽ രാജ്യത്ത് നടന്നു വരുന്ന ഊഹക്കച്ചവടമൂലധനം തിരിച്ചുനൽകേണ്ടതാണെന്നു മാത്രമല്ല അപകടകാരികളുമാണ്. വിദേശമൂലധന നിക്ഷേപകർക്ക് നൽകുന്ന പരിഗണനപോലും വിദേശത്തു പണിയെടുക്കുന്ന തൊഴിലാളികൾക്കു നൽകുന്നില്ല. ഈ സ്ഥിതി മാറ്റാൻ സംസ്ഥാന സർക്കാരും കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്.

എങ്കിലും കേരളത്തിന്റെ സമ്പദ്ഘടനയെ സ്വാധീനിക്കുന്ന വിഭാഗമെന്നുള്ള നിലയിൽ പ്രവാസി മലയാളികളുടെ പ്രശ്നം ഗൗരവകരമായിതന്നെ സംസ്ഥാനസർക്കാർ സ്വീകരിക്കുകയുണ്ടായി. പ്രവാസികളുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. വിദേശത്തുനിന്നും തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരഭ പദ്ധതികൾ നോർക്കാ–റൂട്സിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്.

വാർഷികവരുമാനം ഇരുപത്തയ്യായിരം രൂപയ്ക്കു താഴെയുള്ള തിരികെയെത്തിയ പ്രവാസികൾക്ക് സ്വാന്തനം പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിലൂടെ പ്രവാസികളുടെ ചികിത്സയ്ക്കോ അടുത്ത കുടുംബാംഗങ്ങൾക്കോ കുടുബാംഗങ്ങളുടെ ചികിത്സയ്ക്കോ, പെൺമക്കളുടെ വിവാഹ ആവശ്യത്തിനോ ഒറ്റത്തവണയായി നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം നൽകുന്നുണ്ട്. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡുനൽകി ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചു. വിദേശ ഇന്ത്യക്കാർ മരണമടഞ്ഞാൽ മൃതശരീരം വീട്ടിൽകൊണ്ടുപോകുന്നതിന് കാരുണ്യം എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കുകയും ചെയ്തു. പ്രവാസികൾക്കായി പ്രത്യേക വായ്പാ പദ്ധതിയും ഈ കാലഘട്ടത്തിൽ രൂപീകരിക്കുകയുണ്ടായി. പ്രവാസിജീവിതത്തിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ പ്രത്യേക പ്രചരണപരിപാടികൾ ആരംഭിക്കുകയുണ്ടായി. പ്രവാസികളുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും വ്യവസായം ടൂറിസം തുടങ്ങിയ മേഖലയിലും പുതിയ സംരഭങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് കമ്പനി രൂപീകരിക്കാനുള്ള നടപടിക്രമങ്ങളും ആരംഭിക്കുകയുണ്ടായി. വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്ക് അവരുടെ തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും പരിശീലനപരിപാടികളും ആരംഭിച്ചു. പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഒരു വിദ്യാർത്ഥിക്ക് അയ്യായിരം രൂപ നിരക്കിൽ നോർക്കാ-റൂട്സിൽ നിന്നും കോഴ്സ്ഫീസായി നൽകുന്നുമുണ്ട്.

പ്രവാസികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നാണ് കുടിയേറ്റനിയമങ്ങളുമായി ബന്ധപ്പെട്ടത്. വിമാന സർവീസിന്റെ കാര്യത്തിലും അതിന്റെ ചാർജ്ജ് ഭീമമായി ഉയർത്തുന്ന കാര്യവും ഗൗരവതരമായിതന്നെ നിലനിൽക്കുകയാണ്. താഴ്ന്നവരുമാനക്കാരായ തൊഴിലാളികളുടെയും സ്ത്രീ തൊഴിലാളികളുടെയും അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിന് സമഗ്രമായ നിയമം ആവിഷ്കരിക്കേണ്ടതുണ്ട്.

പ്രവാസികളുടെ നിക്ഷേപം വികസനപരമായ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. വികേന്ദ്രീകൃതമായ ആസൂത്രണം ശക്തിപ്പെട്ടുവരുന്ന ഇക്കാലത്ത് വിദേശ മലയാളികളുടെ മൂലധനവും പ്രാദേശിക പദ്ധതികളുടെ സഹായവും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹായവും പ്രയോജനപ്പെടുത്തിക്കൊണ്ട് വിദേശമലയാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. വിദേശങ്ങളിലേക്കുള്ള റിക്രൂട്ടിംഗ് ഏജൻസികളായ ഒഡെപ്പെക്ക്, നോർക്കാ-റൂട്സ് എന്നിവയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും വിദേശരാജ്യങ്ങളിലുള്ള സമാനകമ്പനികളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും വേണം. വിദേശ മലയാളികൾ ഭാഷാപഠന രംഗത്തും സാംസ്കാരിക പ്രവർത്തനരംഗത്തും നടത്തുന്ന പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പിന്തുണ നൽകണം.

**യുവജനക്ഷേമം**

യുവത്വത്തെ സർഗ്ഗാത്മകമാക്കുക എന്നത് സമൂഹത്തിന്റെ വികസനത്തിന്റെ അവിഭാജ്യഘടകമാണ്. മറ്റു ഏതൊരു യുവജന സമൂഹത്തെക്കാളും വിദ്യാസമ്പന്നരായ യുവത്വമാണ് കേരളത്തിലുള്ളത്. ഈ അഭ്യസ്തവിദ്യരെ കേരളവികസനപ്രക്രിയയിൽ പങ്കാളികളാക്കുക എന്നതാണ് പ്രധാനമായിട്ടുള്ളത്. കഴിഞ്ഞ പഠനകോൺഗ്രസ്സിൽ യുവജനക്ഷേമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും യുവജനബോർഡിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ഉള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. യുവജനങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങളെ സംബന്ധിച്ച് അതിൽ ചർച്ച ഉയരുകയുമുണ്ടായി. ജാതി-വർഗീയ-അരാഷ്ട്രീയ ചിന്താഗതികൾ യുവാക്കൾക്കിടയിൽ വ്യാപിച്ചു വരുന്ന സ്ഥിതിയുണ്ട്. ആഗോളവത്കരണനയത്തിന്റെ സാംസ്കാരിക രൂപങ്ങളും മൂല്യബോധങ്ങളും യുവാക്കളെ കാര്യമായിത്തന്നെ ബാധിക്കുന്ന നിലയാണുള്ളത്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയും കേരളത്തിലെ യുവജനങ്ങൾ

നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്.

ആഗോളവത്കരണനയത്തിന്റെ ചുവടു പിടിച്ചുകൊണ്ട് മുമ്പ് നടപ്പിലാക്കപ്പെട്ട പലപദ്ധതികളും യുവാക്കൾക്ക് കേരളത്തിൽ ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായിരുന്നു. നിയമനനിരോധനം നടപ്പിലാക്കുക, തൊഴിലില്ലായ്മ വേതനം കൃത്യമായി വിതരണം ചെയ്യാതിരിക്കുക, തസ്തികകൾ തന്നെ വെട്ടിച്ചുരുക്കുക, ഉന്നതവിദ്യാഭ്യാസമേഖല ഉൾപ്പെടെ സാമൂഹ്യനീതിയും മെരിറ്റും ഇല്ലാതാക്കുന്ന നടപടികൾ സ്വീകരിക്കുക എന്ന രീതിയായിരുന്നു മുമ്പുണ്ടായിരുന്നത്. ഈ സർക്കാരിന്റെ കാലത്തോടെ ഇതിന് മാറ്റമുണ്ടായി. ഇത്തരത്തിലുള്ള കടന്നുകയറ്റങ്ങൾ ബദലുയർത്തി ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിനുള്ള ഇടപെടൽ ഈ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായി.

യുവജനക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന തരത്തിലുള്ള ഇടപെടൽ ഈ കാലഘട്ടത്തിൽ നടപ്പിലാക്കുകയുണ്ടായി. ചരിത്രത്തിൽ ആദ്യമായി പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പോയത്. കേരളത്തിലെ വിവിധ യുവജനസംഘടനകളുടെ ഒരു സംവാദവേദി എന്ന നിലയിൽ ഈ സംവിധാനം വികസിക്കുകയുണ്ടായി. യുവശക്തി എന്ന സമഗ്രമായ പദ്ധതിതന്നെ ഈ കാലത്തുനടക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശീയ ഭരണ സ്ഥാപനങ്ങളിലും യൂത്ത് കോർഡിനേറ്റർമാർ നിയമിക്കപ്പെടുകയുണ്ടായി. ആഗോളയുവജനോത്സവത്തിന്റെ മാതൃകയിൽ കേരളാ യൂത്ത്ഫോറം എന്ന നവീനപരിപാടിക്കും യുവജനക്ഷേമബോർഡ് നേതൃത്വം നൽകി.

യുവജനക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ട യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ, യൂത്ത് സെന്ററുകൾ എന്നീ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കുക-വിപുലീകരിക്കുക. ജില്ലാടിസ്ഥാനത്തിൽ വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്തുന്നതിനായി കോ-ഓർഡിനേഷൻ കൗൺസിലുകൾ രൂപീകരിക്കുക. സ്പോർട്സ് കൗൺസിൽ-യുവജനക്ഷേമബോർഡ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാംസ്കാരിക വകുപ്പ് സാമൂഹ്യക്ഷേമവകുപ്പ് എന്നിവയും യുവജനക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപനസംവിധാനം ഉറപ്പുവരുത്തുക. കേരള യൂത്ത്ഫോറത്തെ, കേരള യുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കുക.

യുവജനങ്ങളുടെ തൊഴിൽപരവും വിദ്യാഭ്യാസപരവുമായ എല്ലാ പ്രശ്നങ്ങളിലും ഇടപെടാൻ അധികാരമുള്ള ഘടന ഉറപ്പുവരുത്തുക, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളെ അടിമുടി പുനസംഘടിപ്പിക്കുക. എല്ലാതരം തൊഴിലവസരങ്ങളെയും (സ്വകാര്യ മേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുക.യുവജനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക, ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാത്ത ഇത്തരം എല്ലാ പരിശീലപദ്ധതികളെയും ഏകോപിപ്പിക്കാനും നേതൃത്വം കൊടുക്കാനും നോർക്കയുമായി ചേർന്ന്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ കോഴ്സുകൾ ഉൾപ്പെടെ വിപുലീകരിക്കാനും യുവജനക്ഷേമ ബോർഡിന് അവസരമൊരുക്കുക.യുവജനങ്ങൾ സ്വതന്ത്രമായി, സംഘമായി നടത്തുന്ന സ്വയം തൊഴിൽപരിശീലന, ഉൽപ്പാദന പരിപാടികൾക്ക് സഹായങ്ങൾ, വിപണനം എന്നിവ ഉറപ്പുവരുത്തുക. യുവാക്കളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതുമ്പോൾ തന്നെ നാടിന്റെ വികസനത്തിനായി യുവശക്തിയെ ഉപയോഗപ്പെടുത്തുന്ന കാഴ്ചപ്പാടുകൂടി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

**6.5 പരിസ്ഥിതി സംരക്ഷണം**

പരിസ്ഥിതി പ്രശ്നം ഒന്നാം കേരള പഠന കോൺഗ്രസ്സിൽ പ്രത്യേക വിഷയമായി അവതരിപ്പിക്കപ്പെട്ടിരുന്നില്ല. മറ്റു പല വിഷയങ്ങളുടെയും ഭാഗമായാണ് ചർച്ച ചെയ്യപ്പെട്ടിരുന്നത്. എന്നാൽ, 2005ൽ നടന്ന രണ്ടാം പഠന കോൺഗ്രസ്സിൽ അവ

തരിപ്പിക്കപ്പെട്ട രേഖയിൽ കേരളത്തിൽ വന നശീകരണം, വയൽ നികത്തൽ, തണ്ണീർത്തട നാശം, കണ്ടൽക്കാടുകൾ നശിപ്പിക്കൽ, നദികളും കായലുകളും അടങ്ങുന്ന ജലാശയങ്ങളുടെ മലിനീകരണവും അവയിലേക്കുള്ള കടന്നാക്രമണവും തുടങ്ങിയ പ്രധാന പ്രശ്നങ്ങളെല്ലാം എടുത്തുപറഞ്ഞിരുന്നു. ജൈവ വൈവിധ്യ സംരക്ഷണം വലിയ പ്രശ്നമായി ഉയർന്നുവന്നതായി ചൂണ്ടിക്കാട്ടപ്പെട്ടു. മേൽപ്പറഞ്ഞ മാനുഷിക ഇടപെടലുകൾ അനിയന്ത്രിതമായി നടക്കുന്നതു മൂലം ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, വരൾച്ച മുതലായ പ്രകൃതി നാശങ്ങൾ ഗുരുതരമാക്കുന്നതായും അതിൽ പരാമർശിക്കപ്പെട്ടു.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുള്ള വിവിധ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കണമെന്നും തദ്ദേശ ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കി പരിസ്ഥിതി സംരക്ഷണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കണമെന്നും രണ്ടാം പഠന കോൺഗ്രസ് നിർദ്ദേശിച്ചിരുന്നു.

പരിസ്ഥിതി സംരക്ഷണത്തോടുള്ള അലംഭാവ പൂർണ്ണമായ സമീപനം കഴിഞ്ഞ കാലത്തെ പ്രശ്നമായിരുന്നെങ്കിൽ പ്രാദേശിക പരിസ്ഥിതി സംഘർഷങ്ങൾ വ്യാപകമായി ഉയർന്നുവരുന്ന അനുഭവമാണ് സമീപകാലത്ത് കണ്ടു വരുന്നത്. ഉയർന്ന സാമൂഹികാവബോധവും വിഭവാവകാശ അറിവും ഇതിന് കാരണമാകുന്നു.

മത്സ്യമേഖലയുടേയും വനമേഖലയുടേയും മുഖ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വയൽ നികത്തലും അനിയന്ത്രിതമായി മണൽ വാരുന്നതും തോടുകളും കുളങ്ങളും മൂടുന്നതുമെല്ലാം നിയന്ത്രിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി, ജലം, പ്രകൃതിദുരന്ത പരിപാലനം, ഭൂവിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട സമഗ്രനയരൂപീകരണത്തിന് സർക്കാർ മുൻകൈ എടുത്തു. എൻഡോസൾഫാൻ ദുരന്തബാധിതർക്ക് ധനസഹായമുൾപ്പെടെ സഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു. കണ്ടൽകാടുകളുടെ സംരക്ഷണത്തിന് ധനസഹായം ഉൾപ്പെടെയുള്ള പ്രോത്സാഹന നടപടികൾ സ്വീകരിച്ചു. കടുത്ത പരിസ്ഥിതി ആഘാതമുളവാക്കുന്ന പദ്ധതികൾക്ക് പ്രോത്സാഹനമുണ്ടാകില്ല എന്ന തീരുമാനം വ്യക്തമാക്കുകയുണ്ടായി. പരിസ്ഥിതി നാശമുണ്ടാക്കുമെന്ന സംശയം ഉന്നയിക്കപ്പെടുന്ന പദ്ധതികൾ പൊതുജനങ്ങളുമായി ചർച്ച ചെയ്ത് സാമൂഹിക അംഗീകാരത്തോടെ നടപ്പിലാക്കണമെന്ന സമീപനം സർക്കാർ സ്വീകരിച്ചു.

ഇടതുപക്ഷ സർക്കാർ പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ സ്വീകരിച്ച നിലപാടുകളെക്കുറിച്ച് ചില സങ്കുചിത മാധ്യമ താൽപര്യങ്ങൾ തെറ്റിദ്ധാരണ പകരാൻ നിരന്തരമായ ശ്രമം നടക്കുമ്പോഴും സർക്കാർ പ്രഖ്യാപിത നയത്തിൽ നിന്നും വ്യതിചലിച്ചില്ല. മറിച്ച്, സമഗ്രമായ പരിസ്ഥിതി നയം ആവിഷ്ക്കരിച്ച് പ്രകൃതി സംരക്ഷണം ഉറപ്പാക്കികൊണ്ടുള്ള ഒരു വികസനരീതിക്കും അതിലൂടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള സംയോജിത ശ്രമങ്ങൾ വർദ്ധിപ്പിക്കുകയാണുണ്ടായത്. സംസ്ഥാനത്ത് ആദ്യമായി ഒരു ഹരിത ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ആക്കം കൂട്ടുകയും ചെയ്തു.

അടിസ്ഥാനപരമായി പരിമിതവും ഭംഗുരവുമായ ഭൂപ്രദേശത്ത് ഉയർന്ന ജനസാന്ദ്രതയും അനിയന്ത്രിതമായ വിഭവ ചൂഷണവും നടക്കുന്നതുമൂലമുള്ള പരിസ്ഥിതി സമ്മർദ്ദം കേരളത്തിന്റെ പ്രശ്നമാണ്. ആയതിനാൽ ഉയർന്ന പരിസ്ഥിതി പരിഗണനയും സംയോജിതമായ പ്രവർത്തനവും കേരളത്തിൽ ഒഴിവാക്കാനാവാത്തതാണ്. എന്നാൽ പൊതു സംരംഭങ്ങളിൽ അമിതമായ മേഖലാ താൽപര്യവും സ്വകാര്യ സംരംഭങ്ങളിൽ ചൂഷണ ത്വരയും ഉള്ളതിനാൽ വികസന പ്രവർത്തനങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ദോഷ

ഫലങ്ങളെ അവഗണിക്കുന്ന രീതി ഒഴിവാക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം കേരളത്തിന്റെ മുൻഗണനയായി മാറണം. ഈ ഉദ്ദേശ്യം മുൻനിർത്തിയാണ് പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം പുനരാവിഷ്ക്കാരം ചെയ്ത് ശക്തമാക്കാൻ നടപടികൾ എടുത്തിട്ടുള്ളത്. പരിസ്ഥിതി പരിപാലന ഏജൻസിയെ ഇതിനായി ഉപയോഗപ്പെടുത്തണം. പ്രകൃതി വിഭവങ്ങളുടെ സമഗ്ര വിവര ശേഖരണം നടത്തുകയും പ്രകൃതി വിഭവ ചൂഷണം നിയന്ത്രിതമാക്കുകയും ചെയ്യുന്ന പ്രവൃത്തി സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ആരംഭിച്ചു കഴിഞ്ഞു.

ആത്യന്തികമായി ഭൂമിയുടെയും പ്രകൃതി സമ്പത്തിന്റെയും സാമൂഹ്യ പ്രസക്തി പരിഗണിച്ചുകൊണ്ട് കാര്യക്ഷമവും ആഘാതരഹിതവുമായ ഭൂവിനിയോഗം ലക്ഷ്യമിട്ടുകൊണ്ട് ഭൂനയത്തിന് രൂപം കൊടുക്കുതിനും അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മ പദ്ധതികൾക്കും നിയമനിർമ്മാണത്തിനും ഈ സർക്കാർ തയ്യാറായി. സാമ്പത്തിക മൂല്യമുള്ള പൊതു പൈതൃകസ്വത്ത് എന്ന നിലയിൽ ജലത്തിന്റെ സംരക്ഷണം സമൂഹത്തിൽ പൊതുവെയും ഓരോ വ്യക്തിയിൽ പ്രത്യേകിച്ചും നിക്ഷിപ്തമാക്കിക്കൊണ്ടും ജലം മനുഷ്യാവകാശമായി അംഗീകരിച്ചുകൊണ്ടുമുള്ള ജലനയത്തിന് സർക്കാർ രൂപം കൊടുത്തു. പൊതുസ്വത്ത് എന്ന നിലയിൽ ജലവിഭവം സംസ്ഥാനത്തിന്റെ ഉടമസ്ഥാവകാശത്തിലായിരിക്കുമെന്നും ഓരോ വ്യക്തിക്കും പ്രാദേശിക സമൂഹങ്ങൾക്കും സേവനദാതാക്കൾക്കും ഉടമസ്ഥാവകാശമില്ലാതെ ജലം ഉപയോഗിക്കുവാനുള്ള അധികാരം ജലനയം നൽകുന്നു. ചെറുനീർത്തടങ്ങളിലെ ജലസംരക്ഷണത്തിനും പരിപാലനത്തിനും ശ്രദ്ധവെക്കുന്നതിനും അതിലൂടെ നദീതടാടിസ്ഥാനത്തിൽ ജലസംരക്ഷണം, വിനിയോഗം, അവകാശം ഇവ നിർവ്വചിക്കുന്നതിനുമുള്ള വളരെ പുരോഗമനപരമായ നയരേഖയാണ് സർക്കാർ മുൻപോട്ട് വെച്ചത്. ഭൂ-ജലനയങ്ങളുടെ ഫലമായി തടാകങ്ങളുടേയും തണ്ണീർ തടങ്ങളുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്.

വനസംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു ജനകീയ മുന്നേറ്റമായി രൂപപ്പെടുത്തുന്നതിനും വനസംരക്ഷണത്തോടുള്ള താൽപര്യം ഓരോ പൗരന്റേയും മനസ്സിൽ വളർത്തിയെടുക്കുന്നതിനും അത് തന്റെ സ്വന്തം ആവശ്യമാണെന്നുള്ള ചിന്ത അവന്റെ മനസ്സിൽ ജനിപ്പിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള വനനയമാണ് ഇടതുപക്ഷ സർക്കാർ കൊണ്ടുവന്നത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം തീരവനം, എന്റെ മരം, വഴിയോരത്തണൽ എന്നീ പ്രത്യേക പദ്ധതികളിലൂടെ പുരോഗമിക്കുകയും സ്വാഭാവിക വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപരിപാടി വിജയപ്രദമായി മുന്നേറുകയുമുണ്ടായി. ജൈവ വൈവിദ്ധ്യ അവബോധം പൊതുസമൂഹത്തിലുണ്ടാക്കിയെടുക്കുന്നതിനും ചില സ്ഥലങ്ങളിലെങ്കിലും പ്രാദേശിക ജൈവവൈവിദ്ധ്യരജിസ്റ്റർ തയ്യാറാക്കുന്നതിനും കേരളത്തിനായിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങളെ മുൻനിർത്തി ദുരന്താനന്തര പ്രവർത്തനങ്ങളേക്കാൾ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മേൽക്കൈ നൽകിയുള്ള നയത്തിന് ഇടതുപക്ഷ-ജനാധിപത്യമുന്നണി സർക്കാർ മുൻകൈയെടുത്തു. അപകട സാധ്യത മുൻകൂട്ടി കണ്ടെത്തി ആപൽസന്ധികളെ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും അതിലൂടെ അപകടങ്ങൾ ദുരന്തങ്ങളായി പരിണമിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കുക എന്ന സമീപനമാണ് ഈ സർക്കാർ അനുവർത്തിച്ചുവരുന്നത്. പ്രവർത്തന പരിചയക്കുറവുള്ള ഈ മേഖലയിൽ ചിട്ടയോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയുണ്ടായി. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എല്ലാ അർത്ഥത്തിലും സാക്ഷാത്കരിക്കപ്പെടണമെങ്കിൽ ശുചിത്വം അനിവാര്യമാണ്. ചരിത്രപരമായി തന്നെ ശുചിത്വകാര്യത്തിൽ കേരളം മുൻപന്തിയിലാണ്. മിക്കവാറും എല്ലാ വീടുകളിലും സ്കൂളുകളിലും അങ്കണവാടികളിലും കക്കൂസ് നിർമ്മിച്ചുകൊണ്ട് ശുചിത്വ കാര്യത്തിൽ ഏറെ നാം മുന്നേറിയിട്ടുണ്ട്. പ്രകൃതി സമ്പന്നമായ കേരളത്തിന്റെ നേട്ടങ്ങൾ നിലനിർത്തണമെങ്കിൽ ഖര-ദ്രവ മാലിന്യ സംസ്കരണം ഉൾപ്പെടെ

ശുചിത്വത്തിന്റെ കാര്യത്തിൽ വളരെയധികം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട് എന്ന തിരിച്ചറിവാണ് 'മാലിന്യമുക്തകേരളം' എന്ന കർമ്മപരിപാടി രൂപീകരിക്കുന്നതിന് കാരണ മായത്. ഈ കർമ്മ പരിപാടിയിൽ വിഭാവനം ചെയ്ത ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ട് ശുചിത്വ മേഖലയിൽ രാജ്യത്തിന് തന്നെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു. എങ്കിലും സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേണ്ടിയിരിക്കുന്നു. ഇടതുപക്ഷം ഉയർത്തിക്കൊണ്ടുവന്ന പരിസ്ഥിതി സംരക്ഷണ ആഹ്വാനം വിവിധ രീതികളിൽ പ്രവൃത്തിപഥത്തി ലെത്തിക്കുന്നതിന് വികസന പ്രവർത്തനങ്ങളിൽ പരിസ്ഥിതിക്ക് മുൻഗണന ലഭിക്കുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കേണ്ടത് ആവശ്യമാണ്. എന്നാൽ കേരളത്തിന്റെ പ്രകൃതിവിഭവപരിമിതിയും വർദ്ധിച്ച ജനസാന്ദ്രതയും വികസനാവശ്യങ്ങളും പരിഗണിക്കുമ്പോൾ പരിസ്ഥിതിപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിലും സമൂ ഹതലത്തിലും കൂടുതൽ ഇടപെടലുകൾ ആവ ശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനം അനുപേക്ഷണീയമാണ്.

1. തീരദേശ പരിപാലനം ഉൾപ്പെടെ പരിസ്ഥിതി സംരക്ഷണപ്രവർത്തന ങ്ങൾ വികസന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന രീ തി പ്രാവർത്തികമാക്കണം.
2. 2008 ൽ തുടങ്ങിയ ആഗോള സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തിനുള്ള പ്രവർത്തനങ്ങൾക്കൊപ്പം മനുഷ്യപ്രേരിതമായ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പരിസ്ഥി തി നേരിടുന്നതിനുള്ള പ്രവർത്തന ങ്ങൾക്ക് സംയോജിത രൂപം നൽകണം.
3. ഉയർന്ന ജനസാന്ദ്രതയും പരിമി തമായ വിഭവലഭ്യതയുമുള്ള കേരളം, ഹരിത സാങ്കേതിക വിദ്യാ പ്രയോഗത്തിലൂടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുകയും, പ്രകൃതി വിഭവ സംരക്ഷണവും വിനിയോഗ വും ക്രമീകരിക്കുകയും സുസ്ഥിര വികസനത്തിലൂന്നിയുള്ള സാമൂഹ്യ -സാമ്പത്തിക വികസനക്രമത്തിന് മുൻഗണന നൽകുകയും വേണം.
4. നിലവിലുള്ള പഴയ വ്യവസായ ശാലകളിൽ നിന്നും പരമ്പരാഗത വ്യവസായങ്ങളിൽ നിന്നുമുള്ള മലിനീകരണം കുറയ്ക്കുന്നതിന് ഉതകുന്ന സാങ്കേതികവിദ്യ ഉപയോ ഗിക്കുന്നതിനുള്ള ശ്രമവും മൂല്യ വർദ്ധന ഉറപ്പാക്കിയുള്ള ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിന് സഹായവും ലഭ്യമാക്കണം. മലിനീകരണ മില്ലാത്ത "ക്ലീൻ പ്രൊഡക്ഷൻ ടെക്നോളജി" ഉപയോഗപ്പെടു ത്തുന്ന സംരംഭങ്ങൾക്ക് പ്രോത്സാ ഹനം ഏർപ്പെടുത്തണം.
5. മലിനജലം ശുദ്ധീകരിച്ച് പുനഃ ചംക്രമണം നടത്തിയും പാഴ്വസ്തു ക്കളുടെ പരമാവധി പുനരുപയോഗം സാധ്യമാക്കിയും വ്യവസായങ്ങളെ സീറോ ഡിസ്ചാർജ്ജ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രേരിപ്പി ക്കണം. ഇതിനായി കേന്ദ്ര- സംസ്ഥാന സാങ്കേതിക സഹായം ലഭ്യമാക്കണം.
6. ഇന്നു നിലവിലുള്ള മലിനീകരണ നിയന്ത്രണ നിയമത്തിലും മലിനീക രണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിലും ഒരുപാട് പോരാ യ്മകളുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരിന്റെ നയത്തി നനുസൃതമായ പ്രവർത്തനക്ഷമത ഉറപ്പാക്കാനുമാകുന്നില്ല. ക്ലീൻ ടെക്നോളജി, ഗ്രീൻ ടെക്നോളജി തുടങ്ങിയ നൂതന സങ്കേതങ്ങളെ സമൂഹത്തിന്റെ ആവശ്യത്തിനുത കുന്ന രീതിയിൽ പ്രയോഗത്തിലെ ത്തിക്കുന്നതിന് പരിസ്ഥിതി പരിപാ

ലന ഏജൻസിക്ക് (Environmental Protection Agency) സാധ്യമാകണം.

7. പ്രാദേശിക സർക്കാരുകളും വിവിധ സർക്കാർ വകുപ്പുകളും നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിക്കും സമൂഹത്തിനും ദോഷമുളവാക്കുന്നവയല്ലെന്ന് ഉറപ്പുവരുത്തുന്നതിന് സംഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ ചേർത്ത് മാത്രം പദ്ധതി നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുന്ന പരിസ്ഥിതി സുരക്ഷാ സംവിധാനം പദ്ധതിയുടെ അവശ്യഘടകമായിരിക്കുമെന്ന് ഉറപ്പുവരുത്തണം.

8. പരിസ്ഥിതി ആഘാതവും, പരിഹാര മാർഗ്ഗങ്ങളും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ചുള്ള വിവര-വിജ്ഞാന-വ്യാപനം സ്കൂൾതലം മുതൽ പ്രവൃത്തിപരിചയ രീതിയിലൂടെ നടപ്പിലാക്കണം.

9. പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആഘാത അവലോകനം സാധ്യമാക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം പ്രാദേശിക കേന്ദ്രങ്ങൾ വഴി സജ്ജമാക്കണം.

# അധ്യായം
# 7

## ധനകാര്യ നയം

7.1 കേന്ദ്രസംസ്ഥാന ധനകാര്യ അസന്തുലിതാവസ്ഥ
7.2 ആഗോളവത്കരണ പരിഷ്കാരങ്ങൾ
7.3 കേരളത്തിന്റെ ധനപ്രതിസന്ധി മൂർഛിച്ചപ്പോൾ
7.4 ധനമാനേജ്മെന്റ് 2006–07/ 2010–11
7.5 വികസനോന്മുഖ ധന നയം

# ധനകാര്യം

സംസ്ഥാനം അതിരൂക്ഷമായ ധനപ്രതിസന്ധി നേരിടുന്ന വേളയിലായിരുന്നു രണ്ടാം കേരള പഠനകോൺഗ്രസ് നടന്നത്. ഇന്നു സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിന്റെ ധനനില കടുത്ത സമ്മർദ്ദത്തിലാണ് എന്ന വിലയിരുത്തലാണ് കേന്ദ്രസർക്കാർ നടത്തിയിട്ടുള്ളത്. മറ്റു പല സർക്കാരുകളെപ്പോലെ സാമൂഹ്യക്ഷേമ ചെലവുകൾ കുറയ്ക്കാൻ കേരളം തയ്യാറാകാത്തതാണ് ഈ സ്ഥിതിവിശേഷത്തിന് ഒരു പ്രധാനകാരണം.

കേരളത്തിന്റെ റവന്യൂക്കമ്മി, ധനക്കമ്മി, പൊതുകടം എന്നിവ മറ്റു സംസ്ഥാനങ്ങളുടെ ശരാശരിയെക്കാൾ വളരെക്കൂടുതലാണ്. സാമൂഹ്യക്ഷേമ ചെലവുകൾക്കും, സാമൂഹ്യ പശ്ചാത്തല സൗകര്യ സൃഷ്ടിക്കും വലിയ തോതിൽ പണം മുടക്കുന്ന സംസ്ഥാനമാണു കേരളം. സംസ്ഥാനത്തിന്റെ ഈ സാമൂഹ്യക്ഷേമ ചെലവുകൾ ജനങ്ങളുടെ ആരോഗ്യത്തിലും ആയുർദൈർഘ്യത്തിലും പ്രതിഫലിച്ചിട്ടുമുണ്ട്. വർധിച്ച ആയുർദൈർഘ്യം സർക്കാരിന്റെ പെൻഷൻ ബാധ്യതകളും ഉയർത്തി. ശമ്പളച്ചെലവിന്റെ പകുതിയിലേറെ വരും പെൻഷൻ.

മറുവശത്തു സംസ്ഥാനത്തിന്റെ നികുതി സാധ്യതകൾക്കു വലിയ പരിമിതികളും നിലനിൽക്കുന്നു. നികുതി ചുമത്താവുന്ന ചരക്കുകളുടെ കയറ്റുമതി കേരളത്തിൽ താരതമ്യേന ഉയർന്നതാണ്. കയറ്റുമതി ചെയ്യുന്ന ചരക്കുകളിന്മേൽ സംസ്ഥാനത്തിനു നികുതി ഈടാക്കാനാവില്ല. അതുപോലെ തന്നെ സംസ്ഥാന സമ്പദ്ഘടനയിൽ സേവന മേഖലകളുടെ പ്രാമുഖ്യവും സംസ്ഥാനത്തിന്റെ നികുതി സാധ്യതകൾക്കു പരിമിതി സൃഷ്ടിക്കുന്നു. സംസ്ഥാന വരുമാനത്തിന്റെ 62 ശതമാനം സേവനമേഖലയിൽ നിന്നാണ്. ധനകാര്യ കമ്മീഷനുകൾ അനുയോജ്യമല്ലാത്ത മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ കേന്ദ്ര നികുതി വിഹിതം കുറവു ചെയ്യുന്നു. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കേരളത്തിന്റെ പങ്ക് പത്താം ധനകാര്യകമ്മീഷൻ കാലത്ത് 3.9 ശതമാനമായിരുന്നതു പതിനൊന്നാം ധനകാര്യക്കമ്മീഷൻ കാലയളവിൽ 3.1 ശതമാനമായും 12-ാം ധനകാര്യകമ്മീഷൻ കാലയളവിൽ 2.7 ശതമാനമായും കുറഞ്ഞു. സംസ്ഥാനത്തിന്റെ പദ്ധതിയേതരച്ചെലവിൽ വർദ്ധിച്ചുവരുന്ന അന്തരം തുടർച്ചയായി വരുന്ന ധനകാര്യകമ്മീഷനുകൾ കണക്കിലെടുക്കുന്നുമില്ല. താരതമ്യേന മികച്ച സാമൂഹ്യസൂചകങ്ങളും ദാരിദ്ര്യത്തിന്റെ കാര്യത്തിൽ താരതമ്യേന കുറഞ്ഞ അനുപാതവുംമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (CSS) സംസ്ഥാനത്തിന്റെ വിഹിതവും കുറവാണ്. 2005-06 ൽ ഒരു ശതമാനത്തിൽ താഴെയാണിത്. ഉയർന്ന പലിശയുള്ള കടങ്ങളുടെ ഭാരം സംസ്ഥാനത്തിന്റെ പലിശച്ചെലവുകൾ കുതിച്ചുകയറുന്നതിനിടയാക്കുകയും ചെയ്തിരിക്കുന്നു.

## 7.1 കേന്ദ്രസംസ്ഥാന ധനകാര്യ അസന്തുലിതാവസ്ഥ

ആദായനികുതി, കമ്പനിനികുതി, എക്സൈസ്, കസ്റ്റംസ് തുടങ്ങി പ്രധാനപ്പെട്ട നികുതിവരുമാന മാർഗങ്ങളെല്ലാം ഭരണഘടന പ്രകാരം കേന്ദ്രത്തിനുള്ളതാണ്. സംസ്ഥാന

ങ്ങൾക്കു മുഖ്യമായും വില്പന നികുതിയാണ് ആശ്രയം. സംസ്ഥാനങ്ങളുടെ വിഷയമായിരുന്ന സേവനനികുതി ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രം കരസ്ഥമാക്കി. നിയമനിർമാണത്തിന്റെ കാര്യത്തിലെന്നപോലെ റസിഡ്യൂവൽ നികുതി അധികാരവും കേന്ദ്രത്തിനാണ്. മൊത്തം കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനത്തിന്റെ 62% കേന്ദ്രത്തിനാണ് ലഭിക്കുന്നത്. സംസ്ഥാനങ്ങൾക്ക് 38 ശതമാനമേ ഉള്ളൂ.

ഭരണ-വികസനച്ചുമതലകൾ പരിശോധിച്ചാൽ ഭാരം കൂടുതൽ സംസ്ഥാനങ്ങളുടെ ചുമലിലാണ്. ജലസേചനം, റോഡുകൾ, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയ വികസനച്ചെലവുകളും ക്രമസമാധാനം, പൊതുഭരണം തുടങ്ങിയ ഭരണച്ചെലവുകളും വഹിക്കേണ്ടിവരുന്നത് സംസ്ഥാനങ്ങളാണ്. 2004 -05ൽ സംസ്ഥാനങ്ങളുടെ മൊത്തം വികസനച്ചെലവ് 3.62 ലക്ഷംകോടി രൂപയായിരുന്നു. കേന്ദ്ര സർക്കാരിന്റേതാകട്ടെ 2.33 ലക്ഷംകോടി രൂപ മാത്രമായിരുന്നു. അതായത് ചെലവിന്റെ 60 ശതമാനവും സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. യഥാർത്ഥത്തിൽ ഈ കണക്ക് സംസ്ഥാനങ്ങളുടെ വികസനഭാരത്തിന്റെ യഥാർത്ഥ സ്ഥിതി വെളിപ്പെടുത്തുന്നില്ല. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് അവരിപ്പോൾ ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുകയേ ഇതിൽ പ്രതിഫലിക്കുന്നുള്ളൂ. യഥാർത്ഥ ആവശ്യത്തെ പ്രതിഫലിപ്പിക്കുന്നില്ല. വരുമാനപരിമിതിമൂലം സംസ്ഥാനങ്ങൾക്ക് അവരുടെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കാൻ കഴിയുന്നില്ല എന്നതാണ് അവസ്ഥ. സംസ്ഥാനങ്ങൾക്ക് അവരുടെ വരുമാനത്തിനനുസരിച്ചേ ചെലവ് ചെയ്യാനാകൂ.

മുകളിൽ വിവരിച്ച അസന്തുലിതാവസ്ഥയുടെ പശ്ചാത്തലത്തിൽ ഭരണഘടന കേന്ദ്ര സർക്കാരിന്റെ റവന്യൂവരുമാനത്തിൽ നീതിപൂർവ്വകമായ വിഹിതം സംസ്ഥാനങ്ങൾക്ക് കൈമാറുന്നതിന് അഞ്ചുവർഷം കൂടുമ്പോൾ കേന്ദ്രധനകാര്യ കമ്മീഷനെ നിയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ധനകാര്യകമ്മീഷൻ കേന്ദ്ര നികുതിവരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതമെന്തെന്നും ഇതിനുപുറമെ മറ്റെന്തെല്ലാം ഗ്രാന്റുകൾ നൽകണമെന്നും നിർദ്ദേശിക്കുന്നു. ഇങ്ങനെ സംസ്ഥാനങ്ങൾക്ക് പൊതുവിൽ നിർദ്ദേശിക്കുന്ന തുക എപ്രകാരമാണ് വിവിധ സംസ്ഥാനങ്ങൾക്കിടയിൽ വീതംവെക്കേണ്ടത് എന്നതും ധനകാര്യ കമ്മീഷൻ തന്നെയാണ് തീരുമാനിക്കുന്നത്.

ഭരണഘടനാപ്രകാരമുള്ള ധനകാര്യകമ്മീഷനുപുറമെ ഗണ്യമായ തുക മറ്റ് ഏജൻസികളുടെ തീർപ്പുവഴി സംസ്ഥാനങ്ങൾക്കു കൈമാറുന്നു എന്നതാണ് പ്രായോഗികമായി ഭരണഘടന രൂപീകൃതമായതിനുശേഷം വന്ന മാറ്റം. പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചതോടെ സംസ്ഥാനങ്ങളുടെ പദ്ധതികൾക്ക് കേന്ദ്ര ധനസഹായം നിശ്ചയിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി പ്ലാനിംഗ് കമ്മീഷൻ നിലവിൽവന്നു. ഒരുകാലത്ത് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് കൈമാറുന്ന വിഭവങ്ങളുടെ ഏതാണ്ട് മൂന്നിലൊന്ന് പ്ലാനിംഗ് കമ്മീഷൻ വഴിയായിരുന്നു. ഇതിൽ 70 ശതമാനം വായ്പയും 30 ശതമാനം ഗ്രാന്റുമായിരുന്നു. പ്രൊഫ. ഗാഡ്ഗിൽ തയ്യാറാക്കിയ ഫോർമുല പ്രകാരമായിരുന്നു ഈ തുക സംസ്ഥാനങ്ങൾക്കിടയിൽ വീതം വെച്ചിരുന്നത്. ഇന്നിപ്പോൾ പദ്ധതി ധനസഹായത്തിന്റെ പ്രാധാന്യം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വായ്പ കേന്ദ്രസർക്കാർ തരുന്നതിനുപകരം കമ്പോളത്തിൽനിന്ന് സംസ്ഥാനങ്ങൾ നേരിട്ട് എടുക്കുകയാണ് ഇപ്പോഴത്തെ രീതി. അതുകൊണ്ട് ഗ്രാന്റായുള്ള പദ്ധതി ധനസഹായം മാത്രമേ വിഭവക്കൈമാറ്റത്തിന്റെ ഭാഗമായി വരുന്നുള്ളൂ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെപേരിൽ സംസ്ഥാനങ്ങളുടെ അധികാരവിഷയങ്ങളിൽ കേന്ദ്രസർക്കാർ സ്കീമുകൾ ആവിഷ്ക്കരിച്ച് സംസ്ഥാനങ്ങൾവഴി നടപ്പാക്കുന്നത് നാൾക്കുനാൾ വർധിച്ചു വരികയാണ്. അതുപോലെ കേന്ദ്ര സർക്കാർ സ്വേഛാപരമായി തീരുമാനമെടുത്തു നൽകുന്ന തുകയും വർധിച്ചുവരുന്നു. ഇത് ഭരണഘടനയുടെ സത്തയ്ക്ക് തീർത്തും എതിരാണ്. ഭരണഘടനാ സ്ഥാപനമായ ധനകമ്മീഷൻവഴി നൽകുന്ന പണം മൊത്തം വിഭവക്കൈമാറ്റത്തിന്റെ 59 ശതമാനമേ വരൂ. പദ്ധതി ധനസഹായം 5 ശതമാനവും. 23 ശതമാനം കേന്ദ്രാവിഷ്കൃത സ്കീമുകളാണ്. 12 ശതമാനം കേന്ദ്രസർക്കാർ സ്വേഛാപരമായി നൽകുന്ന മറ്റു ധനസഹായങ്ങളാണ്.

കേന്ദ്ര–സംസ്ഥാന ധനകാര്യ ബന്ധത്തിലെ മറ്റൊരു അടിസ്ഥാനപരമായ അസന്തുലിതാവസ്ഥ വായ്പയുമായി ബന്ധപ്പെട്ടതാണ്. കേന്ദ്രസർക്കാരിന്റെ അനുമതിയില്ലാതെ സംസ്ഥാനങ്ങൾക്ക് വിദേശരാജ്യത്തുനിന്നോ ധനകാര്യസ്ഥാപനങ്ങളിൽനിന്നോ വായ്പയെടുക്കാൻ അവകാശമില്ല. വായ്പകളിൽ ഏറ്റവും ചെലവുകുറഞ്ഞത് കമ്പോളവായ്പയാണ്. ബാങ്കുകളും മറ്റും അവരുടെ നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം സ്റ്റാറ്റ്യൂട്ടറി സെക്യൂരിറ്റികളിൽ നിക്ഷേപിക്കാൻ ബാധ്യസ്ഥരാണ്. ഇവയ്ക്ക് 6–7 ശതമാനമേ ഇപ്പോൾ പലിശവരൂ. അതേസമയം ദേശീയ സമ്പാദ്യപദ്ധതിയിൽനിന്ന് എടുക്കുന്ന വായ്പയ്ക്ക് 9–10 ശതമാനം പലിശനൽകണം. ഇതുപോലെ താരതമ്യേന ഉയർന്ന പലിശയാണ് എൽ.ഐ.സി., പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയിൽനിന്നുള്ള വായ്പകൾക്ക് നൽകേണ്ടത്. പലിശകുറഞ്ഞ കമ്പോള വായ്പകൾ കേന്ദ്രസർക്കാർ എടുക്കുകയും പലിശകൂടിയ മറ്റു വായ്പകൾ സംസ്ഥാന സർക്കാരുകളുടെ ചുമലിൽ വെക്കുകയുമാണ് ഇപ്പോഴത്തെ പതിവ്. അമ്പതുകളിൽ മൊത്തം കമ്പോള വായ്പയുടെ 50 ശതമാനം സംസ്ഥാനങ്ങൾക്കായിരുന്നുവെങ്കിൽ ഇന്ന് കമ്പോളവായ്പയുടെ 20 ശതമാനമേ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നുള്ളൂ.

കേന്ദ്ര–സംസ്ഥാന ധനകാര്യ ബന്ധങ്ങളിലെ അസന്തുലിതാവസ്ഥ നാൾക്കുനാൾ വർധിച്ചുവരുന്നു എന്നുള്ളതാണ് ആശങ്കാകരമായ ഒരുകാര്യം. 1997–98ൽ കേന്ദ്ര നികുതിയുടെ 31 ശതമാനം സംസ്ഥാനങ്ങൾക്കു ലഭിച്ചിരുന്നുവെങ്കിൽ ഇപ്പോഴത് 1990–91ന്റെ നിലയിലേയ്ക്ക് അതായത് 25 ശതമാനമായി താഴ്ന്നിരിക്കുന്നു. നികുതിവിഹിതത്തിനു പുറമെ പലരൂപത്തിലുള്ള ഗ്രാന്റുകളും സംസ്ഥാനങ്ങൾക്കു ലഭിക്കുന്നുവെന്നു പറഞ്ഞുവല്ലോ. അവകൂടി കണക്കിലെടുക്കുകയാണെങ്കിൽ സംസ്ഥാനങ്ങളുടെ വിഹിതം അനുക്രമമായി കുറഞ്ഞുവരുന്നത് പട്ടിക 8.1ലെ കണക്കിൽ നിന്നു വ്യക്തമായി കാണാം. 1991ൽ 41 ശതമാനമായിരുന്നു സംസ്ഥാനങ്ങളുടെ വിഹിതമെങ്കിൽ ഇന്നത് 35 ശതമാനമായി കുറഞ്ഞു.

പട്ടിക 7.1

ശതമാനക്കണക്കിൽ

| വർഷം | കേന്ദ്രത്തിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം | കേന്ദ്രത്തിന്റെ മൊത്തം റവന്യൂവരുമാനത്തിൽ സംസ്ഥാനങ്ങൾക്ക് ആകെ കൈമാറുന്നത് | ധനകാര്യ കമ്മിഷന്റെ അവാർഡിനു മുമ്പുള്ള വിടവ് | ധനകാര്യ കമ്മിഷന്റെ അവാർഡിനു ശേഷമുള്ള വിടവ് |
|---|---|---|---|---|
| 1990–91 | 25.4 | 41.1 | 7.34 | 2.61 |
| 1991–92 | 25.7 | 40.8 | 7.42 | 2.51 |
| 1992–93 | 27.5 | 40.5 | 7.38 | 2.26 |
| 1993–94 | 29.4 | 43.8 | 6.99 | 1.92 |
| 1994–95 | 26.9 | 38.9 | 6.73 | 2.30 |
| 1995–96 | 26.3 | 36.6 | 6.48 | 2.27 |
| 1996–97 | 27.2 | 36.5 | 6.54 | 2.29 |
| 1997–98 | 31.3 | 37.6 | 6.82 | 2.57 |
| 1998–99 | 27.2 | 34.6 | 7.76 | 4.03 |
| 1999–2000 | 25.3 | 32.6 | 6.97 | 3.18 |
| 2000–01 | 27.4 | 37.3 | 6.56 | 2.27 |
| 2001–02 | 28.2 | 37.6 | 6.43 | 2.20 |
| 2002–03 | 26.0 | 35.0 | 6.27 | 2.21 |
| 2003–04 | 25.9 | 34.5 | 8.40 | 4.11 |
| 2004–05 | 25.8 | 31.8 | 7.84 | 3.50 |
| 2005–06 | 25.8 | 35.1 | 8.41 | 3.23 |
| 2006–07 | 25.4 | 35.2 | 8.35 | 3.01 |
| 2007–08 | 25.6 | 34.7 | | |

സംസ്ഥാനങ്ങളുടെ റവന്യൂവരുമാനവും റവന്യൂചെലവും ദേശീയവരുമാനത്തിന്റെ ശതമാനവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ കമ്മി നാൾക്കുനാൾ വർധിച്ചുവരുന്നുവെന്ന് കാണാം. ധനകാര്യ കമ്മിഷന്റെ അവാർഡിനു മുമ്പ് സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള വിടവ് ദേശീയ വരുമാനത്തിന്റെ 7.4 ശതമാനമായിരുന്നത് ഇപ്പോൾ 8.4 ശതമാനമായി ഉയർന്നു. വിസ്മയകരമായ കാര്യം കേന്ദ്ര സർക്കാരിൽനിന്നുള്ള റവന്യൂ കൈമാറ്റത്തിനുശേഷവും കമ്മി നിലനിൽക്കുകയും വർധിക്കുകയും ചെയ്യുന്നു എന്നതാണ്. ഈ തോത് 2 ശതമാനമായിരുന്നത് 3 ശതമാനമായി ഉയർന്നിരുന്നു.

ഈ സ്ഥിതിവിശേഷംമൂലം റവന്യൂകമ്മി നികത്തുന്നതിനുവേണ്ടി കൂടുതൽകൂടുതൽ വായ്പയെടുക്കുന്നതിന് സംസ്ഥാനങ്ങൾ നിർബന്ധിതരായി. വായ്പയുടെ സിംഹഭാഗവും നൽകിയത് കേന്ദ്രസർക്കാർ തന്നെയാണ്. കേന്ദ്രസർക്കാരാകട്ടെ വളരെ ഉയർന്നതോതിലുള്ള പലിശയാണ് ഈ വായ്പകൾക്ക് ഈടാക്കിയത്. ചില വർഷങ്ങളിൽ ഇത് 15 ശതമാനത്തോളം ഉയർന്നു. തൻമൂലം സംസ്ഥാന സർക്കാരുകളുടെ റവന്യൂ ചെലവിൽ പലിശയുടെ ഭാഗം അടിക്കടി കൂടിവന്നു. 1990–91ൽ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 13 ശതമാനമായിരുന്ന പലിശച്ചെലവ് 2003–04 ആയപ്പോഴേക്കും 25.8 ശതമാനമായി ഉയർന്നു. ഈ സ്ഥിതിവിശേഷം സംസ്ഥാനങ്ങളെ കടക്കെണിയിലേക്ക് തള്ളിവിട്ടു. സംസ്ഥാന ധനകാര്യ സ്ഥിതിയിലെ വർധിച്ചുവരുന്ന കമ്മിയുടേയും ക്രമാതീതമായ കടഭാരത്തിന്റെയും പ്രതിസന്ധി പരിഹരിക്കാനെന്നരൂപേണ കർശനമായ ധനകാര്യ പരിഷ്ക്കാരങ്ങൾ കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കാൻ തുടങ്ങി. ആഗോളവൽക്കരണകാലത്തെ കേന്ദ്രസംസ്ഥാന ബന്ധങ്ങളിലെ സുപ്രധാനമായ പ്രവണതയാണിത്.

**7.2 ആഗോളവൽക്കരണ പരിഷ്ക്കാരങ്ങൾ**

ആഗോളവൽക്കരണം കേന്ദ്രസർക്കാരിന്റെ ധനകാര്യനയത്തിലും അതിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ ബന്ധങ്ങളിലും സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളുടെ അടിസ്ഥാന പ്രമാണങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാസാക്കിയിട്ടുള്ള ധന ഉത്തരവാദിത്വ നിയമങ്ങളിൽ കാണാം. തെരഞ്ഞെടുക്കപ്പെട്ടുവരുന്ന സർക്കാരുകൾ പിന്തുടരേണ്ടുന്ന നയങ്ങളും അവർക്ക് സൃഷ്ടിക്കാൻ അവകാശമുള്ള കമ്മിയും നിയമംമൂലം വ്യവസ്ഥാപിതമാക്കിയിരിക്കുകയാണ്. മൂന്ന് ലക്ഷ്യങ്ങളാണ് ഈ നിയമങ്ങളിൽ ഉള്ളത്. ഒന്ന്, സർക്കാരുകളുടെ റവന്യൂചെലവ് റവന്യൂവരുമാനത്തേക്കാൾ അധികരിക്കരുത്. അഥവാ റവന്യൂകമ്മി ഇല്ലാതാക്കണം. രണ്ട്, ധനകമ്മി ദേശീയ– സംസ്ഥാന വരുമാനത്തിന്റെ 3 ശതമാനത്തിൽ അധികരിക്കരുത്. മൂന്ന്, നേരിട്ട് വായ്പയെടുക്കുന്നതിനുപകരം സർക്കാർ ഗ്യാരണ്ടിനിന്ന് വായ്പയെടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. അതിനും പരിധി കൽപ്പിക്കണം. കമ്മി കുറയ്ക്കുന്നതിന് സമയബന്ധിതമായ പരിപാടിയും ഈ നിയമങ്ങളുടെ ഭാഗമായി ഉണ്ട്.

സർക്കാരിന്റെ ധനപരമായ ഇടപെടൽ സാധ്യതയെക്കുറിച്ച് വളരെ യാഥാസ്ഥിതികമായ ദർശനമാണ് മുകളിൽപ്പറഞ്ഞ പ്രമാണങ്ങളിലുള്ളത്. റവന്യൂചെലവുകളെല്ലാം വികസനേതരച്ചെലവുകളായി കണക്കാക്കാൻ പാടില്ല. മാനവവിഭവ വികസനത്തിനാവശ്യമായ റവന്യൂചെലവ് വികസനത്തെ ത്വരിതപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. വിവേചനരഹിതമായി കമ്മി ഇല്ലാതാക്കാൻ ഇത്തരം ചെലവുകൾ വെട്ടിക്കുറയ്ക്കുന്നത് പാവപ്പെട്ടവർക്കും വളർച്ചയ്ക്കും തിരിച്ചടിയാകും. മറ്റൊരുകാര്യം സർക്കാർ കണക്കെഴുത്തുരീതിപ്രകാരം പല ചെലവുകളും തെറ്റായി റവന്യൂചെലവായിട്ടാണ് കണക്കെഴുതപ്പെടുന്നത് എന്നതാണ്. ഉദാഹരണത്തിന് കേരളത്തിൽ പഞ്ചായത്തുകൾക്ക് നൽകുന്ന ധനസഹായത്തിൽ 40 ശതമാനത്തോളം മൂലധനച്ചെലവാണ്. എന്നാൽ ഗ്രാന്റായി നൽകുന്ന പണം മുഴുവൻ റവന്യൂ ചെലവായിട്ടാണ് കണക്കെഴുതപ്പെടുന്നത്. തന്മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുനൽകുന്ന പണം മുഴുവൻ റവന്യൂ ചെലവായിട്ടാണ് സംസ്ഥാനസർക്കാരിന്റെ അക്കൗണ്ടിൽ വരിക. യാന്ത്രികമായി റവന്യൂകമ്മി ഇല്ലാതാക്കാൻ ഒരുമ്പെട്ടാൽ ഇത്തരം ചെലവുകളൊക്കെ വെട്ടിക്കുറയ്ക്കേണ്ടി വരും.

എങ്കിൽത്തന്നെയും റവന്യൂകമ്മി ഇല്ലാതാക്കാം എന്നു പറയുന്നതിൽ യുക്തിയുണ്ട്. കടം വാങ്ങി ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്ക്

ചെലവാക്കുന്നത് ശരിയല്ല. ഇത്തരം ചെലവുകൾക്ക് നികുതി തുടങ്ങിയ റവന്യൂവരുമാനം കണ്ടെത്തണം. ഭാവിയിൽ വരുമാനം തരുന്ന സ്കീമുകൾക്കായോ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടിയോ മാത്രമേ വായ്പ ഉപയോഗിക്കാൻ പാടുള്ളൂ. പക്ഷേ ആഗോളവൽക്കരണ പരിഷ്ക്കർത്താക്കൾ പറയുന്നത് റവന്യൂകമ്മി മോശമാണെന്നു മാത്രമല്ല വായ്പയെടുക്കുന്നതും അഥവാ ധനകമ്മിയും മോശമാണെന്നാണ്. വായ്പയെടുക്കുന്നത് ദൈനംദിന ചെലവുകൾക്കല്ലെങ്കിൽ പിന്നെ വായ്പക്ക് എന്തെങ്കിലും യാന്ത്രിക പരിധി നിശ്ചയിക്കുന്നത് യാഥാസ്ഥിതിക മനോഭാവമാണ്. സർക്കാർ സമ്പദ്ഘടനയിൽ ഇടപെടുന്നതിന് പരിധിവേണം എന്ന പ്രത്യയശാസ്ത്ര പിടിവാശിയുടെ ഫലമാണിത്.

വാറ്റ് നികുതി സമ്പ്രദായത്തിലൂടെ ഏകീകൃത രൂപം ഇന്ത്യയിലുടനീളം വന്നതോടെ നികുതിനിശ്ചയിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തിന് കൂച്ചുവിലങ്ങ് വീണിരിക്കുകയാണ്. വരുമാനമാർഗങ്ങളുടെമേൽ മാത്രമല്ല, ചെലവുകളുടെ മേലും പുതിയ നിയന്ത്രണങ്ങൾ വന്നിരിക്കയാണ്. ധന ഉത്തരവാദിത്വ നിയമങ്ങൾ പണം ചെലവഴിക്കുന്നതിനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശത്തിനുമേൽ യാന്ത്രികമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ചിരിക്കുകയാണ് എന്നു നാം കണ്ടുവല്ലോ.

മാത്രമല്ല, കേന്ദ്രത്തിന്റെ ധനകാര്യ- സാമ്പത്തിക നയങ്ങൾ സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ ധനകമ്മീഷനെയും ആസൂത്രണകമ്മീഷനെയും ഉപയോഗപ്പെടുത്തുകയാണ്. ധനകമ്മീഷനുകൾക്ക് ഭരണഘടനാബാഹ്യമായ ചില അധികാരങ്ങൾ പരിഗണനാ വിഷയങ്ങൾ ആയി നൽകുന്ന പതിവ് ശക്തിപ്പെട്ടിരിക്കുകയാണ്. ഉദാഹരണത്തിന് ധനകാര്യകമ്മീഷനുകളുടെ പരിഗണനാവിഷയങ്ങളിൽ റവന്യൂകമ്മി കുറയ്ക്കുന്നതിനുള്ള ധനപരിഷ്കാര നിർദേശങ്ങൾ നടപ്പാക്കാനുതകുന്നവിധത്തിൽ ഗ്രാന്റ് വിതരണം നിശ്ചയിക്കുന്നതിനും അതിന്റെ പുരോഗതിക്കനുസരിച്ച് പ്രായോഗിക നടപടികൾ നിശ്ചയിക്കുന്നതിനും നിർദേശിച്ചിരുന്നു. വാസ്തവത്തിൽ ഭരണഘടനയുടെ 275-ാം ഖണ്ഡികപ്രകാരം സംസ്ഥാന വിഭവങ്ങളുടെമേൽ നിബന്ധനകൾ ഏർപ്പെടുത്തുവാനുള്ള അവകാശം ധനകമ്മീഷനുകൾക്കില്ല. പന്ത്രണ്ടും പതിമൂന്നും ധനകാര്യകമ്മീഷനുകളുടെ പരിഗണനാ വിഷയങ്ങളിലും (ടേംസ് ഓഫ് റഫറൻസ്) ഇത്തരത്തിലുള്ള ഭരണഘടനാ ബാഹ്യമായ നിർദേശങ്ങൾ കാണാനാകും. ഇവയെ അടുത്ത അധ്യായങ്ങളിൽ നിശിതമായി പരിശോധിക്കുന്നുണ്ട്.

നിർണ്ണായകമായ ചില സാമ്പത്തിക കടമകളിൽനിന്ന് പിന്മാറിക്കൊണ്ട് ഉദാരവൽക്കരണനയം നടപ്പാക്കുന്നതിന്റെ ഫലമായി സംസ്ഥാനങ്ങൾ വികസനാവശ്യങ്ങൾക്ക് കൂടുതൽ മൂലധനം ആകർഷിക്കുവാൻവേണ്ടി തമ്മിൽ തമ്മിൽ മൽസരിക്കേണ്ടതായി വരുന്നു. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്നതുമൂലം സംസ്ഥാനങ്ങൾ നികുതിയിളവുകളും മറ്റു പ്രോത്സാഹനങ്ങളും നൽകി അവ തമ്മിലുള്ള മൽസരത്തിൽ പങ്കെടുക്കേണ്ടതായി വരുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ സംസ്ഥാനങ്ങൾക്കുമേൽ കെട്ടിവെക്കപ്പെട്ടതുമൂലം എല്ലാ സംസ്ഥാനങ്ങളുമിപ്പോൾ സാമ്പത്തിക ഞെരുക്കത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനങ്ങൾതമ്മിൽ തമ്മിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ വർദ്ധിക്കുന്നതോടൊപ്പംതന്നെ സംസ്ഥാനങ്ങൾക്കകത്തെ പ്രാദേശിക അസന്തുലിതാവസ്ഥയും വർദ്ധിക്കുകയാണ്.

നാം നേരത്തെ കണ്ടതുപോലെ സംസ്ഥാനങ്ങളുടെ ധനപ്രതിസന്ധിക്ക് മുഖ്യകാരണം കേന്ദ്ര -സംസ്ഥാന ബന്ധങ്ങളുടെ അസന്തുലിതാവസ്ഥയും കേന്ദ്രത്തിൽനിന്നുള്ള വിഭവകൈമാറ്റത്തിന്റെ അപര്യാപ്തതയും കേന്ദ്രസർക്കാരിന്റെ വായ്പാനയവും ആണ്. ഈ തെറ്റായ നയങ്ങൾ തിരുത്തുന്നതിനുപകരം സംസ്ഥാനങ്ങളുടെ ചെലവിൽ പ്രതിസന്ധി പരിഹരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഇതിന് ഭരണഘടനാ സ്ഥാപനമായ ധനകമ്മീഷനെ കേന്ദ്രസർക്കാർ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ധനകാര്യ കമ്മീഷൻവഴിയുള്ള വിഭവകൈമാറ്റത്തിന് സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഉപാധികളാക്കുന്നതിനുള്ള പ്രവണത ശക്തിപ്പെട്ടിരിക്കുകയാണ്.

### 7.3 കേരളത്തിന്റെ ധനപ്രതിസന്ധി മൂർച്ഛിച്ചപ്പോൾ

ഒട്ടുമിക്ക ഇന്ത്യൻ സംസ്ഥാനങ്ങളുടെയും അനുഭവത്തിനു സമാനമായി 90കളുടെ രണ്ടാം പകുതിയിൽ സംസ്ഥാനത്തിന്റെ റവന്യൂക്കമ്മിയും ധനക്കമ്മിയും പൊതുക്കടവും കാര്യമായി വർദ്ധിച്ചു. പട്ടിക 8.2ൽ ഇതുസംബന്ധമായ കണക്കുകൾ നൽകിയിരിക്കുന്നു. ഈ പ്രവണത 2000-2001 ആയപ്പോഴേക്കും ഒരു പ്രതിസന്ധിയുടെ തലത്തിലേക്കു വളരുകയും റവന്യൂക്കമ്മി സംസ്ഥാന വരുമാനത്തിന്റെ 4.5 ശതമാനമായും ധനക്കമ്മി 5.6 ശതമാനമായും ഉയർന്നു. തൊണ്ണൂറുകളുടെ അവസാനത്തിൽ സംസ്ഥാനത്തെ ഗ്രസിച്ച രൂക്ഷമായ കാർഷികപ്രതിസന്ധി സംസ്ഥാനത്തിന്റെ നികുതിപിരിവിനെ കാര്യമായി ബാധിച്ചു. 90 കളുടെ അവസാന വർഷങ്ങളിൽ തനതുനികുതി സംസ്ഥാന വരുമാനത്തിന്റെ 8.6 ശതമാനമായിരുന്നത് 2000-01 ൽ 8.4 ശതമാനമായിത്താഴ്ന്നു. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂവരുമാനത്തിൽ കേന്ദ്രവിഹിതം 90 കളുടെ ആരംഭവർഷങ്ങളിൽ 32 ശതമാനമായിരുന്നത് 90 കളുടെ അവസാന വർഷങ്ങളിൽ 28.1 ശതമാനമായും 2000-01 ൽ 25.2 ശതമാനമായും കുത്തനെ കുറഞ്ഞു. കേന്ദ്രവിഹിതത്തിൽ വന്ന അപ്രതീക്ഷിതമായ ഇടിവ് 11-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള വിഹിതത്തിൽ വന്ന കുറവുമൂലം ഉണ്ടായതാണ്. ഇത് 2000-01 ലെ ബജറ്റിൽ 500 കോടിരൂപയുടെ വിടവാണു സൃഷ്ടിച്ചത്. സംസ്ഥാന വരുമാനം ഇതിന്റെ ഫലമായി 95-96 മുതൽ 99-2000 വരെയുള്ള കാലത്ത് സംസ്ഥാന വരുമാനത്തിന്റെ 13.4 ശതാനമായിരുന്ന റവന്യൂ വരുമാനം 2000-01 ൽ 12.5 ശതമാനമായി ഇടിഞ്ഞു. ശമ്പള കമ്മീഷൻ ശുപാർശകൾ ശമ്പള ഇനത്തിലുള്ള ചെലവിൽ പ്രതിവർഷം 1000 കോടിയുടെ വർദ്ധനവുണ്ടാക്കി. 2001 ൽ കടുത്ത ധനപ്രതിസന്ധിയുണ്ടാവുകയും, ട്രഷറി അടച്ചിടേണ്ടിവരികയും ചെയ്തു.

2001 ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ കടുത്ത ധനക്രമീകരണ പരിപാടിക്ക് നിലമൊരുക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാരിന്റെ ധനപ്രതിസന്ധിയെ പർവ്വതീകരിച്ചു കാട്ടുന്ന ഒരു ധവളപത്രം പുറത്തിറക്കി. ആസന്നമായ തകർച്ചയെ നേരിടാനെന്ന പേരിൽ നടപ്പാക്കിയ പരിഹാര നടപടികളിൽ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുക, ക്ഷേമ പെൻഷനുകളടക്കം സാമൂഹ്യസബ്സിഡികൾ വെട്ടിച്ചുരുക്കുക, രോഗഗ്രസ്തമായ പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുക എന്നീ ചെലവു ചുരുക്കൽ നടപടികളും എല്ലാത്തരത്തിലുള്ള യൂസർചാർജുകളും വർദ്ധിപ്പിക്കുക തുടങ്ങിയവയും ഉൾപ്പെട്ടിരുന്നു. സംസ്ഥാനസർക്കാർ എ.ഡി.ബിയിൽ നിന്നുമെടുത്ത ഘടനാക്രമീകരണവായ്പയുടെ നിബന്ധനകളായി ഈ പരിഹാരനിർദേശങ്ങൾ മാറി. ഇതിന് ഒന്നുകൂടി ബലം പകരാനാണ് ധനപരമായ ഉത്തരവാദിത്തനിയമം 2003 ൽ പാസാക്കിയത്. 2006-07 നകം റവന്യൂക്കമ്മി തുടച്ചുനീക്കുമെന്നും ധനക്കമ്മി സംസ്ഥാന വരുമാനത്തിന്റെ 2 ശതമാനമാക്കുമെന്നുമുള്ള ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചു. സർക്കാർ നല്കുന്ന ഗാരണ്ടിയുടെ പരിധി 14,000 കോടി രൂപയായി നിശ്ചയിച്ചു.

ലക്ഷ്യങ്ങൾ നേടണമെങ്കിൽ തികച്ചും ജനവിരുദ്ധമായ നടപടികളാവശ്യമായിരുന്നു. അതു നടപ്പാക്കുന്നത് രാഷ്ട്രീയമായും സാമൂഹ്യമായും ബുദ്ധിമുട്ടായിരിക്കുമെന്ന് യു.ഡി.എഫ് സർക്കാരിനുതന്നെ ബോധ്യമായി. സർക്കാർ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കുന്നതിനെതിരെ ഒരു മാസം നീണ്ടുനിന്ന സമരമടക്കം കടുത്ത ചെറുത്തുനില്പുകളുണ്ടായി. പൊതുമേഖലാസ്ഥാപനങ്ങളെ രക്ഷിക്കുക എന്ന മുദ്രാവാക്യവുമായി ഒരു പ്രസ്ഥാനമുയർന്നുവന്നു. പരമ്പരാഗതമേഖലകളിലും തൊഴിലാളിസമരങ്ങളുടെ വേലിയേറ്റമുണ്ടായി. ആരോഗ്യ-വിദ്യാഭ്യാസമേഖലകളിലെ സ്വകാര്യവത്കരണത്തിനെതിരെയും ഒരു ബഹുജനപ്രക്ഷോഭമുയർന്നുവന്നു.

2000-01നും 2001-02നുമിടയിൽ സംസ്ഥാനത്തിന്റെ റവന്യൂച്ചെലവ് സംസ്ഥാന വരുമാനത്തിന്റെ 17 ശതമാനത്തിൽ നിന്നും 16.1 ശതമാനമായിക്കുറഞ്ഞു. സംസ്ഥാനത്തിന്റെ റവന്യൂക്കമ്മി 4.5 ശതമാനത്തിൽനിന്നും 3.6 ശതമാനമായി കുത്തനെ ഇടിയുകയും ചെയ്തു. സംസ്ഥാനത്തിന്റെ ധനക്കമ്മിയും ഇക്കാലയളവിൽ 5.6 ശതമാനത്തിൽനിന്നും 4.5 ശതമാനമായിക്കുറഞ്ഞു. പക്ഷേ, ഈ അനുപാതമെല്ലാം അടുത്ത വർഷം നേരെ തിരിച്ചായി. സംസ്ഥാനസർക്കാർ

പന്ത്രണ്ടാം ധനകാര്യകമ്മീഷനു നല്കിയ മെമ്മോറാണ്ടത്തിൽ, താത്കാലികാടിസ്ഥാനത്തിലുള്ള മേൽപറഞ്ഞ ചെലവു ചുരുക്കലും ബാധ്യതകൾ നീട്ടിവയ്ക്കലും മറ്റും അനിവാര്യമായും അടുത്ത വർഷങ്ങളിൽ ചെലവുകളായി വീണ്ടും തലപൊക്കും എന്നു സമ്മതിക്കേണ്ടി വന്നു. കേന്ദ്രവിഹിതത്തിൽ കാര്യമായ വർദ്ധനയൊന്നും ഇല്ലാതായതോടെ ധനപരമായ ക്രമീകരണപരിപാടിയുടെ വിജയത്തെക്കുറിച്ച് യു.ഡി.എഫിനുണ്ടായിരുന്ന ആത്മവിശ്വാസം തകർന്നു. പതിനൊന്നാം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം രൂപം കൊടുത്ത ഇടക്കാല ധനക്രമീകരണ പരിപാടിയുടെ ലക്ഷ്യങ്ങൾ (Fiscal targets) നേടുക അസാധ്യമായിരിക്കുമെന്ന് സംസ്ഥാനം പന്ത്രണ്ടാം ധനകാര്യ കമ്മീഷനു നല്കിയ മെമ്മോറാണ്ടത്തിൽ തുറന്നു പ്രഖ്യാപിച്ചു.

പദ്ധതി, പദ്ധതിയേതര റവന്യൂകമ്മി സംബന്ധിച്ച അടിസ്ഥാന പ്രശ്നത്തിനു പരിഹാരം കാണാൻ ശ്രമിക്കാതെ ധനകമ്മി കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ വ്യർത്ഥമായിരിക്കും എന്ന് ഞങ്ങൾ കരുതുന്നു. ധനപരമായ പരിഷ്കരണപരിപാടിയുടെ ഒരടിസ്ഥാന മുന്നുപാധിയെന്ന നിലയിൽ, റവന്യൂക്കമ്മിയുടെ കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതായിരുന്നു. ഇതിന്റെ അഭാവത്തിൽ ധനപരമായ പരിഷ്കരണ പരിപാടി തുടക്കത്തിൽത്തന്നെ പാളുകയാണുണ്ടായത്. അതുകൊണ്ട്, ധനപുനക്രമീകരണത്തിനു പ്രതിജ്ഞാബദ്ധരാണെങ്കിലും ഇടക്കാല ലക്ഷ്യങ്ങൾ നേടാൻ കഴിയില്ല. ധനപരമായ തിരുത്തൽ പരിപാടി യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം രൂപപ്പെടേണ്ടത്. വർദ്ധിക്കുന്ന റവന്യൂക്കമ്മി, കൂടുതൽ കടമെടുക്കൽ, ആഴത്തിലാകുന്ന ധനപ്രതിസന്ധി എന്നിവയുടെ വിഷമവൃത്തം ഭേദിക്കാനായി യാന്ത്രികമായ പരിധികൾ കല്പിച്ചു കൊണ്ടുള്ള പരിഹാര ക്രമങ്ങൾ ധനപരമായ തിരുത്തൽ നടപടിയെ വിജയത്തിലെത്തിക്കില്ല – ധനക്രമീകരണ പരിപാടിയെക്കുറിച്ച് യു.ഡി.എഫ്. സർക്കാർ തന്നെ പിന്നീട് വിലയിരുത്തിയത് ഇങ്ങനെയാണ്

ധനപരമായ ലക്ഷ്യങ്ങൾ (എശരെമഹ ഭ്യേഴലരേ) 2006–07 നകം നേടിയെടുക്കണമെങ്കിൽ 2002–03ൽ സംസ്ഥാന വരുമാനത്തിന്റെ 5.1 ശതമാനമായിരുന്ന റവന്യൂക്കമ്മി പ്രതിവർഷം 1.3 ശതമാനംവച്ച് കുറയണമായിരുന്നു. റവന്യൂക്കമ്മി ഇല്ലാതാക്കുന്ന കാര്യത്തിൽ 2003–04ലും 2004–05ലും പുരോഗതി കാണിച്ചുവെങ്കിലും ഉന്നംവച്ച വേഗതയുടെ പകുതി വേഗതയിലായിരുന്നു അത്. റവന്യൂക്കമ്മി 2002–03നും 2004–05നുമിടയിൽ സംസ്ഥാന വരുമാനത്തിന്റെ 5.1 ശതമാനമെന്നതിൽനിന്നും 3.7 ശതമാനമായി കുറഞ്ഞു.

2002–03 ലെ 5.8 ശതമാനത്തിൽ നിന്നും ധനക്കമ്മി 2 ശതമാനം എന്ന ലക്ഷ്യം കൈവരിക്കണമായിരുന്നെങ്കിൽ (2006–07) പ്രതിവർഷം 0.88 ശതമാനം നിരക്കിൽ കുറയണമായിരുന്നു. പട്ടിക 3.9 ലെ കണക്കുകൾ കാണിക്കുന്നതുപോലെ ധനക്കമ്മി 2002–03 ൽ 6.2 ശതമാനത്തിൽ നിന്നും 2003–04ൽ 6.1 ശതമാനമായിക്കുറഞ്ഞു. 2004–05ൽ അത് 4.4 ശതമാനമായും താഴ്ന്നു.

എന്നാൽ ദേശീയതലത്തിലെ മാതൃക ധന ഉത്തരവാദിത്ത നിയമപ്രകാരം ധനക്കമ്മി മൂന്നു ശതമാനമാക്കി ക്രമീകരിച്ചാൽ മതിയാകുമായിരുന്നു. കേരള നിയമത്തിലെ രണ്ടുശതമാനം എന്നുള്ളത് നിയോലിബറൽ ധനപരിഷ്കാരത്തിന്റെ ഭ്രാന്ത് എത്രമാത്രം യുഡിഎഫ് സർക്കാരിനെ ബാധിച്ചിരുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ്. ധനക്കമ്മി മൂന്നു ശതമാനമാക്കാനും ലക്ഷ്യങ്ങൾ നേടാനും റവന്യൂക്കമ്മി ഇല്ലാതാക്കാനുമുള്ള കാലയളവ് 2008–09 വരെ അനുവദിക്കപ്പെട്ടു. 2003 ലെ കേരളത്തിലെ ആദ്യത്തെ ധനഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെ അപേക്ഷിച്ച് കുറച്ചുകൂടി ഉദാരമായിരുന്നു ഇത്. തന്മൂലം പ്രതിവർഷം റവന്യൂക്കമ്മിയിൽ വരുത്തേണ്ട കുറവ് 0.88 ശതമാനത്തിൽനിന്ന് 0.42 ശതമാനമായിത്താഴ്ന്നു.

ആദ്യരണ്ടുവർഷങ്ങൾ ഒന്നിച്ചു ചേർത്തു നോക്കുമ്പോൾ (ഭേദഗതിചെയ്ത ലക്ഷ്യത്തിനനുസരിച്ച്) ധനക്കമ്മി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ റവന്യൂക്കമ്മിയിൽ യഥാർത്ഥത്തിൽ വന്ന കുറവ് 2003–04ൽ 1.01 ശതമാനവും 2004—05 ൽ 0.43 ശതമാനവുമാണ്. അത് ഈ രണ്ടു വർഷങ്ങളിലും കൂടി നേടേണ്ട ലക്ഷ്യത്തേക്കാൾ 0.26 ശതമാനം കുറവാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നല്കിയിരിക്കുന്ന ഗ്രാന്റിന്റെ നല്ലൊരു പങ്ക് മൂലധന അടങ്കലിൽ നിന്നാണ്. പൊതുച്ചെലവ് അവലോകനക്കമ്മറ്റിയുടെ (Public

Expenditure Review Committee - PERC) അഭിപ്രായത്തിൽ ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് യാഥാർഥ്യബോധത്തോടെയുള്ള ക്രമീകരണം നടത്തിയാൽ സംസ്ഥാനത്തിന്റെ റവന്യൂക്കമ്മി കാര്യമായി കുറയും.

അങ്ങനെ ക്രമീകരിക്കപ്പെട്ട ഒരു റവന്യൂക്കമ്മിയിൽനിന്നാരംഭിക്കുകയാണെങ്കിൽ 2002-03 ൽ അത് സംസ്ഥാന വരുമാനത്തിന്റെ 3.88 ശതമാനമായിരിക്കും. പ്രതിവർഷം വരുത്തേണ്ട കുറവ് അപ്പോൾ 0.68 ശതമാനമായി മാറാം. അങ്ങനെ വരുമ്പോൾ രണ്ടുവർഷംകൊണ്ട് വരുത്തേണ്ട മൊത്തം കുറവ് ആയ 1.30 ശതമാനത്തേക്കാൾ കൂടുതലാണ് നേടിയെടുത്ത 1.42 ശതമാനത്തിന്റെ കുറവ് എന്നും കമ്മിറ്റി നിരീക്ഷിച്ചു.

ലോകസഭാതെരഞ്ഞെടുപ്പിലും തദ്ദേശഭരണ തെരഞ്ഞെടുപ്പിലും തുടർച്ചയായി തോറ്റതോടെ കടുത്ത ജനവിരുദ്ധ നടപടികളിൽ ചില തിരുത്തലുകൾ വരുത്താനും ധനക്രമീകരണപരിപാടിയിൽ നിന്നകന്നു നില്ക്കാനും യു.ഡി.എഫ് ശ്രമിച്ചു. 2005-06ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂക്കമ്മി സംസ്ഥാന വരുമാനത്തിന്റെ 4 ശതമാനവും ധനക്കമ്മി 5.3 ശതമാനവുമായിരുന്നു. പക്ഷേ, സിഎജിയുടെ റിപ്പോർട്ടിലെ അനുബന്ധ കണക്കുകൾ പ്രകാരം 2005-06ൽ റവന്യൂക്കമ്മി സംസ്ഥാന വരുമാനത്തിന്റെ 2.83 ശതമാനവും ധനക്കമ്മി 3.77 ശതമാനവുമാണ്. റവന്യൂച്ചെലവ് 17.1 ശതമാനത്തിൽ നിന്നും (2004-05ൽ) 16.6 ശതമാന (2005-06ൽ)മായിക്കുറഞ്ഞു. ചില ബാധ്യതകൾ - കോൺട്രാക്ടർമാർക്കു കൊടുക്കേണ്ട തുകയും (950 കോടി) ക്ഷേമപെൻഷനുകൾക്കുള്ള തുക (250 കോടി)യും ഭക്ഷ്യസബ്സിഡി (21 കോടി)യും ഒക്കെ ഇതിൽവരും - തീർക്കുന്നതു മാറ്റിവച്ചതുകൊണ്ടാണ് റവന്യൂ ചെലവിൽ ഈ കുറവ് വരുത്താനായത്. 8 ശതമാനമായി അത് ഉയർന്നു. എന്നിട്ടുപോലും ജനകീയ പ്രതിഷേധം മൂലം യു.ഡി.എഫ് സർക്കാർ തെരഞ്ഞെടുപ്പിൽ തോറ്റു പുറത്തുപോകുകയും എൽ.ഡി.എഫ് വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരികയും ചെയ്തു.

സംസ്ഥാന ശമ്പളക്കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കിയതോടെ ധനപരമായ ക്രമീകരണപരിപാടിയുടെ വിജയത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ ഇല്ലാതായി. നിയമസഭാതെരഞ്ഞെടുപ്പുകൾക്കു തൊട്ടുമുമ്പാണ് ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചത്. 2006-07 സാമ്പത്തികവർഷം മുതൽ ആ റിപ്പോർട്ട് നടപ്പാക്കണമായിരുന്നു. ഈ റിപ്പോർട്ട് സംസ്ഥാനസർക്കാരിനു വരുത്തിയ അധികബാധ്യത 2922 കോടിയുടേതായിരുന്നു. പ്രൊവിഡന്റ് ഫണ്ട് കുടിശ്ശികകളുടെ ഒരു ഭാഗം മരവിപ്പിച്ചിട്ടുപോലും 2006-07 ലെ ബജറ്റിലുണ്ടായ അധിക ബാദ്ധ്യത 2017 കോടിയുടേതായിരുന്നു. ക്ഷേമപദ്ധതികൾക്കും കോൺട്രാക്റ്റർമാർക്കും നല്കേണ്ട കുടിശ്ശികയ്ക്ക് വേണ്ടത്ര നീക്കിവയ്ക്കാതിരിന്നിട്ടുകൂടി 2005-06 ൽ സംസ്ഥാന വരുമാനത്തിന്റെ 16.6 ശതമാനമായിരുന്ന റവന്യൂ ച്ചെലവ് 2006-07 ൽ 19.5 ശതമാനമായി കുത്തനെ ഉയർന്നു. റവന്യൂ വരുമാനം 2005-06 ലെ 13.7 ശതമാനത്തിൽ നിന്നും 2006-07 ൽ 15.2 ശതമാനമായി ഉയരുമെന്ന് കണക്കാക്കിയിട്ടുപോലും 2006-07 ബജറ്റിലെ റവന്യൂക്കമ്മി 4.3 ശതമാനത്തിലേക്കും ധനക്കമ്മി 6 ശതമാനത്തിലേക്കും ഉയർന്നു.

26,768 കോടിയുടെ മൊത്തം ചെലവുകളും ആസൂത്രണ കമ്മീഷൻ അംഗീകരിച്ച 6,210 കോടിയുടെ പദ്ധതിക്കുള്ള നീക്കിവയ്പ്പും ഉൾപ്പെടെ 2006-07 ലെ ബജറ്റിന് രൂപം നല്കി. 7,535 കോടിയുടെ ധനക്കമ്മിയും 7,200 കോടിയുടെ കടമെടുക്കൽ പരിധിയും മുൻകൂട്ടിക്കണ്ടുകൊണ്ടാണ് അത് രൂപപ്പെടുത്തിയത്. നാം നേരത്തെ കണ്ടതുപോലെ 2005-06 നും 2006-07 നുമിടയിൽ ധനക്കമ്മി ഏതാണ്ട് 70 ശതമാനംകണ്ട് ഉയർന്നിരുന്നു. മുമ്പ് വിഭാവനം ചെയ്ത ധനപരമായ തിരുത്തൽ പാതയിൽനിന്നുള്ള വലിയൊരു വ്യതിയാനമായിരുന്നു അത്. നേരത്തെ രൂപംകൊടുത്ത ധനപരമായ തിരുത്തൽ പദ്ധതിക്കനുസരിച്ച് 2006-07ലെ കടമെടുക്കൽ പരിധി 4,672 കോടി രൂപയായിരുന്നു.

ധനപരമായ തിരുത്തൽ പദ്ധതിയുടെ പാതയിലുറച്ചു നില്ക്കാൻ വേണ്ടി കടമെടുക്കൽ പരിധി 4,672 കോടിയിലേക്ക് ചുരുക്കിയാൽ സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് അത് ദുരന്തപൂർണമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമായിരുന്നു. ഇതു ചെയ്താൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ വിഭജിച്ചുനല്കുന്ന ഫണ്ടുകളാകെ അവതാളത്തിലാകുകയും ചെയ്തേനെ.

ഒട്ടേറെ സമ്മർദ്ദങ്ങൾക്കുശേഷം കേന്ദ്രധനമന്ത്രാലയം സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി ആദ്യനിലവാരത്തിലേക്കുയർത്താൻ സമ്മതിച്ചു. പക്ഷേ, അതിനൊരു വ്യവസ്ഥയുണ്ടായിരുന്നു. സംസ്ഥാനം പന്ത്രണ്ടാം ധനകാര്യകമ്മീഷൻ നിർദേശിച്ച തരത്തിലുള്ള കടാശ്വാസം വേണ്ടെന്നുവയ്ക്കണം. ചെറുകിട സമ്പാദ്യപദ്ധതി നിക്ഷേപങ്ങളിൽ വരാവുന്ന കുറവ് നികത്താനായി മറ്റു സ്രോതസ്സുകളിൽനിന്ന് കൂടുതൽ കടമെടുക്കാനും പാടില്ല (ബജറ്റിൽ കണക്കാക്കിയ 2950 കോടിയേക്കാളും 1200 കോടിയെങ്കിലും കുറവായിരിക്കും അതെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു). പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ പേരിൽ ആണയിടുന്ന കേന്ദ്രസർക്കാർ അതു നിർദേശിച്ച അന്തർസംസ്ഥാന വായ്പാസമിതി രൂപീകരിക്കുകയോ, സംസ്ഥാനങ്ങളുടെ കടഭാരം ചർച്ചചെയ്യാനായി ദേശീയ വികസനസമിതി രൂപംകൊടുത്ത മുഖ്യമന്ത്രിമാരുടെ സബ്കമ്മിറ്റിയിൽ ഈ പ്രശ്നം ചർച്ച ചെയ്യുകയോ ചെയ്തില്ല എന്ന കാര്യം ഓർമ്മിക്കേണ്ടതുണ്ട്. കേന്ദ്രസർക്കാർ സ്വീകരിച്ച ഈ ഏകപക്ഷീയ നിലപാട് ധനപരമായ ഫെഡറലിസത്തിനുനേരെയുള്ള ഒരു ഗൗരവതരമായ വെല്ലുവിളിയായിരുന്നു. ധനക്രമീകരണ പരിപാടി യാന്ത്രികമായി നടപ്പിലാക്കിയാൽ കേരളത്തിന്റെ സാമൂഹ്യവും വികസനപരവുമായ ചെലവുകൾ കാര്യമായി ചുരുക്കേണ്ടിവരികയും കേരളത്തിന്റെ ജനാധിപത്യ വികേന്ദ്രീകരണപ്രക്രിയയെ കുഴപ്പത്തിലാക്കുകയും ചെയ്യുമെന്നത് വളരെ വ്യക്തമാണ്. എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച 2006-07 ലെ പുതുക്കിയ ബജറ്റിൽ, റവന്യൂക്കമ്മിയുടെ ലക്ഷ്യം 2009 ലേക്കു നീട്ടിവയ്ക്കുന്ന ഒരു ബദൽ ക്രമീകരണപരിപാടിയും കടുത്ത ചെലവു ചുരുക്കൽ നടപടികൾ ഒഴിവാക്കിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാഴ്ചപ്പാടും മുന്നോട്ടുവച്ചു. ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് നികുതിവരുമാനം കൂട്ടാനുള്ള ഒട്ടേറെ നടപടികൾ പ്രത്യേകിച്ചും നികുതിയിൽ വെട്ടിപ്പ് തടയാനുള്ള നടപടികൾ മുന്നോട്ടുവച്ചു. 2008ൽ ആരംഭിച്ച ആഗോള സാമ്പത്തികമാന്ദ്യം പ്രഖ്യാപിത ധനലക്ഷ്യങ്ങളെയാകെ തകിടം മറിച്ചു. ഈ പ്രതിഭാസം കേരളത്തിനു മാത്രമല്ല മറ്റെല്ലാ സംസ്ഥാന സർക്കാരുകൾക്കും കേന്ദ്രസർക്കാരിനും ബാധകമായിരുന്നു. ആഗോളവത്കരണ ധനപരിഷ്കാരത്തിന്റെ ഭാഗമായി ദേശീയതലത്തിൽ പ്രഖ്യാപിക്കുന്ന ലക്ഷ്യങ്ങളെല്ലാം മാറ്റിവെയ്ക്കുന്നതിനു കേന്ദ്രസർക്കാരും നിർബന്ധിതരായി.

### 7.4 ധനമാനേജ്മെന്റ് 2006-07/2010 -11

**പട്ടിക 7.2**
**സർക്കാർ ചെലവുകളുടെ വർദ്ധനയും സ്വഭാവവും**

| വർഷം | സംസ്ഥാനത്തിന്റെ മൊത്തം ചെലവ് | മൂലധന അടങ്കൽ (മൊത്തം ചെലവിന്റെ ശതമാനമായി) ചെലവിന്റെ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അടങ്കൽ(മൊത്തം ശതമാനമായി) | പദ്ധതി അടങ്കൽ മൊത്തം ചെലവിന്റെ ശതമാനമായി |
|---|---|---|---|---|
| 2000-01 | 12726 | 4.53 | 6.75 | 21.26 |
| 2001-02 | 12381 | 4.51 | 5.19 | 19.54 |
| 2002-03 | 15705 | 4.45 | 6.61 | 25.30 |
| 2003-04 | 17427 | 3.67 | 7.58 | 17.90 |
| 2004-05 | 18048 | 3.78 | 7.62 | 21.90 |
| 2005-06 | 19528 | 4.18 | 6.62 | 22.02 |
| 2006-07 | 22077 | 4.09 | 9.29 | 21.95 |
| 2007-08 | 27259 | 5.41 | 8.33 | 22.34 |
| 2008-09 | 30903 | 5.49 | 7.85 | 23.08 |
| 2009-10 | 34568 | 6.04 | 7.88 | 24.95 |
| 2010-11 BE) | 39790 | 10.42 | 7.27 | 25.30 |

തികച്ചും വ്യത്യസ്തമായ ഒരു ധനനയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കിയത്. ധന യാഥാസ്ഥിതിക നയങ്ങൾക്കു പകരം സംസ്ഥാനത്തെ ക്ഷേമ വികസന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് കൈക്കൊണ്ടത്. ഇതിന്റെ പ്രതിഫലനം സർക്കാർ ചെലവുകളിൽ കാണാം. സർക്കാരിന്റെ മൊത്തം ചെലവ് 2005-06ൽ 19528 കോടി രൂപയായിരുന്നത് 2010-11 ബജറ്റ് എസ്റ്റിമേറ്റു പ്രകാരം ഏതാണ്ട് ഇരട്ടിയായി 39790 കോടി രൂപയായി ഉയർന്നു. 2000-01നും 2005-06നുമിടയ്ക്കു സർക്കാരിന്റെ മൊത്തം ചെലവ് 53 ശതമാനമേ ഉയർന്നുള്ളൂ. സർക്കാർ ചെലവിന്റെ ഗുണനിലവാരവും ഗണ്യമായി മെച്ചപ്പെട്ടുവെന്ന് പട്ടിക 7.2ൽ നിന്ന് മനസിലാക്കാം. ആദ്യത്തെ സൂചന മൂലധന അടങ്കലിൽ ഉണ്ടായ വർദ്ധനയാണ്. ഈ പതിറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ മൂലധന അടങ്കൽ മൊത്തം ചെലവിന്റെ 3.7 – 4.5 ശതമാനമായിരുന്നു. 2006-07 മുതൽ ഈ തോത് അനുക്രമമായി ഉയർന്ന് 2009-10ൽ 6.04 ശതമാനമായി. മാന്ദ്യവിരുദ്ധ പാക്കേജിന്റെ പ്രതീക്ഷിത ചെലവുകൾ കൂടി കണക്കിലെടുക്കുമ്പോൾ 2010-11ലെ മതിപ്പു കണക്ക് 10.42 ശതമാനമാകും. മൂലധനച്ചെലവിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധന ഭാവി വളർച്ചയെ സംബന്ധിച്ചടത്തോളം വളരെയേറെ പ്രതീക്ഷയ്ക്കിട നൽകുന്നതാണ്. സംസ്ഥാന ഫിനാൻസ് കമ്മിഷന്റെ തീർപ്പു പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പണം അനുവദിക്കുന്നത്. പദ്ധതിയേതര ഗ്രാന്റുകൾ കൂടി കണക്കിലെടുക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുള്ള വിഹിതത്തിലും 2006-07 മുതൽ വർദ്ധന കാണാനാകും. 2006-07 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് പദ്ധതിയേതര ഗ്രാന്റായിട്ടാണ് നൽകുന്നത്. അതുകൊണ്ട് സ്ഥിതിവിവര കണക്കുകളിൽ അത് പദ്ധതിച്ചെലവായി കണക്കാക്കാറില്ല. തന്മൂലം സംസ്ഥാന പദ്ധതി വിഹിതം കുറഞ്ഞു എന്നുവാദിക്കുന്ന ചിലരുണ്ട്. പട്ടികയിൽ കൊടുത്തിരിക്കുന്ന അവസാന കോളത്തിലെ കണക്ക് ഇതിലെ തെറ്റു വ്യക്തമാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന പദ്ധതിവിഹിതവും കൂടി കണക്കിലെടുത്താൽ മൊത്തം സർക്കാർ ചെലവിൽ പദ്ധതിവിഹിതം 2006-07 മുതൽ പൊതുവിൽ മുൻകാലത്തേക്കാൾ ഉയർന്നു നിൽക്കുന്നു എന്നു കാണാം.

പട്ടിക 7.3

**ധനമാനേജ്മെന്റ് സൂചികകൾ**

| | 2000-01 | 2001-02 | 2002-03 | 2003-04 | 2004-05 | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 BE |
|---|---|---|---|---|---|---|---|---|---|---|---|
| റവന്യൂകമ്മി | -4.33 | -3.34 | -4.74 | -3.81 | -3.33 | -2.49 | -1.82 | -2.28 | -1.96 | -2.34 | -1.48 |
| ധനകമ്മി | -5.34 | -4.20 | -5.74 | -5.73 | -4.04 | -3.33 | -2.64 | -3.68 | -3.34 | -3.67 | -3.49 |
| കടഭാരം | 39.92 | 34.59 | 35.74 | 38.73 | 37.98 | 36.57 | 34.39 | 33.44 | 33.33 | 33.07 | 32.02 |
| ഓവർ ഡ്രാഫ്റ്റ് ദിനങ്ങൾ | 213 | 222 | 196 | 177 | 161 | 61 | 61 | 47 | 0 | 0 | 0 |
| വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് ഇല്ലാത്ത ദിനങ്ങൾ | 2 | 6 | 6 | 33 | 11 | 122 | 138 | 152 | 276 | 347 | 365 (പ്രതീക്ഷ) |

സർക്കാരിന്റെ ചെലവ് ഇരട്ടിയായി ഉയർന്നെങ്കിലും റവന്യൂ കമ്മി താഴ്ത്തി നിർത്തുന്നതിൽ വിജയിച്ചു. 2000–01/2005–06 കാലയളവിൽ റവന്യൂ കമ്മി 4.7ലും 2.5നും ഇടയിലായിരുന്നു. എന്നാൽ 2006–07/2010–11ൽ റവന്യൂ കമ്മി 2.3 ശതമാനത്തിനും 1.5 ശതമാനത്തിനും ഇടയിലാണ്. ധനക്കമ്മിയിലും കുറവുണ്ടായി. 5.7 ശതമാനത്തിനും 3.3 ശതമാനത്തിനും ഇടയിലായിരുന്ന ധനക്കമ്മി സമീപകാലത്ത് 3.6 ശതമാനത്തിനും 2.6 ശത മാനത്തിനും ഇടയ്ക്കു താണു.

ധനമാനേജ്മെന്റിന്റെ മറ്റൊരു സൂചിക ഓവർഡ്രാഫ്റ്റ് എടുക്കേണ്ടി വരുന്ന ദിവസങ്ങളാണ്. ഏതെങ്കിലും ദിവസം ട്രഷറിയിലെ നീക്കിയിരിപ്പും വരവും ചെലവിനു തികയാതെ വന്നാൽ റിസർവ് ബാങ്കിൽ നിന്നു താൽക്കാലികമായി വായ്പയെടുക്കാം. ഇതിനെയാണ് വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് എന്നു പറയുന്നത്. 700 കോടി രൂപ വരെ ഇപ്രകാരം വായ്പ എടുക്കാം. ഇതുകവിഞ്ഞ് വായ്പ എടുക്കേണ്ടി വരുമ്പോഴാണ് ഓവർ ഡ്രാഫ്റ്റിലാകുന്നത്. 14 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ഓവർഡ്രാഫ്റ്റിൽ പോകാൻ പാടില്ല. അങ്ങനെയുണ്ടായാൽ റിസർവ് ബാങ്ക് ട്രഷറി അടച്ചിടും. അതിനാൽ ഓവർ ഡ്രാഫ്റ്റ് ആയിക്കഴിഞ്ഞാൽ സർക്കാർ ചെലവുകൾ കർശനമായി നിയന്ത്രിക്കും. വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലാകുമ്പോഴും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വരും. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏതാണ്ടെല്ലാ വെയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങളും വേണ്ടെന്നു വെച്ചിരിക്കുകയാണ്. പദ്ധതി പണത്തിന്റെ മേൽ ഒരു നിയന്ത്രണവും ഇല്ല. പദ്ധതിയേതര ചെലവിന്റെ കാര്യത്തിൽ നിശ്ചിത തുകയെക്കാൾ കൂടുതൽ വന്നാൽ ഫിനാൻസ് വകുപ്പിന്റെ ക്ലിയറൻസ് വേണം. പക്ഷേ, ഇതുവെറും ഔപചാരികമായ നടപടിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരിപക്ഷം ദിവസങ്ങളിലും ട്രഷറി ഓവർ ഡ്രാഫ്റ്റിലായിരുന്നു. എന്നാൽ ഇക്കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഒരു ദിവസം പോലും ട്രഷറി ഓവർഡ്രാഫ്റ്റിലായില്ല. നടപ്പുവർഷത്തിൽ ഒരു ദിവസം പോലും വെയ്സ് ആന്റ് മീൻസ് അഡ്വാൻസിലേയ്ക്കു പോലും പോകേണ്ടി വരില്ല എന്നാണു കരുതുന്നത്.

ഇത്തരത്തിൽ ധനസ്ഥിതി മെച്ചപ്പെട്ടതിനു കാരണം വായ്പ വലിയതോതിൽ എടുത്തതുകൊണ്ടാണ് എന്നൊരു ആരോപണമുണ്ട്. 2005–06ൽ 45929 കോടി ആയിരുന്ന കടം ഈ വർഷം അവസാനിക്കുമ്പോൾ 78327 കോടി രൂപയായി ഉയരും. കടഭാരം 70 ശതമാനം ഉയർന്നു. എന്നാൽ 2000–01നും 2005–06നും ഇടയിൽ കടഭാരം 23919 കോടി രൂപയിൽ നിന്ന് 45929 കോടി രൂപയായി ഉയർന്നു എന്നോർക്കണം. എന്നുവെച്ചാൽ കടഭാരം ഏതാണ്ട് ഇരട്ടിയായി. കടം പെരുകുന്നതിന്റെ വേഗത സമീപകാലത്തു ഗണ്യമായി കുറഞ്ഞു.

**പട്ടിക 7.4**
**സർക്കാരിന്റെ വരുമാന വർദ്ധന**

| | 2000–01 | 2001–02 | 2002–03 | 2003–04 | 2004–05 | 2005–06 | 2006–07 | 2007–08 | 2008–09 | 2009–10 | 2010–11BE |
|---|---|---|---|---|---|---|---|---|---|---|---|
| കേന്ദ്ര വിഹിതം (മൊത്തം റവന്യൂ വരുമാനത്തിന്റെ ശതമാനത്തിൽ) | 25.22 | 28.59 | 24.95 | 24.71 | 27.54 | 29.94 | 29.18 | 29.51 | 28.41 | 25.40 | 25.60 |
| സംസ്ഥാന നികുതി വരുമാനം (ആഭ്യന്തര വരുമാനത്തിന്റെ ശതമാനത്തിൽ) | 8.08 | 7.60 | 8.40 | 8.36 | 8.13 | 7.79 | 8.24 | 8.25 | 8.42 | 8.21 | 8.54 |
| സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം (ആഭ്യന്തര വരുമാനത്തിന്റെ ശതമാനത്തിൽ) | 8.99 | 8.30 | 9.18 | 9.20 | 8.87 | 8.53 | 8.88 | 8.98 | 9.24 | 9.08 | 9.48 |

സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതിന്റെ അടിസ്ഥാനകാരണം വരുമാനത്തിലുണ്ടായ വർദ്ധനയാണ്. ഇത് കേന്ദ്രസർക്കാരിന്റെ ധനസഹായം വർദ്ധിച്ചതുകൊണ്ടല്ല എന്ന് പട്ടിക 7.4ലെ കണക്കുകളിൽ നിന്നു വ്യക്തമാണ്. 2001–02/2005–06 കാലയളവിൽ കേന്ദ്രസർക്കാരിന്റെ സഹായം സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 25 – 29 ശതമാനം വരുമായിരുന്നു. എന്നാൽ 2006–07 മുതൽ ഇത് അനുക്രമമായി കുറഞ്ഞു വരുന്ന ഗതിയാണുളളത്. 2010–11ൽ പ്രതീക്ഷിത കേന്ദ്രസഹായം മൊത്തം റവന്യൂ വരുമാനത്തിന്റെ 25.6 ശതമാനമേ വരൂ.

അതേസമയം സംസ്ഥാന നികുതി വരുമാനം 2005–06ൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 7.79 ശതമാനമായിരുന്നത് ഇന്ന് 8.5 ശതമാനമായി ഉയർന്നിട്ടുണ്ട്. നികുതിയേതര വരുമാനം കൂടി കണക്കിലെടുക്കുമ്പോൾ ഈ തോത് 8.53 ശതമാനത്തിൽ നിന്ന് 9.48 ശതമാനമായി ഉയർന്നു. നികുതി ഭരണം ആകെ പുനസംഘടിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഇത്തരത്തിൽ വരുമാന വർദ്ധന നേടാൻ കഴിഞ്ഞത്. സർക്കാരിനു ലഭിക്കേണ്ട നികുതിയുടെ 40 ശതമാനത്തോളം ചോരുന്നു എന്നാണ് കണക്കാക്കുന്നത്. നികുതിവകുപ്പിലെ ഇന്നത്തെ സംവിധാനങ്ങൾ നികുതിച്ചോർച്ച തടയുന്നതിനു പര്യാപ്തമല്ല. നികുതിവെട്ടിപ്പു തടയുന്നതിനു ഡിപ്പാർട്ടുമെന്റു സ്വീകരിച്ചുവന്ന പ്രധാന മാർഗം കടകളിൽ മിന്നൽ പരിശോധന നടത്തുകയും കളളക്കണക്കുകൾ കണ്ടുപിടിക്കുകയുമാണ്. നികുതിവെട്ടിപ്പുകാർ സ്വാഭാവികമായും കൈക്കൂലി നൽകി രക്ഷപെടാൻ ശ്രമിക്കും. ഇത് അഴിമതിയുടെ ദൂഷിതവലയം സൃഷ്ടിച്ചു. സത്യസന്ധരായ വ്യാപാരികളും പീഡിപ്പിക്കപ്പെട്ടു. സർക്കാരിനു ലഭിക്കേണ്ട അധികവരുമാനത്തെക്കാൾ കൂടുതൽ അഴിമതിയിലൂടെ ചോരുന്ന അവസ്ഥയുണ്ടായി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് അനുവർത്തിച്ച ഇത്തരത്തിലുളള മൂന്നാംമുറകൾ വ്യാപാരികളുടെ സംഘടിതമായ ചെറുത്തുനിൽപ്പിലേക്കു നയിച്ചു. നികുതിവകുപ്പും വ്യാപാരീസമൂഹവും തമ്മിലുളള സംഘർഷത്തിന്റെ പശ്ചാത്തലം ഇതായിരുന്നു.

നികുതിപിരിവിലെ മൂന്നാംമുറകൾക്കു പകരം ശാസ്ത്രീയമായ രീതികൾ അവലംബിച്ചു കൊണ്ടേ നികുതിചോർച്ച തടയാൻ കഴിയൂ. ഇതിനു ആദ്യമായി വേണ്ടത് സമഗ്രമായ വിവരാടിത്തറയും ഓരോ വ്യാപാരിയും ആരിൽനിന്ന് എത്രമാത്രം ചരക്കുകൾ വാങ്ങുന്നു, ആർക്ക് എത്രമാത്രം ചരക്കുകൾ വിൽക്കുന്നു, എത്രമാത്രം സംസ്ഥാനത്തിനു പുറത്തുനിന്നോ പുറത്തേക്കോ ആണ്, വാങ്ങുകയും വിൽക്കുകയും ചെയ്ത ചരക്കുകളുടെ വിലയെന്ത്, സ്റ്റോക്കായി ബാക്കിയെത്രയുണ്ട് തുടങ്ങിയവ സംബന്ധിച്ചു കൃത്യമായ കണക്കുകൾ ഉണ്ടാകണം. ഇവയെല്ലാം കടലാസിൽ എഴുതി സമർപ്പിക്കുകയാണ് പതിവ്. ഈ രേഖകളിൽ ചെറിയൊരു ശതമാനം മാത്രമേ കായികമായി പരിശോധിച്ചു തീർക്കാൻ കഴിയാറുള്ളൂ.

സർക്കാർ സ്വീകരിച്ച ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം നികുതി റിട്ടേണുകൾ ഇ ഫയൽ ചെയ്യുന്നതു നിർബന്ധിതമാക്കുകയാണ്. ഏതാണ്ട് ഒരുവർഷമെടുത്തു, പുതിയ സംവിധാനം പ്രവർത്തന പഥത്തിലെത്താൻ. അതോടെ നികുതിയോഫീസിൽ വരാതെ നികുതിത്തുക ഇ പേമെന്റായി അടയ്ക്കുന്നതിനുളള സൗകര്യം ഏർപ്പെടുത്തി. അടുത്തപടിയായി സർക്കാരിൽനിന്നു വ്യാപാരികൾക്കു ലഭ്യമാകേണ്ട വിവിധങ്ങളായ ഫോറങ്ങൾ ഇന്റർനെറ്റുവഴി ഡൗൺലോഡു ചെയ്യാനുളള സൗകര്യവും ഏർപ്പെടുത്തി. ഇതൊക്കെയായി ബന്ധപ്പെട്ടു എല്ലാ ഓഫീസുകളിലും ഉണ്ടായിരുന്ന മാമൂലുകൾ അപ്രത്യക്ഷമാക്കി. പുതിയ സംവിധാനത്തെ കേരളത്തിലെ മുഴുവൻ വ്യാപാരികളും സ്വാഗതം ചെയ്തു.

അങ്ങനെ 2009 – 10ഓടു കൂടി വ്യാപാരവും നികുതിയും സംബന്ധിച്ചു സമഗ്രമായ വിവരാടിത്തറ രൂപപ്പെട്ടു. ഈ വിവരങ്ങൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിനുളള വിപുലമായ പരിശീലന പരിപാടികളും പൂർത്തിയായി. കഴിഞ്ഞ അധ്യായത്തിൽ കണ്ടതുപോലെ വാറ്റ് നികുതി സമ്പ്രദായത്തിൽ ചരക്കുകൾ വിൽക്കുമ്പോൾ വ്യാപാരിക്കു ലഭിക്കുന്ന നികുതിയിൽ നിന്നു ചരക്കുകൾ വാങ്ങിയപ്പോൾ വ്യാപാരി നൽകിയ നികുതി കുറച്ചശേഷം ശിഷ്ടം വരുന്നതേ സർക്കാരിലേക്ക് അടയ്ക്കേണ്ടതുളളൂ. തന്മൂലം നികുതി റിട്ടേണുകളിൽ വാങ്ങലും വിൽക്കലും

കൃത്യമായി നൽകിയിരിക്കും. ഒരുവ്യാപാരി വിൽക്കുന്നതു മറ്റേതെങ്കിലും വ്യാപാരിയുടെ വാങ്ങുന്ന ലിസ്റ്റിൽ ഉൾപ്പെട്ടേ പറ്റൂ. അതുപോലെ ഓരോ വാങ്ങലും മറ്റൊരാളിന്റെ വിൽപനയിലും ഉൾപ്പെട്ടേ പറ്റൂ. നികുതി വെട്ടിക്കുന്നതിനായി വാങ്ങുന്നതോ വിൽക്കുന്നതോ ഏതെങ്കിലും വ്യാപാരി കുറച്ചുകാണിച്ചാൽ അത് എളുപ്പത്തിൽ കണ്ടുപിടിക്കാനാവണം. നികുതി വെട്ടിക്കുന്നു എന്ന് പ്രഥമദൃഷ്ട്യാ ബോധ്യമുള്ളവരുടെ കടകൾ പരിശോധിച്ചു സ്റ്റോക്കിന്റെ കണക്കെടുത്താൽ മതിയാകും. അതുപോലെ ചെക്ക്പോസ്റ്റു വഴിയുള്ള ചരക്കുകടത്തും ഓൺലൈനായതോടുകൂടി ഇവയും വ്യാപാരികളുടെ റിട്ടേണും തമ്മിൽ താരതമ്യപ്പെടുത്താനാവും.

പൂർണമായും ശാസ്ത്രീയമായ പരിശോധനാരീതിയിലേക്കു മാറിക്കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ പരിശീലനംകൊണ്ടു മാത്രമാവില്ല, പ്രവൃത്തിപരിചയവും അത്യന്താപേക്ഷിതമാണ്. പക്ഷേ, ഇത്തരമൊരു പരിശോധന നടക്കുന്നു എന്നുള്ളതു തന്നെ നികുതി ചോർച്ച കുറയ്ക്കുന്നതിനു സഹായിച്ചിട്ടുണ്ട്. ഏറ്റവും ഉയർന്നതോതിൽ നികുതി വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്.

ഇന്ത്യയിൽ ഇത്തരത്തിൽ നികുതിവകുപ്പിൽ സമ്പൂർണ ഇ ഗവേണൻസ് നടപ്പാക്കിയ ഏക സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ മാതൃക ഇന്ന് മഹാരാഷ്ട്ര അടക്കമുള്ള പലസംസ്ഥാനങ്ങളും പകർത്തിക്കൊണ്ടിരിക്കുന്നു. കേരള നികുതിവകുപ്പിലെ ഇ ഗവേണൻസ് പരിഷ്കാരങ്ങൾക്കു പല ദേശീയ പുരസ്കാരങ്ങളും ലഭിച്ചു കഴിഞ്ഞു.

സ്റ്റാമ്പ് ഡ്യൂട്ടി മേഖലയിൽ ഭൂമിയ്ക്കു ന്യായവില നിശ്ചയിച്ചതും നിരക്കു കുറച്ചതും നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാക്കി. ഏറ്റവും വേഗതയിൽ വളരുന്ന നികുതിയിനം സ്റ്റാമ്പ് ഡ്യൂട്ടിയാണ്. എക്സൈസ് വരുമാനത്തിലും നല്ല വർദ്ധനയുണ്ടായിട്ടുണ്ട്.

നികുതി നികുതിയേതര വരുമാനങ്ങൾ തമ്മിലുള്ള അനുപാതം 12.1 ആണ്. ഇത് നികുതിയേതര വരുമാനം ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളിലേയ്ക്കു വിരൽ ചൂണ്ടുന്നു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സേവനങ്ങളുടെ യൂസർഫീ കുത്തനെ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. അതേസമയം പ്ലാന്റേഷൻ പാട്ടനിരക്ക് ഉയർത്തുക, പണ്ടുകാലത്ത് നികത്തിയ നിലങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള ഫീസ്, ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ തുടങ്ങി പല പുതിയ നികുതിയേതര വരുമാന മാർഗങ്ങളും തുറക്കുകയുണ്ടായി. എന്നാൽ അവയെല്ലാം ഫലവത്തായി തീർന്നു എന്നു പറയാനാവില്ല. എന്നാൽ ഇതുവരെയുള്ള അനുഭവം വലിയ സാധ്യതകളിലേയ്ക്കു വിരൽ ചൂണ്ടുന്നുണ്ട്. 2000 – 01നും 2005–06നും ഇടയ്ക്കു സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം 659 കോടി രൂപയിൽ നിന്ന് 936 കോടി രൂപയായി ഉയർന്നു. 42 ശതമാനം വർദ്ധന. എന്നാൽ 2010–11ലെ ബജറ്റിൽ പ്രതീക്ഷിക്കുന്നത് 2314 കോടി രൂപയാണ്. 150 ശതമാനത്തോളമാണ് വർദ്ധന. മണൽവിൽപന വേണ്ട രീതിയിൽ പുരോഗതിക്കാത്തത് ഈ ലക്ഷ്യം കൈവരിക്കുമോ എന്ന സംശയമുയർത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം നികുതിയേതര വരുമാനം 1852 കോടി രൂപയായിരുന്നു. 2005 –06നെ അപേക്ഷിച്ചു 100 ശതമാനം വർദ്ധന.

**കേരളം കടക്കെണിയിലോ?**

സംസ്ഥാനം ഒരു കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നാണ് കർക്കശമായ ധനഉത്തരവാദിത്ത നിയമത്തിനു വേണ്ടി വാദിക്കുന്നവരുടെ പ്രചരണം. 2010 – 11ൽ കേരളത്തിന്റെ കടഭാരം 78,328 കോടി രൂപയായിരിക്കുമെന്നാണ് മതിപ്പ്. പത്തുവർഷം മുമ്പ് കടഭാരം 23,919 കോടി രൂപയായിരുന്നു. കേരളത്തിലെ ഓരോ പൗരനും 24,600 രൂപ കടത്തിലാണ് ജനിക്കുന്നത്. റവന്യൂ വരുമാനത്തിന്റെ 19 ശതമാനം സർക്കാരെടുത്തിരിക്കുന്ന വായ്പകളുടെ പലിശയ്ക്കുവേണ്ടി ചെലവഴിക്കേണ്ടി വരുന്നു എന്നതാണ് കണ്ടുവരുന്നത്. ഇങ്ങനെ പോയാൽ വായ്പയെടുക്കുന്നത് പലിശയ്ക്കും മുതലിന്റെ തിരിച്ചടവിനും തികയാതെ വരും. ഇതിനെയാണ് കടക്കെണി എന്ന് പറയുന്നത്. അങ്ങോട്ടാണ്

കേരളം പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന ഭീതി ജനിപ്പിക്കാനാണ് ഇവർ ശ്രമിക്കുന്നത്.

ഈ വാദം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. 2000-01ൽ കേരളത്തിന്റെ ധനസ്ഥിതി ഒട്ടും അഭിലഷണീയമായ നിലയിലായിരുന്നില്ല. അതിനിടയാക്കിയ ആകസ്മിക കാരണങ്ങളെക്കുറിച്ച് സൂചിപ്പിച്ചു കഴിഞ്ഞു. എന്നാൽ സമീപകാലത്ത് സ്ഥിതിഗതികളിൽ ആശാവഹമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച ചില കണക്കുകളാണ് പട്ടിക 7.5ൽ കൊടുത്തിരിക്കുന്നത്.

പട്ടിക 7.5

കേരളത്തിന്റെ കടഭാര സൂചികകൾ 2006-07/2010 – 11

| സൂചകം | 2006-07 അക്കൗണ്ട് | 2007-08 അക്കൗണ്ട് | 2008-09 അക്കൗണ്ട് | 2009-10 പുതുക്കിയ കണക്ക് | 2010-11 മതിപ്പു കണക്ക് |
|---|---|---|---|---|---|
| കടം (കോടി രൂപ) | 49875 | 55410 | 63270 | 70017 | 78328 |
| റവന്യൂ കമ്മി (സംസ്ഥാന വരുമാനത്തിന്റെ ശതമാനം) | 1.82 | 2.28 | 1.96 | 1.90 | 1.48 |
| ധനക്കമ്മി (സംസ്ഥാന വരുമാനത്തിന്റെ ശതമാനം) | 2.64 | 3.68 | 3.34 | 3.12 | 3.49 |
| കടം (സംസ്ഥാന വരുമാനത്തിന്റെ ശതമാനം) | 35.01 | 33.44 | 33.33 | 32.63 | 32.02 |
| കടം (മൊത്ത റവന്യൂ വരുമാനത്തിന്റെ ശതമാനം) | 274 | 263 | 258 | 264 | 251 |
| പലിശ (മൊത്ത റവന്യൂ വരുമാനത്തിന്റെ ശതമാനം) | 23.04 | 20.51 | 19.01 | 19.61 | 18.56 |
| റവന്യൂ കമ്മി (മൊത്ത റവന്യൂ വരുമാനത്തിന്റെ ശതമാനം) | 14.50 | 17.93 | 15.14 | 15.39 | 11.64 |
| റവന്യൂ കമ്മി (ധനക്കമ്മിയുടെ ശതമാനമായി) | 69 | 62 | 58 | 61 | 43 |
| ശരാശരി പലിശനിരക്ക് | 8.8 | 8.23 | 7.85 | 7.81 | 7.80 |
| സംസ്ഥാന വരുമാന വളർച്ച | 14.5 | 14.0 | 14.55 | 13.03 | 14.00 |
| പലിശ നിരക്കും വരുമാനനിരക്കും തമ്മിലുള്ള അകലം | 5.74 | 5.77 | 6.70 | 5.23 | 6.19 |

സംസ്ഥാനത്തിന്റെ കടം ഏതാണ്ട് 50,000 കോടി രൂപയിൽ നിന്ന് 78,000 കോടി രൂപയായി 2006-07നും 2010-11നും ഇടയ്ക്ക് കൂടിയുണ്ട്. പക്ഷേ, തുകയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ കടഭാരത്തെ വിലയിരുത്തുന്നതിൽ അർത്ഥമില്ല. അമേരിക്കയുടെ കടഭാരം ഇന്ത്യയുടേതിന് എത്രയോ മടങ്ങു വരും. പക്ഷേ, അമേരിക്ക ഇന്ത്യയെക്കാൾ കടക്കെണിയിലാണെന്ന് ആരെങ്കിലും പറയുമോ? അമേരിക്കയുടെ സാമ്പത്തികശേഷി ഇന്ത്യയെക്കാൾ വലുതായതുകൊണ്ട് കൂടുതൽ കടഭാരം താങ്ങാനാവും. അതുപോലെ കേരളത്തിന്റെ കടഭാരം കൂടുന്നോ കുറയുന്നോ എന്ന് മനസിലാക്കാൻ ഒന്നുകിൽ സംസ്ഥാനത്തിന്റെ വരുമാനവുമായിട്ടോ അതല്ലെങ്കിൽ സർക്കാരിന്റെ റവന്യൂ വരുമാനവുമായിട്ടോ താരതമ്യപ്പെടുത്തണം. അങ്ങനെ നോക്കുമ്പോൾ കടഭാരം കൂടിക്കൊണ്ടിരിക്കുകയല്ല എന്ന് കാണാനാവും. 2006 -07ൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 35 ശതമാനമായിരുന്നു കടമെങ്കിൽ 2010 - 11ൽ ഇത് 32 ശതമാനമേ വരൂ. സർക്കാരിന്റെ റവന്യൂ വരുമാനവുമായി താരതമ്യപ്പെടുത്തിയാൽ ഇതേ കാലയളവിൽ കടഭാരസൂചിക 274ൽ നിന്ന് 251 ആയി കുറയുന്നു.

ധനക്കമ്മിയും റവന്യൂ കമ്മിയും 2006 – 07നെ അപേക്ഷിച്ച് 2007 - 08ൽ ഉയർന്നിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന്റെ ഭാരത്തിൽ ഗണ്യമായ ഭാഗം 2007 - 08ലാണ് കണക്കിൽ കൊള്ളിച്ചത്. അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. എന്നാൽ 2007 - 08നെ അപേക്ഷിച്ച് കമ്മി കുറഞ്ഞു വരാനുള്ള പ്രവണതയാണു പിന്നീടുള്ള വർഷങ്ങളിൽ കാണുന്നത്. സാമ്പത്തിക മാന്ദ്യമുണ്ടായിട്ടും ഈ നില കൈവരിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്.

വായ്പയ്ക്ക് നൽകേണ്ടി വരുന്ന പലിശച്ചെലവ് വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് നേരത്തെ സൂചിപ്പിച്ചു. ഈ പലിശ നൽകേണ്ടത് റവന്യൂ വരുമാനത്തിൽ നിന്നാണ്. റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വരും പലിശ ചെലവ് എന്നതാണ് പ്രസക്തമായ ചോദ്യം. പട്ടിക 7.5ൽ കാണാവുന്നതുപോലെ റവന്യൂ കമ്മിയും സർക്കാരിന്റെ റവന്യൂ വരുമാനവും തമ്മിലുള്ള തോത് 2007 - 08ൽ 18 ശതമാനമായിരുന്നത് 2010 - 11ൽ 12 ശതമാനമായി താണിരിക്കുകയാണ്.

ഒരു സർക്കാർ കടക്കെണിയിലേയ്ക്ക് നീങ്ങുകയാണോ എന്നത് വിലയിരുത്തുന്നതിന് ഹരോഡ് ഡോമർ എന്ന പ്രസിദ്ധ സാമ്പത്തിക വിദഗ്ധൻ ഒരു സൂത്രവാക്യത്തിന് രൂപം നൽകിയിട്ടുണ്ട്. സാർവത്രികമായി അംഗീകാരം നേടിയതാണ് ഈ സൂത്രവാക്യം. ഇതിന്റെ രത്നച്ചുരുക്കം താഴെ പറയും പ്രകാരം സംക്ഷേപിക്കാം.

സർക്കാരിന്റെ കടത്തിന്റെ ശരാശരി പലിശ നിരക്കിനെക്കാൾ ഉയർന്നതാണ് സംസ്ഥാന വരുമാനത്തിന്റെ വളർച്ച നിരക്കെങ്കിൽ കടം അപകടനിലയിലെത്തിയിട്ടില്ല. പട്ടിക 5.9ൽ കാണാവുന്നതു പോലെ കേരളത്തിൽ സർക്കാരിന്റെ ശരാശരി പലിശ നിരക്ക് 7.8 – 8.2 ശതമാനം വരെയാണ്. എന്നാൽ സംസ്ഥാന വരുമാനം 13.0 – 14.5 ശതമാനം വരെ വേഗതയിലാണ് വളരുന്നത്. ചുരുക്കത്തിൽ പലിശ നിരക്കിനെക്കാൾ 5.2 – 6.2 ശതമാന പോയിന്റ് സംസ്ഥാന വരുമാന വളർച്ച ഉയർന്നിരിക്കുന്നു. കേരളം കടക്കെണിയിലേയ്ക്കല്ല. കടക്കെണിയിലാണെന്നുള്ള പരിഭ്രാന്തി പടർത്തി യാഥാസ്ഥിതിക ധനനയം അടിച്ചേൽപ്പിക്കാനുള്ള പരിശ്രമമാണ് നടക്കുന്നത്.

**വികസനോന്മുഖ ധനനയം**

വരവും ചെലവും യാന്ത്രികമായി കണക്കൊപ്പിച്ചു പോകുന്ന യാഥാസ്ഥിതിക ധനനയത്തിന് പകരം വികസനോന്മുഖ ധനനയമാണ് വേണ്ടത്. അടിസ്ഥാനപരമായി വികസനോന്മുഖ ധനനയം വികസനച്ചെലവുകൾ ചുരുക്കാനല്ല, മറിച്ച് വരുമാനം വർദ്ധിപ്പിച്ച് കമ്മി നികത്താനാണ് ശ്രമിക്കുക. സാമൂഹ്യക്ഷേമരംഗത്തെ ചെലവുകൾ പുനരുൽപാദനപരമല്ല എന്ന കാഴ്ചപ്പാട് വികസനോന്മുഖ ധനനയം അംഗീകരിക്കുന്നില്ല. വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പോലെ തന്നെ വികസനത്തിന് സുപ്രധാനമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരാൻ ശ്രമിക്കുന്നതോടൊപ്പം ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി വായ്പ സമാഹരിക്കുന്നതിന് വികസനോന്മുഖ ധനനയം പരിശ്രമിക്കും.

എത്ര കടം വാങ്ങുന്നു എന്നതല്ല പ്രശ്നം. കടം എന്തിന് വേണ്ടി ഉപയോഗിക്കുന്നു എന്ന താണ് പരിഗണിക്കേണ്ടത്. ഒരു തൊഴിലാളി റേഷൻ വാങ്ങുന്നതിന് എല്ലാ ആഴ്ചയും വായ്പ യെടുത്താൽ അയാൾ കുത്തുപാളയെടുക്കും എന്നതിന് സംശയം വേണ്ട. എന്നാൽ ഒരു മുത ലാളി കമ്പനി വികസിപ്പിക്കുന്നതിന് എല്ലാ വർഷവും വായ്പയെടുത്താലും പ്രശ്നമുണ്ടാകേ ണ്ടതില്ല. അയാൾ വായ്പയെടുത്ത് കമ്പനി വിപു ലീകരിക്കുമ്പോൾ കൂടുതൽ ലാഭമുണ്ടാകും, കടം തിരിച്ചടയ്ക്കാനാവും. ഒരു സംസ്ഥാനത്തി ന്റെയോ രാജ്യത്തിന്റെയോ കാര്യത്തിലും ഈ തത്ത്വം സാധുവാണ്. വായ്പയെടുത്ത് റവന്യൂ ചെലവുകൾക്ക് പണം കണ്ടെത്താൻ പാടില്ല. ഒറ്റ യടിക്ക് സാധ്യമല്ലെങ്കിലും പടിപടിയായി ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കാം. എന്നാൽ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന തിന് രണ്ടു ശതമാനമെന്നോ മൂന്നു ശതമാന മെന്നോ യാന്ത്രികമായൊരു പരിധി കൽപ്പിക്കു ന്നതിന് ന്യായീകരണമില്ല. വികസന പ്രക്രിയയിൽ സർക്കാരിന്റെ സ്ഥാനം ചുരുക്കിക്കൊണ്ടു വരണ മെന്ന രാഷ്ട്രീയ കാഴ്ചപ്പാടിന്റെ ഭാഗമാണ് ധന ക്കമ്മിയ്ക്ക് പരിധി കൽപ്പിക്കുന്ന നിയമം. എത്ര വായ്പയെടുക്കണം എന്നത് ഭൗതിക പശ്ചാത്തല നിക്ഷേപം എത്രമാത്രം ഉൽപാദനപരമാണ്, ഇതിന് എത്ര തുക വായ്പയായി വേണം, എത്ര മാത്രം ഫലപ്രദമായി ചെലവഴിക്കാൻ കഴിയും എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

കേരളത്തിന്റെ സ്ഥിതി മേൽപ്പറഞ്ഞപോലെ യല്ല, വായ്പയുടെ സിംഹപങ്കും റവന്യൂ ചെല വുകൾക്കാണ്. ഈ നിലയിൽ മുന്നോട്ടു പോകു ന്നത് നിരുത്തരവാദപരമാണ് എന്നാണ് ചിലർ ചൂണ്ടിക്കാട്ടുന്നത്. കേരളത്തിൽ ധനക്കമ്മിയുടെ 80 ശതമാനം റവന്യൂ ചെലവുകൾക്കായിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. 2006 – 07 ആയ പ്പോഴേയ്ക്കും ഇത് 69 ശതമാനമായി താണു. 2010 – 11ൽ ഇത് 43 ശതമാനമായി താഴുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് ശുഭോദർക്കമാണ്.

പക്ഷേ, സംസ്ഥാന സർക്കാരുകൾക്ക് ഇഷ്ടംപോലെ വായ്പയെടുക്കാൻ അവകാശ മില്ല. കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വേണം. ഇതെത്രയെന്ന് വാർഷിക പദ്ധതി അംഗീ കരിക്കുമ്പോൾ നിജപ്പെടുത്തിയിരിക്കും. അപ്പോൾ പിന്നെ കൂടുതൽ വായ്പയെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാമെന്നത് വ്യാമോഹം മാത്രമാണോ? മൂന്നു കാര്യങ്ങളാണ് ഈ സാഹചര്യത്തിൽ ചെയ്യാൻ കഴിയുക.

ഒന്ന്) കേന്ദ്രസർക്കാർ അംഗീകരിക്കുന്ന വാർഷിക വായ്പ തുകയിൽ വിദേശ വായ്പകൾ, പ്രൊജക്ടുകളെ അടിസ്ഥാനമാക്കിയുള്ള വായ്പ കൾ എന്നിവ പരമാവധി കുറയ്ക്കാൻ ശ്രമിക്ക ണം. കാരണം ഇങ്ങനെയുള്ള വായ്പകൾ ചെല വഴിക്കാൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ ഒരു ദശാബ്ദ ക്കാലത്തെ അനുഭവമെടുത്താൽ ഇത്തരം വായ്പ കൾ അനുവദിക്കപ്പെട്ടതിന്റെ പകുതിയേ ചെലവ ഴിച്ചിട്ടുള്ളൂ. പട്ടിക 5.8ൽ കാണുന്നതുപോലെ 2010 – 11ൽ കേരളത്തിന് അനുവദിച്ചിട്ടുള്ള വായ്പയിൽ 80 ശതമാനത്തിലേറെ കമ്പോള വായ്പകളാണ്.

രണ്ട്) പബ്ലിക് അക്കൗണ്ടിനെ കൂടുതൽ ഫല പ്രദമായി പ്രയോജനപ്പെടുത്തണം. കേരളത്തിൽ ഇന്ന് ഏതാണ്ട് ഒന്നരലക്ഷം കോടി രൂപ ബാങ്ക് ഡെപ്പോസിറ്റുകളായുണ്ട്. ഇതിന്റെ ഒരു ചെറിയ ശതമാനം ട്രഷറിയിൽ സ്ഥിരം ഡെപ്പോസിറ്റുക ളായി വന്നാൽ ഇന്നത്തെക്കാൾ എത്രയോ കൂടു തൽ തുക പശ്ചാത്തല സൗകര്യങ്ങൾക്കായി മുതൽ മുടക്കാൻ കഴിയും. മാന്ദ്യവിരുദ്ധ പാക്കേജ് എന്ന നിലയിൽ 5000 കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകിയതിന് വേണ്ടി വരുന്ന മൂലധനത്തിന്റെ ചെലവിൽ ഗണ്യ മായ ഒരു ഭാഗം ഇപ്രകാരം ട്രഷറി ഡെപ്പോസി റ്റുകളായി ലഭിക്കുമെന്നാണ് കരുതുന്നത്. ബജ റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും വിവിധ പ്രദേ ശത്തെ ജനങ്ങൾ അവർക്ക് അത്യന്താപേക്ഷിത മായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നി വയ്ക്ക് വേണ്ടി വരുന്ന തുക ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നൽകിയാൽ അവ ഇപ്പോൾ അനുവദിച്ചു നൽകുന്നുണ്ട്. പക്ഷേ, ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടുന്ന ഒരു കാര്യം റവന്യൂ കമ്മി പടിപടിയായി കുറച്ച് ഇല്ലാ താക്കേണ്ടതിന്റെ പ്രാധാന്യമാണ്. പബ്ലിക് അക്കൗ ണ്ടിൽ നിന്നുള്ള പണം ഒരുകാരണവശാലും റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കപ്പെടില്ല എന്നുറപ്പു വരുത്തണം.

മൂന്ന്) സംസ്ഥാന സർക്കാരിന് നേരിട്ട് വായ്പയെടുക്കാൻ കഴിയില്ലെങ്കിലും അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വായ്പയെടുത്ത് നാട്ടിൽ അത്യന്താപേക്ഷിതമായ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇഎംഎസ് പാർപ്പിട പദ്ധതി. മൂവായിരം കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്താണ് നാലുലക്ഷത്തിൽ പരം വീടുകൾ നിർമ്മിച്ചു നൽകുന്നത്. അവർക്ക് അടുത്ത പത്തുവർഷം ലഭിക്കുന്ന സർക്കാർ ധനസഹായത്തിൽ നിന്ന് ഒരു ഭാഗം കടം തിരിച്ചടയ്ക്കുന്നതിനായി അവർ വിനിയോഗിക്കും. ഇഎംഎസ് പാർപ്പിട പദ്ധതിയില്ലായിരുന്നെങ്കിൽ പാർപ്പിട പ്രോജക്ടുകൾക്കായി നീക്കിവെയ്ക്കുമായിരുന്ന തുക മതിയാകും തിരിച്ചടവിന്. പക്ഷേ, പാവങ്ങൾക്ക് വീടു കിട്ടുന്നതിന് പത്തുവർഷം കാത്തിരിക്കാതെ ഇപ്പോൾ തന്നെ ലഭ്യമാകും. കിൻഫ്ര, ഐടി ഇൻഫ്രാസ്ട്രക്ചർ കമ്പനി, കെഎസ്ഐഡിസി, കെഎഫ്സി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നു തുടങ്ങിയവയെല്ലാം ഇത്തരത്തിൽ വലിയ തോതിൽ വായ്പയെടുത്ത് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നയം സ്വീകരിച്ചു വരികയാണ്. ഈ ധർമ്മം നിറവേറ്റുന്നതിന് ഈ സ്ഥാപനങ്ങളെ ധനപരമായി പ്രാപ്തരാക്കുന്നതിന് ആവശ്യമായ പിന്തുണ സർക്കാർ നൽകും.

മേൽപറഞ്ഞ മൂലധന വരുമാന ചെലവ് നയം വിജയിക്കണമെങ്കിൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരിക തന്നെ ചെയ്യണം. ഇതിന് റവന്യൂ വരുമാനം കൂട്ടണം. നികുതി കാര്യക്ഷമമായി പിരിക്കുന്നത് ജനകീയ ധനനയത്തിന്റെ ഭാഗമാണ്. ഇതിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള ജനപ്രിയ വാദങ്ങൾ സംസ്ഥാന സർക്കാരിനെ ധനപ്രതിസന്ധിയിലേയ്ക്കും വികസന ലക്ഷ്യങ്ങളെ അട്ടിമറിക്കുന്നതിലേയ്ക്കും നയിക്കും. എന്നാൽ ക്ഷേമ –വികസനച്ചെലവുകൾ ചുരുക്കിക്കൊണ്ടല്ല, മറിച്ചു വരുമാനം വർദ്ധിപ്പിച്ചാണ് റവന്യു കമ്മി കുറക്കേണ്ടത്. ഇതാണ് കേരളം ഇന്നു സ്വീകരിക്കുന്ന ധനനയം.

# അധ്യായം
# 8

# സഹകരണ സംരംഭകത്വം

# സഹകരണ സംരംഭകത്വം

കേരളത്തിലെ സഹകരണ ധനകാര്യ – ധന ഇതര സംരംഭങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിച്ചുകൊണ്ടാണ് രണ്ടാം കേരള പഠന കോൺഗ്രസ് സമാപിച്ചത്. വായ്പ, വിപണനം, ഉപഭോക്തൃ രംഗം, പാർപ്പിടം പട്ടികജാതി-പട്ടികവർഗവികസനം, വനിതാ വികസനം തുടങ്ങിയവയ്ക്കു പുറമെ തൊഴിൽ, ഗതാഗതം, നിർമാണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ഒട്ടേറെ മേഖലകളിലേക്ക് കേരളത്തിലെ സഹകരണ പ്രസ്ഥാനം വിപുലപ്പെട്ടിരിക്കുന്നു. ജനകീയ-സാമൂഹ്യ ചരിത്ര പശ്ചാത്തലത്തോട് ചേർത്തുവച്ചു വേണം കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തെ നിരീക്ഷിക്കേണ്ടത്.

എന്നാൽ നാളിതുവരെ സംസ്ഥാന തലവിഷയമായി തുടർന്നു വന്ന സഹകരണ സംരംഭകത്വമേഖലയെ റിസർച്ച് ബാങ്ക് നിയന്ത്രണവും കേന്ദ്രനിയമനിർമാണവും ഉൾപ്പെടെ ബാധകമാക്കി വരുതിയിലാക്കാനുള്ള ശ്രമവും കേന്ദ്രതലത്തിൽ ശക്തമാകുകയാണിന്ന്. സമാന്തര – സ്വാശ്രയ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയത്തിനും പ്രചാരമേറുന്നു. സൂക്ഷ്മ സമ്പാദ്യ -സംരംഭകരംഗത്തെയും കേന്ദ്രനിയമത്തിൻ കീഴിലാക്കി അംഗീകൃത സമാന്തരസംവിധാനത്തിന് കൈയ്യേല്പിക്കും വിധം നിയമ-ചട്ടങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. കടാശ്വാസനടപടി നയം നടപ്പാക്കുക തുടങ്ങിയവയിലൂടെ ഉണ്ടാകുന്ന അധികബാധ്യതയുടെ പ്രശ്നവും അവലോകന വിധേയമാകണം. സഹകരണ വിശ്വാസ്യതയും സഹവർതിത്വവും ആശ്രയിച്ചുള്ള വിഭവശേഷി മേഖലയായി ഈ രംഗം പുനഃസംഘടിപ്പിക്കപ്പെടുകയാവണം ചർച്ചാ ഘടകം.

ജീവനക്കാരുടെ നിയമനം, നിയോഗം, ക്ഷമത, പരിശീലനം, അവലോകനം, എന്നിവയും സംഘങ്ങളുടെയും ജീവനക്കാരുടെയും നഷ്ടോത്തരവാദിത്വം സംബന്ധിച്ചും കൂടുതൽ നയനടപടികൾ അനിവാര്യമാണ്. സംസ്ഥാന സഹകരണ ബാങ്ക് ഉൾപ്പെടെ അപ്പെക്സ് സ്ഥാപനങ്ങളുടെയും സമാനസ്വഭാവം കൈയ്യാളുന്ന സഹകരണ ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ സമഗ്രപുനഃസംഘടനയും ഉദ്ഗ്രഥനവും പരിശോധനാവിധേയമാക്കേണ്ടതുണ്ട്. സംഘം പ്രവർത്തനങ്ങൾക്കുമേൽ സാമൂഹ്യ-നിർവ്വഹണങ്ങളുടെ അവലോകനവും ഓഡിറ്റ് കമ്മീഷൻ പ്രവർത്തനവും സഹകരണ ഓംബുഡ്സ്മാൻ രൂപീകരണവും ക്രിയാത്മക പരിഗണനയ്ക്ക് വിധേയമാകേണ്ടതുണ്ട്.

**സഹകരണ മേഖലയും കാർഷിക-ഗ്രാമപുരോഗതിയും**

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ വായ്പ വിതരണം, വിപണനം, ഉപഭോക്തൃ സാധനങ്ങളുടെ പൊതുവിതരണം, ഭവന നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗവികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി ഉദ്ദേശം 13500 സഹകരണ സംഘങ്ങളും ക്ഷീരം, ഫിഷറീസ്, കൃഷി, വ്യവസായം, കയർ, കൈത്തറി

തുടങ്ങിയ ഡയറക്ടറേറ്റിൻ കീഴിൽ 9500 സംഘങ്ങളും ഉൾപ്പെടെ 23000 ൽ പരം സഹകരണ സംഘങ്ങളാണ് കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക-ഗ്രാമീണ പുരോഗതിക്കും ഗ്രാമീണ ജനതയുടെ ഉപജീവനത്തിനും ഊന്നൽ നല്കികൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹിക, സാംസ്കാരിക വികസന പ്രക്രിയയിൽ ഇവ വ്യാപൃതമാണ്. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെയും സാധാരണക്കാരെയും ചൂഷിതരെയും സഹായിക്കുന്നതിനും .പിൻതുണയ്ക്കുന്നതിനുമുള്ള സാമൂഹിക സ്ഥാപനങ്ങളായിട്ടാണ് സഹകരണസംഘങ്ങൾ ആരംഭിച്ചതും വികസിച്ചതും. സാമ്പത്തിക ശാക്തീകരണത്തിനുള്ള സഹകരണസ്ഥാപനങ്ങളായിരുന്നു ആരംഭകാലഘട്ടത്തിൽ രൂപീകൃതമായതെങ്കിൽ സാമൂഹിക ശാക്തീകരണത്തിനും മുഖ്യധാരാവൽക്കരണത്തിനുമുള്ള സംഘങ്ങളാണ് തുടർന്ന് രൂപീകരിക്കപ്പെട്ടത്. ജനകീയ സ്വഭാവമുള്ള പൊതു സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. അതുകൊണ്ടു തന്നെ വികസന പ്രവർത്തനങ്ങളിൽ അവയ്ക്ക് മുഖ്യ പങ്ക് വഹിക്കാനുമുണ്ട്. ഇങ്ങനെയുള്ള കാഴ്ചപ്പാട് മുൻകാല സഹകാരികൾക്ക് ഉണ്ടായിരുന്നതുകൊണ്ടാവാം ആദ്യകാല സഹകരണ സംഘങ്ങൾ സർക്കാരിന്റെ താത്പര്യത്തിലും നേതൃത്വത്തിലും രൂപീകരിക്കപ്പെട്ടത്. എന്നാൽ പിൽക്കാലത്ത് രൂപീകരിച്ച സംഘങ്ങൾ പ്രത്യേകിച്ചും വ്യാവസായിക മേഖലയിലെ സംഘങ്ങൾ ഭൂരിഭാഗവും ചൂഷണത്തിനെതിരെ തൊഴിലാളികളുടെ കൂട്ടായ്മയിലൂടെ സ്വമേധയാ രൂപീകൃതമായവയാണ്. പക്ഷെ സർക്കാരിന്റെ നിയന്ത്രണങ്ങൾ എല്ലാ വിഭാഗം സഹകരണ സംഘങ്ങളിലും ആരംഭകാലം മുതൽ ശക്തമായിത്തന്നെ നിലനില്ക്കുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടുതന്നെയാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ അലയടികൾ നിക്ഷേപ സമാഹരണത്തെയോ വായ്പാതിരിച്ചടവിനെയോ അല്പം പോലും ബാധിക്കാതിരുന്നത്. മാത്രവുമല്ല സംസ്ഥാനത്തെ നിക്ഷേപ സമാഹരണത്തിനും വായ്പാതിരിച്ചടവിനും സഹകരണ ബാങ്കിങ് മേഖലയ്ക്ക് കഴിയുകയും ചെയ്തു.

സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സർക്കാർ സഹായവും നിയന്ത്രണങ്ങളും ഇല്ലാത്ത സംഘങ്ങൾ രൂപീകരിക്കുന്നതിനു വേണ്ടി പാസാക്കിയ സ്വാശ്രയ സഹകരണ നിയമവും, സേവനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നല്കി പ്രവർത്തിക്കുന്ന സഹകരണവായ്പ സ്ഥാപനങ്ങളുടെ ആദായത്തിന് സേവന നികുതിയും ആദായ നികുതിയും ബാധകമാക്കിക്കൊണ്ടുള്ള കേന്ദ്ര നിയമനിർമ്മാണവും, നിയമഭേദഗതികളും 111-ാം ഭരണഘടാഭേദഗതി നിർദ്ദേശങ്ങളും മറ്റും സ്വാതന്ത്ര്യ പ്രാപ്തികാലം മുതൽ സഹകരണ മേഖലയ്ക്ക് നല്കിയിരുന്ന മുൻഗണനയും, ആനുകൂല്യവും സംരക്ഷണ കവചവും നഷ്ടപ്പെടുത്തുന്നതാണ്. ഉപരിയായി ഗ്രാമപ്രദേശങ്ങളിൽ സ്വകാര്യമേഖലാ ബാങ്കുകൾക്ക് യഥേഷ്ടം കടന്നു ചെല്ലുന്നതിനും ഗ്രാമീണ സമ്പാദ്യങ്ങൾ നിക്ഷേപമാക്കി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുസഹായകമായ സാഹചര്യവും ഉണ്ടാകുന്നതാണ്.

**പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ**

രാജ്യത്തെ 95633 പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ 1608 സംഘങ്ങളെ കേരളത്തിൽ ഉള്ളൂ. എന്നാൽ അവയുടെ മൊത്തം നിക്ഷേപം 32802 കോടി രൂപയിൽ 20432 കോടി രൂപയും കേരളത്തിലെ പ്രാഥമിക സംഘങ്ങൾ സമാഹരിച്ചതായിരുന്നു. അതായത് 31.03.2009 ന് രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ 1.68 ശതമാനം മാത്രമുള്ള സംസ്ഥാനത്തെ സംഘങ്ങൾ ആണ് മൊത്തം നിക്ഷേപത്തിന്റെ 62.3 ശതമാനം സമാഹരിച്ചത്. അഖിലേന്ത്യാതലത്തിൽ ഒരു സംഘത്തിന്റെ ശരാശരി നിക്ഷേപം 34.3 ലക്ഷം രൂപയും ശരാശരി പ്രവർത്തന മൂലധനം 99 ലക്ഷം രൂപയും ശരാശരി നിൽപു വായ്പകൾ 67 ലക്ഷം രൂപയുമായിരുന്നു 2009 ൽ ഉണ്ടായിരുന്നതെങ്കിൽ കേരളത്തിലെ പ്രാഥമിക സംഘങ്ങളുടെ ശരാശരി നിക്ഷേപം 1271 ലക്ഷം രൂപയും പ്രവർത്തനമൂലധനം 1712 ലക്ഷം രൂപയും നിലവിലുള്ള വായ്പകൾ 1231 ലക്ഷം രൂപയും ആയിരുന്നു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. പ്രാഥമിക സംഘങ്ങളിലെ ശരാശരി അംഗങ്ങൾ നിക്ഷേപം പ്രവർത്തനമൂലധനം, നിലവിലുള്ള വായ്പകൾ,

ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ നില വാരം, കുടിശിക നിലവാരം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യ പഠനം നടത്തുമ്പോൾ കേരളത്തിലെ സംഘങ്ങൾ ദേശീയ ശരാശരിയേക്കാൾ വളരെയേറെ മുന്നി ലാണെന്ന് കാണുവാൻ കഴിയും. ഡിപ്പോസിറ്റ് ഗാരന്റി സ്കീം, റിസ്ക് ഫണ്ട്, ഗഹാൻ സമ്പ്രദാ യം, കമ്പ്യൂട്ടർ വൽക്കരണം തുടങ്ങി കേരള ത്തിലെ സവിശേഷതകൾ നിരവധിയാണ്.

കേരളത്തിലെ സഹകരണ വായ്പ മേഖല പ്രതിവർഷം 5000 കോടി രൂപ ഹ്യസ്വകാല കാർഷിക വായ്പയായി നല്കുവാൻ തയ്യാറാണ്. പക്ഷേ വായ്പ സംഘങ്ങളുടെ ആഭ്യന്തര കാര ണങ്ങളാലും നഷ്ടസാധ്യത ശുഷ്കമായ മാർജിൻ തുടങ്ങിയ സങ്കീർണ്ണപ്രശ്നങ്ങൾ കൊണ്ടും ലക്ഷ്യമിട്ടുള്ള 5000 കോടി രൂപ വായ്പയായി നല്കുവാൻ കഴിയുന്നില്ല. സംസ്ഥാനത്ത് ദാരിദ്ര നിർമാർജ്ജന മിഷൻ കുടുംബശ്രീയിലൂടെ നട പ്പിലാക്കികൊണ്ടിരിക്കുന്ന ഹരിതശ്രീ സ്ത്രീ ശാക്തീകരണത്തിനും കാർഷിക ഉല്പാദന വർദ്ധ നവിനും വളരെ സഹായകമായിട്ടുള്ളതാണ്. കുടുംബശ്രീ യൂണിറ്റുകളും സ്വാശ്രയ ഗ്രൂപ്പുകളും സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂടു തലായി രൂപീകരിക്കുകയും കാർഷിക ഉല്പാദന മേഖലയിൽ ഇവയുടെ സജീവ പങ്കാളിത്തവും പാട്ട കൃഷിക്കായി കൂടുതൽ ഭൂമിയും സാമ്പത്തി ക-സാങ്കേതിക സഹായകവും ലഭ്യമാക്കി കൊണ്ടും കാർഷിക മേഖലയോടുള്ള സഹക രണ പ്രസ്ഥാനത്തിന്റെ പ്രതിബദ്ധത പ്രകടിപ്പി ക്കേണ്ടതാണ്. എഴുപതിനായിരത്തോളം ഏക്ക റിൽ കുടുംബശ്രീ യൂണിറ്റുകൾ നെൽകൃഷിയും വാഴ, മരിച്ചീനി, പച്ചക്കറി തുടങ്ങിയ മിക്കവാറും എല്ലാ ഹ്യസ്വകാല വിളകളും കുടുംബശ്രീയുടെ "സംഘകൃഷി" എന്ന പരിപാടിയിലൂടെ സംസ്ഥാ നത്ത് ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട്.

നിലവിലുണ്ടായിരുന്ന ഭവന പദ്ധതികൾ കൊണ്ട് സ്വന്തമായി വീട് ഇല്ലാത്ത കുടുംബ ങ്ങൾക്ക് എല്ലാം വീട് എന്ന ലക്ഷ്യം സമീപഭാവി യിൽ എങ്ങും കൈവരിക്കുവാൻ കഴിയില്ല എന്ന തിരിച്ചറിവിൽ നിന്നുമാണ് ഇ.എം.എസ്. ഭവന പദ്ധതിക്ക് രൂപം നല്കിയിരിക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് ഇ.എം.എസ്. ഭവന പദ്ധതിയി ലൂടെ സഹകരണ ബാങ്കുകൾ വഴി 4000 കോടി രൂപ വായ്പ വിതരണം ചെയ്യുന്നതിനുള്ള സംവി ധാനം നിലവിൽ വന്ന് കഴിഞ്ഞു. കണ്ണൂർ വിമാന ത്താവളത്തിന് ആവശ്യമായ മൂലധനം സമാഹ രിക്കുന്നതിനുള്ള ശ്രമത്തിൽ സഹകരണമേഖല യുടെ പങ്കാളിത്തവും ഉണ്ടായിട്ടുണ്ട്. കേരള ത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്ന തിനും വിഴിഞ്ഞം തുറമുഖം പോലുള്ള വൻ പദ്ധ തികൾക്ക് ധനസഹായം നല്കുന്നതിനുമുള്ള സാമ്പത്തിക ശേഷി ഇന്ന് കേരളത്തിലെ സഹ കരണവായ്പ മേഖലയ്ക്ക് ഉണ്ട്.

സഹകരണ മേഖലയിലൂടെ ദേശീയ ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും കേരളത്തിന് ലഭി ക്കുന്ന വായ്പ സഹായങ്ങൾ വർദ്ധിപ്പിക്കുവാൻ ശ്രമം ഉണ്ടാകണം. നബാർഡിൽ നിന്നും കേരള ത്തിലെ കാർഷിക മേഖലയ്ക്ക് ലഭിച്ചുകൊണ്ടി രുന്ന പുനർ വായ്പ സഹായം കഴിഞ്ഞ 2 വർഷ മായി ലഭിക്കുന്നില്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം, ഉയർന്ന നിലവാര ത്തിലുള്ള നിഷ്ക്രിയ വായ്പ, മൂലധന പര്യാപ്തത ഇല്ലായ്മ തുടങ്ങിയ കാരണങ്ങളാ ലാണ് സഹായം നിഷേധിക്കപ്പെട്ടത്. കാർഷിക മേഖലയ്ക്ക് വായ്പ സഹായം സംസ്ഥാന സഹ കരണ ബാങ്കിന്റെ അയോഗ്യത കാരണങ്ങളാൽ നിഷേധിക്കപ്പെടുന്നത് നീതികരിക്കാവുന്നതല്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ ബലഹീനത കൾ പരിഹരിച്ച് കൊണ്ട് പരമാവധി ധനസഹായം സംസ്ഥാനത്തെ സഹകണ മേഖലയ്ക്ക് ലഭ്യമാ ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്.

സഹകരണ മേഖലയിലൂടെ സമാഹരിക്കുന്ന നിക്ഷേപം നമ്മുടെ കാർഷിക-ഉല്പാദന-സേവന മേഖലകളിലൂടെ കേരളത്തിൽ തന്നെ ഉപയോ ഗിക്കുന്നു എന്നതാണ് വാണിജ്യബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ ബാങ്കിങ് മേഖലയുടെ സവിശേഷത. ആഗോളീകരണ നയ ങ്ങളിലൂടെ കാർഷിക മേഖലയിൽ ഉളവായ ഘട നാപരമായ മാറ്റങ്ങളും തിരിച്ചടികളും തരണം ചെയ്യുവാൻ ശ്രദ്ധേയമായ ഇടപെടൽ സഹകരണ മേഖല നടത്തുകയുണ്ടായി. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടം എഴുതിത്തള്ളി ഹ്യസ്വകാല കാർഷിക വായ്പ

കൾ ദീർഘകാല വായ്പകളാക്കി മാറ്റി, നബാർഡ് പുനർവായ്പ സഹായം നിഷേധിച്ചിട്ടും സഹകരണ ബാങ്കുകളുടെ നിക്ഷേപം ഉപയോഗിച്ചു കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പകൾ നല്കി, നെൽകൃഷിക്ക് പലിശ രഹിത വായ്പയും പച്ചക്കറി കൃഷിക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയും ലഭ്യമാക്കി വായ്പയുടെ പലിശ തുക മുതലിനേക്കാൾ കൂടാൻ പാടില്ലെന്ന് ഉത്തരവ് നടപ്പിലാക്കി ഒറ്റത്തവണ തീർപ്പാക്കലിലൂടെ പിഴ പലിശ ബാധ്യത കുടിശ്ശിക വായ്പക്കാർക്ക് ഒഴിവാക്കിക്കൊടുത്തു. കൃഷി വായ്പ നല്കാത്ത പ്രാഥമിക സംഘങ്ങൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് കൂടുതൽ കൃഷി വായ്പ നൽകുവാൻ സംഘങ്ങളെ പ്രേരിപ്പിച്ചു. സമയബന്ധിതമായി കൊയ്ത്തു നടത്തുന്നതിനും മെതിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, നെല്ലുല്പാദക സമിതികൾ, പാടശേഖര സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയ്ക്ക് കൊയ്ത്ത്, മെതി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള വായ്പ സഹായം സഹകരണ മേഖല ലഭ്യമാക്കി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും നല്കാത്ത താങ്ങുവില നല്കി കർഷകരിൽ നിന്നും നെല്ലും, തേങ്ങയും സംഭരിച്ചു. ഇങ്ങനെ നിരവധി നടപടികൾ കാർഷിക ഉല്പാദന വർദ്ധനവിനും, കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, കൃഷി ആകർഷകമാക്കുന്നതിനും സഹകരണമേഖല കൈക്കൊള്ളുകയുണ്ടായി.

**സഹകരണവും തദ്ദേശ ഭരണവും**

സഹകരണ മേഖലയും തദ്ദേശ ഭരണസ്ഥാപനങ്ങളും ആയി യോജിച്ചുള്ള പ്രവർത്തനം കാർഷിക ഗ്രാമപുരോഗതിക്ക് വളരെ സഹായകമാകും. കേരളത്തിൽ ശക്തമായ ജനകീയ അടിത്തറയുള്ള രണ്ടു പ്രസ്ഥാനങ്ങളാണ് സഹകരണ പ്രസ്ഥാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും. ഗ്രാമീണ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിൽ വ്യാപൃതമായിട്ടുള്ള സ്ഥാപനങ്ങളാണല്ലോ ഇവ രണ്ടും. പ്രദേശിക വികസനത്തിന് അത്യാവശ്യം വേണ്ടത് മൂലധനമാണ്. അതു വേണ്ടത്ര നല്കുവാൻ സഹകരണ മേഖല പ്രാപ്തവുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് നേരിട്ടു വായ്പ നല്കുവാൻ സഹകരണ വായ്പ മേഖലയ്ക്ക് കഴിയും. വാണിജ്യപരമായി വിജയ സാധ്യതയുള്ള പ്രോജക്റ്റുകൾക്കും വായ്പകൾ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം തന്നെ പ്രാദേശിക പദ്ധതികൾ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം തന്നെ പ്രാദേശിക പദ്ധതികളുടെ ഗുണഭോക്താക്കൾക്കും പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് വായ്പകൾ നല്കാം. ശേഷിയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രോജക്റ്റുകൾ സ്വയം ഏറ്റെടുത്തു നടത്താം. ഇങ്ങനെ തദ്ദേശ സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് പ്രവർത്തിക്കാവുന്ന നിരവധി അവസരങ്ങൾ സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതാണ്. ഓരോ പ്രദേശത്തിന്റെ വികസന ആവശ്യം നിർണ്ണയിച്ച് സഹകരണ സ്ഥാപനം തയ്യാറാക്കുന്ന ക്രഡിറ്റ് പ്ലാനുകൾക്ക് അനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ക്രമീകരിച്ചാൽ കാർഷിക ഗ്രാമപുരോഗതിക്കൊപ്പം സഹകരണ മേഖലയിലെ വിഭവങ്ങൾക്ക് പ്രത്യുല്പാദനപരവും മെച്ചപ്പെട്ടതും പൂർണ്ണവുമായ ഉപയോഗം ഉണ്ടാവുന്നതാണ്.

**മറ്റ് സഹകരണ സംഘങ്ങൾ**

തൊഴിൽരഹിത യുവാക്കൾക്കും ദുർബല ജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. വനിത സഹകരണ സംഘങ്ങൾ, സഹകരണ ആശുപത്രികൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘങ്ങൾ ഈ വിഭാഗത്തിൽ പെടുന്നവയാണ്. സാമൂഹിക ക്ഷേമം ലക്ഷ്യമാക്കിയും ഒരു പ്രത്യേക മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗം ആളുകളുടെ ക്ഷേമം ലക്ഷ്യമാക്കിയും മറ്റും നിരവധി സഹകരണ സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. മത്സ്യതൊഴിലാളി വികസന സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. വായ്പ സംഘങ്ങളിൽ സാധ്യമായ വിധത്തിലുള്ള പങ്കാളിത്തമോ സാമ്പത്തിക കരുത്തോ ജീവന ക്ഷമ

തയോ വായ്പേതര സഹകരണ സംഘങ്ങൾക്ക് കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

സഹകരണ വിദ്യാഭ്യാസ മേഖലയിൽ 'കേപ്പും' പരിയാരം മെഡിക്കൽ കോളേജും, എറണാകുളം സഹകരണ മെഡിക്കൽ കോളേജും പ്രമുഖ വിദ്യാഭ്യാസ സംരംഭങ്ങളായി വളർന്നു കഴിഞ്ഞു. കേരളത്തിലുടനീളം 78 വിദ്യാഭ്യാസ സ്ഥാപനങ്ങളും 140 സഹകരണ ആശുപത്രികളുമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും സുപ്രധാന സാന്നിദ്ധ്യമായി സഹകരണ മേഖല മാറി കഴിഞ്ഞു. ഒരു നിയോജക മണ്ഡലത്തിൽ ഒരു പ്രൊഫഷണൽ കോളേജ് എന്ന ലക്ഷ്യം കൈവരിച്ചു കഴിയുമ്പോൾ സർക്കാർ നിശ്ചയിക്കുന്ന ഫീസ് മാത്രം ഈടാക്കി കൊണ്ട് സ്വകാര്യ മാനേജ്മെന്റുകളുടെ ചൂഷണത്തിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കുന്നതിന് സഹകരണ മേഖലയ്ക്ക് സാധിക്കുന്നതാണ്.

സഹകരണ പ്രസ്ഥാനം സാംസ്കാരിക രംഗത്തും ഇടപെടൽ നടത്തുകയുണ്ടായി. വർഷങ്ങളായി നിർജ്ജീവ അവസ്ഥയിലായിരുന്ന സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ പുനഃരുദ്ധരിച്ചു. കുടിശ്ശികയായി കിടന്ന 2 കോടിയിലധികം രൂപയുടെ റോയൽറ്റി കൊടുത്തു കഴിഞ്ഞു. 2010 ഡിസംബറിനകം 500 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് ലക്ഷ്യമിട്ട സ്ഥാനത്ത് 1000 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതും SPCS ന്റെ വമ്പിച്ച നേട്ടമാണ്.

കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായപ്പോൾ സഹകരണ മേഖലയിൽ പൊതുവിതരണം ശക്തിപ്പെടുത്തി കൊണ്ടും സബ്സിഡി നല്കിയും വിപണിയിൽ ശക്തമായി കൺസ്യൂമർ ഫെഡ് ഇടപെടുകയും വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിച്ചു നിർത്തുകയും ചെയ്തു. ത്രിവേണി, നീതി സ്റ്റോർ, തുടങ്ങിയ ശൃംഖലകളിലൂടെ ഗുണമേന്മയുള്ള ഉപഭോക്തൃ സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ സഹകരണ മേഖല ശ്രദ്ധിച്ചതോടൊപ്പം നെല്ല്, കൊപ്ര, തേങ്ങ തുടങ്ങിയവയുടെ താങ്ങുവിലയ്ക്കുള്ള സംഭരണത്തിലും കൺസ്യൂമർ ഫെഡ് ശ്രദ്ധിക്കുകയുണ്ടായി. 2001-02 ൽ വെറും 316.47 കോടി രൂപയായിരുന്ന കൺസ്യൂമർ ഫെഡറേഷന്റെ വിറ്റുവരവ് 2008-09 ആയപ്പോൾ 692.57 കോടി രൂപയായി വർദ്ധിച്ചു. 800 ൽ പരം നീതി സ്റ്റോറുകൾ 284 നീതി മെഡിക്കൽ സ്റ്റോറുകൾ 93 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി, ഫ്ളോട്ടിംഗ് ത്രിവേണി എന്നിങ്ങനെ ആവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുന്നതിന് വിപുല സംവിധാനം സഹകരണ മേഖലയിലുണ്ട്. വർഷം മുഴുവൻ സബ്സിഡി നിരക്കിൽ അത്യാവശ്യ സാധനങ്ങൾ ലഭ്യമാക്കുവാൻ സഹകരണ പൊതുവിതരണ സംവിധാനം ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിലാണ് കൺസ്യൂമർ ഫെഡറേഷൻ.

സഹകരണ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച "സഹകരണ നവരത്നം കേരളീയം' പരിപാടി ഒൻപതിന കർമ്മപദ്ധതിയായിരുന്നു. സഹകരണ മേഖലയിൽ പ്രത്യേകിച്ചും നിക്ഷേപ സമാഹരണം കുടിശ്ശിക പിരിക്കൽ കാർഷിക വായ്പ വിതരണം പ്രൊഫഷണൽ വിദ്യാഭ്യാസം, ആരോഗ്യം, വിപണനം തുടങ്ങിയ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കും കുതിച്ച് ചാട്ടത്തിനും "സഹകരണ നവരത്നം കേരളീയം" പരിപാടി സഹായകമായി. പ്രവർത്തനക്ഷമവും ജീവനക്ഷമവും അല്ലാത്ത മറ്റു സഹകരണ സ്ഥാപനങ്ങളെ കൂടി പ്രവർത്തനക്ഷമമാക്കുവാൻ സഹായകമാകും വിധം സമാനമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രമം ഉണ്ടാകേണ്ടതാണ്.

**മുന്നേറ്റത്തിന്റെ നേട്ടങ്ങൾ**

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്ന സഹകരണ ഹൃസ്വകാല കാർഷിക വായ്പ മേഖലയിലെ നിക്ഷേപം 2000-01-ൽ 7800കോടി രൂപയായിരുന്നു. 2005-06 ആയപ്പോൾ അത് 20287 കോടി രൂപയായി. 12487 കോടി രൂപയുടെ വർദ്ധനവ് മുൻ സർക്കാരിന്റെ കാലയളവിൽ രൂപപ്പെടുത്തിയപ്പോൾ 2005-06 മുതൽ 2010 ഒക്ടോബർ വരെയുള്ള നാലര വർഷം കൊണ്ട് നിക്ഷേപത്തിൽ 41823 കോടി രൂപയുടെ വർദ്ധനവാണ് കൈവരി

ക്കാൻ കഴിഞ്ഞത്. (31-9-2010 ലെ സഹകരണ നിക്ഷേപം രൂപ 62113 കോടി രൂപയാണ്). സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ 2001-2006 കാലയളവിൽ 58% വർദ്ധനവാണുണ്ടായതെങ്കിൽ കഴിഞ്ഞ നാലു വർഷം കൊണ്ടു തന്നെ 132 ശതമാനം വർദ്ധനവുണ്ടായി. ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപത്തിൽ 81 ശതമാനവും പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ നിക്ഷേപത്തിൽ 113.6 ശതമാനവും വർദ്ധനവ് 2001-06 കാലഘട്ടത്തിൽ ഉണ്ടായപ്പോൾ 2006-10 കാലയളവിൽ യഥാക്രമം 123 ശതമാനവും 106 ശതമാനവും വർദ്ധനവാണ് നിക്ഷേപത്തിൽ കൈവരിച്ചത്.

2000-2001ൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ വായ്പ കുടിശ്ശിക നിൽപു വായ്പയുടെ 26.8 ശതമാനമായിരുന്നത് 2005-2006 ആയപ്പോൾ 25.5 ശതമാനമായി1.2 ശതമാനം മാത്രം കുറവാണ് വരുത്തുവാൻ സാധിച്ചത്. എന്നാൽ 2006 മുതൽ 2010 വരെയുള്ള നാലു വർഷം കൊണ്ടുതന്നെ പത്തു ശതമാനത്തിൽ അധികം കുറവു വരുത്തി കുടിശ്ശിക നിലവാരം 15 ശതമാനത്തിൽ എത്തിക്കുവാൻ കഴിഞ്ഞു. 2001-06 കാലയളവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ വായ്പയിൽ 3.55 ശതമാനം കുറവാണുണ്ടായതെങ്കിൽ കഴിഞ്ഞ നാലു വർഷം കൊണ്ട് എൻ.പി.എ യിൽ 5.64 ശതമാനം കുറവു വരുത്തി. 10.69 ശതമാനത്തിൽ എത്തിക്കുവാൻ കഴിഞ്ഞു. ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ 2001-ൽ 663 ആയിരുന്നത് 2006 ആയപ്പോൾ 722 ആയിട്ട് ഉയർന്നപ്പോൾ 2006-09 കാലയളവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണത്തിൽ 115% വർദ്ധനവാണ് ഉണ്ടായത്.

വാണിജ്യ ബാങ്കുകൾ അവയുടെ കാലാവധി നിക്ഷേപങ്ങൾക്ക് നൽകുന്നതിനും 0.5 മുതൽ ഒരു ശതമാനം വരെ കൂടുതൽ പലിശ നൽകി സഹകരണ നിക്ഷേപം ആകർഷകമാക്കുവാൻ പ്രത്യേക ശ്രദ്ധയാണ് സഹകരണ വകുപ്പ് നൽകിക്കൊണ്ടിരിക്കുന്നത്. വാണിജ്യ ബാങ്കുകളുടെ പലിശ നിരക്കിൽ വ്യതിയാനങ്ങൾക്കനുസൃതമായി കാലതാമസം വരുത്താതെ തന്നെ സഹകരണ ബാങ്കുകൾ സ്വീകരിക്കുന്ന കാലാവധി നിക്ഷേപങ്ങളുടെ പലിശ നിരക്കുകളിൽ മാറ്റം വരുത്തുന്നതിനുള്ള സംവിധാനം സഹകരണ മേഖലയിൽ ഉണ്ടായി. 1976 മുതൽ നടന്നു വരുന്ന സഹകരണ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടത് വളരെ കൂടുതൽ നിക്ഷേപം സമാഹരിക്കുവാൻ കഴിഞ്ഞത് മാത്രമല്ല സഹകരണ നിക്ഷേപം കേരളീയം പരിപാടിയിലൂടെയും കഴിഞ്ഞ നാലു വർഷങ്ങളിലായി നിക്ഷേപ സമാഹരണം നടത്തുന്നുണ്ട്. ഉപരിയായി സഹകരണ ബാങ്കുകളിൽ നിക്ഷേപത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

2005-06 ൽ കൺസ്യൂമർ ഫെഡറേഷന്റെ വിറ്റുവരവു 355കോടി രൂപയായിരുന്ന സ്ഥാനത്ത് ഇപ്പോൾ 1050 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ത്രിവേണി സ്റ്റോറുകളുടെ എണ്ണം 65-ൽ നിന്നും 170 ആയി ഉയർന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ 20 ആയിരുന്നത് 65 ആകുകയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ 155-ൽ നിന്നും 373 ആയും വർദ്ധിച്ചു.

പ്രാഥമിക കാർഷിക വായ്പ സംഘങ്ങളും ഗ്രാമ പഞ്ചായത്തുകളും കൂടുതൽ ദൃഢതരമായ ബന്ധം കാർഷിക ഗ്രാമ പുരോഗതിക്കായി ഉണ്ടാകേണ്ടതുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഏജൻസിയായി ആ പഞ്ചായത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘം മാറേണ്ടതാണ്. അതിനു സഹായകമാവും വിധം തദ്ദേശ ഭരണ നിയമത്തിലും സഹകരണ നിയമത്തിലും വേണ്ട മാറ്റം വരുത്തേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും സഹകരണ സർവീസ് ബാങ്കുകളിലേക്ക് മാറ്റിക്കൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ ധനകാര്യ ഏജൻസിയായും വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ സ്രോതസ്സായി പ്രാഥമിക വായ്പ സംഘങ്ങൾക്ക് മാറാൻ കഴിയണം. പ്രാഥമിക വായ്പ സംഘങ്ങളുടെ മിച്ച വിഭവങ്ങൾ അതാതു ഗ്രാമത്തിലെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനും വാണിജ്യ ബാങ്കുകളെ വായ്പ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന ഗ്രാമീണരെ സഹകരണ കുടക്കീഴിൽ കൊണ്ടുവരുന്നതിനും വായ്പ തിരിച്ചടവു ഉറപ്പാക്കുന്നതിനും സഹായകമാവും

വിധം തദ്ദേശ ഭരണ സംസ്ഥാനങ്ങളും പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുമായുള്ള സഹകരണം വളരേണ്ടതാണ്.

നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ ഹൃസ്വകാല കാർഷിക വായ്പ വിതരണവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിക്കുവാനും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാനും ഉൽപന്നങ്ങളുടെ വിപണനത്തിനും ഒരു സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടതാണ്. പ്രാഥമിക കാർഷിക വായ്പ സംഘം പ്രസിഡന്റ്, സെക്രട്ടറി, കൃഷി വകുപ്പുദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു സമിതി സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ കൃഷി ചെയ്യുവാൻ ആവശ്യമായ സാമ്പത്തിക സഹായതുക തുടങ്ങിയവ സമിതിയിൽ അവലോകത്തിനു വിധേയമാക്കണം. കർഷകർക്ക് നേരിട്ടുവായ്പ നൽകുന്നതോടൊപ്പം പാടശേഖരസമിതിയ്ക്കും കുടുംബശ്രീ സ്വാശ്രയ ഗ്രൂപ്പുകൾക്കും വായ്പ ലഭ്യമാക്കണം. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റും മറ്റു സഹായങ്ങളും വായ്പ അക്കൗണ്ടിലേക്ക് വരവു വയ്ക്കണം. കൃഷി വകുപ്പുദ്യോഗസ്ഥൻ മണ്ണുപരിശോധന നടത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളയെക്കുറിച്ചും വള പ്രയോഗത്തെക്കുറിച്ചും അനുയോജ്യമായ ഉപദേശ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകണം. കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വായ്പസംഘം തന്നെ സംഭരിച്ച് സഹകരണ മേഖലയിലുള്ള സംസ്കരണ വിപണന സ്ഥാപനങ്ങളിലൂടെ മൂല്യവർദ്ധനവു വരുത്തി സബ്സിഡി നിരക്കിൽ കുടുംബശ്രീ സ്വാശ്രയ ഗ്രൂപ്പുകളുടെ സഹായത്തോടുകൂടി വിപണനം നടത്താവുന്നതാണ്. മേൽസൂചിപ്പിച്ച വിധമുള്ള മാറ്റം കാർഷിക മേഖലയിൽ സാധ്യമാകുവാൻ സർക്കാർ തലത്തിൽ സഹകരണ -കൃഷി തദ്ദേശഭരണ വകുപ്പുകളെ കൂട്ടിയോജിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

### പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങൾ

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സർവതോമുഖമായ പുരോഗതിയ്ക്കാണ് ഈ രംഗത്തു സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തു 532 പട്ടികജാതി സഹകരണ സംഘങ്ങളും 98 പട്ടിവർഗ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. അപ്പക്സ് സ്ഥാപനമായി ഒരു ഫെഡറേഷനും പ്രവർത്തിക്കുന്നു. ചെറുകിട വന ഉൽപന്ന സംഭരണം, വിപണനം മുതലായവ ഈ സംഘങ്ങളിലൂടെ നടത്തി ഈ വിഭാഗക്കാരുടെ ജീവിതസുരക്ഷിതത്തം ഉറപ്പുവരുത്തുന്നുണ്ട്. എന്നാലിത് തുലോം പരിമിതമാണ്. അംഗങ്ങളുടെ സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനു പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾക്കുള്ള ധനസഹായം പ്രാഥമിക വായ്പാ സംഘങ്ങളിലൂടെ നൽകാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

### ക്ഷീരവ്യവസായ സഹകരണ മേഖല

കേരളത്തിലെ ക്ഷീരവ്യവസായ സഹകരണ മേഖലയ്ക്ക് എട്ടുപതിറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുണ്ട്. ഇന്നു കേരളത്തിൽ 2546 ആനന്ദ് മാതൃകാ സഹകരണ സംഘങ്ങൾ ഉൾപ്പെടെ 3445 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ അപ്പെക്സ് സ്ഥാപനമാണ് മിൽമ. സംസ്ഥാനത്തെ എട്ടുലക്ഷത്തിൽപരം കർഷകരെ പ്രതിനിധീകരിക്കുന്ന അപ്പെക്സ് സ്ഥാപനമാണിത്. പ്രതിദിനം 10 ലക്ഷം ലിറ്റർ പാൽ മിൽമയിലൂടെ കൈകാര്യം ചെയ്യുന്നു. ക്ഷീരകർഷകർക്കു ആശ്വാസമെത്തിക്കാൻ ഈ രംഗത്തെ സഹകരണ സംഘങ്ങൾക്കു സാധിച്ചിട്ടുണ്ടെങ്കിലും പാലിന്റെ ഉൽപാദനച്ചെലവിന് അനുസരിച്ച് വില ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. പാലിന്റെ വിപണനം കൂടുതൽ കാര്യക്ഷമമാക്കിയും മൂല്യവർദ്ധന ഉറപ്പാക്കിയും മാത്രമേ ഉപഭോക്താക്കൾ നൽകുന്ന വിലയുടെ അർഹമായ പങ്ക് കർഷകർക്ക് എത്തിക്കാൻ കഴിയൂ. വിപണനത്തിലെന്നപോലെ ക്ഷീരോത്പാദനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കൃഷിക്കാർക്കു മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയണം.

### കൈത്തറി – നെയ്ത്ത് സഹകരണ സംഘങ്ങൾ

കയർവ്യവസായം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന മേഖലയാണ് ഇത്. ഒരു ലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. കൈത്തറി മേഖലയിൽ 96 ശതമാനം തൊഴിലാളികളും സഹകര

ണമേഖലയുടെ ഭാഗമാണ്. 676 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളിൽ 150 എണ്ണം ഫാക്ടറി മാതൃകയിലുള്ളതാണ്. കൈത്തറി ഉൽപാദനം പൊതുവെ കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. തൊഴിലാളികളുടെ എണ്ണവും കുറഞ്ഞുവരികയാണ്. ആഗോളസാമ്പത്തിക രംഗത്തുണ്ടായ മാന്ദ്യം ഇതിന് കാരണമായിട്ടുണ്ട്. അപ്പെക്സ് സ്ഥാപനമായി ഹാൻടെക്സ് പ്രവർത്തിക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുക മാർക്കറ്റിംഗ് ശൃംഖല വിപുലപ്പെടുത്തുക, ഗുണമേന്മ വർദ്ധിപ്പിക്കുക തുടങ്ങിയവയിലൂടെ ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്താൻ കഴിയും.

### മത്സ്യസഹകരണ സംഘങ്ങൾ

അപ്പെക്സ് സ്ഥാപനമായ മത്സ്യഫെഡും അതിന്റെ കീഴിൽ 683 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കു വള്ളം, വല, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവ വാങ്ങുന്നതിനും വനിതകൾക്കു വിപണനത്തിനും ധനസഹായം പ്രാഥമിക സംഘങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. ദേശീയ സഹകരണ വികസന കോർപറേഷന്റെ വായ്പാസൗകര്യവും ലഭ്യമാക്കുന്നുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികളിൽ 45 ശതമാനം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും 64 ശതമാനം കടബാധ്യതയുള്ളവരുമാണ്. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ ഊർജിതമാക്കിയതിന്റെ ഫലമായും കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഫലമായും ഈ മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### കയർ

സഹകരണ പ്രസ്ഥാനത്തിന്റെ ശക്തമായ സാന്നിദ്ധ്യമുള്ള മേഖലയാണ് കയർ രംഗം. ഈരംഗത്തു പ്രവർത്തിച്ചിരുന്ന 824 സംഘങ്ങളിൽ 450 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തനക്ഷമമായുള്ളൂ. കഴിഞ്ഞ രണ്ടുദശാബ്ദങ്ങളിൽ പരമ്പരാഗത മേഖലയ്ക്കുണ്ടായ മുരടിപ്പും തിരിച്ചടിയും സഹകരണരംഗത്തെയും ബാധിച്ചു. മുൻസർക്കാരിന്റെ ശത്രുതാപരമായ മനോഭാവവും നയങ്ങളും ഒട്ടുമിക്ക സംഘങ്ങളെയും പ്രതിസന്ധിയിലാക്കി. ഈ മേഖലയുടെ പുനസംഘാടനത്തിനായി ആനത്തലവട്ടം ആനന്ദൻ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കി വരികയാണ്. ഇതിന്റെ ഭാഗമായി കയർ സംഘങ്ങളുടെ സർക്കാരിലേയ്ക്കുള്ള 53 കോടി രൂപയുടെ വായ്പയും പലിശയും ഓഹരിയാക്കി മാറ്റി. 24 കോടിയോളം രൂപ പ്രവർത്തനമൂലധനമായും സ്ഥിരമൂലധനമായും ലഭ്യമാക്കി. അപ്പെക്സ് സംഘമായ കയർഫെഡിന്റെ പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചു. കയർഫെഡിൽ പ്രത്യേകതയാണ് ഡിവിഷൻ രൂപീകരിച്ചു. കയർ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയറിനു ഉൽപാദനചെലവിനു അനുസൃതമായ വില ഇപ്പോൾ കയർഫെഡ് നൽകുന്നുണ്ട്. കൂടാതെ പത്തുശതമാനം തുക സർക്കാർ പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകുന്നു. സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച തൊഴിലാളികളുടെ ത്രിഫ്റ്റും ഷെയറും തിരിച്ചു നൽകുന്നതിനു 10.5 കോടി രൂപ സർക്കാർ നൽകി. കേരളം അഭിമുഖീകരിക്കുന്ന ചകിരി ക്ഷാമം പരിഹരിക്കാൻ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പരിപാടികൾ ശക്തമായി നടപ്പാക്കേണ്ടതുണ്ട്.

### നബാർഡും പുനർവായ്പയും

കൃഷി, ചെറുകിട കുടിൽവ്യവസായം കരകൗശലം തുടങ്ങിയ മേഖലകളിൽ തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകി സംയോജിത ഗ്രാമവികസനത്തിലൂടെ ഗ്രാമപുരോഗതി ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (നബാർഡ്) 1982ൽ രൂപീകരിച്ചത്. റിസർവ് ബാങ്കിന്റെ കീഴിലുണ്ടായിരുന്ന അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലകളും റിസർവ് ബാങ്കിന്റെ നിയന്ത്രണ പ്രോത്സാഹന ഉത്തരവാദിത്തങ്ങളും കാർഷിക വായ്പാ പുനർസഹായം നൽകേണ്ട കർത്തവ്യവും നബാർഡിനെ ഏൽപ്പിക്കുകയുണ്ടായി. വിളവായ്പ, ഉൽപാദനസാമഗ്രികളുടെ വിതരണം, ഉൽപന്നങ്ങളുടെ വിപണനം, നെയ്ത്തുസംഘങ്ങൾക്കു പ്രവർത്തന മൂലധനം തുടങ്ങി നാനാജാതി ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പുനർവായ്പാ സഹായം

ആരംഭകാലം മുതൽ നബാർഡു നൽകിയിരുന്നു. ജില്ലാ ബാങ്കുകൾ അവയുടെ അംഗസംഘങ്ങൾക്കു ഹ്രസ്വകാല കാർഷിക വായ്പയായി നൽകുന്ന തുക മുഴുവനും ആദ്യകാലങ്ങളിൽ നബാർഡിൽ നിന്നും പുനർവായ്പാ സഹായമായി നൽകിയിരുന്നു. എന്നാൽ 1985-86 മുതൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാബാങ്കുകളുടെയും വായ്പാ വിതരണത്തിനുള്ള ആഭ്യന്തരവിഭവത്തിന്റെ യഥാക്രമം 25ഉം 40ഉം ശതമാനം വീതം ഹ്രസ്വകാല കാർഷിക വായ്പ നൽകാൻ ഉപയോഗിക്കണമെന്നും അവ നൽകുന്ന കാർഷിക വായ്പകളിൽ നിന്നും നിർദ്ദിഷ്ട വിഹിതം കഴിഞ്ഞുള്ള ഭാഗം മാത്രമേ നബാർഡ് സഹായമായി നൽകുകയുള്ളൂ എന്നും നിഷ്കർഷിക്കുകയുണ്ടായി. തുടർന്ന് 2004-05 മുതൽ ജില്ലാ സഹകരണ ബാങ്കുകൾ അംഗസംഘങ്ങൾക്കു നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ 35 ശതമാനം നബാർഡ് പുനർവായ്പയായി നൽകുമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വന്നു. അതോടൊപ്പം യോഗ്യതാമാനദണ്ഡങ്ങൾ കൂടുതൽ കർക്കശമാക്കുകയും ചെയ്തു. സംസ്ഥാന സഹകരണ ബാങ്കിനു മേൽസൂചിപ്പിച്ച യോഗ്യതകൾ നഷ്ടപ്പെട്ടു എന്ന കാരണം പറഞ്ഞുകൊണ്ട് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കും കർഷക സമൂഹത്തിനും കഴിഞ്ഞ രണ്ടുവർഷമായി പുനർവായ്പാസഹായം നിഷേധിച്ചിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്ക് ഉയർന്ന പലിശ നൽകി സമാഹരിക്കുന്ന നിക്ഷേപം ഉപയോഗിച്ചു കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ നിർബന്ധിതമായിരിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകൾക്ക് നബാർഡ് നിശ്ചയിച്ച യോഗ്യതകളെല്ലാം ഉണ്ടായിരിക്കെ വായ്പാ സഹായം നിഷേധിക്കുന്നത് ദേശീയ നയത്തിനും താൽപര്യത്തിനും വിരുദ്ധമാണ്. മുൻഗണനാമേഖലയായ കാർഷിക മേഖലയ്ക്ക് രണ്ടുശതമാനം പലിശ നിരക്കിലായിരുന്നു അഞ്ചുവർഷം മുമ്പ് ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമാക്കിയിരുന്നതെങ്കിൽ ഘട്ടം ഘട്ടമായി അതുവർദ്ധിപ്പിച്ച് നാലുശതമാനമാക്കിയിരിക്കുകയാണ്. സഹകരണബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പയ്ക്കു രണ്ടുശതമാനം പലിശ കിഴിവ് നൽകിയിരുന്നതും കുറവുവരുത്തി ഒന്നര ശതമാനമാക്കിയിരിക്കുകയാണ്. കാർഷികമേഖല ഒഴികെയുള്ള മുൻഗണനാമേഖലയ്ക്കു സഹകരണ ബാങ്കുകളുടെ നിക്ഷേപ പലിശ നിരക്കിൽ കൂടുതൽ പലിശയാണ് നബാർഡ് വസൂലാക്കിക്കൊണ്ടിരിക്കുന്നത്. ലാഭേച്ഛയോടു കൂടി പ്രവർത്തിക്കാൻ ആരംഭിച്ചതോടെ കാർഷിക - ഗ്രാമ പുരോഗതി എന്ന ലക്ഷ്യത്തിൽ നിന്നു നബാർഡ് വ്യതിചലിച്ചിരിക്കുകയാണ്. കേരളത്തിലെ സഹകരണ മേഖലയുടെ രക്ഷയ്ക്കു നബാർഡിന്റെ ഈ സമീപനത്തിൽ മാറ്റം വരുത്തിയേ മതിയാകൂ. അതിനായി കക്ഷിരാഷ്ട്രീയത്തിന് അതീതമായ സമ്മർദ്ദം കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും മുകളിൽ ചെലുത്തണം.

**ഭാവിസാധ്യതകൾ**

1. സ്വന്തം ഫണ്ടിൽ അധികരിച്ച് സഞ്ചിത നഷ്ടമുള്ള സംസ്ഥാന സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനപങ്കാളിത്തം വർദ്ധിപ്പിക്കുകയും അപ്പെക്സ് സംഘങ്ങൾക്കു നൽകിയിട്ടുള്ളതും നിഷ്ക്രിയ വായ്പ ആയി തീർന്നതുമായ വായ്പകൾ സ്റ്റാൻഡേർഡ് വായ്പകളാക്കുകയും ചെയ്യണം.
2. ജീവനക്ഷമമല്ലാത്ത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കർമ്മ പദ്ധതി തയ്യാറാക്കുകയും ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുകയും വേണം.
3. എല്ലാ പഞ്ചായത്തുകളിലും സഹകരണ വിപണന കേന്ദ്രങ്ങളും നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങണം.
4. ഓരോ നിയോജകമണ്ഡലത്തിലും സഹകരണ പ്രൊഫഷണൽ കോളേജുകൾ തുടങ്ങണം.
5. സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏകോപിച്ചുകൊണ്ട് സഹകരണ സർവ്വകലാശാല ഉണ്ടാകണം.
6. സഹകരണ മേഖലയ്ക്ക് ആവശ്യമായ പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നതിനു

പാകത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസം പരിഷ്കരിക്കണം.

7. സഹകരണ പ്രാഥമിക വായ്പ സംഘങ്ങളിലെ നിക്ഷേപകർക്കും വായ്പക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണം.

8. ബാങ്കിങ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരാത്ത വായ്പ സംഘങ്ങളിലെ നിക്ഷേപകർക്ക് ഒരു ലക്ഷം രൂപയ്ക്ക് ഡെപ്പോസിറ്റ് ഗ്യാരിന്റി ഉറപ്പാക്കണം.

9. സഹകരണ വായ്പ സംഘങ്ങൾക്ക് അനുയോജ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കുകയും കമ്പ്യൂട്ടറൈസ്ഡ് ആഡിറ്റിങ് സാധ്യമാക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് എ.റ്റി.എം.ശൃംഖല ഉണ്ടാകണം.

11. ഷീരോല്പാദക രംഗത്ത് കന്നുകാലി വളർത്തലിനും, ഉല്പാദന വർദ്ധനവിനും പ്രോത്സാഹനം നൽകണം. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ക്ഷീരോല്പാദകർക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകണം.

12. ക്ഷീരോല്പാദകർക്കുള്ള സബ്സിഡി, വായ്പ തുക അടച്ചുതീർക്കുന്ന വേളയിൽ മാത്രം ലഭ്യമാക്കണം.

13. സഹകരണ മേഖലയിലെ ഉല്പാദനസംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് ചുമത്തുന്ന നികുതി തുകയ്ക്ക് തുല്യമായി സബ്സിഡി നൽകണം.

14. ഗ്രാമീണ ജനതയെ പൂർണമായി സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുവാൻ സഹകരണ വായ്പമേഖലയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ടുള്ള സംവിധാനമുണ്ടാകണം.

15. റിസർവ് ബാങ്ക് ലൈസൻസില്ലാത്ത ജില്ല സഹകരണ ബാങ്കുകൾക്ക് 2012 നു മുമ്പ് ലൈസൻസ് ലഭിക്കുന്നതിനുള്ള യോഗ്യതകൾ കൈവരിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കണം.

3rd International Congress
on Kerala Studies
Thiruvananthapuram

ഈ രേഖയിലൂടെ സശ്രദ്ധം കടന്നുപോകുന്ന ഒരാൾക്ക് കേരളം സാമ്പത്തിക വളർച്ചയുടെ ഉയർന്ന ഒരു ഘട്ടത്തിലൂടെ നീങ്ങുകയാണ് എന്ന കാര്യത്തിൽ സംശയമുണ്ടാവില്ല. ഈ സംക്രമണ ഘട്ടത്തിൽ നടക്കുന്ന വികസന സംവാദത്തിനു പ്രത്യേക പ്രസക്തിയുണ്ട്. വളർ ച്ചയെ സ്ഥായിയാക്കുന്നതിനും, വളർച്ച സൃഷ്ടിക്കുന്ന വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ കൂട്ടായ ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിൽ വികസന ചർച്ചകൾക്കു പ്രധാന സ്ഥാനമുണ്ട്. വിപുലമായ പങ്കാളിത്തത്തോടുകൂടി നടക്കേണ്ട ഈ കേരളവികസന സംവാദത്തിനു ഒരു മുഖവുര എന്ന നിലയ്ക്കാണ് ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. ജനുവരി ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന പഠനകോൺഗ്രസിലെ ഒൻപതു സിംപോസിയങ്ങളിലും, 75 ടെക്നിക്കൽ സെക്ഷനുകളിലും ഈ കരടുരേഖ വിശദമായി ചർച്ച ചെയ്യപ്പെടും. പഠനകോൺഗ്രസ് പ്രതിനിധികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ രേഖയെ കൂടുതൽ സംപുഷ്ടമാക്കാൻ കഴിയും. കൂടാതെ കേരള പഠനകോൺഗ്രസിന്റെ (www.keralapadanacongress.in) വെബ്സൈറ്റിലും ഈ രേഖ പ്രസിദ്ധീകരിക്കുന്നു. ഈ രേഖ സമ്പൂർണ്ണമാക്കുന്നതിനും കേരളത്തിന്റെ വികസനത്തിനു ദിശാബോധം നൽകുന്നതിനുമുള്ള എല്ലാ നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

# കോ - ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ (കേപ്പ്)

(കേരള സർക്കാർ സ്ഥാപിതം)



ശ്രീ. വി എസ് അച്യുതാനന്ദൻ
ബഹു. കേരളാ മുഖ്യമന്ത്രി
(ചെയർമാൻ)

കോ - ബാങ്ക് ടവേഴ്സ്
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം 695 033
ഫോൺ: 0471 - 2316236
ഫാക്സ്: 2310049



ശ്രീ. ജി സുധാകരൻ
ബഹു. സഹകരണ കയർ വകുപ്പ് മന്ത്രി
(വൈസ് ചെയർമാൻ)

## കോ - ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, കൊച്ചി

ഫോൺ: 0484 - 2411460, ഫാക്സ്: 0484 - 2411468

സംസ്ഥാനത്തെ ഏറ്റവും മികച്ച മെഡിക്കൽ കോളേജുകളിലൊന്നായി വികസിച്ചു കൊണ്ടിരിക്കുന്നു. 2006ൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ (എം.സി.ഐ) അംഗീകാരം ലഭിച്ചു. കേരള സർക്കാരിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് എം.ബി.ബി.എസിന് ഓരോ വർഷവും 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു

### പ്രത്യേകതകൾ

- 500 കിടക്കകളുള്ള ആശുപത്രി
- 60 കിടക്കകളുള്ള തീവ്രപരിചരണ വിഭാഗം
- 40 പേ വാർഡുകൾ

### 24 മണിക്കൂർ സേവനങ്ങൾ

- കാഷ്വാലിറ്റി, അപകട പരിചരണം, ട്രോമ കെയർ സർവ്വീസ്
- എക്സ്റേ - റേഡിയോളജി
- സ്പൈറൽ സി.റ്റി സ്കാൻ
- നിയോനെറ്റോളജി കെയർ യൂണിറ്റ്
- മോർച്ചറി സൗകര്യം

### സ്പെഷ്യാലിറ്റി

- ജനറൽ മെഡിസിൻ, • ജനറൽ സർജറി
- ഒബ്സ്ട്രാക്ടിസ് & ഗൈനക്കോളജി
- പീഡിയാട്രിക്സ്, • ഓഫ്ത്താൽമോളജി
- ഇ.എൻ.റ്റി, • സൈക്യാട്രി
- ചെസ്റ്റ് ആന്റ് റ്റി.ബി, • ഡെർമറ്റോളജി
- റേഡിയോളജി, • അനസ്തീഷ്യോളജി
- ഡെന്റിസ്ട്രി, • കൺസർവേറ്റീവ് ഡെന്റിസ്ട്രി
- എൻഡോഡോണ്ടിക്സ്, • ഓറൽ & മാക്സിലോഫേഷ്യൽ സർജറി
- ഓർത്തോഡോണ്ടിക്സ്

### സൗജന്യ ചികിത്സ പദ്ധതി

- പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ
- ബി.പി.എൽ, പട്ടികജാതി വിഭാഗത്തിന് സൗജന്യ നിരക്കിൽ ചികിത്സ
- റീ ഇംബേഴ്സ്മെന്റ് സൗകര്യം
- ഹെൽത്ത് ചെക്കപ്പ് പ്രോഗ്രാം

### കേപ്പിന്റെ മറ്റ് സ്ഥാപനങ്ങൾ

- കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ
  ഫോൺ: 0474 - 2550500, 2550400
- കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ
  ഫോൺ: 0482 - 2395510, 2395008
- കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വടകര
  ഫോൺ: 0496 - 2536125, 2537225
- കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി
  ഫോൺ: 0490 - 2307190, 2388130
- കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ
  ഫോൺ: 0467 - 2250750, 2250377
- കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ് പുന്നപ്ര
  ഫോൺ: 0477 - 2267211

---


- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി (എം.ബി.എ കോളേജ്), പുന്നപ്ര, ഫോൺ: 9895560752
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (ഫിനിഷിംഗ് സ്കൂൾ) പുന്നപ്ര. ഫോൺ: 0477 - 2266701

---

- സ്കൂൾ ഓഫ് നേഴ്സിംഗ് കൊച്ചി
  ഫോൺ: 9446986836
- കോളേജ് ഓഫ് നേഴ്സിംഗ്, കൊച്ചി
  ഫോൺ: 9995207550

**പുന്നപ്ര സഹകരണ ആശുപത്രി, വാടയ്ക്കൽ പി.ഒ, ഫോൺ: 04772267676, 2269976**


ആലപ്പുഴയിലെ അത്യന്താധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആതുര സേവന കേന്ദ്രം




കേരള നഗര ഗ്രാമ വികസന ധനകാര്യ
കോർപ്പറേഷൻ ക്ലിപ്തം
നഗരസഭകളുടെയും ത്രിതല പഞ്ചായത്തുകളുടെയും
വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന
സ്ഥാപനം
ലളിതമായ നടപടിക്രമങ്ങൾ
കുറഞ്ഞതും സുതാര്യവുമായ പലിശ
പലിശ ഒഴികെ വേറെ ചാർജ്ജുകളില്ല.
ഒമ്പതു കൊല്ലംവരെ തിരിച്ചടവിന് കാലാവധി
കേരള നഗര ഗ്രാമവികസന ധനകാര്യ കോർപറേഷൻ ക്ലിപ്തം
അഞ്ചാം നില, ട്രാൻസ് ടവർ, വഴുതക്കാട്
തിരുവനന്തപുരം – 695014, ഫോൺ: 0471 2321856, 2321857



കേരളത്തിന്റെ മുഖച്ഛായ മിനുക്കിയ വഴികൾ
കേരള സംസ്ഥാന ഗതാഗത പദ്ധതി
(കെ. എസ്. ടി. പി.)
254 കിലോമീറ്റർ റോഡിന്റെ പുനർനിർമ്മാണ പൂർത്തീകരണം.
1150 കിലോമീറ്റർ റോഡിന്റെ ആധുനികവത്കരണം.
അപകടമേഖലകളിൽ പ്രത്യേക നവീകരണ പ്രവർത്തനങ്ങൾ.
കേരളത്തിലാദ്യമായി സ്ഥലമേറ്റെടുപ്പിന് മാതൃകാപരമായ പുനരധിവാസ – പുനഃസ്ഥാപന പാക്കേജുകൾ.
റോഡ് നിർമ്മാണത്തിൽ ലോകനിലവാരത്തിലുള്ള സാങ്കേതികവിദ്യകൾ.
പരിസ്ഥിതി സൗഹൃദ റോഡ് നിർമ്മാണം.
ഇനി നമുക്ക് ലോകനിലവാരമുള്ള റോഡുകളിലൂടെ സഞ്ചരിക്കാം, സുരക്ഷിതമായി.
പൊതുമരാമത്ത് വകുപ്പ്
കേരള സർക്കാർ

മുന്നേറ്റത്തിന്റെ പാതയിൽ.
നിങ്ങളുടെ സുരക്ഷയ്ക്കും നാടിന്റെ പുരോഗതിക്കും.
തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി
ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ച് ഉയർന്നു വരുന്ന വാഹന തിരക്ക് കുറയ്ക്കലും വഴിയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കലുമാണ് ഞങ്ങളുടെ ലക്ഷ്യം.
Kerala Road Fund Board
TC 4/1654, Mayooram, No. 7, Belhavan Gardens, Kowdiar P.O.,
Thiruvananthapuram 695 033 www.krfb.org




*മുന്നൂറു വർഷം മുൻപ് അപരിചിതനായ ഒരു വിദേശി നമ്മുടെ ഭാഷയ്ക്ക് ആദ്യനിഘണ്ടു നൽകി. ഇരുന്നൂറു വർഷം മുൻപ് വിജ്ഞാനദാഹിയായ ഒരു വിദേശി നമ്മുടെ ജൈവവൈവിധ്യത്തെ ആദ്യമായി സമാഹരിച്ചു. പശ്ചിമഘട്ടത്തിന്റെ സുഗന്ധം തേടി വന്ന വിദേശികൾ നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യത്തിൽ ലയിച്ചു. നമ്മുടെ ദേശത്തെയും ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുന്ന 72 ലക്ഷത്തിൽപരം സഞ്ചാരികൾ ഓരോ വർഷവും കേരളത്തിലേയ്ക്കു വരുന്നു. ലോകം ഇന്ന് കേരളത്തെക്കുറിച്ച് അഭിമാനിക്കുന്നു. നിങ്ങളോ?*

kerala
God's Own Country

Kerala Tourism Park View Trivandrum 695 033 Kerala India Phone : ++91-471-2321132
Fax: 2322279, Email: info@keralatourism.org, www.keralatourism.org




*With Best Compliments From*

# HCL COMNET LTD

COCHIN 14







GMP Certified


**For Quality**
**Ayurveda Medicines**

Oushadhi
The Pharmaceutical Corporation (I.M.)
Kerala Ltd., Thrissur - 680 014, Kerala.
(A Govt. of Kerala Undertaking)
Phone (Off) : 0487- 2388523, 2388524, 2352109. Fax : 0487- 2351675.
E-mail: trc_oushadhi@sancharnet.in Website : www.oushadhi.org

Oushadhi Sales Depot, Arogyabhavan, Opp.Ayurveda College, M.G.Road, Trivandrum. Ph: 0471 - 2332981.
Oushadhi Sales Counter, Panchakarma Institute Campus, Poojapura, Trivandrum - 12.

An ISO 9001: 2008 Certified Company



Pioneers in oil palm cultivation &
Palm oil extraction in India
OIL PALM INDIA LTD.
Oil Palm India Limited
Produces quality Crude Palm oil and
Crude Kernel Oil suitable for refining, Soaps,
Detergents, Vanaspathy etc.
PLANTATIONS
1. Yeroor Estate, Kollam District
2. Chithara Estate, Kollam District
3. Kulathupuzha Estate, Kollam District
4. Oil Palm Seed Garden, Kalayanthani P.O., Vettimattom, Thodupuzha
5. Factory Yeroor Estate, Kollam District
75%
50%
4
Rs. 23,000/-
XIII-394, OLD STAR THEATRE ROAD,
P.B. No. 1715, KOTTAYAM SOUTH P.O.


Refresh in nature's lap...
Experience the vibrance of
Plantation Valley
Athirappilly, Thrissur Dist, Kerala
www.plantationvalley.com
An eco friendly farm resort of
The Plantation Corporation of Kerala Ltd
(A Government of Kerala Undertaking)
KOTTAYAM - 686 004


HORTICORP
കേരള സർക്കാർ
കൃഷിവകുപ്പ്
KERALA STATE HORTICULTURAL PRODUCTS
DEVELOPMENT CORPORATION LIMITED.
(A Government of Kerala Undertaking)


The touch of pink is
the touch of health.
HLL Lifecare Limited


LIVING IMPRESSIONS...
KOCHI: M.G. Road, North End,
Tel: 0484-2353295, 2381519.
GOLD • DIAMONDS • PLATINUM
JOSCO
JEWELLERS


Business Superbrand 2010 has done
exactly what engineers all over India
have done for the last six years!
Chosen us.
UltraTech Cement awarded the Business Superbrand 2010.
UltraTech
CEMENT
The Engineer's Choice

*With Best Complements*

**KERALA STATE POLLUTION CONTROL BOARD**

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

Committed to protection of environment

**"THE CARE WE GIVE TO OUR BEAUTIFUL, BOUNTIFUL EARTH WILL BE RETURNED TO US MULTIFOLD"**

**Hykon**

Powering the Nation

കേരളം ഇരുട്ടിലാഴുമ്പോൾ
നിങ്ങളുടെ കുട്ടികൾക്ക് വെളിച്ചം പകരൂ...



INVERTER



Features
- Automatic Change Over
- Automatic Battery Charger
- Over Load Protection
- Capacity 600 VA to 5000 VA

Call : 9946001629





ISO 9001:2000

**Hykon India (P) Ltd**

Hykon House, Ikkandawarrier Road, Trichur,
Kerala, India- 680001. Ph: 0487-2444183, 2444163.

National Award

ho@hykonindia.com www.hykonindia.com


WeP Dot Matrix Printers
Assuring Peace of Mind
WeP Dot Matrix Printers sustain printloads of upto 700 pages/day & upto 5 carbon copies at a time. They last for 5 to 7 years, depending on usage & maintenance and incur a fractional expense compared to lasers & inkjets. The rugged WeP dot matrix printers are ideal for light to medium load print applications in centres of retail, insurance, banks, warehouses, government, logistics & many more.
WeP CSX 450
9 PIN, 80 COL
450 CPS @ HS DRAFT 12 CPI
360 PAGES PER HOUR (PPH) PRINTSPEED
1+3 COPIES MULTIPART PRINTING
HIGH RELIABILITY OF 10,000 POH
BUILT IN ROLL PAPER STAND
PARALLEL & USB 2.0 INTERFACE
WeP EX 330+DX
9 PIN, 136 COL
370 CPS @ HS DRAFT 10 CPI
65 CPS @ NLQ 10 CPI
1+3 COPIES MULTIPART PRINTING
COPIES : ORIGINAL + 3
MTBF : 6000 POH
PARALLEL & USB 2.0 INTERFACE
WeP DMPs ARE EMPANELLED UNDER DGS&D RATE CONTRACT!
Toll Free: 1800 425 9494 | Mobile: 098440 19119 | e-mail: wep.dmp@wepindia.com | www.wepindia.com
WeP Peripherals Limited, Basappa Complex, 40/1A, Lavelle Road, Bangalore - 560 001. India
wep


Dollops of joy for jean-gen brides
Kanchi-Banarasi
Brocades
Beena Kannan
on Kanchi-Banarasi Brocades
Welcome to the marriage of distinctive silk traditions. Designed to suit your style, mode and physical language, the colour of the saree is determined by the Kanchipuram Jari woven with the weft in a special way. For teenagers, Seematti offers a versatile Dhawani collection,this season
SEEMATTI
THE AUTHENTIC SILK PEOPLE
KOCHI KOTTAYAM
www.seematti.com


Certified by BIS
MALABAR
CEMENTS LTD
(A Govt. of Kerala Undertaking)
കേരളത്തിന്റെ കെട്ടുറപ്പ്
ZAMZEN
MALABAR
CLASSIC
MALABAR
AISWARYA
Walayar, Palakkad 678 624. Phone : 0491 2862373, 2862374
E-mail : info@malabarcements.com www.malabarcements.com




ra Offset, Ph: 2471174